# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 27, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 19

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

2018 മാർച്ച് 27, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

693/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 80

**II അടിയന്തരപ്രമേയം**

നാഷണൽ ഹൈവേ വികസനം

(അവതരണാനുമതി നിഷേധിച്ചു) 337

**III ശ്രദ്ധ ക്ഷണിക്കൽ**

(1) മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ 361

—ശ്രീ. എ. എൻ. ഷംസീർ

(2) സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ദീർഘകാല അവധിയെടുക്കൽ

—ശ്രീ. പി. കെ. ബഷീർ 365

**IV സബ്മിഷൻ**

(1) നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണം

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

—ശ്രീ. എസ്. രാജേന്ദ്രൻ 367

(2) പോസ്റ്റ്മോർട്ടം ഒഴിവാക്കൽ

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് 371

(3) സ്ഥലം അനുവദിക്കൽ

—ശ്രീ. ആർ. രാമചന്ദ്രൻ

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) 373

*പേജ്*

(4) കോർട്ട് കോംപ്ലക്സിന് സ്ഥലം അനുവദിക്കൽ

—ശ്രീ. റോജി എം. ജോൺ 374

(5) കാർഷിക സേവന കേന്ദ്രം

—ശ്രീ. സി. കൃഷ്ണൻ 375

(6) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

—ശ്രീ. അനിൽ അക്കര 376

(7) പാലം പുനരുദ്ധാരണവും ബൈപ്പാസ് നിർമ്മാണവും

—ശ്രീ. പി. ഉണ്ണി 380

(8) ഓട് വ്യവസായ മേഖലയിലെ പ്രതിസന്ധി

—ശ്രീ. വി. കെ. സി. മമ്മത് കോയ 382

(9) വ്യവസായ പാർക്ക്

— ശ്രീ. പാറക്കൽ അബ്ദുല്ല 383

(10) കാട്ടുപന്നി ശല്യം തടയുന്നതിന് നടപടി

—ശ്രീ. ജോർജ് എം. തോമസ്
—ശ്രീ. അടൂർ പ്രകാശ് 385

**V റിപ്പോർട്ട് സമർപ്പണം**

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ 388

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 388

(3) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 388

*പേജ്*

**VI നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും 389

(i) 2018-ലെ കേരള ധനകാര്യ ബിൽ 389

(ii) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ 389

**VII വിശദീകരണം**

ഇഫ്ടാസ്

—സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) 478

**(നിയമനിർമ്മാണകാര്യം തുടർച്ച)**

(iii) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ 546

(iv) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ 551

**VIII അറിയിപ്പ്**

ബിൽ വേവ് ചെയ്യുന്നത് സംബന്ധിച്ച്

—മി. സ്പീക്കർ 556

**(നിയമനിർമ്മാണകാര്യം തുടർച്ച)**

(v) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ 558

**അനുബന്ധം** 560

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 27, ചൊവ്വ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 2018 മാർച്ച് മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *541

### പദ്ധതികളിലും പ്രോജക്ടുകളിലും വിദഗ്ദ്ധരുടെ പങ്കാളിത്തം

1 (*541) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതികളിലും പ്രോജക്ടുകളിലും സാങ്കേതിക മികവും വിദഗ്ദ്ധരുടെ പങ്കാളിത്തവും കുറവാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രാദേശിക സർക്കാരുകൾക്ക് വിദഗ്ദ്ധരുടെയും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായം പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഉന്നത ഭാരത് അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിവക്ഷിക്കുന്ന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ സന്നദ്ധസേവനവും ഉപദേശവും നല്കാൻ തയ്യാറുള്ള വിദഗ്ദ്ധന്മാരുടെയും സ്ഥാപനങ്ങളുടെയും പാനൽ തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, (എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തണമെന്ന് ഇതുസംബന്ധിച്ച മുൻകാല പഠനങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ കൂടുതൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 2017-18 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി ആസൂത്രണ സമിതികൾക്ക് രൂപം നൽകുകയുണ്ടായി. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ ജില്ലകളിലും വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ സംസ്ഥാന, ജില്ലാ തലത്തിൽ സന്നദ്ധപ്രവർത്തനത്തിന് തയ്യാറുള്ള വിദഗ്ദ്ധരുടെ പാനലിന് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളിലെയും മറ്റുമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെട്ട വിദഗ്ദ്ധരുടെ ആദ്യഘട്ട ശില്പശാല 2018 മാർച്ച് 9, 10 തീയതികളിൽ തൃശ്ശൂർ കിലയിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) വച്ച് നടക്കുകയുണ്ടായി. വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാൻ ജില്ലാതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ പങ്കാളിത്തം ഉപയോഗിക്കാനുള്ള ശ്രമം താഴെത്തട്ടിൽ തദ്ദേശഭരണ സ്ഥാപന തലത്തിലും ജില്ലാ

പദ്ധതി രൂപീകരണത്തിനായി ജില്ലാ തലത്തിലും നടത്തിവരുന്നുണ്ട്. ലൈഫ് പദ്ധതിയിൽ സാങ്കേതിക സഹായം നൽകുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി സംസ്ഥാനത്തെ വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബ്ലോക്ക് തലത്തിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉന്നത് ഭാരത് അഭിയാൻ പ്രകാരം കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന സേവനങ്ങൾകൂടി ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും.

(ഡി) ഉണ്ട്. സംസ്ഥാന ജില്ലാ തലത്തിൽ സന്നദ്ധ സേവനത്തിന് തയ്യാറുള്ള വിദഗ്ദ്ധന്മാരുടെ ഒരു പാനൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, നമ്മുടെ വികസന ചരിത്രത്തിൽ നാഴികക്കല്ലാകുന്ന തരത്തിൽ രണ്ട് ലക്ഷത്തോളം കോടി രൂപയുടെ പതിമൂന്നാം പദ്ധതിയിൽ, 60,000 കോടി രൂപ പ്രാദേശിക സർക്കാരുകൾ വഴിയാണ് ചെലവഴിക്കാൻ ആലോചിക്കുന്നത്. പലപ്പോഴും ജനപങ്കാളിത്തവും സമയനിഷ്ഠയും ഒരുമിച്ച് കൈവരിക്കാനാകുന്നില്ല എന്നത് വെല്ലുവിളിയായി നിൽക്കുകയാണ്. വികസന ആശയങ്ങളെ നിസ്സാരവൽക്കരിക്കുന്നതും ചടങ്ങുപോലെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതുമായ പ്രവണതകൾ ഇപ്പോഴും തുടരുന്നുണ്ട്. അങ്ങ് നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. പരസ്പരവിരുദ്ധമായ ഉത്തരവുകൾ പലപ്പോഴും പദ്ധതികളുടെ താളംതെറ്റിക്കുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പദ്ധതി ആസൂത്രണ പ്രക്രിയയായ സ്റ്റാറ്റസ് റിപ്പോർട്ടുകൾ പലപ്പോഴും പ്രഹസനമായി മാറുകയാണ്. അതുപോലെ വിദഗ്ദ്ധ സമിതികളും ആസൂത്രണ സമിതികളും ഭൂരിഭാഗവും പ്രയോജനപ്പെടുന്നില്ല. ഓരോ ഭൂപ്രദേശത്തിന്റെയും പ്രത്യേകതയ്ക്കനുസരിച്ച് ആ പദ്ധതികൾ രൂപീകരിക്കാൻ വേണ്ട പരിശീലനം അവർക്ക് ലഭ്യമാകുന്നില്ല. വിദഗ്ദ്ധ സമിതികൾ എന്നതിനപ്പുറത്തേയ്ക്ക് അനുഭവസമ്പത്തുള്ളവരുടെ സമിതികൾ എന്ന വ്യാഖ്യാനത്തിലേയ്ക്ക് ഇത് കൊണ്ടുവരണം. കുഞ്ഞിനെ നോക്കുന്നതിന് നഴ്സിനെയും ഡോക്ടറെയുമല്ല ഏൽപ്പിക്കുന്നത്, അമ്മയെയാണ്. അത്തരത്തിൽ വിദഗ്ദ്ധ സമിതികളുടെ സംഘാടനത്തിൽ ജാഗ്രതയുണ്ടാകണം. ഈ പശ്ചാത്തലത്തിൽ ഈ സമിതികൾ പ്രാദേശിക പ്രത്യേകതകൾ ചർച്ച ചെയ്ത്, അനുഭവസ്ഥരെ ഉൾപ്പെടുത്തി വ്യക്തമായ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരിക്കുന്നതിനും ഇങ്ങനെ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് വെറും ചടങ്ങിനാകാതെ, സാങ്കേതികമാകാതെ ഗുണനിലവാരമുള്ളതാണെന്ന് ബോധ്യപ്പെടുത്തുന്നതിനും ആവശ്യമായ മേൽത്തട്ട് പരിശോധനയ്ക്ക് ഗവൺമെന്റ് തയ്യാറാകുമോ ?

ഡോ. കെ. ടി. ജലീൽ: സർ, ജില്ലാതലത്തിൽ മാത്രമാണ് ഇക്കാലമത്രയും ആസൂത്രണ സമിതികളും സംവിധാനങ്ങളും ഉണ്ടായിരുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പ്രാദേശിക തലത്തിൽ അതിന്റെ ആവശ്യകത ഉണ്ടെന്ന് മനസ്സിലാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സംസ്ഥാന ചരിത്രത്തിലാദ്യമായി പഞ്ചായത്തുതലത്തിൽ പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തന ക്ഷമമായിരിക്കുന്നത്. ഇതിലേയ്ക്ക് വിദഗ്ദ്ധരെ ഓപ്റ്റ് ചെയ്യുന്നതിന് സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ഓരോ റിസോഴ്സ് പേഴ്സൻസിനെ നിയമിക്കാവുന്നതാണ്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിദഗ്ദ്ധരെ ഉൾപ്പെടുത്തി എംപാനൽ ചെയ്യുന്ന കമ്മിറ്റിയിൽ നിന്ന് അവരുടെ സേവനം പഞ്ചായത്തിന് വേണമെങ്കിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ജില്ലാ തലത്തിലും ഇതുപോലെ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഓൺലൈനിലാണ് വിദഗ്ദ്ധരെ ആവശ്യപ്പെട്ടുകൊണ്ടുള്ള ആപ്ലിക്കേഷൻ ക്ഷണിച്ചത്. അതനുസരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ അവർക്ക് തൃശ്ശൂർ കിലയിൽവച്ച് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞു. അവരുടെ സേവനം പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലും പ്രയോജനപ്പെടുത്താവുന്നതാണ്. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കാൻ കഴിയുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, എപ്പോഴെങ്കിലും പദ്ധതികൾ പ്രയോജനപ്പെടുത്തിയിട്ട് കാര്യമില്ല. അത് ടൈം ബൗണ്ടായി ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകു. സ്റ്റിപ്പുലേറ്റഡ് ടൈമിനുള്ളിൽ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെയാണോ വേണ്ടത് അതെല്ലാം ഇപ്രാവശ്യം ഒരുക്കുന്നതിന് വേണ്ടിയാണ് ശ്രമിക്കുന്നത്. അതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷത്തേയ്ക്കുള്ള പദ്ധതികൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളും രൂപീകരിച്ചുകഴിഞ്ഞു. മഹാഭൂരിപക്ഷം പഞ്ചായത്തുകളുടെയും പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. നാമമാത്രമായ പഞ്ചായത്തുകൾ, തദ്ദേശസ്ഥാപനങ്ങൾ മാത്രമാണ് ഇപ്പോൾ അതിൽനിന്ന് വേറിട്ടുനിൽക്കുന്നത്. അവരെക്കൂടി ഏതാനും ദിവസങ്ങൾക്കുള്ളിൽ മെയിൻ സ്ട്രീമിലേയ്ക്ക് കൊണ്ടുവരും.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സംതൃപ്തി അളക്കുന്നതിനുള്ള സിറ്റിസൺ സർവ്വേ ഏർപ്പെടുത്തുന്നതിനും അധികാര വികേന്ദ്രീകരണവും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനവും ഫലപ്രദമാക്കുന്നതിന് ലക്ഷ്യമിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കോമൺ സർവ്വീസ് യാഥാർത്ഥ്യ മാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നാണ് ഇന്റഗ്രേറ്റഡ് സർവ്വീസ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വളരെ മുന്നോട്ടുപോയിട്ടുണ്ട്. എല്ലാ സർവ്വീസ് സംഘടനകളും കക്ഷിരാഷ്ട്രീയ ഭേദമെന്യേ അതിനെ അംഗീകരിച്ചിട്ടുണ്ട് എന്നുള്ളതാണ് ഏറ്റവും ആശാവഹമായ കാര്യം. അതിനുവേണ്ട പ്രവർത്തനങ്ങൾ വളരെ ജാഗ്രതയോടെ നടന്നുവരുന്നു. അതുകൂടി പൂർത്തിയാകുന്നതോടെ തദ്ദേശസ്ഥാപനങ്ങളെ ഒരൊറ്റ കാൻവാസിൽ കൊണ്ടുവരാനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കും.

ശ്രീ. സി. ദിവാകരൻ: സർ, പ്രാദേശിക ഭരണം കാര്യക്ഷമമാക്കാൻ 13-ാം പദ്ധതിക്കാലത്ത് വലിയൊരു തുക നീക്കിവയ്ക്കാനാകും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നത്തെ സ്ഥിതിയിൽ പ്രാദേശിക ഭരണ സംവിധാനം ഗൗരവമായി പരിശോധിക്കേണ്ടതാണ്. പ്രാദേശിക ഭരണസംവിധാനങ്ങളെ നിയന്ത്രിക്കുന്നതിലെ ഒരു തട്ട് ജില്ലാ വികസന സമിതിയാണ്. രണ്ടാമത് താലൂക്ക് സഭയും മൂന്നാമത് ഗ്രാമസഭയുമാണ്. ഈ സഭകളിൽ നിരന്തരം പങ്കെടുക്കുന്ന ഒരാളെന്ന നിലയിൽ ഇതൊന്നും ഫലപ്രദമല്ല എന്നുള്ളതാണ് എന്റെ അനുഭവം. ഒരു വിഷയം അവതരിപ്പിച്ചാൽ ശക്തമായ മറുപടിയോ നടപടികളോ ഉണ്ടാകാത്ത രീതിയിൽ ബോഗസ് മീറ്റിംഗുകളായി മാറുകയാണ്. പ്രാദേശിക ഭരണസംവിധാനം കാര്യക്ഷമമാക്കാനും സഭകളുടെ തീരുമാനങ്ങൾ ഫോളോഅപ് ചെയ്യാനും ഗവൺമെന്റിന് എന്തെങ്കിലും നടപടിയുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ജില്ലാ വികസന സമിതികളും താലൂക്ക് സഭകളും തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നവയല്ല. അവ തഹസിൽദാരുടെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ നടന്നുവരുന്നവയാണ്. ഓരോ ജില്ലയിലെയും വികസന പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യുന്നതിനുവേണ്ടിയാണ് അത്തരം സമിതികൾ രൂപീകരിച്ചിട്ടുള്ളത്. അതിൽ നിരന്തരമായി പങ്കെടുക്കുന്ന എം.എൽ.എ.-മാർക്ക് അറിയാം, പല ഘട്ടങ്ങളിലും അവർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് അടുത്ത വികസന സമിതി വന്നാൽപ്പോലും ഉത്തരം ലഭിക്കാറില്ല എന്നുള്ളത്. സമിതികൾ കാര്യക്ഷമമായി നടത്തുക എന്നുള്ളതാണ് അതിനുള്ള പരിഹാരം. ഈ സർക്കാരിന്റെ കാലത്ത് മാത്രമല്ല കഴിഞ്ഞ കുറേ കാലങ്ങളായി അത്തരമൊരു സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരം സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി കൊണ്ടുപോകുന്നത് ഭരണനിർവ്വഹണത്തിന് ഏറ്റവും യോജ്യമായ കാര്യംതന്നെയാണ്. അങ്ങയുടെ അഭിപ്രായത്തോട് നൂറ് ശതമാനവും യോജിക്കുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ജനങ്ങളുടെ ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്. പ്രാദേശിക ഗവൺമെന്റുകൾ അവിടെയുള്ള ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതുകൊണ്ടാണ് ആ പ്രദേശത്തെ ജനങ്ങളുടെ ഓരോ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്നത്. പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് കൊണ്ടാണ് പദ്ധതികൾ തയ്യാറാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ വർഷങ്ങളിലുള്ള നികുതിയുടെ വർദ്ധനവ് എത്രത്തോളം ഉണ്ടായിട്ടുണ്ട്; ഇപ്പോൾ നികുതി വർദ്ധനവ് എത്രയാണ്; നികുതി വർദ്ധനയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ജി.എസ്.ടി. പ്രഖ്യാപനം പഞ്ചായത്തുകളെ എങ്ങനെ ബാധിച്ചിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ ?

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണം യഥാവിധി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഏറ്റവും നല്ലൊരു മാനദണ്ഡമാണ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്രമാത്രം പ്രോപ്പർട്ടി ടാക്സ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത്. ഈ വർഷം വളരെ വലിയ നേട്ടമാണ് അക്കാര്യത്തിൽ കൈവരിക്കാൻ സാധിച്ചത്. 2017-18-ൽ പഞ്ചായത്തുകളിൽ നികുതി പരിച്ചെടുക്കാൻ സാധിച്ചത് 74.59 ശതമാനമാണ്. 2016-17-ൽ ഇത് 58.30 ശതമാനവും 2015-16-ൽ 40.76 ശതമാനവും 2014-15-ൽ 51.23 ശതമാനവും 2013-14-ൽ 39.40 ശതമാനവുമായിരുന്നു. അവിടെ നിന്നാണ് ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനിയും 3 ദിവസം ബാക്കി നിൽക്കെ 74.59 ശതമാനത്തിലേയ്ക്ക് പഞ്ചായത്തുകളുടെ നികുതി കളക്ഷൻ എത്തിയിട്ടുള്ളത്. ഇത് മുനിസിപ്പൽ കോർപ്പറേഷനുകളിൽ 81.50 ശതമാനമാണ്. 2016-17-ൽ 74.85 ശതമാനവും 2015-16-ൽ 76.19 ശതമാനവും 2014-15-ൽ 78.31 ശതമാനവുമായിരുന്നു ടാക്സ് കളക്ഷൻ. അതിനെക്കാളൊക്കെ മുന്നിലെത്താൻ ഈ സാമ്പത്തിക വർഷം സാധിച്ചിട്ടുണ്ട് എന്നുള്ളത് എടുത്തുപറയേണ്ടതാണ്. ജി.എസ്.ടി. നിലവിൽ വന്നതോടെ അഡ്വർടൈസ്മെന്റ് ടാക്സിലും എന്റർടൈൻമെന്റ് ടാക്സിലും കുറവ് വന്നിട്ടുണ്ട്. ആ കുറവ് നികത്തുന്നതിനുവേണ്ടി ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ 133 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, ജനകീയാസൂത്രണത്തിന്റെ ഒന്നാംഘട്ടം മുതൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ സാങ്കേതിക മികവിന്റെ കുറവും വിദഗ്ദ്ധരുടെ പങ്കാളിത്തമില്ലായ്മയുംമൂലം പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നുണ്ട്. സംസ്ഥാനത്തെ നിരവധി കുടിവെള്ള പദ്ധതികളൊക്കെ അതിന്റെ ഉദാഹരണങ്ങളാണ്. പൂർത്തീകരിക്കപ്പെടാത്ത വീടുകൾ ലൈഫ്

പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കപ്പെടുന്നതുപോലെ ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പൂർത്തീകരിക്കാത്ത പല പദ്ധതികളും ഡെപ്പോസിറ്റ് വർക്കുകൾ എന്നുള്ള നിലയിൽ പല ഡിപ്പാർട്ട്മെന്റുകളിലേയ്ക്കും തദ്ദേശഭരണ സ്ഥാപനങ്ങൾ നിക്ഷേപിച്ചിട്ടുള്ള സംഖ്യയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. അവയുടെ റിവ്യൂ തദ്ദേശഭരണ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് ജില്ലാതലങ്ങളിൽ നടത്തേണ്ടതായിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.എൽ.-ന്റെയുമൊക്കെ അത്തരത്തിലുള്ള റിവ്യൂകൾ ഇപ്പോൾ നടന്നുവരികയാണ്. സമയബന്ധിതമായി അത്തരം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചാൽ മാത്രമേ അനുവദിച്ചിട്ടുള്ള സംഖ്യയിൽ ഒതുങ്ങിനിന്നുകൊണ്ട് പ്രസ്തുത വികസന പ്രവർത്തനം സാക്ഷാത്കരിക്കാൻ കഴിയൂ. ഒരു വർഷം പിന്നിടുമ്പോൾ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അതിനുമുമ്പ് നീക്കിവച്ച പണം പര്യാപ്തമല്ലാതെ വരുമ്പോൾ വീണ്ടും അതിലേയ്ക്ക് പണം കൂട്ടേണ്ടിവരുന്നു. ഇത് അടുത്ത ബഡ്ജറ്റിൽ ഓരോ പഞ്ചായത്തുകൾക്കും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കണമെന്നില്ല. അങ്ങനെ അനന്തമായി വികസന പ്രവർത്തനങ്ങൾ നീണ്ടുപോകുന്നത് ഇന്നൊരു നിത്യസംഭവമാണ്. അത് മാറ്റുന്നതിനുവേണ്ടി വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ജില്ലാതലത്തിൽ പ്രത്യേക റിവ്യൂ നടത്താൻ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് സമയബന്ധിതമായി നടത്തിയാൽ മാത്രമേ നമ്മൾ നീക്കിവച്ച പണംകൊണ്ട് ബന്ധപ്പെട്ട വികസന പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

മി. സ്പീക്കർ: മിനിമം ചോദ്യങ്ങളെങ്കിലും ഫ്ലോറിൽ വരികയെന്നുള്ളത് നിർബന്ധമുള്ള കാര്യമാണ്. ചോദ്യങ്ങളും ഉത്തരങ്ങളും നീണ്ടുപോയാൽ ഉപചോദ്യങ്ങളുടെ എണ്ണം കുറയ്ക്കാതെ നിവൃത്തിയുണ്ടാകില്ല. അതുകൊണ്ട് പെട്ടെന്ന് ചോദിക്കുക, അല്ലെങ്കിൽ അടുത്ത ചോദ്യത്തിലേയ്ക്ക് പോകേണ്ടിവരും.

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞകാല അനുഭവങ്ങൾ വിസ്മരിക്കരുത്. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ ടി.എ.സി. (Technical Advisory Committee) ഉണ്ടാക്കിയിരുന്നു. ഈ കമ്മിറ്റികളൊന്നും ഇപ്പോൾ പരിശോധന നടത്തുന്നില്ല. പ്ലാൻ തയ്യാറാക്കി അവസാനം വീട്ടിൽകൊണ്ടുവന്ന് ഒപ്പിടുവിച്ച് കൊണ്ടുപോകുകയാണ്. ഒരു ബോട്ടിൽനെക്ക് എന്നല്ലാതെ ഒരു ഗുണവും ഉണ്ടാകുന്നില്ല. മാത്രമല്ല, വിദഗ്ദ്ധരുടെ മേലങ്കി അണിഞ്ഞുവരുന്നതെല്ലാം അതത് പഞ്ചായത്തുകളിലുള്ള രാഷ്ട്രീയ നേതാക്കന്മാരാണ്. പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കാനുള്ള ഒരു പിൻവാതിൽ തന്ത്രമായി ഇത് മാറാതെ, പഞ്ചായത്തിന്റെ

പദ്ധതി അംഗീകരിച്ചുകഴിഞ്ഞ് ആൾക്കാർക്ക് വായിക്കാം. പക്ഷെ, ഒരു പ്രീ-റിക്വസിറ്റായി വയ്ക്കാൻ പോയാൽ ഇടപെടലുണ്ടാകും. പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കുന്ന രീതിയിലേയ്ക്ക് പോകും. അത് ശ്രദ്ധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത്തരത്തിലുള്ള നിയമനങ്ങളിൽ മാനദണ്ഡങ്ങൾ എന്താണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളോട് പറയാനേ നമുക്ക് സാധിക്കുകയുള്ളൂ. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് റിസോഴ്സ് പേഴ്സൺസിനെ അതത് ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ നിയമിക്കുന്നത്. സംസ്ഥാന അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ നിയമിക്കുമ്പോൾ അതിന് വ്യക്തമായ മാനദണ്ഡങ്ങളും സ്ക്രീനിംഗുമുണ്ട്. കോമ്പിറ്റന്റായിട്ടുള്ള ആളുകളെ മാത്രമേ അതിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ളൂ. അങ്ങനെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പരസ്യപ്പെടുത്തി ഇത്തരത്തിലുള്ള വിദഗ്ദ്ധരെ ക്ഷണിച്ചത്. അതിൽ 415-ഓളം വിദഗ്ദ്ധരെ ലഭ്യമാകുകയുണ്ടായി. അവർക്കാണ് കിലയിൽവച്ച് പ്രത്യേക പരിശീലനം നൽകിയത്.

ശ്രീ. എം. രാജഗോപാലൻ: സർ, ജനകീയാസൂത്രണ പദ്ധതിയുടെ കാലത്താണ് ആസൂത്രണവും നിർവ്വഹണവുമൊക്കെ ഫലപ്രദമായി നിർവ്വഹിക്കാൻ ബ്ലോക്ക്, ജില്ലാതലത്തിലുള്ള എക്സ്പെർട്ട് കമ്മിറ്റികൾ നിലവിൽവന്നത്. പിന്നീട് ഭരണമാറ്റം വന്നപ്പോൾ ജനകീയാസൂത്രണം കേരള വികസന പദ്ധതിയാക്കി മാറ്റി, ഇതുപോലുള്ള സംഘടനാ സംവിധാനങ്ങളെല്ലാം ദുർബലപ്പെടുകയോ അല്ലെങ്കിൽ തിരസ്കരിക്കപ്പെടുകയോ ഇല്ലാതാകുകയോ ചെയ്തു. ഇന്ന് മുഖ്യമായും നേരിടുന്ന ഒരു വിഷയം, പ്രാദേശിക സർക്കാരുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന നദീതട സംരക്ഷണവും തടയണ നിർമ്മാണവും ഉൾപ്പടെയുള്ള പദ്ധതികൾ അശാസ്ത്രീയമായി നടപ്പിലാക്കുന്നതുകാരണം തൊട്ടടുത്തുള്ള പ്രദേശങ്ങളിലും പഞ്ചായത്തുകളിലുമെല്ലാം ജലദൗർലഭ്യം ഉൾപ്പെടെ അനുഭവപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്. ഇതൊക്കെ തടയണമെങ്കിൽ ഇത്തരം പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും മോണിറ്ററിംഗും കാര്യക്ഷമവും ശാസ്ത്രീയവുമായ രീതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. അതിന് സഹായകമായ രീതിയിൽ വിദഗ്ദ്ധരുടെ ഒരു പാനൽ രൂപീകരിച്ച് ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, അതിനുള്ള ആലോചന നടന്നുവരികയാണ്. നമ്മുടെ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ അവയുടെ സേവനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുംവേണ്ടി എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിന്റെ

ആദ്യപടിയെന്നുള്ള നിലയിലാണ് ലൈഫ് പദ്ധതിയുടെ ഭാഗമായി നിലവിലുള്ള പണിതീരാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് ഒരു തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസിയെ നിയമിച്ചത്. ഓരോ ബ്ലോക്കിലും ഓരോ സാങ്കേതിക സ്ഥാപനങ്ങളെ, എഞ്ചിനീയറിംഗ് കോളേജുകളെയും പോളിടെക്നിക്കുകളെയും നിയോഗിക്കുകയുണ്ടായി. അതുപോലെ എല്ലാ സ്ഥാപനങ്ങളുടെയും സേവനം, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എൻവയോൺമെന്റൽ സയൻസുമായി ബന്ധപ്പെട്ട് പഠിക്കുന്ന വിദ്യാർത്ഥികളുടെ സേവനം, പോസ്റ്റ് ഗ്രാജുവേഷനും ഗവേഷണവും നടത്തുന്ന വിദ്യാർത്ഥികളുടെ സേവനം തുടങ്ങിയവയൊക്കെ ഉപയോഗപ്പെടുത്താം. അത്തരത്തിൽ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് പോസ്റ്റ് ഗ്രാഡ്വേഷൻ വിദ്യാർത്ഥികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു ഇന്റേൺഷിപ്പ് നൽകുന്നതിനെ സംബന്ധിച്ചുള്ള പ്രാഥമിക ചർച്ചകൾക്ക് തുടക്കംകുറിച്ചുകഴിഞ്ഞു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, വിദഗ്ദ്ധരുടെ സേവനങ്ങൾ ഉപയോഗിക്കുന്നതിനോടൊപ്പം, എന്റെ നിയോജകമണ്ഡലത്തിലടക്കമുള്ള പഞ്ചായത്തുകളിൽ എ.ഇ.-മാരുടെ കുറവും ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളുടെ പ്രശ്നവുമുണ്ട്. വനമേഖലയിൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനുവേണ്ടി പോകണമെന്ന് പറഞ്ഞാൽ വെഹിക്കിൾ ഇല്ലാത്തതുകൊണ്ട് എ.എക്സ്.ഇ.-ക്ക് പോകാൻ പറ്റാത്ത അവസ്ഥയാണ്. നമ്മളോട് വണ്ടി വിട്ടുമോയെന്ന് ചോദിക്കുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേകിച്ച് ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർക്ക്/എഞ്ചിനീയർമാർക്ക് സൈറ്റുകളിലേയ്ക്ക് പോകാൻ കോൺട്രാക്ടർമാരെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഇത് അവസാനിപ്പിക്കണമെന്ന് ശക്തമായ താൽപ്പര്യമുള്ളതുകൊണ്ടാണ് സ്വന്തമായി ഒരു വണ്ടി വാങ്ങാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയില്ലെങ്കിൽ ഓരോ പദ്ധതി തയ്യാറാക്കുമ്പോഴും എഞ്ചിനീയർമാർക്ക് സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനുവേണ്ടി വാഹനം ഉപയോഗിക്കുന്നതിനുള്ള വാടക നിർബന്ധമായും അതിൽ ഉൾപ്പെടുത്തണമെന്ന് നിശ്ചയിച്ചത്. എല്ലാ എ.ഇ.-മാർക്കും ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ പരിശോധിക്കുന്നതിന് വാടക വണ്ടി വിളിച്ച് പോകാവുന്നതാണ്. സെക്രട്ടറിമാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലെങ്കിൽ അത് വലിയൊരു വൈകല്യം തന്നെയാണ്. അത് പരിഹരിക്കുന്നതിനാണ് ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തിയത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, സംസ്ഥാന ഗവൺമെന്റിന്റെ 4 മിഷനുകളും ഭംഗിയായി പ്രവർത്തിപ്പിക്കാനാണ് ഇപ്പോൾ പ്രാദേശിക സർക്കാരെന്ന നിലയ്ക്ക് പഞ്ചായത്തുകൾ ശ്രമിക്കുന്നത്. എന്നാൽ പല പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ വരുംവർഷങ്ങൾ എങ്ങനെയായിരിക്കണമെന്നുമുള്ള ഒരു കാഴ്ചപ്പാട് പഞ്ചായത്തുകൾക്ക് ഇല്ലാതെ പോകുന്നു. വിദ്യാഭ്യാസ രംഗത്തൊക്കെ പ്രാവർത്തികമാക്കിയതുപോലെ കില ഉൾപ്പെടെ മറ്റ് ഏജൻസികളുടെ സഹായത്തോടെ പഞ്ചായത്തിന് ഒരു മാസ്റ്റർപ്ലാൻ നടപ്പാക്കാൻ കഴിയുമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, പഞ്ചായത്തുകളിൽ ആസൂത്രണ സമിതികൾ വന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞു. പഞ്ചായത്തിൽ നിലവിൽവന്നിട്ടുള്ള ആസൂത്രണ സമിതികളുടെ ലക്ഷ്യം ഓരോ പഞ്ചായത്തിന്റെയും പ്രത്യേകതകൾക്കനുസൃതമായി പദ്ധതികൾ തയ്യാറാക്കുകയും അതിനെ സഹായിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഈ സംവിധാനം പുതിയതാണ്. ഇത് പ്രവർത്തനക്ഷമമാകുമ്പോഴേ അതിന് ഏതെങ്കിലും തരത്തിൽ ഡിഫക്ടുകളുണ്ടോയെന്ന് മനസ്സിലാക്കാൻ കഴിയൂ. എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കും.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ജില്ല, ബ്ലോക്ക് പഞ്ചായത്തുതലങ്ങളിൽ രൂപീകൃതമായ എക്സ്പെർട്ട് കമ്മിറ്റികളിൽ ഉൾപ്പെടുത്തിയ വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇപ്പോൾ ഈ സമിതികളിൽ നോമിനേറ്റ് ചെയ്യപ്പെട്ടവർ നേരത്തെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളായവരാണോ; ഇവരുടെ സേവനം ഫലപ്രദമായി ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ സംവിധാനമുണ്ടോ; ഇപ്പോൾ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചെക്ക് പാസ്സാക്കരുതെന്ന് ട്രഷറികൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. 100 കോടി രൂപ പദ്ധതി വിഹിതം ലഭിക്കുന്ന ജില്ലാ പഞ്ചായത്തിനും ഒരു കോടി രൂപ ലഭിക്കുന്ന ഗ്രാമപഞ്ചായത്തിനും ഒരുപോലെ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചെക്ക് പാസ്സാക്കരുതെന്ന് നിർദ്ദേശം നൽകിയാൽ അത് ജില്ലാ പഞ്ചായത്തിനെ വളരെയേറെ ബാധിക്കും. അക്കാര്യത്തിൽ ഒരു പുനർചിന്തനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെൻഡിംഗ് ബില്ലുകൾ ഏതാണ്ട് 300 കോടി രൂപയിലധികമുണ്ട്. പെൻഡിംഗ് ബില്ലുകളെല്ലാം എക്സ്പെൻഡിച്ചറായി കണക്കാക്കാം, അതിനുള്ള പണം തീർച്ചയായും അനുവദിക്കുമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഉറപ്പുനൽകിയതാണ്. ഇപ്രാവശ്യത്തെ പണി പൂർത്തിയാക്കാത്ത, പണി തുടങ്ങിവച്ച പദ്ധതികൾക്ക് സ്പിൽഓവർ/ക്യാരിഓവർ ചെയ്തു നൽകുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട.

ശ്രീ. കെ. ബാബു: സർ, ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി വിവിധ വകുപ്പുകളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും എം.എൽ.എ., എം.പി. ഫണ്ടുകൾ തമ്മിൽ സംയോജിപ്പിച്ച് ജില്ലാതല വികസന പരിപ്രേക്ഷ്യത്തിന് തുടക്കംകുറിച്ചതിൽ എൽ.ഡി.എഫ്. സർക്കാരിനെയും വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്. നിർമ്മാണമേഖലയിലും പദ്ധതികളിലും പരമ്പരാഗതമായ ആർക്കിടെക്ടും വ്യക്തിഗത ആനുകൂല്യങ്ങളുടെ വിതരണവുമാണ് ഇപ്പോൾ നടക്കുന്നത്. അതിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്, അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, വകുപ്പുകളുടെ ഇന്റഗ്രേഷൻ നടക്കുന്നതോടെ നഗരാസൂത്രണ വിദഗ്ദ്ധരെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ ഉപയോഗിക്കാൻ കഴിയും. ഇപ്പോൾ ആർക്കിടെക്ടുകളുടെ സേവനം പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ ലഭിക്കുന്നില്ല. ഏകീകരണം വരുന്നതോടെ എവിടെയൊക്കെയാണോ അവരുടെ സേവനം ആവശ്യമായിട്ടുള്ളത് അവിടെയൊക്കെ ഉപയോഗിക്കാൻ സാധിക്കും. വിദഗ്ദ്ധരുടെ സജീവ സാന്നിദ്ധ്യമാണ് പദ്ധതിയുടെ രൂപീകരണത്തിനും നിർവ്വഹണത്തിനും ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളത്. അത് ഉറപ്പുവരുത്തിയാൽ തീർച്ചയായും ഇപ്പോഴുള്ള ബോട്ടിൽനെക്ക് മറികടക്കാൻ കഴിയും.

## അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം

2(*542) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനം ഫലപ്രദമാക്കുന്നതിന് സാങ്കേതികവിദ്യയുടെയും പുതിയ അറിവുകളുടെയും വ്യാപനം അനിവാര്യമായതിനാൽ അതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) കാർഷിക ജൈവവ്യവസ്ഥ യൂണിറ്റുകളുടെ (അഗ്രോ എക്കോളജിക്കൽ യൂണിറ്റ്) പ്രവർത്തനം വിശദമാക്കാമോ;

(സി) 'സമേതി'യെയും പ്രാദേശിക കൃഷിവിദ്യാ പരിശീലന കേന്ദ്രങ്ങളെയും (ആർ.എ.റ്റി.റ്റി.സി.) ശക്തിപ്പെടുത്തി വിജ്ഞാനവ്യാപനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, (എ) കർഷകർക്ക് വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കാർഷിക വിജ്ഞാനവ്യാപനം നടത്തുന്നതിനായി SFAC മുഖേന കാർഷിക വിവരസങ്കേതം എന്ന കാർഷിക പോർട്ടലും (www.krishi.info), കർഷകർക്കായി കാർഷിക വിവര സങ്കേതം (karshikavivarasanketham) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനും കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഇ-വിപണി (e-vipani) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനും, കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുവാനും അവരെ സഹായിക്കുവാനുമായി കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് കാർഷിക കേരളം (karshikakeralam) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനും നിലവിലുണ്ട്. ഇതുകൂടാതെ കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് അടിസ്ഥാനമാക്കി എഫ്.ഇ.എം@മൊബൈൽ (FEM@mobile) കാർഷിക വിജ്ഞാന വ്യാപനത്തിനായി ഉപയോഗിക്കുന്നു. കർഷകരുടെ കൃഷി സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിന് SFAC- യിൽ കാർഷിക വിവരസങ്കേതം കാൾ സെന്റർ ടോൾ ഫ്രീ നമ്പർ 1800-425-1661 പ്രവർത്തിക്കുന്നു. ഫീൽഡിലെ പ്രശ്നങ്ങൾ ഫോട്ടോ, വീഡിയോ എന്നിവ മുഖേന അറിയിക്കുന്നതിനായി വാട്സ് ആപ്പ് നമ്പർ 91 944 705 1661 പ്രവർത്തിക്കുന്നു. വിവിധ സോഷ്യൽ മീഡിയാ ചാനൽ മുഖേന കാർഷിക വിവര സങ്കേതവുമായി കർഷകർക്ക് ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ട്. കർഷകർക്കായി കേന്ദ്ര സർക്കാർ നടത്തുന്ന മലയാളത്തിലുള്ള കിസാൻ കാൾ സെന്റർ 1800-180-1551 എന്ന ടോൾ ഫ്രീ നമ്പരിൽ ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്നു.

കർഷകർക്ക് കാർഷികോപകരണങ്ങളും പരിശീലനം സിദ്ധിച്ച ടെക്നീഷ്യൻമാരുടെ സേവനവും ഓൺലൈനായി നൽകുന്നതിനായി www.asha.kerala.gov.in എന്ന പോർട്ടൽ NIC തയ്യാറാക്കിയിട്ടുണ്ട്. കർഷകർക്ക് ശാസ്ത്രീയ കൃഷിമുറകളുടെ വീഡിയോകൾ നൽകുന്നതിനായി കൃഷിദീപം യൂട്യൂബ് ചാനൽ IIITM-K യുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. കർഷകരുടെ പ്രധാനപ്പെട്ട വിളകളുടെ ശാസ്ത്രീയ കൃഷിമുറകൾ, പുതിയ സംരംഭങ്ങൾ എന്നിവയെക്കുറിച്ച് വിജ്ഞാനം നൽകിവരുന്നു. കർഷകർക്ക് എസ്.എം.എസ്, ശബ്ദസന്ദേശങ്ങൾ എന്നിവവഴി പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചും രോഗകീട നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും അറിവ് നൽകുന്നു. ഇതുകൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ www.celkau.in എന്ന അഗ്രിടെക് പോർട്ടലും നിലവിലുണ്ട്.

(ബി) കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 2011-12 സാമ്പത്തിക വർഷം മുതൽ കാർഷിക ജൈവ വ്യവസ്ഥ യൂണിറ്റിനെ അടിസ്ഥാനമാക്കിയുള്ള വിജ്ഞാന വ്യാപന സംവിധാനം ആരംഭിച്ചിട്ടുണ്ട്. "ലീഡ്സ്" എന്ന് നാമകരണം ചെയ്തിട്ടുള്ള പദ്ധതിയാണ് ഇപ്രകാരം ആരംഭിച്ചിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ഇപ്രകാരം കൊല്ലം ജില്ലയെ 4 അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളായും പാലക്കാട് ജില്ലയെ 4 എക്കോളജിക്കൽ യൂണിറ്റുകളായും കണ്ണൂർ ജില്ലയെ 5 എക്കോളജിക്കൽ യൂണിറ്റുകളായും വയനാട് ജില്ലയെ 3 എക്കോളജിക്കൽ യൂണിറ്റുകളായും തിരിച്ചിട്ടുണ്ട്.

ഇതിൽ ഓരോ അഗ്രോ എക്കോളജിക്കൽ യൂണിറ്റിലും വരുന്ന ഓരോ പഞ്ചായത്തിൽനിന്നും പുരോഗമന കർഷകരായ 3 പേരെ ലീഡ് ഫാർമർമാരായി തെരഞ്ഞെടുക്കുന്നു. ഓരോ ലീഡ് ഫാർമറെയും കേന്ദ്രീകരിച്ച് ഒരു സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പ് രൂപീകരിക്കുന്നു.

നൂതന സാങ്കേതികവിദ്യ പ്രദർശനത്തിനായി ഓരോ ലീഡ് ഫാർമർക്കും 4,000 രൂപ വീതവും സാങ്കേതികവിദ്യ പ്രചരണത്തിനായി ഓരോ സാറ്റലൈറ്റ് ഗ്രൂപ്പിനും 4,000 രൂപ വീതവും അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ കർഷക ശാക്തീകരണം കൃഷി പരിപാടികൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.

ജില്ലയിലെ ആത്മ പ്രോജക്ട് ഡയറക്ടർ തയ്യാറാക്കുന്ന സന്ദർശന ഷെഡ്യൂൾ അനുസരിച്ചാണ് ഫീൽഡ് അസിസ്റ്റന്റുമാർ ലീഡ് ഫാർമറെയും സാറ്റലൈറ്റ് ഗ്രൂപ്പുകളെയും സന്ദർശിക്കുന്നത്.

സന്ദർശന ഷെഡ്യൂൾ അനുസരിച്ച് കർഷകരുടെ കൃഷിയിടം സന്ദർശിക്കുന്ന ഫീൽഡ് അസിസ്റ്റന്റുമാർ ഫീൽഡ് തലത്തിലെ കാർഷിക പ്രശ്നങ്ങൾ ശേഖരിച്ച് കൃഷിഭവൻ ആഫീസറുടെയും അസിസ്റ്റന്റുമാരുടെയും സഹായത്തോടെ പരിഹരിക്കുന്നു. ഇവ ഫീൽഡ് അസിസ്റ്റന്റുമാർ ബ്ലോക്ക് തലത്തിൽ എല്ലാ മാസവും ബ്ലോക്കിലെ എല്ലാ കൃഷി ഉദ്യോഗസ്ഥരുടെയും പ്രമുഖ കർഷകരുടെയും സാന്നിധ്യത്തിൽ നടക്കുന്ന പ്രീ-എം.റ്റി.എ. മീറ്റിംഗിൽ അവതരിപ്പിക്കുന്നു. പ്രശ്നപരിഹാരം സാധ്യമാകാത്തവ കൃഷി ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന എം.റ്റി.എ. മീറ്റിംഗിൽ അവതരിപ്പിക്കുന്നു. ഈ മീറ്റിംഗിൽ ഫീൽഡ് അസിസ്റ്റന്റുമാർ, കൃഷി ആഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, പ്രോജക്ട് ഡയറക്ടർ (ആത്മ) എന്നിവർ പങ്കെടുക്കുന്നു. ഈ മീറ്റിംഗിലെ ചർച്ചകളെ അടിസ്ഥാനമാക്കി പ്രതിമാസ സാങ്കേതിക ഉപദേശം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. ഇത് ഫീൽഡ് അസിസ്റ്റന്റുമാർ കർഷകരിലേയ്ക്കെത്തിക്കുന്നു.

(സി) വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 'സമേതി'-ക്ക് 131.77 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

കർഷകർക്കും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കും കൃഷി-അനുബന്ധ മേഖലകൾ സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി പ്രാദേശിക കൃഷിവിദ്യാ പരിശീലനകേന്ദ്രങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്:

| | |
|---|---|
| RATTC കഴക്കൂട്ടം, തിരുവനന്തപുരം | 24.456 ലക്ഷം |
| RATTC കോഴ, കോട്ടയം | 24.456 ലക്ഷം |
| RATTC വൈറ്റില, എറണാകുളം | 24.456 ലക്ഷം |
| RATTC മലമ്പുഴ, പാലക്കാട് | 24.456 ലക്ഷം |
| RATTC തളിപ്പറമ്പ്, കണ്ണൂർ | 24.456 ലക്ഷം |

ടി തുക കൊണ്ട് കർഷകർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികൾ നടന്നുവരികയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, മണ്ണിൽ സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അമ്ലാംശവും ലവണാംശവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെടികൾക്ക് രോഗബാധ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇപ്പോൾ കൃഷിയെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് മണ്ണിലെ സൂക്ഷ്മമൂലകങ്ങളുടെ കുറവുമൂലമുണ്ടാകുന്ന കാർഷിക പ്രശ്നങ്ങൾ. കൂടാതെ മണ്ണിൽ ലവണാംശം വർദ്ധിക്കുന്നതും കൃഷിയെ ഗുരുതരമായി ബാധിക്കുകയാണ്. മണ്ണിൽ അമ്ലാംശം വർദ്ധിച്ചാൽ മണ്ണിൽ ലഭ്യമായിട്ടുള്ള മൂലകങ്ങൾ ചെടിക്ക് വലിച്ചെടുക്കാൻ കഴിയാതെ വരികയും അത് കൃഷിയുടെ ഉൽപ്പാദനത്തെ ബാധിക്കുകയും അങ്ങനെ അത് നശിച്ചുപോകുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുകയാണ്. അമ്ലത്തിന്റെയും ക്ഷാരത്തിന്റെയും അളവ് തുല്യമായിരിക്കുന്നതാണ് ഏറ്റവും ഐഡിയലായ മണ്ണിന്റെ ഘടന. സൂക്ഷ്മ മൂലകങ്ങൾ ചെടിക്ക് ലഭ്യമാകുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 2.5 കോടി രൂപ ഹെക്ടർ ഒന്നിന് 500 രൂപ നിരക്കിൽ മേൽപ്പറഞ്ഞ മൂലകങ്ങളുടെ വളങ്ങൾ വാങ്ങുന്നതിനുവേണ്ടി ഗവൺമെന്റ്

സഹായം നൽകിവരുന്നുണ്ട്. കൂടാതെ കുട്ടനാടൻ മേഖലകളിലും കോൾ മേഖലകളിലും കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന അമ്ലാംശത്തിന്റെ വർദ്ധനവ് മൂലമുണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി, ഹെക്ടറിന് 5,400 രൂപ വീതം കൃഷിക്കാർക്ക് ഇപ്പോൾ ധനസഹായം നൽകിവരുന്നുണ്ട്. നേരത്തെ ഉണ്ടായിരുന്ന 3,400 രൂപയാണ് 5,400 രൂപയായി വർദ്ധിപ്പിച്ചത്. ജൈവ വളങ്ങളുടെ ശാസ്ത്രീയമായ പ്രയോഗത്തിലൂടെ മണ്ണിലെ ബയോമാസ് കണ്ടന്റ് വർദ്ധിപ്പിക്കാനും സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കാനും കഴിയുമെന്നത് വസ്തുതയാണ്. ഇതനുസരിച്ചുള്ള ജൈവ കൃഷി രീതിയാണ് കേരളത്തിലെ കൃഷി വകുപ്പ് ഇപ്പോൾ അവലംബിച്ചുകൊണ്ടിരിക്കുന്നത്. ചില സൂക്ഷ്മമൂലകങ്ങളുടെ കുറവുകൾ ചിലപ്പോൾ ജൈവ രീതിയിൽ പരിഹരിക്കാൻ കഴിയുന്നതല്ല. മണ്ണിന്റെ സൂക്ഷ്മമൂലകങ്ങളുടെ ഘടന പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. ഗവൺമെന്റുതന്നെ 282000-ത്തോളം സാമ്പിൾ സർവ്വേ നടത്തിയതിനുശേഷം കൃഷി വകുപ്പിന്റെയും മണ്ണ് സംരക്ഷണ ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളുടെയും മാപ്പിംഗ് തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. ഇതുപ്രകാരം തൃശ്ശൂർ ജില്ലയിലെ വരവൂർ പഞ്ചായത്തിൽ മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽ ഓഫ് കേരള എന്ന സിസ്റ്റം ഇപ്പോൾ നടപ്പിലാക്കിയിരിക്കുകയാണ്. ഈ ആപ്ലിക്കേഷൻ വരവൂർ പഞ്ചായത്തിൽ പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞു. ഏതൊരു കൃഷിക്കാരനും ഈ ആപ് ഉപയോഗിച്ചാൽ അദ്ദേഹത്തിന്റെ കൃഷി സ്ഥലത്ത് സൂക്ഷ്മമൂലകങ്ങളുടെ ഡെഫിഷ്യൻസിയുണ്ടോയെന്നും അതിനെന്താണ് പരിഹാരമാർഗ്ഗമെന്നും കൃത്യമായി അറിയാൻ കഴിയും. ഈ സിസ്റ്റം കേരളത്തിൽ ആദ്യമായി നടപ്പിലാക്കിയിരിക്കുകയാണ്. 2018-19 വർഷം അത് എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിന്റെ ഭാവിയെ ലക്ഷ്യം വച്ചുകൊണ്ട് തരിശിനോട് വിട എന്ന ആശയം പൊതുസമൂഹത്തിൽ ഉയർത്തി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതിന് എന്തെങ്കിലും നിയമം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തരിശുരഹിത കേരളമെന്നുള്ളതാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 5 വർഷത്തിനകത്ത് 3 ലക്ഷം ഹെക്ടറിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാൻ വേണ്ടിയുള്ള ശ്രമം നടക്കുകയാണ്. കേരളത്തിലെ നെൽവയലുകളിൽ ഒരു ലക്ഷം ഹെക്ടറോളം സ്ഥലത്ത് കൃഷിയോഗ്യമായ തരിശുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പലപ്പോഴും തരിശ് സ്ഥലം കൃഷി ചെയ്യുന്നതിനുവേണ്ടി സമീപിക്കുമ്പോൾ സ്ഥലമുടമസ്ഥർ

പലരും കൃഷിയിലേക്ക് താൽപ്പര്യമില്ലാതെ തരിശിടൽ തുടരുകയാണ്. ഭൂമാഫിയ അടക്കമുള്ള ആളുകൾ പലപ്പോഴും ഭൂമി കൺവെർട്ട് ചെയ്ത് മറ്റു കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുമെന്ന ധാരണയിലാണ് ഭൂമി വാങ്ങിയിട്ട് കൃഷി ചെയ്യാതിരിക്കുന്നത്. ഇത് പരിഹരിക്കുന്നതിന് 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഒരു ഭേദഗതി ഗവൺമെന്റ് ഓർഡിനൻസിലൂടെ കൊണ്ടുവന്നു. അതനുസരിച്ച് ഏതെങ്കിലും ഉടമസ്ഥൻ അദ്ദേഹത്തിന്റെ സ്ഥലം നിരന്തരമായി തരിശിടുകയാണെങ്കിൽ ഒരു നോട്ടീസ് കൊടുത്തതിനുശേഷം അദ്ദേഹത്തിന് ആ ഭൂമിയിൽ കൃഷി ചെയ്യാൻ താൽപ്പര്യമില്ലെങ്കിൽ പഞ്ചായത്തിനോ അല്ലെങ്കിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന ഏതെങ്കിലും കർഷകരുടെ കൂട്ടായ്മകൾക്കോ സംഘടനകൾക്കോ രണ്ട് വർഷത്തേക്ക് കൃഷി ഏറ്റെടുത്ത് നടത്താൻ നിയമപരമായി പരിരക്ഷ നൽകുന്ന ഭേദഗതിയാണിത്. അത് നടപ്പിലാക്കിവരികയാണ്. അത് നിയമമായാൽ പൂർണ്ണമായും തരിശുരഹിത കേരളമെന്ന സ്വപ്നത്തിലേക്ക് എത്തിച്ചേരാൻ കഴിയും.

ശ്രീ. റ്റി. വി. രാജേഷ്: സർ, കാർഷിക സാങ്കേതികവിദ്യയുടെ വ്യാപനം ഇന്ന് അനിവാര്യമായിത്തീർന്നിരിക്കുകയാണ്. കേരളത്തിൽ തരിശ് കിടക്കുന്ന കൃഷിഭൂമി മുഴുവൻ കൃഷിയോഗ്യമാക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്പെഷ്യൽ അഗ്രികൾച്ചർ സോണിൽപ്പെട്ട കേരളത്തിന്റെ സവിശേഷമായ ഒരു മേഖലയാണ് കൈപ്പാട്. കൈപ്പാട് മേഖലയിൽ കൂനകൂട്ടിയിട്ടാണ്, അതായത് പൊറ്റകൂട്ടിയിട്ടാണ് കൃഷി ചെയ്യുന്നത്. അതിന് കൂടുതൽ മനുഷ്യാധ്വാനം വേണ്ടിവരും. അത്രയും ആളുകളെ ലഭിക്കാത്തതുകൊണ്ട് യന്ത്രവൽക്കരണം ആവശ്യമാണ്. വെറ്റ്ലാന്റിൽ നമ്മൾ യന്ത്രവൽക്കരണം സാധ്യമാക്കി. തവനൂർ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് കോളേജിൽ ഇത്തരത്തിലുള്ള ലാർജ് സ്കെയിലിലുള്ള മെഷീൻസ് ഉണ്ടാക്കിയിട്ടില്ല. കൈപ്പാടിൽ കൃഷി ചെയ്യാതെ വന്നാൽ കണ്ടൽ കയറി ഇല്ലാതായിത്തീരും. അതുകൊണ്ട് കൈപ്പാട് സംരക്ഷിക്കാൻ, ഉൽപ്പാദനം മെച്ചപ്പെടുത്താൻ, കൈപ്പാട് അരി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സഹായകരമാകുന്ന വിധത്തിൽ കൈപ്പാടിനുവേണ്ടി ഒരു യന്ത്രവൽക്കരണം കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൈപ്പാട് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷമായ ഭൂപ്രകൃതിയുള്ള സ്ഥലമാണ്. 100 ശതമാനവും ജൈവ കൃഷി രീതിമാത്രം അവലംബിക്കാൻ കഴിയുന്ന സ്ഥലമാണത്. അവിടെ കൃഷി ചെയ്യുന്ന രീതിയും ഉപയോഗിക്കുന്ന വിത്തും വ്യത്യസ്തമാണ്. കൂനകൂട്ടി വിത്തിടുന്ന സമ്പ്രദായമാണ് അവിടെ നിലനിൽക്കുന്നത്. വളരെ മാനുവലായി

ചെയ്തുകൊണ്ടിരിക്കുന്ന ആ കൃഷി രീതിയിൽ പലപ്പോഴും വിദഗ്ധരെ കിട്ടാതെ വരുന്ന സാഹചര്യം പരിഹരിക്കുന്നതിനുവേണ്ടി തവനൂർ എഞ്ചിനീയറിംഗ് കോളേജിലെ എഞ്ചിനീയറിംഗ് വിംഗ് ചില യന്ത്രസാമഗ്രികൾ വികസിപ്പിച്ചെടുക്കുന്നുണ്ട്. ഇപ്പോൾ അഗ്രോ എക്കോളജിക്കൽ യൂണിറ്റിന്റെ ഭാഗമാണ് കൈപ്പാട് പ്രദേശം. അതോടൊപ്പം സ്പെഷ്യൽ അഗ്രികൾച്ചർ സോണിന്റെ ഭാഗമായിട്ടും അത് ഉൾപ്പെടുത്തിയിട്ടുണ്ട്. ആ സോണിനെ പരിരക്ഷിക്കാൻ പ്രത്യേക പരിഗണന കൊടുക്കുന്നതിനും അവർക്കാവശ്യമായ യന്ത്രസാമഗ്രികൾ കൊണ്ടുവരുന്നതിനും വേണ്ടിയാണ് കൈപ്പാട് മേഖലയെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണായി പ്രഖ്യാപിച്ചിരിക്കുന്നത്. മാത്രമല്ല, രണ്ട് ഏജൻസികളെയും സമന്വയിപ്പിച്ചുകൊണ്ട് ഒരു വികസന ഏജൻസി ഏതാനും ആഴ്ചകൾക്കകംതന്നെ രൂപപ്പെടുകയും ചെയ്യും. അതിന്റെയടിസ്ഥാനത്തിൽ നടപടികൾ മുന്നോട്ടുപോകുകയും ചെയ്യും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എന്റെ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന 'നിറ' എന്ന സമഗ്ര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി 100 ഹെക്ടർ ഭൂമിയിൽ പരിസ്ഥിതി സൗഹൃദ കൃഷി നടത്തി. അത്ഭുതകരമായ ഉത്പാദന വർദ്ധനവുണ്ടായി എന്നുമാത്രമല്ല, ഉത്പാദനച്ചെലവ് 20 ശതമാനം കുറയുകയും ചെയ്തു. ഒരു ഹെക്ടർ നെൽകൃഷിയിൽനിന്നും 5.5 ടൺ നെല്ല് കിട്ടിയിരുന്നത് 10 ടണ്ണായി മാറി. ഈ പരിസ്ഥിതി സൗഹൃദ കൃഷി വ്യാപിപ്പിക്കാൻ ഏതെങ്കിലും വിധത്തിലുള്ള പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം കേരളത്തിൽ നിലവിലുള്ള 23 കാർഷിക കാലാവസ്ഥാ യൂണിറ്റുകൾക്ക് ഓരോന്നിനും യോജിച്ച കൃഷി രീതികൾ വികസിപ്പിക്കാൻ കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയും ബാംഗ്ലൂർ ആസ്ഥാനമായുള്ള കേന്ദ്ര ഗവൺമെന്റ് സ്ഥാപനവും ചേർന്നുകൊണ്ടാണ് കൃത്യമായ രീതിയിൽ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ ഉണ്ടാക്കിയത്. അതിനെക്കൂടി സമന്വയിപ്പിച്ചുകൊണ്ടാണ് സ്പെഷ്യൽ അഗ്രികൾച്ചർ സോണുകൾ കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരിക്കുന്നത് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിനെക്കുറിച്ചാണ്. കേരളത്തിൽ പലയാളുകളും പരീക്ഷണാടിസ്ഥാനത്തിൽ ഈ രീതിയിൽ കൃഷി നടത്തുന്നുണ്ട്. ആന്ധ്രാ ഗവൺമെന്റ്, ഗവൺമെന്റിന്റെ നയമായിത്തന്നെ സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് എന്ന സമ്പ്രദായം അവിടെ നടപ്പിലാക്കിവരികയാണ്. പല കർഷകരുടെയും ഭാഗത്തുനിന്നും അഭിപ്രായം രൂപപ്പെട്ടതിനെത്തുടർന്ന് ഈ

കൃഷിരീതിയെപ്പറ്റി പഠിക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല വിദഗ്ദ്ധരും കൃഷി ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും മന്ത്രിയെന്ന നിലയ്ക്ക് ഞാനും അടക്കമുള്ള സംഘം അവിടെ സന്ദർശനം നടത്തി കർഷകരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ രീതി കേരളത്തിൽ കൊണ്ടുവരാൻ കഴിയുമെന്ന ഉത്തമ ബോദ്ധ്യത്തിൽ സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിനെ സംബന്ധിച്ച ഒരു ക്യാമ്പ് ഈ മാസം സംഘടിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ശ്രീ. സുഭാഷ് പലേക്കർക്ക് വരാൻ സാധിക്കാത്തതിനാൽ അത് മാറ്റിവച്ചിരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം കാർഷിക സർവ്വകലാശാലയുമായി ചേർന്നുകൊണ്ടു നടപ്പിലാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് കേരളത്തിൽ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനാവശ്യമായ ശാസ്ത്രീയമായ അടിത്തറ ഇപ്പോൾ സൃഷ്ടിച്ചെടുത്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, നിലവിൽ കൃഷി വകുപ്പ് മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇപ്പോൾ നടപ്പിലാക്കിവരുന്ന 'ആത്മ', 'ലീഡ്സ്' മുതലായ പദ്ധതികൾ സംയോജിപ്പിച്ച് പ്രശ്നങ്ങൾക്ക് ഒരു ഐക്യ രൂപമുണ്ടാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; അതിന് സാധ്യതയുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 'ആത്മ', 'ലീഡ്സ്' തുടങ്ങിയ പദ്ധതികളെല്ലാം സംയോജിപ്പിച്ചുകൊണ്ട് 'കേരള ഇന്നവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് 2018-19 വർഷം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് ബഡ്ജറ്റിൽ തന്നെ പറഞ്ഞിരുന്നു. 'ആത്മ', 'ആത്മ പ്ലസ്', 'ലീഡ്സ്' അടക്കം പല രീതിയിലുമുള്ള ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ആത്മ എല്ലാ ജില്ലകളിലും നടക്കുന്നുണ്ടെങ്കിലും ലീഡ്സ് നാല് ജില്ലകളിൽ മാത്രമാണുള്ളത്. ആത്മയും ലീഡ്സും സമന്വയിപ്പിച്ചുകൊണ്ടാണ് കേരള ഇന്നവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് 2018-19 വർഷം നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഈ വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതായിരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പുതിയ കൃഷി രീതികളെക്കുറിച്ച് ആളുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനും ഫീൽഡിൽ പോയി പരിചയപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികൾ ഗവൺമെന്റും കാർഷിക സർവ്വകലാശാലയും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഓരോ ജില്ലയിലും ഇതിനെ പൂർണ്ണമായെത്തിക്കുന്നതിനുള്ള 'സമേതി' സ്റ്റേറ്റ് തലത്തിലും ജില്ലാതലങ്ങളിലും പൂർണ്ണമായി എത്തുന്നില്ല. മലപ്പുറം ജില്ലയ്ക്കും പാലക്കാട് ജില്ലയ്ക്കും

വേണ്ടിയുള്ള ട്രെയിനിംഗ് സെന്റർ മലമ്പുഴയിലാണുള്ളത്. മലപ്പുറം ഒരു വൈഡ് ജില്ലയാണ്. അതുകൊണ്ട് ഓരോ ജില്ലയിലും ഇതുപോലുള്ള ആർ.എ.റ്റി.റ്റി.സി. സെന്ററുകൾ സ്ഥാപിക്കുന്ന കാര്യത്തിലുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അദ്ദേഹം പറഞ്ഞപോലെ ആർ.എ.റ്റി.റ്റി.സി. സെന്ററുകൾ എല്ലാ സ്ഥലത്തും നമുക്കില്ല. സംസ്ഥാനത്ത് അഞ്ച് ആർ.എ.റ്റി.റ്റി.സി. സെന്ററുകളാണുള്ളത്. പഠിപ്പിക്കുന്നതിനാവശ്യമായ എഫ്.ടി.സി. (ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ) രണ്ടെണ്ണമാണുള്ളത്. ഇത് ഉദ്യോഗസ്ഥർക്കും കർഷകർക്കും ട്രെയിനിംഗ് കൊടുക്കുന്ന സംവിധാനമാണ്. അതിനുപുറമേ 'ആത്മ' തന്നെ പ്രത്യേകമായി പരിശീലന പരിപാടി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും പരിശീലനത്തിന്റെ ആവശ്യം ഇപ്പോഴില്ലാത്തതുകൊണ്ടാണ് ഇങ്ങനെ മേഖല തിരിച്ചുകൊണ്ട് സംവിധാനം ഏർപ്പെടുത്തിയത്. ഇന്നവേഷൻ പ്രോജക്ട് നടപ്പാക്കിക്കഴിഞ്ഞാൽ, ഇതിന്റെ ഏകോപനം ഉണ്ടായിക്കഴിഞ്ഞാൽ എല്ലാ ജില്ലകളിലും കർഷകർക്ക് പരിശീലനം നൽകാനാവശ്യമായ നടപടിയുണ്ടാകും.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, കാർഷിക മേഖലയിൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ഒട്ടനവധി നേട്ടങ്ങൾ നേടിയിട്ടുണ്ട്. പക്ഷേ ഇപ്പോഴും നെല്ലിന്റെയും നാളികേരത്തിന്റെയും ഉത്പാദനക്ഷമതയിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളം പിന്നിലാണ്. അതിനുകാരണം ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ, ലഘുയന്ത്രങ്ങളുടെ ഉപയോഗം എന്നിവ കർഷകരിൽ എത്തിക്കാൻ നമുക്ക് കഴിയാത്തതാണ്. ഇക്കാര്യത്തിലിടപെട്ട് കൃഷി ഉദ്യോഗസ്ഥരെയും കൃഷിശാസ്ത്രജ്ഞരേയും കർഷകന്റെ സമീപത്തേയ്ക്കെത്തിക്കാനും ശാസ്ത്ര നേട്ടങ്ങൾ പകർന്നുകൊടുക്കാനും നടപടിയെടുക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കാർഷിക സർവ്വകലാശാലയും കൃഷി ഡിപ്പാർട്ട്മെന്റും കർഷകരും തമ്മിലുള്ള ഒരു ട്രയാംഗിൾ റിലേഷനാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനകത്തുണ്ടാകുന്ന കൺവർജൻസിന്റെ കുറവ് പരിഹരിക്കാനാവശ്യമായ ശക്തമായ ഇടപെടൽ ആരംഭിച്ചുകഴിഞ്ഞു. കൃഷി ഡിപ്പാർട്ടുമെന്റും കാർഷിക സർവ്വകലാശാലയും രണ്ടും രണ്ടുവഴിക്ക് പോകേണ്ട സംവിധാനമല്ല. സർവ്വകലാശാല ചെയ്യുന്ന പ്രവർത്തനങ്ങൾ കൃഷിക്കാരി ലേയ്ക്കെത്തിക്കുന്നത് കൃഷി വകുപ്പ് വഴിയായിരിക്കണം. പലപ്പോഴും ആ ഒരു ലിങ്ക് നഷ്ടപ്പെട്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി

'ഫയലിൽ നിന്നും വയലിലേയ്ക്ക്' എന്ന സ്കീമും 'ലാബിൽ നിന്നും ലാന്റിലേയ്ക്ക്' എന്ന സ്കീമുമുണ്ട്. ഗവേഷകരായ ആളുകൾ അവരുടെ ഗവേഷണ സ്ഥാപനത്തിലിരിക്കേണ്ടവരല്ല, മണ്ണിലിറങ്ങി കൃഷിക്കാരോടൊപ്പം നിൽക്കേണ്ടവരാണെന്നാണ് ഗവൺമെന്റ് നയം. അതനുസരിച്ചുള്ള ശക്തമായ നിർദ്ദേശം കൊടുക്കുകയും ഇതുപ്രകാരം കൃഷിക്കാരുമായി ബന്ധപ്പെട്ടുകൊണ്ട് കാർഷിക സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുന്ന ഗവേഷണങ്ങൾ കാർഷിക കാര്യങ്ങൾക്കുവേണ്ടി കൃഷിക്കാരന്റെ ആവശ്യകതയെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്നുള്ള നിഷ്കർഷ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. പലപ്പോഴും കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകൾ നടത്തുന്ന ഗവേഷണത്തിന്റെ കണ്ടെത്തലുകളും സാങ്കേതിക വിദ്യയും കൃഷിക്കാരിലേയ്ക്കെത്താറില്ല. ഈ വർഷം 66-ഓളം വരുന്ന സാങ്കേതികവിദ്യകൾ കൃഷിക്കാർക്കായി സർവ്വകലാശാല കൊടുക്കുകയുണ്ടായി. സർവ്വകലാശാല കണ്ടെത്തുന്ന കാര്യങ്ങൾ സർവ്വകലാശാലയിലെ ഗവേഷകരുടെ സ്വകാര്യസ്വത്തായി വയ്ക്കുന്നതിനുപകരം കൃഷിക്കാരിലേയ്ക്ക് എത്തിക്കാനാവശ്യമായ നടപടിയാണ് ലാബിൽ നിന്നും ലാന്റിലേയ്ക്ക് എന്ന പദ്ധതി. ശാസ്ത്രജ്ഞർ മണ്ണിലേയ്ക്കിറങ്ങണം. തങ്ങളെക്കാൾ ബുദ്ധിയും വിവരവുമുള്ള ആളുകളാണ് കൃഷിക്കാരെന്ന ബോധ്യം നമ്മുടെ ഗവേഷകർക്കുണ്ടാകണം. അതുണ്ടായിക്കഴിഞ്ഞാൽ പ്രശ്നം പരിഹരിക്കപ്പെടും. അതുകൊണ്ട് ഗവേഷകർ മണ്ണിലേയ്ക്ക് വരണം, കൃഷിക്കാരുമായി യോജിച്ചുപോകണം എന്നുള്ളതാണ് ഗവൺമെന്റ് നയം.

മി. സ്പീക്കർ: അങ്ങൊരു പൂ ചോദിച്ചു, അദ്ദേഹം ഒരു പൂന്തോട്ടം തന്നു.

ഡോ. എൻ. ജയരാജ്: സർ, അങ്ങിവിടെ സൂചിപ്പിച്ച ഫയലിൽനിന്നും വയലിലേയ്ക്ക്, ലാബിൽ നിന്ന് ലാന്റിലേയ്ക്ക് എന്ന ആശയം വളരെ നല്ലതാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ റബ്ബർ കൃഷിമൂലം കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ, അങ്ങ് മുൻകയ്യെടുത്ത് കൊക്കോ ഇടവിളയായി കൃഷി ചെയ്യാനുള്ള തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. ഞാൻ മണ്ണുത്തി കാർഷിക സർവ്വകലാശാലയിലേയ്ക്ക് കൃഷിക്കാരുമായി പോകുകയുണ്ടായി. എന്നാൽ കൊക്കോയുമായി ബന്ധപ്പെട്ട് നടക്കുന്ന ഗവേഷണങ്ങൾ ഒരു കാരണവശാലും കൃഷിക്കാരിലേയ്ക്ക് പകർന്നുനൽകുന്നതിനുള്ള അനുകൂലമായ നിലപാടല്ല അവരുടെ ഭാഗത്തുനിന്നുണ്ടായത്. കാഡ്ബറി ഉൾപ്പെടെയുള്ള കുത്തകകളുടെ നിയന്ത്രണത്തിലാണ് അവിടെ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ ദിവസം ഞങ്ങളുടെ നാട്ടിലെ കൊക്കോ ഉത്പാദകർ സൊസൈറ്റി മുഖേന അവർ സ്വന്തമായി ഡെവലപ് ചെയ്തെടുത്ത കൊക്കോ അങ്ങയെ കൊണ്ടുവന്ന് കാണിക്കുകയുണ്ടായി.

ഗവേഷകരെക്കാൾ കൃത്യമായി കാര്യങ്ങൾ അറിയാവുന്ന കൃഷിക്കാർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ അനുഭവസമ്പത്തുകൂടി ഇവിടെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗവേഷണ ഫലങ്ങളെ കൃഷിക്കാരിലെത്തിക്കാനും കാഡ്ബറി പോലുള്ള ഇടനിലക്കാരെ രംഗത്തുനിന്നും മാറ്റിനിർത്തി കാഞ്ഞിരപ്പള്ളി മേഖലയിലെ കർഷകർക്ക് കൊക്കോ ഇടവിളയായി കൃഷി ചെയ്യാനുള്ള സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണം. ഇന്നത്തെ ബിസിനസ് ലൈനിൽ ഒരു വാർത്തയുണ്ട്, ഹരിയാനയിൽ ഒരു ഹെക്ടർ വരെ കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് ഒരു ലക്ഷം രൂപ ഇൻകം അഷ്വർ ചെയ്യാനുള്ള പദ്ധതി അവിടത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. കൃഷിക്കാർക്ക് വരുമാനം വർദ്ധിക്കാനുള്ള സാഹചര്യം ഉണ്ടായാൽ മാത്രമേ ഏത് പദ്ധതിയും പൂർത്തിയാക്കാൻ കഴിയൂ, കാർഷിക ഗവേഷണത്തിന്റെ ഫലങ്ങൾ ജനങ്ങളിലെത്തിക്കാനും കൃഷിക്കാരിലെത്തിക്കാനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കാഞ്ഞിരപ്പള്ളി മേഖലയിലെ കൊക്കോ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമം നന്നായി നടക്കുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഏഷ്യയിലെ തന്നെ കൊക്കോയുടെ ലാർജസ്റ്റ് ജെംപ്ലാസം കളക്ഷനുള്ള സ്ഥാപനമാണ് കാർഷിക സർവ്വകലാശാലയിലെ കൊക്കോ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. വർഷങ്ങളായി കാഡ്ബറിയുമായി ചേർന്നുകൊണ്ട് റിസർച്ചും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളും അവിടെ നടക്കുന്നുണ്ടെങ്കിലും കൃഷിക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ഉണ്ടെങ്കിൽ ഒരു കാരണവശാലും അതനുവദിക്കില്ല. നേരത്തേ ഒരു കൊക്കോ കർഷകൻ എന്റെയടുത്ത് വന്നിരുന്നു. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തതിനേക്കാൾ മെച്ചപ്പെട്ട നല്ലയിനം കൊക്കോ അദ്ദേഹം എനിക്ക് കാണിച്ചുതരികയുണ്ടായി. അദ്ദേഹത്തിന്റെ നഴ്സറിക്ക് അംഗീകാരം കൊടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൃഷി ഡിപ്പാർട്ടുമെന്റ് നഴ്സറിക്ക് അംഗീകാരം കൊടുത്തിരിക്കുകയാണ്. മാത്രമല്ല കൊക്കോയുമായി ബന്ധപ്പെട്ട് അവർ ആവശ്യപ്പെട്ടത് പ്രകാരം മൂല്യവർദ്ധിത ഉത്പന്നം ഉണ്ടാക്കുന്നതിനായി അവിടെയുള്ള സൊസൈറ്റിക്ക് പണം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ കൊക്കോ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അവിടെയുള്ള കൊക്കോ കർഷകർക്ക് ഗുണകരമല്ലാത്ത രീതിയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ അവർക്കെതിരെ കർശന നടപടികളുണ്ടാകും, അവ കർഷകരിലേക്ക് എത്തിക്കാനാവശ്യമായ നടപടി ഉടൻതന്നെയുണ്ടാകും.

ശ്രീ. ഡി. കെ. മുരളി : സർ, കൃഷി വകുപ്പിലെ താഴെത്തട്ടിലുള്ള ഓഫീസുകളാണ് കൃഷിഭവനും അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും. അവിടത്തെ ഓഫീസർമാരുടെ പ്രധാനജോലി റിപ്പോർട്ട് തയ്യാറാക്കലും അത് ക്രോഡീകരിക്കലുമാണ്. അവർക്ക് സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിനും അതിനുവേണ്ട പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഇപ്പോൾ കൃഷി ആഫീസർമാരുടെ പ്രധാന ജോലി റിപ്പോർട്ട് തയ്യാറാക്കലാണ്. അവർക്ക് കർഷകരുടെ അടുക്കലേയ്ക്ക് പോകാൻ കഴിയുന്നില്ല. ഇപ്പോൾ കൃഷി വകുപ്പ് ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് നിരവധി സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. അത്തരം സംവിധാനങ്ങളെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഗവൺമെന്റ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പോകുകയാണ്. മാത്രവുമല്ല, പലകാര്യങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് pest surveillance scheme നടപ്പാക്കിവരികയാണ്. ഏകദേശം 574 കൃഷി ഓഫീസർമാർക്ക് ടാബ് നൽകിയിട്ടുണ്ട്. എട്ട് ക്രോപ്പുകൾക്ക് വരുന്ന രോഗങ്ങൾ ഡയഗ്നോസ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയറാണ് ആ ടാബിൽ ഉപയോഗിച്ചിട്ടുള്ളത്. അങ്ങനെ അവരുടെ ദൈനംദിന പ്രവർത്തനങ്ങളും അവർക്ക് കൃഷിക്കാരിലേയ്ക്ക് എത്തുന്നതിനുവേണ്ട പ്രവർത്തനങ്ങളുമെല്ലാം ഈ രീതിയിൽ വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കുവാനും അതുവഴി അവരുടെ ജോലിഭാരം കുറയ്ക്കാനും കൂടുതൽ സമയം കർഷകരിലേയ്ക്കും ജനങ്ങളിലേയ്ക്കും എത്താൻ കഴിയുന്ന തരത്തിലുള്ള ഒരു പുനഃസംഘടനയ്ക്ക് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൻകിട കോർപ്പറേറ്റുകൾ ഡിജിറ്റൽ ഫാമിംഗ്, ഡിജിറ്റൽ പ്ലാന്റിംഗ് തുടങ്ങി പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കാർഷിക രംഗത്ത് വലിയ മാറ്റം ഉണ്ടാക്കുന്നുണ്ട്. അത് പാവപ്പെട്ട കൃഷികാർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ആ സാങ്കേതികവിദ്യയുടെ പ്രയോജനം ചെറുകിട കർഷകർക്കുകൂടി ലഭ്യമാകത്തക്കവിധത്തിൽ കൃഷിക്കാരെ ഉപദേശിക്കുവാനോ അല്ലെങ്കിൽ കാർഷിക സർവകലാശാല അത്തരത്തിൽ ഗവേഷണം നടത്താനോ ഉള്ള നിർദ്ദേശങ്ങൾ നൽകണമെന്നാണ് പറയാനുള്ളത്.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, അത് പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം

3(*543) ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റ പണികൾക്കായി അയയ്ക്കുന്ന ബസ്സുകൾ ശരിയായ അറ്റകുറ്റപ്പണികൾ നടത്താതെയും അവയുടെ കാലപ്പഴക്കം പരിഗണിക്കാതെയും ലേലം ചെയ്യുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ യോഗ്യതയും പ്രവർത്തനപരിചയവുമുള്ള ജീവനക്കാർ വർക്ക്ഷോപ്പുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) വർക്ക്ഷോപ്പുകളിൽ അയയ്ക്കുന്ന ബസ്സുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിർദ്ദിഷ്ട യോഗ്യതയും പ്രവൃത്തിപരിചയവും ഉറപ്പുവരുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരാണ് പൊതുവേ വർക്ക്ഷോപ്പുകളിലുള്ളത്. ഇങ്ങനെ നിയോഗിക്കപ്പെടുന്ന മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് അതത് മേഖലയിൽ പ്രാവീണ്യം ലഭിക്കത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ട്രെയിനിംഗ് സെന്ററിലും വർക്ക്ഷോപ്പുകളിലുംവച്ച് ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ ഓരോ വാഹന നിർമ്മാതാക്കളുടെയും വാഹന ഘടക നിർമ്മാതാക്കളുടെയും ആഭിമുഖ്യത്തിൽ നിരന്തരം refresh training നൽകിവരുന്നുണ്ട്.

(സി) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് കെ.എസ്.ആർ.ടി.സി. ബസ്സുകളുണ്ട്. ബസ്സുകളുടെ റിപ്പയറിംഗ് നടത്തുന്ന കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ ബാലാരിഷ്ടതകൾ ഇതുവരെയും

അവസാനിച്ചിട്ടില്ല. ആവശ്യത്തിന് സംവിധാനങ്ങളോ ടെക്നീഷ്യൻമാരോ ഇല്ല എന്നതാണ് സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് 190 എ.സി. ലോ ഫ്ലോർ ബസ്സുകളും 529 നോൺ എ.സി. ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ ഏകദേശം 90-ഓളം എ.സി. ലോ ഫ്ലോർ ബസ്സുകളും 108 നോൺ എ.സി. ബസ്സുകളും സർവ്വീസ് നടത്താൻ കഴിയുന്നില്ല. അതിനുകാരണം ലോ ഫ്ലോർ ബസ്സുകൾ റിപ്പയർ ചെയ്യുന്നത് അവരുടെ വോൾവോ കമ്പനിയുടെ വർക്ക്ഷോപ്പിലാണ്. കെ.എസ്.ആർ.ടി.സി. അവർക്ക് വലിയൊരു തുക കൊടുക്കാനുണ്ട്. ധാരാളം ബസ്സുകൾ കേടായിക്കിടക്കുകയാണ്. കേടായ ബസ്സുകൾ വീണ്ടും അവിടെ കൊണ്ടുപോകാൻ നിർവ്വാഹമില്ല, നമ്മുടെ വർക്ക്ഷോപ്പിലെ ജീവനക്കാർക്ക് ലോ ഫ്ലോർ ബസ്സുകൾ റിപ്പയർ ചെയ്യാനും അറിയില്ല. നമ്മുടെ ജീവനക്കാർക്ക് എ.സി. ലോ ഫ്ലോർ ബസ്സുകൾ റിപ്പെയർ ചെയ്യുന്നതിനാവശ്യമായ ട്രെയിനിംഗും മെഷിനറിയും നൽകി കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽത്തന്നെ ഇവ റിപ്പെയർ ചെയ്യുന്നതിനുള്ള ശ്രമം സർക്കാർ നടത്തുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എ.സി. ലോ ഫ്ലോർ ബസ്സുകളും സ്കാനിയ ബസ്സുകളും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളവയാണ്. അവ റിപ്പെയർ ചെയ്യുന്നതിനാവശ്യമായ വിദഗ്ദ്ധ പരിശീലനം ലഭിച്ചവരല്ല കെ.എസ്.ആർ.ടി.സി.-യിലുള്ളത്. എന്നാൽ അവരുടെ ട്രെയിനിംഗ് സെന്ററുകളിലേയ്ക്ക് മെക്കാനിക്കുകളെ അയച്ച് ആവശ്യമായ പരിശീലനം നല്കുന്നതിനുവേണ്ട നടപടികൾ ഇതിനകംതന്നെ ഗവൺമെന്റ് പൂർത്തിയാക്കിയിട്ടുണ്ട്. സാമ്പത്തിക പരിമിതി കാരണം നിരവധി ബസ്സുകൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ കഴിയാതെ വർക്ക്ഷോപ്പുകളിൽ കിടക്കുന്നുണ്ട്. സമയബന്ധിതമായി അത്തരം ബസ്സുകൾ കേടുപാടുകൾ തീർത്ത് റോഡിലിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ലോ ഫ്ലോർ ബസ് പൊതുവെ ആളുകൾ സ്വാഗതം ചെയ്ത ഒരു സംവിധാനമാണ്. ധാരാളം ആളുകൾ ആ ബസ്സിൽ സഞ്ചരിച്ചിരുന്നു. കാറിൽ പോയിരുന്നവർപോലും ലോ ഫ്ലോർ ബസ്സിൽ പോകുമായിരുന്നു. അത്തരം ബസ്സുകൾ ഇപ്പോൾ മുടങ്ങിക്കിടക്കുന്നത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. വേറൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നമ്മുടെ സംസ്ഥാനത്ത് ഒരു ബസ്ബോഡി നിർമ്മിക്കുന്നതിന് 350-ഓളം മനുഷ്യാദ്ധ്വാന ദിനങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. ഇതര സംസ്ഥാനങ്ങളിൽ ഇത് 200 ദിനങ്ങളിൽ കുറവാണ്. നമ്മുടെ വർക്ക്ഷോപ്പുകളിൽനിന്ന് ലേലം ചെയ്ത് വിൽക്കുന്ന ബസ്സുകളിൽ പുതിയ എഞ്ചിൻ കയറ്റുകയും അതിന്റെ കേടുവന്ന പഴയ

എഞ്ചിനുകൾ ഓടുന്ന ബസ്സുകളിൽ മാറ്റിക്കയറ്റുകയും ചെയ്യുന്ന ചില സംഭവങ്ങൾ നടക്കുന്നുണ്ട് എന്ന ആക്ഷേപം ചില പത്രവാർത്തകളിൽ വരികയുണ്ടായി. ഇതിന്റെ നിജസ്ഥിതി എന്താണ്; ഈ മനുഷ്യാധ്വാനത്തിന്റെ ദിനങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കെ.എസ്.ആർ.ടി.സി.-യിൽ ഒരു ബസ് ബോഡി നിർമ്മിക്കുന്നതിന് 325 മനുഷ്യാദ്ധ്വാനദിനങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. ഇത് അഖിലേന്ത്യ ശരാശരിയെക്കാൾ കൂടുതലാണ്. അഖിലേന്ത്യാ ശരാശരി 200 ആണ്. കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി അദ്ധ്വാനദിനങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തുന്നുണ്ട്. അവർ ഒന്നുരണ്ട് നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. 215 മനുഷ്യാധ്വാന ദിനങ്ങളായി ചിട്ടപ്പെടുത്തി, ബസ്സുകളെല്ലാംതന്നെ കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ റിപ്പെയർ ചെയ്യുന്നതിന് ആവശ്യമായ നിലയിലേയ്ക്ക് കാര്യങ്ങൾ പുരോഗമിച്ചുവരുന്നുണ്ട് എന്നാണ് സഭയെ അറിയിക്കാനുള്ളത്. ബസ്സുകളിലെ എഞ്ചിനുകൾ മാറ്റി പഴക്കംചെന്ന ബസ്സുകളിൽ ഉപയോഗിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതുണ്ട്.

ഡോ. എം. കെ. മുനീർ: സർ, നമ്മുടെ വർക്ക്ഷോപ്പുകളിൽ കൂടുതൽ നവീകരണം ആവശ്യമാണ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റമാണ് വേണ്ടത്. നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല, പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്താൻ തീരുമാനിച്ചതിന്റെ ഫലമായി, ആ പ്രായത്തിൽ എത്തുന്ന ആളുകൾ വർക്ക്ഷോപ്പിൽ ജോലി ചെയ്യുക എന്നുപറയുമ്പോൾ, തത്വത്തിൽ ഇത്തരം വർക്ക്ഷോപ്പുകൾ ഉപയോഗശൂന്യമായി മാറാനുള്ള സാധ്യതയാണ് ഭാവിയിൽ കാണുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ഈ ചോദ്യത്തിൽ ഒരു ആക്ഷേപമാണ് ഉന്നയിച്ചത്. പെൻഷൻ പ്രായം 60 വയസ്സാക്കാൻ തീരുമാനിച്ചതുമൂലം എന്നുപറഞ്ഞു, അങ്ങനെയൊരു തീരുമാനം സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ല എന്ന കാര്യം അങ്ങയെ വിനയപൂർവ്വം അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. 'വർക്ക്ഷോപ്പുകളുടെ നവീകരണം, ആധുനികവത്കരണം' എന്നത് ശരിയായ നിർദ്ദേശമാണ്. അതിന് ആവശ്യമായ നടപടികൾക്കായി ഇത്തവണത്തെ ബഡ്ജറ്റിൽ, പ്ലാൻ ഫണ്ടിൽ ഗവൺമെന്റ് പണം അനുവദിച്ചിട്ടുണ്ട്. ആ പണം ഉപയോഗിച്ച് വർക്ക്ഷോപ്പുകളെ ആധുനികവത്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, അത്യാധുനികമായ പുതിയ സ്കാനിയ, വോൾവോ ബസ്സുകൾ ഇറങ്ങുമ്പോൾ കമ്പനിതന്നെ സൗജന്യമായി ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. എന്തുകൊണ്ട് അത്തരം സംവിധാനം നമ്മൾ ഉപയോഗ പ്പെടുത്തുന്നില്ല? മൊബൈൽ സർവ്വീസ് പോലെ ഒരു മൊബൈൽ വർക്ക്ഷോപ്പ് തന്നെ ആരംഭിക്കണം, പ്രത്യേകിച്ച് നാഷണലൈസ്ഡ് റൂട്ടുകളിൽ. യാത്രാമദ്ധ്യേ ബസ്സുകൾ വഴിയിൽ കിടക്കുന്നതുമൂലം ദീർഘദൂര യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കി ട്രെയിനിൽ പോകേണ്ട അവസ്ഥയുണ്ടാകുന്നു. ഇത്തരം കാര്യങ്ങളിൽ ഗൗരവമായ ശ്രദ്ധയുണ്ടാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആധുനിക ട്രെയിനിംഗ് സൗകര്യം ഉപയോഗപ്പെടുത്തുന്നില്ല എന്ന രീതിയിലാണ് ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ഉന്നയിച്ചത്. ഞാൻ ആദ്യ ഉത്തരത്തിൽ അതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. ആധുനിക രീതിയിലുള്ള ബസ് നിർമ്മാതാക്കളുടെ സേവനം ഉപയോഗപ്പെടുത്തി കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തിക്കുന്ന മെക്കാനിക്കുകൾ, ഡ്രൈവർമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഓരോ ബാച്ചായിട്ടാണ് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നത്. മിക്കവാറും എല്ലാ ജീവനക്കാർക്കും അത് ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പാക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കെ.എസ്.ആർ.ടി.സി.-ക്ക് ബോഡി ബിൽഡിംഗ് വർക്ക്ഷോപ്പുകൾ ആലുവ, പാപ്പനംകോട്, മാവേലിക്കര, എടപ്പാൾ, കോഴിക്കോട് എന്നീ അഞ്ച് സ്ഥലങ്ങളിലുണ്ട്. ഇപ്പോൾ ബസ് ബോഡിയോടുകൂടി വാങ്ങുകയാണ് ചെയ്യുന്നത്. നമ്മുടെ വർക്ക്ഷോപ്പുകളിൽ ഒരു ബസ് ബോഡി നിർമ്മാണത്തിനായി 351 മാനവവിഭവശേഷിയാണ് ഉപയോഗിക്കുന്നത്. പക്ഷേ അത് ആൾ ഇന്ത്യ സ്റ്റാൻഡേർഡ് 200 മാനവവിഭവശേഷിയാണ്. ഇക്കാര്യത്തിൽ വലിയ നഷ്ടം വരുന്നുണ്ട്, കെ.എസ്.ആർ.ടി.സി. പൊതുവെ നഷ്ടത്തിലാണ്. ഈ വർക്ക്ഷോപ്പുകൾ അടച്ചുപൂട്ടണമെന്നോ ജീവനക്കാരെ പറഞ്ഞുവിടണമെന്നോ ഞാൻ പറയുന്നില്ല. അവിടെ വർക്ക് സ്റ്റഡിയും ജോബ് ഇവാല്യുവേഷനും നടത്തി മാനവവിഭവശേഷി 200-ലേയ്ക്ക് എത്തിച്ച് വർക്ക്ഷോപ്പുകളെ നഷ്ടത്തിൽനിന്ന് ലാഭത്തിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ വർക്ക്ഷോപ്പുകളിൽ ബസ്ബോഡി നിർമ്മിക്കുന്നതിനുള്ള മാനവവിഭവ ദിവസങ്ങളെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങ് ഇവിടെ പറഞ്ഞതുപോലെ അഖിലേന്ത്യാ ശരാശരി 200 ആണ്. കേരളത്തിൽ അത് 323 ആണ്. അത് 215-ൽ എത്തിക്കുന്നതിന്

ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ പുരോഗമിച്ചുവരികയാണ്. ഇപ്പോഴത്തെ പുതിയ ബസ് ബോഡി കോഡ് നിർമ്മാണ വ്യവസ്ഥയുമായി ബന്ധപ്പെട്ട് അഖിലേന്ത്യാ നിയമം വന്നതിനെത്തുടർന്ന് എല്ലാ വർക്ക്ഷോപ്പുകളിലും ബസ്ബോഡികൾ നിർമ്മിക്കാൻ സാധ്യമല്ല. തിരുവനന്തപുരത്തുള്ള സെൻട്രൽ വർക്ക്ഷോപ്പിന് മാത്രമാണ് അത്തരത്തിലുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. എടപ്പാളിലും അത് ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുന്നുണ്ട്. അങ്ങനെ വന്നാൽ മാത്രമേ കൂടുതൽ ബസ്സുകൾ നമ്മുടേതായ വർക്ക്ഷോപ്പുകളിൽനിന്ന് ബോഡി നിർമ്മിച്ച് പുറത്തിറക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ആർ. രാജേഷ്: സർ, റീജിയണൽ വർക്ക്ഷോപ്പുകളിൽ പഴയ വാഹനങ്ങളുടെ അവശിഷ്ടങ്ങൾ കെട്ടിക്കിടക്കുന്നതായി വാർത്തകൾ വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാലപ്പഴക്കമുള്ള ബസ്സുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഏതാനും വർക്ക്ഷോപ്പുകളിൽ കാലപ്പഴക്കമുള്ള കുറെ ബസ്സുകൾ കെട്ടിക്കിടക്കുന്നുണ്ട് എന്ന ബഹു.മാവേലിക്കര അംഗത്തിന്റെ സംശയം ശരിയാണ്. അത് അടിയന്തരമായി ലേലം ചെയ്ത് വിൽക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഡിപ്പോ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനങ്ങളിലെ അപര്യാപ്തതയും പോരായ്മകളും മെമ്പർ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അത് പ്രത്യേകമായി ചർച്ചചെയ്ത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ആലോചിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വർക്ക്ഷോപ്പുകളിൽ ചില ജീവനക്കാരെ കൂട്ടത്തോടെ മാറ്റുകയാണ്, ഇത് ഗളഹസ്തം ചെയ്യുന്നതിന് തുല്യമാണ്, തുഗ്ലക് മോഡൽ പരിഷ്കാരം പോലെയാണിത്. അങ്ങാണ് അങ്ങനെ ചെയ്യുന്നതെന്ന് ഞാൻ പറയുന്നില്ല. അങ്ങ് രണ്ടാമത് ചാർജെടുത്തിട്ട് കുറച്ചുനാളുകളേ ആയിട്ടുള്ളൂ. പക്ഷേ അതിനുമുമ്പ് നടന്നുകൊണ്ടിരുന്ന സംഭവമാണ്. പല വർക്ക്ഷോപ്പുകളിലും ജോലി ചെയ്യുന്നത് എംപാനലുകാരാണ്. ഇടിത്തീ വീഴുന്നതുപോലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പുതിയൊരു തീരുമാനം വരാൻ പോകുകയാണ്. അവർക്ക് ജോലിസ്ഥിരതയില്ല എന്ന തീരുമാനമാണ്. സംസ്ഥാനത്ത് എംപാനലായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരെ പിരിച്ചുവിടുമോ; അവർക്ക് തുടർന്ന് ജോലി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; ഗവൺമെന്റിന്റെ നിലപാട് വിശദമാക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം ലഭ്യമാകാതെ വരുന്ന ഘട്ടങ്ങളിൽ എംപാനൽ ജീവനക്കാരെ ഉപയോഗിച്ച് സർവ്വീസ് മുടങ്ങാതെ നടത്തുക എന്ന മെക്കാനിസത്തിന്റെ ഭാഗമായാണ് എംപാനൽ ജീവനക്കാരെ നിയമിക്കാൻ ഇടയായത്. സർവ്വീസ് മുടങ്ങാതെ നടത്താനുള്ള ജീവനക്കാർ ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിലുണ്ട്. എന്നാലും അവരുടെ അഭാവം വരുന്ന സന്ദർഭങ്ങളിൽ എംപാനൽ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി ത്തന്നെയാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ ഘടനയിൽ കാര്യമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ഗൗരവത്തിലുള്ള ചർച്ചകളൊന്നുംതന്നെ കെ.എസ്.ആർ.ടി.സി. നടത്തിയിട്ടില്ല.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കി നിർത്തിയാൽ സംസ്ഥാനത്തെ ഇതര ഡിപ്പാർട്ട്മെന്റുകളുടെ വാഹനങ്ങൾ മിക്കവാറും സ്വകാര്യ ഏജൻസികളിലാണ് റിപ്പെയറിംഗിനായി കൊടുക്കുന്നത്. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽത്തന്നെ സർക്കാരിന്റെ ഇതര വാഹനങ്ങൾകൂടി റിപ്പെയർ ചെയ്യാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ? ഗ്രാമവികസന വകുപ്പിന്റെ സംസ്ഥാനത്തെ ഏക വർക്ക്ഷോപ്പ് മൂവാറ്റുപുഴയിലാണ്. അതിപ്പോൾ വലിയ പ്രതിസന്ധിയിലാണ്. ഗ്രാമവികസന വകുപ്പിന്റെ വാഹനങ്ങൾ റിപ്പെയർ ചെയ്യുവാൻ കൊട്ടാരക്കരയിൽ ആരംഭിച്ച ഉപകേന്ദ്രവും പൂട്ടിപ്പോയി. സർക്കാരിന് വലിയ നഷ്ടമുണ്ടായി കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സർക്കാരിന്റെ വാഹനങ്ങൾ ആധുനിക തരത്തിൽ റിപ്പയർ ചെയ്യാൻ പറ്റുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്ത് ശക്തിപ്പെടുത്താൻ കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനംകൂടി ചേർത്തുകൊണ്ടുള്ള ഗൗരവതരമായ ഇടപെടൽ ഈ രംഗത്ത് നടത്തുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ യഥേഷ്ടം സർക്കാർ വാഹനങ്ങൾ റിപ്പെയർ ചെയ്യുന്നു എന്നത്, അംഗീകൃത വർക്ക്ഷോപ്പുകളിലാണ് സർക്കാർ വാഹനങ്ങൾ റിപ്പെയർ ചെയ്യുന്നതെന്ന് തിരുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകൾ നവീകരിച്ചാൽ ധാരാളം സാധ്യതകളുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ബസ് ബോഡി നിർമ്മിക്കുന്ന കാര്യത്തിൽ കേരളത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സെൻട്രൽ വർക്ക്ഷോപ്പിനും ഒരു സ്വകാര്യ സ്ഥാപനത്തിനും മാത്രമേ ഇപ്പോൾ അംഗീകാരമുള്ളൂ. എടപ്പാളിലുള്ള വർക്ക്ഷോപ്പിന് അംഗീകാരം ലഭിക്കുന്നതിന് വേണ്ടി ശ്രമിക്കുന്നുണ്ട്. അത് ലഭിച്ചുകഴിയുമ്പോൾ നമുക്കാവശ്യമുള്ള ബസ്സുകളുടെ

ബോഡി നിർമ്മിക്കുന്നതിനുപരിയായി മറ്റുള്ളവർക്ക് നമ്മളെ ആശ്രയിക്കേണ്ടിയും വരും. അംഗീകാരമുള്ള സ്ഥാപനത്തിൽ മാത്രമേ ഇനി ബസ് ബോഡി നിർമ്മിക്കാൻ കഴിയൂ എന്നതുകൊണ്ട് അടിയന്തര ശ്രദ്ധ പതിപ്പിച്ച് ആ മേഖലയെ ശക്തിപ്പെടുത്താൻ തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങളാണുള്ളത്. ഒന്ന്, കെ.യു.ആർ.ടി.സി.-യുടെ കേരളത്തിലെതന്നെ ആസ്ഥാനം തേവരയിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ ഏകദേശം 55-ഓളം ബസ്സുകളുണ്ട്. പക്ഷേ 5 എണ്ണം മാത്രമാണ് സർവ്വീസ് നടത്തുന്നത്. ചെറിയ റിപ്പെയറുകൾ പോലും നടത്താതെ ഈ വാഹനങ്ങളെല്ലാം നശിക്കുകയാണ്. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? എറണാകുളം ഡിപ്പോയിൽ ഏറ്റവും വൃത്തിഹീനമായ സാഹചര്യത്തിലാണ് ജീവനക്കാർ റിപ്പെയർ ജോലി ചെയ്യുന്നത്. എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്തായി ആറര ഏക്കർ സ്ഥലമുണ്ട്. ആസ്തി വികസന ഫണ്ടിൽനിന്ന് പുതിയ ഗ്യാരേജും വർക്ക്ഷോപ്പും ഓഫീസുകളും നിർമ്മിക്കാൻ രണ്ട് കോടി രൂപ നൽകിയെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിംഗിന്റെ കെടുകാര്യസ്ഥതമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തുടരാൻ സാധിച്ചിട്ടില്ല. ഇതിനെതിരെ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ; പുതിയ ബസ് സ്റ്റേഷൻ പണിയാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മൂന്ന് ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചിരിക്കുന്നത്. ഒന്ന്, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് ശ്രമിക്കണമെന്നാണ്. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ അതുസംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അവിടെ വോൾവോ ബസ്സുകൾ സർവ്വീസ് നടത്താതെ ഇത്രത്തോളം ഉണ്ടോയെന്ന കാര്യം എനിക്കറിയില്ല. വോൾവോ ബസുകൾ റിപ്പെയർ ചെയ്ത് നിരത്തിലിറക്കുന്ന കാര്യത്തിൽ കുറച്ച് കാലതാമസം വരുന്നുണ്ട്. കാലതാമസം വരാൻ കാരണം പ്രത്യേക വൈദഗ്ദ്ധ്യമുള്ള ആളുകളും പ്രത്യേകതരം സ്പെയർപാർട്സുകളും ആവശ്യമായതുകൊണ്ടാണ്. വൈദഗ്ദ്ധ്യമുള്ള ആളുകളുടെ അപര്യാപ്തതയും സാമ്പത്തികപ്രതിസന്ധിയുമാണ് കാലതാമസമുണ്ടാക്കിയിട്ടുള്ളത്. ഇത് മറികടക്കണമെന്ന ബഹു. മെമ്പറിന്റെ അഭിപ്രായം ശരിയാണ്. അതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് എന്ന് എല്ലാവരും പറയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ യഥാർത്ഥ ആസ്തി പരിശോധിച്ചാൽ ലാഭത്തിലാണെന്ന് കാണാം. ആ വസ്തുത ഒളിച്ചുവച്ചുകൊണ്ടാണ് സംസാരിക്കുന്നത്. എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് ഇതൊക്കെ ആവശ്യത്തിന് മിച്ചമുണ്ട്. എഞ്ചിനീയറിംഗ് വിംഗ് വളരെ ദുർബലമാണ്. ഞാൻ കുറ്റപ്പെടുത്തുകയല്ല. എഞ്ചിനീയറിംഗ് വിംഗ് ശക്തമാക്കേണ്ടിയിരിക്കുന്നു. മുണ്ടക്കയത്തെ ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി എന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 69 ലക്ഷം രൂപ കൊടുത്തു. ഒന്നരക്കോടി രൂപ ഈരാറ്റുപേട്ടയിൽ കൊടുത്തു. മുണ്ടക്കയത്തെ പണി പൂർത്തിയായിട്ട് 6 മാസമായെങ്കിലും ഇതുവരെ അത് ഓപ്പൺ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവിടെ എഞ്ചിനീയറിംഗ് വിംഗ് പരിശോധിക്കണ്ടേ, എന്തൊരു ഗതികേടാണിത്. അവിടെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഞാൻ അത് ശരിയാക്കാം. അങ്ങ് അത് ഓപ്പൺ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, മുണ്ടക്കയം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർമ്മാണപ്രവർത്തനത്തിന് എം.എൽ.എ. അദ്ദേഹത്തിന്റെ ആസ്തിവികസന ഫണ്ടിൽനിന്ന് പണം നൽകിയെന്ന കാര്യം ശരിയാണ്. അവിടെ അദ്ദേഹത്തിന്റെ യഥാർത്ഥ ആവശ്യം കെട്ടിടം ഉദ്ഘാടനമല്ല. അവിടെ കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതോടൊപ്പം ഒരു സബ് ഡിപ്പോ അനുവദിക്കണമെന്നുള്ളതാണ്. അങ്ങനെയൊരു നിർദ്ദേശംകൂടി വന്നതുകൊണ്ടാണ് അതിന്റെ പ്രായോഗികതയെക്കുറിച്ച് പരിശോധിക്കുന്നത്. പ്രായോഗികത പരിശോധിച്ച് ഏതാനും ആഴ്ചകൾക്കകംതന്നെ അതിന്മേൽ തീരുമാനമെടുക്കുന്നതാണെന്ന് അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഉപസ്ഥാപനമായ കെ.യു.ആർ.ടി.സി. എറണാകുളം തേവര യൂണിറ്റിൽനിന്ന് 51 ബസ്സുകളാണ് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ചെറിയ ചെറിയ കാരണങ്ങളാൽ അവിടെയുള്ള 39 ബസ്സുകൾ ഇപ്പോൾ കട്ടപ്പുറത്താണ്. ബാക്കി 12 ബസ്സുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. അന്വേഷിച്ചപ്പോൾ നിസ്സാര കാരണങ്ങളാലാണ് സർവ്വീസ് നടത്താത്തതെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനും ഇത് പുനഃസ്ഥാപിക്കാനും കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ശ്രീ. ഹൈബി ഈഡൻ ഉന്നയിച്ച ചോദ്യത്തിന് നേരത്തെ ഞാൻ ഇതുസംബന്ധിച്ച് മറുപടി പറഞ്ഞിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾ കാരണമാണ് സർവ്വീസ് മുടങ്ങിയിരിക്കുന്നത്. അത് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേര വർഷം പരിപാടി

4 (*544) ശ്രീ. ബി. സത്യൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളായ കുറഞ്ഞ ഉദ്പാദനക്ഷമത, ജലസേചന സൗകര്യത്തിന്റെ അഭാവം, വിളവെടുക്കാൻ ആളുകളെ ലഭിക്കാത്ത സാഹചര്യം, വില സ്ഥിരതയില്ലായ്മ, കീടബാധ തുടങ്ങിയവ പരിഹരിക്കാനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് കേര വർഷം പരിപാടിയുടെ ഭാഗമായി നടത്തി വരുന്നത് എന്നറിയിക്കാമോ;

(ബി) മൂല്യവർദ്ധിതോല്പന്നങ്ങളുടെയും നീരയുടെയും വ്യാപനത്തിനുള്ള പ്രോത്സാഹന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് 55 ഇന കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മലയാളവർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ (2017 ചിങ്ങം 2018 ചിങ്ങം 1) 'കേരവർഷ'-മായി പ്രഖ്യാപിക്കുകയും ഊർജിത കർമ്മ പരിപാടികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

പ്രസ്തുത കർമ്മപദ്ധതിയിൽ തെങ്ങിന്റെ ഉൽപ്പാദനക്ഷമതക്കുറവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, വിളവെടുപ്പിന് വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, രോഗകീടബാധ തുടങ്ങി കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകാവുന്ന കർമ്മപദ്ധതികൾക്ക് ഊന്നൽനൽകിയിട്ടുണ്ട്.

സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും

നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2018-19 വർഷം 79 കേരഗ്രാമങ്ങളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നാളികേരവർഷം പ്രമാണിച്ച് 2018-19 വർഷം കൂടുതൽ ബഡ്ജറ്റ് വിഹിതത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, കയർ വികസന വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ പദ്ധതികളുമായുംകൂടി ഏകോപിപ്പിച്ച് കേരഗ്രാമം പദ്ധതി 2018-19 വർഷം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

അത്യുല്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുവാനുള്ള പദ്ധതിയും പ്രോജക്ട് അടിസ്ഥാനത്തിൽ അനുമതി നൽകി നടപ്പിലാക്കിവരുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

നാളികേരത്തിന് വിലത്തകർച്ച അനുഭവപ്പെട്ട സമയത്ത് കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരണം വഴി വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന് വളരെ മെച്ചമായ വില ലഭിക്കുന്നതിനാൽ പച്ചത്തേങ്ങ സംഭരണം താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. വിലത്തകർച്ച അനുഭവപ്പെടുന്ന സമയത്ത് സർക്കാർ കൂടുതൽ വിപുലമായി പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതാണ്.

നാളികേരത്തിന് വിലസ്ഥിരത ഉറപ്പുവരുത്തുവാൻ നാളികേര മൂല്യവർദ്ധനവിനും നാളികേര അധിഷ്ഠിത ചെറുസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനും വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും,

മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും ഓരോ കോക്കനട്ട് അഗ്രോപാർക്ക് ആരംഭിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തരം നടപടി ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇവിടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയ വൈവിധ്യങ്ങളായ നാളികേര ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംരംഭങ്ങൾക്ക് പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ bank ended credit capital ആയി ധനസഹായം നൽകുന്നുണ്ട്.

SFAC (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നാളികേര അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. കേരവർഷം പ്രമാണിച്ച് കേര ഗ്രാമങ്ങളിൽ ഇത്തരം മൂല്യവർദ്ധന സംരംഭങ്ങൾ വ്യാപിപ്പിക്കുവാൻ SFAC-യുടെ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ്, കേര വെളിച്ചെണ്ണയ്ക്ക് പുറമെ ഉപോല്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം, കേശാമൃത്, ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് വിപണിയിലിറക്കിയിട്ടുണ്ട്. കേര വെളിച്ചെണ്ണയും ഉപോല്പന്നങ്ങളും കേരള മാർക്കറ്റിലും മറ്റിതര സംസ്ഥാനങ്ങളിലും കൂടാതെ വിദേശത്തും വിതരണം നടത്തി വരുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ നാളികേര വികസന കോർപ്പറേഷൻ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉല്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ഹണി, നീര ലഡു, നീര വിനിഗർ, വെളിച്ചെണ്ണ, ചമ്മന്തിപ്പൊടി തുടങ്ങിയ ഉല്പന്നങ്ങൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തുന്നു. “ കോക്കനട്ട് ഷോപ്പി” എന്ന പേരിൽ വില്പനശാലകളുടെ ഒരു പുതിയ സംരംഭം നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വ്യാപനത്തിനായി നാളികേര വികസന കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.

നീര ടെക്നീഷ്യൻ പരിശീലനം അടുത്ത സാമ്പത്തിക വർഷം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കോഴിക്കോട് ഏലത്തൂരിലെ നീര പ്ലാന്റിൽ പുതിയ സാങ്കേതികവിദ്യയുപയോഗിച്ചുള്ള നീര നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽതന്നെ ആരംഭിക്കുവാനുള്ള നടപടികളും അവസാന ഘട്ടത്തിലാണ്.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ " വൈഗ" എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ച് വരുന്നുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വയോജനക്ഷേമ പരിപാടികൾ

5 (*545) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന നയം വാഗ്ദാനം ചെയ്യുന്ന സുപ്രധാന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രത്തോളം താത്പര്യം കാണിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ടിന്റെ എത്ര ശതമാനം തുകയാണ് വയോജനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്;

(സി) വയോജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് പരാതി പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ)</u>: (എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വയോജനങ്ങൾക്ക് ശാരീരിക മാനസിക സാംസ്കാരിക പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പദ്ധതികൾ
- വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പദ്ധതികൾ ആയുഷ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുക
- വിനോദ കേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കുക
- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്‌ലെറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രിയിൽ വയോജനങ്ങൾക്ക് പ്രത്യേകം ക്യൂവിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ
- വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ
- വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുക.

മേൽ പ്രകാരമുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് വരുന്നുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്.

(സി) വയോജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് പരാതി പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സൗകര്യമൊരുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കടലും തീരപ്രദേശവും മാലിന്യമുക്തമാക്കാൻ നടപടി

6 (*546) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ.നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളും കടലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖര-ദ്രവ നിക്ഷേപത്താൽ മലിനപ്പെടുന്നത് തടയുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) തീരപ്രദേശത്ത് പ്രവർത്തിക്കുന്നതും കടലും കടൽത്തീരവും മലിനമാക്കുന്നതുമായ ഹോട്ടലുകൾക്കും സ്ഥാപനങ്ങൾക്കും മറ്റ് കച്ചവട കേന്ദ്രങ്ങൾക്കുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്;

(സി) കടലിനെയും കടൽത്തീരത്തെയും മാലിന്യമുക്തമാക്കുന്നതിന് ഇത്തരം വ്യാപാര കേന്ദ്രങ്ങളുടെകൂടി സഹകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) കടലിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ കടലിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അതത് പോർട്ടുകളിൽ ഒരുക്കുന്ന പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകളിൽ സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയുക്തമാക്കുന്ന തരത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് " ശുചിത്വ സാഗരം" എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊല്ലം നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽനിന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തീരപ്രദേശത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ ശുചീകരണ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് നീക്കംചെയ്യുന്നതിനുള്ള നടപടികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്.

(ബി) മലിനീകരണത്തിന് കാരണമാകുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പൽ ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു. ഇതനുസരിച്ചുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി വൻതോതിൽ ജൈവമാലിന്യം ഉല്പാദിപ്പിക്കപ്പെടുന്ന ഹോട്ടലുകൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എല്ലാം തന്നെ ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമായ ഹരിതകർമ്മ സേന ശുദ്ധീകരിക്കാത്ത മലിനജലം പൊതുസ്ഥലങ്ങളിലേയ്ക്കോ ജലാശയങ്ങളിലേയ്ക്കോ ഒഴുക്കുന്നില്ലായെന്നും എവിടെയും തളംകെട്ടി നിൽക്കുന്നില്ലായെന്നും പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകണമെന്നും 15-7-2017-ലെ സ.ഉ.(സാധാ) നമ്പർ 2420/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വ്യാപാരകേന്ദ്രങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഖര-ദ്രവ മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഡി&ഒ ലൈൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മാളുകൾ, പഴം പച്ചക്കറി, മത്സ്യം, മാംസം തുടങ്ങിയവ വിൽക്കുന്ന സ്ഥലങ്ങൾ, ആഹാരപദാർത്ഥങ്ങൾ വിളമ്പുന്ന മറ്റ് ഇടങ്ങൾ എന്നിവിടങ്ങളിൽ എല്ലാംതന്നെ സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയതിനുശേഷം മാത്രമേ ഡി & ഒ ലൈസൻസ് പുതുക്കി നൽകാവൂയെന്നും പുതുതായി ആരംഭിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ പ്രസ്തുത സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കി വേണം ഡി&ഒ ലൈസൻസ് അനുവദിക്കേണ്ടതെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ യൂസർ ഫീ ഒടുക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്കരണത്തിനായി കൈമാറണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണ പുനരധിവാസ പാക്കേജ്

7 (*547) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നത് വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാക്കേജ് നടപ്പിലാക്കുന്നത് വൈകുന്നതിൽ പ്രതിഷേധിച്ച് അടിമലത്തുറയിലെ കമ്പവലക്കാരും തൊഴിലാളികളും തുറമുഖ നിർമ്മാണ കേന്ദ്രത്തിന് മുന്നിൽ നടത്തിയ സമരം ഒത്തുതീർപ്പായത് ഏതൊക്കെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്;

(സി) പുനരധിവാസ പാക്കേജ് അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ): (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര വിതരണം കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നു. ഇതുവരെ 2382 പേർക്കായി 31.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ രേഖാപരിശോധന പൂർത്തിയാക്കി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അടിമലത്തുറ മേഖലയിലെ മത്സ്യത്തൊഴിലാളികൾ 12-3-2018-ന് നടത്തിയ സമരത്തിൽ സർക്കാർ അടിയന്തരമായി ഇടപെടുകയും 13-3-2018-ന് ബഹു. തുറമുഖ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ടി മേഖലയിലെ മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുമുണ്ടായി. ഈ പ്രദേശത്തെ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രേഖാ പരിശോധന പൂർത്തിയാക്കിയതായും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള LIAC അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്ത നിരക്കിൽ കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതാണെന്നും അവരെ അറിയിച്ചിട്ടുണ്ട്.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര വിതരണം കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നുണ്ട്. ഇതുവരെ 2382 പേർക്കായി 31.71 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഏതാണ്ട് പതിനെണ്ണായിരത്തോളം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഈ അപേക്ഷകളെല്ലാം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. രേഖാപരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് ഇക്കാര്യം RDO-യുടെ നേതൃത്വത്തിലുള്ള LIAC പരിശോധിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പ്രോജക്ടിന്റെ നിർമ്മാണ ഘട്ടത്തിൽ വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ ജീവനോപാധികളെ പലതരത്തിലാണ് ബാധിക്കുന്നത്. അതുകൊണ്ട് ഘട്ടംഘട്ടമായി മാത്രമേ പുനരധിവാസ പാക്കേജ് നടപ്പാക്കേണ്ട സാഹചര്യം ഉണ്ടാകുന്നുള്ളൂ.

## കർഷക കടാശ്വാസ കമ്മീഷൻ

8 (*548) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനഫലമായി എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഇതുവരെ കർഷകർക്ക് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; കമ്മീഷൻ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഏതുവർഷം വരെയുള്ള കടങ്ങളാണ് കമ്മീഷൻ നിലവിൽ പരിഗണിക്കുന്നത്; പ്രസ്തുത കാലയളവ് ദീർഘിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) ഉണ്ട്.

(ബി) കമ്മീഷന്റെ പ്രവർത്തന ഫലമായി 217,00,78,529 രൂപ കടാശ്വാസം നൽകുന്നതിനായി ശിപാർശ ചെയ്യുകയും ആയത് പരിശോധിച്ച് 189,21,36,046 രൂപയുടെ ആനുകൂല്യം ഇതുവരെ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

(സി) 2018 മേയ് 20-നാണ് കമ്മീഷന്റെ കാലാവധി അവസാനിക്കുന്നത്. കമ്മീഷൻ പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) കർഷക കടാശ്വാസ നിയമപ്രകാരം വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 18-1-2007-ന് മുമ്പും വയനാട് ജില്ലയിൽ 31-10-2011 വരെയുമുള്ള സഹകരണ ബാങ്കുകളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്കും 31-10-2015-ന് മുമ്പ് കമ്മീഷൻ ഓഫീസിൽ ലഭിച്ചതുമായ അപേക്ഷകളാണ് കടാശ്വാസത്തിനായി നിലവിൽ പരിഗണിക്കുന്നത്. വായ്പ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

9 (*549) ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. എം. മുകേഷ് :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് കുറഞ്ഞ കടത്തുമാർഗ്ഗമെന്ന നിലയിലും യാത്രാമാധ്യമമായും വികസിപ്പിക്കാനുദ്ദേശിക്കുന്ന തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) കൊച്ചി-കോഴിക്കോട് യാത്രാക്കപ്പൽ സർവീസ് ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കാനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) ഉൾനാടൻ ജലാശയങ്ങളിലൂടെയുള്ള ചരക്ക് നീക്കത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്ന് അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) റോഡ്/റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേയ്ക്ക് ആകർഷിക്കുക വഴി, ഇപ്രകാരം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020-ഓടെയും 50% 2030-ഓടെയും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യം. ഇതിനായി നൽകുന്ന ഇൻസെന്റീവ് 3 രൂപ/ടൺ./കി.മീ. എന്ന നിരക്കിൽ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ചെറുതുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചെലവ് 50% ഇളവ് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്.

ടി തുറമുഖങ്ങളിൽ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, ടഗ്ഗുകൾ മുതലായ ഉപകരണങ്ങളും ഇ.ഡി.ഐ. സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേയ്ക്ക് റെയിൽ/റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് Indial Port Rail Corporation-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളും പരിഗണിക്കുന്നുണ്ട്. കെ.എസ്.എം.ഡി.സി.എൽ.-ന്റെ നേതൃത്വത്തിൽ സൂര്യമുഖി എന്ന കണ്ടെയ്നർ ഷിപ്പ് മുഖാന്തരം ഗുജറാത്തിൽനിന്നും കൊല്ലത്തേയ്ക്ക് ചരക്കുകൾ കണ്ടെയ്നർ വഴി ഇറക്കുകയുണ്ടായി. എന്നാൽ റിട്ടേൺ കാർഗോ ലഭിക്കാത്തതിനാൽ ആദായകരമാകാത്തതിനാൽ പിന്നീട് കപ്പൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ നീക്കം ആരംഭിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കണ്ടെയ്നർ നീക്കം നടത്തുന്ന പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(ബി) തീരദേശ കപ്പൽ ഗതാഗതം പ്രാവർത്തികമാക്കുന്നതിനുവേണ്ടി കൊച്ചി-കോഴിക്കോട്, കൊച്ചി-തിരുവനന്തപുരം Expression of Interest വിളിച്ചിരുന്നു. കോഴിക്കോട്-കൊച്ചി യാത്രാക്കപ്പൽ സർവ്വീസ്

ആരംഭിക്കുന്നതിനായി 29-3-2016-ൽ മെസേഴ്സ്, സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് 2 കപ്പലുകൾ കൊച്ചിയിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത കപ്പലുകൾ കൊച്ചിയിലെ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റിന്റെ അപ്രൂവലിനുവേണ്ടി സർവ്വേയും അനുബന്ധ ജോലികളും നടന്നുകൊണ്ടിരിക്കുകയാണ്. എം.എം.ഡി.-യുടെ അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് കപ്പലുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നതാണെന്ന് മെസേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി മുഴുവൻ ചെലവുകളും മെസേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് ആണ് വഹിക്കുന്നത്. തുറമുഖ വകുപ്പ് ഈ സർവ്വീസ് തുടങ്ങുമ്പോൾ കോസ്റ്റൽ ഷിപ്പിംഗ് ഇൻസെന്റീവ് നൽകുന്നതാണ്.

(സി) ജലപാതാ വികസനം മൂന്ന് ഘട്ടങ്ങളിലായി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. 2020-ൽ തീരുന്ന ഒന്നാംഘട്ടത്തിൽ നിലവിലുള്ള അവസ്ഥയിൽ തന്നെ ജലപാതകൾ വൃത്തിയാക്കി ആഴം കൂട്ടി ആവശ്യാനുസരണം പാലങ്ങളും ബോട്ട് ജെട്ടികളും കൃത്രിമ കനാലുകളും നിർമ്മിച്ച് ജലപാത ഗതാഗതയോഗ്യമാക്കുന്നതാണ്. അപകടകരമായ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കുകളുടെ നീക്കം പൂർണ്ണമായും ജലപാതകളിലേയ്ക്ക് മാറ്റുവാനും അതുവഴി ചെലവ് കുറഞ്ഞതും അപകടരഹിതവുമായ ഗതാഗതം സാദ്ധ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്.

## ഇൻഷ്വർ ചെയ്തിട്ടില്ലാത്ത വിളകൾക്കുള്ള നഷ്ടപരിഹാര തുക

10 (*550) ശ്രീ. വി. എസ്.ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്.ശബരീനാഥൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കാർഷികവിളകൾ കേന്ദ്രസർക്കാരിന്റെ പുതിയ മാനദണ്ഡപ്രകാരം ദീർഘകാലവിളകളായും വാർഷികവിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കേന്ദ്രസഹായം ഗണ്യമായി കുറയുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വിശദമാക്കാമോ ;

(സി) ഓഖി ചുഴലിക്കൊടുങ്കാറ്റിൽ വാഴകൃഷി നശിച്ച കർഷകരിൽ ഭൂരിപക്ഷം പേർക്കും ഇൻഷ്വറൻസ് ഇല്ലായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസഹായം പഴയ രീതിയിൽ പുനഃസ്ഥാപിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേലുള്ള പ്രതികരണമെന്താണ്; അറിയിക്കാമോ ;

(ഇ) കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുകയുടെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) ഉണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ 8-4-2015-ൽ പരിഷ്കരിച്ചിരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ സംസ്ഥാനത്തിൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 20-5-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 194/15/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാര തുക 11-6-2012-ലെ സ.ഉ. (എം.എസ്.) നമ്പർ 239/2012/ ഡി.എം.ഡി. പ്രകാരം സംസ്ഥാന സർക്കാർ നൽകിവരുന്ന നഷ്ടപരിഹാര നിരക്കുകളേക്കാൾ കുറവാണ്.

(ബി) 29-9-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി പ്രകാരം നഷ്ടപരിഹാര നിരക്കുകൾ മുൻപ് ഉണ്ടായിരുന്ന അതേ നിരക്കിൽ പുനഃസ്ഥാപിച്ച് ഉത്തവായിട്ടുണ്ട്. ഇത്തരത്തിൽ കർഷകർക്ക് ആശ്വാസമാകുംവിധം അധികമായി വേണ്ടിവരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91 പ്ലാൻ ശീർഷകത്തിൽനിന്നും 1-4-2015 മുതൽ ചെലവഴിച്ചുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യുന്നത് റവന്യൂ വകുപ്പിന് കീഴിലുള്ള ദുരന്ത നിവാരണ വകുപ്പാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുന്ന സാഹചര്യത്തിൽ മുഴുവൻ കർഷകരെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി കൃഷി ഭവൻ തലത്തിൽ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് ദുരന്തം ഉണ്ടായി രണ്ടാഴ്ചയ്ക്കകം നഷ്ടപരിഹാരം വിതരണം ചെയ്തു.

(ഡി) കേന്ദ്ര സഹായം പഴയ രീതിയിൽ പുനഃസ്ഥാപിക്കുന്നതിന് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുകൂലമായ തീരുമാനമൊന്നും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

(ഇ) 2012 മുതൽ കർഷകർക്ക് നൽകുവാനുണ്ടായിരുന്ന സംസ്ഥാന വിഹിതത്തിലെ കുടിശ്ശികയിൽ 52 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലകൾക്ക് നൽകിയിരുന്നു. നിലവിൽ 44.82 കോടി രൂപ കുടിശ്ശികയാണ്. എസ്.ഡി.ആർ.എഫ്. വിഹിതം 44 കോടിയോളം രൂപ കഴിഞ്ഞ 2 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 12.68 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ഇതുകൂടാതെ പാലക്കാട് 2016-17 രണ്ടാം വിളക്കാലത്ത് വരൾച്ചമൂലം കൃഷിയാരംഭിക്കാൻ കഴിയാതെവന്ന കർഷകർക്ക് 4 കോടി രൂപ ഈ സർക്കാർ അനുവദിച്ചുനൽകി.

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളകൾക്ക് ഉടനടി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഇതുവരെയായി 5705 കർഷകർക്ക് 3.05689 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. മുഴുവൻ കർഷകരെയും വിള ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

11 (*551) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ വാർഷിക പദ്ധതിയുടെ 25 ശതമാനം തുക ഓരോ പാദത്തിലും ചെലവഴിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷത്തെ പദ്ധതികളും പ്രോജക്ടുകളും തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ പരമാവധി ജനപങ്കാളിത്തത്തോടെ ജില്ലാ പദ്ധതികൾ തയ്യാറാക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) 2017-18 വാർഷിക പദ്ധതിയിൽ ഓരോ ത്രൈമാസത്തിലും 25 ശതമാനം ബഡ്ജറ്റ് തുക ചെലവഴിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. 2017-18 വാർഷിക പദ്ധതിയിൽ മുൻവർഷത്തെ അപേക്ഷിച്ച് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി. നിലവിൽവന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിർത്തിവച്ചതും ട്രഷറികളിലെ ബിൽ പെൻഡിംഗും മരാമത്ത് പണികൾക്കാവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതക്കുറവും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും പ്രതീക്ഷിച്ചിരുന്ന പദ്ധതി പുരോഗതിയെ ബാധിച്ചിട്ടുള്ള കാരണങ്ങളാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഉയർന്നിട്ടുണ്ട്.

(ബി) ഉണ്ട്. ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശ ഭരണസ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. വിശദമായ കൂടിയാലോചനയുടേയും വിവിധ തലങ്ങളിൽ നടന്ന ചർച്ചയുടേയും അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾ കരട് ജില്ലാ പദ്ധതി തയ്യാറാക്കുകയും തുടർന്ന് ജില്ലാതലത്തിൽ വിദഗ്ദ്ധരുടേയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും മുമ്പാകെ അവതരിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തിരുന്നു. കരട് രേഖ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുത്ത് അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ പരമാവധി പങ്കാളിത്തത്തോടെയാണ് കരട് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

## ജലസമൃദ്ധിക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ

12 (*552) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സർവ്വതലസ്പർശിയായ വികസനം ഉറപ്പാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിഷനുകളുടെ ഭാഗമായി ജലസംരക്ഷണത്തിനും ജലസമൃദ്ധിക്കുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) തോടുകളും നീർച്ചാലുകളും പുഴകളും പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ഉപമിഷന്റെ ഭാഗമായി ഒരു പഞ്ചായത്തിലെ ഒരു വാർഡ് എന്ന നിലയിൽ ആയിരം ഗ്രാമങ്ങളെ ഹരിത ഗ്രാമങ്ങളായി പ്രഖ്യാപിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) ഹരിത കേരളം മിഷന്റെ ജല ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ കിണറുകളുടേയും കുളങ്ങളുടേയും ശുദ്ധീകരണവും റീച്ചാർജ്ജിംഗും കുളങ്ങളുടെ നിർമ്മാണം തോടുകളുടേയും നീർച്ചാലുകളുടേയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവും, പുഴകളുടെ പുനരുജ്ജീവനം മുതലായ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനുപുറമേ ജനകീയ കൂട്ടായ്മ വഴിയും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും തൊഴിലുറപ്പ് പദ്ധതിയുടേയും ഏകോപനത്തിലൂടെയുമാണ് ഇവ നടപ്പിലാക്കുന്നത്.

(ബി) തോടുകളും നിർച്ചാലുകളും കുളങ്ങളും മാലിന്യമുക്തമാക്കുക, അതിർവരമ്പുകൾ നിർമ്മിച്ച് നീരൊഴുക്ക് സുഗമമാക്കുക, ജൈവ രീതികൾക്ക് പ്രാമുഖ്യം നൽകി അവയുടെ പാർശ്വ സംരക്ഷണം ഉറപ്പാക്കുക, ആവശ്യമായ ആവാഹപ്രദേശ ഇടപെടലുകൾ നടത്തുക, സ്ഥായിയായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനുവേണ്ടി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ പെയ്ത് വീഴുന്ന മഴവെള്ളത്തെ പരമാവധി മണ്ണിലേയ്ക്ക് താഴ്ത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം രണ്ടാം ഘട്ടമായി പുഴകളുടെ സംരക്ഷണവും ആവശ്യമായ ജലസംഭരണികളുടെ നിർമ്മിതിയും ഏറ്റെടുക്കുന്നതിനായി ശാസ്ത്രീയമായ നീർത്തടാധിഷ്ഠിത ആസൂത്രണവും ഇടപെടലുകളുമാണ് ഉദ്ദേശിക്കുന്നത്.

(സി) ജല ഉപദൗത്യത്തിന്റെ ഭാഗമായി ഇപ്രകാരമുള്ള പദ്ധതികളൊന്നും തന്നെ നിലവിൽ നടപ്പിലാക്കുന്നില്ല.

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ

13 (*553) ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭവനരഹിതരായ വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് വീട് നിർമ്മാണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിൽ സംസ്ഥാനത്തുടനീളമായി 51 ഹൈടെക് സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു.
2. എം.എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിലായി സ്കൂൾ ബിൽഡിംഗുകൾ, അധിക ക്ലാസ് മുറികൾ, ലാബുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.

വിദ്യാഭ്യാസ പുരോഗതി ലക്ഷ്യംവച്ച് താഴെപ്പറയുന്ന സ്കോളർഷിപ്പ് സ്കീമുകളും നടപ്പാക്കുന്നുണ്ട്.

(1) പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

(2) സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്

(3) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി

(4) സി.എ./ഐ.സി.ഡബ്ല്യൂ.ഐ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

(5) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം

(6) സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം

(7) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

(ബി) ന്യൂനപക്ഷ വിഭാഗത്തിലെ യുവതീയുവാക്കൾക്ക് പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് തുടങ്ങിയ മേഖലകൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായി സംസ്ഥാനത്തുടനീളം 17 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 23 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടയ്ക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെന്റ് സ്ഥലം ഉണ്ടായിരിക്കണം. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ. കുടുംബം, അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് പദ്ധതിയിൽ മുൻഗണന നൽകും. ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 1200 സ്ക്വ. ഫീറ്റ് വരെയുള്ള വീടുകൾക്കാണ് ഈ തുക ലഭിക്കുന്നത്. ഇത് തിരിച്ചടയ്ക്കേണ്ടതില്ല.

## മണ്ണിന്റെയും വിളകളുടെയും ആരോഗ്യ പരിപാലനം

14 (*554) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെയും കാലാവസ്ഥയുടെയും സവിശേഷതകൊണ്ടും ഭൂമിയുടെ ചെരിവുകൊണ്ടും സംസ്ഥാനത്തെ മണ്ണ് വ്യത്യസ്ത തോതിൽ അമ്ലത്വമുള്ളതായതുകൊണ്ട് മണ്ണിന്റെയും വിളകളുടെയും ആരോഗ്യ പരിപാലനത്തിനായി നടപ്പാക്കി വരുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) അന്ധമായ വളപ്രയോഗം പ്രയോജനപ്രദമല്ലാത്തതുകൊണ്ടും സാമ്പത്തിക നഷ്ടം വരുത്തുന്നതായതിനാലും മണ്ണിൽ ആവശ്യാനുസരണമുള്ള മൂലകങ്ങൾ ചേർക്കുന്നതിന് മണ്ണുപരിശോധന നിർബ്ബന്ധമാക്കാൻ നടപടി സ്വീകരിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുമോ;

(സി) കർഷകരെ ബോധവൽക്കരിക്കുന്നതിനും മണ്ണുപരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ-സി) മണ്ണിന്റെയും വിളകളുടെയും ആരോഗ്യ പരിപാലനത്തിനായി മൂന്ന് പ്രധാനപ്പെട്ട പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

2. വിള ആരോഗ്യ പരിപാലനം

3. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും

മണ്ണ് പരിശോധന നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരെ ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും 2 ക്യാമ്പയിനുകൾവീതം നടപ്പിലാക്കി. വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സുസ്ഥിര വരുമാന സ്രോതസ്സായി കൃഷി മാറ്റുവാൻ പദ്ധതി

15 (*555) ശ്രീ. പി. ഉണ്ണി :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പാദനത്തിലുള്ള അസ്ഥിരതയും വിലയിലുണ്ടാകുന്ന ചാഞ്ചാട്ടങ്ങളും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും പുതുതലമുറയ്ക്ക് കൃഷി അനാകർഷമാക്കിത്തീർത്തതിനാൽ സുസ്ഥിര വരുമാന സ്രോതസ്സായി കൃഷിയെ മാറ്റുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്ന് അറിയിക്കാമോ;

(ബി) ഹൈടെക് കൃഷി രീതി വ്യാപകമാക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനുവേണ്ട സാങ്കേതികവിദ്യ വ്യാപനത്തിന് പദ്ധതിയുണ്ടോ;

(സി) ഉയർന്ന തോതിലുള്ള പ്രാരംഭ നിക്ഷേപ ആവശ്യകത കണക്കിലെടുത്ത് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) കാർഷിക ഉൽപ്പാദനത്തിനുള്ള അസ്ഥിരതയ്ക്ക് പ്രധാന കാരണങ്ങൾ നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലുള്ള അപര്യാപ്തത, ഉന്നത നിലവാരമുള്ള മേൽത്തരം നടീൽവസ്തുക്കളുടെ ദൗർലഭ്യം, അശാസ്ത്രീയ വളപ്രയോഗം, വിളകളെ ആക്രമിക്കുന്ന രോഗകീടബാധ, കർഷക തൊഴിലാളികളുടെ ദൗർലഭ്യംമൂലം കൃത്യസമയത്ത് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശം എന്നിവയാണ്. ഇവ പരിഹരിച്ച് സുസ്ഥിര വരുമാന സ്രോതസ്സായി കൃഷിയെ മാറ്റുവാൻ ഹൈടെക് അഗ്രികച്ചർ, പച്ചക്കറികൃഷി വികസന പദ്ധതി, കൃത്യതാ കൃഷി, ജൈവകൃഷി രീതികളുടെ വ്യാപനം, വിള ആരോഗ്യ പരിപാലനം, മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ പരിപാലനം, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ മുതലായ പദ്ധതികൾ/ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരതയ്ക്ക് വിപണനം ശക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ, കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ, പഞ്ചായത്തുതല കർഷക വിപണികൾ, ഇക്കോഷോപ്പുകൾ എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) ഹൈടെക് കൃഷിരീതികളിൽ പ്രധാനപ്പെട്ടവ പോളിഹൗസ് കൃഷി, കൃത്യതാ കൃഷി, സൂക്ഷ്മജലസേചനം, മഴമറകൃഷി എന്നിവയാണ്. പച്ചക്കറി കൃഷി വികസന പദ്ധതി, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന ഇവ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനാവശ്യമായ സാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ കാർഷിക വിജ്ഞാന വ്യാപന പദ്ധതിയിലൂടെ നൂതന സാങ്കേതികവിദ്യാ വ്യാപനം നടപ്പിലാക്കുന്നു. ഇതിനായി പരിശീലന പരിപാടികൾ, പ്രദർശന പ്ലോട്ടുകൾ, നേർക്കാഴ്ചയ്ക്കായുള്ള പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു.

(സി) ഹൈടെക് കൃഷിരീതി നടപ്പിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഉയർന്ന പ്രാരംഭ നിക്ഷേപം ആവശ്യമാണ്. ഇവയുടെ നിർമ്മാണത്തിന് കൃഷി വകുപ്പ് ധനസഹായം നൽകുന്നുണ്ട്. കൃഷി വകുപ്പ് സബ്സിഡി നൽകുന്നത് പദ്ധതി നടപ്പിലാക്കിയ ശേഷമാണ്. ഇതിനായി കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു. യഥാർത്ഥ കർഷകർക്ക് " ഹരിത കാർഡ്" ലഭ്യമാക്കി ധനകാര്യ സ്ഥാപനങ്ങൾ വഴി കാർഷിക വായ്പ ലഭിക്കുന്നതിന് കർഷകരെ സഹായിക്കുന്ന പ്രവർത്തനം ഇടുക്കി വട്ടവടയിൽ ആരംഭിച്ചു. സബ്സിഡി തുക ബാങ്ക് വായ്പാ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

16 (*556) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനായി രൂപീകരിച്ച ഇംപാക്ട് കേരള ലിമിറ്റഡിന്റെ ഘടനയും പ്രവർത്തനരേഖയും അറിയിക്കാമോ;

(ബി) നഗര അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അമൃത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; നഗരങ്ങളുടെ വികസന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലാണോ പദ്ധതി പ്രാവർത്തികമാക്കുന്നത്; പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അറിയിക്കാമോ;

(സി) തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വികസന മാസ്റ്റർപ്ലാനുകൾ തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) IMPACT Kerala Ltd.-ന്റെ മാനേജിംഗ് ഡയറക്ടർ നഗരകാര്യ ഡയറക്ടറായ ശ്രീമതി ഹരിത വി. കുമാർ, ഐ.എ.എസ്. ആണ്. കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ ഘടന താഴെ പറയുന്നു.

ശ്രീ. റ്റി. കെ. ജോസ്, IAS, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചെയർമാൻ & ഡയറക്ടർ

ഡോ. ബി. അശോക്, IAS, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)

ശ്രീമതി ഹരിത വി. കുമാർ, IAS, നഗരകാര്യ ഡയറക്ടർ

ശ്രീമതി പി. മേരിക്കുട്ടി, IAS, പഞ്ചായത്ത് ഡയറക്ടർ

ശ്രീ. കെ. രാമചന്ദ്രൻ, IAS, ഗ്രാമവികസന കമ്മീഷണർ

ശ്രീമതി റ്റി. മിത്ര, IAS, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

ശ്രീ. പി. ആർ. സജികുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

ശ്രീമതി പ്രീത ബി. എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് .

കമ്പനികളുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (പ്രവർത്തനരേഖ) അനുബന്ധമായി ചേർക്കുന്നു. *

(ബി) അമൃത് പദ്ധതിയിൽ കുടിവെള്ള വിതരണം, സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, ഓപ്പൺ സ്പെയ്സ് & പാർക്ക്സ് എന്നീ 5 സെക്ടറുകളിലായി 2356.11 കോടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രൂപയുടെ 389 പ്രോജക്ടുകൾക്ക് 3 വാർഷിക പദ്ധതികളിലായി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 371 പ്രോജക്ടുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുകയും 2201.49 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 1092 കോടി രൂപയുടെ 179 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ചു. 956.38 കോടി രൂപയുടെ 155 പ്രോജക്ടുകൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 269.79 കോടി രൂപയുടെ 60 പ്രോജക്ടുകൾക്ക് കരാർ നൽകിയിട്ടുണ്ട്. 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നഗരങ്ങളുടെ ഭൗതികസാഹചര്യങ്ങളുടെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അളവുകോലുകളിലേയ്ക്ക് (Service Level Bench Mark-SLB)എത്തിക്കാൻ ഉപയുക്തമാക്കുന്ന പദ്ധതികളാണ് AMRUT-ൽ പ്രാവർത്തികമാക്കുന്നത്. കുടിവെള്ള വിതരണം, സെപ്റ്റേജ് & സിവറേജ് മാനേജ്മെന്റ് പദ്ധതികളാണ് AMRUT-ലെ മുൻഗണനാ പദ്ധതികൾ.

അമൃത് പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 കോർപ്പറേഷനുകളിലും പാലക്കാട്, ആലപ്പുഴ, ഗുരുവായൂർ എന്നീ 3 മുനിസിപ്പാലിറ്റികളിലുമാണ് നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽനൽകുന്ന പദ്ധതികളാണ് അമൃത് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

AMRUT പദ്ധതിയുടെ ഫണ്ടിംഗ് താഴെപ്പറയുന്ന രീതിയിലാണ്.

| | | |
|---|---|---|
| കേന്ദ്ര വിഹിതം | - | 50% |
| സംസ്ഥാന വിഹിതം | - | 30% |
| നഗരസഭ വിഹിതം | - | 20% |

ഒന്നാം വാർഷിക പദ്ധതിയുടെ 20% തുകയായ 57.60 കോടി രൂപയും രണ്ടാം വാർഷിക പദ്ധതിയുടെ 20% തുകയായ 77.28 കോടി രൂപയും മൂന്നാം വാർഷിക പദ്ധതിയുടെ 20% തുകയായ 97.36 കോടി രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. നഗരസഭകളും കേരള വാട്ടർ അതോറിറ്റിയും ചേർന്നാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) ഉണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് 5 ബോർഡ് മീറ്റിംഗുകളും 2 ഹൈപ്പവേഡ് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗുകളും ഇതിനോടകം കൂടിയിട്ടുണ്ട്. സ്മാർട്ട് സിറ്റി പ്രൊപ്പോസലുകളുടെ ഭാഗമായി Area Based Development Plan, Pancity Plan എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് 8 ബോർഡ് മീറ്റിംഗുകളും 11 ഹൈപ്പവേഡ് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗുകളും ഇതിനോടകം കൂടിയിട്ടുണ്ട്. സ്മാർട്ട് സിറ്റി പ്രൊപ്പോസലുകളുടെ ഭാഗമായി Area Based Development Plan, Pancity Plan എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

നഗരാസൂത്രണ വകുപ്പിന്റെ കീഴിൽ സ്മാർട്ട് സിറ്റി ഏരിയയുടെ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## വികേന്ദ്രീകൃതാസൂത്രണത്തിൽ സാങ്കേതികവിദ്യയുടെ പ്രയോഗം

17 (*557) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃതാസൂത്രണത്തിലും പ്രാദേശിക ഭരണനിർവഹണം കാര്യക്ഷമമാക്കുന്നതിനും സാങ്കേതികവിദ്യയുടെ പ്രയോഗം വിപുലപ്പെടുത്തുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളെയും സ്മാർട്ടാക്കാനായി ഇൻഫർമേഷൻ കേരള മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ചെറിയ ആവശ്യങ്ങൾക്കുപോലും തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ പലതവണ കയറിയിറങ്ങേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും സേവനങ്ങൾ ഓൺലൈൻ ആക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധതരം സേവനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ 13-ഓളം ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.

- തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കേന്ദ്രബിന്ദുവാക്കുകയും വിപുലമായ ഉപഭോക്തൃ പങ്കാളിത്തത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും സാങ്കേതിക വിദ്യയിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ജീവനക്കാർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള മുഴുവൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ ERP Solution സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഐ.കെ.എം. തയ്യാറാക്കി വരികയാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള ഓരോ ആപ്ലിക്കേഷനുകളും സ്വന്തം അസ്തിത്വത്തിലാണ് നിലകൊള്ളുന്നത്. ഇങ്ങനെ വ്യത്യസ്തമായ അസ്തിത്വമുള്ള വിവിധ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന ERP Solution സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ച് വരികയാണ്. പുതുതായി വികസിപ്പിച്ചു കൊണ്ടിരിക്കുന്ന ERP (Enterprise Resource Plan) ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, സാമൂഹ്യക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ്‌വെയറുകളുടെ ഡൊമൈൻ, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിച്ചു. ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസനം പുരോഗമിച്ചു വരികയാണ്.
- ഗ്രാമസഭാ പ്രവർത്തനങ്ങൾ പരമാവധി ജനകീയമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഗ്രാമസഭാ പോർട്ടൽ എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുമുള്ള എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി വരികയാണ്.
- നിലവിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങളും സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളും ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പൗരസേവനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷൻ

മുന്നോട്ടുവയ്ക്കുന്ന നൂതന ആശയമാണ് ഡിജിറ്റൽ പഞ്ചായത്ത്/ഡിജിറ്റൽ മുനിസിപ്പാലിറ്റി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഡിജിറ്റൽ പഞ്ചായത്ത്/ഡിജിറ്റൽ മുനിസിപ്പാലിറ്റി പദ്ധതി നടപ്പിലാക്കി കൊണ്ട് ജനങ്ങളുടെ വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ താഴെ ചേർക്കുന്നു.

- ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ
- കോമൺ മാര്യേജ് ഇ-ഫയലിംഗ് സംവിധാനം
- വസ്തു നികുതി (ഇ-പേമെന്റ്)
- ഉടമസ്ഥാവകാശ സാക്ഷ്യപത്രം
- സാമൂഹ്യ സുരക്ഷ പെൻഷനുകൾ
- കെട്ടിട നിർമ്മാണ പെർമിറ്റ്
- പുതുതായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ERP (Enterprise Resource Plan) ആപ്ലിക്കേഷൻ വിന്യസിക്കുന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി നൽകുവാൻ സാധിക്കും.

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പേറഷന്റെ പ്രവർത്തനങ്ങൾ

18 (*558) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെയ്കോയുടെ കീഴിലുള്ള അഗ്രോ ബസാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രധാനമന്ത്രി കൗശൽ വിജ്ഞാൻ യോജന (PMKVY) എന്ന നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെയ്കോ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ അഗ്രിമാൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) തൃശ്ശൂർ മാളയിലെ ചക്ക സംസ്കരണ യൂണിറ്റിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) ഉണ്ട്. കോർപ്പേറഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികൾ അംഗങ്ങളായുള്ള ഒരു ഡയറക്ടർ ബോർഡാണ്. കൂടാതെ സംസ്ഥാന സർക്കാർ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. തുടർച്ചയായി നഷ്ടത്തിലായിരുന്ന സ്ഥാപനം 2006-07 സാമ്പത്തിക വർഷം മുതൽ പ്രവർത്തനലാഭം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വിത്ത് മുതൽ കാർഷികോല്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വരെയും പരമ്പരാഗത പണി ആയുധങ്ങൾ മുതൽ ആധുനിക കാർഷിക യന്ത്രങ്ങൾ വരെയും കർഷകന്റെ കൃഷിയിടത്തിലെ ആവശ്യങ്ങൾ എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ സഹായത്തോടെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സംസ്ഥാനത്ത് അഗ്രോ സൂപ്പർ ബസാറുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ഏകദേശം 42,000 യുവതീ-യുവാക്കൾക്ക് Friends of Coconut, Solanaceous Crop Grover, Gardener, Tractor Operator, Tractor Mechanic എന്നീ അഞ്ച് വിഷയങ്ങളിൽ Recognition of Prior Learning (RPL) പ്രോഗ്രാം നടത്തുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി പദ്ധതിയിൽ നാളിതുവരെ എല്ലാ ജില്ലകളിലുമായി 8,000 പേർ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ അഗ്രിമാൾ സ്ഥാപിക്കുന്നതിന് സിവിൽ പ്രവർത്തികളുടെ structural details ഉൾപ്പെടെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് 42,11,08,332 രൂപയുടെള്ള സാങ്കേതികാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. 21-2-2018-ന് കൂടിയ RIDF-ന്റെ High Value Projects-ന്റെ അവലോകന യോഗം ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്ന വിഷയം വിശദമായി ചർച്ച ചെയ്യുകയും Cost Escalation 40 കോടി രൂപയായി നിർദ്ദേശിച്ച സാഹചര്യത്തിൽ ടി പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(ഇ) സംസ്ഥാനത്ത് ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ആസൂത്രിതമായ ഒരു സംരംഭം ഇല്ലാത്ത സാഹചര്യത്തിൽ, തൃശ്ശൂർ ജില്ലയിൽ പൊയ്യ-പൂപ്പത്തിയിൽ കെയ്കോയുടെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്ത് രാഷ്ട്രീയ കൃഷി വികാസ യോജന (RKVY) പദ്ധതിയിൽ ചക്ക സംസ്കരണ പ്ലാന്റ് നിർമ്മിച്ചു. ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ ചക്കയിൽ നിന്നുള്ള പൾപ്പ് (Nectar), ജാക്ക് ഫ്രൂട്ട് ടോഫി, ജാക്ക് ഫ്രൂട്ട് ബാർ, ചക്കക്കുരു പൊടി, ജാക്ക് ഫ്രൂട്ട് ഫ്ലേക്സ്, ചക്ക ഹൽവ എന്നിവയാണ് തുടക്കത്തിൽ ഇവിടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ആവശ്യമായ യന്ത്രസാമഗ്രികൾ സജ്ജമാക്കുകയും ചെയ്തു. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമായിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ഉടൻ ആരംഭിക്കുന്നതാണ്. ഈ പ്ലാന്റിൽ ചക്ക അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം ആരംഭിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ചക്കയെ സർക്കാർ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ജി.എസ്.ടി.യിലേയ്ക്ക് മാറ്റിയ നികുതികൾ

19 (*559) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽവന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിച്ചിരുന്ന ഏതൊക്കെ നികുതികളാണ് ജി.എസ്.ടി.-യിലേക്ക് മാറ്റിയതെന്ന് അറിയിക്കുമോ; ഈയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജി.എസ്.ടി. പിരിച്ചതിന്റെ വിഹിതമായി സർക്കാരിന് ലഭിച്ച വരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നികുതി പിരിവ് സംവിധാനം കാര്യക്ഷമമല്ല എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പഴയ രീതിയിലേക്ക് മാറ്റണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് ഈടാക്കിയിരുന്ന വിനോദ നികുതിയും പരസ്യ നികുതിയും ജി.എസ്.ടി. നിലവിൽവന്നതോടെ ജി.എസ്.ടി.യുടെ പരിധിയിൽ വന്നിട്ടുണ്ട്. വിനോദ നികുതി 2017 ജൂലായ് 1 മുതൽ ഒഴിവാക്കിക്കൊണ്ട് 24-6-2017-ലെ സ.ഉ. (കൈ.) നമ്പർ 123/ 2017/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2016-17-ൽ പരസ്യ നികുതി, വിനോദ നികുതി എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ 10,41,06,601 രൂപ ശേഖരിച്ചിരുന്നു. എന്നാൽ 2017-18-ൽ ജി.എസ്.ടി. നിലവിൽവരുന്നതിന് മുൻപായി 4,03,99,469 രൂപ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുള്ളൂ.

വിനോദ നികുതിയിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 86,34,95,811 രൂപയും 2017-18 (ജൂൺ 30 വരെ) 24,51,31,757 രൂപയും നഗരസഭകൾക്ക് ലഭ്യമായിട്ടുള്ളതാണ്.

(ബി) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 206 പ്രകാരം 2017-18-ലെ വിനോദ നികുതിയുടെ നഷ്ടപരിഹാരമായി 133 കോടി രൂപ അനുവദിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2015-16-ൽ ഓരോ പ്രാദേശിക സർക്കാരും പിരിച്ച വിനോദ നികുതിക്ക് ആനുപാതികമായിട്ടാണ് നൽകുക.

(സി) ഇത്തരം ഒരു ആവശ്യം പരിഗണനയിലില്ല.

## കൃഷിയിടങ്ങൾക്ക് അനുയോജ്യമായ കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കാൻ നടപടി

20 (*560) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിയിടങ്ങൾ വിസ്തൃതി വളരെ കുറഞ്ഞവയാണെന്നത് കണക്കിലെടുത്ത് അതിനനുയോജ്യമായ കാർഷിക ലഘുയന്ത്രങ്ങൾ വികസിപ്പി ച്ചെടുക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകൾ ഒറ്റയ്ക്കും സഹകരണ സംഘങ്ങൾ രൂപീകരിച്ചും കാർഷികമേഖലയിലേയ്ക്ക് കടന്നുവരുന്നതിനാൽ അവർക്കുപയോഗിക്കാൻ അനുയോജ്യമായ യന്ത്രങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(സി) വിവിധ കാർഷിക ജോലികൾ എളുപ്പത്തിൽ ചെയ്യാവുന്ന മൾട്ടി പർപ്പസ് യന്ത്രങ്ങൾ കർഷകർക്ക് കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) കാംകോയുടെ ഉല്പന്നങ്ങളായ പവർ ടില്ലർ, പവർ റീപ്പർ, ഗാർഡൻ ടില്ലർ, മിനിട്രാക്ടർ (Tera TRAC 4W), ബ്രഷ് കട്ടർ, വാട്ടർ പമ്പ് സെറ്റ് എന്നിവയെല്ലാംതന്നെ ചെറുകിട കാർഷികവൃത്തിക്ക് അനുയോജ്യമായവയാണ്. മാറി വരുന്ന സാഹചര്യങ്ങൾക്കനുസൃതമായി പുതിയ ഉല്പന്നങ്ങൾ കണ്ടെത്തുവാൻ കമ്പനിയിൽ R & D ഡിപ്പാർട്ട്മെന്റ് പ്രവർത്തിച്ചുവരുന്നു. കാണോവീഡർ, വിവിധയിനം സ്പ്രേയറുകൾ തുടങ്ങി ചെറുകിട കർഷകർക്ക് അനുയോജ്യമായ ഉല്പന്നങ്ങളും വികസിപ്പിക്കുവാൻ കാംകോ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ കാണോവീഡറിന്റെ ടെസ്റ്റിംഗ് നടന്നുവരികയാണ്. ഭാവിയിൽ ഡിമാന്റ് അനുസരിച്ച് പുതിയ ഉല്പന്നങ്ങൾ പുറത്തിറക്കുന്നതാണ്. സംസ്ഥാനത്തെ വിസ്തൃതി കുറഞ്ഞ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, മിനി ട്രാക്ടർ, പോസ്റ്റ് ഹോൾഡിഗ്ഗർ മുതലായ ചെറുകിട കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കെയ്കോ വിപണനം ചെയ്തുവരുന്നു.

സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ ഉപയോഗിച്ചുവരുന്ന മിനി ട്രാക്ടർ, പവർ ടില്ലർ, ഗാർഡൻ ടില്ലർ, നടീൽയന്ത്രം, കൊയ്ത്ത് യന്ത്രം, കുഴിയെടുക്കൽ യന്ത്രം, ഹോർട്ടികൾച്ചർ മേഖലയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, മെതിയന്ത്രം, പാറ്റൽ യന്ത്രം, ചാഫ് കട്ടർ, ട്രാക്ടറിൽ ഘടിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ തുടങ്ങിയ എല്ലാ യന്ത്രങ്ങളും ഉപകരണങ്ങളും വിസ്തൃതി കുറഞ്ഞ കൃഷിയിടങ്ങൾക്ക് വളരെ അനുയോജ്യമായവയാണ്. ഇത്തരം പുതിയ യന്ത്രങ്ങൾ സംസ്ഥാനത്തിന് യോജിച്ചതാണോയെന്ന് പാടത്ത് പരീക്ഷിച്ച് വിലയിരുത്തുന്നതിനും വികസിപ്പിച്ചെടുക്കുന്നതിനും കേരള കാർഷിക സർവ്വകലാശാലയേയും കൃഷി വകുപ്പിന് കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയിനിംഗ് സെന്ററിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കാംകോയുടെ ഉല്പന്നങ്ങളായ പവർ റീപ്പർ, ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, വാട്ടർ പമ്പ് സെറ്റ് എന്നിവ സ്ത്രീകൾക്ക് അനായാസം ഉപയോഗിക്കാവുന്നവയാണ്. സ്ത്രീ സൗഹൃദ/സ്ത്രീ സംഘ സൗഹൃദ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിച്ചെടുക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാർഷിക സർവ്വകലാശാലയേയും കൃഷി വകുപ്പിന് കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയിനിംഗ് സെന്ററിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കർഷകർക്ക് കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവ വഴി വിവിധ കാർഷിക ജോലികൾ എളുപ്പത്തിൽ ചെയ്യാവുന്ന യന്ത്രങ്ങൾ കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്നു. കൂടാതെ ഇത്തരം യന്ത്രങ്ങൾ വ്യക്തികൾക്കും സംരംഭകർക്കും സ്വയം സഹായ സംഘങ്ങൾക്കും കർഷകർക്കും സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM വഴി നൽകിവരുന്നു. ടില്ലിംഗിനും കൊയ്യുന്നതിനും പമ്പിംഗിനും ഉതകുന്ന തരത്തിലുള്ള ഒരു പുതിയ ഉല്പന്നം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാംകോ പുതുതായി വികസിപ്പിക്കുന്ന പല ഉപകരണങ്ങളും മൾട്ടിപർപ്പസ് യന്ത്രങ്ങളുടെ ഇനത്തിൽപ്പെടുന്നവയാണ്.

**കൃഷി ഭവനുകളെ കാർഷിക സേവന കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി**

21 (*561) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ശാസ്ത്രീയമാക്കി ലാഭകരമാക്കുന്നതിലേയ്ക്കായി വിജ്ഞാന വ്യാപനത്തിനും യന്ത്രവൽക്കരണം, വായ്പാ ലഭ്യത, മണ്ണുപരിശോധന മുതലായവ സംബന്ധിച്ച ഉപദേശങ്ങൾ നൽകാനും ഉദ്ദേശിച്ചുകൊണ്ട് ബ്ലോക്ക് തലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇവ നിലവിൽ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എല്ലാ പഞ്ചായത്തുകളിലുമുള്ള കൃഷി ഭവനുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വിദൂരസ്ഥമായ കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രയോജനം പരിമിതമായ കർഷകരിലേയ്ക്ക് മാത്രമേ എത്തുകയുള്ളൂ എന്നതിനാൽ കൃഷി ഭവനുകളെ കാർഷിക സേവന കേന്ദ്രങ്ങളാക്കി മാറ്റിത്തീർത്ത് പ്രവർത്തനം ശാക്തീകരിക്കാൻ സാധിക്കുമോ; വിശദാംശം നൽകാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) കാർഷിക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർഷിക മേഖല നേരിടുന്ന കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കർഷകത്തൊഴിലാളികളുടെ ക്ഷാമംമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനാവശ്യമായ യന്ത്രങ്ങളുടേയും തൊഴിലാളികളുടെയും സേവനം ഉറപ്പുവരുത്തുക തുടങ്ങിയ സേവനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നൽകിവരുന്നത്. ഇതുകൂടാതെ ട്രാക്ടർ, പവർ ടില്ലർ, വീഡ് കട്ടർ, സ്പ്രെയർ, പമ്പ് സെറ്റ് തുടങ്ങിയ യന്ത്രങ്ങളുപയോഗിച്ചുള്ള ജോലികളും കർഷകത്തൊഴിലാളികളുടെ സേവനവും ഈ കേന്ദ്രങ്ങൾ മുഖേന നൽകിവരുന്നു.

(ബി) ഉണ്ട്. ഓരോ ബ്ലോക്കിലേയും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മാസത്തിൽ രണ്ട് പ്രാവശ്യം അവരുടെ പരിധിയിൽ വരുന്ന കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റുമാർ എന്നിവരുടെ മീറ്റിംഗ് നടത്തുകയും കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും 6-ാം തീയതിക്കുമുമ്പായി പ്രിൻസിപ്പൽ കൃഷി ആഫീസർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി പദ്ധതി അവലോകനം നടത്തുന്നുണ്ട്. കൂടാതെ മാസത്തിൽ ഒരിക്കൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെയും കൃഷി ഓഫീസർമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും പദ്ധതി അവലോകനത്തിന് പുറമെ കൃഷിയിടങ്ങളിൽ കാണുന്ന കീടരോഗങ്ങൾ, മറ്റ് കാർഷിക പ്രശ്നങ്ങൾ എന്നിവ കൃഷിഭവൻ തലത്തിൽ പരിഹരിക്കാൻ സാധിക്കാത്തവ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരെ ആ ജില്ലയിലെ നിശ്ചിത ബ്ലോക്കുകളുടെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ചുമതലപ്പെട്ട കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ കൃഷി ഭവനുകളും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(സി) കൃഷിഭവനകളിലൂടെ കാർഷിക കർമ്മസേനകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഇക്കോഷോപ്പ് തുടങ്ങിയവ കൂടുതലായി ആരംഭിച്ച് കൃഷിഭവനകളെ കാർഷിക സേവനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൃഷിഭവനകൾ സ്ഥാപിച്ചതിന്റെ 30-ാം വാർഷികത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനകളെയും കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഇതിനുള്ള നടപടികൾ 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവ്

22 (*562) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിജയപ്രദമായിരുന്നോ; വിശദീകരിക്കുമോ;

(ബി) യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നടപ്പിലാക്കിയ ട്രാവൽ കാർഡ് സംവിധാനം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം തൃപ്തികരമാണോ; ഇതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) 'മിന്നൽ' സർവ്വീസുകൾ ലാഭകരമാണോ; എങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി 15-06-2017 മുതൽ ഡ്യൂട്ടി സമ്പ്രദായം ഏകീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം സർവ്വീസുകൾ റദ്ദ് ചെയ്യുന്നതും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുമായ പ്രവണതകൾ ഒരു വലിയ അളവുവരെ പരിഹരിക്കുന്നതിന് ഈ നടപടിയിലൂടെ കഴിഞ്ഞിരുന്നു. എന്നാൽ ഈ ഉത്തരവ് 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ല എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹു. ഹൈക്കോടതി മുൻപാകെ ചില തൊഴിലാളി സംഘടനകളും മറ്റ് ചില തൊഴിലാളികളും റിട്ട് ഹർജികളും അപ്പീൽ ഹർജികളും നൽകിയിട്ടുണ്ട്. ടി ഹർജികളിലെ വിധി പ്രകാരം ടി അപ്പീൽ ഹർജികളിലെ ഹർജിക്കാരേയും അംഗീകൃത തൊഴിലാളികളേയും വിളിച്ചുചേർത്ത് കൂടിയാലോചനകൾ നടത്തി പുതുതായി ഡ്യൂട്ടി പാറ്റേൺ സംബന്ധിച്ച് ഉത്തരവ് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ 4-ാം അദ്ധ്യായത്തിൽ " illegal double duty patterns also affect staff productivity, it also leads to schedule cancellations and idling of buses-leading to poorer fleet utilization" എന്നും " for long distance schedules, there should be crew change at stipulated intervals" എന്നും നിർദ്ദേശിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലേയും 1962-ലെ കേരള മോട്ടോർ തൊഴിലാളി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി എല്ലാ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളായി 1-4-2018 മുതൽ ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ വന്ന ബസ് നിരക്ക് വർദ്ധനയുടെ പശ്ചാത്തലത്തിൽ നിലവിലെ ട്രാവൽ കാർഡുകൾ കോർപ്പറേഷന് നഷ്ടമുണ്ടാക്കുന്നതിനാൽ പ്രസ്തുത കാർഡുകൾ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(സി) സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നത് കെ.എസ്.ആർ.ടി.സി.യുടെ കളക്ഷന് ഗുണകരമാണ്.

(ഡി) മിന്നൽ സർവ്വീസുകൾ ലാഭകരമാണ്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുവാനുള്ള സാധ്യത കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു.

## ജൈവ പച്ചക്കറി കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി

23 (*563) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികൾക്കുണ്ടാകുന്ന പല രോഗങ്ങളുടെയും അടിസ്ഥാന കാരണമായി ചൂണ്ടിക്കാണിക്കുന്നത് വിഷമയമായ പച്ചക്കറികളും ഭക്ഷ്യധാന്യങ്ങളും കഴിക്കുന്നതാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അനിയന്ത്രിതമായ വളം-കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ഉപയോഗം ഈ സർക്കാരിന്റെ ഇടപെടൽമൂലം എത്രമാത്രം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഓർഗാനിക് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്;

(ഡി) സേഫ് ടു ഈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന പച്ചക്കറികൾ എല്ലാ ദിവസവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പൂർണ്ണമായും ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഇൻസെന്റീവ് നല്കുന്ന പദ്ധതി ആവിഷ്കരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) വളങ്ങളുടെയും കീടനാശിനികളുടെയും ശാസ്ത്രീയമായ ഉപയോഗക്രമം, നല്ല കൃഷി പരിപാലന മുറകൾ, സംയോജിത വളപ്രയോഗം, സംയോജിത രോഗ-കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വിഷാംശം കുറഞ്ഞ പുതുതലമുറ കീടനാശിനികളുടെ ഉപയോഗം, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985, ഇൻസെക്ടിസൈഡ് ആക്ട്, 1968 എന്നീ കേന്ദ്ര സർക്കാർ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾവഴി രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗത്തിലൂടെ രാസവളങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുന്നതിനായി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി-സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.

കീടരോഗ നിരീക്ഷണത്തിനും കീടരോഗ നിയന്ത്രണത്തിനുമുള്ള മാർഗ്ഗങ്ങൾ മുൻകൂട്ടി കർഷകർക്ക് ലഭ്യമാക്കുന്നതിന് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

രാസവളങ്ങളുടെയും കീടനാശിനികളുടെയും ക്രമവിരുദ്ധമായ വിതരണവും വില്പനയും ഉപയോഗവും കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985, ഇൻസെക്ടിസൈഡ് ആക്ട്, 1968 എന്നിവ പ്രകാരമുള്ള ശക്തമായ നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഇപ്പോൾ സ്വീകരിച്ചു വരുന്നു. ഇതുപ്രകാരം, എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള രാസവള-കീടനാശിനി ഡിപ്പോകളിൽ രണ്ടാഴ്ചയിലൊരിക്കൽ നിർബന്ധിത പരിശോധന നടത്തി വരുന്നു. മാത്രവുമല്ല രാസവള-കീടനാശിനികളുടെ ക്രമവിരുദ്ധമായ വിതരണവും വില്പനയും നിയന്ത്രിക്കുവാനായി എല്ലാ ജില്ലകളിലും വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ തുടർ പരിശോധനകൾ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ (ഇ&ടി)യും, ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ 4 റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ ജില്ലകളിലും അപ്രീക്ഷിത സന്ദർശനവും ഡിപ്പോ പരിശോധനയും നടത്തിവരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ (സി.പി.)യുടെ നേതൃത്വത്തിലുള്ള സംസ്ഥാന വിജിലൻസ് സ്ക്വാഡിന്റെ പരിശോധനയും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട്, നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വില്പനയ്ക്ക് കൃഷി ഓഫീസറുടെ ശിപാർശാ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ " സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്.

(ബി നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൈക്കൊണ്ടുവരുന്നത്. കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.

എന്നാൽ അയൽസംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുവാൻ സാധിച്ചിട്ടില്ല. ഇതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ്, ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു. നിരോധിത കീടനാശിനികളുടെ അനധികൃത വില്പന തടയുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിഭവൻ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം നിരോധിത കീടനാശിനികൾ ക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങളിലൂടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി 10-2-2010-ലെ സംസ്ഥാന സർക്കാർ ഉത്തരവ് നമ്പർ 39/2010, കൃഷി/തിരുവനന്തപുരം, തീയതി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കൃഷി വകുപ്പിന്റെ ജൈവ കാർഷിക പ്രവർത്തനങ്ങളിൽ കൂടുതൽ കൃഷിക്കാർ മുന്നോട്ടുവരുന്നതിനാൽ ദൈനംദിന ഉല്പാദനം വർദ്ധിച്ചുവരുന്നുണ്ട്. സേഫ് റ്റു ഈറ്റ് പദ്ധതി പ്രകാരം കേരളാ ഓർഗാനിക് ബ്രാൻഡിൽ പച്ചക്കറി വില്പന നടത്തുന്നത് വിപുലീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ജി.എ.പി. ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾക്ക് കിലോയ്ക്ക് 5 രൂപ അധിക വില ഇൻസെന്റീവായി നൽകി ഉല്പന്നങ്ങൾ സംഭരിക്കുന്ന രീതി ഇപ്പോൾ നിലവിലുണ്ട്.

**പുരാവസ്തു വകുപ്പിലെ സ്ഥാപനങ്ങളുടെ സംരക്ഷണം**

24 (*564) ശ്രീ. കെ. കുഞ്ഞിരാമൻ:
പ്രൊഫ.കെ. യു. അരുണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും അവയുടെ നവീനവൽക്കരണത്തെക്കുറിച്ചും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പുരാവസ്തു വകുപ്പിന്റേതായ വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണവും പരിപാലനവും നടത്തുന്നതിനായി അനുവദിക്കപ്പെട്ട തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ചരിത്ര പഠനത്തിനും ഗവേഷണത്തിനും വിനോദ സഞ്ചാരത്തിനും തീർത്ഥാടകർക്ക് പുരാവസ്തു ശേഖരവും ചരിത്ര സ്മാരകങ്ങളും സന്ദർശിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും പൈതൃകം നിലനിർത്തിക്കൊണ്ട് പ്രസ്തുത സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) പരിശോധന നടത്തിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടേയും സംരക്ഷിത സ്മാരകങ്ങളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ, ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ വകുപ്പ് നടത്തുന്നുണ്ട്. ചരിത്ര, പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളെ അതുപോലെതന്നെ സംരക്ഷിച്ചുപോരുകയാണ് വകുപ്പ് ചെയ്യുന്നത്. അവയിൽ നവീനവൽക്കരണം നടത്തുന്നത് പ്രായോഗികമല്ല. രാസസംരക്ഷണം, ഘടനാപരമായ സംരക്ഷണം എന്നിവ ചെയ്യുന്നതുപോലും വളരെ സൂക്ഷ്മമായാണ്.

(ബി) പുരാവസ്തു വകുപ്പിന്റെ സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2017-2018 സാമ്പത്തിക വർഷം 21,50,00,000 (ഇരുപത്തിയൊന്ന് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ചതിൽ 11,47,26,665 (പതിനൊന്ന് കോടി നാൽപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുനൂറ്റി അറുപത്തിയഞ്ച്) രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നെടുമങ്ങാട് കോയിക്കൽ പാലസ്, തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര ഫണ്ടിന്റെയും സംസ്ഥാന ഫണ്ടിന്റെയും 80% ചെലവഴിച്ചിട്ടുണ്ട്.

(സി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ യഥാസമയം ചെയ്തുവരുന്നു. ചരിത്ര പഠനത്തിനും ഗവേഷണത്തിനും വിനോദസഞ്ചാരത്തിനും തീർത്ഥാടകർക്ക് പുരാവസ്തു ശേഖരവും ചരിത്ര സ്മാരകങ്ങളും സന്ദർശിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ആയതിനായി പുരാവസ്തു വകുപ്പിന്റെ നാണയ ശേഖരത്തിന്റെ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. മേൽസമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്.

## ഇ-വേസ്റ്റ് നിർമ്മാർജ്ജനം

25 (*565) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേസ്റ്റ് നിർമ്മാർജ്ജനക്കാര്യത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിതകർമ്മ സേന വാർഡ് തലത്തിൽ വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽനിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) വഴി ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി സെന്ററുകളിൽ (RRC) എത്തിച്ച് തരംതിരിച്ച് വേർതിരിച്ച് ക്ലീൻ കേരള കമ്പനി മുഖേന അംഗീകൃത റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുന്ന തരത്തിലാണ് ഇ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നത്. എം.സി.എഫ്.-കളിൽ ലഭിക്കുന്ന പുനരുപയോഗ സാധ്യതയുള്ള ഇലക്ട്രോണിക് ഉല്പന്നങ്ങൾ കേടുപാടുകൾ തീർത്ത് പുനരുപയോഗത്തിന് സാധ്യമാക്കുന്ന റിപ്പയർ ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷൻ, ശുചിത്വ-മാലിന്യ ഉപമിഷന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ശേഖരിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനഃചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമായി ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഒരു റീസൈക്ലിംഗ് കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2016-ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡ്ലിംഗ് റൂൾ അനുസരിച്ചുള്ള ഇ.പി.ആർ. വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഇ-മാലിന്യ സംസ്കരണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ക്ലീൻ കേരള കമ്പനി നടപ്പിലാക്കുന്ന പദ്ധതികൾ അവലോകനം ചെയ്ത് വിലയിരുത്തുന്നുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ ഉപമിഷനായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ സംസ്ഥാനതല കർമ്മസേന യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്.

**സംസ്ഥാനത്തെ തെരുവോരക്കച്ചവടം**

26 (*566) ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവോരക്കച്ചവടക്കാരുടെ ഉപജീവന സംരക്ഷണവും തെരുവോരക്കച്ചവട നിയന്ത്രണവും നിയമ പ്രകാരം ഇത്തരം കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) വാഹനത്തിലും വീഥിയോരത്തും കച്ചവടം ചെയ്യുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) തിരക്കുള്ള സ്ഥലങ്ങളിൽനിന്ന് മാറ്റി സൗകര്യപ്രദമായ സ്ഥലത്ത് കച്ചവടം നടത്തുന്നതിനും തെരുവ് വൃത്തികേടാക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) തെരുവ് കച്ചവട സർവ്വേ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയിലൂടെ സംസ്ഥാനത്തെ തെരുവ് കച്ചവടക്കാരുടെ എണ്ണം നിലവിൽ 21649 ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) തെരുവ് കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ വഴിയോര കച്ചവട നിയമം വ്യവസ്ഥ ചെയ്യുന്ന സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കീം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരട് സ്കീം പ്രകാരമുള്ള വ്യവസ്ഥകൾ താഴെപറയുന്നു.

1. തെരുവ് കച്ചവടം അല്ലാതെ മറ്റൊരു ഉപജീവനമാർഗ്ഗവും ഉണ്ടാകാൻ പാടില്ല.

2. സമാന്തരമായി മറ്റൊരിടത്ത് തെരുവ് കച്ചവടം ചെയ്യാൻ പാടില്ല.

3. സ്വന്തമായോ/സ്വന്തം കുടുംബാംഗങ്ങൾ വഴിയോ മാത്രമേ കച്ചവടം പാടുള്ളൂ.

4. കുറഞ്ഞത് 14 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്.

5. സർട്ടിഫിക്കറ്റ് മറ്റൊരാൾക്ക് കരാറിലോ, വാടകയ്ക്കോ, വില്ക്കാനോ പാടുള്ളതല്ല. ആയത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം നൽകേണ്ടതാണ്.

6. മായം കലർത്തൽ, മയക്കുമരുന്ന് കച്ചവടം തുടങ്ങിയപോലുള്ള വിഷയങ്ങളിൽ മുമ്പ് ശിക്ഷിക്കപ്പെട്ടവരാകാൻ പാടുള്ളതല്ല.

7. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ തെരുവ് കച്ചവട ലൈസൻസ് കൈവശമുള്ള വ്യക്തിയുടെ നിയമാനുസൃത അവകാശിയാകാൻ പാടുള്ളതല്ല.

(സി) തെരുവോര കച്ചവടക്കാരെ തിരക്കുള്ള സ്ഥലങ്ങളിൽനിന്ന് മാറ്റി പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനോടകം സ്വീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വഴിയോര കച്ചവട (ഉപജീവന) സംരക്ഷണ നിയന്ത്രണ നിയമം, 2014 അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സംസ്ഥാനതല ചട്ടവും സ്കീമും വിജ്ഞാപനം ചെയ്യുന്നതോടെ തെരുവോര കച്ചവടക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കുവാൻ കഴിയും. പ്രസ്തുത ചട്ടവും സ്കീമും വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ

27 (*567) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. വി. വിജയദാസ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉദ്ദേശം ഒരു ലക്ഷം ഹെക്ടർ തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നതിനാൽ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) തരിശുഭൂമി കൃഷിയോഗ്യമാക്കിയെടുക്കുന്നതിന് പ്രാരംഭ ഘട്ടത്തിൽ അധിക ചെലവ് വരുന്നതിനാൽ തൊഴിലുറപ്പുപദ്ധതിയിൽ ഇത്തരം പ്രവൃത്തികൾ ഉൾപ്പെടുത്താൻ സാധ്യമാകുമോ; വിശദമാക്കുമോ;

(സി) നെൽ വർഷത്തിന്റെ ഭാഗമായി നെൽകൃഷിക്കനുയോജ്യമായ കൃഷിഭൂമി പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര നെൽകൃഷിക്കായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്.

കൂടാതെ 2017-18 പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്ക് നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയും നൽകും.

(ബി) കൃഷിഭവൻ തലത്തിൽ ത്രിതല പഞ്ചായത്തുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയാണ് നിലമൊരുക്കലും മറ്റ് പ്രാരംഭ പ്രവർത്തനങ്ങളും നടപ്പാക്കുന്നത്. കോർപ്പറേഷൻ പരിധിയിലെ കൃഷിഭവനുകളിൽ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയില്ലാത്തതിനാൽ അപ്രകാരം സാധിക്കാത്തത്.

(സി) 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെയായിരുന്നു നെൽ വർഷം ആചരിച്ചത്. നെൽ വർഷത്തിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര നെൽ കൃഷിക്കായി കൃഷിഭൂമി സജ്ജമാക്കിയിരുന്നു.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി, ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന്

പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദമേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി പദ്ധതിയധിഷ്ഠിതമായി ആനുകൂല്യം നൽകി വരുന്നു.

**കുരുമുളക് കർഷകരെ രക്ഷിക്കാൻ നടപടി**

28 (*568) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് വൻതോതിൽ കുരുമുളക് ഇറക്കുമതി ചെയ്ത് ഉത്പാദന കേന്ദ്രങ്ങളിൽ സ്റ്റോക്ക് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ മതിയായ രേഖകളില്ലാതെ സ്റ്റോക്ക് ചെയ്യപ്പെട്ട കുരുമുളക് ഇന്ത്യൻ കുരുമുളകുമായി ചേർത്ത് വില്പന നടത്താനാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം കുരുമുളക് വിൽപ്പന നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) കൃഷി വകുപ്പ് അഗ് മാർക്ക് ലാബിലെ അസിസ്റ്റന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ഭക്ഷ്യ സുരക്ഷ വിഭാഗം എന്നിവയുടെ സഹായത്തോടെ വ്യാപകമായ റെയ്ഡ് നടത്തി കേരളത്തിലെ കുരുമുളക് കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകൾ നിലവിലുള്ളതിനാൽ കുരുമുളക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്.

(ബി) ഇറക്കുമതി ചെയ്യപ്പെടുന്ന ഗുണനിലവാരം കുറഞ്ഞ കുരുമുളക് ഇന്ത്യൻ കുരുമുളകുമായി ചേർത്ത് വില്പന നടത്തുവാനുള്ള സാധ്യത നിലനിൽക്കുന്നു.

(സി) അഡ്വാൻസ് ഓതറൈസേഷൻ പദ്ധതി ദുരുപയോഗം ചെയ്ത് കുരുമുളക് ഇറക്കുമതി നടത്തുന്നത് തടയണം എന്ന് കേന്ദ്ര വാണിജ്യകാര്യ മന്ത്രിയെ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം 22-2-2018-ൽ നേരിട്ട് കണ്ട് ഇക്കാര്യം ഉന്നയിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് 21-3-2018-ലെ DGFF Notification No. 53/2015-2020 പ്രകാരം കുരുമുളകിന്റെ ഇറക്കുമതി നയം “ Free” എന്ന വകഭേദത്തിൽനിന്നും “ Prohibited” എന്ന വകഭേദത്തിലേയ്ക്ക് മാറ്റുകയും ചെയ്തു. ഇപ്പോൾ “ Prohibited” എന്ന വകഭേദത്തിൽപ്പെടുന്ന കുരുമുളക് വിദേശ രാജ്യങ്ങളിൽ നിന്ന് 500 രൂപയിൽ കുറഞ്ഞ് ഇറക്കുമതി സാധ്യമല്ല.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വിള ഇൻഷ്വറൻസ് പദ്ധതി

29 (*569) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഓരോ വിളയ്ക്കും ലഭിക്കുന്ന പരമാവധി തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഇൻഷ്വറൻസ് പദ്ധതി സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇത് പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിളനാശത്തിന് കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാര തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ അത് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u>: (എ) 22-3-2017-ലെ സ.ഉ.(എം.എസ്.) No.37/2017/അഗ്രി പ്രകാരം 25 പ്രധാനപ്പെട്ട കാർഷിക വിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് നഷ്ടപരിഹാരം വർദ്ധിപ്പിച്ച് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ട്. നീണ്ട 22 വർഷങ്ങൾക്കുശേഷമാണ് ഇൻഷ്വറൻസ് കാലോചിതമായി 2017-ൽ പരിഷ്കരിച്ചത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) കാലോചിതമായി വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കർഷകരുടെ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലെ വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുകയുണ്ടായി.

(സി) 2012 മുതൽ കർഷകർക്ക് നല്കുവാനുണ്ടായിരുന്ന സംസ്ഥാന വിഹിതത്തിലെ കുടിശ്ശികയിൽ 52 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിരുന്നു. നിലവിൽ 44.82 കോടി രൂപ കുടിശ്ശികയാണ്. എസ്.ഡി.ആർ.എഫ്. വിഹിതം 44 കോടിയോളം രൂപ കഴിഞ്ഞ 2 വർഷങ്ങളായി അനുവദിച്ചിട്ടുണ്ട്. ഇനി 12.68 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കർഷകർക്ക് ഉടനടി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഇതുവരെയായി 5705 കർഷകർക്ക് 3.05689 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു.

(ഡി) പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് ആനുകൂല്യം നൽകിവരുന്നു. എന്നാൽ ഇൻഷ്വർ ചെയ്യാത്ത കർഷകർക്ക് ആനുകൂല്യം നൽകുന്നത് വനം വന്യജീവി വകുപ്പാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജൈവകീടനാശിനികളുടെ ഉല്പാദനം

30 (*570) ശ്രീ. വി. ജോയി:
ശ്രീ. എ. എം. ആരിഫ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കായ്ഫലങ്ങളുടെ രോഗ, കീടബാധ ചെറുക്കുന്നതിന് ഫലപ്രദമായ ജൈവ കീടനാശിനികൾ ഇല്ലാത്തതാണ് ജൈവ പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കീടനാശിനികളുടെ സാന്നിധ്യം ധാരാളമായി കണ്ടുവരുന്നതിന് ഒരു കാരണമെന്നതിനാൽ സംസ്ഥാനത്ത് ജൈവ കീടനാശിനികൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി കാർഷിക സർവ്വകലാശാലകളിലെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കീടനാശിനി പരിശോധനയ്ക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ഡി) കീടനാശിനി പ്രയോഗത്തെക്കുറിച്ച് കർഷകർക്കിടയിൽ അവബോധം വളർത്തുന്നതിനും ഇതുസംബന്ധിച്ച് വ്യാപകമായ പ്രചരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ മുഖേന ജൈവ കീടനാശിനികൾ ഉല്പാദിപ്പിച്ച് കർഷകരുടെ ആവശ്യത്തിനായി നൽകിവരുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മുഖേന കീടരോഗ നിയന്ത്രണത്തിനാവശ്യമായ ഉപാധികളായ ട്രൈക്കോഡെർമ, സ്യൂഡോമോണാസ്, വെർട്ടിസിലിയം, ബ്യൂവേറിയ, EPN, പോച്ചോണിയ, ബാസിലസ് തുറിൻജിയെൻസിസ് തുടങ്ങിയവയും പരാദപ്രാണിയായ ട്രൈക്കോ കാർഡുകളും ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നു. വിവിധ ജില്ലകളിലെ 9 പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ വഴി ജൈവ കീടരോഗ നിയന്ത്രണ ഉപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബ്യൂവേറിയ എന്നിവ കൂടാതെ പരാദ പ്രാണികളായ ബ്രാക്കോണിഡ്സ്, ബെതലിഡ്സ്, ഗോണിയോസസ്, ട്രൈക്കോ കാർഡുകൾ എന്നിവയും ഫിറോമോൺ കെണികളും തയ്യാറാക്കി കർഷകർക്ക് നൽകിവരുന്നു. മങ്കൊമ്പിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽനിന്നും മേൽസൂചിപ്പിച്ച ജൈവ നിയന്ത്രണ ഉപാധികൾക്ക് പുറമേ വിവിധ ജൈവ കീടനാശിനികളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ കർഷകരുടെ

കൃഷിയിടങ്ങളിൽ തന്നെ ഇവ ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനം കർഷകർക്കും SHG പോലുള്ള ഗ്രൂപ്പുകൾക്കും നൽകി വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയും വിള ആരോഗ്യ പരിപാലനത്തിൽ ഡിപ്ലോമ കോഴ്സ് ചെയ്ത കൃഷി ആഫീസർമാർ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലും ജൈവ കീടരോഗ ഉപാധികൾ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

CTCRI വികസിപ്പിച്ചെടുത്ത ജൈവകീടനാശിനികളായ നന്മ, മേന്മ എന്നിവ സംസ്ഥാനത്തെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെ സഹകരണത്തോടെ വ്യാപകമായ രീതിയിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി) കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ജൈവകീടനാശിനികളുടെ ഉല്പാദനം, വിപണനം എന്നിവ നടത്തിവരുന്നു.

മലപ്പുറം, പാലക്കാട്, കോട്ടയം, കൊല്ലം, തൃശ്ശൂർ, വയനാട് എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ജൈവകീടനാശിനികളായ സ്യൂഡോമോണാസ്, ടൈക്കോഡെർമ, ബ്യൂവേറിയ, വെർട്ടിസീലിയം, മൈറ്റൈറൈസിയം, നീംസോപ്പ്, വേപ്പെണ്ണ, വെളുത്തുള്ളി, കാന്താരിമുളക് സോപ്പ്, ഫെരമോൺകെണി തുടങ്ങിയവയും തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നന്മ 100, 200 മി. ലി., മേന്മ 100, 200 മി. ലി., ശ്രേയ 100, 200 മി. ലീ. എന്നിവയുടെ ഉല്പാദനവും വിപണനവും വിജയകരമായി നടക്കുന്നുണ്ട്. കൂടാതെ മണ്ണുത്തി ഇക്കോഷോപ്പ് വഴിയും മണ്ണുത്തി ആറ്റിക് സെന്ററിലൂടെയും പ്രസ്തുത കീടനാശിനികളുടെ വിപണം നടത്തിവരുന്നു.

(സി) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സാഹയത്തോടെ അഖിലേന്ത്യ കീടനാശിനി അവശിഷ്ട ഗവേഷണ പദ്ധതിയുടെ ഒരു കേന്ദ്രം വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ നിലവിൽ രണ്ട് ശാസ്ത്രജ്ഞരും ഒരു സാങ്കേതിക സഹായിയും പ്രവർത്തിക്കുന്നു. ഇവരുടെ ശമ്പളത്തിന്റെ 75% വിഹിതം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ആണ് നൽകുന്നത്. കൂടാതെ, ലാബിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയ്ക്ക് ആവശ്യമായ അത്യാധുനികവും അതിനൂതനവുമായ ക്രൊമാറ്റോ ഗ്രാഫിക് ഉപകരണങ്ങളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും പ്രവർത്തനങ്ങൾക്കും മറ്റ് യാദൃശ്ചിക ചെലവുകൾക്കും

ഉൾപ്പെടെ ഏതാണ്ട് 30 ലക്ഷം രൂപ യൂണിവേഴ്സിറ്റിക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വർഷം തോറും നൽകി വരുന്നു. ഇതുകൂടാതെ നവീന കീടനാശിനി സംയുക്തങ്ങളുടെ അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിനായി ഏതാണ്ട് 50 ലക്ഷം രൂപയോളം 2017-18 കാലഘട്ടത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൽനിന്നും ലഭ്യമായിട്ടുണ്ട്.

(ഡി) കീടനാശിനികളുടെ അമിത ഉപയോഗം തടയുന്നതിനുവേണ്ടി കർഷകരിലും പൊതുജനങ്ങളിലും ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് കൃഷി വകുപ്പ് തുടർച്ചയായി നടപടികൾ സ്വീകരിച്ചുവരുന്നു.

അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യവിളകളുടെ ഉല്പാദനം സംബന്ധിച്ചും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കിവരുന്നു. നിയന്ത്രിത കീടനാശിനികൾ കൃഷി ആഫീസറുടെ കുറിപ്പടിയോടുകൂടി മാത്രമേ നൽകാവൂ എന്ന് ഡീലർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കീടനാശിനി ഉല്പാദകനും വിതരണക്കാരനും കർഷകർക്ക് നേരിട്ട് വില്പന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. നിരോധിത കീടനാശിനികൾ വിതരണം ചെയ്യുകയും വില്പന നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനുപുറമെ അനധികൃതമായി ഇത്തരം കീടനാശിനികൾ കൈവശം വയ്ക്കുകയും കൃഷിയിടങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്ന കർഷകരെ കൃഷി വകുപ്പിന്റെ എല്ലാവിധ തുടർപദ്ധതിയിൽനിന്നും ഒഴിവാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണവും വില്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ഡീലർമാർക്കായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും 2017-18 മുതൽ നടത്തിവരുന്നു. കൂടാതെ ജില്ലയിലെ മികച്ച ഡീലറുടെ സ്ഥാപനത്തിന് മോഡൽ ഇൻപുട്ട് യൂണിറ്റ് ആയി അംഗീകരിച്ച് 15,000 രൂപയുടെ സമ്മാനം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവീക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നതിനായി 202 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ജില്ലാതലത്തിൽ 04 റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വി.സി.ബി. നിർമ്മാണത്തിന് കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ

1 (5426) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസംരക്ഷണത്തിനായി തോടുകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതിന് കൃഷി വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കൃഷിക്കായി വെള്ളം കെട്ടിനിർത്തുന്നതിനുവേണ്ടി വി.സി.ബി. (വെന്റഡ് ക്രോസ്സ് ബാർ)നിർമ്മാണത്തിന് കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ വിശദമാക്കാമോ;

(സി) ഇപ്രകാരം തോടുകൾ, വി.സി.ബി. എന്നിവയുടെ നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) കാർഷികാവശ്യത്തിനുള്ള തോടുകൾ സംരക്ഷിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ കൃഷി വകുപ്പിന്റെ കീഴിലുള്ള RIDF, RKVY, PMKSY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ പാലക്കാട് നെൽകൃഷി വികസന ഏജൻസി എന്ന പദ്ധതി മുഖേനയും തുക ചെലവഴിക്കുന്നു.

(ബി) കൃഷിക്കായി വെള്ളം കെട്ടിനിർത്തുന്നതിന് വേണ്ടി V.C.B. (വെന്റഡ് ക്രോസ്സ് ബാർ) നിർമ്മാണത്തിന് മാത്രമായി കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ നിലവിലില്ല.

(സി) തോടുകൾ, വി.സി.ബി. എന്നിവയുടെ നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് മുഖേനയും കെ.എൽ.ഡി.സി. മുഖേനയും അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

### ഔഷധ സസ്യങ്ങൾ/ഔഷധോദ്യാനങ്ങൾ എന്നിവ ഒരുക്കുന്നതിന് സഹായം

2 (5427) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ഔഷധോദ്യാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകി വരുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം രീതിയിലെന്ന് അറിയിക്കാമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഔഷധോദ്യാനങ്ങൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ചെയ്തുവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ;

(ഡി) ഓരോ കൃഷിഭവന് കീഴിലും ചുരുങ്ങിയത് ഒരു ഔഷധോദ്യാനം എന്ന നയം സർക്കാരിനുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഔഷധ കൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ മുതൽ സംസ്കരണം വരെയുള്ളവയ്ക്ക് ഊന്നൽ നൽകി കർഷകർക്ക് ബോധവൽക്കരണവും പരിശീലനവും നൽകുന്നു. ഔഷധ സസ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 5-8 ഔഷധ സസ്യങ്ങൾ അടങ്ങിയ കിറ്റുകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. വ്യാവസായികാടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധ ആയുർവ്വേദ ഔഷധ നിർമ്മാണ കമ്പനികളുടെ സഹകരണത്തോടുകൂടി ഔഷധ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയും അതിനോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

കർഷക കൂട്ടായ്മകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട 26 ഔഷധ സസ്യങ്ങൾ നട്ട് പിടിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം ധനസഹായം നൽകിവരുന്നു. കൂടാതെ, സ്കൂളുകളിൽ ഔഷധോദ്യാനം സജ്ജമാക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം നടപ്പിലാക്കുന്ന " ദേശീയ ഔഷധ സസ്യ മിഷൻ" എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ ഉല്പാദനം എന്ന ഘടക പദ്ധതിയിലൂടെ ആധുനിക സംവിധാനങ്ങളോടുകൂടി സ്ഥാപിക്കുന്ന മാതൃകാ നേഴ്സറികൾക്കും ചെറുകിട നേഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നുണ്ട്.

2. ഔഷധ സസ്യകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിലേയ്ക്കായി ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ എന്ന ഘടക പദ്ധതി നടപ്പിലാക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 26 ഔഷധ സസ്യങ്ങൾക്കാണ് ഈ ധനസഹായം നൽകുന്നത്.

3. ഔഷധ സസ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനത്തിനായി ഉണക്കുപുരകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ മേഖലയിൽ 10 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി പദ്ധതി ചെലവിന്റെ 50% ധനസഹായമായി നൽകുന്നു.

4. ഫ്ലക്സി ഘടകം എന്ന പദ്ധതിയിലൂടെ പരിശീലന പരിപാടികൾക്ക് 100% ധനസഹായം നൽകിവരുന്നു. പ്രചാരണ പരിപാടികൾ എന്ന ഘടകത്തിലുൾപ്പെടുത്തി വിദ്യാലയങ്ങളിൽ ഔഷധോദ്യാനങ്ങളുടെ സ്ഥാപനം (5 സെന്റിലേയ്ക്ക് പരമാവധി 10,000 രൂപ 100% ധനസഹായം), Buyer Seller Meet (100% ധനസഹായം), ചില്ലറ വ്യാപാര വിപണികൾ സ്ഥാപിക്കുക (പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 100%-ഉം സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ 50%) എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെടുത്തി നൽകി വരുന്ന ധനസഹായം.

(സി&ഡി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഔഷധോദ്യാനങ്ങൾ നിർമ്മിക്കുന്നതിന് 5 സെന്റിലേയ്ക്ക് വരുന്ന ചെലവിന്റെ 100% സാമ്പത്തിക സഹായം, പരമാവധി 10,000 രൂപ നൽകിവരുന്നു. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം ഓരോ ജില്ലയിലേയും ഒരു വിദ്യാലയത്തിൽ വീതം ഔഷധോദ്യാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം

3(5428) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് നിലവിൽവരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ അറിയിക്കുമോ;

(സി) ക്ഷേമനിധി ബോർഡ് നിലവിൽ വന്നാൽ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും ഏതൊക്കെ തരത്തിലുള്ള ആനുകൂല്യങ്ങളാണ് ക്ഷേമനിധി ബോർഡ് മുഖേന ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധി ബോർഡ് രൂപീകരിക്കുമ്പോൾ ബോർഡിന്റെ വരുമാനം ഏതൊക്കെ മേഖലകളിൽ നിന്നായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) കർഷക ക്ഷേമനിധി ബോർഡിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) കർഷക ക്ഷേമനിധി ബോർഡ് കേരളത്തിലെ കർഷകരുടെ ക്ഷേമത്തിനും ഉന്നതിക്കും സർവ്വോപരി കാർഷികവൃത്തിയുടെ പുനരുദ്ധാരണത്തിനും ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-എഫ്) കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നൽകുക, പിന്നോക്കം നിൽക്കുന്ന അംഗങ്ങൾക്ക്/അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും, അവശതാ പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനുള്ള മാനദണ്ഡങ്ങൾ, ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ, അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബോർഡിന്റെ ഘടന ഇവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള കർഷക ക്ഷേമ ബോർഡിന്റെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

## കാർഷിക കർമ്മസേനകളുടെ പ്രവർത്തനങ്ങൾ

4(5429) ശ്രീ. കെ. ദാസൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ബി. സത്യൻ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദന വർദ്ധനവിലയിലധിഷ്ഠിതമായ കാർഷിക വികസനത്തിന് ശാസ്ത്രീയ യന്ത്രവൽക്കരണ സംവിധാനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി രൂപീകരിച്ച കാർഷിക കർമ്മസേനകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ;

(സി) കാർഷിക കർമ്മസേനകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആധുനിക യന്ത്രസാമഗ്രികൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഏതെല്ലാം ഏജൻസികളുടെ ഏകോപനമാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇതിനായി കാർഷിക എഞ്ചിനീയർമാർ ഉൾപ്പെടുന്ന ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഉല്പാദന വർദ്ധന വിലയധിഷ്ഠിതമായ കാർഷിക വികസനത്തിന് ശാസ്ത്രീയ യന്ത്രവൽക്കരണ സംവിധാനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു ഉന്നതതല സമിതി രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി കാർഷിക സർവ്വകലാശാലയിൽനിന്നും വിരമിച്ച പ്രൊഫസർ ശ്രീ. യു. ജയ് കുമാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി 200 കർമ്മസേനകൾ രൂപീകരിച്ചു. ഇവയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ആഫീസറും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലെയും കാർഷിക കർമ്മസേനകളുടെ പ്രവർത്തന റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കാർഷിക കർമ്മസേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു അപ്പെക്സ് ബോഡി രൂപീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ 200 കർമ്മസേനകൾ രൂപീകരിച്ചതിൽ 100 കർമ്മസേനകൾക്ക് ഒരു കർമ്മസേനയ്ക്ക് 10 ലക്ഷം രൂപയുടെ വീതം യന്ത്രസാമഗ്രികൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കർമ്മസേനകൾക്ക് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കർമ്മസേനകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിംഗ്, കെയ്ക്കോ, കാംകോ തുടങ്ങിയവയുടെ ഏകോപനമാണ് ഉദ്ദേശിക്കുന്നത്.

(ഇ) സംസ്ഥാന കാർഷിക എഞ്ചിനീയർ ഉൾപ്പെടുന്ന ഉന്നതതല സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കർഷകർക്ക് കുറഞ്ഞ വിലയും കച്ചവടക്കാർക്ക് അമിതലാഭവും**

5 (5430) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ കാർഷിക വിളകൾക്ക് ലഭിക്കുന്ന വില ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവായിരിക്കുകയും കച്ചവടക്കാർ അമിതലാഭം കൈയ്യാളുന്ന അവസ്ഥ നിലനില്ക്കുകയും ചെയ്യുന്നതിനാൽ അവശ്യ സാധനങ്ങൾക്ക് കർഷകർക്ക് ന്യായമായ വില ലഭിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ;

(ബി) റബ്ബർ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച സബ്സിഡി തുക 2016 ജൂൺ മാസം മുതൽ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക വിളകൾക്ക് ലഭിക്കുന്ന വില ഉല്പാദന വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായിരിക്കുന്ന സാഹചര്യം പരിഹരിക്കുന്നതിന് വേണ്ടി കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 'വിപണി ഇടപെടൽ' എന്ന പദ്ധതിയിലൂടെ ന്യായമായ വില ഉറപ്പുവരുത്തിയിട്ടുണ്ട്. നെല്ല്, റബ്ബർ എന്നിയുടെ താങ്ങുവില നിശ്ചയിച്ചതും പച്ചത്തേങ്ങാ സംഭരണ പദ്ധതി നടപ്പിലാക്കിയതും ഉത്സവ കാലങ്ങളിൽ പച്ചക്കറിയുടെ വില ക്രമാതീതമായി ഉയരുന്നത് പിടിച്ചുനിർത്താനും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുവേണ്ടി സംഘടിപ്പിച്ച ഓണം സമൃദ്ധി പദ്ധതി, വിഷുക്കണി പദ്ധതികളെല്ലാം ഇതിന് ഉദാഹരമാണ്. കൂടാതെ കർഷകർക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ ഉൽപ്പനോപാധികളെല്ലാം സബ്സിഡി നിരക്കിൽ വിവിധ കാർഷിക പദ്ധതികളിലൂടെ ലഭ്യമാക്കുന്നുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ റബ്ബർ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. 7-3-2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് മുഴുവൻ ബില്ലുകളുടേയും സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 2018 ഫെബ്രുവരി മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെട്ടിട്ടുണ്ട്.

**സംസ്ഥാനത്തെ നീര ഉല്പാദനം**

6 (5431) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നീര ഉത്പാദനത്തിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലിറ്റർ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഉത്പാദനം ഓരോ വർഷവും കുറഞ്ഞുവരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) തമിഴ്നാട്ടിൽ നീര ഉത്പാദനം വ്യാപകമായി ആരംഭിച്ചത് കേരളത്തിലെ നീര കർഷകരെ ബാധിക്കുമോ;

(ഡി) ഈ രംഗത്ത് തകർച്ചയിലേക്ക് നീങ്ങുന്ന ഉത്പാദക സംഘങ്ങൾക്ക് പുതു ജീവൻ നൽകുന്നതിനായി സർക്കാർ ശ്രമിക്കുമോ; ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2014 പകുതിയോടെയാണ് കേരളത്തിൽ നീര ഉത്പാദനം ആരംഭിച്ചത്. 2014-ൽ നീരയുടെ ആകെ ഉത്പാദനം ആഴ്ചയിൽ 25000 ലിറ്റർ ആയിരുന്നു. അതിനുശേഷം 2015-ലും 2016-ലും ആഴ്ചയിൽ 50000 ലിറ്റർ വീതം ഉത്പാദനം ഉണ്ടായിരുന്നു. 2017-ൽ പ്രതിവാരം 30000 ലിറ്ററും 2018-ൽ 35,000 ലിറ്ററും ആയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിലെ നീര ഉത്പാദനത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പരിശീലനം ലഭിച്ച നീര ടെക്നീഷ്യൻമാരുടെ കുറവ്, നീര ടാപ്പ് ചെയ്യുന്നതിന് ആരോഗ്യമുള്ള തെങ്ങുകൾ കൂട്ടത്തോടെ ലഭിക്കാത്തതിന്റെ കുറവ്, നാളികേര ഉത്പാദക കമ്പനികളുടെ സാമ്പത്തിക പരിമിതി എന്നിവയാണ് നീര ഉല്പാദനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

(സി) തമിഴ്നാട്ടിൽ നീര ഉത്പാദനം വ്യാപകമായി ആരംഭിച്ചത് കേരളത്തിലെ നീര കർഷകരെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉല്പാദക സംഘങ്ങളേയും ഈ രംഗത്തെ ഗവേഷണ കേന്ദ്രങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കാനും ആവശ്യമായ വിപണന സൗകര്യങ്ങൾ ഉണ്ടാക്കുവാനുമുള്ള പദ്ധതികൾ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്തുവരുന്നു.

## സുഗന്ധവ്യഞ്ജന വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

7 (5432) <u>ശ്രീ. ജോർജ് എം. തോമസ്</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. രാജു എബ്രഹാം</u>:
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ മുൻനിര സ്ഥാനമുള്ള സുഗന്ധവ്യഞ്ജന വിളകളുടെ കുറഞ്ഞ ഉല്പാദന ക്ഷമതയും കീടരോഗ ബാധമൂലമുള്ള കൃഷി നഷ്ടവും വിലയിലുള്ള ഏറ്റക്കുറച്ചിലും പ്രസ്തുത കൃഷിയെയും ഉല്പാദനത്തെയും സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിദേശ നാണ്യം നേടിത്തരുന്നതിൽ സുഗന്ധ വ്യഞ്ജന വിളകൾക്കുള്ള പങ്ക് എത്രത്തോളമെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സുഗന്ധവ്യഞ്ജന വിളകളുടെ കൃഷി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും അവയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) സുഗന്ധ വിളകളുടെ നടീൽ വസ്തുക്കൾ കൃഷി ഫാമുകളിൽ ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഉണ്ട്. സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സുഗന്ധ വിള വികസന പദ്ധതി, വയനാട് ജില്ലയിലെ കുരുമുളക് കൃഷി വികസനത്തിനുവേണ്ടി വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയുള്ള പദ്ധതി, സുഗന്ധ വിളകളുടെ നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് നൽകുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. സുഗന്ധ വിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി എന്നീ വിളകളുടെ വിള വിസ്തൃതി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, നടീൽ വസ്തുക്കളുടെ നേഴ്സറി സ്ഥാപിക്കൽ എന്നിവയ്ക്ക് സഹായം നൽകുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ മാത്രമായി കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, വിള വിസ്തൃതി വ്യാപനം, ഉല്പാദന ഉപാധികളായ കുമ്മായ വസ്തുക്കൾ, മൈക്രോന്യൂട്രിയൻസ് എന്നിവ നൽകൽ എന്നിവയ്ക്ക് സഹായം നൽകുന്നു. കൂടാതെ നേഴ്സറികൾ സ്ഥാപിക്കുന്നതിനും ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ നിർമ്മിക്കുന്നതിനും സഹായം നൽകുന്നുണ്ട്. വയനാട് പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കുരുമുളക് കൃഷി വികസനത്തിന് വിള വിസ്തൃതി വ്യാപനം, പുനരുദ്ധാരണം, നേഴ്സറികൾ സ്ഥാപിക്കൽ ഉൾപ്പെടുത്തി ഉപാധികളുടെ വിതരണം, ദ്രുതവാട്ട രോഗം തടയുന്നതിനുള്ള നടപടികൾ, താങ്ങുമരങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾക്ക് സഹായം നൽകുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയുടെ വിള വിസ്തൃതി വ്യാപനം, കുരുമുളകിന്റെ കാലപ്പഴക്കം ചെന്നതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തോട്ടങ്ങളുടെ പുനരുദ്ധാരണം, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ഹൈടെക്/ചെറുകിട നഴ്സറികളുടെ സ്ഥാപനം, സംയോജിത രോഗ/കീട നിയന്ത്രണം, സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പായ്ക്ക് ഹൗസുകൾ, റൈപ്പനിംഗ് ചേമ്പറുകൾ, പ്രൈമറി / മിനിമൽ/മൊബൈൽ സംസ്കരണ യൂണിറ്റുകളുടെ സ്ഥാപനം എന്നിവ സുഗന്ധവ്യഞ്ജന വിളകൾക്കുവേണ്ടി നൽകിവരുന്നു.

കൃഷിയുടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 5 ശതമാനത്തോളം സംഭാവന ചെയ്യുന്നത് സുഗന്ധവ്യഞ്ജന വിളകളാണ്. 2016-17-ൽ സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി വഴി 17664.61 കോടി രൂപയുടെ വിദേശ നാണ്യം ലഭിച്ചിട്ടുണ്ട്. ആകെ കയറ്റുമതി ചെയ്യുന്ന ഹോർട്ടിക്കൾച്ചർ വിളകളിൽ 40 ശതമാനത്തിനുമേൽ വരുമാനം സുഗന്ധവ്യഞ്ജന വിളകളിൽ നിന്നുമാണ്.

(ഇ) ഉണ്ട്. നടീൽവസ്തുക്കൾ കൃഷി ഫാമുകളിൽ ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനായി വേരുപിടിപ്പിച്ച കുരുമുളക് തൈകൾ ഉൾപ്പെടെയുള്ള സുഗന്ധവിളകളുടെ നടീൽവസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിലായി ആകെ 75 ലക്ഷം ഗുണമേന്മയുള്ള വേരുപിടിപ്പിച്ച കുരുമുളക് തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി 240 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

## കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായകമായ പദ്ധതികൾ

8(5433) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായകരമായി സംസ്ഥാന കൃഷി വകുപ്പ് നിലവിലെ പദ്ധതികൾ പുനക്രമീകരിക്കുമോ; വിശദമാക്കുമോ;

(ബി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി വെബ് പോർട്ടൽ ആരംഭിക്കുമോ;വ്യക്തമാക്കുമോ;

(സി) കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ദേശീയ, അന്തർദ്ദേശീയ തലത്തിലെ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് കാർഷിക മേഖലയിലെ സംരംഭകർക്ക് പരിശീലനവും തുടർസഹകരണവും ഉറപ്പാക്കുമോ;

(ഇ) സംരംഭകത്വ വികസനത്തിന് കോമൺഫെസിലിറ്റി സെന്ററായി പ്രവർത്തിക്കുന്നതിന് അഗ്രോപാർക്കുകൾ സ്ഥാപിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈഗ 2016-ൽ പങ്കെടുത്ത പ്രതിനിധികളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം 2017-18-ന്റെ മൂല്യവർദ്ധന ഭക്ഷ്യ സംസ്കരണത്തിനുള്ള പദ്ധതി പുനഃക്രമീകരിച്ചിട്ടുണ്ട്.

1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി - 800 ലക്ഷം

ആകെ പദ്ധതി തുകയുടെ 50% അല്ലെങ്കിൽ 50 ലക്ഷം രൂപ ധനസഹായം.

ഘടകങ്ങൾ :

1. സ്റ്റാർട്ട് അപ്പ് അസിസ്റ്റൻസ് - 3 ലക്ഷം രൂപ
2. കെട്ടിടത്തിനും (സ്വന്തം സ്ഥലം) യന്ത്ര സാമഗ്രികൾ.
3. റിവോൾവിംഗ് ഫണ്ട് പരമാവധി 50% അല്ലെങ്കിൽ 5 ലക്ഷം രൂപ.

2. കേരളത്തിലെ സൂക്ഷ്മതല കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ കുടുംബശ്രീ ഉൾപ്പെടെ പ്രോത്സാഹന പദ്ധതി - 400 ലക്ഷം.

(ബി) എസ്.എഫ്.എ.സി.-യുടെ നേതൃത്വത്തിൽ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കൈതാങ്ങൽ നൽകുന്നതിനും വേണ്ടി കൃഷി വകുപ്പ് കേരളത്തിലെ വിവിധ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളിൽ ടെക്നോ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഇൻക്യുബേഷൻ സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ (സി.പി.സി.ആർ.ഐ.)
2. കൃഷി വിജ്ഞാന കേന്ദ്രം, കുമരകം (കെ.എ.യു.)
3. കാർഷിക കോളേജ്, വെള്ളായണി
4. കാർഷിക സർവ്വകലാശാല
5. എൻ.ഐ.ഐ.എസ്.ടി., പാപ്പനംകോട്

(ഡി) ഉറപ്പാക്കുന്നതാണ്.

(ഇ) 16 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ വർഷം 5 അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കൃഷി ഉന്നതി യോജന

9 (5434) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കൃഷി ഉന്നതി യോജന ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കൃഷി ഉന്നതി യോജന ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കൃഷി ഉന്നതി യോജന എന്ന സംയോജിത പദ്ധതിയുടെ 60% തുക കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (NFSM), സംസ്ഥാന ഹോർട്ടികൾച്ചർ വികസന പദ്ധതി (MIDH), ദേശീയ കാർഷിക സുസ്ഥിര പദ്ധതി (NMSA), എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (NMOOP), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതികവിദ്യയ്ക്കുമുള്ള ദേശീയ പദ്ധതി (ATMA), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), പരമ്പരാഗത് കൃഷി വികാസ് യോജന (PKVY), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി, സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി (SMAF), സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്നീ പദ്ധതികളാണ് നിലവിൽ കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുന്നത്.

(സി) അനുവദിക്കുന്ന ഓരോ പദ്ധതിക്കും 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്.

(ഡി) ഓരോ സാമ്പത്തിക വർഷവും തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷാവസാനമോ ആ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലോ ഓരോ പദ്ധതിക്കുമുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ മൊത്തമായ ടെൻഡേറ്റീവ് അലോക്കേഷൻ കേന്ദ്ര സർക്കാർ അറിയിക്കുന്നമുറയ്ക്ക് വാർഷിക ആക്ഷൻ പ്ലാൻ സംസ്ഥാന വിഹിതമുൾപ്പെടെ സർക്കാരിന് സമർപ്പിക്കുകയും ആക്ഷൻ പ്ലാൻ അംഗീകരിച്ച് ഒന്നോ രണ്ടോ ഗഡുക്കളായി തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. 2015-16-ൽ ചില പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക ട്രഷറി നിയന്ത്രണംമൂലം 2016-17-ലാണ് ലഭ്യമായത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് 28-3-2017-ലെ 1053625/CC1/2016/PLG നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പ്ലാനിംഗ് & ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോർഡിനേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് കേന്ദ്ര അലോക്കേഷൻ പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാംതന്നെ സമയബന്ധിതമായി പ്രൊപ്പോസലുകളും ആന്വൽ ആക്ഷൻ പ്ലാനും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SCP, TSP കമ്പോണന്റുകൾക്ക് നിലവിൽ അക്കൗണ്ട് ഹെഡ് ഇല്ലാത്തതിനാൽ അവ പ്രത്യേകമായി ധന പുനർവിനിയോഗം വഴി കണ്ടെത്തി വിനിയോഗിച്ചുവരുന്നു.

## കൃഷി ആവശ്യത്തിനുള്ള വൈദ്യുതി നിരക്കിൽ ഇളവ്

10 (5435) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്കിൽ എന്തെങ്കിലും ഇളവ് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ കർഷകർക്കാണ് ഇത്തരത്തിൽ ഇളവ് നൽകുന്നത്; എന്തൊക്കെ ഇളവുകളാണ് നൽകുന്നത്; ഇത്തരം കർഷകരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽകർഷകർ, രണ്ട് ഹെക്ടർ വരെ കരഭൂമിയിൽ കൃഷിയുള്ള കർഷകർ, പോളിഹൗസ് കർഷകർ എന്നിവർക്ക് ഇളവ് നൽകുന്നുണ്ട്. കാർഷിക വൈദ്യുതി സൗജന്യം നെൽകർഷകർക്ക് ഭൂപരിധി ബാധകമല്ലാതെ നൽകി വരുന്നുണ്ട്. കരഭൂമിയിൽ 2 ഹെക്ടർ വരെ ഇതര വിളകൾ കൃഷി ചെയ്തിട്ടുള്ള കർഷകർക്കും 1-4-1997 മുതൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. ഒരു സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളിഹൗസ് കൃഷി ചെയ്യുന്ന കർഷകർക്കും പ്രതിമാസം 50 യൂണിറ്റ് വരെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.

1) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.

2) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

3) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

## 2017-2018-ലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

11 (5436) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; ഇതുവരെ എത്ര ഗഡുക്കളായി എത്ര തുക ലഭിച്ചിട്ടുണ്ട്;

(ബി) പദ്ധതി തുക വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ബാക്കി ഗഡുക്കൾ ലഭിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ തുടർച്ചയായി വിപണി വിപുലീകരണത്തിനും മറ്റുമായി കേന്ദ്ര സർക്കാർ ആരംഭിച്ച റഫ്താർ (Remunerative Approaches For Agriculture and Allied Sector Rejuvenation) പദ്ധതിയെ കുറിച്ചുള്ള വിവരങ്ങൾ നൽകുമോ; ഇതിനായി എത്ര തുകയാണ് കേന്ദ്രം നീക്കി വച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശംങ്ങൾ അറിയിക്കുമോ;

(ഡി) കേന്ദ്രം 2018-19 ബഡ്ജറ്റിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഗ്രീൻ റെവല്യൂഷൻ ഹെഡ്ഡിൽ പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും സാമ്പത്തിക സഹായത്തിനുമായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; എത്ര രൂപയാണ് കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ൽ അംഗീകാരം ലഭിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും ലഭിച്ച തുകയുടേയും വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. *

(ബി) പദ്ധതി തുക വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ബാക്കി ഗഡുക്കൾ ലഭിക്കാതിരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>സോയിൽ ഹെൽത്ത് കാർഡ് പദ്ധതി</u>

പ്രസ്തുത പദ്ധതിയുടെ 2014-15 വർഷത്തെ നീക്കിയിരിപ്പ് തുകയായ 49.79 ലക്ഷം രൂപ 2016-17 വർഷത്തെ ബാധ്യത തീർക്കുന്നതിനായി കേന്ദ്ര സർക്കാർ 2017-18-ൽ റീവാലിഡേറ്റ് ചെയ്തുതന്നിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>സോയിൽ ഹെൽത്ത് മാനേജ്മെന്റ്</u>

പ്രസ്തുത പദ്ധതി പ്രകാരം 2014-15-ൽ 100.8 ലക്ഷം രൂപ 2 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകൾ സ്ഥാപിക്കുന്നതിന്റെ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശേഷിക്കുന്ന കാലയളവിൽ RKVY പദ്ധതി കാര്യക്ഷമമാക്കുവാനും ഫലപ്രാപ്തി ഉണ്ടാക്കുവാനും പൂർണ്ണമായി ഉൾക്കൊള്ളുവാനും ടി പദ്ധതി RKVY-RAFTAAR എന്ന് കേന്ദ്ര സർക്കാർ പുനഃനാമകരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കാലയളവ് 2017-2018 മുതൽ 2019-2020 വരെ മൂന്ന് വർഷത്തേയ്ക്കാണ്.

പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ബ്രിംഗിഗ് ഗ്രീൻ റെവല്യൂഷൻ ഇൻ ഈസ്റ്റേൺ ഇന്ത്യ (ബി.ജി.ആർ.ഇ.എൽ.) എന്ന പദ്ധതി ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി RKVY യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. ഇന്ത്യയുടെ 7 കിഴക്കൻ പ്രദേശങ്ങളായ ആസാം, ബീഹാർ, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ഒഡീഷ, വെസ്റ്റ് ബംഗാൾ, ഉത്തർപ്രദേശിന്റെ കിഴക്ക് ഭാഗം എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടി 2010-11-ലെ കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിച്ച പദ്ധതിയാണ് BGREI. നെല്ല് അധിഷ്ഠിത വിള സമ്പ്രദായത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷ മിഷൻ പദ്ധതി, വൃഷ്ടി പ്രദേശ വികസന പദ്ധതി മുതലായ പദ്ധതികളാണ് നെല്ല് അധിഷ്ഠിത വിള സമ്പ്രദായ പദ്ധതികളായി നിലവിൽ കേരളത്തിൽ നടപ്പിലാക്കുന്നത്.

(ഇ) പ്രസ്തുത പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തെ ഉൾപ്പെടുത്തുന്ന മുറയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**രാസകീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം**

12 (5437) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസകീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവയുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം നടപടികൾ ഫലപ്രദമാണോ; ഇതുവഴി ഇത്തരം രാസ വസ്തുക്കളുടെ ഉപയോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കണമെങ്കിൽ ഓരോ കീടത്തിന്റെയും രോഗത്തിന്റെയും നിയന്ത്രണം ജൈവ മാർഗ്ഗത്തിൽത്തന്നെ ആകണം എന്നുള്ളതിനാൽ അത്തരം ഗവേഷണപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബോധവത്ക്കരണത്തിലൂടെയും നല്ല കൃഷി മുറകൾ പ്രോത്സാഹി പ്പിക്കുന്നതിലൂടെയും ഘട്ടംഘട്ടമായി രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിത ഭക്ഷ്യ ഉല്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിത

കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ട്രൈക്കോഡെർമ, വി.എ.എം. മുതലായവ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.

2016-17 മുതൽ സംസ്ഥാനത്ത് ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് കാമ്പയിൻ നടപ്പിലാക്കി വരുന്നു. കാമ്പയിന്റെ ഭാഗമായി എല്ലാ ഫെർട്ടിലൈസർ, ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും എല്ലാ മാസവും അതത് പ്രദേശത്തെ ഡിപ്പോകൾ നിർബന്ധമായും പരിശോധിക്കുന്നു. ഇതിനുപുറമേ സംസ്ഥാനത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട്, നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വില്പനയ്ക്ക് കൃഷി ഓഫീസറുടെ ശിപാർശ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്.

കീടനാശിനിയുടെ അനിയന്ത്രിത ഉപയോഗംമൂലമുള്ള ദൂഷ്യഫലങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി ഒരു കാമ്പയിൻ 13-11-2017 മുതൽ 18-11-2017 വരെ നടത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ " സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിൽ പരിശോധനാഫലം പരസ്യപ്പെടുത്തുന്നത് വഴി ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ സർക്കാരിന്റെ ശക്തമായ ഇടപെടലുകളെ തുടർന്ന് കീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൈക്കൊണ്ടുവരുന്നത്.

കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനൊപ്പം, നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന പക്ഷം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്ന് കാട്ടി കർഷകർക്ക് നോട്ടീസ് നല്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം, നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങളുടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തി വരുന്നു.

സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽനടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

(സി) രോഗകീടങ്ങളുടെ ജൈവിക നിയന്ത്രണം സംബന്ധിച്ച ഗവേഷണ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നേരിട്ട് നടത്തുന്നില്ല. എന്നാൽ ജൈവ കൃഷി മുറകൾ ഉൾക്കൊള്ളുന്ന ഗവേഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസസ് (ജൈവകൃഷി) 2017-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇക്കോ ഷോപ്പും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കും

13 (5438) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇക്കോ ഷോപ്പും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ആരംഭിക്കുന്ന 4 ഇക്കോ ഷോപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പട്ടുവം
2. ഏഴോം } മാർക്കറ്റിംഗ് സ്കീം
3. ഇരിണാവ്
4. കണ്ണപുരം } ഓർഗാനിക് ഫാമിങ്ങ് പദ്ധതി

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ - 3 എണ്ണം.

1. ചെറുതാഴം
2. കടന്നപ്പള്ളി
3. പട്ടുവം

## ജൈവ കർഷകർക്ക് മണ്ണിര കമ്പോസ്റ്റും ജൈവ വളവും

14 (5439) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവവളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഹോർട്ടികൾച്ചറൽ മിഷൻ മുഖാന്തരം ജൈവകർഷകർക്ക് മണ്ണിരകമ്പോസ്റ്റും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കർഷക ക്ലബ്ബുകൾ, കൃഷി സമാജങ്ങൾ എന്നിവയിലൂടെ ജൈവവളം വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

## ഉത്തരം

(എ) സംസ്ഥാന വ്യാപകമായി നടപ്പാക്കിവരുന്ന ജൈവ കൃഷി പദ്ധതി മുഖേന സംസ്ഥാനത്ത് ജൈവവളം ലഭ്യമാക്കുന്നതിനുവേണ്ടി കർഷകർക്ക് ജൈവ വള നിർമ്മാണത്തിൽ പരിശീലനവും സാങ്കേതികവിദ്യകളും ധനസഹായവും നൽകിവരുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽ നാളിതുവരെ 17442 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും 2189 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. ഇവയ്ക്ക് യഥാക്രമം 796.125 ലക്ഷം രൂപയും 164.175 ലക്ഷം രൂപയും ധനസഹായം നൽകി. ഇതിനുപുറമെ വി.എഫ്.പി.സി.കെ. വഴി ജൈവ വളം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ് കേന്ദ്രയ്ക്ക് 2016-17-ൽ 72.00 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം 70.00 ലക്ഷം രൂപയും നൽകി ജൈവവളനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ജൈവകൃഷിയും ഉത്തമ കൃഷിമുറയും പദ്ധതിയുടെ ഭാഗമായി ജൈവ വളം പ്രോത്സാഹിപ്പിക്കുന്നതിനേണ്ടി 2014-15, 2015-16 വർഷങ്ങളിൽ 839 ഹെക്ടർ പ്രദേശത്ത് പച്ചിലവള കൃഷി വ്യാപിപ്പിച്ചു.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജൈവ കൃഷി പ്രോത്സാഹന അവാർഡ് നൽകുന്നതുവഴി ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാധ്യമായിട്ടുണ്ട്.

(ബി) ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം ജൈവ കൃഷി അവലംബിക്കുന്നതിന് ആവശ്യമായ ജൈവ വളങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു. 30'X8'X2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ ചെലവ് കണക്കാക്കി 50% സബ്സിഡിയായി 50,000 രൂപ അനുവദിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം നാളിതുവരെ 80 വെർമ്മി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുകയും 37.97 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഗ്രാമീണ ആഴ്ച ചന്തകളും കർഷകമിത്ര പദ്ധതിയും

15 (5440) ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പും കുടുംബശ്രീയും ചേർന്നുള്ള ഗ്രാമീണ ആഴ്ച ചന്തകൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) വീട്ടുവളപ്പിലും ചെറുകിട കൃഷിയിടങ്ങളിലും ഉല്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽക്കുന്നതിനുള്ള വിപണി സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) കാർഷികോല്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള കർഷകമിത്ര പദ്ധതി നിലവിൽവന്നിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. തൃശ്ശൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് കർഷകമിത്ര പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കാർഷികോല്പന്നങ്ങളുടെ വിപണിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ്, കർഷകർ, വിപണികൾ, ഉപഭോക്താക്കൾ എന്നിവരെ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി കർഷകമിത്ര പ്രവർത്തിക്കുന്നു. ഉല്പാദനം, സംഭരണം, വീടുകളിൽ മിച്ചം വരുന്ന ഉല്പന്നങ്ങളുടെ വിപണനം എന്നിവ കൂടാതെ പ്രാദേശിക ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കർഷകമിത്ര സഹായിക്കുന്നു. വീടുകൾ, കൃഷിയിടങ്ങൾ എന്നിവ കർഷകമിത്ര സന്ദർശിച്ച് ഉല്പാദനവുമായി ബന്ധപ്പെട്ട വിവരങ്ങൾ പോർട്ടൽ മുഖേന കൃഷി വകുപ്പിനെ യഥാസമയം അറിയിക്കുന്നു. ഇതുകൂടാതെ വീടുകൾ/കൃഷിയിടങ്ങളിൽനിന്നും മിച്ചം വരുന്ന ചെറിയ അളവിൽ ഉള്ള ഉല്പന്നങ്ങൾ പോലും ശേഖരിച്ച് വിപണനത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. ദിനംപ്രതി കർഷകരിൽനിന്നും ഉല്പന്നങ്ങൾ VFPCK/HORTICORP നിശ്ചയിക്കുന്ന സംഭരണ വിലയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്നു. വിപണി വിലയുടെ 50% പ്രാരംഭമായി കർഷകന് നൽകുകയും ബാക്കി തുക വിൽപ്പന പൂർത്തീകരിച്ചതിനുശേഷം കർഷകന്റെ അക്കൗണ്ടിൽ വരവു വയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന ഉല്പന്നങ്ങളുടെ വിവരങ്ങൾ ആഴ്ചതോറും കൃഷി ഭവനെ അറിയിക്കുകയും കൂടാതെ ഉല്പന്നങ്ങളുടെ അളവും

കർഷകർ പ്രതീക്ഷിക്കുന്ന വിലയും നിർദ്ദിഷ്ട ആവശ്യത്തിന് തയ്യാറാക്കിയിട്ടുള്ള പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നു. ഇതു കൂടാതെ ഫീൽഡ് പ്രശ്നങ്ങളായ വിളകളുടെ രോഗ/കീടബാധയെ സംബന്ധിച്ചുള്ള വിവരങ്ങൾ ടാബ്‌ലറ്റ്/മൊബൈൽ ഫോൺ മുഖേന ഉദ്യോഗസ്ഥർ/കോൾ സെന്ററിനെ അറിയിച്ച് പരിഹാരം കണ്ടെത്തുന്നു. ഉല്പന്നങ്ങളുടെ വിവരം, കീടരോഗബാധയുടെ വിവരം, വിപണന സൗകര്യങ്ങളുടെ വിവരം എന്നീ മൂന്ന് പ്രവർത്തനങ്ങളാണ് കർഷകമിത്ര നിർവ്വഹിക്കുന്നത്.

## വിഷരഹിതമായ പച്ചക്കറികൾ എന്ന വ്യാജേനയുള്ള പച്ചക്കറി വിപണനം

16 (5441) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണ രീതി എപ്രകാരമാണ്;വിശദമാക്കാമോ;

(ബി) വിഷരഹിതമായ പച്ചക്കറികൾ എന്ന വ്യാജേന ഹോർട്ടികോർപ്പ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള ചൂഷണം തടയുന്നതിനായി പച്ചക്കറികളിലെ വിഷാംശ പരിശോധന ഉറപ്പു വരുത്തുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പഴം, പച്ചക്കറികളുടെ പരിശോധനയ്ക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് പൊതുവിപണി വിലയെക്കാൾ വില കൂട്ടി നൽകി കേരളത്തിലെ കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ സംഭരിച്ചുവരുന്നു. കേരളത്തിൽ

ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും അവരിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മറ്റ് ഏജൻസികളിൽ നിന്നും സംഭരിച്ച് വരുന്നുണ്ട്.

(ബി) കർഷകർ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ, കർഷക കൂട്ടായ്മകൾ തുടങ്ങിയ ഏജൻസികളിൽനിന്നുമാണ് ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. ഇവിടെ ആവശ്യത്തിന് ലഭ്യമാകാത്ത പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകൾ, കർഷക സൊസൈറ്റികൾ മുഖാന്തരം സംഭരിക്കുന്നു. അതിനുപുറമെ ആവശ്യം വരുന്ന പച്ചക്കറികൾ മറ്റ് ഏജൻസികളിൽനിന്നും സംഭരിക്കുന്നുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികൾ "നാടൻ പച്ചക്കറികൾ" എന്ന ലേബലിലും ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ " അന്യ സംസ്ഥാന പച്ചക്കറികൾ" എന്ന ലേബലിലുമാണ് ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെ വിപണനം നടത്തിവരുന്നത്.

(സി) പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനായി 2014 മുതൽ " സേഫ് റ്റു ഈറ്റ്" എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്ന് മാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധന ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാനിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ഡി) പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനായി 2014 മുതൽ " സേഫ് റ്റു ഈറ്റ്" എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി

അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും, കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്ന് മാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധന ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാനിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ലാബ് പ്രവർത്തിക്കുന്നുണ്ട്.

ജൈവ കൃഷി മേഖലയിൽ ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കൃഷി വ്യാപനവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജൈവ കൃഷിക്കും ഉത്തമ കാർഷിക മുറകളും പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ജൈവവള നിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക സഹായങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ 5,000 രൂപ സബ്സിഡി നിരക്കിലും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ 7,500 രൂപ സബ്സിഡി നിരക്കിലും സ്ഥാപിച്ചിട്ടുണ്ട്.

വിള ആരോഗ്യ പരിപാലന പദ്ധതി, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവനുകളിൽ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ മറ്റു ജൈവ നിയന്ത്രണോപാധികൾ എന്നിവ ഉല്പാദിപ്പിക്കുന്നതിന് ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽനിന്നും പരിശീലനം സിദ്ധിച്ച കൃഷി ഓഫീസർമാർ/ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ വഴി പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, മണ്ണുത്തി, ബയോ ഫെർട്ടിലൈസർ ലാബ്, തിരുവനന്തപുരം എന്നിവ വഴിയും ഇത്തരത്തിലുള്ള ഇടപെടലുകൾ നടത്തി വരുന്നുണ്ട്. കൃഷി ഉദ്യോഗസ്ഥർക്ക് ഈ മേഖലകളിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് പരിശീലനങ്ങൾ, ഡെമോൺസ്ട്രേഷൻ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

## ഓരോ ജില്ലയിലും നിലവിലുള്ള നെല്പാടങ്ങളുടെ വിസ്തൃതി

17 (5442) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നത് കണ്ടെത്താനും കാരണങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കാനും കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ കൃഷിഭവന്റെയും പരിധിയിൽ നിലവിലുള്ള നെൽപ്പാടങ്ങളുടെ വിസ്തൃതി, ഉടമകളുടെ വിവരം, കൃഷി ചെയ്യുന്നുണ്ടോ, തരിശിട്ടിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അതത് കൃഷി ഭവനുകൾ ശേഖരിച്ച് സൂക്ഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഇപ്പോൾ നിലവിലുള്ള നെൽവയലുകളുടെ വിസ്തൃതി, അതിൽ കൃഷി ചെയ്തുവരുന്നതെത്ര, തരിശിട്ടിട്ടുള്ളതെത്ര എന്നത് സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽനിന്നും 2,20,449 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. നെല്പാടങ്ങളുടെയും തരിശു നിലങ്ങളുടെയും വിവരം ശേഖരിച്ച് രേഖപ്പെടുത്തുന്നതിന് സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളിലും നടപടി സ്വീകരിച്ചുകഴിഞ്ഞു. പ്രസ്തുത പ്രവർത്തനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകൾ നിലനിർത്തുന്നതിനും ജല നിർഗ്ഗമന ചാലുകൾ, നീരുറവകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനുംവേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തരിശുനിലം കൃഷി ചെയ്യിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

വർദ്ധിച്ച കൂലിച്ചെലവ് പരിഹരിക്കുന്നതിന് കൂലിച്ചെലവ് സബ്സിഡി നൽകുകയും കാർഷിക കർമ്മസേന, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി പ്രാരംഭ പ്രവർത്തനങ്ങളെ യോജിപ്പിക്കുകയും ചെയ്തു.

(ബി) നിലവിലുള്ള നെൽപ്പാടങ്ങളുടെ വിസ്തൃതി, ഉടമകളുടെ വിവരം, കൃഷി ചെയ്യുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു.

(സി) ഓരോ ജില്ലയിലും നിലവിലുള്ള നെൽവയലുകളുടെ വിസ്തൃതി, അതിൽ കൃഷി ചെയ്തു വരുന്നതെത്ര, തരിശിട്ടിട്ടുള്ളതെത്ര എന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## നെല്ല് സംസ്കരിച്ച് അരിയാക്കാൻ പഞ്ചായത്തുകളിൽ സംസ്കരണ യൂണിറ്റ്

18 (5443) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾമൂലം നെല്ലുൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുള്ള സാഹചര്യത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി മാറ്റുന്നതിന് പൊതുസംവിധാനങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് പാടശേഖരങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാടശേഖരങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സംസ്കരണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 415 മിനി റൈസ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. മിനി റൈസ് മില്ലുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിൽ നെൽകൃഷിക്കായി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്

19 (5444) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നെൽകൃഷിക്കായി പല പാടശേഖരങ്ങളിലും വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനും ഇപ്പോഴും ഉപയോഗിക്കുന്നത് കാലഹരണപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പെട്ടി-പറ സംവിധാനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പെട്ടി-പറ നിർമ്മാണം കർഷകർക്ക് വൻസാമ്പത്തികബാധ്യത വരുത്തുന്നതും വൈദ്യുതി വൻതോതിൽ ചെലവാകുന്നതുമായതിനാൽ സർക്കാർ താരതമ്യേന ചെലവ് കുറഞ്ഞതും വൈദ്യുതി ഉപയോഗം കുറഞ്ഞതുമായ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി) പ്രസ്തുത പരീക്ഷണം വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിജയകരമാണെങ്കിൽ മുഴുവൻ പാടശേഖരങ്ങളിലും ഇത്തരം പമ്പുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമ പഞ്ചായത്തിലെ കറുത്താണി പാടശേഖരം, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ മണൽപ്പുഴ കണ്ണോത്ത് കോൾ പാടശേഖരം, വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിലെ പൊന്നമുത കോൾ പാടശേഖരം, മണലൂർ ഗ്രാമപഞ്ചായത്തിലെ മണലൂർതാഴം കോൾ പാടശേഖരം, അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ അന്തിക്കാട് കോൾ പാടശേഖരം, ചേർപ്പ് ഗ്രാമപഞ്ചായത്തിലെ ജൂബിലി കോൾ പാടശേഖരം, മലപ്പുറം ജില്ലയിലെ പൊന്നാനി ഗ്രാമപഞ്ചായത്തിലെ തുരുത്തുംമേൽ കോൾ പാടശേഖരം, മൂഷിക്കൽ പാടശേഖരം എന്നീ പാടശേഖരങ്ങളിൽ 8 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുള്ള പാടശേഖരങ്ങളിലെ കർഷകർ ടി പരീക്ഷണം വിജയകരമാണെന്ന് അറിയിച്ചിട്ടുണ്ട്. സാങ്കേതിക പഠനങ്ങൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ കോൾ പാടശേഖരങ്ങളിൽ 6 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ മിനി റൈസ് മില്ലുകൾ

20 (5445) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട റൈസ് മില്ലുടമകളുടെ ചൂഷണത്തിൽ നിന്നും നെൽകർഷകരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് സർക്കാർ നിയന്ത്രണത്തിലുള്ള മിനി റൈസ് മില്ലുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് മിനി റൈസ് മില്ലുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും നെല്ല് പുഴുങ്ങിക്കുത്തി അരിയും അരി ഉല്പന്നങ്ങളുമാക്കി വിപണനം നടത്തുന്ന പ്രോസസ്സിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകാൻ വ്യവസ്ഥയുണ്ട്. പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകളും പ്രോസസ്സിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയലധിഷ്ഠിതമായാണ് ധനസഹായം നൽകുക. സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 13 പ്രോസസ്സിംഗ് യൂണിറ്റോടുകൂടിയ റൈസ് മില്ലുകളും ഇതിനോടകം സ്ഥാപിച്ചു.

(ബി) പാലക്കാട് ജില്ലയിൽ സർക്കാർ നിയന്ത്രണത്തിലുള്ള മിനി റൈസ് മില്ലുകൾ സ്ഥാപിച്ചിട്ടില്ല. 2017-18-ലെ സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി വ്യക്തികളുടെ പേരിൽ 16 റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വെയർഹൗസിംഗ് കോർപ്പറേഷൻ ഒരു റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 4 മിനി റൈസ് മില്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കടമ്പഴിപ്പുറം (2), പൂക്കോട്ടുകാവ് (1), കരിമ്പുഴ (1).

ഇതിനുപുറമെ റൈസ് മില്ലും പ്രോസസ്സിംഗ് യൂണിറ്റും ചേർന്ന് അനങ്ങനടി കൃഷി ഭവൻ പരിധിയിൽ ഒന്നും ('ട്രാക്ടറിൽ ഘടിപ്പിച്ച വരുചി മിനി മോഡേൺ റൈസ് മിൽ') ഒറ്റപ്പാലം കൃഷി ഭവൻ പരിധിയിൽ ഒന്നും അനുമതി നൽകി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉൽപ്പാദന ചെലവിന് ആനുപാതികമായി താങ്ങുവില നിർണ്ണയിക്കുന്നതിന് നടപടി

21(5446) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നെല്ലിന് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്വിന്റലിന് എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക എന്നുമുതലാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്രയായിരുന്നു നെല്ലിന്റെ താങ്ങുവില എന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പ്രഖ്യാപിച്ച തുക നെല്ല് സംഭരണത്തിനു ശേഷം എത്ര ദിവസങ്ങൾക്കുള്ളിലാണ് കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്; നെല്ല് സംഭരിച്ച വകയിൽ ഇനി ആർക്കെങ്കിലും പണം നൽകാനുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്പോൾ പ്രഖ്യാപിച്ച താങ്ങുവില ഉൽപ്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ കുറവായതിനാൽ താങ്ങുവില ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉൽപ്പാദന ചെലവിന് ആനുപാതികമായി താങ്ങുവില നിർണ്ണയിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. സംസ്ഥാനത്ത് നെൽ കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താനായി അടിസ്ഥാന താങ്ങുവിലയ്ക്കുപുറമെ സംസ്ഥാന പ്രോത്സാഹന ബോണസായി നിശ്ചിത തുക സംസ്ഥാന സർക്കാർ നൽകി വരുന്നു. നിലവിൽ അടിസ്ഥാന താങ്ങുവില 1,550 രൂപ ക്വിന്റലിനും സംസ്ഥാന പ്രോത്സാഹന ബോണസ് 780 രൂപ ക്വിന്റലിനുമാണ്. 2005 മുതൽ പ്രസ്തുത പദ്ധതി പ്രകാരം സപ്ലൈകോ നെല്ല് സംഭരിക്കുന്നു.

കഴിഞ്ഞ മൂന്ന് സീസണുകളിലെ അടിസ്ഥാന താങ്ങുവില സംസ്ഥാന പ്രോത്സാഹന ബോണസ് എന്നിവ താഴെ പറയുന്നു.

| സീസൺ | അടിസ്ഥാന താങ്ങുവില ക്വിന്റൽ | സംസ്ഥാന പ്രോത്സാഹന ബോണസ് ക്വിന്റൽ |
|---|---|---|
| 2014-15 | 1360 | 540 |
| 2015-16 | 1410 | 740 |
| 2016-17 | 1470 | 780 |
| 2017-18 | 1550 | 780 |

(ബി) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില, നെല്ല് സംഭരിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽത്തന്നെ പി.ആർ.എസ്. ലോൺ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. 22-3-2018 വരെയുള്ള കണക്കുപ്രകാരം 113 കോടി രൂപകൂടി സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുണ്ട്. ആയത് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

## കുറ്റ്യാടി മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

22(5447) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രധാനമായും എത്ര പാടശേഖരങ്ങളുടെ വികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; അവ ഏതൊക്കെ;

(സി) ഇവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) എസ്റ്റിമേറ്റ് പ്രകാരം ഓരോ പാടശേഖരത്തിനും ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെ;

(ഇ) ഇവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും; അല്ലെങ്കിൽ പൂർത്തീകരണത്തിനുള്ള തടസ്സങ്ങളും അതിനുള്ള പരിഹാരവും എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിക്ക് കീഴിൽ നടപ്പാക്കി വരുന്നു. ടി പദ്ധതി 6 പ്രവൃത്തികളായാണ് ടെണ്ടർ ചെയ്തത്. ഇവയിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മൂന്ന് പ്രവൃത്തികൾ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം വിട്ടുകിട്ടാത്തത് കൊണ്ടും പ്രാദേശികമായ തടസ്സങ്ങൾ കാരണവും നിർത്തിവച്ചിരിക്കുകയാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിലെ എറവത്തുമുക്കം കോതച്ചിറ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതി കെ.എൽ.ഡി.സി. മുഖേന ടെണ്ടർ ചെയ്തുവെങ്കിലും അംഗീകാര യോഗ്യമായ ടെണ്ടറുകളൊന്നും ലഭിക്കുകയുണ്ടായില്ല.

(ബി) വേളം പഞ്ചായത്തിൽ ചെറിയാണ്ടി കുന്നമ്മൽ, കാക്കുനി, കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ, നാരായണീനട, വാചാൽനട, തീക്കുനി, പെരുവയൽ, തെയ്യാട്ടുതാഴെ, ശാന്തിനഗർ, ചെറുകുന്ന് എന്നീ 12 പാടശേഖരങ്ങളിലും കുറ്റ്യാടി പഞ്ചായത്തിലെ ഊരത്ത്, വടയം എന്നീ 2 പാടശേഖരങ്ങളുമാണ് പദ്ധതിക്ക് കീഴിൽ ഉൾക്കൊള്ളിച്ചിരുന്നത്.

കെ.എൽ.ഡി.സി. മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയിൽ എറവത്തുമുക്കം - കോതച്ചിറ പാടശേഖരത്തിന്റെ വികസനമാണ് ലക്ഷ്യമിടുന്നത്.

(സി) കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന ഏറവത്തുമുക്കം-കോതച്ചിറ പാടശേഖരത്തിന്റെ വികസനപദ്ധതിയുടെ അടങ്കൽ തുക 40,36,075 രൂപയാണ് വരുന്നത്.

കൃഷി വകുപ്പിനെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ കപ്പള്ളി, നെടുങ്കണ്ടി എന്നീ രണ്ട് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 53.74 ലക്ഷം രൂപ അടങ്കലുള്ള ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ചെറിയാണ്ടിക്കുന്നുമ്മൽ, കാക്കുനി പാടശേഖരത്തിലെ വികസന പ്രവൃത്തികൾ

3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, തോട് സംരക്ഷണം, ടില്ലർ ബണ്ട് എന്നിവയാണ് പ്രധാന പ്രവൃത്തികൾ. പമ്പ് ഹൗസ്, കിണർ, വാട്ടർ ടാങ്ക് എന്നിവയ്ക്ക് ഇതുവരെയും സ്ഥലം ലഭ്യമായിട്ടില്ല.

കുറിച്ചികം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖരത്തിലെ വികസന പ്രവൃത്തികൾ

തോട് വികസനം, ടില്ലർ ബണ്ട്, കാപ്പ് പുനരുദ്ധാരണം എന്നിവയാണ് പ്രധാന പ്രവൃത്തികൾ. ആദ്യ രണ്ട് ഇനങ്ങൾ പൂർത്തീകരിച്ചു. കുളം ഉടമസ്ഥ തർക്കം കാരണം വിട്ടുകിട്ടിയില്ല.

നാരായണീനട, വാചാൽനട, തീക്കുനി പാടശേഖരത്തിലെ വികസന പ്രവൃത്തികൾ

തോടിന്റെ സംരക്ഷണമാണ് പ്രധാന ഇനം. എല്ലാ സീസണിലും വെള്ളക്കെട്ടുള്ള സ്ഥലമായതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

പെരുവയൽ പാടശേഖരത്തിലെ വിവിധ പ്രവൃത്തികൾ

തോട് സംരക്ഷണം, മൂന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, ഫാം റോഡ് നിർമ്മാണം, വി.സി.ബി. നിർമ്മാണം, കാപ്പ് പുനരുദ്ധാരണം എന്നിവയാണ് പ്രധാന ഇനങ്ങൾ. ഫാം റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും തോട്സംരക്ഷണ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. കുളം പുനരുദ്ധാരണം, പമ്പ് ഹൗസ് എന്നിവയ്ക്ക് സ്ഥലം വിട്ടുകിട്ടിയിട്ടില്ല. ഇവ ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

കുറ്റ്യാടി പഞ്ചായത്ത് ഊരത്ത്, വടയം പാടശേഖരത്തിലെ വിവിധ പ്രവൃത്തികൾ

തോട് വികസനം, വി.സി.ബി. നിർമ്മാണം എന്നിവയായിരുന്നു പ്രധാന ഇനങ്ങൾ. പ്രവൃത്തി ആരംഭിച്ച സമയത്തുതന്നെ എതിർപ്പുകൾ ഉണ്ടാവുകയും പ്രവൃത്തി ഉപേക്ഷിക്കുകയും ചെയ്തു. കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന എറവത്തുമുക്ക്-കോതച്ചിറ പാടശേഖരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തി ഇതുവരെ തുടങ്ങിയിട്ടില്ല.

(ഇ) കുറിച്ചികം, പാവുള്ളാട്ടുവയൽ പാടശേഖരങ്ങളിലെയും തെയ്യാട്ടുതാഴെ, ശാന്തിനഗർ, ചെറുകുന്ന്, പാടശേഖരങ്ങളിലെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പെരുവയൽ പാടശേഖരത്തിലെ പ്രവൃത്തികൾ മേയ് മാസം അവസാനത്തോക്ക് പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. താഴെപ്പറയുന്ന പ്രവൃത്തികൾ പൂർണ്ണമായും ഉപേക്ഷിക്കേണ്ടിവരുന്നതാണ്.

1. ചെറിയാണ്ടിക്കുന്നുമ്മൽ, കാക്കുനി പാടശേഖരത്തിലെ വികസന പ്രവൃത്തികൾ

2. നാരായണീ നട, വാചാൽ നട, തീക്കുനി പാടശേഖരത്തിലെ വികസന പ്രവൃത്തികൾ.

3. കുറ്റ്യാടി പഞ്ചായത്ത് ഊരത്ത്, വടയം പാടശേഖരത്തിലെ വിവിധ പ്രവൃത്തികൾ

മേൽപ്രവൃത്തികൾ നടപ്പാക്കാൻ സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്ക് അനുവദിക്കപ്പെട്ട തുക ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കാൻ സാധ്യതയുള്ള മറ്റ് പ്രവൃത്തികൾ ഉൾപ്പെടുത്തി റിവൈസ്ഡ് പ്രൊപ്പോസൽ തയ്യാറാക്കാവുന്നതാണെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന എറവത്തുമുക്കം-കോതച്ചിറ പാടശേഖരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പുനർ ദർഘാസ് പരസ്യം നൽകി പ്രവൃത്തി തുടങ്ങുവാൻ ആവശ്യമായ നടപടി ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

**കരനെൽകൃഷി**

23(5448) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ നെല്ല് സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കരനെല്ല് കൃഷിയിൽ നേട്ടമുണ്ടാക്കുന്ന കർഷകരെ ആദരിക്കാനും സഹായിക്കാനും പദ്ധതിയുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിനാവശ്യമായ മുഴുവൻ നെല്ലും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ തക്ക ഭൂവിസ്തൃതി ഇപ്പോൾ നിലവിലില്ല. എങ്കിലും നിലവിലുള്ള നെൽകൃഷി വിസ്തൃതി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിൽ 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ ശക്തവും കർക്കശവുമായ ഇടപെടലുകളെത്തുടർന്ന് കഴിഞ്ഞ രണ്ട് വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽനിന്നും 220449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിലേക്ക് സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കരനെൽകൃഷിയിൽ നേട്ടമുണ്ടാക്കുന്ന കർഷകരെ ആദരിക്കാൻ നിലവിൽ പദ്ധതിയില്ല. സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 13,600 രൂപ സബ്സിഡി നൽകിവരുന്നുണ്ട്. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 350 ലക്ഷം രൂപ വകയിരുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## സർക്കാർ നേരിട്ട് നെല്ല് സംഭരിക്കുന്നതിന് നടപടി

24(5449) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്ന സ്വകാര്യ മില്ലുകാർ നെല്ല് എടുക്കുമ്പോൾ 5% മുതൽ 10% വരെ കിഴിവ് വരുത്തുന്നതുമൂലം കർഷകനുണ്ടാകുന്ന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കുന്നതിനും സർക്കാർ നേരിട്ട് നെല്ല് സംഭരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) നെല്ലിന്റെ വിലയുള്ള തുക ലഭിക്കുന്നതിനായി നൽകുന്ന പി.ആർ.സ്ലിപ്പുകൾ മാറ്റി കിട്ടുന്നതിന് ചില ബാങ്കുകൾ വലിയ കാലതാമസം വരുത്തുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകിയിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസരിച്ച് സംഭരിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നെല്ലിൽനിന്ന് മാത്രമാണ് സംഭരിക്കുന്ന ഓരോ ക്വിന്റൽ നെല്ലിനും 68% അരി ലഭിക്കുന്നത്. കർഷകർ നൽകുന്ന നെല്ല് നിശ്ചിത ഗുണനിലവാരമുള്ളതല്ലെങ്കിൽ ആയത് നിർദ്ദിഷ്ട ഗുണനിലവാരത്തിലേക്ക് മാറ്റുമ്പോൾ തൂക്കത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി ആ പ്രദേശത്തെ കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ്, പാഡി മാർക്കറ്റിംഗ് ഓഫീസർ, പ്രസ്തുത പാടശേഖരത്തിലെ കർഷക പ്രതിനിധികൾ എന്നിവർ സംയുക്തമായി കൂടിയാലോചിച്ച് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംഭരിക്കുന്ന നെല്ലിൽ കിഴിവ് വരുത്തുന്നത്. കർഷകർ നിർദ്ദിഷ്ട ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നെല്ലാണ് നൽകുന്നതെങ്കിൽ തൂക്കത്തിൽ കിഴിവ് വരുത്താതെ സംഭരിക്കുന്നതാണ്.

(സി) നെല്ലിന്റെ വിലയ്ക്കുള്ള തുക ലഭിക്കുന്നതിനായി നൽകുന്ന പി.ആർ.എസ്. സ്ലിപ്പുകൾ മാറ്റി നൽകുന്നതിന് ചില ബാങ്കുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കാനായി ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും 14-3-2018-ലെ സ.ഉ. (സാധാ) നമ്പർ126/2018/ ഭ.സി.സ.വ. ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെക്കൂടി ബാങ്കുകളുടെ അതേ പരിഗണന നൽകി പി.ആർ.എസ്. വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കർഷകർക്ക് മിനി ഫ്ലവർ മിൽ നൽകുന്നതിനുള്ള നടപടി**

25(5450) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ നെൽകൃഷി ചെയ്യുന്ന കർഷകന് നെല്ല് കുത്തി അരിയാക്കി വിതരണം നടത്തുന്നതിന് മിനി ഫ്ളവർ മിൽ സബ്സിഡിയിനത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) നെൽകൃഷി ചെയ്യുന്നതിന് കർഷകരെ പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം മിനി റൈസ് മില്ലുകളും നെല്ല് പുഴുങ്ങിക്കുത്തി അരിയും അരി ഉൽപ്പന്നങ്ങളുമാക്കി വിപണനം നടത്തുന്ന പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകാൻ വ്യവസ്ഥയുണ്ട്. പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും

സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായാണ് ധനസഹായം നൽകുക. നിലവിൽ 415 ചെറുകിട അരി മില്ലുകളും 13 സംസ്കരണ യൂണിറ്റോടുകൂടിയ അരിമില്ലുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 7000 ലക്ഷം രൂപ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

## നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ

26(5451) ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ വ്യാപ്തി കഴിഞ്ഞ വർഷം എത്രമാത്രം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ചുവെങ്കിലും നെല്ല് ഉൽപാദനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ഏറ്റവും കുറഞ്ഞ ഉൽപ്പാദനമാണ് 2016-17 വർഷം ഉണ്ടായത് എന്നത് വസ്തുതയാണോ;

(സി) എത്ര ശതമാനം കുറവാണ് 2016-17 ൽ ഉണ്ടായതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) നെൽകൃഷിയുടെ വിസ്തൃതി 13-ാം പഞ്ചവത്സര പദ്ധതികാലത്ത് വർദ്ധിപ്പിക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ഇ) നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധചെലുത്തുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടറിലായിരുന്ന നെൽകൃഷി 2016-17 വർഷം ആയത് 171398 ഹെക്ടറായി. വിസ്തൃതിയിൽ കാണുന്ന ഗണ്യമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുറവ് രണ്ടാം വിള കാലത്തും തുടർന്നും ഈ നൂറ്റാണ്ടിന്റെ ഏറ്റവും രൂക്ഷമായ വരൾച്ചമൂലമായിരുന്നു. 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി രൂക്ഷമായ വരൾച്ചമൂലം നാശം സംഭവിച്ചോ കൃഷി ഇറക്കാൻ കഴിയാതെയോ നഷ്ടപ്പെട്ടതിനാലാണ് വിസ്തൃതിയിലും ഉൽപ്പാദനത്തിലും കുറവുണ്ടായത്. എന്നാൽ ഈ സാമ്പത്തിക വർഷം നെൽകൃഷിയുടെ വിസ്തൃതി 220449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2016-17 വർഷമുണ്ടായ കഠിനമായ വരൾച്ചമൂലം കഴിഞ്ഞ അഞ്ച് വർഷത്തെ ഏറ്റവും കുറഞ്ഞ ഉൽപ്പാദനമാണ് 2016-17 വർഷം ഉണ്ടായതെന്നത് വസ്തുതയാണ്.

(സി) 2015-16 വർഷത്തെ അപേക്ഷിച്ച് 20.53% കുറവ് 2016-17-ൽ ഉണ്ടായി. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്കുബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമെ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. ഇതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം നെല്ലുൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ കൃഷി വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിൽ സ്ഥിതിയിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് 2016-17 കാലഘട്ടത്തിനെക്കാൾ 49051 ഹെക്ടർ സ്ഥലത്ത് ഈ സാമ്പത്തിക വർഷം നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) തരിശുനില കൃഷി, കരനെൽകൃഷി, സവിശേഷ ഇനം നെല്ലിന്റെ വ്യാപനം, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിലൂടെയുള്ള കൃഷി എന്നിവയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. പ്രധാന ലക്ഷ്യം പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ നെൽ കൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്. പ്ലാൻ പദ്ധതിയിലെ വിടവുകൾ ആർ.കെ.വി.വൈ.-യിലെ ഘടകങ്ങൾ ഉപയോഗപ്പെടുത്തി നടപ്പാക്കും.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം നടപ്പുവർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. സുസ്ഥിര നെൽകൃഷി
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. തരിശുനില കൃഷി
7. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി
8. പദ്ധതിയധിഷ്ഠിത ധനസഹായം
9. നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം
10. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം
11. റൈസ് മില്ലുകൾ സ്ഥാപിക്കൽ
12. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
13. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)

(ഇ) നെല്ലിന്റെ ഉൽപ്പാദനക്ഷമത ഉപയോഗിക്കുന്ന വിത്തിന്റെ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു. അത് മണ്ണിനെയും കാലാവസ്ഥയെയും ആശ്രയിച്ച് പ്രകടിപ്പിക്കുന്നതാണ്. ഉൽപ്പാദനോപാധികൾ കൃത്യമായും സമയബന്ധിതമായും ഉപയോഗിക്കുകയും കീടരോഗബാധ ഉണ്ടാകാതെയിരിക്കുകയും കാലാവസ്ഥ അനുകൂലമായിരിക്കുകയും ജലലഭ്യത ഉറപ്പാക്കുകയും ചെയ്താൽ വിത്ത് അതിന്റെ പൂർണ്ണമായ ഉൽപ്പാദനക്ഷമത നൽകും. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രീയമായ പരിചരണത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കാര്യമായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**നെൽകൃഷിക്ക് നൽകിവരുന്ന ഉൽപ്പാദന ബോണസ്**

27(5452) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി മേഖലയിൽ ഉത്പാദന ബോണസ് ഹെക്ടറിന് എത്രയാണ് നൽകിവരുന്നത് ;

(ബി) രാസവളം, കീടനാശിനി, കൃഷി ഇറക്കൽ എന്നിവയ്ക്ക് ഉത്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് ഉത്പാദന ബോണസ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) നെല്ലിന്റെ ഉൽപ്പാദനചെലവ് വർദ്ധിച്ചത് കണക്കിലെടുത്തും നെൽകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് ഹെക്ടറിന് 1,000 രൂപ നിരക്കിൽ ഓരോ സീസണിലും നൽകി വരുന്നു.

(ബി) ഉൽപ്പാദന ബോണസ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ

28(5453) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത നെൽകൃഷിയിടങ്ങളെ ഏഴ് പ്രത്യേക മേഖലകളാക്കി തിരിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിപണനമൂല്യവും ഉല്പാദനശേഷിയും കൂടുതലുള്ള ഏതൊക്കെ മേഖലകളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; പ്രത്യേക ബ്രാൻഡിൽ അരി വിപണിയിൽ എത്തിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ജയ, ജ്യോതി തുടങ്ങിയ ബ്രാൻഡ് അരികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് ആവശ്യമായ നെല്ലിന്റെ എത്ര ശതമാനം നെല്ലാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(എഫ്) സംസ്ഥാനത്ത് വിത്ത് വിതയ്ക്കുന്നതിന് യന്ത്രം വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരമ്പരാഗത നെൽകൃഷിയിടങ്ങളെ ഏഴ് പ്രത്യേക മേഖലകളാക്കി തിരിച്ച് സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട്. അടിസ്ഥാന സൗകര്യ വികസനം നിർണ്ണായക പ്രധാന്യമുള്ളതും മറ്റ് പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നെൽകൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷിക മേഖലകളിൽ 6 മേഖലകൾക്ക് ചുവടെ പറയുംപ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപയാണുള്ളത്.

4. പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാൻഡിംഗ്, കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

5. വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പരമ്പാഗതമായി കൃഷി ചെയ്യുന്ന തനതുവിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

6. കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണുള്ളത്.

(സി) 2017-18 സാമ്പത്തിക വർഷത്തിന് വകയിരുത്തിയ തുകയുള്ള വിശദമായ പ്രൊപ്പോസലും റിപ്പോർട്ടും ഓരോ സോണിനുവേണ്ടിയും തയ്യാറാക്കിയിട്ടുണ്ട്.

നിലവിൽ നടപ്പ് വർഷം പാലക്കാട് സോണിൽനിന്ന് മാത്രമാണ് അരിയുടെ ബ്രാൻഡിംഗിന് പ്രൊപ്പോസലുള്ളത്. എന്നാൽ പ്രാദേശികതലത്തിൽ ബ്രാൻഡിംഗ് നടത്തി വിപണനം നടത്തിവരുന്നു. (പെരിനാട് അരി, ആറന്മുള അരി, മെത്രാൻ റൈസ് തുടങ്ങിയവ)

(ഡി) നിലവിൽ പാലക്കാട് സോണിൽ നിന്നും ജൈവ ബിരിയാണി അരിയുടെ ബ്രാൻഡിംഗ് മാത്രമാണുൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കർഷകരുടെ താൽപ്പര്യപ്രകാരം കൃഷിയിറക്കുന്ന ജയ, ജ്യോതി തുടങ്ങിയ നെല്ലിനങ്ങൾ അതേപടിയാണ് വിപണനം നടത്തിവരുന്നത്.

(ഇ) 2016-17-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ അരി ഉൽപ്പാദനം 4,36,483 ടണ്ണായിരുന്നു. ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 34334885 പൗരന്മാർക്ക് ഒരു വർഷത്തേക്ക് 6083145 ടൺ അരി ആവശ്യമായി വരും. 7.18% മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്.

(എഫ്) സംസ്ഥാനത്തിനുതകുന്ന തരത്തിൽ കേരള കാർഷിക സർവ്വകലാശാല വിത്ത് വിതയ്ക്കുന്നതിന് യന്ത്രം (സീഡ് ഡ്രില്ല്) വികസിപ്പിച്ചിട്ടുണ്ട്. ടില്ലറിൽ ഘടിപ്പിക്കുന്ന ഇത്തരം സീഡ് ഡ്രില്ലുകൾ തുല്യ അകലത്തിലും ആഴത്തിലും വിത്ത് വിതയ്ക്കുകയും പക്ഷികളും മറ്റും വിത്ത് തിന്നുനശിപ്പിക്കാത്ത രീതിയിൽ വിതയ്ക്കുകയും ചെയ്യുന്നു. വിത്ത് നഷ്ടപ്പെടുന്നത് കുറയുന്നതുവഴി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിക്കുകയും ചെയ്യുന്നു.

**റബ്ബറിന്റെ താങ്ങുവില ഉയർത്താൻ നടപടി**

29(5454) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്ര രൂപയാണ്; ഇത് കർഷകർക്ക് നൽകുന്നത് എങ്ങനെയാണ്; വ്യക്തമാക്കാമോ;

(ബി) റബ്ബർ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ ധനകാര്യവകുപ്പും, റബ്ബർബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ അടിസ്ഥാനത്തിൽ സംബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു. പദ്ധതിയിൽ കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിന് റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും. റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷി ഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായി സബ്സിഡി തുക അതത് അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തിവരികയും ചെയ്യുന്നു. ഈ പദ്ധതിയിൻ കീഴിൽ RSS-1,2,3,4,5 ലാറ്റക്സ് എന്നീതരം റബ്ബറുകൾക്ക് സബ്സിഡി നൽകിവരുന്നു. പദ്ധതിയിടെ മൂന്നാംഘട്ടം 2017 ജൂലൈയിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കിവരികയാണ്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ റബ്ബർ കർഷകർക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. 7-3-2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് മുഴുവൻ ബില്ലുകളുടെയും സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 2018 ഫെബ്രുവരി മാസംവരെയുള്ള ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ

വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ 22-2-2018-ൽ നേരിൽകണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കേരള ചീഫ് സെക്രട്ടറി ചെയർമാനായി കമ്മിറ്റി 23-3-2018-ൽ തിരുവനന്തപുരത്ത് യോഗം ചേർന്ന് കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. രണ്ട് മാസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കൂടാതെ ഉൽപ്പാദന ചെലവിന് ആനുപാതികമായി സ്വഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉൽപ്പാദക ബോണസ് 150 രൂപയിൽനിന്ന് 200 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യവും കമ്മിറ്റിയിൽ ചർച്ച ചെയ്തു.

**കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ**

30(5455) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി/നെൽകൃഷി/കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങി എല്ലാ കാർഷിക ഉല്പന്നങ്ങളുടേയും കൃഷി പ്രോത്സാഹിപ്പിക്കാനും അവരവരുടെ കാർഷിക മേഖലാ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കി കൃഷി നടത്താനുമായി കൃഷി വകുപ്പ് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് ആവശ്യം വേണ്ടുന്ന കിഴങ്ങുവിത്തുകൾ ഉൾപ്പെടെ എന്തെല്ലാം വിത്തുകളാണ് നല്കിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവർക്കാവശ്യം വേണ്ടുന്ന വളങ്ങൾ തുടങ്ങി മറ്റ് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തെങ്കിലും കാരണത്താൽ കൃഷിനാശം സംഭവിക്കുന്നപക്ഷം കർഷകരെ സഹായിക്കാനായി കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നും കൃഷിനാശം സംഭവിച്ചാൽ അവർക്കു നല്കിവരുന്ന സഹായങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>പച്ചക്കറി കൃഷി</u>

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ വിവിധ ഘടകങ്ങളിലായി കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. 2017-18 സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിരുന്നു. അയതുപ്രകാരം സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
- സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- നഴ്സറികൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി പോളീഹൗസ്'-കളുടെ പ്രോത്സാഹനം
- 'വെജിറ്റബിൽ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
- മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം.
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

- സേഫ് ടു ഈറ്റ് - ബ്രാൻഡിംഗ്
- അവാർഡ് വിതരണം.
- ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം.
- മഴമറ നിർമ്മാണം.
- ബാഹ്യ നിരീക്ഷണം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- വി.എഫ്.പി.സി.കെ.

II <u>നെൽകൃഷി</u>

കാർഷിക മേഖലാ പ്രാധാന്യം കണക്കാക്കി നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട്, കോൾ പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട്. അടിസ്ഥാന സൗകര്യ വികസനം നിർണ്ണായക പ്രാധാന്യമുള്ളതും മറ്റ് പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ (ക്രിട്ടിക്കൽ ഗാപ്പ് ഫില്ലിങ്) എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നെൽ കൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷിക മേഖലകളിൽ 6 മേഖലകൾക്ക് നടപ്പ് വർഷം ചുവടെ പറയുംപ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാൻഡിംഗ്, കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനത് വിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.
- കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.09 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

III കിഴങ്ങുവർഗ്ഗ വിളകൾ

കേരളത്തിലെ 14 ജില്ലകളിലായി 666 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷിക്ക് ഹെക്ടറിന് 15,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 4 ആദിവാസി വില്ലേജുകളിലായി 125 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 20,000 രൂപ ധനസഹായം നൽകി കിഴങ്ങുവർഗ്ഗവിളകൾ കൃഷി ചെയ്തിട്ടുണ്ട്. സി.റ്റി.സി.ആർ.ഐ. മുഖാന്തരം 25 ലക്ഷം രൂപയുടെ പുതിയ ഇനം കിഴങ്ങ് വിത്തുകൾ 24 സീഡ് വില്ലേജുകളിലായി വിതരണം നടത്തി കൃഷി ചെയ്തുവരുന്നു.

(ബി) വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 57 ലക്ഷം വിത്ത്പായ്ക്കറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു. കൂടാതെ മുൻവർഷങ്ങളിൽ നൽകിയ ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. വീടുകളിൽ മുരിങ്ങ, അഗത്തി, ശീമച്ചക്ക, കറിവേപ്പില എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 40000 കിറ്റുകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ മാധ്യമങ്ങൾ എൻ.ജി.ഒ. മുഖേനയും പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

ചേന, ചേമ്പ്, കാച്ചിൽ, മരിച്ചീനി എന്നീ കിഴങ്ങുവർഗ്ഗ വിളകളുടെ വിത്തുകൾ കർഷകർക്ക് നൽകിയിട്ടുണ്ട്.

(സി) വിത്തുപായ്ക്കറ്റുകൾ, തൈകൾ, ജൈവ കീടനാശിനികൾ/ജൈവ ജീവാണുവളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, വാം എന്നിവ കർഷകർക്ക് നൽകുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ലാബുകളിലോ കേരള കാർഷിക സർവ്വകലാശാലയിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ കീടനാശിനികൾ/ജൈവാണു വളങ്ങളാണ് കർഷകർക്ക് വിതരണം നടത്താറുള്ളത്.

(ഡി) 29-9-2015-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (എം. എസ്) നമ്പർ 182/2015/കൃഷി പ്രകാരം പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചാൽ കൃഷിനാശത്തിനുള്ള ധനസഹായം നൽകിവരുന്നു.

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽനിന്നും നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതതു സമയങ്ങളിൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

സംസ്ഥാനം പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത വിളകൾ നശിച്ചാൽ 22-3-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 37/2017/കൃഷി പ്രകാരം കൃഷിനാശത്തിനുള്ള ആനുകൂല്യം അനുവദിച്ചുവരുന്നു. ഇതിനകം ഈ പദ്ധതിപ്രകാരം 5705 കർഷകർക്ക് 3,05,68,965 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രധാൻമന്ത്രി ഫസൽ ബീമായോജന പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ആനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ പ്രകൃതിക്ഷോഭംമൂലം നെൽകൃഷിക്ക് നാശം ഉണ്ടായാൽ വീണ്ടും വിളയിറക്കുന്നതിന് അടിയന്തര ഘട്ടങ്ങളിൽ നെൽവിത്ത് സൗജന്യമായി സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന ലഭ്യമാക്കുന്നു.

**കൃഷി അറിവുകൾ കർഷകരിലെത്തിക്കാൻ കർഷക മിത്രങ്ങൾ**

31(5456) ശ്രീ. കെ. വി. വിജയദാസ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കർഷകരുടെ ഉല്പന്നങ്ങൾ വീടുകളിലെത്തി ശേഖരിച്ച് വിപണിയിൽ എത്തിക്കുന്നതിന് കർഷക മിത്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) കൃഷി ഭവനുകൾവഴി ലഭിക്കുന്ന വിവിധ സഹായങ്ങളും കൃഷി അറിവുകളും കർഷകരിലെത്തിക്കാൻ കർഷക മിത്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കർഷക മിത്രങ്ങളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; വിശദമാക്കാമോ;

(ഇ) ഇടനിലക്കാരെ ഒഴിവാക്കുന്നതുമൂലം കർഷകർക്ക് ന്യായമായ വില ലഭ്യമാകുമെന്നതിനാൽ ഈ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് 'വിപണി ഇടപെടൽ' പദ്ധതിയുടെ ഭാഗമായി ഓണസമൃദ്ധി, വിഷുക്കണി, സംഭരണം, താങ്ങുവില നിശ്ചയിക്കൽ എന്നിവയും കൂടാതെ വിപണി വികസനം ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കാർഷിക മൊത്ത വ്യാപാര വിപണി, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) കർഷക മിത്രമായി തെരഞ്ഞെടുക്കുന്ന ആൾ കർഷക കുടുംബത്തിൽനിന്നുള്ള ആളായിരിക്കണം. കമ്പ്യൂട്ടറിൽ ഏറ്റവും കുറഞ്ഞത് ഒരു മാസത്തെയെങ്കിലും അംഗീകൃത ട്രെയിനിംഗ് നേടിയ ആളായിരിക്കണം. വിപണന രംഗത്ത് പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. സ്വയം തൊഴിൽ അടിസ്ഥാനത്തിൽ പ്രവർത്തിക്കണം. ഒരു മാസം കുറഞ്ഞത് 100 കർഷകരുടെയെങ്കിലും ഉൾപ്പന്നങ്ങൾ വിൽക്കാൻ സഹായിക്കണം. കർഷകർക്ക് മാർക്കറ്റിലെ വിലനിലവാരം അന്നന്ന് ശേഖരിച്ച് അറിയിക്കണം. ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടി നൽകണം.

(ഇ) പരിശോധിക്കുന്നതാണ്.

## കാർഷിക മേഖലയിൽ അനുവദിക്കുന്ന തുക യഥാർത്ഥ കർഷകന് ലഭ്യമാക്കാനും ജലദൗർലഭ്യം പരിഹരിക്കാനും നടപടി

32(5457) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനലും മഴക്കുറവുംകാരണം കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന ജലദൗർലഭ്യവും തൻമൂലമുള്ള കൃഷിനാശവും കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷിക്കാവശ്യമായ ജലവും ഇതര സഹായങ്ങളും ഉറപ്പുവരുത്തി കാർഷിക മേഖലയെ നിലനിർത്താനായി കൃഷി വകുപ്പ് നല്കി വരുന്ന സഹായങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ബന്ധമുണ്ടാക്കി കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും വ്യാജനടപടികളിലൂടെ കൈവശപ്പെടുത്തുന്നതും അതുവഴി കാർഷിക വികസനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകളുടെ ഫലപ്രാപ്തി ഇല്ലാതാക്കുന്നതുമായ പ്രവർത്തനങ്ങൾ കാലാകാലങ്ങളായി നടന്നുവരുന്നത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനും കാർഷിക മേഖലയിൽ അനുവദിക്കുന്ന തുക യഥാർത്ഥ കർഷകന് ലഭ്യമാക്കാനുമായി മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ കൃഷി വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളം എന്നിവയുടെ നവീകരണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയ നടപ്പിലാക്കിവരുന്നു. ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായം പൂശൽ എന്നിവ അവലംബിക്കുവാൻ നിർദ്ദേശം നൽകി ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് മുതലായ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദ്ദേശം നൽകി.

വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജികളായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരൾച്ചമൂലം കൂടുതൽ കൃഷിനാശം ഉണ്ടാകാതിരിക്കാനാവശ്യമായ മുൻകരുതൽ എടുക്കുന്നതിനായി ജനപ്രതിനിധികളുടെയും കർഷകരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും സഹായം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യം അതത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന E-payment സംവിധാനം 2011-12 മുതൽ കൃഷി വകുപ്പിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതുവഴി കർഷകരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിവരുന്നു.

(ഡി) ഇക്കാര്യം കൂടുതൽ സുതാര്യമാക്കുന്നതിനും അത് ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവർക്ക് പരിശോധിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം കൃഷി വകുപ്പിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി ഈ വർഷം എല്ലാ വാർഡുകളിലും വാർഡുതല കർഷക സഭകൾ വിളിച്ചുചേർത്ത് കൃഷി വകുപ്പിലെ പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുവാനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും അവസരമുണ്ടാക്കും.

## കാർഷിക കടാശ്വാസ പദ്ധതി

33 (5458) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി കാർഷിക കടാശ്വാസ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്; പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാർഷിക ആവശ്യത്തിനായി എടുക്കുന്ന പണം ഇതേ ആവശ്യം നിറവേറ്റുന്നതിനാണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ;ഒട്ടേറെ അനർഹർ ഇത്തരത്തിൽ കാർഷിക വായ്പ എടുക്കുന്ന സാഹചര്യത്തിൽ യഥാർത്ഥ കർഷകരെ കണ്ടെത്തി അവരുടെ മാത്രം വായ്പ എഴുതിത്തള്ളുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ 31-10-2011 വരെയും മറ്റ് ജില്ലകളിൽ 18-1-2007-നുമുമ്പും കർഷകർക്ക് സഹകരണ ബാങ്കിൽ നിലനിൽക്കുന്ന കടത്തിന്റെ കുടിശ്ശികയുടെ ഒരു ഭാഗം സർക്കാർ അടയ്ക്കുന്നതിന് 2006-ലെ കേരള കടാശ്വാസ കമ്മീഷൻ നിയമം അനുസരിച്ച് പ്രവർത്തിച്ചുവരുന്ന കടാശ്വാസ കമ്മീഷൻ ശിപാർശ അനുസരിച്ച് കടാശ്വാസം നൽകിവരുന്നു.

(ബി) പ്രാദേശിക അധികൃതർ നൽകുന്ന രേഖകൾ പരിശോധിച്ച് യഥാർത്ഥ കർഷകനാണെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് കടാശ്വാസം അനുവദിക്കുന്നത്. അപേക്ഷകൻ കർഷകനാണെന്നതിന് തെളിവായി റവന്യൂ രേഖകളുടെ അടിസ്ഥാനത്തിലാണ് ലോണുകൾ അനുവദിക്കുന്നതെന്ന് ലോൺ കൊടുക്കുന്നതിന് മുമ്പും അതിനുശേഷവും സന്ദർശനം നടത്തി കാർഷികാവശ്യത്തിനാണ് ലോൺ ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുവെന്നും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്.

**ട്രാക്ടർ വാങ്ങുന്നതിന് കർഷകർക്ക് നൽകുന്ന സഹായങ്ങൾ**

34(5459) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ട്രാക്ടർ, ട്രില്ലർ, പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിന് കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവ കർഷകർക്ക് ലഭ്യമാക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രാക്ടർ, ട്രില്ലർ, സോളാർ പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിന് SMAM (Sub Mission of Agriculture Mechnization) പദ്ധതി വഴി സഹായം നൽകിവരുന്നു.

SMAM പദ്ധതി പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കും സ്ത്രീകൾക്കും എസ്.സി. എസ്.ടി.വിഭാഗക്കാർക്കും കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് 35% മുതൽ 50% വരെ നിജപ്പെടുത്തിയിട്ടുള്ള നിരക്കിലും മറ്റുള്ളവർക്ക് 25% മുതൽ 40% വരെ നിജപ്പെടുത്തിയിട്ടുള്ള നിരക്കിലും സാമ്പത്തിക സഹായം നൽകിവരുന്നു. കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാടകയ്ക്ക് കൊടുക്കുന്നതിലേക്കായി ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിനായി സംരംഭകർ, കർഷകർ, കർഷകരുടെ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് 40% നിരക്കിൽ സബ്സിഡി നൽകിവരുന്നു. യന്ത്രവൽക്കരണം കുറഞ്ഞ പ്രദേശങ്ങളിൽ ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 8 കർഷകരെങ്കിലുമുള്ള സ്വയം സഹായ സംഘങ്ങൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ തുടങ്ങിയവയ്ക്ക് 80% നിരക്കിൽ സബ്സിഡി നൽകിവരുന്നു.

## പെരിന്തൽമണ്ണ കുന്തിപ്പാറ തോട്മൂലം കർഷകർ നേരിടുന്ന നാശനഷ്ടങ്ങൾ

35 (5460) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ കുന്തിപ്പാറ തോട് കരകവിഞ്ഞൊഴുകുന്നതുമൂലം കർഷകർ നേരിടുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത തോടിന്റെ ഇരുകരകളിലും കൃഷിയ്ക്കും മറ്റ് സ്വത്ത് വകകൾക്കും സംരക്ഷണമേർപ്പെടുത്തുന്ന തരത്തിലുള്ള സ്ഥിരം സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വെട്ടത്തൂർ പഞ്ചായത്തിൽ പോബ്സൺ റോഡിനേയും മേൽക്കുളങ്ങര റോഡിനെയും ബന്ധിപ്പിക്കുന്ന ജൂബിലി റോഡിന് സമാന്തരമായി ഒഴുകുന്ന തോട് കഴിഞ്ഞ മഴക്കാലത്ത് പൊട്ടിയൊലിച്ചുപോയിരുന്നു. പ്രസ്തുത തോടിന്റെ പേര് പൊട്ടിപ്പാറ തോട് എന്നാണ്. ആയത് കൃഷി ഓഫീസറും ഇറിഗേഷൻ എഞ്ചിനീയറും ജല സംരക്ഷണ ഉപദൗത്യം പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആവശ്യമായ നടപടികൾ പഞ്ചായത്തുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്.

## ഓഖി ചുഴലിക്കാറ്റ്

36(5461) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമൊട്ടാകെ കടുത്ത വേനൽ മുഖാന്തരം കർഷകരും കുടുംബങ്ങളും അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളും തുടർകൃഷിക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കൃഷിവകുപ്പ് പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം ഇത്തരത്തിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന സാധാരണ കർഷകരേയും ഒപ്പം മറ്റ് കർഷകരേയും സഹായിക്കാനായി കൃഷിവകുപ്പും ഈ സർക്കാരും എന്ത് നടപടികൾ സ്വീകരിക്കും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കടുത്ത വരൾച്ച കാരണം സംസ്ഥാനത്ത് അനുഭവപ്പെടുന്ന ജലദൗർലഭ്യം, വ്യാപകമായ കൃഷിനാശം എന്നിവമൂലം കർഷരും പൊതുജനങ്ങളും വളരെയധികം ദുരിതം അനുഭവിക്കുന്നു. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക്, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൂടുതലായുള്ള നാശം സംഭവിച്ചത്. മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശം കൂടി നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ കള കൂടുതൽ വളരുന്നത് കർഷകർക്ക് സാമ്പത്തിക ബാധ്യത വരുത്തുകയും ഹ്രസ്വകാല വിളകൾക്ക് 30% മുതൽ 50% വരെയും ദീർഘകാല വിളകൾക്ക് 20% വരെയും വിളവ് കുറയുമെന്ന് പ്രതീക്ഷിക്കുന്നു. കാർഷികോൽപ്പാദനം കുറഞ്ഞതും, കൃഷിയിടങ്ങൾ ഉണങ്ങി നശിച്ചതുംമൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടന യെത്തന്നെ ബാധിച്ചിരിക്കുന്നു.

(ബി) ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനുംമറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളം എന്നിവയുടെ നവീകരണം പമ്പ്സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായം പൂശൽ എന്നിവ അവലംബിക്കുവാൻ നിർദ്ദേശം നൽകി. ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് മുതലായ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദ്ദേശം നൽകി.

വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജികളായി PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesucular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരൾച്ചമൂലം കൂടുതൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനായി ജനപ്രതിനിധികളുടെയും കർഷകരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും സഹായത്തോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ കാർഷിക മേഖലയിലുണ്ടായ നഷ്ടം**

37(5462) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ൽ വരൾച്ചയെ തുടർന്ന് പാലക്കാട് ജിലയിൽ കാർഷിക മേഖലയിലുണ്ടായ നഷ്ടം എത്രയാണെന്ന് ബ്ലോക്കടിസ്ഥാനത്തിൽ വിശദമാക്കാമോ; നഷ്ടം ഉണ്ടായവർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വരാൻ പോകുന്ന വേനലിനെ നേരിടാൻ എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ ആകെ 27,64,23,200 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അതിൽ സർക്കാർ കണക്കനുസരിച്ച് 14,01,19,765 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളം എന്നിവയുടെ നവീകരണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായം പൂശൽ എന്നിവ അവലംബിക്കുവാൻ നിർദ്ദേശം നൽകി. ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് മുതലായ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദ്ദേശം നൽകി.

## പാലക്കാട് കാർഷിക മേഖലയിലുണ്ടായ നഷ്ടം

38(5463) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ 2016-17 വർഷത്തിൽ ജലദൗർലഭ്യംമൂലം കാർഷിക മേഖലയിലുണ്ടായ നഷ്ടം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇങ്ങനെ കൃഷിനഷ്ടം ഉണ്ടായ കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജലദൗർലഭ്യംമൂലം കാർഷിക മേഖലയിൽ 236.74 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 13990 ഹെക്ടർ സ്ഥലത്ത് രണ്ടാംവിള നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടില്ലാത്ത കർഷകർക്ക് നാല് കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## തരിശ് സ്ഥലത്ത് കൃഷിയിറക്കുന്ന കർഷകർക്ക് സഹായങ്ങൾ

39(5464) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് സ്ഥലങ്ങളിൽ കൃഷിയിറക്കുന്ന കർഷകർക്കുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) 2017-18 -ലെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് കിടന്ന ആയിരം ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുവാൻ പദ്ധതിയിട്ടിരുന്നോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. 2017-18 പച്ചക്കറി വികസന പദ്ധതിപ്രകാരം തരിശ് സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000 രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപയുമാണ് നൽകുന്നത്.

തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്.

തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്ന് വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്കുപുറമെ അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും, യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ബി) 2017-18-ലെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് കിടന്ന ആയിരം ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. ആയതുപ്രകാരം നാളിതുവരെ 900 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഇതിൽനിന്നും 9006 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. വിളവെടുപ്പ് പൂർത്തിയായിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിൽ തരിശ് ഭൂമിയിലെ കൃഷി**

40(5465) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കൃഷിയോഗ്യമായതും എന്നാൽ നിലവിൽ തരിശായി കിടക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ വിവരശേഖരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഭൂമിയിൽ കൃഷി ആരംഭിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ കൃഷിയോഗ്യമായതും എന്നാൽ നിലവിൽ തരിശായി കിടക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ കൃഷിഭവൻ പരിധികളിലുള്ള തരിശ് ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കൃഷിഭവൻ | തരിശുപാടങ്ങളുടെ വിസ്തീർണ്ണം |
|---|---|
| തെക്കേക്കര | 30 ഹെക്ടർ |
| തഴക്കര | 35 ഹെക്ടർ |
| മാവേലിക്കര | 82 ഹെക്ടർ |
| താമരക്കുളം | 90 ഹെക്ടർ |
| പാലമേൽ | 188 ഹെക്ടർ |
| നൂറനാട് | 100 ഹെക്ടർ |
| ചുനക്കര | 120 ഹെക്ടർ |
| വള്ളികുന്നം | 70 ഹെക്ടർ |
| ആകെ | 715 ഹെക്ടർ |

(സി)

| കൃഷിഭവൻ | സ്വീകരിച്ച നടപടി |
|---|---|
| തെക്കേക്കര | കർഷകർ സ്വന്തമായി സ്ഥലം ഒരുക്കി കൃഷി ചെയ്തു. തെക്കേക്കര പൊന്നേഴ സർവ്വീസ് സഹകരണ സംഘം, ഓണാട്ടുകര വികസന ഏജൻസി, കൃഷി വകുപ്പ് എന്നിവ സംയുക്താടിസ്ഥാനത്തിൽ പലതവണ കർഷകരുടെ യോഗം ചേർന്ന് യന്ത്രസഹായത്തോടെ 'പായ് ഞാറ്റടി' തയ്യാറാക്കി 10.26 ഹെക്ടർ തരിശ്കൃഷി ചെയ്തു. |
| തഴക്കര, മാവേലിക്കര | തഴക്കര പഞ്ചായത്തിൽ 13.6 ഹെക്ടറും മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 18 ഹെക്ടറും കുട്ടനാടൻ കർഷകർ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്തു. |
| താമരക്കുളം | കൃഷി വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി തരിശുനിലങ്ങൾ കൃഷി ഉൾപ്പെടുത്തി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. |
| പാലമേൽ, നൂറനാട് | കരിങ്ങാലിചാൽ പുഞ്ചയിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കി വരുന്നു. കരിങ്ങാലിചാൽ പുഞ്ച പ്രദേശത്ത് തരിശായികിടന്ന 529 ഹെക്ടർ സ്ഥലത്തുനിന്നും ഇപ്പോൾ 130 ഹെക്ടർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി സ്ഥലത്തുകൂടി കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ചുനക്കര | പെട്ടി പറ പ്രവർത്തനക്ഷമമാക്കി, പാടശേഖരങ്ങളിലേക്കുള്ള തോടുകൾ ആഴംകൂട്ടി വൃത്തിയാക്കി. ജലസേചന പമ്പുസെറ്റുടമകൾക്ക് സബ്സിഡി നൽകി. ചുനക്കര കാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ ട്രാക്ടർ ഉപയോഗിച്ച് മിതമായ നിരക്കിൽ നിലം ഉഴുതുകൊടുക്കുകയും നടീൽ യന്ത്രങ്ങൾ ഉപയോഗിച്ച് നടുകയും ചെയ്തു. വിപണനം സപ്ലൈകോ വഴി ഉറപ്പുവരുത്തി. |
| വള്ളികുന്നം | കൃഷി വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി തരിശുനിലങ്ങൾ കൃഷി ഉൾപ്പെടുത്തി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. |

## കോട്ടയ്ക്കൽ മണ്ഡലത്തിൽ കൃഷി വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ

41(5466) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് 2017-18-ൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ പദ്ധതി തയ്യാറാക്കുമോ ; വ്യക്തമാക്കുമോ ;

(ഡി) കോട്ടയ്ക്കൽ മണ്ഡലത്തിൽ കൃഷിക്കായി കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) 1. കോട്ടയ്ക്കൽ പ്രദേശത്ത് 50 ഹെക്ടർ സ്ഥലത്ത് 134 കർഷകർക്ക് പ്രയോജനപ്രദമായ വിധത്തിൽ നഗരസഭയുടെകൂടി സഹകരണത്തോടെ നെൽകൃഷി വ്യാപനം സാധ്യമാക്കി ആയതിന് 10,11,000 രൂപ വിനിയോഗിച്ചു.

2. മൂന്നര ഹെക്ടർ പ്രദേശത്ത് കരനെൽകൃഷി വിജയകരമായി സാധ്യമാക്കി.

3. 3,78,750 രൂപ വിനിയോഗിച്ച് നഗരസഭയുടെ സഹകരണത്തോടെ 11 ഹെക്ടർ പ്രദേശത്ത് വാഴകൃഷി വ്യാപിപ്പിച്ചു.

4. വെറ്റിലകൃഷി ചെയ്യുന്ന കർഷകരുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത കൃഷിയുടെ ഉന്നമനത്തിനായി 3,00,000 രൂപ വിനിയോഗിച്ച് പുതിയ വെറ്റില കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞു.

5. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത വരിക്കുക എന്ന ലക്ഷ്യത്തോടെ നഗരസഭയുടെ സഹകരണത്തോടെ 3,25,000 രൂപ വിനിയോഗിച്ചു. 5 ഹെക്ടർ പ്രദേശത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. ഇതിൽ കമ്പോസ്റ്റ് നിർമ്മാണവും സ്കൂൾ പച്ചക്കറിത്തോട്ടവും നഗരസഭയിലെ കർഷകർക്ക് ഗ്രോബാഗ് വിതരണവും വിജയകരമായി നടപ്പിലാക്കി.

6. നഗരസഭയിലെ 3 ഹെക്ടർ സ്ഥലത്തെ തെങ്ങുകർഷകരെ ഉദ്ദേശിച്ച് 1,22,250 രൂപ വിനിയോഗിച്ച് തെങ്ങുകൃഷി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

7. നഗരസഭയിലെ 1280 കുടുംബങ്ങൾക്ക് അഞ്ചിന ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

8. 8 വർഷങ്ങളായി തരിശായി കിടന്നിരുന്ന 1.8 ഹെക്ടർ പ്രദേശം നെൽകൃഷിക്ക് അനുയോജ്യമാക്കിത്തീർത്തു.

(ബി) മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) തുടർവർഷങ്ങളിലേക്കായുള്ള പദ്ധതികളുടെ കരട് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ കോട്ടക്കൽ നഗരസഭയിലെ മുഴുവൻ വാർഡുകളിലും ലഭ്യമായിട്ടുണ്ട്.

## മാർക്കറ്റുകളിൽ വിഷവിമുക്ത പച്ചക്കറികൾ

42(5467) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റുകളിൽ വിഷവിമുക്ത പച്ചക്കറികൾ എത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെങ്കിലും മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ നേരിട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കൃഷിയോഗ്യമായ എത്ര സ്ഥലങ്ങൾ കണ്ടെത്തി; എത്ര സ്ഥലങ്ങളിൽ കൃഷിയിറക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് ഫലപ്രാപ്തിയിൽ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. മാർക്കറ്റുകളിൽ വിഷവിമുക്ത പച്ചക്കറികൾ എത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് മുതൽ 'സേഫ് റ്റു ഈറ്റ്' എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ

ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധിവരെ സാധ്യമാകുന്നുണ്ട്. മൂന്ന് മാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധനാ ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ആയതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 54680.735 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയിറക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ഇതിൽനിന്നും നാളിതുവരെ 7.131 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മൂന്നാംവിള കൃഷി നടന്നുവരുന്നു.

പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## പ്രധാനമന്ത്രി കൃഷി സിൻചായി യോജന

43(5468) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കൃഷി സിൻചായി യോജന പ്രകാരം 2014-15 മുതൽ 2017-18 വരെ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചു; എത്ര കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചു; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2014-15 മുതൽ 2017-18 വരെ കുട്ടനാട് പാക്കേജിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക ലഭിച്ചു ; പ്രസ്തുത ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രി കൃഷി സിൻചായി യോജന പ്രകാരം 2014-15 മുതൽ 2017-18 വരെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളാ മുഖാന്തരം പി.എം.കെ.എസ്.വൈ.-മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിച്ച തുക | 460.62 ലക്ഷം |
| പി.എം.കെ.എസ്.വൈ. ഓരോ തുള്ളി ജലത്തിൽ നിന്നും കൂടുതൽ വിളവ് - പി.എം.കെ.എസ്.വൈ.-കപ്പാസിറ്റി ബിൽഡിംഗ് | 127.20 ലക്ഷം |
| ജില്ലാതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കൽ | 140 ലക്ഷം |
| പി.എം.കെ.എസ്.വൈ.-2017-18 | 2500 ലക്ഷം |
| ഗ്രാമവികസന കമ്മീഷണറേറ്റ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതി | 6909 ലക്ഷം |
| ആകെ | 10136.82 ലക്ഷം |

മേൽസൂചിപ്പിച്ച പദ്ധതിപ്രകാരം 522618 കർഷകർക്ക് പ്രയോജനം ലഭിച്ചു.

(ബി) 2014-15 മുതൽ 2017-18 വരെ കുട്ടനാട് പാക്കേജിന്റെ ഭാഗമായി കേന്ദ്രസർക്കാരിൽനിന്നും 5522.06 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജിനായുള്ള 13-ാമത് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് കുട്ടനാട്ടിൽ ഫലവർഗ്ഗ വിളകളുടെ വിള വിസ്തൃതി വ്യാപനത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 334.63 ലക്ഷം രൂപ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന് ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി 334.363 ലക്ഷം രൂപ ചെലവഴിച്ചു.

## കുട്ടനാട് നെൽപ്പാടങ്ങളുടെ പുറംബണ്ട് പുനർനിർമ്മാണം

44(5469) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെൽപ്പാടങ്ങളുടെ പുറംബണ്ടുകൾ പലസ്ഥലത്തും തകർന്ന നിലയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ബണ്ടുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ബണ്ടുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി ഏതെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അടിയന്തരമായി കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ബണ്ടുകളുടെ പുനരുദ്ധാരണത്തിനായി കൃഷി വകുപ്പ് സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 വർഷം 250 ലക്ഷം രൂപയുടെയും 2019-20 വർഷം 250 ലക്ഷം രൂപയുടെയും പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ., ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ബണ്ടുകളുടെ പുനരുദ്ധാരണത്തിന് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറിയിലെ രാസവസ്തുക്കളുടെ പരിശോധനയ്ക്കായി മൊബൈൽ ലബോറട്ടറി

45(5470) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കാൻ കൃഷി വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ആഭ്യന്തര പച്ചക്കറിയിലുള്ള രാസവസ്തുക്കൾ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പച്ചക്കറിയിലെ രാസവസ്തുക്കളുടെ പരിശോധനയ്ക്കായി കൃഷി വകുപ്പിൽ മൊബൈൽ ലബോറട്ടറി ആരംഭിക്കാൻ നടപടി എടുക്കുമോ?

### ഉത്തരം

(എ&ബി) പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനായി 2014 മുതൽ 'സേഫ് റ്റു ഈറ്റ്' എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധിവരെ സാദ്ധ്യമാകുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ) പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധനാലാബ് പ്രവർത്തിക്കുന്നുണ്ട്.

ജൈവ കൃഷി മേഖലയിൽ ജൈവകീടനാശിനികൾ, ജൈവവളങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കൃഷി വ്യാപനവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജൈവകൃഷിക്കും ഉത്തമ കാർഷിക മുറകളും പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ജൈവ വള നിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക സഹായങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ 5000 രൂപ സബ്സിഡി നിരക്കിലും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ 7500 സബ്സിഡി നിരക്കിലും സ്ഥാപിച്ചിട്ടുണ്ട്.

വിള ആരോഗ്യ പരിപാലന പദ്ധതി ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവനുകളിൽ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ മറ്റ് ജൈവ നിയന്ത്രണോപാധികൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽനിന്നും പരിശീലനം സിദ്ധിച്ച കൃഷി ഓഫീസർമാർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ വഴി പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ബയോകൺട്രോൾ ലാബ്, മണ്ണുത്തി ബയോ കൺട്രോൾ ലാബ്, തിരുവനന്തപുരം എന്നിവ വഴിയും ഇത്തരത്തിലുള്ള ഇടപെടലുകൾ നടത്തിവരുന്നു. കൃഷി ഉദ്യോഗസ്ഥന്മാർക്ക് ഈ മേഖലകളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് പരിശീലനങ്ങൾ, ഡെമോൺസ്ട്രേഷൻ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

(സി) ആലോചിക്കുന്നതാണ്.

## ചേലക്കര മണ്ഡലത്തിൽ ചക്ക,മാങ്ങ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി

46(5471) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചക്ക, മാങ്ങ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഉണ്ട് എന്നറിയിക്കാമോ;

(ബി) ചേലക്കര നിയോജകമണ്ഡല പരിധി പ്രദേശത്ത് നല്ലതോതിൽ ചക്കയും മാങ്ങയും വിളയുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഇവ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ പ്ലാന്റുകൾ കൃഷി വകുപ്പ് മുഖേന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ചേലക്കര ഫാമിൽ ചക്ക സംസ്കരണത്തിനുള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാലും യന്ത്രസാമഗ്രികൾ വന്നിട്ടില്ലാത്തതിനാലും പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചാക്ക, മാങ്ങ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ കൂടുതൽ സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

## ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ പദ്ധതികൾ

47(5472) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങളുടെ കുറവ് കൃഷി ആദായകരമല്ലാതായി തീർന്നതിന്റെ കാരണമായി കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വിലയിടിവ് സംഭവിച്ചിട്ടുള്ള വിളകൾക്ക് താങ്ങുവില നിശ്ചയിച്ച് കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് ന്യായമായ വില നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങളുടെ കുറവ് കൃഷി ആദായകരമല്ലാത്തതായി തീർന്നതിന് ഒരു പ്രധാന കാരണമാണ്. കൃഷിച്ചെലവ്, കീടരോഗബാധ, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, കയറ്റുമതി ഇറക്കുമതി നയങ്ങൾ എന്നിവയെല്ലാമാണ് കൃഷി ആദായകരമല്ലാത്തതായി തീരുന്നതിനുള്ള കാരണങ്ങളിലൊന്ന്. നിലവിൽ കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചെറുകിടനാമമാത്ര കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകുന്ന പദ്ധതികൾ നടപ്പാക്കുകയും വിവിധ കാർഷിക വിള അടിസ്ഥാനത്തിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉത്സവ കാലങ്ങളിൽ (ഓണം, വിഷു) പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോൾ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണി വിലയേക്കാളും അധിക വില നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വില കുറച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാർഷിക വിളകളായ പച്ചത്തേങ്ങ, നെല്ല്, റബ്ബർ മുതലായവയ്ക്ക് താങ്ങുവില നിശ്ചയിച്ച് വിവിധ ഏജൻസികൾ മുഖാന്തരം സംഭരിച്ചിട്ടുണ്ട്. കാർഷിക മേഖലയിലേക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷി രീതികളുടെ പ്രയോഗം,

യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ ആവശ്യംവേണ്ട ഘടകങ്ങളാണ്. ഇതിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ഹൈടെക് അഗ്രികൾച്ചർ
2. പച്ചക്കറി വികസന പദ്ധതി
3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും
4. ജൈവ നിയന്ത്രണോപാധികളുടെ ഉൽപ്പാദനം
5. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റുകൾ
6. അഗ്രോ പാർക്കുകൾ
7. വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും
8. കേരളത്തിലെ പഴം, പച്ചക്കറികൾ വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതികൾ.

**കൃഷി വകുപ്പിനുകീഴിൽ അഗ്രി മാളുകൾ തുടങ്ങുന്നതിന് നടപടി**

48(5473) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിനുകീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്രി മാളുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം മാളുകൾ തുടങ്ങുന്നതെന്നും ഇവയുടെ നടത്തിപ്പ് എപ്രകാരമാണെന്നും അറിയിക്കുമോ;

(സി) നിലവിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പഴവർഗ്ഗങ്ങളും സംസ്കരിച്ച വിവിധ ഉല്പന്നങ്ങളും കൃഷി വകുപ്പിനുകീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ വഴി വില്പന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

**ഉത്തരം**

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ മാർക്കറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാർക്കറ്റുകളിൽ

ആധുനിക രീതിയിലുള്ള മാളുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ആനയറയിൽ ഇത്തരം മാൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തു. ഡി.പി.ആർ. തയ്യാറാക്കുന്നതിനും ആർക്കിടെക്ച്ചറൽ കൺസൾട്ടൻസിക്കുമായി വിവിധ സ്ഥാപനങ്ങളിൽനിന്നും ബിഡ്ഡുകൾ ക്ഷണിക്കുകയും M/s.സി.എസ്.ആർക്കിടെക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, സേലം എന്ന സ്ഥാപനം ആനയറ മാളിന്റെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ഡിസൈൻ നൽകുകയും ചെയ്തു. മാൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി, 2014 നിരക്ക് പ്രകാരം ഡി.പി.ആർ. തയ്യാറാക്കി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് 28,29,56,618 രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട പൂർത്തീകരണത്തിനുവേണ്ടി 1080 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. (G.O.(Rt)No.514/2016/Agri dated 20-6-2016).

എന്നാൽ ഈ പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം DSR Revesion വന്നതിനാൽ തിരുവനന്തപുരം PWD Designs & Administration ചീഫ് എഞ്ചിനീയറുടെ 31-3-2017-ലെ സർക്കുലർ നമ്പർ CE/Admn/ PLA/2014/2005 പ്രകാരം പുറപ്പെടുവിച്ച Cost Index കൂടി കണക്കിലെടുത്ത് DSR പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. സിവിൽ പ്രവർത്തികളുടെ Structural details ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് 42,11,08,332 രൂപയ്ക്ക് സമർപ്പിച്ചിട്ടുള്ളതിന് സാങ്കേതികാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ 21-2-2018-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ RDF-ന്റെ High value Project-ന്റെ അവലോകന യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സർക്കാർ സംസ്ഥാനത്തുടനീളം ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആദ്യ ഹൈപ്പർ മാർക്കറ്റ് തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹൈപ്പർ മാർക്കറ്റുകൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരത്ത് ആനയറയിലാണ് ഇത്തരം ഒരു മാൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ 21-2-2018-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽകൂടിയ RDF-ന്റെ High Value Project-ന്റെ അവലോകന യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്.

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുകീഴിൽ തൃശ്ശൂർ ജില്ലയിൽ തുടങ്ങിയിട്ടുള്ള അഗ്രോ ഹൈപ്പർ ബസാറിലും തിരുവനന്തപുരത്തുള്ള അഗ്രോ സൂപ്പർ ബസാറിലും ഹിമാചൽ പ്രദേശിൽ നിന്നുള്ള ജ്യൂസ്, മിക്സഡ് ഫ്രൂട്ട് ജാം, ജമ്മുകാശ്മീരിൽ നിന്നുള്ള കുങ്കുമപ്പൂവ്, ഉണക്കിയ പഴങ്ങൾ, ആപ്പിൾ എന്നിവ വിൽപ്പന നടത്തിവരുന്നു.

### ഡി.പി.സി. യോഗം ചേരുന്നതിന് നടപടി

49(5474) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള ഡി.പി.സി. യോഗം ഏറ്റവും ഒടുവിൽ നടന്നതെപ്പോഴാണ്;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള ഡി. പി.സി. യോഗം ചേരുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-7-2017-ൽ.

(ബി) കൃഷി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്.

(സി) കൃഷി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേക്കുള്ള ഡി.പി.സി. യോഗം 27-3-2018-ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

### കൃഷി ഓഫീസർ തസ്തികയിൽ യോഗ്യത ഇല്ലാത്തവർ

50(5475) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ 10 വർഷം സർവ്വീസുള്ളതും യോഗ്യത പരീക്ഷ പാസ്സായതുമായ കൃഷി അസിസ്റ്റന്റുമാർക്ക് നീക്കിവച്ച 13% കൃഷി ഓഫീസർ തസ്തികയിൽ ഈ യോഗ്യത ഇല്ലാത്ത ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബി.എസ്.സി. അഗ്രികൾച്ചർ ബിരുദം നേടി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യത ഇല്ലാതെവരുന്ന കൃഷി ഓഫീസർ തസ്തികയിൽ പ്രസ്തുത യോഗ്യത ഇല്ലാത്ത ആരെങ്കിലും ജോലിചെയ്യുന്നുണ്ടോ;

(സി) ബി.എസ്.സി. അഗ്രികൾച്ചർ ബിരുദവും 3 വർഷ സർവ്വീസുമുള്ള കൃഷി അസിസ്റ്റന്റുമാർക്ക് നീക്കിവച്ച 2% കൃഷി ഓഫീസർ തസ്തികയിൽ ഈ യോഗ്യത ഇല്ലാത്ത ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ മൂന്ന് വിഭാഗങ്ങളിലുംപെടാത്ത ആരെങ്കിലും കൃഷി വകുപ്പിൽ കൃഷി ഓഫീസറായി ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ അവരുടെ നിയമന വ്യവസ്ഥ വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം വ്യക്തമല്ല.

(സി&ഡി) ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യത നേടിയതിനുശേഷം 3 വർഷം സേവനപരിചയമില്ലാതെ ബി.എസ്.സി. ബിരുദമുള്ള കൃഷി അസ്സിസ്റ്റന്റുമാർക്ക് നീക്കിവച്ചിട്ടുള്ള 2% കൃഷി ഓഫീസർ തസ്തികയിൽ ഒരാൾക്ക് നിയമനം നൽകിയതായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.& എസ്.എസ്.ആർ. ചട്ടങ്ങളിലെ ചട്ടം 10(ab) പ്രകാരം ഏതെങ്കിലും സർവ്വീസിലെ ഒരു തസ്തിയിലേക്ക് പരിചയയോഗ്യത നിർണ്ണയിക്കുന്നിടത്ത് അത് മറ്റുപ്രകാരത്തിൽ വ്യക്തമാക്കാത്തപക്ഷം പ്രസ്തുത തസ്തികയിലേയ്ക്ക് നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത നേടിയതിനുശേഷം റഗുലർ/താൽക്കാലിക നിയമനത്തിലൂടെ ആർജ്ജിച്ചിട്ടുള്ള പരിചയയോഗ്യതയാണ് കണക്കാക്കേണ്ടത്. ആയതിനാൽ 10-7-2008-ലെ ജി.ഒ(ആർ.ടി) 1342/2008/ കൃഷി സർക്കാർ ഉത്തരവിൽ 3 വർഷം സർവ്വീസ് എന്ന് പരാമർശിച്ചിരിക്കുന്നത് ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യത നേടിയതിനുശേഷമുള്ള 3 വർഷത്തെ സർവ്വീസ് ആണെന്ന വിവരം 30-7-2016-ലെ 575476/ഇഎ 2/16/കൃഷി നമ്പർ കത്തിലൂടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സ്പഷ്ടീകരിച്ച് നൽകിയിരുന്നു. 2-9-2017-ലെ സ.ഉ.(സാധാ) 838/2017/കൃഷി ഉത്തരവിൽ ബി.എസ്.സി. (കൃഷി) ബിരുദം നേടിയതിനുശേഷം 3 വർഷത്തെ സേവനമുള്ള കൃഷി അസിസ്റ്റന്റുമാർക്ക് 2% തസ്തിക നീക്കിവച്ചുകൊണ്ടാണ് മേൽ പരാമർശിച്ച 10-7-2008-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ചട്ടങ്ങളിലെ ചട്ടം 10(ab) യുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 24-3-2018-ലെ കത്ത് മുഖാന്തരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യത നേടിയതിന് ശേഷം 3 വർഷം സേവനപരിചയമില്ലാതെ കൃഷി ഓഫീസർ തസ്തികയിൽ നിയമിച്ചിരുന്ന കൃഷി ഓഫീസർക്കെതിരെ കെ.എസ്.&എസ്.എസ്.ആർ. ചട്ടങ്ങളിലെ ചട്ടം 10(ab)-യുടെ അടിസ്ഥാനത്തിലും 30-7-2016-ലെയും 24-3-2018-ലെയും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

**കൊല്ലം ജില്ലയിലെ കൃഷി ആഫീസർമാരുടെ ഒഴിവുകൾ_**

51(5476) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിലവിൽ എത്ര കൃഷി ആഫീസർമാരുടെ ഒഴിവുകൾ ഉണ്ടെന്നും ആയത് എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഈ ജില്ലയിൽ നിലവിൽ എത്ര കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടെന്നും ആയത് എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി, മൺറോതുരുത്ത് എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസറുടെ 2 ഒഴിവുകളുണ്ട്.

(ബി) കൊല്ലം ജില്ലയിൽ നിലവിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളില്ല.

(സി) പി.എസ്.സി. ലിസ്റ്റിൽനിന്നോ, സ്ഥലംമാറ്റം മുഖേനയോ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് കോഴ്സ് ചെയ്ത കൃഷി ഓഫീസർമാർ**

52(5477) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പബ്ലിക്ക് ഹെൽത്ത് മാനേജ്മെന്റ് (പി.ജി.ഡി.പി.എച്ച്.എം.) കഴിഞ്ഞ എത്ര കൃഷി ഓഫീസർമാർ നിലവിലുണ്ട്;

(ബി) പ്രസ്തുത ഡിപ്ലോമ കഴിഞ്ഞവർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് കൊടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പി.ജി.ഡി.പി.എച്ച്.എം. കോഴ്സ് ചെയ്യുന്നവർക്ക് 5 ലക്ഷം രൂപക്കുള്ള പ്രൊജക്റ്റ് അവർ ജോലി ചെയ്യുന്ന പഞ്ചായത്തിൽ ചെയ്യുവാൻ അനുവദിച്ചിരുന്നോ;

(ഡി) ഇവരിൽ എത്ര പേർ 5 ലക്ഷം രൂപ മുഴുവനും ചെലവഴിച്ചു; 5 ലക്ഷം പൂർണമായും ചെലവഴിക്കാത്തവരുടെ പേരും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ഇ) തുക മുഴുവനും ചെലവഴിക്കാത്തവർക്ക് ബാക്കി തുക അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കാൻ ഒരു അവസരം നൽകാമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് കഴിഞ്ഞ 92 കൃഷി ഓഫീസർമാരും നിലവിൽ കോഴ്സ് ചെയ്യുന്ന 18 പേരും ഉണ്ട്.

(ബി) പരിഗണനയിലില്ല.

(സി) അനുവദിച്ചിരുന്നു.

(ഡി) ആദ്യ രണ്ട് ബാച്ച് കോഴ്സ് പൂർത്തിയാക്കിയ 62 പേരിൽ 59 പേർക്ക് പ്രോജക്ട് തുകയായി 5 ലക്ഷം രൂപ വീതം കൊടുത്തിട്ടുണ്ട്. ഇതിൽ 38 പേർ പ്രോജക്ട് തുക ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാത്തവരുടെ പേരും ചിലവഴിച്ച തുകയും താഴെ ചേർക്കുന്നു.

| പേര് | തുക |
|---|---|
| (1) | (2) |
| അജിത് | 44,892 |
| അശോക് പി. ഐ. | 33,000 |
| സ്നേഹ മാത്യൂസ് | 1,68,914 |
| പമീല വിമൽ രാജ് | 1,82,000 |
| ജിതേഷ് ഡി.വി. | 3,80,293 |
| പ്രതീപ് എം. എൻ. | 4,61,586 |
| രശ്മി. എം.വി. | 4,00,000 |
| ജോസഫ് ജോൺ തേറാട്ടിൽ | 2,00,000 |
| ജോർജ്ജ് പ്രശാന്ത് | 3,30,000 |
| ദീപ്തി എൻ. വരദൻ | 4,44,532 |
| രജി വി.ജി. | 2,55,000 |

| (1) | (2) |
|---|---|
| പി.ആർ. സിന്ധു | 1,50,000 |
| റോയ് ഐസക്ക് വർഗ്ഗീസ് | 3,51,033 |
| ജേക്കബ് ജോയ് | 1,87,000 |
| സഫീറ | 3,00,000 |
| പ്രകാശ് പുത്തൻ മഠത്തിൽ | 1,79,954 |
| മെഹറുനീസ | 2,25,000 |
| ലിജി എബ്രഹാം | 4,09,200 |
| ശ്രീജ. കെ.ജി. | 4,15,000 |

കോഴ്സ് പൂർത്തിയാക്കിയ വി.അരുൺ കുമാർ, ബൈജു ജി. എന്നിവർ അനുവദിച്ച 5,00,000 രൂപ ചെലവഴിക്കാതെ തിരികെ അടച്ചിട്ടുണ്ട്. കൂടാതെ കോഴ്സ് പൂർത്തിയാക്കിയ 3 പേർക്ക് (മിനി ആർ, ജോർജ്ജ് കുട്ടി മാത്യു. കെ., ലീന പി.) പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുക അനുവദിച്ച് നൽകിയിട്ടില്ല.

മൂന്നാം വർഷ PGDPHM ബാച്ചിലെ 30 പേർക്ക് പ്രോജക്ട് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തുക ചെലവഴിക്കാനുള്ള പ്രോജക്ട് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഇ) ആവശ്യപ്പെടുന്നപക്ഷം അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി തുക അനുവദിക്കുന്നതാണ്.

**കൃഷി വകുപ്പിനുകീഴിലുള്ള കോർപ്പറേഷൻ/ബോർഡുകളിലെ ജീവനക്കാർ**

53(5478) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിനുകീഴിൽ എത്ര കോർപ്പറേഷൻ/ബോർഡുകളാണ് ഉള്ളത്; പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതുതരം പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെങ്കിലും സ്ഥാപനങ്ങൾ സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഓയിൽപാം ഇൻഡ്യ ലിമിറ്റഡ്, ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ 10 കോർപ്പറേഷൻ/ബോർഡുകൾ സംസ്ഥാനത്ത് കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നു. ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* (1-10 വരെ)

| കോർപ്പറേഷൻ/ബോർഡ് | അനുബന്ധം |
|---|---|
| കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | അനുബന്ധം 1 |
| സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | അനുബന്ധം 2 |
| കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ | അനുബന്ധം 3 |
| കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | അനുബന്ധം 4 |
| കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | അനുബന്ധം 5 |
| പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | അനുബന്ധം 6 |
| ഓയിൽപാം ഇന്ത്യാ ലിമിറ്റഡ് | അനുബന്ധം 7 |
| ഹോർട്ടികോർപ്പ് | അനുബന്ധം 8 |
| വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസ്സിംഗ് കമ്പനി ലിമിറ്റഡ് | അനുബന്ധം 9 |
| കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | അനുബന്ധം 10* |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ എംപ്ലോയീസ് പെൻഷൻ ആന്റ് അദർ റിട്ടയർമെന്റ് ബെനിഫിറ്റ്സ് റെഗുലേഷൻസ് 1998 പ്രകാരമുള്ള പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ Employees Contributory Pension Fund (ECPF) ആണ് നിലവിലുള്ളത്. 2014 സെപ്റ്റംബർ മാസത്തിനുശേഷം ജോലിയിൽ പ്രവേശിച്ച് അടിസ്ഥാന ശമ്പളവും ഡി.എ.യും ചേർത്ത് 15,000 രൂപയിൽ കൂടുതൽ വാങ്ങുന്ന ജീവനക്കാർക്ക് ഒരു പെൻഷൻ പദ്ധതിയും നിലവിലില്ല. കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ 3 ജീവനക്കാരുടെ EPF വിഹിതം അടയ്ക്കുന്നുണ്ട്. ബാക്കി ആരെയും എൻറോൾ ചെയ്തിട്ടില്ല.

വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനി, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ EPF (എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്) പെൻഷൻ പദ്ധതിയുമാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഈ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

**കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

54(5479) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നത്; വിശദവിവരം നൽകുമോ;

(ബി) കൃഷിക്കും ഇറിഗേഷനുമായി എത്ര രൂപ എത്ര പ്രവൃത്തികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മണ്ഡലത്തിൽ വിനിയോഗിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 5 കുളങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 21-ാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ 251 ലക്ഷം രൂപ അടങ്കലുള്ള ഇരുമ്പാമുട്ടി നീർത്തട പദ്ധതിയിൽ തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലായി 123.32 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, പാർശ്വഭിത്തി സംരക്ഷണം, ചെറിയ തടയണകൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

തച്ചമ്പാറ, അഗളി പഞ്ചായത്തുകളിൽ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെട്ട 143 ലക്ഷം രൂപ അടങ്കലുള്ള കല്ലാർപുഴ പദ്ധതിയിൽ 131.96 ലക്ഷം രൂപ ചെലവഴിച്ച് ഗ്രേഡഡ് ബണ്ട്, പാർശ്വഭിത്തി സംരക്ഷണം, ചെറിയ തടയണകൾ, ഫലവൃക്ഷത്തൈ നടീൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി.

തച്ചമ്പാറ പഞ്ചായത്തിലെ അച്ചിലട്ടി ട്രൈബൽ കോളനിയിൽ 6 ലക്ഷം രൂപ അടങ്കലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി ട്രൈബൽ വകുപ്പിന്റെ ധനസഹായത്തോടെ 5.61 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാലം, പാർശ്വഭിത്തി സംരക്ഷണം, മഴക്കുഴി, ഫലവൃക്ഷതൈ നടീൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

നിരവ് വാക്കോടൻ ട്രൈബൽ കോളനിയിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് 11 ലക്ഷം രൂപ അനുവദിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പറളി പഞ്ചായത്തിൽ 5149 സോയിൽ ഹെൽത്ത് കാർഡുകൾ തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന ആർ.ഐ.ഡി.എഫ്. പദ്ധതികൾ, ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി അച്ചിലട്ടി ട്രൈബൽ കോളനിയിലെ മണ്ണ് ജല സംരക്ഷണ പദ്ധതി എന്നിവയിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ 337.71 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കൃഷിക്കും ഇറിഗേഷനുമായി കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവായ തുക അനുബന്ധം II* ആയി ചേർത്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പുമുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവായ തുക അനുബന്ധം III* ആയി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ നിരീക്ഷണ സമിതികൾക്ക് ലഭിച്ച അപേക്ഷകൾ

55(5480) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ടത് പരിഹരിക്കണമെന്ന ആവശ്യവുമായി വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ നിന്നും പ്രാദേശിക നിരീക്ഷണ സമിതികൾ മുൻപാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽനിന്നും 1352 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പാങ്ങോട് | - | 70 |
| പെരിങ്ങമ്മല | - | 101 |
| പുല്ലമ്പാറ | - | 51 |
| നെല്ലനാട് | - | 176 |
| വാമനപുരം | - | 208 |
| കല്ലറ | - | 65 |
| നന്ദിയോട് | - | 295 |
| പനവൂർ | - | 20 |
| ആനാട് | - | 366 |

(ബി) പ്രാദേശികതല നിരീക്ഷണസമിതി കൺവീനർമാർക്ക് ലഭിച്ച അപേക്ഷകൾ സ്ഥലപരിശോധനയുടെയും KSREC-ന്റെ ഉപഗ്രഹചിത്രങ്ങളുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കിവരികയാണ്. പുല്ലമ്പാറ പഞ്ചായത്തിലെ മുഴുവൻ അപേക്ഷകളുടെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള പരിശോധന KSREC പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആനാട്, പനവൂർ പഞ്ചായത്തുകളിൽ ലഭ്യമായ അപേക്ഷകളിൽ ഫീൽഡ് പരിശോധന നടന്നുവരുന്നു. ബാക്കിയുള്ള 6 പഞ്ചായത്തുകളിൽ തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പാങ്ങോട് | - | 20 |
| പെരിങ്ങമ്മല | - | 10 |
| നെല്ലനാട് | - | 40 |
| വാമനപുരം | - | 5 |
| കല്ലറ | - | 45 |
| നന്ദിയോട് | - | 12 |

## കോഴിക്കോട് ജില്ലയിലെ കേരഗ്രാമം പദ്ധതി

56(5481) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കോഴിക്കോട് ജില്ലയിൽ 'കേരഗ്രാമം' പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | കേരഗ്രാമങ്ങളുടെ എണ്ണം | ഉൾപ്പെട്ട പഞ്ചായത്തുകളുടെ പേരുകൾ | നിയമസഭാ മണ്ഡലം |
|---|---|---|---|---|
| 1 | 2016-17 | 3 | കിഴക്കോത്ത് | കൊടുവള്ളി |
| | | | പനങ്ങാട് | ബാലുശ്ശേരി |
| | | | കാവിലുംപാറ | നാദാപുരം |
| 2 | 2017-18 | 5 | കുന്നുമ്മേൽ | കുറ്റിയാടി |
| | | | നരിപ്പറ്റ | നാദാപുരം |
| | | | ചാത്തമംഗലം | കുന്നമംഗലം |
| | | | കടലുണ്ടി | ബേപ്പൂർ |
| | | | അഴിയൂർ, ഏറാമല | വടകര |

## കുറ്റ്യാടി മണ്ഡലത്തിലെ തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

57(5482) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായുള്ള തരിശ് നെൽ വയലുകളുടെ വിസ്തീർണ്ണം എത്രയാണ്;

(ബി) പഞ്ചായത്തിന്റെ പേരും അതിലുള്ള തരിശ് ഭൂമിയുടെ വിസ്തീർണ്ണവും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഓരോ പഞ്ചായത്തിലും എത്ര ഹെക്ടർ തരിശ് ഭൂമി വീതം കൃഷിയോഗ്യമാക്കുകയുണ്ടായി; ഇതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ശേഷിക്കുന്ന തരിശ് ഭൂമി കൃഷി യോഗ്യമാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; ഇല്ലെങ്കിൽ ഈ ഭൂമിയെ ഏത് രൂപത്തിൽ പരിവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി 492 ഹെക്ടർ തരിശ് നെൽവയലുകളുണ്ട്.

(ബി)

| കൃഷി ഭവൻ | തരിശുഭൂമി വിസ്തൃതി (ഹെക്ടർ) | കൃഷിയോഗ്യമായവിസ്തൃതി(ഹെക്ടർ) |
|---|---|---|
| മണിയൂർ | 200 | 70 |
| ആയഞ്ചേരി | 120 | 70 |
| തിരുവള്ളൂർ | 146 | 30 |
| വില്യാപ്പള്ളി | - | - |
| വേളം | 20 | 20 |
| കുറ്റ്യാടി | 3 | 3 |
| കുന്നുമ്മൽ | 1 | 1 |
| പുറമേരി | 2 | 2 |
| ആകെ | 492 | 196 |

(സി)

| കൃഷി ഭവൻ | 2016-17 (ഹെക്ടർ) | 2017-18 (ഹെക്ടർ) |
|---|---|---|
| മണിയൂർ | 25 | 10.6 |
| ആയഞ്ചേരി | 12 | 21 |
| തിരുവള്ളൂർ | 11 | 23 |
| വില്യാപ്പള്ളി | - | - |
| വേളം | 3 | 3 |
| കുറ്റ്യാടി | 0 | 0.5 |
| കുന്നുമ്മൽ | 0.6 | 0.6 |
| പുറമേരി | - | - |
| ആകെ | 51.6 | 58.7 |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി. കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ ഏകോപിപ്പിച്ചു.

(ഡി) കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് ശേഷിക്കുന്ന തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ശേഷിക്കുന്ന തരിശുഭൂമി കൃഷിയോഗ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. 2018-19 വർഷത്തിൽ ചുവടെ പറയും പ്രകാരം ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

1. തരിശുരഹിത കുന്നുമ്മൽ പഞ്ചായത്ത്-ജില്ലാപഞ്ചായത്ത് 5 ലക്ഷം+ ബ്ലോക്ക് പഞ്ചായത്ത് 25 ലക്ഷം.

2. വേളം-ആയഞ്ചേരി -10 ലക്ഷം

3. ചിരണ്ടത്തൂർച്ചിറ മോട്ടോർ പമ്പ്- 7 ലക്ഷം

4. കപ്പള്ളിത്തോട് പാർശ്വഭിത്തി നിർമ്മാണം തിരുവള്ളൂർ - 5 ലക്ഷം.

കൂടാതെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 850 ലക്ഷം രൂപയുടെ പ്രവർത്തികളും നടന്നുവരുന്നു. കുറ്റ്യാടി മണ്ഡലത്തെ സമ്പൂർണ്ണ തരിശുരഹിത മണ്ഡലമാക്കുന്നതിനും സമഗ്ര കൃഷി വികസനത്തിനുമായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് എം.എൽ.എ. ആവശ്യപ്പെടുന്നപക്ഷം പ്രത്യേക ഉദ്യോഗസ്ഥനെ ഇതിനായി നിയോഗിച്ച് എല്ലാ പ്രവൃത്തികളും ഏകോപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

58(5483) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ ആകെ 683.2568 ലക്ഷം രൂപയുടെ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. *

## കരുനാഗപ്പള്ളിയിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിന് നടപടി

59(5484) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കൃഷി ഭവനിൽ കൃഷി ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ മറ്റേതെങ്കിലും കൃഷി ഭവനിലെ ഓഫീസർക്ക് ചാർജ് നൽകിയിരിക്കയാണോ; വിശദീകരിക്കുമോ;

(സി) കാർഷിക പ്രാധാന്യമുള്ള കരുനാഗപ്പള്ളിയിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കരുനാഗപ്പള്ളി കൃഷി ഭവനിൽ കൃഷി ഓഫീസറായി നിയമിച്ച ശ്രീമതി ഫാത്തിമാ പോൾ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്.

(ബി) കൊല്ലം ജില്ലയിലെ കുലശേഖരപുരം കൃഷി ഭവനിലെ കൃഷി ഓഫീസർ ശ്രീ. ബിനീഷ്. ബി. ആർ.-ന് കരുനാഗപ്പള്ളി കൃഷി ഭവന്റെ അധിക ചുമതല നൽകിയിട്ടുണ്ട്.

(സി) കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നാണ്യവിളകളുടെ പ്രതിവർഷ ഉൽപ്പാദനം

60(5485) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, തേയില,കാപ്പി, കുരുമുളക്, ഇഞ്ചി, ഏലം, മഞ്ഞൾ എന്നിവയുടെ കഴിഞ്ഞ വർഷത്തെ ഉത്പാദനം എത്രയാണെന്നും ഓരോ വിളകളുടെയും ഉല്പാദനത്തിൽനിന്നും ഉല്പാദകന് ലഭിച്ച തുകയെത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിളകളുടെ കയറ്റുമതിയിൽനിന്നും കഴിഞ്ഞ വർഷം ലഭിച്ച തുകയെത്രയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; പ്രധാന കയറ്റുമതിക്കാരുടെ അഡ്രസ്സ് ലഭ്യമാക്കാമോ;

(സി) പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, തെങ്ങ്, മരച്ചീനി, പൈനാപ്പിൾ എന്നിവയുടെ കഴിഞ്ഞ വർഷത്തെ ഉത്പാദനം എത്രയെന്നും അതിൽനിന്ന് ഉല്പാദകന് ലഭിച്ച മൊത്തം തുകയെത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിളകൾ സംസ്കരിക്കുന്ന പ്രധാന കമ്പനികളുടെ പേര്, അഡ്രസ്, കഴിഞ്ഞ വർഷത്തെ വിറ്റുവരവ് എന്നിവ ലഭ്യമാക്കാമോ?

ഉത്തരം

(എ) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 2016-17 വർഷത്തെ അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം മേൽപ്പറഞ്ഞ നാണ്യവിളകളുടെ ഉൽപ്പാനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം | നാണ്യവിളകൾ | ഉൽപ്പാദനം (ടൺ) |
|---|---|---|
| 1 | റബ്ബർ | 540400 |
| 2 | തേയില | 61505 |
| 3 | കാപ്പി | 63476 |
| 4 | കുരുമുളക് | 34065 |
| 5 | ഇഞ്ചി (ഉണങ്ങിയത്) | 20478 |
| 6 | ഏലം (സംസ്കരിച്ചത്) | 17147 |
| 7 | മഞ്ഞൾ | 6506 |

ഓരോ വിളകളുടെയും ഉൽപ്പാദനത്തിൽനിന്നും ഉൽപാദകന് ലഭിച്ച തുക എത്രയാണെന്നുള്ള വിവരം ഇനം തിരിച്ച് കൃഷിവകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി)

| 2016-17 | | |
|---|---|---|
| റബ്ബർ | 20.920 MT | 220.92 കോടി രൂപ |
| കുരുമുളക് | 17600 MT | 1143.13 കോടി രൂപ |
| ഇഞ്ചി | 24950 MT | 257.05 കോടി രൂപ |
| ഏലം | 4630 MT | 504.16 കോടി രൂപ |
| മഞ്ഞൾ | 116500 MT | 1241.89 കോടി രൂപ |

(സി)

| ക്രമ നമ്പർ | ഭക്ഷ്യ വിളകൾ | ഉൽപ്പാദനം (ടൺ) |
|---|---|---|
| 1 | നെല്ല് (അരി) | 436483 |
| 2 | തെങ്ങ് | 5384 (ദശലക്ഷം എണ്ണം) |
| 3 | മരച്ചീനി | 2529729 |
| 4 | പൈനാപ്പിൾ | 65978 |

(ഡി) പ്രസ്തുത വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

## ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതി

61(5486) ശ്രീ. അനിൽ അക്കര:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിനകം എത്രപേർക്ക് പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ നൽകി;

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി കർഷക ക്ഷേമബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതിനകം 86 പേർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകിയിട്ടുണ്ട്.

(സി) ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ൽ മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. തുടർവർഷങ്ങളിൽ പദ്ധതി നടപ്പാക്കാത്തതുകാരണം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. കർഷക ക്ഷേമ ബോർഡ് രൂപീകരണം അന്തിമഘട്ടത്തിലാണ്. പ്രസ്തുത ബോർഡിന്റെ നിർദ്ദിഷ്ട ചട്ടത്തിലെ വ്യവസ്ഥ പ്രകാരം യോഗ്യരായ എല്ലാ കർഷകർക്കും കർഷക ക്ഷേമബോർഡിൽ അംഗമാകാവുന്നതാണ്.

## ഉത്സവ സീസണുകളിൽ ശേഖരിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാൻ നടപടി

62(5487) ശ്രീ. പി. ടി. തോമസ്:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണുകളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയവ പച്ചക്കറികൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പച്ചക്കറികൾ ശേഖരിക്കുന്നത് എവിടെ നിന്നെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനുമുമ്പ് ഇവ കേടുകൂടാതെ സൂക്ഷിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാൻ സ്ഥലമില്ലാത്തതിനാൽ നശിച്ചുപോകുന്ന അവസ്ഥയുണ്ടാകാറുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത അവസ്ഥ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓണം, വിഷു ഉത്സവ സീസണുകളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കർഷകസംഘങ്ങൾ തുടങ്ങിയവ പച്ചക്കറികൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നുണ്ട്. കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ കർഷകർക്ക് പൊതുവിപണിയെക്കാൾ 10% വില അധികം നൽകി സംഭരിക്കുകയും, പൊതുവിപണിയിലെ വിൽപന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജി.എ.പി. (Good Agricultural Practices) പച്ചക്കറികൾ സംഭരിക്കുമ്പോൾ പൊതുവിപണിയിൽനിന്നും സംഭരണ വിലയെക്കാൾ 20% അധിക വില നൽകി കർഷകരിൽനിന്നും സംഭരിക്കുകയും പൊതുവിപണിയിൽ വിൽക്കുന്ന വിലയിൽ നിന്നും 10% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് ശേഖരിക്കുന്നത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽസംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തിവരുന്നു.

(സി) ഹോർട്ടികോർപ്പിന്റെ ഓരോ ദിവസത്തെയും ആവശ്യകതയും ലഭ്യതയും അനുസരിച്ചാണ് പച്ചക്കറികൾ സംഭരിക്കുന്നത്. ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകൾ, ലൈസൻസി സ്റ്റാളുകൾ, മൊബൈൽ യൂണിറ്റുകൾ, മറ്റ് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ ക്യാന്റീനുകൾ എന്നിവയിലൂടെ അതത് ദിവസംതന്നെ വിപണനം നടത്തിവരുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ അപേഡ (APEDA-Agricultural and Processed Food Products Export Development Authority)-യുടെ ധനസഹായത്തോടെ വി.എഫ്.പി.സി.കെ.-യുടെ വയനാട് ജില്ലയിൽ പണി പൂർത്തീകരിച്ചതും തൃശ്ശൂർ ജില്ലയിൽ പണി തീർന്ന് വരുന്നതുമായ പാക്ക് ഹൗസുകളിൽ 20 ടൺ സംഭരണശേഷിയുള്ള ശീതീകരണ സംഭരണി ഒരുക്കിയിട്ടുണ്ട്.

(ഡി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ പൂർണ്ണമായും സംഭരിക്കുമ്പോൾ അവ പൂർണ്ണമായും വിറ്റഴിക്കുവാൻ സാധിക്കാത്ത സാഹചര്യം ചില അവസരങ്ങളിൽ ഉണ്ടാകാറുണ്ട്.

(ഇ) പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി കോഴിക്കോട്, തിരുവനന്തപുരം എന്നീ കാർഷിക മൊത്തവ്യാപാര വിപണികളിലെ കോൾഡ് സ്റ്റോറേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെ കോൾഡ് സ്റ്റോറേജിൽ സൂക്ഷിക്കുന്ന പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് 92.1 ലക്ഷം രൂപ ചെലവിൽ ശീതീകരിച്ച വാഹനങ്ങൾ വാങ്ങുവാനുള്ള പദ്ധതിക്കും അംഗീകാരമായിട്ടുണ്ട്. ഇതിനുപുറമെ സീറോ എനർജി കൂൾ ചേമ്പറുകൾ വ്യാപകമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## നാടൻ വിത്തുകളുടെ സംരക്ഷണത്തിനും വിതരണത്തിനുമായി സീഡ് ബാങ്ക്

63(5488) ശ്രീ. പി. കെ. ശശി:
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലിന്റെയും മറ്റ് വിളകളുടെയും പരമ്പരാഗതവും നാടൻ ഇനം വിത്തുകളുടെയും സംരക്ഷണത്തിനും അവയുടെ സംഭരണത്തിനും വിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നാടൻ വിത്തുകളുടെ ജൈവവൈവിധ്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗക്കാർ, കർഷക ക്ലസ്റ്ററുകൾ, എൻ.ജി.ഒ.-കൾ മറ്റു സംഘടനകൾ എന്നിവയുമായി ചേർന്നുള്ള സംഭരണങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) പരമ്പരാഗതവും നാടൻ വിത്തുകളുടെയും സംരക്ഷണത്തിനും വിതരണത്തിനുമായി ആധുനിക സീഡ് ബാങ്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങളുടെയും ചെറുധാന്യങ്ങളുടെയും സംരക്ഷണത്തിനും അവയുടെ വിത്തുൽപ്പാദനത്തിലൂടെയും സംഭരണത്തിലൂടെയും ജൈവവൈവിധ്യവും ജനിതക സംരക്ഷണവും ലക്ഷ്യമിട്ടുള്ള ഒരു പദ്ധതി 2017-18 വർഷം 250 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗത നെല്ലിനങ്ങളുടെയും ചെറുധാന്യങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 40 ലക്ഷം രൂപയും അവയുടെ വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംഭരിച്ച് വിതരണം ചെയ്യുന്നതിനായി 10 ലക്ഷം രൂപയും പദ്ധതിയിലൂടെ ചെലവഴിച്ചുവരുന്നു. 2017-18 വർഷം വയനാടൻ തൊണ്ടി, വലിയ ചെന്നെല്ല്, പാൽതൊണ്ടി, നാടൻ കുറുവ, ചിറ്റേനി, തവളക്കണ്ണൻ, വെള്ളരിയൻ, ചേറ്റാടി മുതലായ നാടൻ നെല്ലിനങ്ങളുടെ 20MT വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ പരമ്പരാഗത നെൽവിത്തിനങ്ങൾ കണ്ടെത്തുന്നതിന് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സർവ്വേ നടത്തുകയും നാടൻ വിത്തിനങ്ങളുടെ ഒരു ഡയറക്ടറി പുറത്തിറക്കുകയും ചെയ്തു. ഇവിടെ 108 ഇനം നെല്ലിനങ്ങളുടെ കൃഷിയും വിത്തുൽപ്പാദനവും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രവും പീലിക്കോട് പഞ്ചായത്തും ചേർന്ന് ഉത്തരകേരളത്തിലെ പരമ്പരാഗത നെൽവിത്തിനങ്ങളുടെ സംരക്ഷണത്തിനും ഉൽപ്പാദനത്തിനുമായി 'പൈതൃക ഗ്രാമം' എന്ന പദ്ധതിക്കും തുടക്കംകുറിച്ചിട്ടുണ്ട്.

ഇതുകൂടാതെ സമഗ്ര പച്ചക്കറി പദ്ധതിയിലൂടെ നടപ്പുവർഷം പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉൽപ്പാദനവും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. പരമ്പരാഗത പച്ചക്കറി ഇനങ്ങളായി വേങ്ങേരി വഴുതന, ഓണാട്ടുകര പാവൽ, ഇടയൂർ മുളക്, മാരാരിക്കുളം വഴുതന, ഇടുക്കി ഇലച്ചേമ്പ്,

നിത്യവഴുതന, വള്ളിച്ചീര, ചതുരപ്പയർ, അടപതിയൻ, ആനക്കൊമ്പൻ, കൊത്തമര എന്നിവ വിവിധ ജില്ലകളിലായി 80 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും അവയിൽനിന്ന് വിത്ത് ശേഖരിച്ച് മറ്റുള്ള കർഷകരിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനത്തിന് നടപ്പുവർഷം 20 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ചെലവഴിക്കുന്നത്. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിലേക്കായി 5 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. ഇടയൂർ മുളക്, കൊടുങ്ങല്ലൂർ പൊട്ടുപട്ടുവെള്ളരി എന്നിവയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിനുള്ള നടപടി കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിലവിലുള്ള സെന്റർ ഓഫ് എക്സലൻസ് ഇൻ റൈസ് എന്ന പദ്ധതിയിലൂടെ നാടൻ ഇനങ്ങൾ ഉൾപ്പെടെ വിവിധതരം നെല്ലിനങ്ങൾ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിലും വൈറ്റില നെല്ല് ഗവേഷണ കേന്ദത്തിലും പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും സംരക്ഷിക്കുന്നുണ്ട്. പട്ടാമ്പിയിൽ 427 പരമ്പരാഗത ഇനങ്ങൾ ജനിതക ശേഖരത്തിൽ സംരക്ഷിക്കുന്നു. മങ്കൊമ്പിൽ 150-ഉം വൈറ്റിലയിൽ 15-ഉം വീതം നാടൻ ഇനങ്ങൾ സംരക്ഷിക്കുന്നുണ്ട്. ഇവ ഉപയോഗിച്ച് പുതിയ വിത്തിനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഉത്തര കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങൾ സംരക്ഷിക്കുന്നതിനും വിത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ഉതകുന്ന 'പൈതൃക ഗ്രാമം' എന്ന പേരിൽ ഒരു പദ്ധതിക്ക് പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രവും പീലിക്കോട് പഞ്ചായത്തും സഹകരിച്ച് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനം പച്ചക്കറി ക്ലസ്റ്ററുകളിൽ ഉൾപ്പെട്ട കർഷകർ മുഖേനയാണ് നത്തിവരുന്നത്. പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനവും നാടൻ നെൽവിത്തുകളുടെ ജൈവവൈവിധ്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി പരമ്പരാഗത കർഷകർ, ആദിവാസികൾ, എൻ.ജി.ഒ. കേരള കാർഷിക സർവ്വകലാശാല, മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് വയനാട് ജില്ലയിൽ നെല്ലിന് വേണ്ടിയുള്ള സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ പദ്ധതി 2017-18 വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത നെല്ലിനങ്ങളുടെയും മറ്റ് നാടൻ വിത്തുകളുടെയും സംരക്ഷണത്തിന് അധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയിൽ തൃശ്ശൂർ, മണ്ണുത്തി കേന്ദ്രമായി സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജൈവവൈവിദ്ധ്യവും ജനിതക സംരക്ഷണവും പദ്ധതി 2017-18 പ്രകാരം 200 ലക്ഷം രൂപ നടപ്പുവർഷം കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. വരുന്ന 5 വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കുന്നതിനാണ് കേരള കാർഷിക സർവ്വകലാശാല നടപടികൾ കൈക്കൊണ്ടുവരുന്നത്.

## പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ വിഷലിപ്തമാണോ എന്നുള്ള പരിശോധന

64(5489) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലകളിൽനിന്ന് ലഭ്യമാകുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവ വിഷലിപ്തമാണോ/അല്ലയോ എന്ന് പരിശോധിക്കുന്നതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് കൃഷി വകുപ്പിൻ കീഴിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പരിശോധനകളിൽ ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ വിഷലിപ്തമായവയുടെ കണക്കും അതുമായി ബന്ധപ്പെട്ട കേസ്സുകളും എത്രപേർ ശിക്ഷിക്കപ്പെട്ടു എന്നതിന്റെ വിശദാംശവും ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) വിഷലിപ്തമായ പച്ചക്കറി വിൽപ്പന നിയന്ത്രിക്കാനായി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആയത് കാലോചിതമായി പരിഷ്കരിച്ച് ഇവയുടെ വിപണനം തടയുവാൻ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ 'സേഫ് റ്റു ഈറ്റ്' എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലിലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നുണ്ട്.

ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധിവരെ സാധ്യമാകുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പരിശോധനകളിൽ ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ പരിശോധനാ കണക്കുകൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേസ്സെടുക്കുന്നതിന് കൃഷി വകുപ്പിന് അധികാരമില്ല. ആയതിന്റെ നിയന്ത്രണം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്.

(സി) 'സേഫ് റ്റു ഈറ്റ്' എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തിവരുന്നു. ഇതിന്റെ ഫലം സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും കാർഷിക യൂണിവേഴ്സിറ്റിയുടെയും വെബ്സൈറ്റുകൾ വഴി അറിയിക്കുന്നുണ്ട്.

പച്ചക്കറികളിലെ വിഷാംശം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സമഗ്ര ജൈവ കൃഷി പദ്ധതി പ്രകാരം ബോധവൽക്കരണം നടത്തുന്നുണ്ട്.

നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നത് തടയുന്നതിന് എൻഫോഴ്സമെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. കീടനാശിനി വിതരണ കേന്ദ്രങ്ങൾ സമയബന്ധിതമായി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കീടനാശിനി വിൽപ്പനയ്ക്ക് കൃഷി ഓഫീസർമാരുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിലാക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിവരുന്നു.

ഇതിനുപുറമെ ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും ജൈവ രീതിയിലുള്ള ഉൽപ്പാദനങ്ങളുടെ വിൽപ്പന ഇതുവഴി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല ഇത്തരം ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് ബ്രാൻഡ് നൽകി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഡയറക്ട് മാർക്കറ്റുകൾ സ്ഥാപിച്ച് ഗ്രേഡിംഗും പാക്കിംഗും നടത്തി ജൈവ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, റെസിഡൻസ് അസോസിയേഷനുകൾ എന്നിവ വഴിയും ലഭ്യമാക്കുന്നുണ്ട്.

## നാണ്യവിളകളുടെ ഇറക്കുമതി നയം

65(5490) ശ്രീ. അടൂർ പ്രകാശ്:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ ഇറക്കുമതി നയം പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ നാണ്യവിളകളെ സംരക്ഷണപട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേലുള്ള കേന്ദ്രപ്രതികരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിന്റെ തനതായ നാണ്യവിളകൾ ആസിയാൻ വാണിജ്യ കരാറിൽ എക്സ്ക്ലൂഷൻ ലിസ്റ്റ് അഥവാ ഒഴിവാക്കപ്പെട്ട പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കരാറിൽ യാതൊരുവിധ പ്രത്യേക ആനുകൂല്യങ്ങളും നൽകാത്തവയാണ് ഒഴിവാക്കപ്പെട്ട പട്ടിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വാഭാവിക റബ്ബർ, വെളിച്ചെണ്ണ, കൊപ്ര തുടങ്ങിയവ ഈ പട്ടികയിൽപ്പെടും. സമുദ്രോൽപ്പന്നങ്ങൾ, പാൽ, കശുവണ്ടി, കോഫി, തേയില, കുരുമുളക് തുടങ്ങിയവ ആസിയാൻ കരാറിൽ സെൻസിറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ മിതമായ രീതിയിൽ കുറയ്ക്കുവാൻ വ്യവസ്ഥയുണ്ട്.

ഇറക്കുമതി സംബന്ധിച്ച് കേരളം ഉൾപ്പെടെയുള്ള പദ്ധതി പങ്കാളികളുടെ അഭിപ്രായങ്ങൾ ശേഖരിക്കാറുണ്ടെന്നും കേരളത്തിന് പ്രത്യേക താൽപര്യമുള്ള വിളകളുടെ ഇറക്കുമതി സംബന്ധിച്ച നിരീക്ഷണം നടത്താറുണ്ടെന്നും കേന്ദ്ര വാണിജ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ നിവേദനത്തെത്തുടർന്ന് കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാർ നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തതിനെത്തുടർന്ന് റബ്ബർ മേഖലയിൽ ആവശ്യമായ ഹ്രസ്വകാല, ദീർഘകാല ഇടപെടലുകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹ അദ്ധ്യക്ഷനായും പ്ലാന്റേഷൻ ഡയറക്ടർ, കേന്ദ്ര ജോയിന്റ് സെക്രട്ടറി, കേരള, ത്രിപുര സംസ്ഥാന കൃഷി വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും, റബ്ബർ ബോർഡ് എക്സിക്യൂട്ടീവ്

ഡയറക്ടർ കൺവീനറായും ഒരു ടാസ്ക് ഫോഴ്സ് (Task force) രൂപീകരിക്കുകയും ആയതിന്റെ അദ്യയോഗം 23-3-2018-ന് തിരുവനന്തപുരത്ത് ചേരുകയും ചെയ്തിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ സോയിൽ സർവ്വേ ഫലം**

66(5491) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ സർവ്വേ സംസ്ഥാനത്ത് പൂർത്തികരിച്ചിട്ടുണ്ടോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ നടത്തിയിട്ടുള്ള സോയിൽ സർവ്വേ ഫലത്തിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്ത് 9.62 ലക്ഷം ഹെക്ടർ പ്രദേശത്തുകൂടി പഞ്ചായത്തുതല വിശദ മണ്ണ് പര്യവേഷണം പൂർത്തിയാക്കുവാൻ ബാക്കിയുണ്ട്.

(ബി) കോങ്ങാട് മണ്ഡലത്തിൻകീഴിൽ വരുന്ന 9 പഞ്ചായത്തുകളിൽ 7 പഞ്ചായത്തുകളുടെ വിശദ മണ്ണ് പര്യവേഷണം വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ പറളി, കോങ്ങാട്, കേരളശ്ശേരി എന്നീ പഞ്ചായത്തുകളുടെ മണ്ണ് ഭൂവിഭവ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തച്ചമ്പാറ, കരിമ്പ, മണ്ണൂർ, മങ്കര എന്നീ പഞ്ചായത്തുകളുടെ മണ്ണ് ഭൂവിഭവ റിപ്പോർട്ടുകൾ പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിവരുന്നു. കാഞ്ഞിരപ്പുഴ, കാരാക്കുറിശ്ശി പഞ്ചായത്തുകളുടെ വിശദമണ്ണ് പര്യവേഷണം ആരംഭിച്ചിട്ടില്ല.

**കൊട്ടാരക്കര മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ**

67(5492) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് നൽകിയ മണ്ണ് സംരക്ഷണ പ്രവർത്തികളുടെ ആകെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തിലേക്ക് പരിഗണിക്കുന്നതിനായി 207 കോടി രൂപ അടങ്കലിൽ 96 പദ്ധതികൾ നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

കൂടാതെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പാടശേഖരങ്ങളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി കെ.എൽ.ഡി.സി. സമർപ്പിച്ച 90.05 കോടി രൂപയുടെ പദ്ധതികൾ അനുമതിക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല.

(സി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പുലമൺതോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 560 ലക്ഷം രൂപ അടങ്കലുള്ള നീർത്തട പദ്ധതിയും 112 ലക്ഷം രൂപ അടങ്കലുള്ള വട്ടമൺകാവ് നീർത്തടപദ്ധതിയും കൊട്ടാരക്കര, ചാത്തന്നൂർ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്ന 230 ലക്ഷം രൂപ അടങ്കലുള്ള വെളിയം നീർത്തട പദ്ധതിയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിനായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരിപ്ര പഞ്ചായത്തിലെ തലവൂർകോണം പാട്ടുപുരക്കൽ ഏലായുടെയും ഉമ്മന്നൂർ പഞ്ചായത്തിലെ പൊലിക്കോട് ചിറയുടേയും പ്രവൃത്തികൾ ആർ.ഐ.ഡി.എഫ്. 23 ഘട്ടത്തിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. സമർപ്പിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ

68(5493) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിലയിരുത്തൽ നടത്താൻ നടപടി സ്വീകരിക്കുമോ; ഈ പദ്ധതികൾ മുഖേന ഏതെല്ലാം പ്രദേശത്തെ കാർഷിക പുരോഗതി ലക്ഷ്യമിടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. മുഖേന ആർ.ഐ.ഡി.എഫ്. 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തഴവ പഞ്ചായത്തിലെ ചുരുളി ഏലായുടെ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു. ടി പണികളുടെ 50% പണികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്. 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കരുനാഗപ്പള്ളിയിലെ തിരുർ പാടത്തിന്റെയും ഓച്ചിറ പഞ്ചായത്തിലെ മുണ്ടകൻ പാടത്തിന്റെയും അടിസ്ഥാന വികസന പ്രവൃത്തികളുടെ പദ്ധതി റിപ്പോർട്ടുകൾ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ ശിപാർശ ചെയ്തിരുന്നു. അതിൻപ്രകാരം തയ്യാറാക്കിയ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു.

കരുനാഗപ്പള്ളി തഴവ പഞ്ചായത്തിലെ കട്ടുത്തുകുഴി ഏലായുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ധനസഹായം RKVY മുഖേന ലഭ്യമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് കെ.എൽ.ഡി.സി. സമർപ്പിച്ചിട്ടുണ്ട്. 9-4-2018-ന് ചേരുവാൻ തീരുമാനിച്ചിട്ടുള്ള എസ്.എൽ.എസ്.സി.-യുടെ അംഗീകാരത്തിനായി പ്രസ്തുത പ്രോജക്ട് സമർപ്പിക്കുന്നതാണ്.

**വെറ്ററിനറി സർവ്വകലാശാലയിലെ അദ്ധ്യാപക ഒഴിവുകൾ**

69(5494) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി സർവ്വകലാശാലയിൽ അദ്ധ്യാപക തസ്തികകളുടെ നിലവിലെ അനുവദനീയ എണ്ണം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അധ്യാപക തസ്തികയിൽ നിലവിൽ ഒഴിവുണ്ടോയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഒഴിവുണ്ടെങ്കിൽ ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) അസിസ്റ്റന്റ് പ്രൊഫസർ - 217

അസോസിയേറ്റ് പ്രൊഫസർ - 64

പ്രൊഫസർ - 54.

(ബി) പ്രൊഫസർ തസ്തികയിൽ 12 ഒഴിവുകളും അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 59 ഒഴിവുകളും അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ 23 ഒഴിവുകളും നിലവിലുണ്ട്. എന്നാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലുള്ള ഒഴിവുകൾ എൻ.സി.എ. (No candidate available) പ്രകാരമുള്ളതാണ്.

(സി) അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് 2014-ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ഭരണസമിതി തീരുമാനപ്രകാരം സർവ്വകലാശാലയിൽ ഒഴിഞ്ഞുകിടന്നിരുന്ന അദ്ധ്യാപക തസ്തികകൾ താൽക്കാലികമായി തസ്തികമാറ്റം വരുത്തി സർവ്വകലാശാല പുതിയതായി തുടങ്ങിയ കോളേജുകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമന നടപടികളുടെ ഭാഗമായി വന്നിട്ടുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ എൻ.സി.എ. ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപക കേഡറിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനുവേണ്ടിയുള്ള സ്കോർ കാർഡ് തയ്യാറാകുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്ഥലം വിട്ട് നൽകുന്നതിന് നടപടി

70(T5495) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് ; വ്യക്തമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ;

(സി) ഇതിലേക്കായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൃഷി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ എന്നാണ്; ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടി പൂർത്തീകരിച്ച് സ്ഥലം വിട്ടുനൽകുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽപ്പെട്ട അയ്‌രമൺ വില്ലേജിലെ അരുവാപ്പുറം പഞ്ചായത്തിൽ ബ്ലോക്ക് 35-ൽ റീസർവ്വേ നമ്പർ 120-ഉം ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ 146-ഉം പന്തളം കൃഷിഭവന് കീഴിൽ വരുന്നതുമായ 3 ഏക്കറോളം ഭൂമിയിൽനിന്നും വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് 16-6-2017-ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷയിൽ അഭിപ്രായം അറിയിക്കുന്നതിന് കൃഷി ഡയറക്ടർക്ക് സർക്കാർ 22-9-2017-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടർ പത്തനംതിട്ട പ്രിസൻസിപ്പൽ കൃഷി ഓഫീസർക്ക് മറുപടിക്കായി അപേക്ഷയും അനുബന്ധ രേഖകളും നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള സർവ്വേ നമ്പരിൽ ഉൾപ്പെട്ട ഭൂമി കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലാണോ എന്ന് വ്യക്തമാക്കുന്നതിന് അനുബന്ധ രേഖകൾ അയ്‌രമൺ വില്ലേജ് ഓഫീസർക്ക് 7-3-2018-ൽ നൽകുകയും പകർപ്പ് കോന്നി തഹസിൽദാർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് അറിയിപ്പുകൾ ഒന്നുംതന്നെ അയ്‌രമൺ വില്ലേജ് ഓഫീസിൽനിന്നോ കോന്നി താലൂക്കാഫിസിൽനിന്നോ നാളിതുവരെ ലഭിച്ചിട്ടില്ല.

## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

71(T5496) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കൂടുതൽ ഭാഗങ്ങളിൽ വെയർഹൗസുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ അനുയോജ്യമായ സ്ഥലത്ത് വെയർഹൗസ് നിർമ്മിക്കുവാൻ കോർപ്പറേഷന് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് പ്രകാരം കേന്ദ്രസർക്കാരിന്റെയും കേരള സർക്കാരിന്റെയും സംയുക്ത സംരംഭമായി 20-2-1959-ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുണ്ട്. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ്. കാർഷിക വിളകൾ ശാസ്ത്രീയമായി സൂക്ഷിച്ചുവയ്ക്കുക, അവയ്ക്ക് ന്യായമായ വില ലഭ്യമാക്കി കർഷകരെ സഹായിക്കുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ചുമതലകൾ. വെയർഹൗസുകളിൽ സൂക്ഷിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് മിതമായ പലിശനിരക്കിൽ ബാങ്കുകളിൽ നിന്നും ഉപഭോക്താക്കളായ കർഷകർക്ക് വായ്പാസൗകര്യം ലഭ്യമാക്കുന്നു. ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധന വരുന്ന സമയത്ത് ഇവ വിൽക്കുന്നതിനുള്ള സൗകര്യവും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെയ്തുകൊടുക്കുന്നുണ്ട്.

സംസ്ഥാനത്തിനുള്ളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി ഗോഡൗണുകളും വെയർഹൗസുകളും നിർമ്മിക്കുക, കാർഷിക ഉൽപ്പന്നങ്ങൾ, വിത്തുകൾ, വളങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ ഗോഡൗണുകൾ സംസ്ഥാനത്തിനുള്ളിൽ നടത്തുക, കാർഷികോൽപ്പന്നങ്ങൾ, വിത്തുകൾ, വളങ്ങൾ,

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കാർഷികോപകരണങ്ങൾ മറ്റ് സാധനങ്ങൾ എന്നിവ വാങ്ങുന്നതിനും സൂക്ഷിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഏജന്റായി പ്രവർത്തിക്കുക, സർക്കാർ നിർദ്ദേശിക്കുന്നതും കർഷകർക്ക് ഉപകാരപ്രദവുമായ മറ്റ് സംരംഭങ്ങളിൽ ഏർപ്പെടുക എന്നിവയും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

(ബി) ഉണ്ട്.

(സി) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട് വില്ലേജിൽ സർവ്വേ നമ്പർ 131/14-ൽ ഉൾപ്പെട്ട ഭൂമി വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിലേക്കായി വിട്ടുനൽകുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി സബ് ജയിൽ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് വിട്ടുനൽകിയതിനാൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായില്ല. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ ഗോഡൗൺ നിർമ്മിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

## വീട് നിർമ്മാണത്തിനുള്ള വ്യവസ്ഥകൾ

72(5497) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീട് നിർമ്മിക്കാൻ സ്വന്തമായി നിലം ഒഴികെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് നിലം നികത്തി വീടുവക്കാൻ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ട സ്വന്തമായി വേറെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 സെന്റും, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ 5 സെന്റും നിലം നികത്തി വീട് വയ്ക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 9 പ്രകാരം ജില്ലാതല അധികൃത സമിതിയുടെ അനുമതി ആവശ്യമാണ്.

2008-ന് മുമ്പ് നികന്ന് കിടക്കുന്നതും, റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തി 2017-ലെ 41-ാം നമ്പർ ഓർഡിനൻസ് [വകുപ്പ് 27(എ)] മുഖേന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്.

## ഡീസൽ എൻജിൻ ഘടിപ്പിച്ച ഓട്ടോറിക്ഷകളുടെ ബാഹുല്യം

73(5498) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ഡീസൽ എൻജിൻ ഘടിപ്പിച്ച ഓട്ടോറിക്ഷകളുടെ ബാഹുല്യം കാരണം വായുമലിനീകരണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരം കാണാൻ കോർപ്പറേഷൻ മുൻകൈയെടുത്ത് ഡീസൽ ഓട്ടോറിക്ഷകൾക്ക് പകരം പെട്രോൾ/ഗ്യാസ് എൻജിനുള്ള ഓട്ടോറിക്ഷാകൾ ഓടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഡീസൽ എഞ്ചിൻ ഘടിപ്പിച്ച ഓട്ടോറിക്ഷകൾ കാരണം വായുമലിനീകരണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം കോർപ്പറേഷനിൽ ഡീസൽ ഓട്ടോറിക്ഷകൾക്ക് പകരം പെട്രോൾ/ഗ്യാസ് എഞ്ചിനുള്ള ഓട്ടോറിക്ഷകൾ മാത്രം ഓടിക്കുന്നത് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

## അതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ പ്രദേശത്ത് വീട് നിർമ്മാണം

74(T 5499) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി വില്ലേജ്, അതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ പ്രദേശത്ത് തദ്ദേശീയരായവർക്ക് വീട് പണിയുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ആശ്രയ പദ്ധതി പ്രകാരം നേരത്തെ 12 വീടുകൾ പണിതിട്ടുള്ള ഈ പ്രദേശത്ത് കൂടുതൽ വീടുകൾ പഞ്ചായത്തിന്റെ സഹായത്തോടെ പണിയുന്നതിന് വനം, റവന്യൂ വകുപ്പുകൾ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തടസ്സങ്ങൾ നീക്കി പഞ്ചായത്ത് സഹായത്തോടെ വീടുപണിയുന്നതിന് തദ്ദേശിയരെ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വനം വകുപ്പിന്റെ തടസ്സം നിലനിൽക്കുന്നുണ്ട്.

(സി) ചാലക്കുടി താലൂക്കിൽ അതിരപ്പിള്ളി പഞ്ചായത്തിൽ പുളിയിലപ്പാറ ഉൾപ്പെടുന്ന 544 ഏക്കർ ഭൂമി 1952-ൽ തിരു-കൊച്ചി സർക്കാർ പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിക്കായി വൈദ്യുത വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥലം 1909- ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള കോടശ്ശേരി റിസർവ്വിൽപ്പെട്ടതും ഇപ്പോഴും റിസർവ് വനത്തിന്റെ സ്റ്റാറ്റസ് നിലനിൽക്കുന്നതുമാകുന്നു. നിയമാനുസൃത ഉടമസ്ഥാവകാശം ലഭ്യമാകാതെ ഇവിടെ വീടോ മറ്റ് കെട്ടിടങ്ങളോ പണിയുന്നത് നിയമപ്രകാരം അനുവദനീയമല്ല.

**തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഇലക്ട്രിക്കൽ, ഡിസൈൻ വിഭാഗങ്ങൾ**

75(5500) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിംഗ് മുഖേന നിരവധി കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നത് പരിഗണിച്ച് ഇലക്ട്രിക്കൽ വിഭാഗവും ഡിസൈൻ വിഭാഗവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ & ക്വാളിറ്റി കൺട്രോൾ വിഭാഗം രൂപീകരിക്കുന്നതിനുള്ള തദ്ദേശഭരണ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു.

## പഞ്ചായത്തുകളിലെ സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ

76(5501) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകളുണ്ടെന്നും പ്രസ്തുത പഞ്ചായത്തുകളിലെല്ലാം സെക്രട്ടറിമാർ ഉണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) സെക്രട്ടറിമാർ ഇല്ലാത്ത പഞ്ചായത്തുകൾ ഏതാണെന്നും പ്രസ്തുത പഞ്ചായത്തുകളിൽ എത്ര കാലമായി ഈ തസ്തിക ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കാമോ;

(സി) പഞ്ചായത്തുകൾക്ക് അസിസ്റ്റന്റ് സെക്രട്ടറിമാരെ അനുവദിക്കുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് എത്ര പഞ്ചായത്തുകൾക്ക് അസിസ്റ്റന്റ് സെക്രട്ടറിമാരെ അനുവദിച്ചിട്ടുണ്ടെന്നും, ഇനി എത്ര പഞ്ചായത്തുകൾക്ക് അനുവദിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 917 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാർ നിലവിലുണ്ട്. വിരമിക്കൽ, വിരമിക്കലിനുമുമ്പായി എടുക്കുന്ന അവധി എന്നീ കാരണങ്ങളാൽ 24 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികയിൽ ഒഴിവുണ്ടായിട്ടുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുകയും ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള ജീവനക്കാരുടെ പട്ടിക തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി)

| | | |
|---|---|---|
| 1 | എടപ്പറ്റ | 2018 ജനവരി മുതൽ ഒഴിഞ്ഞു കിടക്കുന്നു |
| 2 | മൂത്തേടം | |
| 3 | തിരുനെല്ലി | |
| 4 | പനമരം | |

| | | |
|---|---|---|
| 5 | ചേരനല്ലൂർ | 2018 ഫെബ്രുവരി മുതൽ ഒഴിഞ്ഞുകിടക്കുന്നു |
| 6 | മഞ്ഞളൂർ | |
| 7 | അങ്ങാടിപ്പുറം | |
| 8 | താഴെക്കോട് | |
| 9 | ഊർങ്ങാട്ടിരി | |
| 10 | അഗളി | |
| 11 | കരിമ്പ | |
| 12 | കരിമ്പുഴ | |
| 13 | നെല്ലിയാമ്പതി | 2018 ഫെബ്രുവരി മുതൽ ഒഴിഞ്ഞുകിടക്കുന്നു |
| 14 | കോങ്ങാട് | |
| 15 | മുതലമട | |
| 16 | ബാലുശ്ശേരി | |
| 17 | കള്ളാർ | |
| 18 | കോടോംബേളൂർ | |
| 19 | ചെന്നീർക്കര | 2018 മാർച്ച് മുതൽ ഒഴിഞ്ഞു കിടക്കുന്നു |
| 20 | വയലാർ | |
| 21 | കൊരട്ടി | |
| 22 | മടവൂർ | |
| 23 | മേപ്പയൂർ | |
| 24 | മാട്ടൂൽ | |

(സി&ഡി) സാമ്പത്തികനില മെച്ചപ്പെട്ട ഗ്രാമപഞ്ചായത്തുകളിലാണ് 7-2-2013-ലെ സ.ഉ.(കൈ)51/2013/തസ്വഭവ. . നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടിന് സമാനമായ അസിസ്റ്റൻറ് സെക്രട്ടറി തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവായത്. സാമ്പത്തികനില മെച്ചപ്പെട്ട 865 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റൻറ് സെക്രട്ടറി തസ്തിക നിലവിലുണ്ട്. 76 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റൻറ് സെക്രട്ടറി തസ്തിക നിലവിലില്ല.

## വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

77(5502) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ വൃദ്ധജനങ്ങളുടെ കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) വൃദ്ധജനസംഖ്യ വർദ്ധിക്കുന്നത് കണക്കിലെടുത്ത് ഇവർക്കായി ത്രിതല പഞ്ചായത്ത് സംവിധാനത്തിന് കീഴിൽ ഫലപ്രദമായ പദ്ധതികൾ വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 വാർഷിക പദ്ധതി മാർഗ്ഗരേഖപ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങൾക്കായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വയോജനങ്ങൾക്ക് ശാരീരിക മാനസിക സാംസ്കാരിക പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പദ്ധതികൾ
- വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പദ്ധതികൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കുക.
- വിനോദ കേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കുക.

- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്‌ലെറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രിയിൽ വയോജനങ്ങൾക്ക് പ്രത്യേകം ക്യൂവിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

- വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ.

- വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നീ സാന്ത്വന പരിചരണ പദ്ധതികൾ

(ബി) വൃദ്ധജനങ്ങളുടെ ശരിയായ എണ്ണം നിലവിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാകുന്നു.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ട് എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുന്നത് അതത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

78(5503) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, അംഗീകാരം നേടൽ എന്നിവയ്ക്ക് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ;

(ബി) 2017-18 വർഷത്തിൽ 90%-ൽ അധികം പദ്ധതി വിഹിതം ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രോൽസാഹനം/സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) 2017-18 വർഷത്തിൽ 50 ശതമാനത്തിൽ താഴെ മാത്രം ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (2018-19) കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018-19 പദ്ധതി അംഗീകാര കലണ്ടർ ചുവടെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

- വികസന സെമിനാർ - 6-3-2018
- വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ- 8-3-2018
- പ്രോജക്ട് തയ്യാറാക്കൽ - 15-3-2018
- വാർഷിക പദ്ധതി സമർപ്പിക്കൽ - 17-3-2018
- ജില്ലാ ആസൂത്രണ സമിതി അംഗീകാരം - 22-3-2018
- അംഗീകരിച്ച വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കൽ - 25-3-2018

(ബി &സി) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**റർബൻ ക്ലസ്റ്റർ**

79(5504) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റർബൻ ക്ലസ്റ്റർ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എത്ര ക്ലസ്റ്ററുകളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു ക്ലസ്റ്ററിൽ എത്ര പഞ്ചായത്തുകളാണുള്ളതെന്നും ഇതിൽ ഉൾപ്പെടാനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) എത്ര ഘട്ടങ്ങളായാണ് ക്ലസ്റ്ററുകൾ നടപ്പാക്കുന്നത്;

(ഇ) ഏതെല്ലാം പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നത്;

(എഫ്) ക്ലസ്റ്ററുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ഈ പദ്ധതിക്ക് കേന്ദ്ര ഫണ്ടടക്കം എവിടെ നിന്നെല്ലാം ഫണ്ട് ലഭിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ 11 ക്ലസ്റ്ററുകളാണ് സംസ്ഥാനത്തുള്ളത്.

(സി) ഒരു ക്ലസ്റ്ററിൽ 2 പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ മിഷന്റെ നിർവ്വഹണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന താഴെപ്പറയുന്ന 7 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നത്.

1. ഓരോ ദശവർഷത്തിലും ജനസംഖ്യയിൽ ഉണ്ടാകുന്ന വർദ്ധന
2. ഓരോ ദശവർഷത്തിലും കാർഷികേതര മേഖലയിലുണ്ടാകുന്ന തൊഴിലാളികളുടെ വർദ്ധന
3. ഭൂമിയുടെ വില വർദ്ധന
4. ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ എണ്ണം.
5. പ്രധാനമന്ത്രി ജൻധൻ യോജനയിൽ അക്കൗണ്ട് ആരംഭിച്ച കുടുംബങ്ങളുടെ എണ്ണം.
6. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രവർത്തനങ്ങൾ.
7. ഭരണ നിർവ്വഹണത്തിലെ പുതിയ മാതൃകകൾ.

(ഡി) 3 ഘട്ടങ്ങളായാണ് (ഫേസ്1, ഫേസ്2, ഫേസ്3) ക്ലസ്റ്ററുകൾ നടപ്പാക്കുന്നത്.

(ഇ) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന 13 പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നു.

1. ഗ്രാമീണ റോഡുകളുടെ നിർമ്മാണം.
2. ആഴ്ചയിൽ 24 മണിക്കൂറും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ
3. ഗ്രാമീണ റോഡുകളിൽ ഓടകളുടെ നിർമ്മാണം.
4. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
5. ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഹെൽത്ത് യൂണിറ്റ്.

6. പാവപ്പെട്ടവർക്ക് എൽ.പി.ജി. പാചകവാതക കണക്ഷൻ.

7. കാർഷിക വിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് മൂല്യാധിഷ്ഠിത വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ.

8. തൊഴിൽരഹിതരുടെ നൈപുണ്യശേഷി വികസനം.

9. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ.

10. പൊതുജന സേവന കേന്ദ്രങ്ങളുടെ ആരംഭം.

11. സാധാരണക്കാർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകൽ.

12. ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ

13. ദ്രവ മാലിന്യങ്ങളുടെ സംസ്കരണം.

(എഫ്) ക്ലസ്റ്ററുകൾ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | വെള്ളനാട്, ആര്യനാട് |
| 2 | കൊല്ലം | നെടുമ്പന, തൃക്കോവിൽവട്ടം |
| 3 | ആലപ്പുഴ | കഞ്ഞിക്കുഴി, മാരാരിക്കുളം നോർത്ത് |
| 4 | കോട്ടയം | പുതുപ്പള്ളി, മണർകാട് |
| 5 | എറണാകുളം | പുത്തൻവേലിക്കര, കുന്നുകര |
| 6 | തൃശ്ശൂർ | പുന്നയൂർകുളം, വടക്കേക്കാട് |
| 7 | പാലക്കാട് | പുതുക്കോട്, കാവശ്ശേരി |
| 8 | മലപ്പുറം | എടപ്പാൾ, വട്ടംകുളം, താനാളൂർ ,നിറമരുതൂർ |
| 9 | കണ്ണൂർ | മങ്ങാട്ടിടം, കോട്ടയം, ചെമ്പിലോട്, പെരളശ്ശേരി |

ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ (ICAP) പ്രകാരം തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി വിഭവ സമാഹരണം നടത്തുമ്പോൾ ഉണ്ടാകുന്ന ക്രിട്ടിക്കൽ ഗ്യാപ്പുകൾ (Critical Gaps) പരിഹരിക്കുവാൻ ഒരു ക്ലസ്റ്ററിന് പരമാവധി 30 കോടി രൂപ ക്രമത്തിൽ Critical Gap Fund (CGP) ആയി സർക്കാർ നൽകുന്നതാണ്. ഈ തുക 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം.എൽ.എ./എം.പി. ഫണ്ടുകൾ, വികേന്ദ്രീകൃതാസൂത്രണ ഫണ്ടുകൾ, തനത് വിഹിതം തുടങ്ങിയവ സംയോജിപ്പിച്ച് ലഭിക്കുന്ന ഫണ്ടും ക്ലസ്റ്റർ വികസനത്തിനായി ഉപയോഗിക്കുന്നുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

80(5505) ശ്രീ. പി. ടി. തോമസ് :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അതുമൂലം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഗുണഭോക്താക്കളെ 2017-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശമുണ്ടോ; ഇക്കാരണത്താൽ ആവാസ് യോജനയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ ഭൗതികലക്ഷ്യം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽനിന്നും ചെലവഴിക്കപ്പെടാത്ത തുക അടുത്ത വർഷത്തെ നീക്കിയിരുപ്പിൽ വകയിരുത്തുന്നതിനാൽ പൂർണ്ണമായും തുക ചെലവഴിക്കാത്ത സാഹചര്യമുണ്ടാകുന്നില്ല.

(ബി) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണ്‍) പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമാണ്. ടി ലിസ്റ്റിൽനിന്നും ഭൗതികലക്ഷ്യ പ്രകാരമുള്ള അർഹരായ ഗുണഭോക്താക്കളെ ലഭ്യമാകാത്ത സാഹചര്യമുണ്ട്.

(സി) ഉണ്ട്. എസ്.ഇ.സി.സി. ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കളെ സർവ്വെ നടത്തി എസ്.ഇ.സി.സി.-യിലെ മാനദണ്ഡപ്രകാരം പുതുതായി ഉൾപ്പെടുത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## ലോകബാങ്ക് ധനസഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ

81(5506) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് ധനസഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ സാമ്പത്തിക വർഷം ഓരോ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലോകബാങ്ക് സഹായമായി എന്ത് തുകയാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ നഗരസഭകളും പഞ്ചായത്തുകളും കൈവരിച്ച നേട്ടങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 20-3-2018 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈയിനത്തിൽ നൽകിയ ഗ്രാന്റിന്റെ 97.7% വിനിയോഗിച്ച് കഴിഞ്ഞു.

(ബി) 2017-18 സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് ധനസഹായം നൽകിയിട്ടില്ല.

(സി) നഗരസഭകളും പഞ്ചായത്തുകളും ആസ്തി വികസനത്തിലൂടെ സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 2017-18 സാമ്പത്തിക വർഷം ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളും പ്രോജക്റ്റുകളും

82(5507) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. കെ. രാജൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസനത്തിന് ഊന്നൽ നല്കിക്കൊണ്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രധാന പരിഗണന നല്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രാദേശിക സർക്കാരുകളും മേൽത്തട്ടിലുള്ള സർക്കാരുകളും വകുപ്പുകളും തമ്മിൽ മെച്ചപ്പെട്ട ഏകോപനം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) പതിമൂന്നാം പദ്ധതിയുടെ പ്രധാന പരിഗണന നൽകുന്ന മേഖലകൾ ചുവടെ ചേർക്കുന്നു:

- പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെ പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേയ്ക്ക് കേരളത്തെ എത്തിക്കുക
- പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കുക.
- ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യത്തിനും ഉയർന്ന പരിഗണന നൽകി മനുഷ്യവിഭവശേഷിയുടെ സാധ്യത വലിയതോതിൽ ഉയർത്തുക.
- മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും കൃഷിയും സംരക്ഷിക്കുക.
- മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക.

- ഭൂരഹിതവും, ഭവനരഹിതരും അഗതികളുമില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക.
- കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ കൂടുതൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2017-18 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ വിദഗ്ദ്ധന്മാരെക്കൂടി ഉൾപ്പെടുത്തി ആസൂത്രണ സമിതികൾക്ക് രൂപം നൽകുകയുണ്ടായി. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ ജില്ലകളിലും വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ സംസ്ഥാന-ജില്ലാ തലത്തിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായുള്ള വിദഗ്ദ്ധരുടെ പാനലിന് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പ്രാദേശിക സർക്കാരുകളും വകുപ്പുകളും തമ്മിൽ ഏകോപനം സാധ്യമാക്കുന്നതിനുള്ള ഉപകരണമാണ് ജില്ലാ പദ്ധതി. പതിനാല് ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നതാണ്. കൂടാതെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് 5-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ നികുതി പിരിവ് പൂർണ്ണമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി

83(5508) <u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി വിശദ രൂപരേഖ (ഡിപിആർ) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുവാൻ വീണ്ടും ടെൻഡർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗം എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ആദ്യ ടെൻഡറിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനികളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ കമ്പനിയെ സ്മാർട്ട് സിറ്റിയുടെ കൺസൾട്ടന്റായി നിയമിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വിശദമാക്കുമോ;

(ഡി) പുതിയ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് പുതിയ ടെൻഡർ ക്ഷണിക്കുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം അനന്തമായി നീളുകയില്ലേ; വ്യക്തമാക്കുമോ;

(ഇ) നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കൂടുതൽ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ നേരിട്ട് നടത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണ് സ്വയം ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; അറിയിക്കുമോ;

(എഫ്) സ്മാർട്ട് ബസ്സ് സ്റ്റോപ്പുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) തിരുവനന്തപുരം സ്മാർട്ട്സിറ്റി പദ്ധതിക്കുവേണ്ടി വിശദ രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി നടത്തിയ ടെൻഡറിന്റെ അടിസ്ഥാനത്തിൽ ചുരുക്ക പട്ടികയിൽ ഉൾപ്പെട്ട ആദ്യത്തെ കമ്പനിയായ M/s.Wadia Techno Engg. Services Ltd-നെ N.H.I.D.C.L.-ഉം ആസ്സാം PWD യും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതായി പിന്നീട് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് അവരുടെ പ്രതികരണം നേരിട്ട് രേഖപ്പെടുത്തുന്നതിന് അവസരം നൽകുന്നതിന് 15-3-2018-ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്പനിയുടെ ഹിയറിംഗിന് ശേഷം കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ബോർഡ് യോഗം കൂടി തുടർനടപടികൾ തീരുമാനിക്കുന്നതാണ്.

(ഇ) പദ്ധതികളുടെ നിർവ്വഹണത്തിന് നിലവിൽ പ്രതിസന്ധികളില്ല. പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായി അടിയന്തരമായി സ്മാർട്ട് ബസ്സ് ഷെൽട്ടറുകളുടെ നിർമ്മാണം, കുടിവെള്ള കിയോസ്കുകൾ, പൊതു ശൗചാലയങ്ങളുടെ നവീകരണം എന്നീ മൂന്ന് പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്. ഈ മൂന്ന് പദ്ധതികൾ സ്മാർട്ട് സിറ്റി പ്രൊപ്പോസലിൽ വകയിരുത്തിയിട്ടുള്ള യു.എൽ.ബി. ഷെയറിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

(എഫ്) സ്മാർട്ട് ബസ് ഷെൽട്ടറുകളുടെ വിശദ രൂപരേഖ തയ്യാറാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

84(5509) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2017 ജൂൺ 15-ന് മുമ്പ് അവരുടെ വാർഷിക പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നോ;

(ബി) അംഗീകാരം നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്ലാൻ ഫണ്ട് ഗഡുക്കളായി അനുവദിച്ച് നൽകിയിരുന്നോ;

(സി) എങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2018 ഫെബ്രുവരി 28 വരെ പദ്ധതി ചെലവിന്റെ അൻപത് ശതമാനംപോലും ചെലവഴിക്കുവാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ മുൻവർഷമുണ്ടായ വീഴ്ചകൾ പരിഹരിച്ച് 2018-19 ൽ എഴുപത്തിയഞ്ച് ശതമാനം പദ്ധതി ചെലവും ഡിസംബർ 31-ന് മുമ്പ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വെള്ളനാട് ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളും 2017 ജൂൺ 15-ന് മുമ്പ് വാർഷിക പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

2017 ജൂൺ 15-നുള്ള എല്ലാ നഗരസഭകൾക്കും 2017-18 വാർഷിക പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നു.

2017 ജൂൺ 15-നകം 152 ബ്ലോക്ക് പഞ്ചായത്തുകളും 2017-18 വാർഷിക പദ്ധതി അംഗീകാരത്തിന് സമർപ്പിച്ചിരുന്നു.

(ബി) 21-3-2015-ലെ ഉത്തരവ് നമ്പർ 119/2015/ധന ഉത്തരവ് പ്രകാരം സാമ്പത്തിക വർഷത്തിൽ 3 തവണകളായി പ്ലാൻ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾ 28-2-2018 വരെ 61.15%-ഉം ജില്ലാ പഞ്ചായത്തുകൽ 37.45%-ഉം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്.

2017-18 പദ്ധതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിയാത്ത കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. ജി.എസ്.ടി. നിലവിൽവന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിർത്തിവച്ചതും.
2. ട്രഷറികളിലെ ബിൽ പെൻഡിംഗ്
3. മരാമത്ത് പണികൾക്കാവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതക്കുറവ്, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ്.

മേൽ കാരണങ്ങളുണ്ടായെങ്കിലും ഇതുവരെയുള്ള പദ്ധതി കാലഘട്ടത്തേക്കാൾ പുരോഗതി തദ്ദേശഭരണ സ്ഥാപനങ്ങൾ കൈവരിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പിനെ സംബന്ധിച്ച് 2018 ഫെബ്രുവരി 28 വരെയുള്ള പദ്ധതി ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- കോർപ്പറേഷൻ - 45.49%
- മുനിസിപ്പാലിറ്റി - 51.02%

1-7-2017-ൽ ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് മരാമത്ത് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിൽ വിമുഖത കാണിച്ചിരുന്നു. 1-11-17-ലെ സ.ഉ(പി) 87/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ജി.എസ്.ടി നിലവിൽ വന്നതിനെത്തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിനുശേഷമാണ് ടെണ്ടർ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറായിട്ടുള്ളത്. 2017 നവംബർ, ഡിസംബർ മാസങ്ങളിൽ ട്രഷറി നിയന്ത്രണംമൂലം ട്രഷറിയിൽ ബില്ലുകൾ പെൻഡിംഗ് ഉണ്ടായിരുന്നു. ആയതും പദ്ധതി ചെലവ് കുറയുവാൻ കാരണമായിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾ 50 ശതമാനത്തിലധികം പദ്ധതി ചെലവ് 2018 ഫെബ്രുവരി 28-ന് മുമ്പായി കൈവരിച്ചിരുന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും 12 മാസങ്ങൾ ലഭിക്കുന്നതിനായി മാർച്ച് 31-നുള്ളിൽ 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനകം പദ്ധതി അംഗീകാരം നേടിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇത് സഹായിക്കും. നഗരസഭാതലത്തിൽ 2018-19 വാർഷിക പദ്ധതിയുടെ രൂപീകരണ നടപടികൾ വളരെ വേഗത്തിൽ നടന്നുവരികയാണ്. ഭൂരിഭാഗം നഗരസഭകളിലും വാർഡ് സഭ പൂർത്തിയാക്കുകയും വികസന സെമിനാർ നടന്നു കഴിഞ്ഞിട്ടുള്ളതുമാണ്. 31-3-18-നകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഡി.പി.സി. അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1-4-2018-ൽ പദ്ധതി നിർവ്വഹണം ആരംഭിച്ചാൽ മറ്റ് തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 75% പദ്ധതി ചെലവ് 31-12-2018-ന് നേടുന്നതിന് പ്രയാസമുണ്ടാകുകയില്ല.

## പഞ്ചായത്തുകളുടെ വാർഷിക പദ്ധതി

85(5510) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുവാൻ മതിയായ ജീവനക്കാരും സാങ്കേതിക മേഖലയിലെ ഉദ്യോഗസ്ഥരും ഇല്ലാത്തത് പദ്ധതി നിർവ്വഹണത്തെ ദോഷകരമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) ഓരോ ക്വാർട്ടറിലും പദ്ധതി വിഹിതത്തിന്റെ 25 ശതമാനം ചെലവഴിക്കണമെന്ന തീരുമാനം നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത് സാമ്പത്തിക പ്രതിസന്ധിമൂലമാണോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധിച്ചിട്ടില്ല.

(ഡി) അല്ല. ജി.എസ്.ടി. നിലവിൽവന്നതുമൂലമുണ്ടായ പ്രശ്നങ്ങൾ, (കാരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിക്കുന്നത്) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എന്നിവമൂലമാണ് പദ്ധതി പുരോഗതിയിൽ നേരിയ മാന്ദ്യം ഉണ്ടായത്.

## ലൈഫ് പദ്ധതി

86(5511) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി വാമനപുരം നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതൊക്കെയെന്നും ടി സ്ഥലങ്ങളുടെ വിസ്തൃതി എത്രയെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ ;

(ബി) തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ടോ ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി വാമനപുരം നിയോജകമണ്ഡലത്തിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ 50 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) ഏറ്റെടുത്തിട്ടില്ല.

**ഭവന നിർമ്മാണ പദ്ധതികൾ**

87(5512) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന, ഇ. എം. എസ്. ഭവന പദ്ധതികൾ പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് താൽക്കാലിക നിയമനം ലഭിച്ചവർ തുടങ്ങിയവർക്ക് ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമുണ്ടോ എന്നറിയിക്കുമോ;

(ബി) മേൽസൂചിപ്പിച്ചവർക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണ ആനുകൂല്യത്തിന് അർഹതയുണ്ടോ;

(സി) ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി നിജപ്പെടുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണെന്നും അറിയിക്കുമോ;

(ഡി) ലൈഫ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരെ സർക്കാർ നേരിട്ടാണോ ചുമതല ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ഇവരുടെ അർഹത നിർണ്ണയിക്കുന്നതാണ്.

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.

- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികവർഗ്ഗത്തിന് ബാധകമല്ല.).
- ഉപജീവന തൊഴിൽ ഉപാധിയെന്ന നിലയില്ലാതെ നാല് ചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ലായെന്ന കാരണത്താൽ ഭൂരഹിതായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

(സി) ഉണ്ട്. മൂന്ന് ലക്ഷം രൂപവരെ വാർഷിക വരുമാനം.

(ഡി) 16-3-2018-ലെ സ.ഉ.(കൈ) നമ്പർ 34/2018/തസ്വഭവ. ഉത്തരവ് പ്രകാരം ലൈഫ് പദ്ധതിയുടെ നിർവ്വഹണം (വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതൊഴികെ) തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരെ നിർവ്വഹണ ഉദ്യോഗസ്ഥരായി സെക്രട്ടറിക്ക് ചുമതലപ്പെടുത്താവുന്നതാണ്.

നഗരസഭകളിൽ സെക്രട്ടറിയായിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ. നിർവ്വഹണ സംവിധാനം ഫലപ്രദമാക്കുന്നതിനായി പി.എം.എ.വൈ.(യു) കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ സെക്രട്ടറി പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടുതൽ ഗുണഭോക്താക്കളുള്ളിടത്ത് തദ്ദേശഭരണ സെക്രട്ടറി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരെ ഫീൽഡ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്.

## ലൈഫ് പദ്ധതി

88(5513) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ അർഹരായവർ ഒഴിവാക്കപ്പെട്ടു എന്ന പരാതി പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) പൂർത്തീകരിക്കാത്ത 66750 ഭവനങ്ങളുടെ നിർമ്മാണം 2018 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമോ;

(സി) ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന സ്കീമിലെ ഗുണഭോക്താക്കൾക്ക് ധനസഹായം എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; സമയബന്ധിതമായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റേഷൻ കാർഡില്ലാത്ത അഗതികളെയും റേഷൻകാർഡിന്റെ പേരിൽ ഒഴിവാക്കപ്പെട്ട അർഹതയുള്ളവരെയും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 66750 ഭവനങ്ങളിൽ നാളിതുവരെ 18979 ഭവനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ളവ 2018 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2018 ഏപ്രിൽ മുതൽ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) റേഷൻ കാർഡില്ലാത്ത അഗതികളെ ജില്ലാ കളക്ടർമാരുടെ അനുമതിയോടെ ഗുണഭോക്തൃ പട്ടികയിൽ പേര് ചേർക്കുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

## ലൈഫ് മിഷൻ പദ്ധതി പ്രകാരം പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾ

89(5514) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷം ലൈഫ് മിഷൻ പദ്ധതി പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിൽ ഭവനങ്ങൾ പണി പൂർത്തീകരിക്കുന്നതിന് എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിലേക്കായി 1,15,52,20,959 രൂപ വിനിയോഗിച്ചിട്ടുണ്ട്.

## ഇടുക്കി മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

90(5515) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പാർപ്പിട പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ആദ്യ ഗഡു അനുവദിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പഞ്ചായത്തുതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ആദ്യഘടകമായ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 575 ഭവനങ്ങളുള്ളതിൽ 160 എണ്ണം പൂർത്തിയായിക്കഴിഞ്ഞു. മുഴുവൻ ഗുണഭോക്താക്കൾക്കും തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 1* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### കോതമംഗലം മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

91(5516) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ വീട് പണി പൂർത്തിയാകാത്ത എത്ര പേരുടെ വീട് പണി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിയുള്ള ഭവനരഹിതർക്ക് വീടുവയ്ക്കുന്നതിനുവേണ്ടിയുള്ള ധനസഹായ വിതരണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ വീട് പണി പൂർത്തീകരിക്കാത്ത 175 ഭവനങ്ങളിൽ 96 എണ്ണം പൂർത്തിയായിക്കഴിഞ്ഞു.

(ബി) 2018 ഏപ്രിൽ 1 മുതൽ ഭൂമിയുള്ള ഭവനരഹിതർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വാമനപുരം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി

92(5517) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ വാമനപുരം നിയോജകമണ്ഡലത്തിൽ, ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ 4199 ഭൂമിയുള്ള ഭവനരഹിതരും 3218 ഭൂമിയില്ലാത്ത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

**പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഭവനരഹിതർ**

93(5518) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ആകെ എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ഭവനരഹിതർക്ക് വീട് വച്ച് നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ആദ്യഘട്ടത്തിൽ പണി പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ പെരുമ്പാവൂർ മണ്ഡലത്തിലെ എത്ര വീടുകൾ പൂർത്തിയാക്കുന്നതിന് ധനസഹായം നൽകിയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ 844 ഭവനരഹിതരെയും 2564 ഭൂരഹിത ഭവനരഹിതരെയുമാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി ലക്ഷ്യമിടുന്നത്. പുതിയ ഭവനങ്ങളുടെ നിർമ്മാണം 2018 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പെരുമ്പാവൂർ മണ്ഡലത്തിൽ 74 പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഉള്ളതിൽ 33 എണ്ണം പൂർത്തീകരിച്ച് കഴിഞ്ഞു. മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

**സുൽത്താൻ ബത്തേരി മണ്ഡലത്തിലെ ഭവനരഹിതർ**

94(5519) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ ആകെ എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭവനരഹിതർക്ക് വീട് വച്ച് നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ ഭൂരഹിത ഭവനരഹിതരും ഭവനരഹിതരുംകൂടി ആകെ 3401 ഭവനരഹിതരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) മുഴവൻ ഭൂമിയുള്ള ഭവനരഹിതർക്കും 2018-19 സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകുന്നതിന് വാർഷിക പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തി പദ്ധതി തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**പി.എം.എ.വൈ. പദ്ധതിയിൽ അനുവദിച്ച വീടുകൾ**

95(5520) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തുകൾ മുഖേന സംസ്ഥാനത്ത് എത്ര വീടുകൾ പുതിയതായി നിർമ്മിക്കുവാൻ അനുവാദം നൽകിയെന്നറിയിക്കുമോ;

(ബി) ഏത് പദ്ധതിയിലാണ് ഇപ്രകാരം വീടുകൾ അനുവദിച്ചത്;

(സി) പി.എം.എ.വൈ. പദ്ധതിയിൽ 2016-17, 2017-18 വർഷങ്ങളിൽ എത്ര വീടുകൾ സംസ്ഥാനത്ത് പുതിയതായി അനുവദിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി പ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 42431 വീടുകളും പി.എം.എ.വൈ (നഗരം) പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 25011 വീടുകളും 2017-18 സാമ്പത്തിക വർഷത്തിൽ 52403 വീടുകളും അനുവദിച്ചിട്ടുണ്ട്.

## വാടക കുടിശ്ശിക അനുവദിക്കുന്നതിന് നടപടി

96(5521) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് സർക്കാർ ആയുർവേദ ഡിസ്പെൻസറി 28-9-2012 മുതൽ 1-11-2017 വരെ ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ 28-ാം നമ്പർ വാർഡിൽ (മുൻ ഗ്രാമപഞ്ചായത്ത് 12-ാം വാർഡ്) എം.എൻ.നാരായണൻ നമ്പൂതിരിയുടെവക കെട്ടിടത്തിലായിരുന്നോ പ്രവർത്തിച്ചിരുന്നത്;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാടക ഇതുവരെ അനുവദിച്ച് നൽകാത്തതിന്റെ കാരണമെന്താണ്; അറിയിക്കുമോ;

(സി) വാടക കുടിശ്ശിക അനുവദിച്ച് കിട്ടുന്നതിനായി ഹരിപ്പാട് നഗരസഭ സെക്രട്ടറി 7-2-2017-ൽ നഗരകാര്യ ഡയറക്ടർക്ക് എല്ലാ രേഖകളും സഹിതം അയച്ച കത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എം.എൻ.നാരായണൻ നമ്പൂതിരിക്ക് 2012 മുതൽ 2017 വരെയുള്ള വാടക കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി&സി) ഹരിപ്പാട് നഗരസഭാ സെക്രട്ടറിയുടെ 7-2-2017-ലെ കത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറേറ്റിലെ G1-7163/16 നമ്പർ ഫയൽ മുഖേന തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ടി വിഷയത്തിൽ അധികവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെയും അനുബന്ധ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ വാടക കുടിശ്ശിക നിയമാനുസൃതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ബാധ്യത

97(5522) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പൽ കോമൺ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ബാധ്യത നിലവിൽ എത്രകോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങൾക്കുമായി രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിൽ ഇപ്പോൾ ഇതിനായി എത്ര രൂപ നിക്ഷേപമായുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർ കോടതിയെ സമീപിച്ച സാഹചര്യത്തിൽ പൊതുആവശ്യ ഫണ്ടിൽ നിന്ന് പെൻഷൻ തുക അനുവദിക്കാൻ നഗരസഭകൾ തയ്യാറാകുകയുണ്ടായോ;

(ഡി) എന്നാൽ പൊതുആവശ്യഫണ്ട് പെൻഷൻ വിതരണത്തിന് ഉപയോഗിക്കുന്നതിൽ നിയമതടസ്സമുണ്ടെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 31-3-2018 വരെ 345,81,08,473 രൂപ (മുന്നൂറ്റി നാൽപ്പത്തിയഞ്ച് കോടി എൺപത്തിയൊന്ന് ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി എഴുപത്തി മൂന്ന രൂപാ മാത്രം)

(ബി) 20-3-2018 വരെ 25,84,66,907 രൂപ (രൂപ ഇരുപത്തിഅഞ്ച് കോടി എൺപത്തിനാലു ലക്ഷത്തി അറുപത്തിയാറായിരത്തി തൊള്ളായിരിത്തിയേഴ് മാത്രം).

(സി) ജീവനക്കാർ കോടതിയെ സമീപിക്കുന്ന സാഹചര്യത്തിൽ ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ജീവനക്കാർക്ക് പെൻഷൻ തുക അലോട്ട്മെന്റായി അനുവദിച്ച് നൽകാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ ചില കോർപ്പറേഷൻ മേയർ, നഗരസഭാ ചെയർമാൻ/ ചെയർപേഴ്സൺ എന്നിവർ പെൻഷൻ വിതരണത്തിൽ പൊതു ആവശ്യ ഫണ്ട് വിനിയോഗിക്കുന്നതിൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.

**പഞ്ചായത്തിലെ ഡ്രൈവർ നിയമനം**

98(5523) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ഉടങ്ങി 7 ജില്ലകൾ പഞ്ചായത്തിലെ ഡ്രൈവർ തസ്തിക പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുമ്പോൾ മറ്റ് ജില്ലകളിലെ പഞ്ചായത്ത് ഡ്രൈവർ

ഒഴിവ് പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യാതെ ദിവസവേതനം അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, പാലക്കാട്, ജില്ലകളിലെ പഞ്ചായത്ത് ഡ്രൈവർ തസ്തികയിലെ ഒഴിവ് പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മികച്ച വികസനമുള്ള എറണാകുളം ജില്ലയിലുള്ള 78 പഞ്ചായത്തിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) എറണാകുളം, കാസർഗോഡ് ജില്ലകളിൽ നിലവിൽ ഡ്രൈവർ തസ്തികകളിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല. കൊല്ലം ജില്ലയിൽ 7 ഒഴിവുകളും, തൃശ്ശൂർ ജില്ലയിൽ 2 ഒഴിവുകളും, പാലക്കാട് ജില്ലയിൽ 2 ഒഴിവുകളും, കണ്ണൂർ ജില്ലയിൽ 1 ഒഴിവും, പത്തനംതിട്ട ജില്ലയിൽ 4 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ജീവ പദ്ധതി**

99(5524) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടപ്പാക്കുന്ന ജീവ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിലൂടെ ഓരോ സീസണിലും കൃഷിചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) ജീവനോപാധി വികസനത്തിലൂടെ നഗരദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) ഇതിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ;

(ഡി) കുടുംബശ്രീയുടെ കാർഷിക പദ്ധതിയുടെ ഭാഗമായുള്ള ജെ.എൽ.ജി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ)കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംഘകൃഷി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനായും സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ള ടീമാണ് ജെഎൽജി ഇവാല്യൂവേഷൻ ഏജന്റ് അഥവാ ജീവ. കേരളത്തിലെ എല്ലാ ബ്ലോക്കുകളിൽനിന്നും 4 മാസ്റ്റർ കർഷകരെ വീതം തെരഞ്ഞെടുക്കുകയും ഇവർ ജില്ലാതലത്തിൽ ഗ്രൂപ്പായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുകയും ചെയ്യുന്നു. ജീവ ടീം പ്രധാനമായും സംഘകൃഷി സംഘങ്ങളെ നേരിട്ട് സന്ദർശിക്കുകയും കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. ജീവ ടീം അംഗങ്ങൾ കൃത്യമായി പരിശീലനം നേടിയ മാസ്റ്റർ കർഷക പരിശീലകർ കൂടിയാണ് എന്നതിനാൽ സന്ദർശന വേളകളിൽ ഗ്രൂപ്പ് അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കും.

(ബി) ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം). നഗരങ്ങളിൽ നടപ്പിലാക്കുന്ന എൻയുഎൽഎം പദ്ധതിയുടെ നൈപുണ്യ വികസനവും തൊഴിലുറപ്പാക്കലും, സ്വയംതൊഴിൽ എന്നീ ഘടക പദ്ധതികളിലൂടെയാണ് ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നത്.

(സി) 4548 വ്യക്തികൾ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും 1922 പേർക്ക് 8,000 മുതൽ 15,000 രൂപവരെ വേതനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഇവർക്ക് സ്ഥായിയായ വരുമാനവും ജീവിത നിലവാരത്തിൽ ഉയർച്ചയും ഉണ്ടായിട്ടുണ്ട്. 510 വ്യക്തിഗത സ്വയംതൊഴിൽ സംരംഭവും, 43 സംഘതൊഴിൽ സംരംഭവും ആരംഭിച്ചതുവഴി 725 വ്യക്തികൾക്ക് ജീവനോപാധി ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജെഎൽജി ഇവാല്യൂവേഷൻ ഏജന്റ് അഥവാ ജീവാ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം സംഘകൃഷി ഗ്രൂപ്പുകളെ നേരിട്ട് സന്ദർശിക്കുകയും കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു.

**കണ്ണൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ കുടുംബശ്രീ ഗ്രൂപ്പ് സംരംഭങ്ങൾ**

100(5525) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ കുടുംബശ്രീ മുഖേന ഇതുവരെയായി എത്ര ഗ്രൂപ്പ് സംരംഭങ്ങൾ സബ്സിഡിയോടെ ആരംഭിച്ചിട്ടുണ്ട്; ഇപ്പോൾ എത്ര സംരംഭങ്ങൾ നിലവിലുണ്ട് ; വിശദമാക്കുമോ;

(ബി) ഗ്രൂപ്പ് സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം സംബന്ധിച്ച് കുടുംബശ്രീ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ നാളിതുവരെ ആരംഭിച്ചിട്ടുള്ളതും, നിലവിൽ പ്രവർത്തിക്കുന്നതുമായ ഗ്രൂപ്പ് സംരംഭങ്ങളുടെ എണ്ണം നഗരസഭ തിരിച്ച് താഴെപ്പറയുന്നവയാണ്.

| നഗരസഭ | നാളിതുവരെ ആരംഭിച്ച സംരംഭങ്ങൾ | നിലവിൽ പ്രവർത്തിക്കുന്നവ |
|---|---|---|
| കണ്ണൂർ | 26 | 18 |
| തലശ്ശേരി | 15 | 12 |
| മട്ടന്നൂർ | 21 | 16 |
| കൂത്തുപറമ്പ് | 27 | 12 |
| തളിപ്പറമ്പ് | 5 | 4 |
| പയ്യന്നൂർ | 15 | 10 |
| പാനൂർ | 24 | 21 + 1 ജെഎൽജി |
| ഇരിട്ടി | 9 + 24 | 5 + 12 മൃഗസംരക്ഷണം |
| ആന്തൂർ | 8 | 6 |
| ശ്രീകണ്ഠപുരം | 23 | 3 |

(ബി) സംരംഭങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതിന്റെ കാരണങ്ങൾക്കായി പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ സംരംഭങ്ങളുടെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കുന്നതിനും തുടർസഹായം ലഭ്യമാക്കുന്നതിനുമായി 2006-ലും 2012- ലും സംരംഭങ്ങളുടെ അവസ്ഥാ പഠനം നടത്തിയിട്ടുണ്ട്.

## കുടുംബശ്രീ മുഖേന പച്ചക്കറി ഉൽപ്പാദനം

101(5526) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കുടുംബശ്രീ മുഖേന പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾവഴി പച്ചക്കറി ഉൽപ്പാദനരംഗത്ത് എത്രമാത്രം നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) ഭക്ഷ്യ സുരക്ഷയും കാർഷിക മേഖലയിൽ സ്വയംപര്യാപ്തതയും നേടുന്നതിനായി കുടുംബശ്രീ, സംഘകൃഷി ഗ്രൂപ്പുകൾ മുഖേന കൃഷി ചെയ്തുവരുന്നു. സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനായി 'പൊലിവ് ' എന്ന പേരിൽ ഒരു ക്യാമ്പെയിൻ 2016 ജൂലൈയിൽ ആരംഭിച്ചിരുന്നു. ഇതുവഴി 15,200 ഗ്രൂപ്പുകൾ കൃഷി ചെയ്തു. 'ഭക്ഷ്യ സുരക്ഷയ്ക്ക് എന്റെ കൃഷി' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എത്തിക്കുന്നതിനും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷ ഭവനം ക്യാമ്പെയിൻ ഈ സാമ്പത്തിക വർഷം കുടുംബശ്രീ സംഘടിപ്പിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 18 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളും സംഘകൃഷി ഗ്രൂപ്പുകളും ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ഇടനിലക്കാരെ ഒഴിവാക്കി മികച്ച വില ലഭ്യമാക്കുന്നതിനുവേണ്ടി 2017 ഒക്ടോബർ മുതൽ കുടുംബശ്രീ ആഴ്ച ചന്തകൾ സംഘടിപ്പിച്ചുവരുന്നു. കൂടുതൽ കുടുംബശ്രീ അംഗങ്ങളെ പച്ചക്കറി കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

## കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങൾ

102(5527) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങൾ എന്തെല്ലാമാണെന്നും ആയതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിൽ ഒരു കുടുംബത്തിൽ നിന്നും ഒരു വനിത എന്ന നിലവിലുള്ള ബൈലോ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ 3720 സംരംഭങ്ങൾ കുടുംബശ്രീവഴി ആരംഭിച്ചിട്ടുണ്ട്. അതിൽ ക്യാന്റീൻ/കാറ്ററിംഗ്/ ഹോട്ടൽ യൂണിറ്റുകൾ, ടെക്സ്റ്റൈൽ/സ്റ്റിച്ചിംഗ് യൂണിറ്റുകൾ, പൊടിമില്ലുകൾ, കറിപൗഡർ യൂണിറ്റുകൾ, ന്യൂട്രിമിക്സ് യൂണിറ്റുകൾ, കിടക്ക/തലയിണ/ഫ്ളോർ മാറ്റ് യൂണിറ്റുകൾ, ഐ.റ്റി യൂണിറ്റുകൾ, സോപ്പ് ഉൽപ്പാദന യൂണിറ്റുകൾ, അച്ചാർ യൂണിറ്റുകൾ, ജ്വല്ലറി നിർമ്മാണ യൂണിറ്റുകൾ, മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ, ആയൂർവേദ ഉൽപ്പന്ന യൂണിറ്റുകൾ, പേപ്പർ/തുണിബാഗ് യൂണിറ്റുകൾ എന്നിവ കൂടാതെ ഇ-സേവ കേന്ദ്രങ്ങൾ, കൺസ്ട്രക്ഷൻ യൂണിറ്റുകൾ, എൽ.ഇ.ഡി. ബൾബ് നിർമ്മാണ യൂണിറ്റുകൾ, ക്ലിനിക്കൽ ലാബുകൾ, മൊബൈൽ ക്രിമറ്റോറിയം, മാട്രിമോണിയൽ സർവ്വീസ്, കമ്പ്യൂട്ടർ സെന്റർ, സാന്ത്വന യൂണിറ്റുകൾ, ഇലക്ട്രോണിക് യൂണിറ്റുകൾ, വർക്ക്ഷോപ്പ്, വെൽഡിംഗ് യൂണിറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇതുവഴി 11500- ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ബി) നിർദ്ദേശം പരിഗണനയിലുണ്ട്; കുടുംബശ്രീ ബൈലോ ഭേദഗതി അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പ്രാബല്യത്തിൽ വരുന്നതാണ്.

## കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ

103(5528) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിലെ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെയും എണ്ണവും വിശദാംശങ്ങളും ഇനം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത ഓഫീസിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കുടുംബശ്രീയിൽ സ്ഥിരം ജീവനക്കാർ ഇല്ല. തിരുവനന്തപുരം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിലെ മറ്റുജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഡെപ്യൂട്ടേഷൻ ജീവനക്കാർ

(എ) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - 1

(ബി) അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - 4

(സി) ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് - 3

2. സ്റ്റെയിൽ ഓഫ് പേ ജീവനക്കാർ: (സ്റ്റെയിൽ ഓഫ് പേ അനുവദിക്കപ്പെട്ട് KSSR 9(a) (1) പ്രകാരം ജോലി ചെയ്യുന്നവർ)

ഓഫീസ് അസിസ്റ്റന്റ് - 1

3. ദിവസവേതന ജീവനക്കാർ

(എ) ഡ്രൈവർ - 1

(ബി) ഡേറ്റാ അനലിസ്റ്റ് - 1

(സി) കാഷ്വൽ സ്വീപ്പർ - 1

4. കരാർ ജീവനക്കാർ

(എ) ജില്ലാ പ്രോഗ്രാം മാനേജർ - 9

(ബി) ജേർണലിസ്റ്റ് - 1

(സി) അക്കൗണ്ടന്റ് - 2

(ഡി) ബ്ലോക്ക് കോ-ഓർഡിനേറ്റർ I - 19

(ഇ) ബ്ലോക്ക് കോ-ഓർഡിനേറ്റർ II - 11

## കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വയോധികരെ പരിചരിക്കുന്നതിന് പദ്ധതി

104(5529) ശ്രീ. കെ. മുരളീധരൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വയോധികരെ പരിചരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കുടുംബശ്രീ പ്രവർത്തകർക്കാണ് ഇക്കാര്യത്തിൽ പരിശീലനം നൽകുന്നത്;

(സി) വയോധികർക്കായുള്ള രോഗപരിശോധന,ഹോം നേഴ്സിംഗ് തുടങ്ങിയ സേവനങ്ങൾ നൽകുന്നതിന് പര്യാപ്തമായ വിധത്തിൽ ഇവർക്ക് പരിശീലനം ഉറപ്പാക്കുമോ;

(ഡി) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിമാസം എത്ര തുകയാണ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്?

### ഉത്തരം

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വയോധികരെ പരിചരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭതല പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജെറിയാട്രിക് കെയർ പ്രോജക്ടിലൂടെ ഹോം നേഴ്സിംഗ് സേവനങ്ങൾ വയോജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

(ബി) 1000 കുടുംബശ്രീ വനിതകളെയാണ് വയോജന പരിശീലനത്തിനായുള്ള ജെറിയാട്രിക് കെയർ പ്രോജക്ടിന്റെ പരിശീലനത്തിനായി പരിഗണിക്കുന്നത്.

(സി) വയോധികർക്കായുള്ള രോഗ പരിശോധന, ഹോം നഴ്സിംഗ് തുടങ്ങിയ സേവനങ്ങൾ മെച്ചപ്പെട്ട നിലയിൽ ലഭ്യമാക്കുന്നതിന് പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലന പരിപാടിയാണ് ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾക്കായി കുടുംബശ്രീയുടെ പരിഗണയിലുള്ളത്.

(ഡി) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിമാസം മെച്ചപ്പെട്ട വരുമാനം ലഭിക്കത്തക്കവിധം സേവനത്തിലധിഷ്ഠിതമായ വരുമാന വ്യവസ്ഥയാണ് കുടുംബശ്രീയുടെ പരിഗണനയിലുള്ളത്.

## തെരുവുനായ ആക്രമണങ്ങൾ

105(5530) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 സെപ്റ്റംബർ മുതൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത തെരുവുനായ ആക്രമണങ്ങൾ എത്രയാണ്; ഇത് സംബന്ധിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ തദ്ദേശഭരണ സ്ഥാപനവും തെരുവ് നായ ആക്രമണം തടയുവാൻവേണ്ടി മാറ്റിവച്ച ഫണ്ട് എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ എത്ര തുക ചെലവഴിച്ചു; ചെലവഴിക്കാത്ത സ്ഥാപനങ്ങളെക്കുറിച്ചുള്ള വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) തെരുവുനായ ആക്രമണം തടയുവാൻ നടപടി സ്വീകരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭ പരിധിയിൽ പ്രത്യേകിച്ച് മ്യൂസിയം, പേട്ട, കണ്ണമ്മൂല തുടങ്ങിയ സ്ഥലങ്ങളിൽ തെരുവുനായ ആക്രമണം വർദ്ധിക്കുന്ന കാര്യം പരിശോധിക്കുമോ; ഇത് സംബന്ധിച്ച് ഹെൽത്ത് ഓഫീസറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി)) ശേഖരിച്ച് നൽകുന്നതാണ്.

(സി) തെരുവുനായ ആക്രമണം തടയുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

## തെരുവുനായകളിൽനിന്നും സംരക്ഷണം

106(5531) ശ്രീ. എം. വിൻസെന്റ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ അക്രമകാരികളായ തെരുവ് നായ്ക്കളുടെ കടിയേറ്റ് ചികിത്സ തേടിയവർ എത്രയാണ്;

(ബി) അക്രമകാരികളായ തെരുവുനായ്ക്കളെ കൊല്ലുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) നായകളുടെ കടിയേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും മതിയായ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന പരാതി പരിശോധിക്കുമോ?

### ഉത്തരം

(എ) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 7201 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. നഗരസഭാ പ്രദേശത്തെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) അപ്രകാരം നിർദ്ദേശം നൽകിയിട്ടില്ല.

(സി) തെരുവുനായ ആക്രമണത്തിന് വിധേയരാവുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ കോടതി ഉത്തരവ് വരുമ്പോൾ, അർഹരായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്.

## തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നടപടികൾ

107(5532) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലാം എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കുമോ ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലും എന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചതിനുശേഷം നാളിതുവരെ എത്ര നായ്ക്കളെ കൊന്നിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ഡി) തെരുവുനായ്ക്കൾക്ക് വന്ധ്യംകരണവും പ്രതിരോധ കുത്തിവയ്പും നടത്തിയതിൽ സർക്കാരിന് നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്;

(ഇ) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലാനുള്ള സർക്കാർ തീരുമാനത്തിൽനിന്നും പിന്നോക്കം പോയതിനുള്ള കാരണം വ്യക്തമാക്കുമോ

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചിട്ടില്ല. 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ എന്ന കേന്ദ്ര നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായകളെ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എ.ബി.സി. റൂൾസിലെ റൂൾ 9 പ്രകാരം മാരകമായി മുറവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായകളെയും കൊല്ലാൻ വ്യവസ്ഥയുണ്ട്.

(സി) അപ്രകാരം തീരുമാനിച്ചിട്ടില്ല.

(ഡി) 1,95,88,667 രൂപ (ഒരു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എമ്പത്തിഎണ്ണായിരത്തി അറുനൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ഇതുവരെ ചെലവായിട്ടുണ്ട്.

(ഇ) ബാധകമല്ല.

## ഇ-മാലിന്യ നിയന്ത്രണവും സംസ്കരണവും

108(5533) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ജീവനുതന്നെ ഭീഷണിയായിട്ടുള്ള ഇ-മാലിന്യം നിയന്ത്രിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കാരിക്കുന്നതിനുമായി ക്ലീൻ കേരള കമ്പനി മുഖേന എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത്; വ്യക്തമാക്കുമോ;

(സി) ക്ലീൻ കേരള കമ്പനി മുഖേന നാളിതുവരെ എത്ര ടൺ ഇ-മാലിന്യ സംസ്കരണം/ശേഖരണം നടത്തിയിട്ടുണ്ട്; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തന മേഖല സംസ്ഥാനത്ത് മുഴുവനായി വ്യാപിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരണത്തിനുമായി ടി കമ്പനിയുടെ പ്രവർത്തനം കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അജൈവമാലിന്യ സംസ്കരണത്തിൽ ഇ-വേസ്റ്റ് പുനഃചംക്രമണം ചെയ്യുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിതകർമ്മസേന വാർഡ് തലത്തിൽ വീടുകളിൽനിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ) ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലൂടെ (MCF) റിസോഴ്സ് റിക്കവറി സെന്ററുകളിൽ (RRF) എത്തിക്കുന്നു. ഇവിടെ വച്ച് ഇലക്ട്രോണിക് മാലിന്യങ്ങളെ തരം തിരിച്ച് ക്ലീൻ കേരള കമ്പനി അംഗീകൃത റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുന്നു. ഇതിനായി സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ ഓരോന്നും, മുനിസിപ്പാലിറ്റികളിൽ രണ്ടും, മുനിസിപ്പൽ കോർപ്പറേഷനുകളിൽ അഞ്ചും എന്ന രീതിയിൽ റിസോഴ്സ് റിക്കവറി ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതുവരെ നാൽപ്പത്തഞ്ചോളം റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ ആരംഭിച്ചിട്ടുണ്ട്. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) എന്ന സ്ഥാപനത്തിന് ഫ്യൂസ്ഡ് ട്യൂബ് ലൈറ്റുകൾ, CFL എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

സംസ്ഥാനത്ത് ശേഖരിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനഃചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമായി ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഒരു റീസൈക്ലിംഗ് കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി മലപ്പുറം ജില്ലയിൽ കുറ്റിപ്പുറത്ത് പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് കിൻഫ്ര മുന്നോട്ടുവന്നിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ഏജൻസികളെ തെരഞ്ഞെടുക്കുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾ ക്ലീൻ കേരള കമ്പനി നടത്തിവരികയാണ്.

ഇ– വേസ്റ്റ് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി അംഗീകൃത റീസൈക്ലേഴ്സിന് എത്തിക്കുക എന്നതാണ് 2016-ലെ ഇ - വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ റൂൾ പ്രകാരം ഇ - ഗുഡ്സ് ഉൽപ്പാദകർ ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത റീസൈക്ലേഴ്സിന് എത്തിക്കേണ്ടതാണ്. ഇപ്രകാരം ഇ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നിഷ്കർഷിക്കുന്ന EPR (Extended Producers Responsibility) വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 10-10-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2612/2014/തസ്വഭവ. , 4-03-2016-ലെ സ.ഉ(സാധാ) നമ്പർ117/16 തസ്വഭവ. . പ്രകാരമാണ് ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ-ടെണ്ടറിലൂടെ കണ്ടെത്തുന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽനിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും, വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനും കൂടാതെ മൂല്യ വർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് ആപൽകരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സിഎഫ്എൽ, പ്രിന്റർ കാട്രിഡ്ജുകൾ എന്നിവ കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പും നഗരകാര്യ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഇ-ക്ലീൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഉടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വിദ്യാർത്ഥികൾ വഴി 46 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുകയും വിദ്യാർത്ഥികൾക്ക് കിലോക്ക് 25 രൂപ നൽകുകയും ചെയ്തു. സർക്കാർ ഉത്തരവ് 20-6-2017-ലെ (സാധാ) നമ്പർ 1963/2017/പൊ.വി.വ അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് "ഐ.ടി.@സ്കൂൾ" പ്രോജക്ട്-സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഇ-മാലിന്യങ്ങൾ നിർമ്മാജ്ജനം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) ഇതുവരെ സംസ്ഥാനത്ത് 850 ടണ്ണിലധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയ പുനഃചംക്രമണം നടത്തിയിട്ടുണ്ട്. ഇ-മാലിന്യ സംസ്കരണത്തിനായോ, ശേഖരണത്തിനായോ ക്ലീൻ കേരള കമ്പനിക്ക് ഇതുവരെ തുക അനുവദിച്ചിട്ടില്ല.

(ഡി) ഉണ്ട്.

## കോഴിക്കോട് ജില്ലയിൽ സമഗ്രമാലിന്യമുക്ത പദ്ധതി

109(5534) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സമഗ്രമാലിന്യമുക്ത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പദ്ധതികൾ/നിർമ്മാണ പ്രവർത്തനങ്ങൾ പ്രാദേശിക എതിർപ്പുകൾമൂലം മുടങ്ങിക്കിടക്കുന്നുണ്ട്;

(ബി) ജനങ്ങളെ ബോധവൽക്കരിച്ച് എതിർപ്പുകൾ പരിഹരിക്കാനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സമഗ്രമാലിന്യമുക്ത പദ്ധതിയുമായി ബന്ധപ്പെട്ട് 14 പദ്ധതികൾ പ്രാദേശിക എതിർപ്പുകൾമൂലം മുടങ്ങിക്കിടക്കുന്നുണ്ട്.

(ബി) ജനങ്ങളെ ബോധവൽക്കരിച്ച് എതിർപ്പുകൾ പരിഹരിക്കുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, പ്രദേശവാസികളുടെ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ എന്നിവരുടെ യോഗം ചേർന്ന് പദ്ധതി ലക്ഷ്യങ്ങൾ, നിർവ്വഹണ രീതി, പ്രവർത്തനരീതി എന്നിവ വിശദീകരിച്ചുവരുന്നു. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് പ്രധാനികൾക്ക് ഇത്തരം പ്രോജക്ടുകൾ മാതൃകാപരമായി നടക്കുന്ന സ്ഥലങ്ങളിലേയ്ക്ക് എക്സ്പോഷർ വിസിറ്റ്, വിപുലമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ നടത്തി മാതൃകയായി നടത്തിവരുന്ന സമാന പ്രോജക്ടുകൾ സംബന്ധിച്ച ധാരണ സൃഷ്ടിക്കുവാനും ജനങ്ങളുടെ ആശങ്ക ദൂരികരിക്കുവാനും ശ്രമിച്ചുവരുന്നു.

## മാലിന്യ പ്രശ്നങ്ങളും അവയുടെ സംസ്കരണവും

110(5535) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങളും അവയുടെ സംസ്കരണവും പൊതുജന/സർക്കാർ പങ്കാളിത്തത്തോടെ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ കാണുന്ന മുഖ്യമായ മാലിന്യങ്ങൾ എന്തെല്ലാമെന്നും, അവയിൽ നശിപ്പിക്കാവുന്നവ ഏതെല്ലാം എന്നും, അല്ലാതുള്ളവ ഏതെല്ലാമെന്നും അവയുടെ നശീകരണം എപ്രകാരം സാധ്യമാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ 28-9-2016- ലെ സ.ഉ.(പി)നം.41/2016 ആ.സാ.വ പ്രകാരം നിലവിൽ വന്നു. ഇതിൽ ശുചിത്വം -മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ 15-7-2017-ലെ സ.ഉ(സാധാ)നമ്പർ 2420/2017/തസ്വഭവ. . പ്രകാരം പുറപ്പെടുവിച്ചു കഴിഞ്ഞു. പരമാവധി പൊതുജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ടി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 798 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഹരിത കർമ്മസേന രൂപീകരിച്ചു കഴിഞ്ഞു. ശേഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന രൂപീകരണം നടന്നുവരുന്നു. 167 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ 81 എണ്ണം റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും (ആർ.ആർ.എഫ്) 73 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും സ്ഥാപിച്ചു കഴിഞ്ഞു. ഇവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കുവേണ്ട സാങ്കേതിക പുന്തുണ നൽകുന്നതിന് ഹരിതസഹായ സംഘങ്ങളെ കണ്ടെത്തി ചുമതലപ്പെടുത്തു

ന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അജൈവമാലിന്യ പരിപാലനത്തിൽ ക്ലീൻ കേരള കമ്പനിക്ക് ചുമതല നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ സഹായത്താൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഗാർഹികതലത്തിലേതുൾപ്പെടെയുള്ള ഇ-മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമ മാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2017-18 വർഷത്തിൽ 3-4-2017-ലെ ജി.ഒ(എം.എസ്)നമ്പർ 79/2017/ തസ്വഭവ. , 29-3-2017-ലെ ജി.ഒ.(എം.എസ്)നമ്പർ 72/2017/തസ്വഭവ. , പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽനിന്നും നഗരസഭകൾ 15% വും പഞ്ചായത്തുകൾ 10%-വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റിവയ്ക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു.

മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലും പൊതു സ്ഥലങ്ങളിലേയ്ക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി 22-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2511/2017/തസ്വഭവ. . പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24-9-2016-ലെ സർക്കാർ സർക്കുലർ നമ്പർ 576/ഡി.സി1/16/തസ്വഭവ. . പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ കാണുന്ന മുഖ്യമായ മാലിന്യങ്ങൾ രണ്ടായി തരംതിരിക്കാം. (1) അജൈവമാലിന്യങ്ങൾ (2) ജൈവ മാലിന്യങ്ങൾ. ജൈവമാലിന്യങ്ങളായ ആഹാരവശിഷ്ടങ്ങൾ, പച്ചക്കറിച്ചവറുകൾ, കോഴി, മത്സ്യം മുതലായവയുടെ അവശിഷ്ടങ്ങൾ എന്നിവ ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, കംമ്പോസ്റ്റ് പിറ്റ്, മൺകല കംമ്പോസ്റ്റിംഗ്, പൈപ്പ് കംമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, മോസ് പിറ്റ് കംമ്പോസ്റ്റ്, മണ്ണിര കംമ്പോസ്റ്റ്, എയ്റോബിക് ബിൻ, വിൻഡ്രോ കമ്പോസ്റ്റിംഗ് മുതലായ സംവിധാനങ്ങൾ വഴി സംസ്കരിക്കുവാൻ കഴിയും. ചന്തകളിൽനിന്നും സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുവാൻ സാധിക്കാത്ത

ഇടങ്ങളിൽ ജൈവമാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ വഴി സംസ്കരിക്കും. അജൈവമാലിന്യങ്ങളായ പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക്/പേപ്പർ കപ്പുകൾ/പ്ലേറ്റുകൾ മറ്റ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, ഉടഞ്ഞ ഗ്ലാസ്, കുപ്പികൾ, റബ്ബർ, ലോഹങ്ങൾ, ഇ-മാലിന്യങ്ങൾ മുതലായവ ശേഖരിച്ച്, സംഭരിച്ച്, തരംതിരിച്ച് റീസൈക്ലിംഗിനായി കൈമാറുന്നു. ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കപ്പെടണം. ഇതിന് ഇൻസിനറേഷൻ എന്ന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു. കൺസ്ട്രക്ഷൻ & ഡിമോളിഷൻ മാലിന്യങ്ങളുടെ പുനരുപയോഗം പരമാവധി സാധ്യമാക്കുന്നതോടൊപ്പം പുനഃചംക്രമണവിധേയമാക്കി മറ്റു നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുകയും ചെയ്യാം. ഇനർട്ട്, റിജക്ടുകൾ, ഇൻഡസ്ട്രിയൽ ഹസാർഡസ് മാലിന്യങ്ങൾ എന്നിവ സാനിട്ടറി ലാൻഡ് ഫില്ലിൽ മറവുചെയ്യാൻ സാധിക്കും.

## പ്ലാസ്റ്റിക് ക്യാരി ബാഗുകൾ

111(5536) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത നിയന്ത്രണങ്ങൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണങ്ങൾ കർശനമായും നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശഭരണ വകുപ്പ് 24-9-2016 -ൽ 576/ഡി.സി.1/16/ തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും

അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു മാസം കുറഞ്ഞത് 4000 (നാലായിരം രൂപ) നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48,000 (നാല്പത്തെണ്ണായിരം രൂപ) പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് എന്നും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി വ്യാപാരികളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന താണെന്നും, പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്നും പ്രസ്തുത സർക്കുലറിൽ നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കുലർ പ്രകാരമുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിലേക്കുള്ള കരട് മാതൃകാബൈലോ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് പ്രസ്തുത ബൈലോ പാസ്സാക്കി സർക്കാർ നിയമങ്ങളും നിർദ്ദേശങ്ങളും അനുശാസിക്കും പ്രകാരം കർശന നടപടികൾ സ്വീകരിക്കുവാൻ കഴിയും.

## പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

112(T 5537) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഉത്തരവ് പ്രകാരം എത്ര മൈക്രോൺ കനമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളതെന്നും, എത്ര മൈക്രോൺ വരെയുള്ളവ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പ്ലാസ്റ്റിക് മാലിന്യങ്ങൾ ആണെന്നതും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ കെട്ടി ജല സ്രോതസ്സുകളിലും മറ്റും വലിച്ചെറിയപ്പെടുന്നതും, പ്രസ്തുത മാലിന്യങ്ങൾ അവിടെ കിടന്നു പരിസരവും ജല സ്രോതസ്സുകളും മലിനമാകുന്നതിനും പല തരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനും കാരണമാകുന്നു എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) എങ്കിൽ പ്രകൃതിക്ക് ഏറ്റവും ഹാനികരമായ പ്ലാസ്റ്റിക് ക്യാരി ബാഗുകളും നിലവാരം കുറഞ്ഞ പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഫ്ലക്സ് ബോർഡുകളും നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കും ഫ്ലക്സിനും പകരമായി ഉപയോഗിക്കുന്ന വസ്തുക്കളെ പ്രോത്സാഹിപ്പിക്കുന്നതിന്, ഹരിത കേരള മിഷൻ മുഖേന സർക്കാർ തലത്തിൽതന്നെ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 24-9-2016-ലെ 576/ഡി.സി1/16/ തസ്വഭവ. . നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗപ്രദമായ പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ കനപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) "എ" പിരിവിൽ സൂചിപ്പിച്ചപ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിൽ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വില്പന നടത്തുന്ന വ്യാപാരികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്നും ക്യാരിബാഗുകളുടെ ഉപയോഗത്തിന്റെ തോതനുസരിച്ച് നിശ്ചിത ഫീസ് തദ്ദേശസ്ഥാപനങ്ങൾ വ്യാപാരികളിൽ നിന്നും ഈടാക്കണമെന്നും നിഷ്കർഷിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6-11-2014 -ലെ സ.ഉ(കൈ) നമ്പർ 195/2014/തസ്വഭവ. . ഉത്തരവ് പ്രകാരം പൊതു സ്ഥലങ്ങളിൽ പ്ലാസ്റ്റിക് ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസ്ഥകൾക്ക് വിധേയമായി ഫ്ലക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. രഹിതവുമായ പോളി എതിലീൻ നിർമ്മിത വസ്തുക്കളോ അതേ പോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് 27-10-2015-ലെ സ.ഉ.(സാധാ) നമ്പർ 3185/2015/തസ്വഭവ. . അനുമതി നൽകുകയും, ചീഫ് സെക്രട്ടറിയുടെ 14-2-2018-ലെ നമ്പർ സി2/274/2017/ഐ&പി.ആർ.ഡി. സർക്കുലർ പ്രകാരം സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണമായും ഒഴിവാക്കുന്നതിന് നിർദേശം നൽകിയിട്ടുമുണ്ട്.

(ഡി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കു പകരം തുണി സഞ്ചികൾ പോലുള്ള പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിതമായ ക്യാരി ബാഗുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ നടത്തിവരുന്നുണ്ട്.

## ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിലെ വീട് നിർമ്മാണത്തിന് അനുമതി

113(5538) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിന് കരഭൂമി കൈവശമില്ലാത്ത ആളുകൾക്ക് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽതന്നെ വീട് നിർമ്മാണത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി ആയിരിക്കുകയും മുൻകൂർ അനുമതി വാങ്ങാതെ കെട്ടിടനിർമ്മാണം നടത്തുകയും ചെയ്ത മറ്റ് ഭൂമിയോ, വീടോ കൈവശമില്ലാത്ത ആളുകൾക്ക് വീടുനിർമ്മാണം ക്രമപ്പെടുത്തി നൽകുന്നതിന് സഹായകരമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

## ഭിന്നശേഷിക്കാർക്കുള്ള ഗ്രാമസഭകൾ

114(5539) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഗ്രാമസഭകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൃത്യമായി വിളിച്ചുചേർക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രാമസഭകൾ ക്രിയാത്മകമായി വിളിച്ചുചേർക്കുന്നതിനും പ്രത്യേകം വിവരം നൽകി ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകുമോ;

(സി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ മാത്രമാക്കി ഗ്രാമസഭകളെ മാറ്റാതെ ഭിന്നശേഷിക്കാർക്കുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നവയാക്കി മാറ്റുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പ്രത്യേക വാർഡ് സഭകൾ വിളിച്ചുചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദേശങ്ങൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക യോഗം ചേരണമെന്നത് നിർബന്ധമാണ്.

(സി) ആനുകൂല്യങ്ങൾ നൽകുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനോടൊപ്പം ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ – വികസന പരിപാടികളും ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നുണ്ട്.

**മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

115(5540) ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റുകളും അനുബന്ധ രേഖകളും ഇംഗ്ലീഷിലാണ് പഞ്ചായത്തുകളിൽ ലഭ്യമാക്കിയിരിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എസ്റ്റിമേറ്റടക്കമുള്ള മുഴുവൻ രേഖകളും ലളിതമായ പ്രാദേശിക ഭാഷയിൽ തൊഴിലിടത്തിൽ ലഭ്യമാക്കണമെന്ന് 2005-ലെ ദേശീയ തൊഴിലുറപ്പ് നിയമത്തിൽ വ്യക്തമാക്കുന്നുണ്ടോ;

(സി) ഇതിന് വിരുദ്ധമായി പല പഞ്ചായത്തുകളിലും പദ്ധതിയുടെ വിശദാംശങ്ങൾ ഇംഗ്ലീഷിലാണ് അധികൃതർ നൽകിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പദ്ധതിയുടെ സുതാര്യതയ്ക്ക് ഭംഗംവരുത്തുന്നതായ സാഹചര്യം പരിശോധിക്കുമോ;

(ഇ) രേഖകൾ മലയാളത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സെക്യൂർ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതോടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും ഇംഗ്ലീഷിലാണ് ലഭിക്കുന്നത്.

(ബി) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പട്ടിക 1-ൽ ഓരോ പ്രവൃത്തിസ്ഥലത്തും ജനതാ എസ്റ്റിമേറ്റ് പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, പ്രവൃത്തിയിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ അളവ്, ഇനം തിരിച്ചുള്ള വിലവിവരം എന്നിവ പ്രാദേശിക ഭാഷയിൽ തൊഴിലിടങ്ങളിൽ ലഭ്യമാക്കണമെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വ്യക്തമാക്കുന്നുണ്ട്. അതനുസരിച്ച് പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

(സി-ഇ) നിലവിലെ സെക്യൂർ സോഫ്റ്റ്‌വെയറിലൂടെ ലഭിക്കുന്ന എസ്റ്റിമേറ്റുകൾ മലയാളത്തിലും ലഭ്യമാകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതന കുടിശ്ശിക**

116(5541) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം വിദഗ്ദ്ധ തൊഴിലാളികളുടെ വേതന ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി കേന്ദ്രവിഹിതമായി എത്ര ലഭിച്ചുവെന്നും സംസ്ഥാന വിഹിതം എത്രയാണ് നൽകേണ്ടതെന്നും അറിയിക്കുമോ;

(സി) സംസ്ഥാന വിഹിതമായി ഇതുവരെ ലഭിച്ച തുക എത്രയാണെന്നറിയിക്കാമോ; കുടിശ്ശിക നൽകുന്നതിനായി സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ വിദഗ്ദ്ധ കൂലിയിനത്തിൽ 12-03-2018 വരെയുണ്ടായിരുന്ന കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രമായി ഫണ്ട് ലഭ്യമാകുന്നില്ല. എന്നാൽ ഭരണച്ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം, സാധന ഘടകം, എന്നീ ഇനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം (22-3-2018 വരെ) ആകെ 202.02 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായി സംസ്ഥാന വിഹിതം 51.11 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന വിഹിതമായി 51.11 കോടി രൂപ (സാധന ഘടകത്തിന്റെ 25 ശതമാനം) ലഭിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 9-2-2018 ന് 13213.38 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതി പ്രകാരം വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം

117(5542) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം വിദഗ്ദ്ധ തൊഴിലാളികളുടെ വേതന ഇനത്തിൽ വിതരണം ചെയ്യുവാനുള്ള കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി കേന്ദ്ര വിഹിതം എത്ര ലഭിച്ചുവെന്നും സംസ്ഥാന വിഹിതം എത്രയാണ് നൽകേണ്ടതെന്നും അറിയിക്കാമോ;

(സി) സംസ്ഥാന വിഹിതം ഇതുവരെ എത്രയാണ് ലഭിച്ചത്; കുടിശ്ശിക നൽകുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ വിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 12-3-2018-വരെയുണ്ടായിരുന്ന കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രമായി ഫണ്ട് ലഭ്യമാകുന്നില്ല. എന്നാൽ ഭരണ ചെലവ് വിദഗ്ധ തൊഴിലാളികളുടെ വേതനം, സാധന ഘടകം, എന്നീ ഇനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം (22-3-2018 വരെ) ആകെ 202.02 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായി സംസ്ഥാന വിഹിതം 51.11 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന വിഹിതമായി 51.11 കോടി രൂപ (സാധന ഘടകത്തിന്റെ 25 ശതമാനം) അനുവദിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 9-2-2018 ന് 13213.38 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി**

118(T 5543) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിക്ക് 2014-15 മുതൽ 2017-18 വരെ എത്ര കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്; ഇതിൽ സ്റ്റേറ്റിന്റെ വിഹിതം എത്രയായിരുന്നു; അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര തൊഴിൽദിനം സൃഷ്ടിച്ചു; എത്ര ആസ്തി ജനറേറ്റ്ചെയ്തു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 2014-15 മുതൽ 2017-18 വരെ ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം, പ്രസ്തുത കാലയളവിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെയും ആസ്തികളുടെയും വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു:

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| ഇനം | 2014-15 | 2015-16 | 2016-17 | 2017-18 (23-3-2018 വരെ) |
|---|---|---|---|---|
| കേന്ദ്ര വിഹിതം (കോടിയിൽ) | 1587.58 | 1526.33 | 1582.48 | 1854.06 |
| സംസ്ഥാന വിഹിതം (കോടിയിൽ) | 40 | 25.0044 | 31.3894 | 51.1115 |
| സൃഷ്ടിച്ച തൊഴിൽ ദിനം (ലക്ഷത്തിൽ) | 588.72 | 741.74 | 684.62 | 569.97 |
| സൃഷ്ടിച്ച ആസ്തികൾ | 186051 | 201345 | 263178 | 96449 |

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

119(5544) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പ്രായത്തിൽപ്പെട്ടവരും ഭിന്നശേഷിയുള്ളവരും സ്ത്രീകളും അടക്കമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ അവരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും അനുവദനീയമായ പരമാവധി തൊഴിൽദിനങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമായതിനാൽ ഈ പദ്ധതി അഴിമതിരഹിതമായും കൂടുതൽ കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പ്രായത്തിൽപ്പെട്ടവരും ഭിന്നശേഷിയുള്ളവരും സ്ത്രീകളും അടക്കമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ PWD നിരക്കുകളിൽ നിന്ന് വ്യത്യസ്തമായി തൊഴിലുറപ്പ്

തൊഴിലാളികളുടെ work out turn കുറവായിരിക്കും. ഇത് ശാസ്ത്രീയമായി പഠിച്ച് യഥാർത്ഥ work out turn കണ്ടെത്തുന്നതിന് കിലയുടെ ആഭിമുഖ്യത്തിൽ ഒരു ടൈം ആന്റ് മോഷൻ സ്റ്റഡി നടത്തുകയുണ്ടായി. ഈ റിപ്പോർട്ട് 19-8-2017 ൽ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ടൈം ആന്റ് മോഷൻ സ്റ്റഡി മുഖേന എത്തിച്ചേർന്നിട്ടുള്ള പ്രതീക്ഷിത out turn കേരളത്തിലെ വ്യത്യസ്തമായ കാർഷിക കാലാവസ്ഥാ മേഖലകളിൽ മഴക്കാലത്തും വേനൽക്കാലത്തും പ്രത്യേകമായി ബാധകമാകുന്ന തരത്തിലുള്ള നിരക്കുകളാണ് ഇപ്രകാരം അംഗീകരിച്ചിട്ടുള്ളത്. Work out turn ശാസ്ത്രീയമായി നിർണ്ണയിച്ച് ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കും.

(സി) തൊഴിലുറപ്പ് പദ്ധതി അഴിമതി രഹിതവും കൂടുതൽ കാര്യക്ഷമവും ആക്കുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലാളികളുടെ വേതനം നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നു. സാധനസാമഗ്രികളുടെ വില, വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്.

പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംസ്ഥാനം എൻ.ഐ.സി.-യുമായി ചേർന്ന് വികസിപ്പിച്ചെടുത്ത സെക്യൂർ (SECURE-Software for Estimate Calculation Using Rural rates for Employment) Software നടപ്പിലാക്കിവരുന്നു.

തൊഴിലുറപ്പ് പദ്ധതി കൂടുതൽ സുതാര്യമാക്കുന്നതിനായി ഏറ്റെടുത്ത എല്ലാ പ്രവൃത്തികളുടെയും തുടങ്ങുന്നതിനുമുൻപും, നടന്നുകൊണ്ടിരിക്കുന്ന വേളയിലും, പൂർത്തീകരിച്ച ശേഷവുമുള്ള ഫോട്ടോ എടുത്ത് അക്ഷാംശം-രേഖാംശങ്ങൾ സഹിതം എം.ഐ.എസ്.-ൽ ഏതൊരു പൗരനും കാണത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള ജിയോടാഗിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

എല്ലാ തൊഴിലിടങ്ങളിലും പ്രാദേശിക ഭാഷയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രദർശിപ്പിച്ചുവരുന്നു.

ബ്ലോക്ക്(100%), ജില്ല (10%), സംസ്ഥാനം (2%) എന്നീ തലങ്ങളിൽ ഫീൽഡ് പരിശോധന നടത്തിവരുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ കരാറുകാരെ പങ്കെടുപ്പിക്കുന്നില്ല.

പദ്ധതിയിലെ എല്ലാ രേഖകളും ഏതൊരു പൗരനും എപ്പോൾ വേണമെങ്കിലും ലഭിക്കുന്നതാണ്.

## പി.എം.ജി.എസ്.വൈ. പദ്ധതി

120(5545) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെൻറ് ഏജൻസി (KSRRDA)ചീഫ് എൻജിനീയർ 2016-17, 2017-18 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഏതെല്ലാം റോഡുകൾക്കാണ് എസ്റ്റിമേറ്റ് നവീകരിക്കുവാൻ അനുമതി നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ടെൻഡർ വിളിച്ച് കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തശേഷം ഇപ്രകാരം എസ്റ്റിമേറ്റ് നവീകരിച്ച പ്രവൃത്തികൾ ഏതെല്ലാം;

(സി) എസ്റ്റിമേറ്റ് നവീകരിക്കാത്തതുമൂലം ഉണ്ടായ അധികബാധ്യത എത്ര കോടി രൂപയാണ്;

(ഡി) ഈ അധിക ബാധ്യത കേന്ദ്ര ഗവൺമെന്റാണോ സംസ്ഥാന ഗവൺമെന്റാണോ വഹിക്കുന്നതെന്നറിയിക്കുമോ?

### ഉത്തരം

(എ&ബി) ബന്ധപ്പെട്ട ജില്ലകളിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം കെ.എസ്.ആർ.ആർ.ഡി.എ.-യിൽ അനുമതി നൽകിയ നവീകരിച്ച എസ്റ്റിമേറ്റുകളുടെ വിശദ വിവരങ്ങൾ 2016-17, 2017-18 വർഷംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എസ്റ്റിമേറ്റ് നവീകരിക്കാത്തതുമൂലം അധിക ബാധ്യതയുണ്ടായിട്ടില്ല.

(ഡി) അനുമതി ലഭിച്ച തുകയ്ക്കുള്ളിൽ നിൽക്കുന്നതും പത്ത് ശതമാനംവരെ അധികരിച്ചതുമായ നവീകരിച്ച എസ്റ്റിമേറ്റുകൾക്ക് ചീഫ് എഞ്ചിനീയർ തലത്തിൽത്തന്നെ ഭരണാനുമതി നൽകുന്നു. ചീഫ് എഞ്ചിനീയർ പുതുക്കി നൽകുന്ന എസ്റ്റിമേറ്റുകളുടെ അധിക തുക കണ്ടെത്തുന്നത് അതേ ഫേസിലുള്ള മറ്റ് വർക്കുകളുടെ സേവിംഗ്സിൽ നിന്നുമാണ്.

10 ശതമാനത്തിൽ കൂടുതൽ അധികരിക്കുന്ന നവീകരിച്ച എസ്റ്റിമേറ്റുകളുടെ ഭരണാനുമതി സർക്കാരിൽ നിന്നുമാണ് ലഭ്യമാക്കുന്നത് ഇപ്രകാരം പുതുക്കി നൽകുന്ന എസ്റ്റിമേറ്റുകളുടെ അധിക തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അനുവദിച്ച റോഡുകൾ

121(5546) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേരളത്തിന് എത്ര കിലോമീറ്റർ റോഡുകൾ കേന്ദ്രഗവൺമെന്റ് അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) അനുവദിക്കപ്പെട്ടത് ഏതെല്ലാം റോഡുകളാണെന്നും ഓരോ റോഡിന്റെയും നീളവും അനുവദിച്ച തുകയും എത്രയൊണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ റോഡുകളുടെ ഡി.പി.ആർ. തയ്യാറായോ; എത്ര റോഡുകളുടെ ഡി.പി.ആർ. ഇനിയും തയ്യാറാകാൻ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) 2016 മേയ് മാസത്തിന് മുൻപ് ടെണ്ടർ വിളിച്ച എത്ര റോഡുകൾ ഇനി പ്രവൃത്തി ആരംഭിക്കാൻ അവശേഷിക്കുന്നുണ്ടെന്നും എത്ര റോഡുകൾ പൂർത്തിയായെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ 583.313 കി.മീ. ദൈർഘ്യം വരുന്ന 150 റോഡുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എല്ലാ റോഡുകളുടെയും ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(ഡി) 2016 മേയ് മാസത്തിനുമുമ്പേ ടെണ്ടർ വിളിച്ച റോഡുകളിൽ 2 റോഡുകൾ ആരംഭിക്കുവാൻ അവശേഷിക്കുന്നുണ്ട്. 1254 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

## കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ

122(5547) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലും 2017-18-ലും കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്കാണ് അനുമതി ലഭിച്ചതെന്നും റോഡുകൾ ഏതെല്ലാമെന്നും ഓരോ റോഡിന്റെയും ദൈർഘ്യം എത്രയെന്നും ഓരോ റോഡിനും എത്ര തുകയുടെ വീതം ഭരണാനുമതിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ ടെൻഡർ ചെയ്തുവെന്നും ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിലും 2017-18-ലും കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ചതും ഓരോ റോഡിനും ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ) | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|
| 1. | പൊക്കുണ്ട് കുന്നം കുളത്തൂർ റോഡ് | 11.965 | തളിപ്പറമ്പ് | 9,71,78,711 |
| 2. | കാരിയപ്പള്ളി പെടേന റോഡ് | 3.882 | പയ്യന്നൂർ | 3,65,37,702 |
| 3. | കല്ലടിമുക്ക് ആറ്റഞ്ചേരി കിഴക്കേമാവാടി തുണ്ടിയിൽ റോഡ് | 5.61 | പേരാവൂർ | 6,59,27,735 |
| 4. | പാച്ചാനി കുത്തമ്പലം വട്ട്യാറ റോഡ് | 5.934 | തളിപ്പറമ്പ് പയ്യന്നൂർ | 5,57,93,395 |
| 5. | ചെറുപുഴ പാമ്പൻകല്ല് തുണ്ടിയിൽ മുളപ്രാ റോഡ് | 2.87 | പയ്യന്നൂർ | 3,01,57,919 |

2017-18

| ക്രമ നമ്പർ | ബ്ലോക്ക് | റോഡിന്റെ പേര് | നീളം (കി.മീ) | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | ഇരിക്കൂർ | പുറവയൽ അങ്ങാടിച്ചേരിത്തട്ട് അറബിക്കുളം രണ്ടാംകൈ കോളിത്തട്ട് റോഡ് | 5.43 | 470.23 |
| 2. | പേരാവൂർ ഇരിട്ടി | ബംഗ്ളാക്കുന്ന് മുടക്കോടി പെരിങ്ങാനം | 7.781 | 686.46 |

(ബി) ടെണ്ടർ ചെയ്തതും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതുമായ റോഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17

| ക്രമ നമ്പർ | റോഡിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1. | പൊക്കുണ്ട് കുന്നം കുളത്തൂർ റോഡ് | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 2. | കാരിയപ്പള്ളി പെടേന റോഡ് | ടാറിംഗ് പൂർത്തിയായി |
| 3. | കല്ലടിമുക്ക് ആറ്റഞ്ചേരി കിഴക്കേ മാവാടി തുണ്ടിയിൽ റോഡ് | ടാറിംഗ് പൂർത്തിയായി വരുന്നു. |
| 4. | പാച്ചാനി കുത്തമ്പലം വട്യാറ റോഡ് | പ്രവൃത്തി പുരോഗതിയിൽ |
| 5. | ചെറുപുഴ പാമ്പാൻകല്ല് തുണ്ടിയിൽ മുളപ്ര റോഡ് | പ്രവൃത്തി പൂർത്തിയായി |

2017-18

| ക്രമ നമ്പർ | റോഡിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1. | പുറവയൽ അങ്ങാടിച്ചേരിത്തട്ട് അറബിക്കുളം റാന്റംകടവ് കോളിത്തട്ട് റോഡ് | എഗ്രിമെന്റ് വച്ചു |
| 2. | ബംഗ്ളാക്കുന്ന മുടക്കോഴി പെരിങ്ങാനം | പ്രവൃത്തി പുരോഗതിയിൽ |

## പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

123(5548) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം 2017-18 സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റോഡുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം പദ്ധതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ഗ്രാമപ്രദേശങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ച റോഡുകളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എല്ലാ ഗ്രാമീണ മേഖലയിലുമുള്ള ജനവാസ മേഖലകളേയും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ ഉപയോഗിച്ച് തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം ഇതിനായി സമതല പ്രദേശങ്ങളിൽ ജനസംഖ്യ 500+ഉം കുന്നിൻപ്രദേശങ്ങളിലും മരുഭൂമികളിലും ജനസംഖ്യ 250+ഉം ആണ് ഈ പദ്ധതി പ്രകാരം കണക്കെടുക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, ഓഫീസുകൾ, പൊതു മാർക്കറ്റുകൾ, പോസ്റ്റോഫീസ്, ബാങ്ക്, പെട്രോൾപമ്പ്, റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, ആശുപത്രികൾ, മൃഗാശുപത്രികൾ, ജനസംഖ്യ എന്നീ സൗകര്യങ്ങളുമായി ബന്ധിപ്പിക്കുന്നതും 6 മീറ്ററിൽ കൂടുതൽ വീതി ഉള്ളതും (ഓട, സൈഡ് കെട്ട് എന്നിവ ആവശ്യമെങ്കിൽ അവ നിർമ്മിക്കുവാനുള്ള വീതി കൂടി ലഭ്യമാക്കി) 2 കിലോമീറ്റർ കൂടുതൽ നീളമുള്ളതുമായ റോഡുകൾക്കാണ് പി.എം.ജി.എസ്.വൈ. പദ്ധതി മുൻഗണന നൽകുന്നത്. ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമ

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെയും ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ ബന്ധപ്പെട്ട പാർലമെന്റ് അംഗത്തിന്റെ ശിപാർശ പ്രകാരവും ഗ്രാമ/ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയുമാണ് ഉൾപ്പെടുത്തുന്നത്. എല്ലാ ജില്ലകളിലേയും പ്രോഗ്രാം ഇംപ്ലിമേന്റേഷൻ യൂണിറ്റാണ് ഇതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്.

(സി) ഈ സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതി വിഹിതമായി 172 കോടി രൂപ കേന്ദ്ര സർക്കാരും 100 കോടി രൂപ സംസ്ഥാന സർക്കാരും വകയിരുത്തിയിട്ടുണ്ട്. കൂടാതെ അധിക സംസ്ഥാന വിഹിതമായി 104 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ റോഡുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്രധാനമന്ത്രി ഗ്രാമസഡക് യോജന

124(5549) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി അട്ടപ്പാടി ബ്ലോക്കിന് പ്രത്യേകമായി അനുവദിച്ച റോഡുകളുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര റോഡുകളാണ് ഈ ബ്ലോക്കിൽ മാത്രമായി അനുവദിച്ചത്;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയായില്ലെങ്കിൽ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിൽ പ്രത്യേകമായി അനുവദിച്ച 16 റോഡുകളിൽ 6 റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 10 പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അട്ടപ്പാടി ബ്ലോക്കിൽ 18 റോഡുകളാണ് അനുവദിച്ചത്.

(സി) റോഡുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട കരാറുകാരനും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

## ആഡംബര വീടുകൾക്ക് നികുതി

125 (5550) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡംബര വീടുകൾക്ക് നികുതി ചുമത്തുന്നതിൽ കൃത്രിമം നടക്കുന്നതായും ഇതുകാരണം പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതിയിൽ വലിയ നഷ്ടം സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടായിരം സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള ആഡംബര വീടുകൾക്ക് നിലവിലുള്ള നികുതിയുടെ അമ്പത് ശതമാനമെങ്കിലും ആഡംബര നികുതികൂടി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വമ്പൻ വീടുകളും ആഡംബര വീടുകളും നിരുത്സാഹപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) രണ്ടായിരം സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീടുകളുടെ പെർമിറ്റ് ഫീസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ആഡംബര വീടുകൾക്ക് നികുതി നിശ്ചയിക്കുന്നതിൽ വേണ്ടത്ര ജാഗ്രതയും സൂക്ഷ്മതയും പാലിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) റവന്യൂ വകുപ്പ് മുഖേന നിർണ്ണയിക്കപ്പെട്ട നിരക്കിലാണ് നിലവിൽ ആഡംബര നികുതി ചുമത്തി വരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) എല്ലാ വീടുകൾക്കും നിലവിൽ നികുതി ഈടാക്കുന്നത് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്.

**തദ്ദേശഭരണസ്ഥാപനങ്ങൾവഴി പിരിച്ചെടുക്കുന്ന വസ്തു നികുതി**

126(5551) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഏപ്രിൽ മാസം മുതൽ തദ്ദേശഭരണസ്ഥാപനങ്ങൾവഴി പിരിച്ചെടുക്കുന്ന വസ്തു നികുതി പരിഷ്കരിക്കാനിരിക്കെ നിലവിലെ കെട്ടിടങ്ങളുടെയും വസ്തുക്കളുടെയും വിവരങ്ങൾ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയത് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2011 മുതൽ ആരംഭിച്ച നികുതി ക്രമത്തിലെ വിവരങ്ങളുടെ ഡാറ്റാ എൻട്രി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വസ്തു നികുതി പരിഷ്കരണത്തിനു മുൻപ് മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ഡാറ്റാബേസിൽ ഉൾപ്പെടുത്തിയതിൽ സംഭവിച്ച അപാകതകൾ പരിഹരിച്ച് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2011 മുതൽ ആരംഭിച്ച ഡാറ്റാ എൻട്രി ഗ്രാമ പഞ്ചായത്തുകളിൽ 99%-വും പൂർത്തീകരിച്ചിട്ടുണ്ട്. നഗരസഭകളിൽ പൂർത്തീകരിച്ച് വരുന്നു.

(സി) 2018-19-ൽ ആരംഭിച്ച വസ്തു നികുതി പരിഷ്കരണത്തിന് മുമ്പ് വസ്തു നികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളും/നഗരസഭകളും തീവ്ര നികുതി പിരിവ് ആരംഭിച്ചിട്ടുണ്ട്. നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകിയും, ക്യാമ്പ് കളക്ഷൻ വഴിയും, ഫീൽഡ് പിരിവ് വഴിയും മുഴുവൻ വസ്തു നികുതിയും പിരിക്കുന്നതിനുള്ള തീവ്ര യജ്ഞം നടത്തിക്കൊണ്ടിരിക്കുകയാണ്. വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് 2018 മാർച്ച് 31-വരെ പിഴപ്പലിശ ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുള്ളത് മൈക്ക് അനൗൺസ്മെന്റ്, വാർത്താ മാധ്യമങ്ങൾ എന്നിവ വഴി നികുതിദായകർക്ക് അറിയിപ്പ് നൽകുകയും ചെയ്തുവരുന്നുണ്ട്. നികുതി അടയ്ക്കുന്നതിന് നികുതിദായകരെ സഹായിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഇ-പേമെന്റ് സംവിധാനവും ക്യൂക്ക് ഇ-പേമെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണം

127(5552) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതിനായി ഏത് തിയതി വരെ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളാണ് ക്രമവത്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്; എത്ര സ്ക്വയർഫീറ്റ് വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്കാണ് ഇത് ബാധകമാകുന്നത്;

(ബി) സംസ്ഥാനത്തൊട്ടാകെ ഏകദേശം എത്ര കെട്ടിടങ്ങളാണ് ഇത്തരത്തിൽ ക്രമവത്കരിക്കപ്പെടുന്നതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 15-2-2018-ലെ G.O.(P)No.11/2018/LSGD, G.O.(P) No.12/2018/LSGD എന്നീ ഉത്തരവുകൾ പ്രകാരം 2017 ജൂലൈ 31-നോ അതിന് മുൻപോ അനധികൃതമായി നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങളാണ് ക്രമവൽക്കരണത്തിന് പരിഗണിക്കുന്നത്. ക്രമവൽക്കരണ ചട്ടങ്ങളിൽ ക്രമവൽക്കരണത്തിന് പരിഗണിക്കുന്നതിന് കെട്ടിടങ്ങളുടെ വിസ്തൃതി സംബന്ധിച്ച് നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) കണക്കാക്കിയിട്ടില്ല.

## ആലത്തൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതിയായ പ്രവൃത്തികൾ

128(5553) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ എം. എൽ. എ.-യുടെ 2016- 17 വർഷത്തെ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന പ്രാവർത്തികമാക്കേണ്ട മരാമത്തുപ്രവൃത്തികളിൽ ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെങ്കിലുമുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല എങ്കിൽ ഇത് വൈകാനുണ്ടായ കാരണം അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ എം.എൽ.എ.-യുടെ 2016-17- ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള 9 പ്രവൃത്തികളിൽ, 50 ലക്ഷം രൂപ അടങ്കൽ തുകയുള്ള വണ്ടാഴി ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിന്റെ റിനോവേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാത്രമാണ് പൂർത്തിയാകാനുള്ളത്. ഈ പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി മാത്രമേ ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചിറ്റൂർ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ

129(5554) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ ചിറ്റൂർ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും നിലവിൽ നടത്തിപ്പിൽ എന്തെങ്കിലും ബുദ്ധിമുട്ടുകളുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അത് പരിഹരിക്കാൻ എന്താണ് ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(സി) 2016-നുശേഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ഇനിയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അത് ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റ് ഏജൻസികൾ ഏറ്റെടുത്ത വർക്കുകൾ തദേശ സ്വയംഭരണ വകുപ്പ് മേൽനോട്ടം വഹിക്കുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ MLA-ADS ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. 2015-16 വർഷത്തിൽ 11 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 2016-17 വർഷത്തിൽ മൂന്ന് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

(ബി) 2015-16 വർഷത്തിൽ ഏറ്റെടുത്ത 11 പ്രവൃത്തികളിൽ 3 പ്രവൃത്തികൾ പൂർത്തിയാക്കി. 5 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു റോഡ് പ്രവൃത്തിയുടെ ടെണ്ടർ ലഭ്യമായിട്ടുണ്ടെങ്കിലും KLU അനുമതി ലഭ്യമല്ലാത്തതിനാൽ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 2016-17 വർഷത്തിലെ 3 പ്രവൃത്തികളിൽ ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഒരു പ്രവൃത്തിക്ക് ടെണ്ടർ നടപടി ആയിട്ടുണ്ട്. പടിഞ്ഞാറേത്തറ-രാരം റോഡ് വാർഡ് 3 എന്ന പ്രവൃത്തിക്ക് KLU ലഭിക്കാത്തതാണ് തടസ്സമായിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2016-17-നുശേഷം 3 പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത് അതിൽ ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. മറ്റ് പ്രവൃത്തിക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവ.വിക്ടോറിയാ സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം (25 ലക്ഷം രൂപ) എന്ന പ്രവൃത്തിക്കാണ് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

130(5555) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ആണ് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതിക്കായി ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം മുഖാന്തരം ആലപ്പുഴ ജില്ലാ കളക്ടർക്ക് നല്കിയിട്ടുള്ളത്; അവയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) നിർദ്ദേശിക്കപ്പെട്ടവയിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിക്ക് സമർപ്പിക്കുവാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) നിർദ്ദേശിക്കപ്പെട്ട എല്ലാ പ്രവൃത്തികളുടെയും ഭരണാനുമതിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ആകെ 13 പ്രവൃത്തികളാണുള്ളത്. അതിൽ ആലപ്പുഴ ജില്ലാ കളക്ടറിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളത് 7 പ്രവൃത്തികൾക്കാണ്. 4 പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗത്തിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനായി ആലപ്പുഴ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കളക്ടറിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കത്ത് ലഭിക്കാത്ത പ്രവൃത്തികളുടെ എണ്ണം 2 ആണ്. ടി 2 പ്രവൃത്തികൾക്ക് കളക്ടേറ്റിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. മേൽപദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## മുഴുവൻസമയ കണ്ടിജൻസി ജീവനക്കാരുടെ ഓഫീസ് അറ്റൻഡന്റ് ആയിട്ടുള്ള നിയമനം

131(5556) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ജോലി ചെയ്യുന്ന മുഴുവൻസമയ കണ്ടിജൻസി ജീവനക്കാരെ, സമാന ശമ്പളഘടനയുള്ള ഓഫീസ് അറ്റൻഡന്റായി നിയമനം നടത്തുന്നതിന് നിയമ തടസ്സമെന്തെങ്കിലുമുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മാറ്റങ്ങൾ പരിഗണിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾ 1994-ൽ ഗ്രൂപ്പ് 2-ൽ കാറ്റഗറി 4-ൽ ഉൾപ്പെട്ടിട്ടുള്ള പ്യൂൺ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നേരിട്ടുള്ള നിയമനമാണ് നടക്കുന്നത്. ആയതിനാൽ പഞ്ചായത്തിൽ ജോലി ചെയ്യുന്ന മുഴുവൻ സമയ കണ്ടിൻജൻസി ജീവനക്കാരെ, സമാന ശമ്പളഘടനയുള്ള ഓഫീസ് അറ്റൻഡന്റ് ആയി നിയമനം നടത്തുന്നതിന് നിയമപരമായി തടസ്സമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നഗരസഭാ ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത

132(5557) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാരുടെ പെൻഷൻ ഫണ്ട് എല്ലാ നഗരസഭകളും അടയ്ക്കുന്നുണ്ടോ; ഏതെല്ലാം നഗരസഭകളാണ് പെൻഷൻ ഫണ്ട് അടയ്ക്കാത്തത് എന്നറിയിക്കാമോ;

(ബി) ഈ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുമോ; പെൻഷൻ ഫണ്ട് അടയ്ക്കാത്ത നഗരസഭകൾക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ;

(സി) നഗരസഭകളുടെ പെൻഷൻ ബാദ്ധ്യത ഇപ്പോൾ എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(ഡി) നഗരസഭകളിൽ നിന്നും ഡെപ്യൂട്ടേഷൻ പോയ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ; ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് സർക്കാർ സ്ഥാപനങ്ങളിൽ ആണെങ്കിൽ പെൻഷൻ ഫണ്ട് എങ്ങനെ കണക്കാക്കും എന്നറിയിക്കാമോ;

(ഇ) തദ്ദേശഭരണ സ്ഥാപന പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ പെൻഷൻ ബാധ്യത ഏത് രീതിയിൽ പരിഗണിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ 38 നഗരസഭകൾ പെൻഷൻ ഫണ്ട് അടയ്ക്കുന്നുണ്ട്.

തിരുവനന്തപുരം, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, നെടുമങ്ങാട്, വർക്കല, സൗത്ത് പറവൂർ, പുനലൂർ, പത്തനംതിട്ട, തിരുവല്ല, ആലപ്പുഴ, ചേർത്തല, കായംകുളം, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര, കോട്ടയം, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി, കൊച്ചി, ആലുവ, ഏലൂർ, പെരുമ്പാവൂർ, മൂവാറ്റുപുഴ, പിറവം, തൃക്കാക്കര, നോർത്ത് പറവൂർ, കോതമംഗലം, തൃശ്ശൂർ, ഗുരുവായൂർ, ഇരിങ്ങാലക്കുട, കുന്നംകുളം, ചാലക്കുടി, ചാവക്കാട്, ചെർപ്പുളശ്ശേരി, ചിറ്റൂർ, തത്തമംഗലം, മഞ്ചേരി, താനൂർ, പെരിന്തൽമണ്ണ, കോഴിക്കോട്, വടകര, ഫറോക്ക്, കൽപ്പറ്റ, കണ്ണൂർ, പാനൂർ, തളിപ്പറമ്പ്, പയ്യന്നൂർ, തലശ്ശേരി, കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം, വൈക്കം എന്നീ നഗരസഭകൾ പെൻഷൻ ഫണ്ട് യഥാസമയം അടയ്ക്കാറില്ല.

(ബി) പെൻഷൻ ഫണ്ടിൽ തുക നീക്കിയിരിപ്പില്ലാത്തതിനാൽ പെൻഷൻ അലോട്ട്മെന്റ് നൽകാറില്ല. ആയതിനാൽ നഗരസഭയിൽനിന്നും റിട്ടയർ ചെയ്യുന്ന റെഗുലർ ജീവനക്കാരുടെ പെൻഷൻ ചെലവ് നഗരസഭകൾ നൽകുന്നതിനാലും ആയത് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ട തുകയേക്കാൾ അധികമായതിനാലും പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാത്തതിന് നഗരസഭകൾക്കെതിരെ നടപടി സ്വീകരിക്കാറില്ല.

(സി) 31-3-2018 വരെ 345,81,08,473 രൂപ (മുന്നൂറ്റി നാൽപ്പത്തിയഞ്ച് കോടി എൺപത്തിയൊന്ന് ലക്ഷത്തി എണ്ണായിരത്തി നാന്നൂറ്റി എഴുപത്തിമൂന്ന് രൂപമാത്രം).

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നാണ് അടയ്ക്കേണ്ടത്.

(ഇ) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

## ഡ്യൂട്ടി സമയത്ത് ഐ. ഡി. കാർഡ് ധരിക്കണമെന്ന സർക്കാർ ഉത്തരവ്

133(5558) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിസമയത്ത് ഐ. ഡി. കാർഡ് ധരിക്കണമെന്ന സർക്കാർ ഉത്തരവ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ പാലിക്കപ്പെടുന്നുണ്ടോ;

(ബി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് മുഴുവൻ ഗ്രാമപഞ്ചായത്ത്/ ഓഡിറ്റ് വിഭാഗം/പി. എഫ്. വിഭാഗം/ ജില്ലാ ഓഫീസുകൾ/ ഡയറക്ടറേറ്റ് എന്നീ രീതിയിൽ വ്യത്യാസമില്ലാതെ മറ്റ് വകുപ്പുകളിൽ നൽകുന്നതുപോലെ ഒരേ രീതിയിലുള്ള ഐ.ഡി. കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഐ. ഡി. കാർഡ് തയ്യാറാക്കി നൽകുന്ന രീതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഗ്രാമ പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ

134(5559) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകളിലേക്കുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിപ്പിക്കാനിരിക്കേ, ഗ്രാമ പഞ്ചായത്തുകളിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഇ. പി. എ. 120/15/എൽ. എസ്. ജി. ഡി. നമ്പർ ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

## മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ

135(5560) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറി, അസി. സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) സാമ്പത്തിക വർഷാവസാനമായിട്ടും നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തികകളിലുള്ള ഒഴിവുകൾ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ച കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

(ബി) തസ്തികയിൽ ഒഴിവുണ്ടായാൽ ഉടൻതന്നെ പകരം നിയമനം നടത്തുകയോ മറ്റ് ഉദ്യോഗസ്ഥന് അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാറുണ്ട്. ആയതിനാൽ ഒഴിവുകൾ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലുള്ള പഞ്ചായത്ത് ഓഫീസുകളിലെ ഒഴിവുകൾ

136(5561) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലുള്ള ഏഴ് പഞ്ചായത്ത് ഓഫീസുകളിലായി എത്ര തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട് ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

137(5562) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം നടത്താത്തതുമൂലം പൊതുമരാമത്ത് പണികളുടെ ഫണ്ട് വിനിയോഗം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക വർഷാവസാനമായിട്ടും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഉദ്യോഗാർത്ഥികളെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഉടൻ നിയമിക്കുവാനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 132 പേരുടെ നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള 68 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. സംവരണക്രമം പാലിച്ച് നിയമന ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

138(5563) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ എത്ര പേർക്ക് പി.എസ്.സി. മുഖാന്തരം നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2119 തസ്തികകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 4340.

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

## നഗരത്തിലെ ദരിദ്രരായ തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം

139(5564) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.യു.എൽ.എം.-ന്റെ ഭാഗമായി നഗരത്തിലെ ദരിദ്രരായ തൊഴിൽ രഹിതരുടെ ജീവനോപാധി വികസനത്തിനായി തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ ട്രെയിഡുകളിലാണ് നിലവിൽ പരിശീലനം നൽകുന്നത്;

(സി) സർക്കാർ ഏജൻസികൾക്കുപുറമെ സ്വകാര്യ ഏജൻസികളെയും പരിശീലന പരിപാടികൾക്കായി ഏർപ്പെടുത്തിയിട്ടുണ്ടോ; അതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ദേശീയ നഗര ഉപജീവന മിഷന് (NULM) കീഴിൽ നഗരദരിദ്രരായ തൊഴിൽരഹിതരുടെ ജീവനോപാധി വികസനത്തിനായി തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു. സംസ്ഥാനത്തെ 93 നഗരങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു.

(ബി&സി) തൊഴിൽസാധ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 74 ട്രേഡുകളിലാണ് പരിശീലനം നല്കുന്നത്. ട്രേഡുകളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്* . 8 സർക്കാർ സ്ഥാപനങ്ങളടക്കം 49 പരിശീലന ഏജൻസികളാണ് പരിശീലനങ്ങൾ നടപ്പിലാക്കുന്നത്. തൊഴിൽ പരിശീലന സ്ഥാപനങ്ങൾ, വ്യവസായ യൂണിറ്റുകൾ/അവരുടെ അസോസിയേഷനുകൾ, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ 3 വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെയാണ് പരിശീലന സ്ഥാപനങ്ങളായി തിരഞ്ഞെടുക്കുന്നത്.

(ഡി) വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന എഴുപത് ശതമാനം പരിശീലനാർത്ഥികൾക്കെങ്കിലും തൊഴിൽ തരപ്പെടുത്തി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പരിശീലന ഏജൻസികളുമായി ചേർന്ന് കുടുംബശ്രീ നടത്തി വരുന്നു. പരിശീലനത്തിനുശേഷം സ്വയംതൊഴിൽ ചെയ്യാനാഗ്രഹിക്കുന്നവർക്ക് വ്യക്തി ഒന്നിന് 2 ലക്ഷം രൂപ എന്ന നിരക്കിൽ വായ്പ തരപ്പെടുത്തി നൽകുകയും ഏഴ് ശതമാനത്തിൽ കൂടുതൽ വരുന്ന പലിശ സബ്സിഡിയായി നൽകുകയും, ഇത്തരത്തിൽ മുന്നോട്ടുവരുന്ന സംരംഭകർ സ്ത്രീകളാണെങ്കിൽ വായ്പ അടച്ചു തീർക്കുമ്പോൾ മൂന്ന് ശതമാനം അധിക സബ്സിഡി നല്കുകയും ചെയ്യുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുശൗചാലയങ്ങളുടെ അഭാവം

140(5565) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ പൊതുശൗചാലയങ്ങളുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗര പ്രദേശങ്ങളിൽ ആവശ്യത്തിന് പൊതുശൗചാലയങ്ങൾ ഇല്ലാത്തതിനാൽ സന്ദർശകർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന നിസ്സംഗതയ്ക്ക് അറുതിവരുത്താനും ആവശ്യമായ പൊതുശൗചാലയങ്ങൾ സൗജന്യമായും അല്ലാതെയും ഉപയോഗിക്കുന്നതിന് നിർമ്മിച്ചുനൽകാനും അടിയന്തര നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സ്ഥല ലഭ്യതയ്ക്കും ധനലഭ്യതയ്ക്കും അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ കൂടുതൽ പൊതുശൗചാലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വരൾച്ചയെ പ്രതിരോധിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുന്നൊരുക്കങ്ങൾ

141(5566) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ചയെ പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പാലക്കാട് ജില്ലയിലെ പഞ്ചായത്തുകൾ വരൾച്ചയെ പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

വരൾച്ചയെ പ്രതിരോധിക്കാൻ പാലക്കാട് ജില്ലയിലെ നഗരസഭകൾ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കപ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

<u>പാലക്കാട് നഗരസഭ:</u>

പാലക്കാട് നഗരസഭയിൽ വരൾച്ചമൂലമുള്ള കുടിവെള്ള പ്രശ്നങ്ങളൊന്നും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

<u>ഷൊർണ്ണൂർ</u>

ഷൊർണ്ണൂർ നഗരസഭയിൽ നിന്നും മുൻവർഷങ്ങളിൽ ടാങ്കർ ലോറികളിൽ വരൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിവന്നിരുന്നതാണ്. ഈ വർഷവും പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

<u>ചിറ്റൂർ - തത്തമംഗലം</u>

ഈ നഗരസഭാ പരിധിയിലെ എല്ലാ സ്ഥലത്തും കുടിവെള്ള സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ വേണ്ടിവരുന്നില്ല.

<u>ഒറ്റപ്പാലം</u>

വരൾച്ചയെ നേരിടുന്നതിന് കിണറുകൾ റിപ്പയർ ചെയ്തു, 2 കുളങ്ങൾ നവീകരണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. താൽക്കാലിക തടയണകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 2 സ്ഥിരം തടയണകൾ നിർമ്മിച്ചു.

<u>ചെർപ്പുളശ്ശേരി</u>

ചെർപ്പുളശ്ശേരി നഗരസഭയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി താൽക്കാലിക തടയണ നിർമ്മാണത്തിനായി 1,50,000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

<u>പട്ടാമ്പി</u>

പട്ടാമ്പി നഗരസഭ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ ഡിവിഷനുകളിലെ വീടുകളിൽ 750-ഓളം മഴക്കുഴികൾ നിർമ്മിച്ച് കഴിഞ്ഞു. ഒന്നാം ഡിവിഷനിൽ ഒരു കൈത്തോട് വൃത്തിയാക്കി. ഭാരതപ്പുഴയിൽ ഒരു താത്കാലിക തടയണ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും അനുമതി തേടിയിട്ടുണ്ട്. ജലസേചനത്തിനായി ഭാരതപ്പുഴയിൽ ഒരു വലിയ കിണർ നിർമ്മിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മണ്ണാർക്കാട്

മണ്ണാർക്കാട് നഗരസഭയിൽ 2017-18, 2018-19 വർഷങ്ങളിലെ പ്രോജക്ടിൽ ഉൾപ്പെടുത്തി കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നഗരസഭയിലെ എല്ലാ വാർഡുകളിലും കുടിവെള്ള കിയോസ്ക് യൂണിറ്റുകൾ സ്ഥാപിക്കുകയും കൃത്യമായ ശുദ്ധജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്. പൊതുജലസ്രോതസ്സുകളായ പുഴകളിലും തോടുകളിലും പൊതുജനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും പങ്കാളിത്തത്തോടെ താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ജലസ്രോതസ്സുകളിലെ മാലിന്യശുചീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ എല്ലാ ഇടങ്ങളിലും പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേടുള്ളതും ലീക്കുള്ളതുമായ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി കേരള വാട്ടർ അതോറിറ്റിയുമായി 13,77,500 രൂപയുടെ ഡെപ്പോസിറ്റ് വർക്കിന് നഗരസഭ ഉടമ്പടി വച്ചിട്ടുള്ളതുമാണ്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷൻ ജല സംരക്ഷണ ഉപദൗത്യത്തിന്റെ ഭാഗമായി വരൾച്ച തടയുന്നതിനും ജലസംരക്ഷണം ഉറപ്പ് വരുത്തുന്നതിനുമായി ബ്ലോക്ക് പഞ്ചായത്തുതല സാങ്കേതിക ഉപദേശക സമിതികൾ രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്തുതല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പാലക്കാട് ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ട്.

## മുതുകുളം പഞ്ചായത്തിലെ ഉമ്മർമുക്ക് കണ്ണാട്ട് സംഗമം റോഡിന്റെ നിർമ്മാണം

142(5567) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച മുതുകുളം പഞ്ചായത്തിലെ ഉമ്മർമുക്ക് കണ്ണാട്ട് സംഗമം റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ; പ്രസ്തുത വർക്കിന്റെ നിർവ്വഹണത്തിനാവശ്യമായ തുക എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് വിഭാഗം പി. ഡബ്ല്യൂ. ഡി. വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപയാണ് കൈമാറിയിട്ടുള്ളത്; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണ്; ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ തുകയും അടിയന്തരമായി പി. ഡബ്ല്യു. ഡി. വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മുതുകുളം പഞ്ചായത്തിലെ ഉമ്മർമുക്ക് കണ്ണാട്ട് മുക്ക് റോഡ് എന്ന പ്രവൃത്തിക്ക് 1,00,00,000 രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഇതിലേയ്ക്കായുള്ള ഫണ്ട് 66.35 ലക്ഷം രൂപ 2016-17-ലെ ആസ്തി വികസന ഫണ്ടിൽനിന്നും, ബാക്കിയുള്ള 33.65 ലക്ഷം രൂപ 2017-18 ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച നൽകാവുന്നതാണെന്നും ഭരണാനുമതി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഒരു കോടി രൂപ ഡെപ്പോസിറ്റ് ചെയ്യണമെന്ന് ആലപ്പുഴ തദ്ദേശസ്വയംഭരണ വകുപ്പ് എസ്കിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും 33.65 ലക്ഷം രൂപ മാത്രമേ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി 66.35 ലക്ഷം രൂപകൂടി ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഡി.ഡി.ഒ. കോഡായ 06-01-59 സി-ൽ " 8443-00-108 പി.ഡബ്ള്യൂ ഡെപ്പോസിറ്റ് " എന്ന കണക്ക് ശീർഷകത്തിൽ അടിയന്തരമായി ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്. 66.35 ലക്ഷം രൂപകൂടി ഡെപ്പോസിറ്റ് ചെയ്ത് ലഭിച്ചാൽ മാത്രമെ ടി പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഭരണാനുമതി നല്കിയ തുകയിൽ 33.65 ലക്ഷം രൂപ പി.ഡബ്ള്യൂ.ഡി. നിരത്തു വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മുഴവൻ തുകയും പി.ഡബ്യു.ഡി.-ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിന് കെട്ടിടം**

143(5568) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിന് സ്വന്തമായി കെട്ടിടമുണ്ടോ; വിശദമാക്കാമോ;

(ബി) കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിന് സ്വന്തമായി ഒരു കെട്ടിടമില്ലാത്തതിനാൽ ജനപ്രതിനിധികളും പൊതുജനങ്ങളും ഉദ്യോഗസ്ഥരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തരമായി കെട്ടിട നിർമ്മാണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ പഞ്ചായത്ത് പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണെങ്കിലും ആയത് ആരംഭിച്ച വർഷത്തിൽ വീട് സൗകര്യപ്പെടുത്തി ഓഫീസായി ഉപയോഗിച്ചുവരികയായിരുന്നു. സ്ഥലസൗകര്യം തീരെയെയില്ലാത്തതിനാലും കൃഷി ഓഫീസ്, എം.ജി.എൻ.ആർ.ജി.ഡി. അസി.എഞ്ചിനീയർ ഓഫീസ്, കുടുംബശ്രീ ഓഫീസ്, എം.ജി.എൻ.ആർ.ജി.എസ്. ഓഫീസ്, വെറ്ററിനറി ഡിസ്പൻസറി എന്നിവ ഈ കെട്ടിടത്തിൽ തന്നെ പരിമിത സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഏറെ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

## കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ്

144(5569) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥാവകാശം ഏത് വകുപ്പിനാണെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ എന്തെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാമോ;

(സി) ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥാവകാശം ഗ്രാമ വികസന വകുപ്പിനാണ്.

(ബി) മത ന്യൂനപക്ഷ യുവജനങ്ങൾക്ക് സൗജന്യ പി.എസ്.സി. പരിശീലനം നൽകുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനം, നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസിന്റെ രണ്ട് കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു.

(സി) ടി കെട്ടിടത്തിൽ പ്രവർത്തനാനുമതി ആവശ്യപ്പെട്ട് അപേക്ഷിച്ച സ്ഥാപനങ്ങളും പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളും

| | സ്ഥാപനത്തിന്റെ പേര് | നടപടി |
|---|---|---|
| i | കരുനാഗപ്പള്ളി കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത് | രണ്ട് കെട്ടിടങ്ങൾ താൽക്കാലികമായി വിട്ടു നൽകിയിട്ടുണ്ട്. |
| ii | ശ്രുതി കലാ സാംസ്കാരിക പഠന കേന്ദ്രം, കരുനാഗപ്പള്ളി | കരുനാഗപ്പള്ളി കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്തിന് വിട്ടുനൽകിയ കെട്ടിടങ്ങൾ തന്നെയാണ് ടി സ്ഥാപനവും ആവശ്യപ്പെട്ട തെന്നതിനാൽ അനുമതി നൽകിയിട്ടില്ല. |
| iii | കരുനാഗപ്പള്ളി ഐ.സി.ഡി. എസ്. പ്രോജക്ട് ആഫീസിനായി ശിശു വികസന പദ്ധതി ആഫീസറുടെ അപേക്ഷ | 7-8-2017-ലെ സ.ഉ(സാധാ) 2754/17 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.സി.ഡി.എസ്. ഓഫീസ് പ്രവർത്തിക്കുന്നതിന് ഒരു കെട്ടിടം താത്കാലികമായി വിട്ടു നൽകിയിട്ടുണ്ട്. |
| iv | തൊടിയൂർ വില്ലേജ് ആഫീസിനായി കൊല്ലം ജില്ലാ കളക്ടറുടെ കത്ത് | കെട്ടിടം ഐ.സി.ഡി.എസ്. ഓഫീസിനായി വിട്ടു നൽകിയിട്ടുള്ള വിവരം കൊല്ലം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. |
| v | ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപിച്ചിട്ടുള്ള തൊടിയൂർ ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന വൃത്തിയാക്കിയ പ്ലാസ്റ്റിക് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതു വരെ സൂക്ഷിക്കുന്നതിനായി വിട്ടു കിട്ടുന്നതിന് തൊടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് | കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ഷട്ടർ കതകുകളോടു കൂടിയ 2 മുറി കെട്ടിടം ടി ആവശ്യത്തിന് നൽകുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

(ഡി) പ്ലാസിറ്റിക് ശേഖരണത്തിനായി ഷട്ടറുകളോടുകൂടിയ 2 മുറികൾ ആവശ്യപ്പെട്ടുകൊണ്ട് തൊടിയൂർ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണറുടെ പരിഗണനയിലാണ്. മറ്റ് നിർദ്ദേശങ്ങൾ ഇല്ല.

**പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ മാവേലിക്കരയിലെ പ്രവൃത്തികൾ**

145(5570) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ച ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുള്ളത്; ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്കായി ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽനിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിർദ്ദേശിക്കപ്പെട്ടവയിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിക്ക് സമർപ്പിക്കുവാനുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) നിർദ്ദേശിക്കപ്പെട്ട എല്ലാ പ്രവൃത്തികളുടെയും ഭരണാനുമതിക്കായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായതും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ജില്ലാ കളക്ടർക്ക് നല്കിയിട്ടുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ചുവടെ ചേർത്തിരിക്കുന്ന 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കാനുണ്ട്.

(i) പാലമേൽ ഗ്രാമപഞ്ചായത്ത്- പണയിൽ കാഷ്യൂ ഫാക്ടറി റെസ്റ്റ് റൂം നിർമ്മാണം.

(ii) പാലമേൽ ഗ്രാമപഞ്ചായത്ത് - ഉളവുക്കാട് സാംസ്കാരിക നിലയം നിർമ്മാണം.

(ഡി) നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതിക്കായി ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം ജില്ലാ പഞ്ചായത്ത് നിർമ്മിച്ച രണ്ട് നില കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം

146(5571) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരസഭയിലെ 32-ാം ഡിവിഷൻ മൂത്തേത്ത് കോളനിക്ക് സമീപമുള്ള കൊല്ലം ജില്ലാ പഞ്ചായത്ത് നിർമ്മിച്ച രണ്ട് നിലകെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഏത് വകുപ്പിനാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കെട്ടിടത്തിൽ ഇപ്പോൾ ഏതെങ്കിലും സ്ഥാപനമോ ഓഫീസോ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടം കരുനാഗപ്പള്ളി നഗരസഭയ്ക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്താണ് ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) കരുനാഗപ്പള്ളി നഗരസഭയ്ക്ക് രേഖാമൂലം കൈമാറിയിട്ടില്ല.

## ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി

147(5572) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള അനുമതിക്കായി തദ്ദേശ സ്വയംഭരണ ഡയറക്ടറുടെ ഓഫീസിൽ നിന്നും സർക്കാരിലേക്ക് ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി. യുടെ ആംബുലൻസ് ഡ്രൈവറുടെ വേതനം

148(5573) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് സഹായകരമായ പഞ്ചായത്തിനുകീഴിലുള്ള പി.എച്ച്.സി.- യുടെ ആംബുലൻസ് ഡ്രൈവറുടെ വേതനം, ഡീസൽ ചെലവ് എന്നിവയ്ക്ക് പഞ്ചായത്തിന് തനത് ഫണ്ട് ചെലവ് ചെയ്യുവാൻ ഇല്ലാത്തതിനാൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിക്ക് അനുബന്ധ രേഖകൾ സഹിതം പ്രത്യേക അനുമതിക്ക് ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചാൽ രേഖകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം കോർപ്പറേഷനിൽ ഗ്രീൻബെൽറ്റിൽ ഉൾപ്പെടുത്തിയ ഭൂമി

149(5574) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 2124/1-ൽപ്പെട്ട വസ്തുവിനെ ഗ്രീൻ ബെൽറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ടി വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ വല്ലതുമുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വസ്തുവിൽ ഇരുനിലവീട് പണിയുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കടകംപള്ളി വില്ലേജിൽപ്പെട്ട സ്ഥലത്ത് അംഗീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാനാണ് ബാധകമെന്ന് കാണുന്നു. അംഗീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാൻ സർവ്വെ നമ്പർ അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ സർവ്വേ നമ്പർ മാത്രം വച്ച് നിർമ്മാണ സ്ഥലം ഏത് സോണിൽ വരുന്നുവെന്ന്

നിശ്ചയിക്കുവാൻ പ്രയാസമാണ്. സർവ്വെ നമ്പരും സ്ഥലത്തിന്റെ കൃത്യമായ ലൊക്കേഷനും ലഭിക്കുകയും ആവശ്യമെങ്കിൽ സ്ഥലപരിശോധനയും നടത്തിയാൽ മാത്രമേ നിർമ്മാണ സ്ഥലം ഏത് സോണിൽ വരുമെന്ന് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) നിർമ്മാണ സ്ഥലം അംഗീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രകാരം ഗ്രീൻസ്ട്രിപ്പിൽ വരുന്നപക്ഷം 31-5-2007-ലെ ജി.ഒ.(എം.എസ്)നമ്പർ 144/07/തസ്വഭവ. പ്രകാരം പരമാവധി 300 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ള ഏകകുടുംബ വാസഗൃഹങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് ലഭ്യമാക്കേണ്ടതാണ്.

(സി) എയർപോർട്ട് അതോറിറ്റി പ്രസിദ്ധീകരിച്ച സി.സി.ഇസഡ്.എം. (കളർ കോഡഡ് സോണിംഗ് മാപ്പ്)-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ടോയെന്ന് തീരുമാനിക്കുന്നത്. കടകംപള്ളി ഏരിയ ടി മാപ്പ് പ്രകാരം റെഡ് കളർ സോണിൽ വരുന്നതിനാൽ നിർമ്മാണങ്ങൾക്ക് എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട 28.12.2017-ലെ സ.ഉ.(സാധാ)നമ്പർ 4187/2017/തസ്വഭവ. . ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**വാമനപുരം മണ്ഡലത്തിലെ 2017-18 വർഷത്തെ പദ്ധതി വിഹിതം**

150(5575) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഒൻപത് ഗ്രാമപഞ്ചായത്തുകൾക്ക് 2017-18 വർഷത്തെ പദ്ധതി വിഹിതമായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; ഓരോ പഞ്ചായത്തിലെയും കണക്കുകൾ വ്യക്തമാക്കാമോ;

(ബി) 2018 മാർച്ച് 15 വരെ ടി പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 36,82,30,000 രൂപയാണ് പദ്ധതി വിഹിതമായി നീക്കിവച്ചിട്ടുള്ളത്. ഓരോ പഞ്ചായത്തിലേയും കണക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രാമപഞ്ചായത്ത് -നഗരസഭ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ

151(5576) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിന് നിലവിലുള്ള പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വായ്പാ പദ്ധതികളാണ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ളത്; ഇത് നൽകുന്ന സ്ഥാപനങ്ങളുടെ കോണ്ടാക്റ്റ് നമ്പർ, അഡ്രസ്സ് എന്നിവ നൽകാമോ; ഏതെല്ലാം പദ്ധതികൾക്കാണ് വായ്പ സൗകര്യമുള്ളതെന്നും, പലിശ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തികവർഷം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്നും,ആയതിന്റെ ലിസ്റ്റ്, അനുവദിച്ച തുക എന്നിവയുടെ വിശദവിവരവും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വികസന ഫണ്ട്, കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന പൊതു വിഭാഗം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നീ വികസനഫണ്ടിന്റെ 30 ശതമാനത്തിൽ അധികരിക്കാത്ത തുകയും നഗരസഭകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ 50 ശതമാനത്തിൽ അധികരിക്കാത്ത തുകയും പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ 30 ശതമാനത്തിൽ അധികരിക്കാതെയുമുള്ള തുക പശ്ചാത്തലമേഖലയുടെ വികസനത്തിനായി വകയിരുത്തേണ്ടതാണ്. കൂടാതെ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനവും സംരക്ഷണവും നടത്താവുന്നതാണ്.

റോഡ്, പാലങ്ങൾ, ബസ്സ്റ്റാന്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, ഉല്പാദന സേവന മേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത ഓഫീസ് കെട്ടിടങ്ങൾ, ഓഫീസ് ആവശ്യത്തിനുള്ള വാഹനങ്ങൾ, ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുതീകരണം, ഷോപ്പിംഗ് കോംപ്ളക്സുകൾ, ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, ചോലകൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം. ഫാം റോഡ്, ട്രാക്ടർ റാമ്പ് തുടങ്ങിയവയാണ് നഗരസഭകൾ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

(ബി) ബസ് ടെർമിനലുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് വായ്പ അനുവദിക്കുന്നത്. കെ.യു.ആർ.ഡി.എഫ്.സി., ഹഡ്കോ, ഇതര ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും വായ്പ അനുവദിച്ചുവരുന്നു. കെ.യു.ആർ.ഡി.എഫ്.സി., ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ അഡ്രസ്സ്, കോണ്ടാക്ട് നമ്പർ ചുവടെ ചേർക്കുന്നു.

<u>കെ.യു.ആർ.ഡി.എഫ്.സി.</u>

ട്രാൻസ് ടവേഴ്സ്

5-ാം നില, വഴുതക്കാട്,

തിരുവനന്തപുരം- 14

ഫോൺ - 0471-2339742

<u>ഹഡ്കോ</u>

3-ാം നില,

സാഫല്യം, പാളയം, യൂണിവേഴ്സിറ്റി റോഡ്,

തിരുവനന്തപുരം- 695034

നിലവിൽ നഗരസഭകൾക്ക് 10% പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്.

(സി) ഈ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളുടെ 58743 പ്രോജക്ടുകളും ബ്ലോക്ക് പഞ്ചായത്തുകളുടെ 3255 പ്രോജക്ടുകളും ജില്ലാ പഞ്ചായത്തുകളുടെ 3565 പ്രോജക്ടുകളും മുനിസിപ്പാലിറ്റികളുടെ 10728 പ്രോജക്ടുകളും, കോർപ്പറേഷനുകളിലെ 2601 പ്രോജക്ടുകളും ഈ സാമ്പത്തിക വർഷം അംഗീകാരം നേടിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച തുക

ഗ്രാമപഞ്ചായത്ത് - 2031,73,72,681 രൂപ

ബ്ലോക്ക് പഞ്ചായത്ത് - 194,53,46,541 രൂപ

ജില്ലാ പഞ്ചായത്ത് - 485,28,47,464 രൂപ

മുനിസിപ്പാലിറ്റി - 620,48,68,107 രൂപ

കോർപ്പറേഷൻ - 399,49,37,227 രൂപ

**അഹാഡ്സ്**

152(5577) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഹാഡ്സ് (അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി) ന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; അഹാഡ്സ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അഹാഡ്സ് ആരംഭിച്ച പദ്ധതികളുടെ തുടർചുമതല ആരാണ് നിർവഹിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച അഹാഡ്സ് -ന്റെ തുടർപദ്ധതിയായ അഹാഡ്സ്-സിസിപിആർഎം നിലവിൽ ഉണ്ടോയെന്നറിയിക്കാമോ; അതിന്റെ ഭരണ ചുമതല ആർക്കാണ് എന്നറിയിക്കാമോ;

(ഡി) അഹാഡ്സ്-ന്റെ കേന്ദ്ര ഓഫീസും അനുബന്ധ കെട്ടിടങ്ങളും സൗകര്യങ്ങളും ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണെന്നും അവിടെ നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 22-2-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 47/2014/തസ്വഭവ. പ്രകാരം അഹാഡ്സ് എന്ന സ്ഥപാനത്തെ അഹാഡ്സ്-സി.സി.പി.ആർ.എം. എന്ന സ്ഥാപനമായി മാറ്റുകയുണ്ടായി. അഹാഡ്സ് ഇപ്പോൾ നിലവിലില്ല.

(ബി-ഡി) 16-3-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 57/2017/തസ്വഭവ. ഉത്തരവ് പ്രകാരം അഹാഡ്സ്-സി.സി.പി.ആർ.എം.-നെ ഉപാധികളില്ലാതെ 'കില'യിൽ ലയിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അഹാഡ്സ് ആരംഭിച്ച തുടർ പദ്ധതികൾ 'കില'യാണ് നിർവ്വഹിക്കുന്നത്. 18-8-2016-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2463/2016/തസ്വഭവ. . പ്രകാരം അഹാഡ്സിന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തി 'കില'യുടെ

റിജീയണൽ സെന്ററാക്കി മാറ്റുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2016 ഒക്ടോബർ മുതൽ പ്രസ്തുത സെന്ററിൽ കിലയുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നടന്നു വരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

- പ്രകൃതിവിഭവ പരിപാലനവും ആദിവാസി വികസനവുമായി ബന്ധപ്പെട്ട Centre for Tribal Development & Natural Resource Management – (CTDNRM) പ്രവർത്തിച്ചുവരുന്നു.

- അഹാഡ്സിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിരുന്ന വിവിധ പരിപാടികൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം നടന്നു വരുന്നു. അതിൻ പ്രകാരം ഊരു വികസന സമിതികളുടെയും മറ്റ് ജനകീയ സമിതികളുടെയും പുനർശാക്തീകരണത്തിന് നടപടി ആരംഭിച്ചു.

- അഞ്ചാം ക്ലാസിൽ പഠിക്കുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രത്യേക പഠന പ്രവർത്തനങ്ങൾ, മറ്റ് സ്ഥാപനങ്ങളുടെയും സഹായത്താൽ നടത്തി വരുന്നു. ഇതിലൂടെ നിരവധി ആദിവാസി വിദ്യാർത്ഥികളെ സൈനിക സ്കൂളുകളിലും നവോദയ തുടങ്ങിയ വിദ്യാലയങ്ങളിലും പ്രവേശനം ലഭിക്കാൻ സന്നദ്ധരാക്കുന്നു.

- അട്ടപ്പാടി മേഖലയിലെ എല്ലാ അങ്കണവാടി വർക്കർമാർക്കും കുട്ടികളുടെ കൗമാര ക്ലബുകളുടെ (ആൺ-പെൺ) ശാക്തീകരണം സംബന്ധിച്ച് രണ്ട് തവണ പരിശീലനം നൽകി. കൂടാതെ, ഓരോ കൗമാര ക്ലബിലെയും രണ്ട് വീതം കുട്ടികൾക്ക് നേതൃത്വ പരിശീലനം രണ്ട് തവണ നൽകുകയുണ്ടായി.

- അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളെ ബാല സൗഹൃദ ഇടപെടലുകൾക്കായി തെരഞ്ഞെടുക്കുകയും നിരന്തര തുടർ പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു.

- കമ്പ്യൂട്ടർ പഠന കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ആദിവാസിമേഖലയിലെ വിദ്യാസമ്പന്നരായ യുവജനങ്ങൾ തന്നെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

- കുടുംബശ്രീ പ്രവർത്തനങ്ങളുടെ കേന്ദ്രവും ദേശീയ ഗ്രാമീണ ഉപജീവനദൗത്യം (NRLM) പ്രവർത്തനങ്ങളുടെ കേന്ദ്രവും ഇവിടെ പ്രവർത്തിച്ചുവരുന്നു.

- പ്രകൃതി വിഭവ പരിപാലനത്തിന്റെ ഭാഗമായി നീർത്തടാധിഷ്ഠിത ആസൂത്രണ പ്രവർത്തനങ്ങൾക്കായുള്ള പരിശീലനം നടന്നുവരുന്നു.
- അട്ടപ്പാടി മേഖലയിലെ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ ആദിവാസി വികസനം ഉറപ്പുവരുത്തുവാനുള്ള പ്രത്യേക പരിശീലനം നടന്നു വരുന്നു.
- കാലാവസ്ഥാ വ്യതിയാനം, പഞ്ചായത്ത് രാജ് പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങളും നടപ്പിലാക്കി വരുന്നു.

**കായംകുളം പട്ടണത്തിലെ വഴിയോര കച്ചവടക്കാർ**

153(T 5578) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിലെ പ്രധാന നിരത്തുകൾ വഴിയോര കച്ചവടക്കാർ അനധികൃതമായി കയ്യേറി വിപണം നടത്തുന്നതുമൂലം ഗതാഗതക്കുരുക്ക് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വഴിയോര കച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ചതിനുശേഷം വെൻഡിംഗ് സോൺ തിരിച്ച് ഇവരെ പുനഃരധിവസിപ്പിക്കുന്നതിന് നഗരസഭാ കച്ചവടസമിതി തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ പ്രത്യേക പദ്ധതി ഉൾപ്പെടുത്തുവാനും നഗരസഭ തീരുമാനിച്ചിട്ടുണ്ട്.

**കേന്ദ്ര സർക്കാരിൽ നിന്നുമുള്ള ധനസഹായം**

154(5579) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവിലേക്ക് കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ എത്ര രൂപ ലഭിച്ചു; അറിയിക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇന്ദിരാ ആവാസ് യോജന പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2014-15 മുതൽ 2017-18 വരെ എത്ര തുക ലഭിച്ചു; വ്യക്തമാക്കുമോ;

(സി) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ എത്ര തുക ലഭിച്ചു; അറിയിക്കുമോ;

(ഡി) പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയ്ക്ക് കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ ലഭിച്ച തുക ഉപയോഗപ്പെടുത്തി എത്ര കി.മീ. റോഡ് പൂർത്തീകരിച്ചു; വിശദമാക്കുമോ;

(ഇ) പ്രധാനമന്ത്രി ആവാസ് യോജനയ്ക്കുവേണ്ടി 2014-15 മുതൽ 2017-18 വരെ എത്ര തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്; ഇതിന്റെ ഭാഗമായി എത്ര പാർപ്പിടങ്ങൾ നിർമ്മിച്ചു നൽകി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവിലേക്ക് കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ 2431.37 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഇന്ദിരാ ആവാസ് യോജന പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2014-15 മുതൽ 2015-16 വരെയുള്ള കാലയളവിൽ 51792.523 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2016-17 മുതൽ ടി പദ്ധതി പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ 74.21 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിക്ക് കേന്ദ്ര – സംസ്ഥാന വിഹിതമായി 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ ലഭിച്ച തുക ഉപയോഗിച്ച് 1293.617 കി.മീറ്റർ ദൈർഘ്യം വരുന്ന 446 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി 2016-17 സാമ്പത്തിക വർഷത്തിലാണ് നിലവിൽവന്നത്. ടി പദ്ധതിക്ക് കേന്ദ്ര വിഹിതമായി 12190.22 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 23-3-2018-ലെ റിപ്പോർട്ട് അനുസരിച്ച് 16109 വീടുകൾ അനുവദിക്കുകയും 7448 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മങ്കട ബ്ലോക്ക് പഞ്ചായത്ത് സ്ഥലത്തെ എ.ഇ.ഒ. ഓഫീസ് കെട്ടിടം

155(5580) ശ്രീ. ടി. എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച മങ്കട എ. ഇ. ഒ. ഓഫീസിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(ബി) ഈ ഓഫീസ് കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ തന്നെ നിർമ്മിക്കാമെന്ന് ഭരണസമിതി തിരുമാനമെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം വിശദമാക്കുമോ;

(സി സർക്കാർ ഉത്തരവും ഭരണസമിതി തീരുമാനവും ഉള്ള സ്ഥിതിക്ക് അടിയന്തരമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയിട്ടില്ലാത്ത വിദ്യാഭ്യാസ മേഖലയിൽപ്പെട്ട വിദ്യാഭ്യാസ ഉപജില്ലാ ആഫീസിന് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം വിട്ടുനൽകുന്നതിന് സർക്കാർ അനുമതി നൽകേണ്ടതുണ്ട്. ഇത് സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഭരണസമിതിയുടെ തീരുമാനത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടിക പ്രകാരമല്ലാത്തതിനാൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള തുടർനടപടികൾ പൂർത്തിയാക്കിയിട്ടില്ല.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(സാധാ) നമ്പർ 4078/2017/പൊ.വി.വ പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ ഉപജില്ലാ ആഫീസിന് കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലം വിട്ടുനൽകി ഉത്തരവായിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം എ.ഇ.ഒ. ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയിട്ടില്ലാത്ത സ്ഥാപനം ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് മങ്കട ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ സ്ഥലം വിട്ടുനൽകുന്നതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമാണ്. അനുമതിക്കായുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ

156(5581) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലേ ഔട്ട് അപ്രൂവൽ ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ വ്യക്തമായി പരിശോധിക്കാതെ നിസ്സാര കാര്യങ്ങൾ ചൂണ്ടിക്കാട്ടി തിരിച്ചയയ്ക്കുന്ന കാര്യം വകുപ്പ് പരിശോധിക്കുമോ;

(സി) ചെറിയ പിശകുകൾ ടൗൺ പ്ലാനിംഗ് വകുപ്പിനുതന്നെ പരിഹരിക്കാമെന്നിരിക്കെ അപേക്ഷകൾ തിരിച്ചയയ്ക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ ഡെപ്യൂട്ടി ടൗൺ പ്ലാനർ, അസിസ്റ്റന്റ് ടൗൺ പ്ലാനർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) ടൗൺ പ്ലാനിംഗ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ അപ്രൂവലിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ഓഫീസർമാർ കൃത്യമായി പരിശോധിക്കുന്നില്ലെന്ന വസ്തുതയിൻമേൽ നടപടി എടുക്കുമോ;

(ഇ) പതിനാല് ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിലും 2016 ജനുവരി മുതൽ തീർപ്പാകാതെയുള്ള ഫയലുകളുടെ വിവരം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരമൊരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇത്തരമൊരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 28-2-2018 വരെ തീർപ്പാക്കാതെയുള്ള ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 83 |
| കൊല്ലം | - | 23 |
| പത്തനംതിട്ട | - | ഇല്ല |

| | | |
|---|---|---|
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 37 |
| ഇടുക്കി | - | ഇല്ല |
| എറണാകുളം | - | 31 |
| തൃശ്ശൂർ | - | 14 |
| പാലക്കാട് | - | 26 |
| മലപ്പുറം | - | 13 |
| കോഴിക്കോട് | - | 28 |
| വയനാട് | - | 1 |
| കണ്ണൂർ | - | 6 |
| കാസർഗോഡ് | - | 5 |

## നഗരവികസന മാസ്റ്റർ പ്ലാൻ

157(5582) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും ഘട്ടം ഘട്ടമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനകം ഏതെല്ലാം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്;

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ നഗരങ്ങളിൽ വികസനപ്രവർത്തനങ്ങൾ അതിനനുസൃതമായിട്ടാണോ നടപ്പിലാക്കുന്നത്; ഇത് നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്?

### ഉത്തരം

(എ) മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മൂന്ന് ഘട്ടമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട നഗരസഭകളുടെ ഉത്തരവാദിത്വമാണ്. മാസ്റ്റർപ്ലാനുകൾ നിലവിൽവന്നശേഷം മാസ്റ്റർപ്ലാനുകളിലെ നിർദ്ദിഷ്ട ഭൂവിനിയോഗത്തിനനുസൃതമായിട്ടാണ് കെട്ടിട നിർമ്മാണങ്ങളും ഭൂവിനിയോഗവും നിയന്ത്രിക്കുന്നത്. ഇത്തരത്തിൽ വാർഷിക പദ്ധതികൾ/പഞ്ചവൽസര പദ്ധതികൾ തയ്യാറാക്കുമ്പോൾ മാസ്റ്റർപ്ലാൻ പദ്ധതികൾ പരിഗണിക്കാറുണ്ട്. ചില മാസ്റ്റർപ്ലാനുകളിൽ നഗരസഭാ തലത്തിൽ മാസ്റ്റർപ്ലാൻ നടത്തിപ്പിന്റെ മേൽനോട്ടത്തിനായി നഗരസഭാ ചെയർമാൻ, അദ്ധ്യക്ഷനായ കമ്മിറ്റി രൂപികരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

## കൊച്ചി നഗരത്തിൽ 'അമൃത് ' പദ്ധതി

158(5583) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത നഗരപരിഷ്കരണ പദ്ധതിയായ അമൃത് പ്രകാരം 2017-18 വർഷത്തിൽ കൊച്ചി നഗരത്തിന് അനുവദിച്ച തുക എത്രയാണ്; പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷം അനുവദിച്ച 123.57 കോടി രൂപ കുടിവെള്ള പദ്ധതി, സ്വീവേജ്, ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്കുകൾ തുടങ്ങിയ അഞ്ച് സെക്ടറുകളിലെ ഏതെല്ലാം പ്രവൃത്തികൾക്കായാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും ഏതെല്ലാം ഡിവിഷനുകളിലാണ് തുക അനുവദിച്ചതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(സി) കൊച്ചി നഗരസഭയിലെ 15, 16 ഡിവിഷനുകളിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അമൃത് പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ഡി) പാവുമ്പായി ജംഗ്ഷൻ വികസനത്തിനായി ഈ പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത നഗരപരിഷ്കരണ പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കൊച്ചി കോർപ്പറേഷൻ 2017-18 സാമ്പത്തിക വർഷം 129 കോടി രൂപയുടെ 28 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

2017-18 വാർഷിക പദ്ധതിയിൽ കുടിവെള്ള വിതരണ സെക്ടറിൽ 53 കോടി രൂപയുടെ 5 പ്രോജക്ടുകൾക്കും സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ 38.78 കോടി രൂപയുടെ 1 പ്രോജക്ടിനും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 21.18 കോടി രൂപയുടെ 14 പ്രോജക്ടുകൾക്കും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 12.98 കോടി രൂപയുടെ 5 പ്രോജക്ടുകൾക്കും പാർക്ക് സെക്ടറിൽ 2.56 കോടി രൂപയുടെ 3 പ്രോജക്ടുകൾക്കുമാണ് അംഗീകാരം നല്കിയിട്ടുള്ളത്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* കോർപ്പറേഷൻ ഡിവിഷൻ തിരിച്ചല്ല പ്രോജക്ടുകൾക്ക് തുക അനുവദിക്കുന്നത്.

(സി) കൊച്ചി നഗരസഭയിലെ 15, 16, 17 ഡിവിഷനുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത് സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ 30.78 കോടി രൂപയുടെ ഡിസെൻട്രലൈസ്ഡ് സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്ന പ്രോജക്ടിന് അനുവാദം ലഭിച്ചിട്ടുണ്ട്. 2017-18-ൽ സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ പഷണിത്തോട് സബ് ഡ്രെയിൻ പുനരുദ്ധാരണത്തിന് 22 ലക്ഷം രൂപയും വാറജംഗ്ഷൻ നോഗനഗർ ഡ്രെയിനിന് 32 ലക്ഷം രൂപയും പാമ്പായിമൂല ഇന്ദിരഗാന്ധി റോഡ് ജംഗ്ഷൻ നവീകരണത്തിന് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കായൽ ഭാഗം ബ്യൂട്ടിഫിക്കേഷനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ള പദ്ധതി പ്രായോഗികമല്ലാത്തതിനാൽ പാമ്പായിമൂല റോഡ് ജംഗ്ഷൻ വികസനത്തിന് ഉപയോഗിക്കുന്നതിനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

(ഡി) പാമ്പായിമൂല ജംഗ്ഷൻ വികസനത്തിനായി 30 ലക്ഷം രൂപയും കായൽഭാഗം ബ്യൂട്ടിഫിക്കേഷന് വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയും പാമ്പായിമൂല ജംഗ്ഷൻ വികസനത്തിന് കോർപ്പറേഷൻ വകയിരുത്തിയിട്ടുണ്ട്. മേൽപദ്ധതികൾക്കായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കമ്പനി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാന ന്യൂനപക്ഷ ഡയറക്ടറേറ്റിലേയും വകുപ്പിനുകീഴിലുള്ള പി.എസ്.സി. പരിശീലന കേന്ദ്രങ്ങളിലേയും കരാർ നിയമനങ്ങൾ

159(5584) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ഡയറക്ടറേറ്റിലും വകുപ്പിന് കീഴിലുള്ള 16 പി. എസ്. സി. പരിശീലന കേന്ദ്രങ്ങളിലും 2016 മുതൽ നടത്തിയ കരാർ/ദിവസ വേതന നിയമനങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിച്ചവരുടെ തസ്തികകളും പേരും യോഗ്യതയും ശമ്പള സ്കെയിലും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇങ്ങനെയുള്ള കരാർ നിയമനങ്ങൾ നടത്തുന്നതിന് പത്രങ്ങൾ മുഖേന പരസ്യം നൽകിയിട്ടുണ്ടോ; ഇതുപ്രകാരം എഴുത്ത് പരീക്ഷയും കൂടിക്കാഴ്ചയും നടത്തി റാങ്ക് ലിസ്റ്റ് പരസ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ ജില്ലയും തസ്തികയും തിരിച്ചുള്ള വിശദ വിവരം നൽകുമോ;

(ഡി) ഇപ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുവാനും അവരെ സ്ഥിരപ്പെടുത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഡയറക്ടറേറ്റിലും 16 പരിശീലന കേന്ദ്രങ്ങളിലും 77 കരാർ/ദിവസവേതന നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) പത്രമാധ്യമങ്ങൾ, വകുപ്പിന്റെ വെബ്സൈറ്റ് എന്നിവ മുഖേന പരസ്യപ്പെടുത്തിയിട്ടുണ്ട്. കൂടിക്കാഴ്ച നടത്തി, ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ഡി) ആവശ്യമായി വരുന്നപക്ഷം കരാർ കാലാവധി ദീർഘിപ്പിച്ചു നൽകാറുണ്ട്. കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

160(5585) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മുൻസർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നടപ്പാക്കിയ ഏതെങ്കിലും പദ്ധതികൾ നിലവിലെ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്ന് സംസ്ഥാനത്തിന് ആകെ എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ഡി) ആയതിൽ എത്ര ചെലവഴിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എൽ.സി./ പ്ലസ് ടു/വി.എച്ച്.എസ്.ഇ./ ബിരുദ/ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഉന്നത വിജയം നേടുന്ന ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡും വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും എം.എസ്.ഡി.പി. പദ്ധതിക്ക് കേന്ദ്ര വിഹിതമായി 546.64 ലക്ഷം രൂപയാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്.

(ഡി) അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എം.എസ്.ഡി.പി. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വയനാട്, മലപ്പുറം ജില്ലകൾക്കായി ആകെ 1822.1 ലക്ഷം രൂപ (60:40 അനുപാതത്തിൽ) കേന്ദ്ര സംസ്ഥാന

വിഹിതമായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ വയനാട് ജില്ലയ്ക്ക് കേന്ദ്രവിഹിതമായി ആകെ തുകയുടെ 50% തുകയായ 291.34 ലക്ഷം രൂപയും മലപ്പുറം ജില്ലയ്ക്ക് കേന്ദ്ര വിഹിതമായി ആകെ തുകയുടെ 50% തുകയായ 255.30 ലക്ഷം രൂപയും ആദ്യഘട്ടമായി അനുവദിച്ചിട്ടുണ്ട്. ടി തുക പദ്ധതി നിർവ്വഹണത്തിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിക്ക് അനുവദിച്ച കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം 364.42 ലക്ഷം രൂപയും (വയനാട് 194.22 + മലപ്പുറം 170.20) ചെലവഴിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ (സി.സി.എം.വൈ.)

161(5586) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ (സി.സി.എം.വൈ) സംസ്ഥാനത്ത് നിലവിൽ എത്രയെണ്ണമുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ പരിശീലന കേന്ദ്രങ്ങൾ (സി.സി.എം.വൈ.) ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എറണാകുളം ജില്ലയിൽ പ്രസ്തുത കേന്ദ്രം (സി.സി.എം.വൈ.) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ പ്രസ്തുത പരിശീലന കേന്ദ്രം (സി.സി.എം.വൈ) ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തൊട്ടാകെ 17 ന്യൂനപക്ഷയുവജന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

| | |
|---|---|
| തിരുവനന്തപുരം | തമ്പാനൂർ |
| കൊല്ലം | കരുനാഗപ്പള്ളി |
| പത്തനംതിട്ട | പേട്ട |

| | |
|---|---|
| ആലപ്പുഴ | പുന്നപ്ര |
| കോട്ടയം | കാഞ്ഞിരപ്പള്ളി |
| ഇടുക്കി | തൊടുപുഴ |
| എറണാകുളം | ആലുവ |
| തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| പാലക്കാട് | പള്ളിപ്പുറം |
| മലപ്പുറം | വേങ്ങര, പൊന്നാനി, പെരിന്തൽമണ്ണ, ആലത്തിയൂർ |
| കോഴിക്കോട് | പുതിയറ |
| വയനാട് | കൽപ്പറ്റ |
| കണ്ണൂർ | പയ്യന്നൂർ |
| കാസർഗോഡ് | ചെർക്കള |

(ബി-ഡി) ന്യൂനപക്ഷ വിഭാഗത്തിലെ യുവജനങ്ങൾക്കായി 14 ജില്ലകളിലും ഓരോ പുതിയ പരിശീലന കേന്ദ്രം ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്തെ മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ ഗസ്റ്റ് ഫാക്കൽറ്റികൾ**

162(5587) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ ഗസ്റ്റ് ഫാക്കൽറ്റികളെ (അദ്ധ്യാപകരെ) നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ അതിനുവേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ഗസ്റ്റ് ഫാക്കൽറ്റികളെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം, സെലക്ഷൻ രീതി, വിദ്യാഭ്യാസ യോഗ്യത, മറ്റ് യോഗ്യതകൾ എന്നിവ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ ഗസ്റ്റ് ഫാക്കൽറ്റികളായി ഓരോ സെന്ററിലും നിയമിച്ച / നിയമിക്കാൻ ഉദ്ദേശിക്കുന്നവരുടെ എണ്ണം സെന്റർ തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ ഗസ്റ്റ് ഫാക്കൽറ്റികളെ നിയമിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇപ്പോൾ ക്ലാസ് എടുത്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകരുടെ സെന്റർ തിരിച്ചിട്ടുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ

163(5588) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലേയും ഇതിനുകീഴിൽ വരുന്ന എല്ലാ തസ്തികകളിലേയും നിയമനങ്ങൾ പി.എസ്.സി. മുഖേന നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പി.എസ്.സി. മുഖേന നിയമനം നടത്തുമ്പോൾ ഇപ്പോൾ ജോലി ചെയ്തു വരുന്ന കരാർ, ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് നൽകുന്ന വേതനത്തിന് പ്രതിമാസം ചെലവഴിക്കുന്ന തുക എത്രയെന്ന് തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിലെ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനായി സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കരട് സ്പെഷ്യൽ റൂൾസിൻമേൽ അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി, തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) കരാർ, ദിവസ വേതന ജീവനക്കാർക്ക് പ്രതിമാസം ചെലവഴിക്കുന്ന തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിദേശത്ത് ഡ്യൂട്ടി

164(5589) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിദേശത്ത് ഡ്യൂട്ടിക്ക് പോകുവാൻവേണ്ടി സർക്കാർ ജീവനക്കാർക്കായി ഇറക്കിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തീർത്ഥാടനവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാർക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിന്റെ പകർപ്പുകൂടി ലഭ്യമാക്കുമോ ;

(സി) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽനിന്നും ഡ്യൂട്ടിക്ക് പോയ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; വിശദമാക്കുമോ ?

ഉത്തരം

(എ) 2018-ലെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഹജ്ജ് വോളണ്ടിയർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഹജ്ജ് 2018- ന്, ഹജ്ജ്‌വേളയിൽ സൗദിയിൽ ഹജ്ജ് വോളണ്ടിയർ (ഖാദിമുൽ ഹുജ്ജാജ്) മാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനും, ഹജ്ജ് അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഹജ്ജ് ഓഫീസർ/കോ-ഓർഡിനേറ്റർ/ ഡോക്ടേഴ്സ്/പാരാമെഡിക്കൽ സ്റ്റാഫ് (അലോപ്പതി) എന്നിവർക്ക് താർക്കാലിക ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനും കേന്ദ്ര ഹജ്ജ് കമ്മിറ്റി/കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് അപേക്ഷ ക്ഷണിച്ച സർക്കുലർ/ഓഫീസ് മെമ്മോറാണ്ടത്തിന്റെ പകർപ്പ് എന്നിവ യഥാക്രമം അനുബന്ധമായി ചേർക്കുന്നു*

(സി) കേന്ദ്ര ഗവൺമെന്റിന്റെ സർക്കുലർ പ്രകാരം ഖാദിമുൽ ഹുജ്ജാജുമാരെ (ഹജ്ജ് വോളണ്ടിയർ) അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കുന്നത് സംസ്ഥാന ഹജ്ജ് കമ്മിറ്റിയാണ്. കഴിഞ്ഞ അഞ്ച് വർഷം പോയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഖാദിമുൽ ഹുജ്ജാജിന്റെ എണ്ണം ഇതോടൊപ്പം നൽകുന്നു.

| വർഷം | ഹജ്ജ് വോളണ്ടിയർമാരുടെ എണ്ണം |
|---|---|
| 2013 | 27 |
| 2014 | 21 |
| 2015 | 20 |
| 2016 | 50 |
| 2017 | 57 |

## കേരളത്തിൽനിന്ന് ഇത്തവണത്തെ ഹജ്ജ് തീർത്ഥാടനം

165(5590) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് ഇത്തവണ ഹജ്ജ് തീർത്ഥാടനത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകൾ സ്വീകരിക്കുന്ന സമയം കഴിഞ്ഞോ എന്നും എങ്കിൽ ഇനി സമയം നീട്ടിക്കൊടുക്കുമോ എന്നും വ്യക്തമാക്കാമോ;

(സി) കേരളത്തിന് അനുവദിച്ച ക്വാട്ട എത്രയാണെന്നും പ്രസ്തുത ക്വാട്ട പ്രകാരം അപേക്ഷിച്ച എല്ലാവർക്കും ഹജ്ജ് തീർത്ഥാടനത്തിന് അവസരം ലഭിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പ്രാവശ്യത്തെ കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകരുടെ എംബാർക്കേഷൻ പോയിന്റ് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കണ്ണൂർ വിമാനത്താവളത്തിൽനിന്ന് ഹജ്ജ് യാത്രയ്ക്ക് പുറപ്പെടുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) 69783 അപേക്ഷകൾ.

(ബി) ഈ വർഷത്തെ (2018) അപേക്ഷാ സമയം കഴിഞ്ഞു. സമയം നീട്ടുന്നതിൽ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) 2018 ഹജ്ജിന് കേരളത്തിന് അനുവദിച്ച ഹജ്ജ് ക്വാട്ട 10981 ആണ്. അപേക്ഷിച്ച മുഴുവൻ പേർക്കും അവസരം ലഭിക്കുകയില്ല.

(ഡി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം.

(ഇ) കണ്ണൂർ വിമാനത്താവളം എമ്പാർക്കേഷൻ പോയിന്റ് ആക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

166(5591) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന കടൽ ഡ്രഡ്ജിംഗിനുള്ള യന്ത്രങ്ങൾക്ക് ഓഖി ചുഴലിക്കാറ്റുമൂലം കേടുപാടുകൾ സംഭവിച്ചിരുന്നോ;എങ്കിൽ പ്രസ്തുത കേടുപാടുകൾ തീർത്ത് യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) തുറമുഖ നിർമ്മാണത്തിന് ആവശ്യമായ പാറ പുറത്തുനിന്നും എത്തിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇതിനായുള്ള ക്ലിയറൻസ് നൽകിയിട്ടുണ്ടോ;

(സി) മേയ് പകുതിയോടുകൂടി മൺസൂൺ ആരംഭിക്കുന്നതിനാൽ ഈ കാലയളവിൽ പ്രസ്തുത തുറമുഖ നിർമ്മാണം നടത്തുവാൻ കഴിയുകയില്ലെന്ന സാഹചര്യം കണക്കിലെടുത്ത് തുറമുഖ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ പുറത്തുനിന്ന് എത്തിക്കുന്നതിന് അടിയന്തര ക്ലിയറൻസ് നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന രണ്ട് ഡ്രെഡ്ജറുകൾക്ക് ഓഖി ചുഴലിക്കാറ്റിൽ കേടുപാടുകൾ സംഭവിച്ചിരുന്നു. ഇവയുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ അദാനി കമ്പനി നടത്തിവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ മതിയായ അളവിൽ പാറ ലഭിക്കാത്തതിനാൽ കൊല്ലം, പത്തനംതിട്ട ജില്ലകളിൽനിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ അദാനി കമ്പനി നടത്തിവരുന്നു.

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പാറ ഖനനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ വിഴിഞ്ഞം പ്രോജക്ടിന് ആവശ്യമായ പാറ അദാനി കമ്പനിയുടെ മേൽനോട്ടത്തിൽത്തന്നെ ഖനനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും പാറകൊണ്ടുവരുന്നതിന് അദാനി കമ്പനി ശ്രമം നടത്തുന്നുണ്ട്. പദ്ധതി പ്രദേശത്തേക്ക് കടൽമാർഗ്ഗം പാറ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഇതിനായി കൊല്ലം തുറമുഖത്ത് ബെർത്ത് നിർമ്മാണം പൂർത്തിയായി. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് ബെർത്ത് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) തുറമുഖ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ പുറത്ത് നിന്ന് എത്തിക്കുന്നതിന് ക്ലിയറൻസ് നൽകേണ്ടതായ സാഹചര്യം ഇതുവരെയുണ്ടായിട്ടില്ല. ക്ലിയറൻസ് ആവശ്യമെങ്കിൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മാന്വൽ ഡ്രഡ്ജിംഗിലൂടെ തുറമുഖങ്ങളിലെ മണൽ വാരൽ**

167(5592) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം തുറമുഖങ്ങളിലാണ് നിലവിൽ മാന്വവൽ ഡ്രഡ്ജിംഗിലൂടെ മണൽ വാരൽ നടത്തുന്നത്;

(ബി) ഇതുപ്രകാരം ലഭിക്കുന്ന മണൽ വില്പന നടത്തുന്നത് എപ്രകാരമാണ്; 2017-18 -ൽ മണൽ വില്പനയിലൂടെ എന്ത് തുക ലഭിച്ചു;

(സി) മാന്വൽ ഡ്രഡ്ജിംഗ് ആരംഭിക്കാത്ത മറ്റ് തുറമുഖങ്ങളിൽകൂടി അത് ആരംഭിക്കുന്നതിനും അപ്രകാരം മണൽ ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ്, അഴീക്കൽ, പൊന്നാനി, ബേപ്പൂർ, വടകര, കൊടുങ്ങല്ലൂർ എന്നീ 6 തുറമുഖങ്ങളിലാണ് നിലവിൽ മാന്വൽ ഡ്രഡ്ജിംഗിലൂടെ മണൽ വാരൽ നടത്തുന്നത്.

(ബി) തുറമുഖവകുപ്പിന്റെ വെബ്സൈറ്റിലൂടെ ഉപഭോക്താക്കൾക്ക് ഓൺ ലൈൻ വഴി മണൽ ബുക്ക് ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ബുക്ക് ചെയ്യുന്ന അപേക്ഷകൾ പരിശോധിച്ച് അനുമതി ലഭിക്കുന്നമുറയ്ക്ക് മണൽ വില അംഗീകൃത ബാങ്കിൽ ഒടുക്കുന്ന ഉപഭോക്താക്കൾക്ക് പാസുകൾ നല്കിവരുന്നു. 2017-18 ധനകാര്യ

വർഷത്തിൽ ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ മണൽ വിൽപ്പനയിലൂടെ 18,34,10,308 (പതിനെട്ട് കോടി മുപ്പത്തിനാല് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റിയെട്ട്) രൂപ ലഭിച്ചിട്ടുണ്ട്.

(സി) മറ്റ് തുറമുഖങ്ങളിലും മാന്വൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുടർനടപടികൾ സ്വീകരിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസമാണ് മറ്റ് തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ് വൈകാൻ കാരണം.

## ചെറുകിട തുറമുഖങ്ങളിലൂടെയുള്ള ചരക്ക് നീക്കം ശക്തിപ്പെടുത്തൽ

168(5593) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലേക്കുള്ള റെയിൽ /റോഡ് കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ പോർട്ട് റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതിക്ക് സാഗർമാല പദ്ധതിയിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ; എന്ത് തുകയാണ് ഈയിനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ) ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിലെ റയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ഇന്ത്യൻ പോർട്ട് റയിൽ കോർപ്പറേഷൻ പ്രാഥമിക സ്ഥലപരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടി, പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. കിട്ടുന്നമുറയ്ക്ക് സ്വീകരിക്കുന്നതാണ്. പ്രോജക്ട് കോസ്റ്റിന്റെ 50% ആണ് കേന്ദ്ര വിഹിതമായി കിട്ടുന്നത്.

## കാസർഗോഡ് തുറമുഖം പുനരുജ്ജീവിപ്പിക്കുവാൻ നടപടി

169(5594) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഏതെങ്കിലും കാലത്ത് തുറമുഖമുണ്ടായിരുന്നോ; എങ്കിൽ ഏത് കാലയളവിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുറമുഖത്തിന്റെ അന്നത്തെ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത തുറമുഖത്തുനിന്നും മറ്റ് തുറമുഖങ്ങളിലേക്കുണ്ടായിരുന്ന സർവ്വീസുകൾ ഏതൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തുറമുഖത്തിൽനിന്ന് ഏതെല്ലാം രാജ്യങ്ങളിലേക്ക് യാത്ര, ചരക്ക് സർവ്വീസുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർവ്വീസുകൾ എപ്പോഴാണ് നിലച്ചതെന്നും നിലക്കാനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) കാസർഗോഡ് തുറമുഖം വീണ്ടും പ്രവർത്തിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ടായിരുന്നു. 1809-ൽ കാസർഗോഡ് തുറമുഖം നിലവിൽവന്നു.

(ബി) 1920 മുതൽ അന്തർദേശീയ വാണിജ്യ തുറമുഖമായി ഉയർന്നു. ടി കാലഘട്ടത്തിൽ പായ്ക്കപ്പലുകൾ ചന്ദ്രഗിരിപ്പുഴയിൽ പ്രവേശിച്ച് കസ്റ്റംസ് ഹൗസിന്റെ മുന്നിലുള്ള വാർഫുകളിൽ ചരക്ക് കയറ്റുകയും ഇറക്കുകയും ചെയ്തിരുന്നു.

(സി) കാസർഗോഡ് തുറമുഖത്തുനിന്നും മരം, ഓട്, ഇഷ്ടിക എന്നിവ കയറ്റുമതി ചെയ്യുകയും അരി, സമുദ്രോൽപ്പന്നങ്ങൾ, ഓട് നിർമ്മിക്കാനാവശ്യമായ ചെളി എന്നിവ ഇറക്കുമതി ചെയ്യുകയും ചെയ്തിരുന്നു.

(ഡി) മറ്റ് രാജ്യങ്ങളുമായി സർവ്വീസുകൾ ഉണ്ടായിരുന്നതായി തെളിയിക്കുന്ന രേഖകൾ ഒന്നും നിലവിലില്ല.

(ഇ) 1933-ലെ മൺസൂൺ കാലവർഷത്തോടുകൂടി അഴിമുഖം തുറമുഖ ഓഫീസിന്റെ എതിർവശത്തുനിന്നും തെക്ക് ചന്ദ്രഗിരി റെയിൽവേ പാലത്തിന്റെ പടിഞ്ഞാറ് വശത്തായി മാറി. അഴിമുഖം കാലാന്തരത്തിൽ വടക്കോട്ട് നീങ്ങുവാൻ തുടങ്ങി. ഇപ്പോൾ മാലിക് ദിനാർ പള്ളിയുടെ എതിർവശത്തായി സ്ഥിതി ചെയ്യുന്നു. നിലവിലുള്ള അഴി വളരെ നേരിയതും ആഴം കുറഞ്ഞതുമാണ്.

(എഫ്) നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

170(5595) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; ഉണ്ടെങ്കിൽ ആരെല്ലാമായിരുന്നു കമ്മിറ്റി അംഗങ്ങളെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി യോഗം ചേർന്ന തീയതികളും മിനിറ്റ്സിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കമ്മിറ്റി അംഗീകരിച്ച പ്രൊപ്പോസൽ തന്നെയാണോ ഇംഗ്ലീഷിലും മലയാളത്തിലുമായി 8-1-2016, 20-9-2016 എന്നീ തീയതികളിൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത്;

(ഡി) സ്പെഷ്യൽ റൂൾസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 18-11-2017-ന് സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ചുചേർത്തിരുന്നുവോ; എങ്കിൽ പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യുന്നതിന് സംഘടനകൾക്ക് നൽകിയ പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ;പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിൽ സർവ്വീസ് സംഘടനകളോ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പോ നിയമ വകുപ്പോ ഏതെങ്കിലും ഭേദഗതികൾ നിർദ്ദേശിച്ചിരുന്നുവോ എന്ന് വിശദമാക്കാമോ;

(എഫ്) 8-1-2016, 20-9-2016, 15-11-2017 എന്നീ തീയതികളിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലുകളിൽ ഏതെങ്കിലും ഇനത്തിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഏത് ഇനത്തിലാണെന്ന് വിശദമാക്കാമോ; വ്യത്യാസപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മിറ്റി 7-1-2015, 20-1-2015, 12-2-2015, 3-6-2015, 17-11-2016 എന്നീ തീയതികളിൽ യോഗം ചേർന്നെങ്കിലും 7-1-2015, 20-1-2015, 17-11-2016 തീയതികളിലെ മാത്രമേ മിനിട്സ് ലഭ്യമായിട്ടുള്ളൂ. പകർപ്പുകൾ ഇതോടൊപ്പം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) പ്രൊപ്പോസലിന്റെ പകർപ്പ് (അനുബന്ധം III) ഉള്ളടക്കം ചെയ്യുന്നു. 8-1-2016-ൽ സർക്കാരിലേയ്ക്കയച്ച സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ ഇംഗ്ലീഷ് കരടും 20-09-2016-ന് സർക്കാരിലേയ്ക്കയച്ച മലയാളം കരടും (അനുബന്ധം IV) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ഇല്ല. 18-11-2016-ൽ യോഗം വിളിച്ച് ചേർത്തിരുന്നു. മേൽ പ്രൊപ്പോസലിന്റെ പകർപ്പ് (അനുബന്ധം IV) ആയി ചേർത്തിരിക്കുന്നു.* ടി യോഗത്തിൽ സംഘടനകളുടെ ഭേദഗതി നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് നിശ്ചിത മാതൃകയിൽ പുതുക്കിയ കരട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് അദ്ധ്യക്ഷൻ നിർദ്ദേശം നൽകുകയാണുണ്ടായത്.

(ഇ) ഇല്ല.

(എഫ്) 15-11-2017-ലെ പ്രൊപ്പോസലിൽ സി.എം.ഇ. ഉൾപ്പെടെ ചില തസ്തികകളിൽ വ്യത്യാസം കാണുന്നുണ്ട്. രജിസ്റ്ററിംഗ് അതോറിറ്റി ശ്രീ. കെ. ആർ. വിനോദ് നൽകിയ പരാതി പരിഗണിച്ചാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്.

## പൈതൃക മ്യൂസിയങ്ങൾ

171(5596) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ പൈതൃകത്തെ കണ്ടെത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുമ്പോൾ മലബാർ മേഖലയ്ക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) നമ്മുടെ പൈതൃകത്തെ കണ്ടെത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓരോ ജില്ലയുടെയും പൈതൃകവും ചരിത്രവും മറ്റും പഠിച്ചശേഷം അവയുടെ പ്രാധാന്യം അനുസരിച്ചാണ് പുരാവസ്തുക്കളും മറ്റും ശേഖരിച്ച് മ്യൂസിയം സജ്ജീകരിക്കുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മലപ്പുറം ജില്ലാ മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നതിനാൽ നാളിതുവരെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) എല്ലാ ജില്ലകൾക്കും തുല്യപ്രാധാന്യം നൽകിക്കൊണ്ടാണ് മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നത്. ആയതിനാൽ ഒരു പ്രത്യേക മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മ്യൂസിയങ്ങൾ സജ്ജീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

## കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് പൈതൃക മ്യൂസിയം

172(5597) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ എന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പഠനം നടത്തുന്നതിന് ഒരു സമിതിയെ നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ കോട്ടയ്ക്കലിൽ മ്യൂസിയം സജ്ജീകരിക്കുന്നത് സംബന്ധിച്ച വിഷയം പുരാവസ്തു വകുപ്പിന്റെ പരിഗണനയിലില്ല.

## മ്യൂസിയങ്ങളിലെ ജീവനക്കാർ

173(5598) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മ്യൂസിയങ്ങൾ ഉണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷൻകാർ, താത്കാലിക ജീവനക്കാർ എന്നിവർ എത്രയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മ്യൂസിയങ്ങളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ അഞ്ച് വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(സി) തിരുവനന്തപുരത്തെ മ്യൂസിയത്തിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുകൾ ഉണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ പുരാവസ്തു വകുപ്പിനുകീഴിൽ 10 മ്യൂസിയങ്ങളും മ്യൂസിയം മൃഗശാലാ വകുപ്പിനുകീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരും കോഴിക്കോട്, വയനാട് ജില്ലകളിലായി 9 മ്യൂസിയങ്ങളുമുണ്ട്. ഇതിൽ സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷൻകാർ, താൽക്കാലിക ജീവനക്കാർ എന്നിവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച് തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) മ്യൂസിയങ്ങളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ അഞ്ച് വർഷം ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കോയിക്കൽ കൊട്ടാരം, നെടുമങ്ങാട് റിസർച്ച് ഓഫീസർ-1, ഗാർഡനർ-2, നൈറ്റ് വാച്ചർ-1, പത്മനാഭപുരം പാലസ്, തക്കല, എൽ.ഡി. ക്ലാർക്ക്-1, ഗ്യാലറി അറ്റൻഡർ-2, പി. റ്റി. എസ്.-7, തിരുവനന്തപുരം ശ്രീ ചിത്ര ആർട്ട് ഗ്യാലറി, സ്വീപ്പർ-2, നാച്വറൽ ഹിസ്റ്ററി മ്യൂസിയം, ക്യൂറേറ്റർ-1 എന്നീ ഒഴിവുകൾ നിലവിലുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെകീഴിലുള്ള മ്യൂസിയങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ, താൽക്കാലിക അടിസ്ഥാനത്തിലോ ജീവനക്കാർ ആരുംതന്നെ ജോലി നോക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാസ്റ്റൻ ബംഗ്ലാവിന്റെ നവീകരണം

174(5599) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയുടെ സ്വാതന്ത്ര്യ ചരിത്രവും വാണിജ്യചരിത്രവും കണക്കിലെടുത്ത് ഫോർട്ട് കൊച്ചിയിലെ ബാസ്റ്റൻ ബംഗ്ലാവ് കേന്ദ്രീകരിച്ച് ലൈവ് മ്യൂസിയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബാസ്റ്റൻ ബംഗ്ലാവിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ ബാസ്റ്റൻ ബംഗ്ലാവിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർദ്ദിഷ്ട മ്യൂസിയത്തിൽ കൊച്ചിയുടെ സ്വാതന്ത്ര്യ ചരിത്രവും വാണിജ്യ ചരിത്രവും കണക്കിലെടുത്തുകൊണ്ട് മ്യൂസിയം സജ്ജീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കൂടാതെ ബാസ്റ്റൻ ബംഗ്ലാവിന്റെ രാസപരമായതും ഘടനാപരമായതുമായ സംരക്ഷണ പ്രവർത്തനങ്ങളും പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്.

## പുരാവസ്തു സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

175(5600) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണ വകുപ്പ് ഒരു സ്ഥാപനം എറ്റെടുത്ത് സംരക്ഷിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) നൂറ്റാണ്ടിലേറെ പഴക്കമുള്ളതും ചരിത്രപ്രാധാന്യമുള്ളതുമായ കുന്ദമംഗലം കോടതി കെട്ടിടം, ചാത്തമംഗലം സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടം എന്നിവ പുരാവസ്തു സംരക്ഷണവകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 -ലെ ചട്ടങ്ങൾ എന്നിവ പ്രകാരം, ചരിത്ര, പുരാവസ്തു ശാസ്ത്ര സംബന്ധമായി പ്രാധാന്യമുള്ളതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ ജീർണ്ണാവശിഷ്ടങ്ങളോ നാശാവശിഷ്ടങ്ങളോ അടങ്ങിയിട്ടുള്ളതോ അടങ്ങിയിട്ടുണ്ടെന്ന്

ന്യായമായി വിശ്വസിക്കുന്നതുമായ പ്രദേശങ്ങളും സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതാണ്.

(ബി) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം, കുന്ദമംഗലം കോടതി കെട്ടിടം എന്നിവയുടെ പുരാവസ്തു പ്രാധാന്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ പൈതൃക സ്ഥലങ്ങൾ

176(5601) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്ഥലങ്ങളോ കെട്ടിടങ്ങളോ പൈതൃക സ്ഥലങ്ങളും സ്ഥാപനങ്ങളുമായി പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വാമനപുരം മണ്ഡലത്തിൽ പൈതൃക സ്ഥലങ്ങളോ, കെട്ടിടങ്ങളോ, സ്ഥാപനങ്ങളോ പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടില്ല.

## പുരാവസ്തു സംരക്ഷണ ഡയറക്ടറേറ്റിലെ ജീവനക്കാർ

177(5602) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്തുള്ള പുരാവസ്തു സംരക്ഷണ ഡയറക്ടറേറ്റിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവ് ഉണ്ട്; വിശദമാക്കാമോ?

ഉത്തരം

പുരാവസ്തു വകുപ്പ് ഡയറക്ടറേറ്റിലെ സ്ഥിരം ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുയാത്രാ സംവിധാനങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ

178(5603) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുയാത്ര, സംവിധാനങ്ങളിൽ പ്രത്യേക വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പലപ്പോഴും ഇവർക്ക് ലഭിക്കാറില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മുതിർന്ന പൗരന്മാരും അംഗപരിമിതരും സ്ത്രീകളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുയാത്രാ സംവിധാനങ്ങളിൽ ഓരോ വിഭാഗങ്ങൾക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ലഭിക്കാറില്ലെന്ന് പരാതികൾ ലഭിക്കാറുണ്ട്. അവയിന്മേൽ വ്യക്തമായ തെളിവുകളുടെയും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാറുമുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുയാത്രാ സംവിധാനങ്ങളിൽ സ്ത്രീകൾ, അംഗപരിമിതർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അതത് വിഭാഗങ്ങൾക്കുതന്നെ ഉറപ്പുവരുത്തണമെന്ന് എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും സംവരണ സീറ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും വാഹനങ്ങളുടെ പരിശോധനാ വേളയിലും ഫിറ്റ്നസ് ടെസ്റ്റ് സമയത്തും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അതോടൊപ്പം സ്ത്രീകൾ, അംഗപരിമിതർ, മുതിർന്ന പൗരന്മാർ എന്നിവരുടെ സീറ്റുകളിൽ അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞുകൊടുക്കാതെ മറ്റുള്ളവർ യാത്ര ചെയ്യുന്നത് 100 രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണെന്ന് ബസ്സുകളിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ വേഗത

179(5604) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ വേഗംകൂട്ടാൻ സംസ്ഥാന ഗതാഗത അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസിനെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വേഗം വർദ്ധിപ്പിക്കാനുള്ള അനുമതി അപകടങ്ങൾ വർദ്ധിപ്പിക്കാൻ കാരണമാകുമെന്നതിനാൽ തീരുമാനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വേഗം കൂട്ടാൻ അനുമതി നൽകിയിട്ടില്ല. ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ് ഉൾപ്പെടെയുള്ള ബസ്സുകളുടെ സമയം കോടതി ഉത്തരവുപ്രകാരം 4-1-2018-ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി മീറ്റിംഗിൽ പുനഃക്രമീകരിച്ചുവെങ്കിലും ചില ആക്ഷേപങ്ങൾ ഉള്ളതിനാൽ താൽക്കാലികമായി മേൽ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. വിഷയം, വരുന്ന എസ്.റ്റി.എ. മീറ്റിംഗിൽ ചർച്ച ചെയ്ത് പരിഗണിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള സൂപ്പർഫാസ്റ്റ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി ബസ്സുകളുടെ റണ്ണിംഗ് ടൈം ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ നിന്ന് കുറവ് വരുത്തി നിശ്ചയിച്ചത് കെ.എസ്.ആർ.ടി.സി. സർവ്വീസുകളെ പ്രതികൂലമായി ബാധിക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് താൽക്കാലികമായി പ്രസ്തുത തീരുമാനം മരവിപ്പിക്കുകയും വരുന്ന എസ്.റ്റി.എ. മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്ത് പരിഗണിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

**മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കണമെന്ന ശിപാർശ**

180(5605) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. തലപ്പത്ത് മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കണമെന്ന സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

പ്രൊഫ. സുശീൽഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ തലപ്പത്ത് താൽക്കാലികവും കരാർ അടിസ്ഥാനത്തിലുമുള്ള പത്ത് തസ്തികകളിൽ പ്രൊഫഷണലുകളെ നിയമിക്കുവാൻ തീരുമാനിച്ചിരുന്നു. ജനറൽ മാനേജർ (ടെക്നിക്കൽ)-1 എണ്ണം, ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ)-1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ്& അഡ്മിനിസ്ട്രേഷൻ)-1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്)-1 എണ്ണം, ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ്-5 എണ്ണം എന്നിവയാണ് ഈ തസ്തികകൾ. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ഒരാളെയും ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ 3 പേരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച മറ്റ് തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതുസംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശകൾ**

181(5606) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ധനകാര്യം, സാങ്കേതികം, ഓപ്പറേഷൻ എന്നീ മൂന്ന് മേഖലകളിലാക്കി മൂന്ന് വിദഗ്ധരെ നിയമിക്കണമെന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ ശിപാർശയുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കെ.എസ്.ആർ.ടി.സി. തലപ്പത്ത് മാനേജ്മെന്റ് വിദഗ്ധരെ നിയമിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം എത്രപേരെ നിയമിച്ചു; വിശദാംശം നൽകുമോ;

(സി) ജീവനക്കാരുടെ പുനർവിന്യാസം തൊഴിലാളി യൂണിയൻ നേതാക്കളുടെ ഇടപെടൽകൊണ്ട് തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി തുടക്കമെന്നോണം കുറഞ്ഞത് രണ്ട് സീനിയർ ജനറൽ മാനേജർ/ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ എന്നിവരെ കോർപ്പറേഷന് പുറത്തുനിന്നും നിയമിക്കണമെന്നും ഫിനാൻഷ്യൽ കൺട്രോളറെ നിയമിക്കണമെന്നും പ്രൊഫ. സുശീൽ ഖന്നയുടെ കരട് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പ്രൊഫ. സുശീൽഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ തലപ്പത്ത് താൽക്കാലികവും കരാർ അടിസ്ഥാനത്തിലുമുള്ള പത്ത് തസ്തികകളിൽ പ്രൊഫഷണലുകളെ നിയമിക്കുവാൻ തീരുമാനിച്ചിരുന്നു. ജനറൽ മാനേജർ (ടെക്നിക്കൽ)-1 എണ്ണം, ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ)-1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ്& അഡ്മിനിസ്ട്രേഷൻ)-1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്)-1 എണ്ണം, ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ്-5 എണ്ണം എന്നിവയാണ് ഈ തസ്തികകൾ. ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് &അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ഒരാളെയും ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ 3 പേരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മേൽപരാമർശിച്ച മറ്റ് തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തടസ്സപ്പെട്ടിട്ടില്ല.

### കെ.എസ്.ആർ.ടി.സി.-യിലെ അപ്രസക്തമായ തസ്തികകൾ

182(5607) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കമ്പ്യൂട്ടർവൽക്കരണവും ജോലി പുനഃക്രമീകരണവും കാരണം അപ്രസക്തമായ നൂറോളം തസ്തികകളിൽ ഇപ്പോഴും ഉദ്യോഗസ്ഥരുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഗസ്റ്റിലെ കണക്ക് പ്രകാരം 5500 ബസ്സിനായി 2477 മിനിസ്റ്റീരിയൽ ജീവനക്കാർ കോർപ്പറേഷനിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) ചീഫ് ഓഫീസിലെ ജോലിഭാരമില്ലാത്ത കസേരകൾ പ്രമുഖ തൊഴിലാളി സംഘടനാനേതാക്കൾക്കും പ്രതിനിധികൾക്കും മാത്രമായി നൽകിയിരിക്കുകയാണോ എന്നറിയിക്കാമോ;

(ഡി) റാക്കുകൾ മാറ്റി പകരം ഇലക്ട്രോണിക്ക് ടിക്കറ്റ് മെഷീൻ വന്നിട്ടുപോലും ടിക്കറ്റ് വിതരണം ചെയ്യുന്ന ജീവനക്കാരെ പുനർവിന്യസിക്കാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം വന്നാൽ വൻതോതിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ കുറയ്ക്കേണ്ടിവരുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആഗസ്റ്റ് 2017-ലെ കണക്കുപ്രകാരം 6490 ബസ്സുകൾക്ക് 2455 സ്ഥിരം മിനിസ്റ്റീരിയൽ ജീവനക്കാരാണ് കോർപ്പറേഷനിലുള്ളത്.

(സി) ചീഫ് ഓഫീസിലെ ഒരു സെക്ഷനും തൊഴിലാളി സംഘടനാ നേതാക്കൾക്കും പ്രതിനിധികൾക്കും മാത്രമായി നൽകിയിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ സർവ്വീസുകളിലും ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം നടപ്പിലാക്കിയതുമുതൽ ടിക്കറ്റ് & ക്യാഷ് വിഭാഗത്തിലെയും റവന്യൂ ഓഡിറ്റ് വിഭാഗത്തിലേയും ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ ഇതുസംബന്ധിച്ച് വിവരം ലഭ്യമല്ല.

## കെ.എസ്.ആർ.ടി.സി.-യിലെ എക്സ്ഗ്രേഷ്യോ പെൻഷൻകാർ

183(5608) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ എക്സ്ഗ്രേഷ്യാ പെൻഷൻകാർക്കും എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻക്കാർക്കും ഡി.എ.യും മറ്റ് ആനുകൂല്യങ്ങളും പുതുക്കിനൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഡി.എ.-യും പെൻഷൻ പരിഷ്കരണവും അനുവദിച്ച് പുറപ്പെടുവിച്ച 20-1-2016-ലെ സ.ഉ (പി) നമ്പർ 9/2016/ധന. പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എക്സ്ഗ്രേഷ്യാ പെൻഷൻ ആയി നൽകുന്നത് എത്ര രൂപയാണ്; ആയതിൽ മറ്റ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലാത്തതിനാൽ നാമമാത്രമായ തുകയാണ് കൈപ്പറ്റുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വളരെ തുച്ഛമായ പെൻഷൻ ലഭിക്കുന്ന ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2011-ലെ പേറിവിഷൻ എഗ്രിമെന്റ് അനുസരിച്ച് എക്സ് ഗ്രേഷ്യാ പെൻഷൻകാർക്ക് മറ്റ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല. 5 വർഷം സേവനകാലയളവുള്ള എക്സ്ഗ്രേഷ്യാ പെൻഷൻകാർക്ക് ഡി.സി.ആർ.ജി.-ക്ക് അർഹതയുണ്ട്. എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ നിലവിലില്ല. പുതിയ പേറിവിഷൻ എഗ്രിമെന്റ് നിലവിൽവന്നിട്ടില്ല.

(ബി) ഈ ഉത്തരവിന് വിധേയമായി കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടില്ല. കൂടാതെ, സർക്കാർ ഉത്തരവുകൾ ഭരണസമിതിയുടെ അനുമതിയോടെ മാത്രമെ കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ.

(സി) 2011 സ്കെയിൽ പരിഷ്കരണം അനുസരിച്ച് സേവനകാലയളവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിരക്കിൽ എക്സ്ഗ്രേഷ്യാ പെൻഷൻ നൽകുന്നു.

3 വർഷം വരെ 1,350 രൂപ

4 വർഷം വരെ 1,800 രൂപ

5 വർഷം വരെ 2,250 രൂപ

6 വർഷം വരെ 2,700 രൂപ

7 വർഷം വരെ 3,150 രൂപ

8 വർഷം വരെ 3,600 രൂപ

9 വർഷം വരെ 4,050 രൂപ

(ഡി) നിലവിലെ സാമ്പത്തികസ്ഥിതിയിൽ പുതിയ ബാധ്യതകൾ ഏറ്റെടുക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് ശേഷിയില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവുകൾ തുല്യമാക്കാൻ പദ്ധതി

184(5609) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവുകൾ തുല്യമാക്കുന്നതിന് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കെ.എസ്.ആർ.ടി.സി യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.- യുടെ ടിക്കറ്റിതര വരുമാനം വർദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, 24-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)367/2016/Trans. പ്രകാരം വിശദ പഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ കരട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞ കാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചംപിടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിവരുന്നു. പെൻഷൻ കുടിശ്ശിക നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ, എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ

എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും ആയതിലൂടെ പ്രതിമാസ ലൈസൻസ് ഫീസിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ബസ് സ്റ്റേഷനുകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ആയതിനോടൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടി പ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

(സി) വർദ്ധിച്ചിട്ടുണ്ട്.

നിലവിൽ പ്രതിമാസ വാടകയിനത്തിൽ 12,27,622 രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി

185(5610) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാവിലെ 8 മണിക്ക് പാലക്കാട് നിന്നും ആരംഭിച്ച് മുണ്ടൂർ-കല്ലടിക്കോട്-പുലാപ്പറ്റ-കുളക്കാട്ടുകുർശ്ശി-മണ്ണമ്പറ്റ എഞ്ചിനീയറിംഗ് കോളേജ്-ശ്രീകൃഷ്ണപുരം-മുറിയങ്കണ്ണി-ചെത്തല്ലൂർ-കരിങ്കല്ലത്താണി-EMS ഹോസ്പിറ്റൽ വഴി രാവിലെ 10 മണിക്ക് പെരിന്തൽമണ്ണയിലും രാവിലെ 8 മണിക്ക് പെരിന്തൽമണ്ണയിൽ നിന്നും ആരംഭിച്ച് 10 മണിയോടെ പാലക്കാട്ടും എത്തിച്ചേരുന്ന വിധത്തിൽ രണ്ട് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബസ് സർവ്വീസുകൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) നിലവിൽ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തണമെന്ന് ആവശ്യപ്പെട്ട് ഒരു അപേക്ഷയും ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത റൂട്ടിന്റെ സാധ്യതാപഠനം നാളിതുവരെയായി നടത്തിയിട്ടില്ല. സാധ്യതാപഠനം നടത്തിയാൽ മാത്രമെ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയൂ.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

186(5611) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ എണ്ണവും വാഹനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം നിലവിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെയുള്ള കേരളത്തിൽ, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം നിർത്തലാക്കിയത് അധിക ചെലവിനിടയാക്കുന്ന സാഹചര്യം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം നടത്തുന്നതെവിടെയെന്നും ഓരോ ക്ലാസ് ബസിനും ചെലവാകുന്ന തുക യെത്രയെന്നും അറിയിക്കാമോ;

(സി) പുതുക്കിയ ബസ് ബോഡി കോഡിന് അനുസൃതമായി കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളെ നവീകരിച്ച് ബോഡി നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.യു.ആർ.ടി.സി.-യുടെ കീഴിലുള്ള ലോ ഫ്ലോർ ബസുകളുടെ കേടുപാടുകൾ തീർക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്നറിയിക്കാമോ; വാഹനങ്ങളുടെ കേടുപാടുകൾ യഥാസമയം തീർക്കുന്നുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികളിൽ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കിയതിനെത്തുടർന്ന് ബോഡി നിർമ്മാണത്തിനായി നിയോഗിച്ചിരുന്ന 400 താൽക്കാലിക ജീവനക്കാരെ മാറ്റിനിർത്തിയിട്ടുണ്ട്. ആയതിനാൽ അധിക ചെലവിനിടയാക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ തിരുവനന്തപുരത്തുള്ള സെൻട്രൽ വർക്ക്ഷോപ്പിലും മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നീ റീജിയണൽ വർക്ക് ഷോപ്പുകളിലുമാണ് ബോഡി നിർമ്മാണം നടന്നുവന്നിരുന്നത്. വാങ്ങിയ ഷാസികളിൽ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കിയതിനെത്തുടർന്ന് നിലവിൽ ബോഡി നിർമ്മാണം നടക്കുന്നില്ല. 1500 ഷാസികളിൽ ബോഡി നിർമ്മാണം നടത്തിയതിന് ചെലവായ ശരാശരി

തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഓർഡിനറി ബസ് | 6.66 ലക്ഷം |
| ഫാസ്റ്റ് പാസ്സഞ്ചർ | 6.66 ലക്ഷം |
| സൂപ്പർ ഫാസ്റ്റ് | 7.17 ലക്ഷം |
| സൂപ്പർ എക്സ് പ്രസ്സ് | 9.57 ലക്ഷം |
| സൂപ്പർ ഡീലക്സ് | 9.66 ലക്ഷം |

(സി) സ്വീകരിക്കുന്നതാണ്. പുതിയ ബസ് ബോഡി കോഡ് (AIS 052) പ്രകാരം ബസ് ബോഡി നിർമ്മിക്കുന്നതിന് പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിന് അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പിനുംകൂടി അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) കെ.യു.ആർ.ടി.സി.-യുടെ കീഴിലുള്ള എ.സി. വോൾവോ ലോ ഫ്ലോർ ബസ്സുകളുടെ പരിപാലനം, വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s.Vista Driveline Motors-ൽനിന്നും നിയോഗിക്കപ്പെട്ട വിദഗ്ദ്ധരായ സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ മെക്കാനിക്കുകളാണ് നിർവ്വഹിച്ചുവരുന്നത്. കൂടുതൽ സങ്കീർണ്ണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ആലപ്പുഴയിലുള്ള വർക്ക് ഷോപ്പിലാണ് നിർവ്വഹിക്കുന്നത്. നോൺ എ.സി. സെമി ലോ-ഫ്ലോർ ബസുകളുടെ കേടുപാടുകൾ കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിൽ തന്നെ നിർവ്വഹിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുമൂലം വിതരണക്കാർക്ക് യഥാസമയം പണം കൊടുക്കാത്തതിനാൽ സ്പെയർ പാർട്ട്സിന്റെ ദൗർലഭ്യം നേരിടുന്നുണ്ട്.

## ബസ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം

187(5612) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സ് ബോഡി നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് കേന്ദ്രം പുതുതായി രൂപം കൊടുത്ത നിയമം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽനഷ്ടം ഉണ്ടാക്കുന്ന പുതിയ നിയമവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾക്കുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സ്റ്റേജ് കാര്യേജ് ഉൾപ്പെടെയുള്ള എല്ലാത്തരം വാഹനങ്ങളുടെയും ബോഡി നിർമ്മാണം AIS:052 നിലവാരത്തിൽ ഉള്ളതായിരിക്കണമെന്ന് കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് ഡ്രൈവറെ കൂടാതെ 13 സീറ്റും അതിൽ കൂടുതലുള്ള എല്ലാത്തരം യാത്രാ വാഹനങ്ങളും 1-10-2017 മുതൽ രജിസ്റ്റർ ചെയ്യുന്നത് ബസ് ബോഡി കോഡ് അനുസരിച്ചാണ്. മുൻപ് പല പ്രാവശ്യം വിജ്ഞാപനം ഇറക്കിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ കാലാവധി നീട്ടിക്കൊടുത്തിരുന്നു. കേന്ദ്ര സർക്കാരിന്റെ 17-3-2017-ലെ SO846(E) എന്ന വിജ്ഞാപനപ്രകാരം കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള എല്ലാത്തരം ബസ്സുകളുടെയും ബോഡി നിർമ്മിക്കുന്നത് AIS:052 നിലവാരത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ചാണ് സംസ്ഥാനത്ത് വാഹനം രജിസ്റ്റർ ചെയ്യുന്നത്. വിഷയം കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ പരിധിയിൽ വരുന്നതായതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. 1-10-2017-ന് മുൻപ് വാങ്ങിയിട്ടുള്ളതും ബസ് ബോഡി കോഡ് നിലവിൽവന്നതിനാൽ രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്നതുമായ ഏകദേശം 300 വാഹനങ്ങൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ മോട്ടോർ വാഹന വകുപ്പ് 22-2-2018-ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് പ്രസ്തുത വിഷയത്തിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

(സി) ഇല്ല.

**സംസ്ഥാനാന്തര-ദീർഘദൂര ബസ്സുകളിലെ സീറ്റ് സംവരണം**

188(5613) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തേക്ക് എത്ര കെ.എസ്.ആർ.ടി.സി.ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസ്സുകളിൽ സീറ്റ് സംവരണം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തിന് പുറത്തേയ്ക്കും, സംസ്ഥാനത്തിനുള്ളിൽ തന്നെ ദീർഘദൂരവും സഞ്ചരിക്കുന്ന കെ.എസ്.ആർ.ടി.സി. -സ്വകാര്യബസ്സുകളിൽ രാത്രികാല സർവ്വീസ് നടത്തുന്നവയിൽ നിർബന്ധമായും സ്ത്രീകൾക്ക് സീറ്റ് സംവരണം അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ആകെ 533 അന്തർ സംസ്ഥാന ബസ്സുകൾ നിലവിലുണ്ട്.

(ബി&സി) സംസ്ഥാനത്തിന് പുറത്തേയ്ക്കും സംസ്ഥാനത്തിനുള്ളിലും ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ ഓൺലൈൻ റിസർവേഷൻ ഉള്ള സർവ്വീസുകളിൽ ഒന്നും രണ്ടും നമ്പർ സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളതും ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്താത്ത ബസുകളിൽ നിയമപരമായ എല്ലാ സീറ്റ് സംവരണവും ചെയ്തിട്ടുള്ളതുമാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ അന്യായമായ സ്ഥലംമാറ്റ ഉത്തരവുകൾ

189(5614) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ൽ മാനേജിംഗ് ഡയറക്ടറുടെ അനുമതിയില്ലാതെ അന്യായമായ സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പലപ്പോഴും ജീവനക്കാരുടെ പ്രതിഷേധത്തിന് ഇടയാക്കുന്ന സാഹചര്യം ഉണ്ടാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) മാനേജിംഗ് ഡയറക്ടറുടെ അനുമതിയില്ലാതെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് മൂലം ട്രിപ്പുകൾ മുടക്കുന്ന തരത്തിലുള്ള പ്രതിഷേധങ്ങൾ പോലും ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഇത്തരത്തിൽ എത്ര ഉത്തരവുകളാണ് പുറത്തിറക്കിയിട്ടുള്ളത്; ആരാണ് ഈ ഉത്തരവുകൾ നൽകിയിട്ടുള്ളത്; അന്യായമായി ഇത്തരം ഉത്തരവുകൾ നൽകിയ ഉദ്യോഗസ്ഥനെതിരെ ജീവനക്കാരുടെ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ അന്യായമായ സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ പുനർവിന്യാസം

190(5615) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ പുനർവിന്യാസത്തിന്റെ ഭാഗമായി എത്ര കണ്ടക്ടർമാരെയാണ് വടക്കൻ ജില്ലകളിലേക്ക് സ്ഥലംമാറ്റിയത്;വ്യക്തമാക്കുമോ;

(ബി) സ്ഥലംമാറ്റ ഉത്തരവിനെതിരെ യൂണിയനുകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ ലിസ്റ്റ് പുനഃപരിശോധിച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഇതുപ്രകാരം എത്രപേരുടെ സ്ഥലം മാറ്റം റദ്ദാക്കി; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ലെ പുനർവിന്യാസത്തിന്റെ ഭാഗമായി അടിയന്തരാവശ്യ പ്രകാരം 434 കണ്ടക്ടർമാരെ വടക്കൻ ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) സ്ഥലംമാറ്റ ഉത്തരവിനെതിരെ യൂണിയനുകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല. വ്യക്തികളുടെ അപേക്ഷ പ്രകാരം സ്ഥലംമാറ്റ ലിസ്റ്റ് പുനഃപരിശോധിച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇപ്രകാരം കണ്ടക്ടർ തസ്തികയിൽ 174 പേരുടെ സ്ഥലംമാറ്റം റദ്ദാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ ശാരീരികാസ്വാസ്ഥ്യമുള്ള ജീവനക്കാർക്ക് നൽകാനുള്ള തുക

191(5616) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ രോഗങ്ങളും മറ്റ് ശാരീരി കാസ്വാസ്ഥ്യവുമുള്ള ജീവനക്കാർക്ക് ഒരു പൂർണ്ണ മാസം ജോലി ചെയ്യാനാവാത്തതിനാൽ പൂർണ്ണ ശമ്പളം നൽകുന്നതിന് പകരം സപ്ലിമെന്ററിയായി ശമ്പളം നൽകുന്ന രീതി നിലവിലുണ്ടോ;

(ബി) എങ്കിൽ അത്തരത്തിലുള്ളവർക്ക് 2017 ഏപ്രിൽ മുതൽ ശമ്പളം നൽകാനുള്ള എത്ര പേരുടെ എത്ര തുകയ്ക്കുള്ള ബില്ലാണ് കെ.എസ്.ആർ.ടി.സി. കൊടുത്ത് തീർക്കാൻ ബാക്കിയായിട്ടുള്ളത് ;വ്യക്തമാക്കുമോ;

(സി) ഏറെ ശാരീരികബുദ്ധിമുട്ടനുഭവിക്കുന്ന ലൈൻ ഡ്യൂട്ടിക്കാരായവർക്ക് ഈ വകയിൽ നൽകാനുള്ള തുക പൂർണമായും നൽകാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒരു മാസത്തിലെ ആദ്യത്തെ 15 ദിവസത്തിൽ മിനിമം 10 ഡ്യൂട്ടിയെങ്കിലും ഇല്ലാത്ത ജീവനക്കാർക്കാണ് സപ്ലിമെന്ററിയായി ശമ്പളം നൽകുന്നത്.

(ബി) 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസംവരെ സപ്ലിമെന്ററിയായി ശമ്പളം നൽകിയിട്ടുണ്ട്. 2017 ഒക്ടോബർ മാസം മുതൽ നാളിതുവരെ 2496 ജീവനക്കാർക്ക് 1,85,44,622 രൂപയാണ് സപ്ലിമെന്ററി ശമ്പളമായി കൊടുത്ത് തീർക്കാൻ ബാക്കിയായിട്ടുള്ളത്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തികബുദ്ധിമുട്ട് കാരണമാണ് യഥാസമയം തുക വിതരണം ചെയ്യുവാൻ കഴിയാതിരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ കെട്ടിട സമുച്ചയങ്ങൾ**

192(5617) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിട സമുച്ചയങ്ങളിൽനിന്നും വാടകയിനത്തിൽ കെ.എസ്.ആർ.ടി.സി. -ക്ക് ലഭിക്കുന്ന പ്രതിമാസ വരവ് എത്രയാണ്;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ വാടക അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; വാടക നിരക്കുകൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ച കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽനിന്നും പ്രതിമാസം 18,20,374 രൂപ ലൈസൻസ് ഫീസായി ലഭിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കാസർഗോഡ് | - | 5,74,000 രൂപ |
| കണ്ണൂർ | - | 1,57,715 രൂപ |
| പയ്യന്നൂർ | - | 3,50,701 രൂപ |
| കൊട്ടാരക്കര | - | 3,11,846 രൂപ |
| കാട്ടാക്കട | - | 2,84,857 രൂപ |
| നെടുമങ്ങാട് | - | 90,914 രൂപ |
| നെയ്യാറ്റിൻകര | - | 50,341 രൂപ |

കൂടാതെ BOT അടിസ്ഥാനത്തിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങളിൽ അങ്കമാലിയിലുള്ള ബസ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയത്തിൽനിന്നും അന്യൂറ്റി ഫീയിനത്തിൽ 12/2016-ൽ 41,17,500 രൂപയും 6/2017-ൽ 31,13,100 രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) വാടക നിരക്ക് അവസാനമായി പുതുക്കി നിശ്ചയിച്ചത് 2011-ലാണ്. ഗ്രൗണ്ട് ഫ്ലോർ ചതുരശ്ര അടിക്ക് 35 രൂപയും ഒന്നാം നില മുതൽ ചതുരശ്ര അടിക്ക് 25 രൂപ നിരക്കിലും നിലവിൽ വാടക ഈടാക്കിവരുന്നു.

കെ.ടി.ഡി.എഫ്.സി.-യുടെ 29-12-2016-ൽ കൂടിയ ഡയറക്ടർ ബോർഡിന്റെ 148-ാമത് ബോർഡ് തീരുമാനപ്രകാരം തമ്പാനൂർ, തിരുവല്ല, അങ്കമാലി എന്നീ ബി.ഒ.ടി. സംരംഭത്തിലെ ആഫീസ് സ്പെയിസ്/വാണിജ്യാവശ്യത്തിനുള്ള സ്പെയിസ് എന്നിവയുടെ അടിസ്ഥാന വാടക നിശ്ചയിക്കുകയും ഇ-ടെണ്ടർ ചെയ്യുന്ന സമയത്ത് ഏറ്റവും ഉയർന്ന വാടക നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് സ്പെയിസ് അലോട്ട് ചെയ്ത് വരികയും ചെയ്യുന്നു. അടിസ്ഥാന വാടക നിരക്ക് സംബന്ധിച്ച പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

## കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയങ്ങൾ

193(5618) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോകളോടനുബന്ധിച്ച് വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ നിർമ്മിക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണമുണ്ടായിരുന്നോ; ഇതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എല്ലാ സമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) വ്യാപാര സമുച്ചയങ്ങളിൽനിന്ന് പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട, പയ്യന്നൂർ, കാസർഗോഡ് എന്നീ ബസ് സ്റ്റേഷനുകളിൽ പലിശരഹിത നിക്ഷേപം സമാഹരിച്ച് വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, നിലമ്പൂർ, മലപ്പുറം എന്നീ ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സഹകരണം ലഭിച്ചിട്ടില്ല. തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിരിക്കുന്നത് ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപം ഉപയോഗിച്ചാണ്.

(സി) പൂർത്തീകരിച്ചിട്ടില്ല. തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, നിലമ്പൂർ, മലപ്പുറം എന്നീ ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച് പ്രവർത്തനമാരംഭിച്ച കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽനിന്നും പ്രതിമാസം 18,20,374 രൂപ ലൈസൻസ് ഫീസായി ലഭിച്ചുവരുന്നു. കൂടാതെ BOT അടിസ്ഥാനത്തിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങളിൽ അങ്കമാലിയിലെ വാണിജ്യ സമുച്ചയത്തിൽനിന്നും അന്യൂറ്റി ഫീയിനത്തിൽ 12/2016-ൽ 41,17,500 രൂപയും 06/2017-ൽ 31,13,100 രൂപയും ലഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സ്ഥാനിയ ബസ് സർവ്വീസുകൾ

194(5619) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ, വാടക അടിസ്ഥാനത്തിൽ ഉള്ള സ്ഥാനിയ ബസ് സർവ്വീസുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന തരത്തിലുള്ള വാർത്തകൾ സമൂഹ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രചരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ് ലോബിയുടെ ഏതെങ്കിലും തരത്തിലുള്ള ഇടപെടലാണ് ഇത്തരം വാർത്തകൾ സൃഷ്ടിക്കുന്നതെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ, ഇതിന്റെ നിജസ്ഥിതി പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് കോർപ്പറേഷൻ എന്തെങ്കിലും വിശദീകരണം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിൽ യാതൊരുവിധ റിപ്പോർട്ടുകളും ലഭ്യമായിട്ടില്ല.

(സി) നൽകിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. യാത്രാ കാർഡ്

195(5620) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ യാത്രാകാർഡ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

നിരക്ക് വർദ്ധന നിലവിൽ വന്ന സാഹചര്യത്തിൽ ട്രാവൽ കാർഡുകൾ കോർപ്പറേഷന് നഷ്ടമുണ്ടാക്കുന്നതിനാൽ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ

196(5621) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 1,000-2,000 രൂപ തുടങ്ങിയ ഡിനോമിനേഷനുകളിലെ ട്രാവൽ കാർഡുകൾ സ്ഥിര യാത്രകാർക്ക് സൗകര്യപ്രദമായിരുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കാർഡുകൾ പിൻവലിച്ച നടപടി റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിരക്ക് വർദ്ധന നിലവിൽ വന്ന സാഹചര്യത്തിൽ ട്രാവൽ കാർഡുകൾ കോർപ്പറേഷന് നഷ്ടമുണ്ടാക്കുന്നതിനാൽ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിഷ്കരിച്ച രീതിയിൽ പുതിയ തരം ട്രാവൽ കാർഡുകൾ കെ.എസ്.ആർ.ടി.സി.-ക്കും സ്ഥിരം യാത്രാക്കാർക്കും ഗുണകരമാകുന്ന രീതിയിൽ പഠനം നടത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഫെയർ സ്റ്റേജ് അപാകതകൾ

197(5622) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളുടെ ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസുകളിൽ സ്റ്റോപ്പുകൾ ഉള്ളതിൻ പ്രകാരം കയറുന്ന ഹ്രസ്വദൂരയാത്രക്കാർ ദൂരയാത്രയ്ക്കുള്ള ചാർജ്ജ് നൽകണമെന്നത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഫെയർ സ്റ്റേജ് അപാകതകൾ അടിയന്തരമായി പരിഹരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;?

ഉത്തരം

(എ) സ്ഥലത്തിന്റെ പ്രാധാന്യം, യാത്രക്കാരുടെ ആവശ്യകത, കോർപ്പറേഷന്റെ വരുമാന സാദ്ധ്യത എന്നിവ കണക്കിലെടുത്താണ് ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നത്.

(ബി) ഏകീകൃത ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയാണ് ഫെയർ സ്റ്റേജ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ യാത്രാക്കാരിൽനിന്നും ഫെയർ സ്റ്റേജ് അടിസ്ഥാനത്തിൽ മാത്രമേ നിരക്ക് ഈടാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഫെയർ സ്റ്റേജ് സംബന്ധമായ പരാതികളിന്മേൽ മേഖലാ അധികാരിയിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി ആയത് പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ബാങ്ക് കൺസോർഷ്യം വഴി കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ**

198(5623) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് കൺസോർഷ്യം വഴി കെ.എസ്.ആർ.ടി.സി. -ക്ക് വായ്പ ലഭ്യമാക്കുവാനുള്ള നടപടിക്രമങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ലഭ്യമാക്കുന്നതിനെതിരെ ബാങ്ക് കൺസോർഷ്യത്തിന് കത്ത് നൽകിയ വ്യക്തിക്കെതിരെ കേസ് എടുക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി അധികൃതർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെയാണ് പരാതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാങ്ക് കൺസോർഷ്യം വഴിയുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. SBI 1000 കോടിയും വിജയ ബാങ്കും കാനറ ബാങ്കും 500 കോടി രൂപ വീതവും അനുവദിച്ചിട്ടുള്ളതായി Sanction Letter തന്നിട്ടുണ്ട്. മറ്റ് ധനകാര്യസ്ഥാപനങ്ങൾ തുക അനുവദിക്കുന്നതിന്റെ പ്രക്രിയകൾ അവസാനഘട്ടത്തിലാണ്. 2018 മാർച്ച് 31-നകം നടപടികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ലഭ്യമാക്കുന്നതിനെതിരെയുള്ള പെറ്റീഷനുമായി ബന്ധപ്പെട്ട്, കാനറ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അയച്ച കത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പരാതിക്ക് പിന്നിൽ സ്ഥാപിത താൽപര്യക്കാർ ആണെന്ന് സംശയിക്കുന്നതായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കത്തിൽ സൂചിപ്പിച്ചിരുന്നതിനാൽ ആയത് അന്വേഷിക്കുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ബാങ്ക് കൺസോർഷ്യത്തിൽനിന്നും കെ.എസ്.ആർ.ടി.സി. എടുക്കുന്ന വായ്പ**

199(5624) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3500 കോടി രൂപയുടെ വായ്പയ്ക്ക് കെ.എസ്.ആർ.ടി.സി. അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ബാങ്കുകളാണ് കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എന്തൊക്കെ ഉപാധികളാണ് വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുടെ കൺസോർഷ്യം മുന്നോട്ടുവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വായ്പ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

ഉത്തരം

(എ) ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 3350 കോടി രൂപ വായ്പ എടുക്കുന്നതിനായി കെ.എസ്.ആർ.ടി.സി. അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) എസ്.ബി.ഐ., വിജയബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ sanction letter നൽകിയിട്ടുണ്ട്. ആന്ധ്ര ബാങ്ക്, ലക്ഷ്മി വിലാസ് ബാങ്ക്, കെ.ടി.ഡി.എഫ്.സി. എന്നിവയുമായി ചർച്ച നടക്കുന്നു.

(സി) സർക്കാർ ഗ്യാരന്റിയും കെ.എസ്.ആർ.ടി.സി. വക വസ്തുക്കളുടെ ഈടും കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ പ്രതിദിന വരുമാനവുമാണ് നിലവിൽ ഉപാധികളായി ബാങ്കുകളുടെ കൺസോർഷ്യം ആവശ്യപ്പെട്ടിരിക്കുന്നത്.

(ഡി) നിലവിലുള്ള പലിശ കൂടിയതും കുറഞ്ഞ കാലാവധി ഉള്ളതുമായ, വായ്പകൾ പൂർണ്ണമായും അടച്ചുതീർക്കുന്നതിനായി വിനിയോഗിക്കുന്നതാണ്. പുതിയ വായ്പ ലഭ്യമാകുന്നതോടെ വായ്പാതിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചം പിടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻപ്രായം

200(5625) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻപ്രായം ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; എങ്കിൽ എത്ര വയസ്സായി ഉയർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ ഒരു തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച കാര്യമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷൻ പ്രായം ഉയർത്തുന്നതിനെതിരെ യുവജന സംഘടനകൾ ഉയർത്തുന്ന പ്രതിഷേധം പരിശോധിക്കുകയുണ്ടായോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം ഉയർത്തണമെന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ബി&സി) (എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിലെ ബസ്സുകൾ

201(5626) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിൽ നിലവിൽ ഹോൾഡിംഗിലുള്ള ബസ്സുകൾ, സർവ്വീസ് നടത്തുന്ന ബസ്സുകൾ, സ്പെയർ ബസ്സുകൾ, ഓഫ്റോഡ് ബസ്സുകൾ എന്നിവയുടെ എണ്ണം എത്രയാണ്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

മലപ്പുറം ഡിപ്പോയിലെ ഷെഡ്യൂളും ബസ്സുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ഇനം | ഷെഡ്യൂൾ | വെഹിക്കിൾ ഷെഡ്യൂൾ | നിലവിലുള്ള ബസ്സുകളുടെ എണ്ണം |
|---|---|---|---|
| സൂപ്പർ ഫാസ്റ്റ് | 7 | 10 | 11 |
| ഫാസ്റ്റ് പാസ്സഞ്ചർ | 4 | 4 | 3 |
| ഓർഡിനറി | 40 | 40 | 34 |
| ജൻറം എ.സി. | 7 | 7 | 8 |
| ജൻറം നോൺ എ. സി. | 2 | 2 | 3 |
| ആകെ | 60 | 63 | 59 |

21-3-2018-ലെ കണക്കനുസരിച്ച് മലപ്പുറം ഡിപ്പോയിലെ ബസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | KSRTC | JnNURM | Total |
|---|---|---|---|
| ബസ്സുകളുടെ എണ്ണം | 48 | 11 | 59 |
| സർവ്വീസ് നടത്തിയ ബസ്സുകളുടെ എണ്ണം | 45 | 6 | 51 |
| സ്പെയർ ബസ്സുകൾ | 2 | 2 | 4 |
| ഓഫ്-റോഡ് ബസ്സുകൾ | 1 | 3 | 4 |

ഓഫ് റോഡായിരുന്ന 4 ബസ്സുകളിൽ ഒരെണ്ണം സി.എഫ്. റിപ്പയറിംഗിനും ബാക്കിയുള്ള 3 ജൻറം ബസുകൾ സ്പെയർ പാർട്സുകളുടെ കുറവുകാരണവുമാണ് ഡോക്കിലായിരുന്നത്.

**വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പ്രവൃത്തികൾ**

202(5627) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. എ.ഡി.എഫ്. ഉപയോഗിച്ച് ടൂ വീലർ പാർക്കിംഗ് ഷെഡ് നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനം തുടങ്ങുവാൻ നിയമപരമായ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ. എ.ഡി.എഫ്-ൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിച്ച് വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾ നടത്തേണ്ട സ്ഥലം സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തർക്കം നിലനിൽക്കുന്നുണ്ടോ;

(ഡി) പ്രസ്തുത ഡിപ്പോയിലെ എ.ഡി.എഫ്. വിനിയോഗം സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം മന്ത്രി തലത്തിൽ എത്ര യോഗം നടന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) MLA LAC ADS ഫണ്ടായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടുള്ള 31-8-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. KSRTC 6-7-2017-നുതന്നെ ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി&സി) 18-2-2018-ൽ നിർമ്മിതി കേന്ദ്രം, കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുമായി കരാറിൽ ഏർപ്പെടുന്നതിനും ആദ്യ ഗഡുവായ 10 ലക്ഷം രൂപ അനുവദിക്കുന്നതിനുമായി കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ച് നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലം സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഭാവിവികസന സാധ്യതകൾ കൂടി കണക്കിലെടുത്ത് പ്രശ്നം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മൂന്ന് യോഗം കൂടിയിട്ടുണ്ട്.

## ചാലിയം വഴി ബസ് സർവ്വീസ്

203(5628) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയം വഴി നിലവിൽ താമരശ്ശേരി, ഗുരുവായൂർ ഡിപ്പോകളുടെ ബസ്സുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശസാൽകൃത റൂട്ടായതിനാൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താമരശ്ശേരി, തിരുവനന്തപുരം, ഗുരുവായൂർ എന്നീ ഡിപ്പോകളിൽ നിന്നായി മൊത്തം ഏഴ് സർവ്വീസുകൾ ടി റൂട്ടിൽ സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) നിലവിൽ പ്രസ്തുത റൂട്ടിൽ അധികമായി സർവ്വീസ് നടത്തേണ്ടതുണ്ടോയെന്ന് സാധ്യതാ പഠനം നടത്തിയിട്ടില്ല.

**ചാലിയം കോട്ടയ്ക്കൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

204(5629) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോഴിക്കോട് ജില്ലകളെ ബന്ധിപ്പിച്ചുള്ള ചാലിയം കോട്ടയ്ക്കൽ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചാലിയം കോട്ടയ്ക്കൽ റൂട്ടിൽ സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി&സി) ലഭ്യമായ നിവേദനം സാധ്യതാപഠനം നടത്തുന്നതിന് കോഴിക്കോട് യൂണിറ്റധികാരിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമായാൽ മാത്രമെ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**തൃശ്ശൂർ-കോഴിക്കോട് ബസ് സർവ്വീസ്**

205(5630) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കോഴിക്കോട് റൂട്ടിൽ രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി. ബസ്സുകൾ 10 മിനിട്ട് ഇടവിട്ട് സർവ്വീസ് നടത്തുകയും എന്നാൽ ഇടസമയങ്ങളിൽ ദീർഘനേരം ബസ്സില്ലാതെയുമിരിക്കുന്ന സമയക്രമീകരണം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിലെ സമയക്രമത്തിന്റെ പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത സമയക്രമീകരണം ശാസ്ത്രീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ-കോഴിക്കോട് റൂട്ടിൽ നിലവിൽ 10 മിനിറ്റ് ഇടവിട്ട് സർവ്വീസ് നടത്താനാണ് സമയക്രമം തയ്യാറാക്കിയിട്ടുള്ളത്. അതിൽ തെക്ക് ഭാഗത്തുള്ള വിവിധ യൂണിറ്റുകളിൽനിന്നും വരുന്ന സർവ്വീസുകൾ ചില ദിവസങ്ങളിൽ ഗതാഗത കുരുക്ക് കാരണം വൈകി ഓടേണ്ടി വരുന്നതിനാലാണ് ചില അവസരങ്ങളിൽ ഇടവേളകൾ കൂടിവരുന്നത്.

(ബി) സമയക്രമത്തിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ബസ്സുകളുടെയും സമയക്രമം ശാസ്ത്രീയമായി ക്രമീകരിക്കുന്നതിന്റെ നടപടികൾ നടന്നുവരികയാണ്.

## ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ നവീകരണ പ്രവർത്തനം

206(5631) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം കേന്ദ്രങ്ങളോട് അടുത്ത് സ്ഥിതിചെയ്യുന്ന സ്റ്റാൻഡിന്റെ പ്രത്യേക വികസന സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(സി) യാത്രക്കാർക്കായി ആധുനിക വിശ്രമകേന്ദ്രങ്ങളും ശൗചാലയവും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ബസ് സ്റ്റാൻഡിനോട് ചേർന്നുകിടക്കുന്ന കാന്റീൻ അടഞ്ഞുകിടക്കാൻ തുടങ്ങിയത് എന്നുമുതലാണെന്നും എന്തുകൊണ്ടാണെന്നും അറിയിക്കാമോ; ഇത് അടിയന്തരമായി തുറന്നുപ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബി മുഖേന പ്രത്യേക വികസന സാധ്യതാ പഠനം M/s; INKEL നടത്തിയിട്ടുണ്ട്.

(സി) മേൽപരാമർശിച്ചിരിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചുകഴിയുമ്പോൾ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാകുന്നതായിരിക്കും.

(ഡി) ആലപ്പുഴ ബസ് സ്റ്റാൻഡിനോട് ചേർന്നുകിടക്കുന്ന ക്യാന്റീൻ കെട്ടിടത്തിൽ ഇന്ത്യൻ കോഫീ ഹൗസ് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി പ്രസ്തുത കെട്ടിടത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 15-10-2015 മുതൽ ഈ ക്യാന്റീൻ അടഞ്ഞുകിടക്കുകയാണ്. ഈ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റീകറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നിലനിൽക്കുന്നതിനാൽ ആയതിന്റെ തീർപ്പിനുശേഷം മാത്രമെ ക്യാന്റീൻ തുറന്നുപ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

## കണ്ണൂർ ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

207(5632) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് നിലവിലുള്ളത്; എത്ര ഷെഡ്യൂളുകൾ ഒരു ദിവസം നടത്തുന്നുണ്ട്;വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ടയറിന്റെയും സ്പെയർപാർട്സിന്റെയും അഭാവം കാരണം എത്ര ഷെഡ്യൂളുകളാണ് നിർത്തി വച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 21-3-2018-ലെ കണക്കുപ്രകാരം കണ്ണൂർ ജില്ലയിൽ 16 ജൻറം ബസ്സുകൾ ഉൾപ്പെടെ 290 ബസ്സുകൾ ഉണ്ട്. ഒരു ദിവസം 227 ആർ.ടി.സി. ഷെഡ്യൂളുകളും 8 ജൻറം ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) 21-3-2018-ലെ കണക്കനുസരിച്ച് കണ്ണൂർ ജില്ലയിലെ വിവിധ ഡിപ്പോകളിൽ 3 ജൻറം ബസ് ഉൾപ്പെടെ 20 ബസ്സുകൾ അറ്റകുറ്റപ്പണിക്കായി പിടിച്ചിരുന്നു. ഇവയിൽ 12 ബസ്സുകൾ ടയറിന്റെയും സ്പെയർപാർട്സിന്റെയും അഭാവം കാരണമാണ് നിരത്തിലിറക്കാനാവാത്തത്.

## പാലക്കാട്-തൃശ്ശൂർ ബസ് റൂട്ട്

208(5633) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്- തൃശ്ശൂർ ബസ് റൂട്ട് ദേശസാൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് -തൃശ്ശൂർ റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി ബസ്സുകളും എത്ര സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടെന്നറിയിക്കാമോ;

(സി) പ്രസ്തുത റൂട്ടിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട്-തൃശ്ശൂർ ദേശസാൽകൃത റൂട്ടാണ്.

(ബി) പാലക്കാട്-തൃശ്ശൂർ റൂട്ടിൽ 129 കെ.എസ്.ആർ.ടി.സി. ബസ്സുകളും 112 സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്.

(സി) കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

209(5634) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; ഈ സർവ്വീസുകളുടെ റൂട്ട് വിവരങ്ങളും അതിൽനിന്ന് കിട്ടുന്ന ദിവസ വരുമാനവും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെല്ലാം സർവ്വീസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ നിർത്തലാക്കിയ റൂട്ടുകളും നിർത്തലാക്കാനുള്ള കാരണവും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ജീവനക്കാരുടെയും ബസ്സുകളുടെയും കുറവ് ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത് നികത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് യൂണിറ്റിൽനിന്നും 7 സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | റൂട്ട് | ദിവസ വരുമാനം |
|---|---|---|
| 1. | 20.30 ബാംഗ്ലൂർ | 21,000 രൂപ |
| 2. | 21.00 കോട്ടയം (മിന്നൽ) | 28,000 രൂപ |
| 3. | 11.20 പാണത്തൂർ-മൈസൂർ | 13,000 രൂപ |
| 4. | 10.30 പാലക്കുന്ന്-മാംഗ്ലൂർ | 11,000 രൂപ |
| 5. | 13.15 എളേരി-മാംഗ്ലൂർ | 12,000 രൂപ |
| 6. | 12.05 അടൂർ-മാംഗ്ലൂർ | 14,000 രൂപ |
| 7. | 06.15 മാംഗ്ലൂർ | 6000 രൂപ |
| (വരുമാനക്കുറവ് കാരണം മാംഗ്ലൂർ സർവ്വീസ് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.) | | |

(ബി) സർവ്വീസുകൾ ഒന്നും റദ്ദ് ചെയ്തിട്ടില്ല.

(സി) പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം വാഹന-ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിക്കുന്ന നടപടികൾ നടന്നുവരികയാണ്. പ്രസ്തുത പുനഃക്രമീകരണത്തിനുശേഷം കാസർഗോഡ് ഡിപ്പോയിൽ കണ്ടക്ടറുടെയും ഡ്രൈവറുടെയും കുറവുണ്ട്. എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സർവ്വീസ് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

210(5635) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലാണെന്ന കാരണത്താൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകളാണ് നിർത്തലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ എത്ര സർവ്വീസുകൾ പുനഃസ്ഥാപിച്ചു; വിശദാംശം നൽകാമോ;

(സി) ശ്രീകൃഷ്ണപുരം - പാലക്കാട് റൂട്ടിലോടിയിരുന്ന കെ. എസ്. ആർ. ടി. സി. ബസ് എന്നാണ് നിർത്തലാക്കിയത്; നിർത്തലാക്കിയതിന്റെ കാരണം വിശദീകരിക്കാമോ;

(ഡി) പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എപ്പോൾ സർവ്വീസ് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 69 സർവ്വീസുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയിട്ടുള്ളത്. വരുമാനക്കുറവും ജീവനക്കാരുടെ കുറവുംമൂലമാണ് ടി സർവ്വീസുകൾ നിർത്തലാക്കിയത്.

(ബി) 5 സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) വരുമാനക്കുറവുമൂലം 17-11-2012-ൽ നിർത്തലാക്കി.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ നഷ്ടത്തിൽ നടത്തുന്ന ബസ് സർവ്വീസുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പുനഃസ്ഥാപിക്കുവാൻ നിർവ്വാഹമില്ല.

**കോതമംഗലത്ത് നിന്ന് ദീർഘദൂരം സർവ്വീസുകൾക്കുള്ള അപേക്ഷ**

211(5636) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം- കണ്ണൂർ - വെള്ളരിക്കുണ്ട്, കോതമംഗലം -തിരുവല്ല -തെങ്കാശി, കോതമംഗലം-തിരുവനന്തപുരം -കളിയിക്കാവിള എന്നീ ദീർഘദൂര സർവ്വീസുകൾക്കുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ എൻക്വയറി നടപടികൾ നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) പ്രസ്തുത ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോതമംഗലം-കണ്ണൂർ-വെള്ളരിക്കുണ്ട്,കോതമംഗലം- തിരുവനന്തപുരം-കളിയിക്കാവിള എന്നീ റൂട്ടുകളിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. കോതമംഗലം-തിരുവല്ല-തെങ്കാശി റൂട്ടിലെ സാധ്യതാപഠനം നടന്നുവരികയാണ്.

(സി) നിലവിലെ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഇപ്പോൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

## തിരുവില്ല്വാമല ക്ഷേത്രത്തിൽനിന്നും ചോറ്റാനിക്കര ക്ഷേത്രത്തിലേയ്ക്ക് ബസ്

212(5637) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) ഭക്തർക്ക് പ്രയോജനം ചെയ്യുന്നവിധത്തിൽ തിരുവില്ല്വാമല വില്ല്വാദ്രിനാഥക്ഷേത്രം പരിസരത്തുനിന്നും ആരംഭിച്ച് നെല്ലുവായ് ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം, തൃപ്രയാർ ക്ഷേത്രം, കൊടുങ്ങല്ലൂർ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് ചോറ്റാനിക്കര ക്ഷേത്രത്തിൽ എത്തിച്ചേരുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഫാസ്റ്റ് ബസ് റൂട്ട് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ടി റൂട്ടിൽ സർവ്വീസ് നടത്തുന്നതിനെ സംബന്ധിച്ച് നടത്തിയ സാധ്യതാ പഠനത്തിൽ പ്രസ്തുത റൂട്ടിൽ സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസ് ലാഭകരമായിരിക്കില്ല എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ആയതിനാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പുതിയ സൂപ്പർഫാസ്റ്റ് സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

## തിരുവില്ല്വാമല- തിരുവനന്തപുരം ബസ് സർവ്വീസ്

213(5638) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവില്ല്വാമല, പഴയന്നൂർ, ചേലക്കര മേഖലകളിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് മതിയായ യാത്രാസൗകര്യം ഇല്ലാത്ത ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവില്ല്വാമലയിൽനിന്നും തിരുവനന്തപുരത്തേക്ക് സർവ്വീസ് ആരംഭിച്ച് രാത്രി തിരികെ എത്തിച്ചേരുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി യുടെ സൂപ്പർഫാസ്റ്റ് ബസ് റൂട്ട് അരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തിരുവില്ല്വാമല റൂട്ടിൽ തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽനിന്നും ഉച്ചയ്ക്ക് 12.00 മണിക്ക് തിരുവില്ല്വാമല സർവ്വീസ് കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) തിരുവില്ല്വാമലയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് ആരംഭിച്ച് രാത്രി തിരികെ എത്തിച്ചേരുന്ന വിധത്തിൽ സർവ്വീസ് നടത്തുന്നതിന് സാധ്യതാ പഠനം നടത്തിയിട്ടില്ല. ആയതിനാൽ സാധ്യതാ പഠനം നടത്തിയാൽ മാത്രമേ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. സാധ്യതാപഠനം നടത്തിയശേഷം പരിശോധിക്കുന്നതാണ്.

**മാവേലിക്കരയിൽനിന്നും ചെങ്ങന്നൂരിനും പത്തനംതിട്ടയ്ക്കും ബസ്**

214(5639) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പൈനുംമൂട്-കുന്നം-കൊല്ലകടവ് വഴി ചെങ്ങന്നൂരിനും പത്തനംതിട്ടയ്ക്കും ഓരോ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം നടക്കുന്നതിനാലും കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് മാവേലിക്കര ഡിപ്പോയിൽനിന്നും പൈനുംമൂട്-കുന്നം-കൊല്ലക്കടവ് വഴി ചെങ്ങന്നൂരിനും പത്തനംതിട്ടയ്ക്കും ഓരോ ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**മോട്ടോർ വാഹന വകുപ്പിന്റെ മാതൃകാ കേന്ദ്രങ്ങൾ**

215(5640) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള പരിശോധനകൾ ഫലപ്രദമാക്കുന്നതിന് നടപ്പിലാക്കു വാനുദ്ദേശിക്കുന്ന പ്രവൃത്തികൾ അറിയിക്കുമോ;

(ബി) ഇതിനായി പരിശോധനകളും സർട്ടിഫിക്കേഷനുകളും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് മാതൃക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മാതൃകാ കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും എവിടെയെല്ലാമാണ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി ഓൺലൈൻ ആപ്ലിക്കേഷൻ സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതുകൂടാതെ വാഹനങ്ങളുടെ നികുതി ഇ-പേമെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിൽവരുത്തിയിട്ടുണ്ട്. ഓഫീസുതല പരിശോധനകൾ കാര്യക്ഷമമായി നടപ്പിൽവരുത്തുന്നതിനായി ഒരു ഇന്റേണൽ ഓഡിറ്റ് വിംഗും മേഖലാതല ഡി.റ്റി.സി.-മാരുടെ കീഴിലായി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ഇൻസ്പെക്ഷൻ ടീമും സീനിയർ ഡി.റ്റി.സി. (ടാക്സ്)-യുടെ നേതൃത്വത്തിൽ ഒരു ഇന്റേണൽ വിജിലൻസ് ടീമും കാര്യക്ഷമമായുള്ള രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) computerized Vehicle Testing Station (CVTS), Computerized Driver Testing Track (CDTT) എന്നീ സംവിധാനങ്ങൾ വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധിക്കാനും ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനും സംസ്ഥാനത്തെ നാല് ഓഫീസുകളിൽ (കോഴിക്കോട്, കണ്ണൂർ, പാറശ്ശാല, തിരുവനന്തപുരം) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റ് രണ്ട് സ്റ്റേഷനുകളിൽ (ഉഴവൂർ, മൂവാറ്റുപുഴ) ഇവ പ്രവർത്തനസജ്ജമായിട്ടുണ്ട്. പുതിയതായി അഞ്ച് സ്ഥലങ്ങളിൽ (കാസർഗോഡ്, തളിപ്പറമ്പ്, തൃപ്പൂണിത്തുറ, പൊന്നാനി, മട്ടാഞ്ചേരി) പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ബാക്കിയുള്ള 62 ആഫീസുകളിൽ അനുയോജ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് സ്വകാര്യ പങ്കാളിത്തത്തോടെ (PPP Model) പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി ടെണ്ടർ നടപടികൾ KITCO-യെ ഏൽപ്പിച്ചിട്ടുണ്ട്.

## വാഹനങ്ങളുടെ ആർ.സി. ബുക്കുകളുടെ നിലവാരം

216(5641) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിതരണം ചെയ്തുവരുന്ന വാഹനങ്ങളുടെ ആർ.സി. ബുക്കുകളുടെ നിലവാരം കുറഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനും ആർ.സി വിവരങ്ങൾ ആധുനിക രീതിയിൽ കാർഡുകളിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ ?

### ഉത്തരം

(എ-സി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്മാർട്ട് കാർഡ് ആയിട്ട് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള 8-2-2017-ലെ ജി.ഒ.(എം.എസ്)8/2017/ഗതാ നമ്പർ സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റോ സ്മാർട്ട് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സമർപ്പിച്ച ഡബ്ല്യു.പി.സി. 7881/2017 എന്ന നമ്പറിലുള്ള കേസ്സിൽ നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്.

## പരിഷ്കരിച്ച ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ

217(5642) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നൽകുന്ന ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ ആധുനിക രീതിയിലുള്ളതാണോ;

(ബി) എങ്കിൽ ഇവയുടെ പ്രത്യേകതകൾ എന്തെന്ന് അറിയിക്കുമോ;

(സി) പഴയ ലൈസൻസ് കാർഡുടമകൾക്ക് അവ മാറ്റി പുതിയ കാർഡ് ലഭിക്കുന്നതിന് നിലവിൽ അനുമതിയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പരീക്ഷണാടിസ്ഥാനത്തിൽ സാരഥി നടപ്പിലാക്കുന്ന വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഓഫീസുകളിൽ, അതായത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആലപ്പുഴയിലും സബ്റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കരുനാഗപ്പള്ളിയിലും

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ) തിരുവനന്തപുരത്തും ഇപ്പോൾ പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള പരിഷ്കരിച്ച ഡ്രൈവിംഗ് ലൈസൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ID type-I, ISO/IEC 7810 ഫോർമാറ്റിലുള്ളതാണ്. മൈക്രോ ലൈൻ, മൈക്രോ ടെക്സ്റ്റ്, ഗൈല്ലോച്ചേ പാറ്റേൺ, ഗോൾഡൻ നാഷണൽ എംബ്ലം, ക്വിക്ക് റെസ്പോൺസ് കോഡ്, ഹോട്ട് സ്റ്റാംപ്ഡ് യു വി സുരക്ഷിത ഹോളോഗ്രാം എന്നീ സുരക്ഷാ ഘടനകൾ പരിഷ്കരിച്ച ലൈസൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തുവർഷം വരെ നീണ്ടുനിൽക്കുന്ന PET-G+PVC മെറ്റീരിയൽ ആണ് ഉപയോഗിച്ചിട്ടുള്ളത്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ 'സാരഥി' എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽനിന്നും 'സാരഥി' യിലൂടെ ലേണേഴ്സ് ടെസ്റ്റ് പാസ്സായവർക്ക് മാത്രമാണ് നിലവിൽ പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് നൽകിവരുന്നത്.

(ഡി) പദ്ധതി നടപ്പിലാക്കിവരുമ്പോൾ പഴയ ലൈസൻസ് മാറ്റി പുതിയവ നൽകുവാൻ സാധിക്കും.

**ഇതര സംസ്ഥാന വാഹന രജിസ്ട്രേഷൻ**

218(5643) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ താമസക്കാരായവർ ഇതര സംസ്ഥാനങ്ങളിൽ വ്യാജ മേൽവിലാസം നൽകി വാഹന രജിസ്ട്രേഷൻ നിയമവിരുദ്ധമായി നടത്തിയ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഈ നടപടിമൂലം എത്ര കോടിയുടെ നഷ്ടം സംസ്ഥാനത്ത് വന്നുചേർന്നിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതിലൂടെ എത്ര രൂപ സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ, പുതുച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്യുകയും കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുകയും ചെയ്യുന്നുവെന്ന് കരുതപ്പെടുന്ന ഏകദേശം 2327 വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. വാഹനയുടമകൾക്ക് നോട്ടീസ് അയച്ച് ക്ലിപ്തപ്പെടുത്തിയതിനുശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ.

(ബി) ഇതുസംബന്ധമായി കൃത്യമായ കണക്കെടുപ്പ് സാധ്യമായിട്ടില്ല. നോട്ടീസ് നൽകി മറ്റ് എല്ലാ നടപടിക്രമങ്ങളും പൂർത്തിയായതിനുശേഷമേ ഇതു സംബന്ധമായ കണക്ക് ലഭ്യമാകുകയുള്ളൂ.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ നികുതി അടച്ച് വാഹനം കേരളത്തിൽ മാറ്റാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവയടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടിയും സ്വീകരിച്ചുവരുന്നു. നിലവിൽ 198 വാഹനയുടമകളിൽനിന്നും 17,81,64,268 രൂപ ടാക്സ് ഇനത്തിൽ ലഭിക്കുകയുണ്ടായി.

**വാഹന നിരീക്ഷണ സംവിധാനം**

219(5644) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) റഡാർ, ക്യാമറ സർവൈലൻസ് സമ്പ്രദായം എന്നിവ നിലവിൽ ഏതെല്ലാം മേഖലകളിലുണ്ട്; ഈ സമ്പ്രദായം ദേശീയ പാതയിലും സംസ്ഥാന പാതയിലും വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡപകടങ്ങൾക്ക് പ്രധാന കാരണക്കാരായ സ്വകാര്യ ബസ്സുകളെയും ടിപ്പർ ഉൾപ്പെടെയുള്ള വലിയ ചരക്കുവാഹനങ്ങളെയും ജി. പി .എസ്. സംവിധാനം വഴി നിരീക്ഷിക്കുവാൻ വേണ്ട സജ്ജീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗത്തിലും അമിതഭാരം കയറ്റിയും വാഹനമോടിക്കുക, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ നിയമലംഘനങ്ങൾക്കെതിരെയുള്ള പരിശോധനകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്.

(ബി) ചേർത്തല മഞ്ചേശ്വരം പാതയിലും കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിലും ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റ് റോഡുകളിലേയ്ക്കും ഇവ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ്.

**മതിയായ രേഖകളില്ലാതെ വാഹനം ഓടിച്ചവരുടെ എണ്ണം**

220(5645) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 -ൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡുകളിൽ മതിയായ രേഖകളില്ലാതെ വാഹനമോടിച്ച എത്ര വാഹന ഉടമസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ട്;വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നൽകാവുന്ന പരമാവധി ശിക്ഷ എന്താണ്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മതിയായ രേഖകളില്ലാതെ വാഹനമോടിച്ച 229497 വാഹന ഉടമകൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ, സാധുതയില്ലാത്ത ഇൻഷ്വറൻസ് സർട്ടിഫിക്കറ്റുമായി സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ, പെർമിറ്റില്ലാതെ ഓടുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ, സി.എഫ്. പുക പരിശോധനാ സർട്ടിഫിക്കറ്റുകളില്ലാതെ ഓടുന്ന വാഹനങ്ങൾ, ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനമോടിക്കൽ, ആർ.സി. ബുക്ക്, വാഹന നികുതി അടച്ചതിന്റെ ടോക്കൺ എന്നിവയില്ലാതെ വാഹനമോടിക്കൽ തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെ യാണ് നടപടിയെടുത്തത്.

(ബി) ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനം ഓടിച്ചാൽ 1,000 രൂപ, ആർ.സി. പുതുക്കാതെ വാഹനം ഓടിച്ചാൽ 2,000 രൂപ, ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്/പെർമിറ്റില്ലാതെ വാഹനമോടിച്ചാൽ എൽ.എം.വി. വാഹനത്തിന് 3000 രൂപ, എം.എം.വി. വാഹനത്തിന് 4,000 രൂപ, എച്ച്.എം.വി. വാഹനത്തിന് 5000 രൂപ, ഇൻഷ്വറൻസ് ഇല്ലാതെ ഓടുന്ന വാഹനത്തിന് 1,000 രൂപ എന്നിങ്ങനെയാണ് പരമാവധി പിഴ ഈടാക്കുന്നത്.

## വാഹനങ്ങളുടെ അമിത വേഗത

221(5646) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹനങ്ങളും നാല് ചക്ര വാഹനങ്ങളും അമിതവേഗതയിൽ ഓടിക്കുന്ന പ്രവണത പൊതുവേ വർദ്ധിച്ചുവരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങൾ അമിതവേഗതയിൽ ഓടിച്ചതുമായി ബന്ധപ്പെട്ട് 2017-ൽ മോട്ടോർ വാഹന വകുപ്പ് എത്ര കേസ്സുകളെടുത്തിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങൾ അമിതവേഗതയിൽ ഓടിച്ചതുമായി ബന്ധപ്പെട്ട് 2017-ൽ 2,28,715 കേസ്സുകളെടുത്തിട്ടുണ്ട്.

## മോട്ടോർ വാഹന വകുപ്പിനെ അഴിമതിമുക്തമാക്കുന്നതിന് നടപടികൾ

222(5647) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹന വകുപ്പിനെ അഴിമതിമുക്തമാക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് എന്ന് അറിയിക്കുമോ;

(ബി) വകുപ്പിന്റെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പിൽ കൈക്കൂലിയും അഴിമതിയും ഒഴിവാക്കുന്നതിനുവേണ്ടി വകുപ്പുതല പരിശോധനാസംവിധാനം നിലവിലുണ്ട്. ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മാത്രമല്ല, ജനങ്ങൾക്ക് നേരിട്ട് സേവനം ലഭിക്കുന്നതിനുവേണ്ടി ഫീസുകളും പുതിയ സ്വകാര്യവാഹനങ്ങളുടെ നികുതികളും ഇ-പേമെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(ബി&സി) കേന്ദ്രീകൃത സംവിധാനത്തിലുള്ള വാഹൻ-സാരഥി സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഘട്ടം ഘട്ടമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ആദ്യ പടിയായി ലൈസൻസ് അധിഷ്ഠിത സേവനങ്ങൾ സാരഥി വഴി പരീക്ഷണ രീതിയിൽ (ലേണേഴ്സ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ്) മൂന്ന് ഓഫീസുകളിൽ ആർ.ടി.ഒ. (എൻ.എസ്.) തിരുവനന്തപുരം, ആർ.ടി.ഒ. ആലപ്പുഴ, സബ് ആർ.ടി.ഒ. കരുനാഗപ്പള്ളി നടപ്പിലാക്കിയിട്ടുണ്ട്. ആർ.ടി.ഒ. (എൻ.എസ്)-ൽ ബാക്കി ലൈസൻസ് സേവനങ്ങളും ഉടൻ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ സാരഥിയിൽ ഉള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമെ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുന്ന വെബ് അധിഷ്ഠിത വാഹൻ സോഫ്റ്റ്‌വെയർ പരീക്ഷണഘട്ടത്തിലാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചശേഷം പരീക്ഷണ രീതിയിൽ സബ് ആർ.ടി.ഒ., നെയ്യാറ്റിൻകരയിലും നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

കൂടുതൽ കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് മുഖേന ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതുവഴി ടെസ്റ്റിംഗിന് ഏകീകൃത സ്വഭാവം കൈക്കൊള്ളാനും അഴിമതിസാധ്യത ഇല്ലാതാക്കാനും സാധിക്കുന്നതാണ്. കൂടുതൽ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ തുടങ്ങുന്നതുവഴി വാഹനങ്ങളുടെ ഫിറ്റ്നെസ്സ് പരിശോധന കുറ്റമറ്റതും സുതാര്യവും ഏകീകൃതവുമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ടാക്സ് റീഫണ്ട് ചെയ്ത് കിട്ടുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം

223(5648) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ പിരിച്ചെടുക്കുന്ന ടാക്സ് റീ ഫണ്ട് ചെയ്ത് കിട്ടുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രീമതി ബീനപോളി, W/o പോളി, പന്തല്ലൂക്കാരൻ വീട്, മനക്കുളങ്ങര പി.ഒ, കോടകര, തൃശ്ശൂരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കെ.എൽ.64 D 6090 നമ്പർ കാറിന്റെ 31-12-2015 മുതൽ 30-9-2030 വരെയുള്ള കാലയളവിലേയ്ക്കായി അടച്ചിട്ടുള്ള ടാക്സ്, വാഹനം ഉപയോഗക്ഷമമല്ലാത്ത രീതിയിൽ നാശമായ സാഹചര്യത്തിൽ റീ-ഫണ്ട് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം അപേക്ഷകളിൽ പൊതുവിൽ കാലതാമസം വരുത്താറില്ല.

(ബി) അപേക്ഷയ്ക്ക് റീഫണ്ട് അനുവദിക്കുന്നതിന് ബിൽ തയ്യാറാക്കിയിട്ടുണ്ട്. വാഹന ഉടമ, ഓഫീസിൽ എത്തി ബില്ലിൽ ഒപ്പിട്ടുകഴിഞ്ഞാൽ ആയത് ട്രഷറിയിൽ സമർപ്പിക്കുവാൻ കഴിയുന്നതാണ്.

## ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ്

224(5649) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് രൂപത്തിൽ ഇറക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ നടപ്പാക്കും; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാർഡുകൾ നിർമ്മിക്കുവാൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്; ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് ആയിട്ട് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള 8-2-2017-ലെ ജി.ഒ.(എം.എസ്) 8/17/ഗതാ നമ്പർ സർക്കാർ ഉത്തരവ് ബഹു മാനപ്പെട്ട കേരള ഹൈക്കോടതി റോ സ്മാർട്ട് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സമർപ്പിച്ച WP(C) 7881/2017 എന്ന നമ്പരിലുള്ള കേസ്സിൽ നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്.

## തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിൽ ആർ.ടി. ഓഫീസ്

225(5650) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിൽ പുതിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏതെല്ലാം പഞ്ചായത്ത് പ്രദേശങ്ങൾ ഈ ഓഫീസിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിൽ പുതിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ തൃപ്രയാറിൽ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.

## തലശ്ശേരി ആർ.ടി. ഓഫീസിലെ സ്ഥലപരിമിതി

226(5651) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി ആർ.ടി.ഒ. ഓഫീസ് കെട്ടിടത്തിന്റെ സ്ഥല പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. തലശ്ശേരി ഓഫീസ് സ്ഥലപരിമിതിമൂലം വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു ഓഫീസാണ്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തിന് 2100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണുള്ളത്. ഇത് ജീവനക്കാർക്കും സേവനത്തിനായെത്തുന്ന പൊതുജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇപ്പോൾ വ്യവസായ വകുപ്പിന്റെ കിൻഫ്രയുടെ അധീനതകയിലുള്ള കെട്ടിടത്തിലെ 4100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലം കണ്ടെത്തുകയും ആയതിനായി ആ സ്ഥാപനവുമായി ബന്ധപ്പെടുകയും സ്ഥലം നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. എന്നാൽ വാടകയ്ക്ക് സ്ഥലം നൽകണമെങ്കിൽ 12 മാസത്തെ വാടക തുക പലിശരഹിത നിക്ഷേപമായി അടയ്ക്കണമെന്ന് വ്യവസ്ഥ മുന്നോട്ട് വയ്ക്കുകയുണ്ടായി. പലിശരഹിത ഡെപ്പോസിറ്റ് ഒഴിവാക്കുന്നതിനും പി.ഡബ്ല്യു.ഡി. നിരക്കിൽ കെട്ടിടം വാടകയ്ക്ക് ലഭിക്കുന്നതിനുമായി ഗതാഗത കമ്മീഷണർ നൽകിയ ശിപാർശ പരിശോധിച്ചുവരുന്നു.

## മോട്ടോർ വാഹന വകുപ്പിലെ പുതിയ ഓഫീസുകൾ

227(5652) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ മോട്ടോർ വാഹന വകുപ്പിന് കീഴിൽ എത്ര പുതിയ ഓഫീസുകൾ ആരംഭിച്ചു ; വിശദാംശം അറിയിക്കുമോ?

ഉത്തരം

ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്പയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## മോട്ടോർ വാഹന വകുപ്പിലെ തസ്തികകൾ

228(5653) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹന വകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം തസ്തിക, ജില്ല എന്നിങ്ങനെ തരം തിരിച്ച്അറിയിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ 6 പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനും ഓരോന്നിലും 10 വീതം തസ്തികകൾ (ആകെ 10X6=60) സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ 6 ഓഫീസുകളിൽ ഓരോന്നിലും ദിവസവേതനത്തിൽ ഒരു ഡ്രൈവർ, ഒരു സ്വീപ്പർ വീതം ആകെ 6 ഡ്രൈവർ, 6 സ്വീപ്പർ തസ്തികകളും സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇരിട്ടി (കണ്ണൂർ ജില്ല), നന്മണ്ട (കോഴിക്കോട് ജില്ല), പേരാമ്പ്ര (കോഴിക്കോട് ജില്ല), തൃപ്രയാർ (തൃശ്ശൂർ ജില്ല), കാട്ടാക്കട (തിരുവനന്തപുരം ജില്ല), വെള്ളരിക്കുണ്ട് (കാസർഗോഡ് ജില്ല) എന്നിവിടങ്ങളിലാണ് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്.

തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 6 |
| മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 6 |
| അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 12 |
| ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് | 6 |
| ക്ലാർക്ക് | 18 |
| ടൈപ്പിസ്റ്റ് | 6 |
| അറ്റൻഡർ | 6 |
| ഡ്രൈവർ (ദിവസ വേതനം) | 6 |
| കാഷ്വൽ സ്വീപ്പർ | 6 |

**ചിറ്റൂർ മോട്ടോർ വെഹിക്കിൾ ഓഫീസ്**

229(5654) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷമായി ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം നൽകിയിട്ടും വാടക കെട്ടിടത്തിൽനിന്നും ചിറ്റൂർ മോട്ടോർ വെഹിക്കിൾ ഓഫീസ് മാറ്റാൻ തയ്യാറാകാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതിൽ അഴിമതിയോ തദ്ദേശീയ ഇടപെടലോ ഉദ്യോഗസ്ഥരുടെ നിക്ഷിപ്തതാല്പര്യമോ ഉണ്ടെങ്കിൽ അതെപ്പറ്റി അന്വേഷണം നടത്തുമോ;

(സി) ഇന്നുവരെ പ്രസ്തുത ഓഫീസിന് വാടക ഇനത്തിലും വൈദ്യുതി ഇനത്തിലും നൽകിയ തുക മാസം തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കാമോ; താലൂക്ക്സഭയുടെ കർശന നിർദ്ദേശം പാലിക്കാത്ത പ്രസ്തുത ഓഫീസിന്റെ മേധാവി, ജില്ലാ മേധാവി എന്നിവരിൽനിന്നും പ്രസ്തുത തുക ഈടാക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) പ്രസ്തുത ആർ. ടി. ഓഫീസ് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് സമയബന്ധിതമായി മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് 21-10-2016-ൽ മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലം ഫർണിഷ് ചെയ്യുന്നതിനായി ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ.എസ്.ഐ.ഇ.-യിൽനിന്നും വിശദമായ പ്രൊപ്പോസൽ ലഭിച്ചപ്പോഴേക്കും പ്രസ്തുത സ്ഥാപനത്തിന് സർക്കാർ അംഗീകാരം നഷ്ടമായിരുന്നു. ഇപ്പോൾ ടി സ്ഥാപനത്തിന് മുൻകാല പ്രാബല്യത്തോടെ സർക്കാർ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് ഇക്കാര്യത്തിൽ പുതിയ ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മേൽ കാരണത്താലാണ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് ഓഫീസ് മാറ്റുന്നതിന് കാലതാമസമുണ്ടായത്.

(ബി) അഴിമതിയോ, തദ്ദേശീയ ഇടപെടലോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽനിന്നുള്ള ലഭ്യതാരഹിത സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ 21-10-2016 മുതലുള്ള വാടക കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഒക്ടോബർ | 2016 | 9057 |
| നവംബർ | 2016 | 10376 |
| ഡിസംബർ | 2016 | 11170 |
| ജനുവരി | 2017 | 10647 |
| ഫെബ്രുവരി | 2017 | 10123 |
| മാർച്ച് | 2017 | 9833 |
| ഏപ്രിൽ | 2017 | 11385 |
| മേയ് | 2017 | 11143 |
| ജൂൺ | 2017 | 9854 |
| ജൂലൈ | 2017 | 8695 |
| ആഗസ്റ്റ് | 2017 | 9966 |

| | | |
|---|---|---|
| സെപ്റ്റംബർ | 2017 | 10247 |
| ഒക്ടോബർ | 2017 | 11434 |
| നവംബർ | 2017 | 11210 |
| ഡിസംബർ | 2017 | 11836 |
| ജനുവരി | 2018 | 11406 |
| ഫെബ്രുവരി | 2018 | 11229 |
| മാർച്ച് | 2018 | 11664 |
| | ആകെ | 191275 രൂപ |

നടപടിക്രമങ്ങളിലെ കാലതാമസംമൂലമാണ് ഓഫീസ് മാറ്റി പ്രവർത്തിക്കുന്നതിന് തടസ്സമായി കാണുന്നത്. അതിനാൽ വാടകയിനത്തിലും മറ്റും ചെലവായ തുക ഓഫീസ് മേധാവികളിൽനിന്നും ഈടാക്കണമെന്ന ആവശ്യം പരിഗണിക്കാനാവില്ല.

(ഡി) നടപടിക്രമത്തിലെ കാലതാമസമാണ് ഓഫീസ് മാറ്റം നടക്കാത്തതിനുള്ള കാരണം. ചിറ്റൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും എത്രയുംവേഗം ഓഫീസ് മാറ്റൽ നടപടികൾ പൂർത്തിയാക്കുന്നതുമാണ്.

## വാഹനങ്ങളിൽ അനധികൃതമായി ബോർഡ് വയ്ക്കുന്ന നടപടി

230(5655) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചില സാംസ്കാരിക സംഘടനകളും സ്വകാര്യ വ്യക്തികളും ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഗവൺമെന്റ് വാഹനങ്ങളിലെപ്പോലെ ചുവപ്പു പ്രതലത്തിൽ വെള്ള അക്ഷരത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെയും അവർ വഹിക്കുന്ന ഉദ്യോഗപ്പേരിന്റെയും ബോർഡ് വച്ച് നിയമം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വാഹനങ്ങളിലെ അനധികൃത ബോർഡുകൾ നീക്കംചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ

231(5656) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിവിധ വാഹനങ്ങൾ എത്രയാണ്; ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി എത്ര വാഹനങ്ങൾ നിലവിലുണ്ട്; വിശദവിവരം നൽകുമോ;

(സി) രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനങ്ങൾ സംസ്ഥാനത്ത് ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ എത്ര വാഹനങ്ങൾ ഈ സർക്കാർ വന്നശേഷം പിടിച്ചെടുത്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 28-2-2018 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ വാഹനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കാറ്റഗറി | വാഹനങ്ങളുടെ എണ്ണം |
|---|---|---|
| 1 | ടൂ വീലറുകൾ | 7661528 |
| 2 | മോട്ടോർ കാർ | 2456338 |
| 3 | മോട്ടോർ ക്യാബ് | 118540 |
| 4 | ആട്ടോറിക്ഷ | 652771 |
| 5 | ട്രാക്ടേഴ്സ് & ട്രൈലേഴ്സ് | 15608 |
| 6 | ഗുഡ്സ് വാഹനം | 526923 |
| 7 | കോൺട്രാക്ട് കാര്യേജ് ബസ് | 70127 |
| 8 | എസ്.റ്റി.യു. വാഹനം (കോർപ്പറേഷൻ) | 7396 |
| 9 | മറ്റുള്ളവ | 144469 |
| ആകെ | | 11653700 |

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് രജിസ്ട്രേഷൻ കാലാവധിയുള്ള 7396 വാഹനങ്ങൾ നിലവിലുണ്ട്.

(സി) ദൈനംദിന ചെക്കിംഗ് നടത്തുമ്പോൾ ഇത്തരം വാഹനങ്ങൾ കണ്ടെത്തുന്നപക്ഷം അവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ഈ സർക്കാർ വന്നശേഷം 34570 വാഹനങ്ങളാണ് പിടിച്ചെടുത്തിട്ടുള്ളത്. ഇവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നുണ്ട്.

### കുന്ദമംഗലത്ത് സബ് ആർ.ടി.ഓഫീസ്

232(5657) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സബ് ആർ.ടി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ സബ് ആർ.ടി ഓഫീസ് ഇല്ലാത്തതും കോഴിക്കോട് താലൂക്ക് പരിധിയിൽ സ്ഥിതിചെയ്യുന്നതുമായ കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനവുമായ കുന്ദമംഗലത്ത് സബ് ആർ. ടി. ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കുന്ദമംഗലത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

### പശ്ചിമ കൊച്ചിയിലെ ബോട്ട് സർവ്വീസുകൾ

233(5658) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ തിരക്കേറിയ സമയങ്ങളിൽ ട്രിപ്പ് മുടക്കുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) യാത്രാക്ലേശം പരിഗണിച്ച് രാവിലെയും വൈകുന്നേരവും ട്രിപ്പുകൾ മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലെ ചെളിയുടെയും വെള്ളക്കുറവിന്റെയും പേര് പറഞ്ഞ് അനാവശ്യമായി സർവ്വീസ് റദ്ദ് ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) സർവ്വീസുകൾ റദ്ദ് ചെയ്യുന്നത് കണക്കിലെടുത്ത് മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലെ ചെളി കോരിക്കളയുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ബോട്ടുകളും ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി വകുപ്പ് പരമാവധി സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ എറണാകുളം സ്റ്റേഷനിൽ വകുപ്പ് അംഗീകരിച്ച് നൽകിയിരിക്കുന്നത് 8 ഷെഡ്യൂളുകൾ ആണ്. ഇതിൽ 12/45, 13/40, 14/20 എന്നീ ഷെഡ്യൂൾ സർവ്വീസ് എറണാകുളം-ഫോർട്ട് കൊച്ചി വഴി മട്ടാഞ്ചേരിക്കും 13/30, 15/30 എന്നിവ എറണാകുളം-എമ്പാർക്കേഷൻ ഫോർട്ട് കൊച്ചി വഴി വൈപ്പിനിലേയ്ക്കും സർവ്വീസ് നടത്തുന്നു. മേൽപ്പറഞ്ഞ എറണാകുളം-ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി മൂന്ന് ഷെഡ്യൂൾ സർവ്വീസ് കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുന്നതിനനുസരിച്ച് എറണാകുളം മേഖലയിലെ വകുപ്പിന്റെ സുഗമമായ നടത്തിപ്പിനായി വകുപ്പ് നടത്തുന്ന സർവ്വീസാണ് അഡീഷണൽ സർവ്വീസ് എന്ന പേരിൽ അറിയപ്പെടുന്ന നാലാമത്തെ സർവ്വീസ്. മേൽ വിവരിച്ച എറണാകുളം-ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി സർവ്വീസ് നടത്തുന്ന മൂന്ന് ബോട്ട്, എറണാകുളം-എമ്പാർക്കേഷൻ-ഫോർട്ട് കൊച്ചി വൈപ്പിൻ സർവ്വീസ് നടത്തുന്ന രണ്ട് ബോട്ട് എന്നിവയ്ക്ക് ഏതെങ്കിലും ഒരു ബോട്ടിന് മുടക്കം ഉണ്ടാകുന്ന പക്ഷം അഡീഷണൽ സർവ്വീസ് നടത്തുന്ന ബോട്ട് ഉപയോഗിച്ച് ഇവ പരിഹരിച്ച് കൊള്ളണം. എന്നാണ് വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഉണ്ടാകുന്ന സമയങ്ങളിൽ സ്വാഭാവികമായി അഡീഷണൽ സർവ്വീസിന്റെ ചില ട്രിപ്പുകൾ മുടങ്ങാറുണ്ട്. യാത്രാതിരക്ക് നിയന്ത്രിക്കുന്നതിനായി വകുപ്പ് തുടങ്ങിവച്ച സർവ്വീസ് ഇപ്പോൾ അഡീഷണൽ സർവ്വീസ് എന്ന പേരിലാണ് അറിയപ്പെടുന്നത്. മറ്റ് ഷെഡ്യൂൾ സർവ്വീസ് മുടക്കം കൂടാതെ സർവ്വീസ് നടത്തുന്നപക്ഷം ടി സർവ്വീസ് എറണാകുളം-ഫോർട്ടുകൊച്ചി വഴി 30 ട്രിപ്പുകൾ നടത്തുന്നുണ്ട്.

എറണാകുളം-എമ്പാർക്കേഷൻ ഫോർട്ടുകൊച്ചി വഴിയുള്ള വൈപ്പിൻ സർവ്വീസ് മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്നത് എറണാകുളം-എമ്പാർക്കേഷൻ-വൈപ്പിൻ വഴി മാത്രമാണ്. എന്നാൽ പശ്ചിമ കൊച്ചിയിലെ ജനങ്ങളുടെ യാത്രാക്ലേശം മനസ്സിലാക്കി പാസ്സഞ്ചേഴ്സ് അസോസിയേഷന്റെ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് ഈ സർവ്വീസ് ഫോർട്ട് കൊച്ചി വഴി ബന്ധിപ്പിച്ച് സർവ്വീസ് നടത്തുന്നതിന് വകുപ്പ് തീരുമാനം എടുക്കുകയുണ്ടായി. ഇതനുസരിച്ച് വൈപ്പിൻ സർവ്വീസിലെ യാത്രക്കാരിൽ അധികവും എമ്പാർക്കേഷനിലെ സ്ഥാപനങ്ങളിലെ ജോലിക്കാരായതിനാൽ രാവിലെയും വൈകുന്നേരവും ട്രിപ്പുകൾ അവർക്കായി നീക്കിവച്ചുകൊണ്ട് ബാക്കിയുള്ള ട്രിപ്പുകൾ ഫോർട്ടുകൊച്ചി വഴി തിരിച്ചുവിടുന്നുണ്ട്.

(ബി) നിലവിലുള്ള ബോട്ടുകളും ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി വകുപ്പ് പരമാവധി സർവ്വീസുകൾ നടത്തിവരുന്നു. മലിനീകരണത്തെ തുടർന്ന് ഉൾനാടൻ ജലാശയങ്ങളിൽനിന്നും കൊച്ചിക്കായലിലേയ്ക്ക് ഒഴുകിയെത്തുന്ന വലകൾ, പ്ലാസ്റ്റിക് കയർ, ചാക്ക്, റോപ്പുകൾ മുതലായവ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ പ്രൊപ്പല്ലറിൽ കയറി പിടിക്കുന്നതുമൂലം പെട്ടെന്നുള്ള സർവ്വീസ് മുടക്കമുണ്ടാകാറുണ്ട്. ടി വസ്തുക്കൾ പങ്കയിൽ പിടിക്കുന്നപക്ഷം ഉടൻതന്നെ ലാസ്കർ ജീവനക്കാർ കായലിൽ ഇറങ്ങി ഇവ നീക്കം ചെയ്യുകയും ഉടനെ സർവ്വീസ് പുനരാരംഭിക്കുകയും ചെയ്യുന്നുണ്ട്. സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിനായി പെട്ടെന്ന് ഉണ്ടാകുന്ന യന്ത്രത്തകരാറുകൾ അപ്പപ്പോൾതന്നെ പരിഹരിക്കുന്നതിന് ടി മേഖലയിൽ അസിസ്റ്റന്റ് വർക്സ് മാനേജരുടെ മേൽനോട്ടത്തിൽ ആവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ബോട്ടുകളും ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി വകുപ്പ് പരമാവധി സർവ്വീസുകൾ നടത്തിവരുന്നു. ടി മേഖലയിൽ നിരന്തരം വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്നതിനാൽ ബോട്ടുകൾ ചാലിൽ ഉറച്ചുപോകുന്ന സാഹചര്യംമൂലം യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയെ കരുതിയും കൂടുതൽ സർവ്വീസുകൾ മുടക്കം ഉണ്ടാകാതിരിക്കാനും വേണ്ടി ചില സന്ദർഭങ്ങളിൽ സർവ്വീസ് റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ടി മേഖലയിൽ ആഴം കൂട്ടൽ നടത്തുന്നതിന് പല തവണ ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലെ ചെളി കോരിക്കളയുവാൻ ഇറിഗേഷൻ വകുപ്പിൽ തുക അനുവദിച്ചിരുന്നതിനാൽ, സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്ത് മട്ടാഞ്ചേരി ജെട്ടിയിലെ എക്കൽ നീക്കുന്നതിലേയ്ക്ക് ഇറിഗേഷൻ വകുപ്പിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മട്ടാഞ്ചേരി, തേവര യാർഡ് എന്നിവിടങ്ങളിൽ ആഴം കൂട്ടൽ നടത്തുന്നതിനും 6 മാസം ഇടവിട്ട് ടി മേഖലയിൽ ആഴം കൂട്ടൽ തുടർച്ചയായി നടത്തുന്നതിനുവേണ്ട സ്ഥിരം സംവിധാനം ഒരുക്കുന്നതിനുമുള്ള കൂടിയാലോചനകൾ സർക്കാരിൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മട്ടാഞ്ചേരി ബോട്ട് ജെട്ടിയുടെ അറ്റകുറ്റപ്പണികൾക്ക് ചുറ്റും കായലിന് ആഴം കൂട്ടുന്നതിനും ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഉൾനാടൻ ജലഗതാഗത മേഖല**

234(5659) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലഗതാഗത മേഖലയുടെ സാധ്യതയെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഉൾനാടൻ ജലപാതയുമായി ബന്ധപ്പെട്ട് റോഡ്-ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിലെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (NATPAC) ആണ് നടത്തിയിട്ടുള്ളത്. സാദ്ധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിൽ കൊല്ലം-കോട്ടപ്പുറം റീച്ച് (74.18 കി.മീ മുതൽ 242.18 കി.മീ.) കോട്ടപ്പുറം - കോഴിക്കോട് റീച്ച് (242.18 കി. മീ. മുതൽ 402.18 കി.മീ.) എന്നിവ ദേശീയ ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി ഇൻലാൻഡ് നാഷണൽ വാട്ടർവേ അതോറിറ്റി ഓഫ്

ഇൻഡ്യ ഏറ്റെടുത്ത് വികസനപ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കോവളം-ആക്കുളം റീച്ച് (0 കി.മീ. മുതൽ 16.045 കി.മീ) ആക്കുളം-കൊല്ലം റീച്ച് (16.045 കി.മീ. മുതൽ 74.18 കി.മീ.) കോഴിക്കോട്-നീലേശ്വരം റീച്ച് (402.18 കി.മീ മുതൽ 590 കി.മീ.) എന്നീ ഭാഗങ്ങൾ സംസ്ഥാന ജലപാതയായി വികസിപ്പിച്ചുവരുന്നു.

(ബി) സംസ്ഥാന ജലപാതയുടെ പാർശ്വങ്ങളിൽ സ്ഥലം ലഭ്യമായ ഒട്ടുമിക്ക ഇടങ്ങളിലും ഇതിനകം ഇൻസ്പെക്ഷൻ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മറ്റിടങ്ങളിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഇൻസ്പെക്ഷൻ റോഡുകൾ നിർമ്മിക്കുന്നതിനും കനാലിലെ ടൂറിസം അമിനിറ്റി സെന്റർ, ബോട്ട് ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവയെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് ലിങ്ക് റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

### ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

235(5660) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഒരു ഗതാഗതമാർഗ്ഗം എന്ന നിലയിൽ ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഉൾനാടൻ ജലഗതാഗത വികസനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉൾനാടൻ ജലഗതാഗത വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ജലഗതാഗതം വിനോദസഞ്ചാര വികസനത്തിന് ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സൗഹൃദപരവും മലിനീകരണ വിമുക്തവുമായ രീതിയിലേയ്ക്ക് ജലഗതാഗതത്തെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ഇന്ത്യയിലെതന്നെ ആദ്യ സംരംഭമായ 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് സർക്കാർ അനുമതിയോടെ പണികഴിപ്പിക്കുകയും ആയതിന്റെ ഉദ്ഘാടനകർമ്മം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബോട്ടിന്റെ സ്വിച്ച് ഓൺ കർമ്മം ബഹുമാനപ്പെട്ട ശ്രീ. പിയൂഷ് ഗോയലും 12-1-2017-ൽ നിർവ്വഹിക്കുകയും പ്രസ്തുത ബോട്ട് വൈക്കം-തവണക്കടവ് റൂട്ടിൽ വളരെ വിജയകരമായി സർവ്വീസ് നടത്തിവരികയും ചെയ്യുന്നു. സോളാർ ബോട്ട് സർവ്വീസ് നടത്തി ഒരു വർഷം പിന്നിടുന്ന അവസരത്തിൽ ടി ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. സർക്കാർ അനുമതിയോടെ 2017-18-ൽ 100 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ക്രൂയിസ് വെസൽ പണി കഴിപ്പിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ജലമലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ബോട്ടുകളിലെല്ലാം ആധുനിക രീതിയിലുള്ള ബയോ ടോയ്‌ലെറ്റുകളാണ് ഉപയോഗിച്ചുവരുന്നത്. ഇന്ധനച്ചെലവും മലിനീകരണ തോതും കുറയ്ക്കുന്നതിനായി വകുപ്പിലെ ഡീസൽ എഞ്ചിൻ ബോട്ടുകൾ ഘട്ടം ഘട്ടമായി ഇലക്ട്രിക് മോഡലിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവൽക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ കണ്ടുവരുന്ന വേഗതയേറിയ വാട്ടർ ടാക്സികൾ കേരളത്തിലെ ആദ്യ സംരംഭം എന്ന നിലയിൽ 2017-18 സാമ്പത്തിക വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുകയും ആയതിന് 5-4-2017-ലെ ജി.ഒ.(എം.എസ്)നമ്പർ 31/2017 ട്രാൻ. പ്രകാരം ഭരണാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ നൽകി നിർമ്മാണം പുരോഗമിച്ചുവരികയാണ്.

(ബി&സി) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ.-ഉം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ഉൾപ്പെടുന്ന ദേശീയ ജലപാത III-ന്റെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച ഭാഗങ്ങളിൽ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ് ആണ്. വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണമായ രീതിയിൽ യാത്രാ സജ്ജമാക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി SPV ആയി Kerala Waterways & Infrastructure Ltd. എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ദേശീയ ജലപാത നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. 2020-ൽ തീരുന്ന 1-ാം ഘട്ടത്തിൽ ലഭ്യമായ വീതിയിൽ കോവളം-ഹോസ്ദുർഗ് ഭാഗം ഗതാഗത യോഗ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനം സ്ഥലലഭ്യതയാണ്. നിലവിൽ വശങ്ങളിലുടനീളമുള്ള കയ്യേറ്റങ്ങളും അനധികൃത നിർമ്മിതികളും കനാലിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇതിനായി കനാലിന്റെ പുറമ്പോക്കുകൾ സർവ്വേ ചെയ്ത് അതിർത്തി തിരിച്ച് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

(ഡി) വിനോദ സഞ്ചാര വികസനത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് ജലഗതാഗതം. കരമാർഗ്ഗമുള്ള തിരക്ക് ഒഴിവാക്കിക്കൊണ്ട് ശാന്തവും സമാധാനപരവുമായ അന്തരീക്ഷത്തിൽ കായലുകളുടെയും കനാലുകളുടെയും ഭംഗി ചെലവുകുറഞ്ഞ രീതിയിൽ പരമാവധി ആസ്വദിക്കുന്നതിന് ജലമാർഗ്ഗമുള്ള ഗതാഗത സംവിധാനങ്ങൾ വിനോദസഞ്ചാരികളെ സഹായിക്കുന്നു. ഇത്തരത്തിൽ ജലമാർഗ്ഗമുള്ള വിനോദസഞ്ചാര വികസനത്തിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നവയാണ് വകുപ്പിന്റെ സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-

ആലപ്പുഴ, എന്നീ സർവ്വീസുകൾ സ്വദേശീയരും വിദേശീയരുമായ ധാരാളം വിനോദസഞ്ചാരികൾ വകുപ്പിന്റെ ഈ സർവ്വീസുകൾ പ്രയോജനപ്പെടുത്തിവരുന്നു. പ്രസ്തുത സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരികയും ചെയ്യുന്നു. ടൂറിസം സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വൈക്കം-എറണാകുളം റൂട്ടിലും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിലും സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും സൗകര്യപ്രദമായ രീതിയിൽ യാത്ര ചെയ്യുന്നതിനായി ഒരു 'അതിവേഗ ബോട്ട് സർവ്വീസ്' ആരംഭിക്കുന്നതിന് സർക്കാരിൽനിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ബോട്ടുകൾ നിർമ്മിക്കുന്നതിനായി വകുപ്പിൽനിന്നും വർക്ക് ഓർഡർ നൽകുകയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുകയും ചെയ്യുന്നു. കൂടാതെ ചെലവ് കുറഞ്ഞ രീതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേയ്ക്കായി 154 ലക്ഷം രൂപ ചെലവിൽ 2 വാട്ടർ ടാക്സി ബോട്ടുകളും 300 ലക്ഷം രൂപ ചെലവിൽ 2 പാസ്സഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ബോട്ടുകളും 315 ലക്ഷം രൂപ ചെലവിൽ ഒരു സോളാർ ക്രൂയിസ് വെസ്സലും വാങ്ങുന്നതിനായി സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ബോട്ടുകൾ പണികഴിപ്പിക്കുന്നതിനുള്ള വർക്ക് ഓർഡർ വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. 'സീ അഷ്ടമുടി' എന്ന പേരിൽ കൊല്ലം മേഖലയിൽ ഒരു പാസ്സഞ്ചർ -കം-ടൂറിസ്റ്റ് സർവ്വീസ് നടത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ജലഗതാഗത രംഗത്തുള്ള വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങൾ വിനോദസഞ്ചാര വികസനത്തിന് ഉതകുന്നവയാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### നാഷണൽ ഹൈവേ വികസനം

മി. സ്പീക്കർ: ഇതേ വിഷയം നേരത്തെ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ ശ്രദ്ധ ക്ഷണിക്കലായി സഭയിൽ വന്നതാണ്. പുതിയ ചില സാഹചര്യങ്ങൾകൂടി ഉണ്ടായിട്ടുണ്ടെന്ന ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുവദിക്കുകയാണ്.

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം, അശാസ്ത്രീയമായ അലൈൻമെന്റ് എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന ആശയക്കുഴപ്പംമൂലം പല പ്രദേശങ്ങളിലും സംഘർഷാവസ്ഥകൾ നിലനിൽക്കുന്നതുകൊണ്ടും ഇതിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എൻ. എ. ഖാദർ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ ആമുഖമായി പറഞ്ഞതുപോലെ മുൻമന്ത്രി കൂടിയായ ശ്രീ. പി. കെ. അബ്ദു റബ്ബ് ഈ വിഷയം ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായി അവതരിപ്പിച്ചിട്ട് ഒരാഴ്ചപോലും ആയിട്ടില്ല. ഇതിനിടയ്ക്ക് അവിടെ അടിയന്തര പ്രാധാന്യമുള്ള പുതിയ സംഭവവികാസങ്ങളൊന്നുമുണ്ടായിട്ടില്ല. ആകെയുണ്ടായ സംഭവവികാസം ബഹളംവച്ച കുറച്ചുപേർകൂടി പിരിഞ്ഞുപോയി എന്നതാണ്. കാര്യങ്ങൾ നല്ലനിലയിലെത്താൻ തുടങ്ങി. പ്രതിഷേധിച്ചിരുന്നവരിൽ കുറച്ചുപേർ ഇപ്പോഴുമുണ്ട്, ഇല്ലെന്ന് പറയുന്നില്ല. അപ്രതീക്ഷിതമായി മുസ്ലീംലീഗിന്റെ ഉന്നതരായ ചില നേതാക്കൾ ഇതിനെ സപ്പോർട്ട് ചെയ്ത് രംഗത്ത് വന്നുവെന്നുള്ളതാണ് പുതിയ സംഭവവികാസം. അവരിൽനിന്നും അത് പ്രതീക്ഷിച്ചതല്ല. അവിടത്തെ പ്രധാന പാർട്ടിയാണ്. അതുകഴിഞ്ഞാൽ പ്രധാന പാർട്ടിയാണ് ഇടതുപക്ഷം. കോൺഗ്രസ്സ് അത് കഴിഞ്ഞേയുള്ളൂ. കോൺഗ്രസ് മൂന്നാമതാണ്. അദ്ദേഹം ഉന്നയിച്ചിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസിലുള്ള

വിഷയം അശാസ്ത്രീയമായിട്ടുള്ള അലൈൻമെന്റ് ആണ് എന്നതായിരുന്നു. ഈ അലൈൻമെന്റ് തയ്യാറാക്കിയത് അദ്ദേഹത്തിന്റെകൂടി പാർട്ടി അധികാരത്തിലിരുന്ന സമയത്താണ്. ചെറിയ വ്യത്യാസങ്ങളുണ്ട്. അതിന്റെ കാരണം എന്താണെന്നുള്ളത് അങ്ങയുടെ പ്രസംഗം കഴിഞ്ഞ് ആവശ്യമെങ്കിൽ ഞാൻ പറയാം. രണ്ടാമത് പറഞ്ഞത്, ആളുകളെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല എന്നാണ്. അതിനും കൃത്യമായ മറുപടിയുണ്ട്. മൂന്നാമതായി, തുക പോരാ എന്നുപറഞ്ഞിട്ടുണ്ട്. അതിന് കേന്ദ്രഗവൺമെന്റിന്റെ 2013-ലെ കോമ്പൻസേഷൻ ആക്ടുണ്ട്. സംസ്ഥാനത്ത് ഭൂമിയെടുക്കുമ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ ഒന്നുകൂടി മെച്ചപ്പെടുത്തി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2017-ൽ ഇറക്കിയ അധിക ആനുകൂല്യങ്ങൾ ഇതെല്ലാമുണ്ട്. സംഘർഷം നിലനിൽക്കുന്നുവെന്ന് പറഞ്ഞു. കുറച്ച് സംഘർഷം അവിടെയുണ്ട്. പക്ഷെ, പോലീസുകാർക്ക് നാട്ടുകാർ വെള്ളം കൊടുക്കുന്ന പടം കഴിഞ്ഞ ദിവസം ഞാൻ നിയമസഭയിൽ കാണിക്കുകയുണ്ടായി. ഇത് ഞാൻ ആമുഖമായി പറയുകയാണ്. അതെല്ലാം കേട്ടിട്ട് അങ്ങേയ്ക്ക് പറയാം.

ദേശീയപാത 66 നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. വികസനത്തെ തടയാനും ഇല്ലാതാക്കാനും ചില ആളുകൾ ശ്രമം നടത്തുന്നതായും കാണുന്നുണ്ട്. ഈ വിഷയത്തിൽ ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ് പൊതുമരാമത്ത് മന്ത്രിയായിരുന്നപ്പോൾ 2013-ൽ മലപ്പുറം ജില്ലയിലെ എൻ.എച്ച്. വികസനത്തിനുള്ള 3A വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ഭാഗത്തുനിന്നും സർവ്വേ ആരംഭിക്കുകയും ചെയ്തിരുന്നു. വളരെ വേഗത്തിൽ സർവ്വേ നടപടികൾ പുരോഗമിക്കുകയും യാതൊരു പ്രശ്നവും ഇല്ലാതെ മലപ്പുറം ജില്ലയിലെ പൊന്നാനി വരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. അതിനുശേഷമുള്ള ഭാഗങ്ങളിൽ സർവ്വേയ്ക്ക് ചെന്നപ്പോൾ പ്രതിഷേധങ്ങളുണ്ടായി. ജില്ലാ കളക്ടറെ വിളിച്ച് സർവ്വേ അടിയന്തരമായി നിർത്തിവയ്ക്കാൻ അന്നത്തെ സർക്കാർ ആവശ്യപ്പെടുകയായിരുന്നു. പിന്നീട് ഇക്കാര്യത്തിൽ യാതൊരു താല്പര്യവും കഴിഞ്ഞ സർക്കാർ കാണിച്ചില്ല, അതാണ് പ്രശ്നം. നിങ്ങൾക്ക് അത് പരിഹരിക്കാമായിരുന്നല്ലോ. 2013 കഴിഞ്ഞ് പിന്നെ മൂന്നുവർഷം കൂടിയുണ്ടായിരുന്നു. ഇങ്ങനെയൊക്കെ ഉണ്ടായിരുന്ന കാലതാമസം നിങ്ങൾക്ക് എത്രമാത്രം ക്ഷീണം ഉണ്ടാക്കിയെന്നും അതുകൊണ്ട് നിങ്ങൾക്ക് പുതിയ നിലപാട് സ്വീകരിക്കേണ്ടി വന്നുവെന്നുമുള്ളത് ഇപ്പോൾ

ആളുകൾ കാണുകയാണ്. സർക്കാരിന്റെ താല്പര്യമില്ലായ്മയും നിസ്സഹകരണവും കാരണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഇതിൽനിന്നും പിൻമാറി. ഈ വസ്തുതകളൊന്നും പത്രക്കാർക്ക് പ്രശ്നമല്ല. ഇത് കേട്ടതിനുശേഷമെങ്കിലും ഇതുസംബന്ധിച്ച് അന്വേഷിക്കണമെന്ന് പ്രധാനപ്പെട്ട പത്ര-വാർത്താ മാധ്യമ ലോകത്തോട് ഞാൻ പറയുകയാണ്. നിങ്ങൾക്ക് എതിരായിട്ടായാലും തെറ്റ് പറയാൻ പാടില്ലല്ലോ. നമുക്ക് നീതിയും ന്യായവും മാധ്യമങ്ങളിൽ നിന്ന് ലഭിക്കണം. അവർ സത്യമല്ലേ പറയേണ്ടത്. നിങ്ങളാണ് തുടങ്ങിയതെന്ന് അവർ പറയുന്നില്ല. നിങ്ങൾ പിൻമാറാനുള്ള കാരണമൊക്കെ നിങ്ങൾക്കറിയാം, ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. തുടർന്ന്, 2013-ലെ നോട്ടിഫിക്കേഷന്റെ കാലാവധി തീർന്നു. അത് സാങ്കേതികമായി de novo ആകുമെന്ന് പറയും. നിങ്ങൾ തന്നെ 2014-ൽ ഇറക്കിയ നോട്ടിഫിക്കേഷനിൽ സ്റ്റേറ്റിന് ഭൂമി കൊടുക്കുമ്പോൾ കൊടുക്കുന്ന അഡീഷണൽ ആനുകൂല്യങ്ങൾ സംബന്ധിച്ച് ഒരുവാക്ക് പറഞ്ഞിട്ടുണ്ട്. de novo ആയാലും അതിന്റെ നടപടികൾ സർക്കാർ പറയാതെ തുടങ്ങരുതെന്ന് പറഞ്ഞിട്ട് അതിനെ ലംഘിച്ചുകൊണ്ട് de novo ആകുവാൻ നിങ്ങൾ സമ്മതിച്ചു. നിങ്ങൾ മിണ്ടിയിട്ടില്ല. സർക്കാർ പറയാതെ de novo ആയിട്ടും തുടർന്നുവെന്ന് പറയുന്നത് നിങ്ങളുടെ നോട്ടിഫിക്കേഷനിലാണുള്ളത്. ഞങ്ങളും അതംഗീകരിക്കുകയാണ്. കാരണം, de novo ആയപ്പോൾ എൻ.എച്ച്.എ.ഐ. അതിൽനിന്നും പിന്മാറി. അന്നത്തെ അലൈൻമെന്റിൽ എത്ര കെട്ടിടങ്ങൾ ഉൾപ്പെടുമെന്നുള്ളത് അതുകാരണം കണക്കാക്കാൻ കഴിഞ്ഞില്ല, സർവ്വേ പൂർത്തിയായില്ല. എൻ.എച്ച്.എ.ഐ. വീണ്ടും ഏറ്റെടുക്കുവാൻ തീരുമാനമാകുകയും ഇപ്പോൾ തുടർനടപടികളുമായി മുന്നോട്ടു പോകുകയുമാണ്. ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അലൈൻമെന്റ് മാറ്റുന്ന കാര്യത്തിൽ പ്രത്യേകമായ ഒരു നിർദ്ദേശവും നല്കിയിട്ടില്ല. ഞങ്ങൾ അതിൽ നേരിട്ട് ഇടപെട്ടിട്ടില്ല. എൻ.എച്ച്.എ.ഐ. അംഗീകരിച്ച് അലൈൻമെന്റിന് അനുമതി നൽകുന്നതിനുമുമ്പ് ജില്ലയിലെ എം.എൽ.എ.-മാർക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കും അവരുൾപ്പെടെയുള്ള മറ്റ് ജനപ്രതിനിധികൾക്കും വിശദീകരിച്ചു നൽകുന്നതിനും വസ്തുതകൾ ബോധ്യപ്പെടാനും ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് 3 യോഗങ്ങൾ ചേർന്നു. അവസാനത്തെ യോഗം 2018-ലാണ് ചേർന്നിട്ടുള്ളത്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞത് ആവർത്തിക്കുന്നില്ല.

അവരുടെ നിർദ്ദേശങ്ങൾ ഭൂരിപക്ഷവും സ്വീകരിച്ചെങ്കിലും ചില നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല, സ്വീകരിച്ചില്ല. അതിന്മേലായിരിക്കണം ഇപ്പോൾ പ്രശ്നം നടക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 29-5-2017-ൽ ജില്ലാ കളക്ടർ അലൈൻമെന്റ് സർക്കാരിലേയ്ക്ക് നൽകുകയായിരുന്നു. ഇക്കഴിഞ്ഞ 17-3-2018-ൽ അങ്ങയുടെ ശ്രദ്ധ ക്ഷണിക്കലിലും ഈ തീയതി ഞാൻ ക്വാട്ട് ചെയ്തു. 17-3-2018-ന് എം.എൽ.എ.-മാരുമായും വീണ്ടും യോഗം ചേർന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഭൂമിയെടുപ്പ് നടപടികളുമായി മുന്നോട്ടുപോകുന്നത്. കുറ്റിപ്പുറം ഭാഗത്തുനിന്നും തുടങ്ങി വളരെ നല്ല രീതിയിലും വേഗത്തിലും വളാഞ്ചേരി ഭാഗംവരെ സർവ്വേയും കല്ലിടലും പൂർത്തിയായിട്ടുണ്ട്. അവിടെ സമാധാനപരമായി കാര്യങ്ങൾ നടന്നു, പക്ഷെ നിങ്ങളുടെ അനുയായികൾ ഒരു ആവശ്യവുമില്ലാതെ ഇതിൽ കക്ഷിയല്ലാത്ത, കെ. ടി. ജലീൽ മിനിസ്റ്ററുടെ വീട്ടിലേയ്ക്ക് മാർച്ച് നടത്തി. അതിന്റെ ആവശ്യമെന്താണ്, അദ്ദേഹം എന്ത് പിഴച്ചു? ഇനിയിപ്പോൾ നിങ്ങളുടെയൊക്കെ വീട്ടിലേയ്ക്ക് മാർച്ച് നടത്തും, തിരിച്ചും ചെയ്യാമല്ലോ. അങ്ങനെയൊന്നും ചെയ്യാൻ പാടില്ല; ഇതൊന്നുമല്ല പരിഹാരമാർഗ്ഗം. മാർച്ച് നടത്തിയതിനെ ഞാൻ ആക്ഷേപിക്കുന്നതല്ല, മാർച്ച് നടത്തിയത് പത്രത്തിൽ കണ്ടതുകൊണ്ട് പറയുകയാണ്. കുറ്റിപ്പുറം ഭാഗത്തുനിന്നും തുടങ്ങി വളാഞ്ചേരി വരെ സർവ്വേയും കല്ലിടലും പൂർത്തിയായി. അലൈൻമെന്റ് ബാധിക്കുന്ന ഓരോ പഞ്ചായത്തിലേയും ഭൂവുടമകളെ വിളിച്ചുചേർത്ത് നഷ്ടപരിഹാരം ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദീകരിക്കാനും സംശയങ്ങൾ ദൂരീകരിക്കാനും ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ യോഗം നടത്തിവരികയാണ്. അതുകൊണ്ട് പബ്ലിക്കുമായി ചർച്ച ചെയ്തില്ലെന്നുള്ള അങ്ങയുടെ ആശങ്ക ശരിയല്ല. വികസനത്തെ അനുകൂലിക്കുന്ന മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊന്നും ഇതുവരെ എതിർപ്പ് ഉയർത്തിയിരുന്നില്ല. എന്നാൽ ഏറ്റവും പരിണിതപ്രജ്ഞനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കഴിഞ്ഞ ദിവസം ഒരു സ്റ്റേറ്റ്മെന്റ് ഇറക്കിയതോടുകൂടിയാണ് ലീഗിന് ഇതിൽ അസ്വാസ്ഥ്യം ഉണ്ടെന്ന് ഞാൻ മനസ്സിലാക്കിയത്. എന്നോടും പറഞ്ഞിട്ടില്ല, സി.എം.-നോടും പറഞ്ഞിട്ടില്ല. സി.എം.-നെ കാണണമെന്ന് പറയുന്നു, കണ്ട് സംസാരിക്കട്ടെ. ലീഗ് തീരുമാനിച്ചോയെന്ന് അറിയില്ല, അദ്ദേഹം എം.പി.യാണ്. അദ്ദേഹത്തിന്റെ അടുത്തുവന്ന പ്രശ്നമാണ്. എന്നാലും മുഖ്യ രാഷ്ട്രീയപാർട്ടികളൊന്നും സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടില്ല. ഒരാഴ്ച കൂടി കിട്ടിയാൽ സർവ്വേ പൂർത്തീകരിക്കാവുന്നതാണ്. എന്നാൽ പ്രതീക്ഷിച്ചതിലും വേഗത്തിൽ

വികസന പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത് കണ്ടപ്പോൾ ചിലർ പ്രതിഷേധവുമായി വരാൻ തുടങ്ങിയിട്ടുണ്ട്. ചില മാധ്യമങ്ങളും തെറ്റായ വാർത്തകൾ നൽകി ജനങ്ങളിൽ ആശങ്കയുണ്ടാക്കുന്നുണ്ട്. ഇപ്പോൾ പ്രശ്നമായി പറയുന്നത്, എ.ആർ. നഗർ പഞ്ചായത്തിലെ കിലോമീറ്റർ 272/900-ത്തിലും 273/400-ലുമുള്ള വളവുകൾ, ഇടിമുഴിക്കൽ വളവ് എന്നിവ ഐ.ആർ.സി. സ്പെസിഫിക്കേഷൻ അനുസരിച്ച് ശരിയാക്കുന്നതിനായി നിശ്ചയിച്ച അലൈൻമെന്റിന് എതിരായിട്ടാണ് എന്നാണ്. അതാണ് ഇപ്പോൾ ഉണ്ടാകുന്ന പ്രതിഷേധം. ഈ ഭാഗത്ത് എൻ.എച്ച്.എ.ഐ. രണ്ട് ഓപ്ഷൻ വച്ചിട്ടുണ്ട്. ഒരു ഓപ്ഷൻ സ്വീകരിച്ചാൽ ഒരു ക്ഷേത്രവും ഒരു പള്ളിയും പോകും. അത് ഒഴിവാക്കിയുള്ള ഓപ്ഷൻ എടുത്താൽ ഏകദേശം 32-ഓളം വീടുകളെ ബാധിക്കും. ആരാധാനലയങ്ങളെ ഒഴിവാക്കിയുള്ള ഓപ്ഷനാണ് ഇപ്പോൾ പരിഗണിക്കുന്ന തെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിൽ ഏത് ഓപ്ഷൻ വേണമെന്ന് പഞ്ചായത്ത് ഭരണസമിതിയും എം.എൽ.എ.-മാരും തീരുമാനിച്ച് അനുവാദം വാങ്ങിത്തന്നാൽ എൻ.എച്ച്.എ.ഐ. അധികാരികളോട് സംസാരിക്കാം. യാതൊരു തരത്തിലുമുള്ള മുൻധാരണയും ഗവൺമെന്റിനില്ല. പക്ഷെ ഗവൺമെന്റിന്റെ ഒരു പ്രിഫറൻസ് ഞാൻ പറയാം. ആ പ്രിഫറൻസ് എന്താണെന്നുവച്ചാൽ, ഖബർസ്ഥാനത്ത് കൈവയ്ക്കാൻ ഗവൺമെന്റില്ല. നാഷണൽ ഹൈവേ അല്ല, സ്വർഗ്ഗം പണിയണമെന്നു പറഞ്ഞാലും ഖബർസ്ഥാനത്ത് കൈവയ്ക്കുവാൻ ഞങ്ങളായിട്ടില്ല. പള്ളി അധികാരികൾ മതപരമായ ആചാരങ്ങൾ അനുഷ്ഠിച്ച് അതെവിടേയ്ക്കെങ്കിലും മാറ്റാൻ തയ്യാറുണ്ടെങ്കിൽ അത് പറഞ്ഞാൽ മതിയാകും. ഒരു ക്ഷേത്രത്തിന്റെയും പ്രതിഷ്ഠ ഇളക്കാൻ ഞങ്ങളില്ല. അൾത്താരയും തല്ലിപ്പൊളിക്കാൻ ഞങ്ങളില്ല. അതുകൊണ്ടാണ് എൻ.എച്ച്. അതോറിറ്റിയും സംസ്ഥാന ഗവൺമെന്റും ഇതൊന്നും നഷ്ടപ്പെടാതിരിക്കാൻ 32 വീടുകൾ ഡിസ്പ്ലെയ്സ് ചെയ്യേണ്ടിവരുമെന്ന് പറഞ്ഞത്. അത് യാഥാർത്ഥ്യമാണ്. അതിൽ ഏത് വേണമെന്നുള്ളത് നമുക്ക് ആലോചിക്കാം. അതിന് വാക്കൗട്ടിന്റെ ആവശ്യമില്ല. വേണമെങ്കിൽ ബന്ധപ്പെട്ട എം.എൽ.എ.-യെയും അത്യാവശ്യം മറ്റ് എം.എൽ.എ.-മാരെയും കളക്ടറെയും പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയെയും വിളിച്ച് യോഗം നടത്താം. യോഗത്തിൽ എൻ.എച്ച്.എ.ഐ.-യെയും വിളിക്കുന്ന കാര്യത്തിൽ യാതൊരു പ്രശ്നവുമില്ല. മുസ്ലീം ലീഗ് പൊതുവെ വികസനത്തോട് യോജിക്കുന്നവരാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിങ്ങൾക്ക് ആശങ്കകൾ

ഉണ്ടെങ്കിൽ, ഇതിന്റെ അടിസ്ഥാനത്തിൽ മാറ്റാനല്ലാതെ നമുക്ക് നിയമം മാറ്റാൻ അധികാരമില്ല. പിന്നെ കോമ്പൻസേഷന്റെ കാര്യം പറഞ്ഞു. ഗവൺമെന്റ് ഭൂമി എടുക്കുമ്പോൾ, നിങ്ങളുടെ ഭരണകാലത്ത് 2014-ൽ ഇറക്കിയ നോട്ടിഫിക്കേഷനിൽ കുറച്ചുകൂടി മോഡിഫിക്കേഷൻ വരുത്തി ആനുകൂല്യം കൊടുത്തുകൊണ്ട് പുതുക്കിയ നോട്ടിഫിക്കേഷന് പുറമെ, ദേശീയ ഗവൺമെന്റ് 2013-ൽ അനുവദിച്ച കോമ്പൻസേഷൻ മോശമല്ലെങ്കിലും അതിൽക്കൂടുതൽ ആനുകൂല്യം നൽകണമെന്ന് യുനാനിമസ്സായി ഈ അസംബ്ലിയിൽ ആവശ്യപ്പെടാനും ഞങ്ങൾ തയ്യാറാണ്. കോമ്പൻസേഷനായി നല്ല പൈസ കിട്ടണം. വ്യക്തിയോ, സ്ഥാപനമോ ഡിസ്പ്ലെയ്സ് ചെയ്യപ്പെടുമ്പോൾ ഈ നാട്ടിൽ അവരുടെ സോഷ്യൽ സ്റ്റാറ്റസ് എന്തായിരുന്നോ അതിൽനിന്നും 0.1 സെന്റീമീറ്റർപോലും താഴേയ്ക്ക് പോകാൻ ഗവൺമെന്റ് അനുവദിക്കില്ല. എവിടെ അവരെ മാറ്റി താമസിപ്പിച്ചാലും അതേ സ്റ്റാറ്റസ് അവർക്ക് കൊടുക്കണമെന്ന് ഈ നോട്ടിഫിക്കേഷനിലുണ്ട്. അതിൽ ഉറച്ചുനിൽക്കുകയാണ്. അവിടെ 32 വീടുകളെ ബാധിക്കുമെന്ന് ഞാൻ പറഞ്ഞു. ഈ രണ്ട് ഓപ്ഷനുകളിൽ ഏത് വേണമെന്ന് എല്ലാവരും കൂടി ആലോചിച്ച് പറയാൻ ഞാൻ പറഞ്ഞു. അത് പഞ്ചായത്തുകാരും പറഞ്ഞേ മതിയാകൂ. കീഴാറ്റൂരിൽ പറയുന്നതുപോലെ, ഞങ്ങൾക്ക് ഒന്നും പറയാനില്ല, നിങ്ങൾ വേണമെങ്കിൽ തീരുമാനിച്ചോളൂ എന്നുപറഞ്ഞ് ഒഴിയുന്ന പരിപാടി നടക്കില്ല. അവിടെ സമരം ചെയ്യുന്നവരോട് ഞാൻ നേരിട്ട് ചോദിച്ചപ്പോൾ അവർ പറഞ്ഞത്, ഞങ്ങൾക്ക് ഒന്നും പറയാനില്ല, നിങ്ങൾ വേണമെങ്കിൽ നടത്തിക്കൊള്ളൂവെന്നാണ്. വ്യക്തമായ അഭിപ്രായം അവിടെ നിന്നും വരേണ്ടതായിട്ടുണ്ട്. സ്വന്തം വീടും സ്ഥലവും പോകുമ്പോൾ സ്വാഭാവികമായും വിഷമമുണ്ടാകും. കീഴാറ്റൂരിലെ സമര സമിതിയിലെ ഒരു സുഹൃത്ത്, ഞാൻ പണ്ട് കേരള കൗമുദിയിൽ എഴുതിയ ഒരു കവിതയെക്കുറിച്ച് പോസ്റ്റിട്ടു. ഞാൻ ആ കവിത ഇപ്പോൾ ഓൺ ചെയ്യുകയാണ്. ദേശീയപാതയ്ക്ക് 60 മീറ്റർ എടുക്കുന്നതിനെതിരായിട്ടായിരുന്നു ആ കവിതയെന്ന് ഓർക്കണം. അന്ന് നിങ്ങൾ ഭരണപക്ഷവും ഞാൻ പ്രതിപക്ഷത്തുള്ള എം.എൽ.എ.-യും ആയിരുന്നു. ദേശീയ പാതയ്ക്ക് 60 മീറ്റർ വേണ്ടെന്ന് വച്ചിരിക്കുകയാണ്. ഇപ്പോൾ 45 മീറ്ററാണ്. 60 മീറ്റർ എന്നുപറയുമ്പോൾ എത്ര ഭൂമിയാണ് പോകുന്നത്. അതിന്റെ ആവശ്യമെന്താണ്? യഥാർത്ഥത്തിൽ 30 മീറ്റർ ക്യാബിനറ്റ് പാസ്സാക്കിക്കൊടുത്തതാണ്. അങ്ങനെ പാസ്സാക്കാൻ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. എ. കെ. ബാലനുമൊക്കെ

ശക്തമായി നിന്നതാണ്. ആരാണത് പൊളിച്ചത്. അത് ദുരുദ്ദേശ്യംകൊണ്ട് മാറ്റിയതല്ല. കുറച്ചുകൂടി നല്ല റോഡ് വേണമെന്നുള്ളതുകൊണ്ട് എല്ലാവരും സഹകരിച്ചു. ഇതല്ലേ യാഥാർത്ഥ്യം. ആ 30 മീറ്റർ ഇപ്പോഴും മനസ്സിലുണ്ട്. 50 വർഷമായി കേന്ദ്ര ഗവൺമെന്റ് സ്ഥലമേറ്റെടുത്ത് കുണ്ടും കുഴിയുമായി ഇട്ടിരിക്കുകയാണ്. അന്ന് 4 വരിപ്പാത ഉണ്ടാക്കിയിരുന്നെങ്കിൽ വല്ല പ്രശ്നവും ഉണ്ടാകുമായിരുന്നോ; ബാക്കിയുള്ള സ്ഥലം ഇപ്പോൾ കൂട്ടിച്ചേർത്താൽ പോരായിരുന്നോ? ഇതൊക്കെ ആലോചിക്കണം. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിച്ച നിരന്തര അവഗണനയുടെ ഫലമായി 30 മീറ്റർ സ്ഥലമെടുത്ത് 50 വർഷമാണ് വെറുതെ ഇട്ടിരുന്നത്. നവംബർ മാസം പണി തുടങ്ങുമെന്ന് പറയുന്നു. രാഷ്ട്രീയമായ അജണ്ടകൾ ഒന്നുമില്ലെങ്കിൽ ചിലപ്പോൾ തുടങ്ങിയേക്കും. ഞങ്ങളും നിങ്ങളും അതിനെല്ലാം തയ്യാറാണ്. വളരെ അക്കാദമിക് ആയി, ഗതാഗതപ്രശ്നമായി, നാടിന്റെ പുരോഗതിയുടെ പ്രശ്നമായാണ് പൊതുവെ എല്ലാവരും കാണുന്നതെങ്കിലും ചെറിയ ആവശ്യമില്ലാത്ത കാര്യങ്ങൾ ഉണ്ടാകുന്നത് നമുക്ക് ചർച്ചചെയ്ത് പരിഹാരമുണ്ടാക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. വീട് പോകുന്നവരുടെ വിഷമം അവർക്ക് മാത്രമേ അറിയുകയുള്ളൂ. അത് സത്യമാണ്. അതിന്റെ ഡീറ്റെയിൽസിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീ. കെ. എൻ. എ. ഖാദർ മുൻ കമ്മ്യൂണിസ്റ്റുകാരനാണ്. മുൻകമ്മ്യൂണിസ്റ്റുകാരെ സൂക്ഷിക്കണമെന്ന് ആചാര്യന്മാർ പറഞ്ഞിട്ടുണ്ട്, വ്യക്തിപരമായിട്ടല്ല. കമ്മ്യൂണിസ്റ്റ് മനസ്സുണ്ടെങ്കിലും പറയുന്നത് അതല്ല. അദ്ദേഹത്തോട് എനിക്ക് നല്ല ബഹുമാനമാണ്. താങ്കൾ പറയുന്ന കാര്യങ്ങൾ ഞാൻ ശ്രദ്ധിക്കാറുണ്ട്. ആ വഴിക്കൊന്നും ഞങ്ങളുടെ പ്രസ്ഥാനം ഇനി വരില്ല. താങ്കൾ വളരെ അറിവുള്ള മനുഷ്യനാണ്. അങ്ങ് ഇക്കാര്യത്തിൽ വസ്തുതകൾ മനസ്സിലാക്കി സംസാരിച്ചതിനുശേഷം ഞാൻ സംസാരിക്കാം. വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് എൽ.എ.ആർ.ആർ. 2013 ആക്ട് പ്രകാരം പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കാൻ ശ്രമിക്കും. അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുകയാണ് ജനപ്രതിനിധികളും ഗവൺമെന്റും ചെയ്യേണ്ടത്. മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലയിലുള്ളവർക്ക് യാത്രാക്ലേശം ഇല്ലാതെ പോകാനുള്ള നാടിന്റെ വലിയ സ്വപ്നമായ നാലുവരിപ്പാത പ്രശ്നങ്ങൾ സൃഷ്ടിച്ച് തടസ്സപ്പെടുത്തരുത്. നിങ്ങളുംകൂടി ആലോചിച്ച് തുടങ്ങിയ പദ്ധതിയിൽ ഞങ്ങൾ അത്യാവശ്യ മോഡിഫിക്കേഷനുകൾ മാത്രമാണ് നടത്തുന്നത്. കേന്ദ്ര ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിച്ചത്

നമുക്ക് നല്ല അവസരമാണ്. പഴയതുപോലെയല്ല, ഇപ്പോൾ പണി തുടങ്ങിയിരിക്കുകയാണ്. അതിന് തടസ്സം നിൽക്കുന്ന ഒന്നും നമ്മുടെ ഭാഗത്തുനിന്നും ബോധപൂർവ്വം ഉണ്ടാകാതിരുന്നാൽ മതി. Disputable സ്ഥലത്ത് 68 കിലോമീറ്ററിന് യാതൊരു മാറ്റവുമില്ല. 8 കിലോമീറ്റർ മാത്രമാണ് പ്രശ്നമുള്ളത്. എം.എൽ.എ.-മാരുടെ ചർച്ചയുടെ ഭാഗമായി 4 ബൈപ്പാസ് ഉണ്ടായിരുന്നത് രണ്ടായി ചുരുക്കി. കോട്ടയ്ക്കൽ വളാഞ്ചേരി ഭാഗങ്ങളിലാണ് ഇപ്പോൾ ബൈപ്പാസ് വരുന്നത്. ബാക്കിയെല്ലാം ചുരുക്കി. എല്ലാം ജനങ്ങൾക്കുവേണ്ടിയാണ്. 30 മീറ്ററായാൽ സി.പി.ഐ.(എം.)-ന് എന്താണ് കുഴപ്പം? സി.പി.ഐ.(എം.)-ന്റെ ശക്തി കേന്ദ്രങ്ങളെല്ലാം പഴയകാലത്ത് ഗതാഗത സൗകര്യം ഇല്ലാത്തിടത്താണെന്ന് ഓർക്കണം. അത് പോലീസ് വരാതിരിക്കാൻ വേണ്ടിയായിരുന്നു. കൈനകരി പഞ്ചായത്തിൽ സി.പി.ഐ.(എം.) അല്ലാതെ മറ്റൊരു പാർട്ടിയിൽപ്പെട്ടവരും ഇല്ല. ഇപ്പോഴാണ് അവിടെ റോഡ് നിർമ്മിച്ചത്. ഞാൻ ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. കണ്ണൂരിലെ ഗ്രാമങ്ങൾ ഭൂരിപക്ഷവും കുഗ്രാമങ്ങളായിരുന്നു. അത് ഞങ്ങളുടെ കുറ്റമല്ല. അവിടെ റോഡ് തരില്ല. ജനങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. ഇപ്പോൾ ആ കാലമല്ല. ആധുനിക കേരളം കെട്ടിപ്പടുക്കുന്ന കാലമാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഭാരത്മാല പദ്ധതി വരികയാണ്. മറുപടി പറയുമ്പോൾ ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയാം. ബി.ജെ.പി. സമരം പ്രഖ്യാപിച്ചിരിക്കുകയാണെന്ന് ശ്രീ. നിതിൻ ഗഡ്കരി പറഞ്ഞു. അതുകേട്ട് ഭയപ്പെട്ട് കീഴാറ്റൂർ ചർച്ചചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിലേയ്ക്ക് പറന്നിരിക്കുകയാണെന്നാണ് പറയുന്നത്. അദ്ദേഹം കേന്ദ്ര കമ്മിറ്റിക്ക് പോയതാണ്. ആ കൂട്ടത്തിൽ സാധാരണ കാണുന്നതുപോലെ ശ്രീ. നിതിൻ ഗഡ്കരിയേയും കാണും. കൊട്ടും കുരവയുമില്ലാതെ അദൃശ്യമായ പ്രവർത്തനം അദ്ദേഹം നമുക്കുവേണ്ടി നടത്തിയിട്ടുണ്ടാകും. അദ്ദേഹം റെയിൽവേയുടെയും റോഡിന്റെയും കാര്യങ്ങൾ കേന്ദ്ര മന്ത്രിമാരുമായി സംസാരിക്കാറുണ്ട്. അത് അദ്ദേഹത്തിന്റെ ചുമതലയല്ലേ? അതൊക്കെ ശ്രീ. ഉമ്മൻ ചാണ്ടിയും മുൻകാലത്ത് ചെയ്തിട്ടുണ്ടാകും. ശ്രീ. പിണറായി വിജയൻ പോയത് കീഴാറ്റൂരിലെ കിളികളെ ഓടിക്കാൻ വേണ്ടിയല്ല. അദ്ദേഹം പോയത് സെൻട്രൽ കമ്മിറ്റിക്കാണ്. അത്തരം വാർത്തകൾ കൊടുത്താലും പത്രക്കാർ ഫ്രണ്ട് പേജിൽ ഇങ്ങനെ എഴുതാമോ? അവർ ചുമ്മാ എഴുതുകയാണ്. ഞാൻ പത്രക്കാരെ ആക്ഷേപിക്കുകയല്ല. എന്തിനാണ് നിങ്ങൾ കാര്യങ്ങൾ ഇങ്ങനെ ഊതിപ്പെരുപ്പിക്കുന്നത്.

പ്രൊപ്പോർഷൻ അനുസരിച്ച് പറഞ്ഞാൽ പോരെ? ഇത് കേരളത്തിലെ ഒന്നാമത്തെ പ്രശ്നമൊന്നുമല്ല. ഞാൻ അറിയാതെ പറഞ്ഞുവെന്നേയുള്ളൂ. ഇതൊരു ചെറിയ പ്രശ്നമാണ്. ദേശീയപാത പോകുന്നത് പള്ളിയും അമ്പലവും ഒക്കെയുള്ള സ്ഥലത്തുകൂടിയാണ്. പള്ളിയുടെ കാര്യത്തിൽ എന്തെങ്കിലും വിട്ടുവീഴ്ച ചെയ്യാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങളുടെ പാർട്ടി എന്താണ്? നിങ്ങൾ മതത്തോട് അത്രയും കൂറുള്ളവരല്ലേ? ഇസ്ലാം മതത്തോട് കൂറില്ലാത്തവരാണെന്ന് ഞാൻ പറയുന്നില്ല, അത് കുറച്ച് exploit ചെയ്യുവെന്നുള്ള അഭിപ്രായമാണ് നമുക്കുള്ളത്. മറ്റ് അഭിപ്രായ വ്യത്യാസമൊന്നുമില്ല. ശ്രീ. കെ. എൻ. എ. ഖാദർ സംസാരിച്ചതിനുശേഷം ഞാൻ പറയാം.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഒരു കാര്യം പറയാനുണ്ട്. വയൽക്കിളികളുടെ കാര്യം നഷ്ടക്കച്ചവടമാണ്. നിങ്ങൾ പ്രതിഷേധിച്ചോളൂ. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഭാരത്മാല പദ്ധതിയിൽ 83677 കിലോമീറ്റർ റോഡാണ് 5 വർഷം കൊണ്ട് ഇന്ത്യയിൽ പണിയാൻ പോകുന്നത്. അതിൽ 5 റോഡുകളിലായി നമുക്ക് 1700 കിലോമീറ്റർ റോഡുണ്ട്. കൊച്ചി-മധുര 167 കിലോമീറ്റർ, കോഴിക്കോട്-പാലക്കാട് 212 കിലോമീറ്റർ, കാസർഗോഡ്-തിരുവനന്തപുരം നാലുവരിപ്പാത 600 കിലോമീറ്റർ, മൈസൂർ-ഗുഡല്ലൂർ-മലപ്പുറം-കൊല്ലം-ചെങ്കോട്ട 1100 കിലോമീറ്ററുമുള്ള റോഡുകളാണ്. അവിടെ വയലുകളും കൃഷിഭൂമിയുമെല്ലാമുണ്ടാകും. അപ്പോൾ എന്താണ് ചെയ്യുന്നതെന്ന് ബി.ജെ.പി. പറയണം. പ്രധാനമന്ത്രിയുടെ ഭാരത്മാല പദ്ധതി ബി.ജെ.പി.-ക്ക് കൊലക്കയർ ആകുമോ എന്നുള്ളത് താമസിയാതെ അറിയാം. കാരണം ആവശ്യമില്ലാത്ത പണിക്കാണ് പോകുന്നത്. വിമാനത്താവള വിഷയത്തിൽ ശ്രീ. കുമ്മനം രാജശേഖരനും ശ്രീമതി സുഗതകുമാരിയും ഞങ്ങളും ഒരുമിച്ച് നിന്നാണ് ഒരുദിവസം കൈപിടിച്ചത്. അത് വേറെ കാര്യം. ഇത് ദേശീയ പാതയാണ്. കോടിക്കണക്കിന് ജനങ്ങൾക്ക് അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിക്കണം. സഞ്ചാര സ്വാതന്ത്ര്യം തടയാൻ ആര് ശ്രമിച്ചാലും അത് ശരിയാകില്ല. നിങ്ങൾ ആരും അങ്ങനെ ശ്രമിക്കുന്നവരല്ലെന്ന് അറിയാം. എല്ലാവരും പുനർചിന്തനം ചെയ്ത്, ഇപ്പോൾ ഇളക്കിവിട്ട പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് നോക്കണം. ഗവൺമെന്റിന് യാതൊരു പ്രശ്നവുമില്ല. ഞങ്ങൾ ഒന്നും ഇളക്കിവിടുന്നില്ല. ഗവൺമെന്റ് എല്ലാ തരത്തിലുള്ള ഓപ്ഷൻസിനും തയ്യാറാണ്. ഇതിൽ യാതൊരു ആശങ്കയും വേണ്ട. ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞോളൂ. മലപ്പുറത്ത് ഇപ്പോൾ വലിയ കുഴപ്പമൊന്നുമില്ല. ഗവൺമെന്റ് ഏത് തുറന്ന നിർദ്ദേശത്തിനും തയ്യാറാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ, മന്ത്രിമാരുടെ കൂട്ടത്തിൽ നല്ല അറിവുള്ള ഒരാളുടെ മുമ്പാകെ ഇങ്ങനെയൊരു സംഗതി അവതരിപ്പിക്കാൻ എനിക്ക് സന്തോഷം മാത്രമേയുള്ളൂ. മുസ്ലീം ലീഗിനുവേണ്ടി ഒരു ദേശീയപാതയും കേരളത്തിലല്ല, ഇന്ത്യയിലൊരിടത്തും നിർമ്മിക്കുന്നില്ല. മുസ്ലീം ലീഗ് എന്ന പാർട്ടി അടിസ്ഥാനത്തിലല്ല, പ്രതിപക്ഷത്തെ ഒരംഗമെന്ന നിലയിൽ, ഒരു ജനപ്രതിനിധി എന്ന നിലയിൽ എന്റെ ഒരവകാശം പ്രയോജനപ്പെടുത്തുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ദേശീയപാതാവികസനം വേണ്ടെന്ന് കേരളത്തിലെ ഒരു രാഷ്ട്രീയ കക്ഷിയും പറഞ്ഞിട്ടില്ല, മുസ്ലീം ലീഗും പറഞ്ഞിട്ടില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്തും അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇനി ഏത് സർക്കാർ അധികാരത്തിൽ വന്നാലും ഈ പരിശ്രമം തുടരേണ്ടതായിവരും. എന്തിനാണ് ദേശീയ പാത വികസിപ്പിക്കുന്നത്; എന്തിനാണ് 45 മീറ്റർ? ഇതിന്റെ ന്യായീകരണമൊന്നും ഈ സഭയിൽ ആർക്കും പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല എന്നെനിക്കറിയാം. വാഹന ഗതാഗതവും ജനത്തിരക്കും ബുദ്ധിമുട്ടുകളും കാരണം വിശാലമായ റോഡുകൾ ഉണ്ടാകണമെന്നുള്ള കാര്യത്തിലൊന്നും ആർക്കും തർക്കമില്ല. ഇരകളുടെ പ്രശ്നങ്ങൾ ഇരകൾ തന്നെ പറഞ്ഞിട്ടുള്ളതാണ്. അവർതന്നെ സ്വമേധയാ spontaneous ആയി ഒരു പബ്ലിക് അല്ലെങ്കിൽ mass upsurge എന്ന നിലയിലാണ് ഈ പ്രദേശങ്ങളിലൊക്കെ ഈ വിഷയം ഉത്ഭവിച്ചിട്ടുള്ളത്. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടി കുത്തിപ്പൊക്കി എന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. അങ്ങനെ ഒരാളും ചെയ്തിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ എ.ആർ. നഗറിലെയും അരീത്തോട്, വലിയപറമ്പ്, കൂരിയാട് തുടങ്ങി വേങ്ങര മണ്ഡലത്തിലും അതുപോലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ മൂടാൽ, വട്ടപ്പാറ, രണ്ടത്താണി തുടങ്ങിയ പ്രദേശങ്ങളും വള്ളിക്കുന്ന് മണ്ഡലത്തിലെ കാക്കഞ്ചേരി, ചേളാരി, ഇടിമുഴിക്കൽ, വെളിമുക്ക് തുടങ്ങിയ പ്രദേശങ്ങളും തിരൂർ നിയോജകമണ്ഡലത്തിലെ കൽപ്പകഞ്ചേരി, കഞ്ഞിപ്പുര, പുത്തനത്താണി തുടങ്ങിയ പ്രദേശങ്ങളും തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കക്കാട്, പാലച്ചിറമാട്, വെന്നിയൂർ, കോഴിച്ചെന തുടങ്ങിയ പ്രദേശങ്ങളും മലപ്പുറം ജില്ലയിലാണ്. പിന്നെ അഴിയൂർ മുതൽ വെങ്ങളം വരെയും കാസർഗോഡുള്ള പല പ്രദേശങ്ങളിലും ഈ പ്രശ്നമുണ്ട്. ഞാൻ ചൂണ്ടിക്കാണിച്ച ഈ പ്രദേശങ്ങളിലൊക്കെ ഇതുപോലുള്ള വലിയ പ്രതിഷേധങ്ങളും സംഘർഷാത്മകമായ അന്തരീക്ഷവുമുണ്ട്. അതൊന്നും പുറത്തുനിന്നുള്ള ഒരാളും പോയി ഉണ്ടാക്കിയതല്ല. അതാത് പ്രദേശത്തെ ആളുകളാണ്. ആർക്കെങ്കിലും ഒരാപത്ത് നേരിടുമ്പോൾ പുറത്തുനിന്ന് ആളുകൾ ചെല്ലുകയെന്നത് സ്വാഭാവികമാണ്.

ഞാനും ബഹുമാനപ്പെട്ട മന്ത്രിയും തിരുവനന്തപുരത്തുകാരല്ല. നമ്മളിവിടെ വന്നത് ഇവിടെ എന്തെങ്കിലും കുത്തിപ്പൊക്കാനല്ല, ചില സംഗതികൾ നടത്താൻ വേണ്ടിയാണ്. ആറേഴ് കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ അവതരിപ്പിക്കാനുള്ളത്. ഒന്ന്, ഇരകൾക്ക് എന്ത് പ്രതിഫലം ലഭിക്കുമെന്ന് പ്രശ്നപ്രദേശങ്ങളിൽ യോഗങ്ങൾ വിളിച്ചുചേർത്ത് വിശദീകരിക്കണം. ഇരകളെ ബോധ്യപ്പെടുത്തണമെന്ന ആവശ്യം കഴിഞ്ഞ 17-ാം തീയതി മലപ്പുറത്ത് ചേർന്ന യോഗത്തിൽ എം.എൽ.എ.-മാർ ഉന്നയിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ സ്ഥലത്തുമാത്രം ഇതിനകം യോഗം ചേർന്നിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിലും യോഗം ചേർന്ന് ഈ പ്രശ്നങ്ങൾ ബോധ്യപ്പെടുത്തേണ്ടത് ആവശ്യമാണ്. എന്തിനുവേണ്ടിയാണ് സ്ഥലം എടുക്കുന്നത്, എത്ര രൂപ പ്രതിഫലം ലഭിക്കും, അത് എങ്ങനെയാണ് നൽകുന്നത്, എന്നാണ് കൊടുക്കുന്നത് എന്നുള്ള അവ്യക്തതകൾക്ക് അറുതിവരുത്തുന്നതിനുവേണ്ടി അത്തരം പ്രദേശങ്ങളിൽ യോഗങ്ങൾ വിളിക്കണമെന്നതാണ് ഒന്നാമത്തെ ആവശ്യം. രണ്ടാമത്തെ ആവശ്യം, നിലവിലുള്ള റോഡും അതിന്റെ ഇരു പാർശ്വങ്ങളും പ്രയോജനപ്പെടുത്തി തികയാതെ വരുന്ന ഭൂമി മാത്രം രണ്ടുവശങ്ങളിലും ഏറ്റെടുക്കുന്ന വിധം അലൈൻമെന്റിൽ ആവശ്യമാണെങ്കിൽ മാറ്റം വരുത്തണം. ആ അലൈൻമെന്റ് ശരിയാണോ, പരാതിക്കാർ പറയുന്നതിൽ കഴമ്പുണ്ടോയെന്ന് അന്വേഷിച്ചിട്ട് അത്തരം നടപടികൾ സ്വീകരിക്കണം. മൂന്ന്, വീടും കടകളും സ്ഥാപനങ്ങളും ജീവനോപാധികളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തുക സാദ്ധ്യമാകുന്ന അത്രയും ഉയർത്തുകയും കഴിയുമെങ്കിൽ നെഗോഷ്യബിൾ പർച്ചേസ് നടത്തി വാങ്ങാൻ ശ്രമിക്കുകയും വേണം. നാല്, ഇതുസംബന്ധിച്ച് എല്ലാ ആശങ്കകളും പരിഹരിക്കത്തക്കവിധം ഉദ്ദേശിക്കുന്ന പാക്കേജും മറ്റ് കാര്യങ്ങളും സുതാര്യമാക്കുവാൻ മാധ്യമങ്ങൾ വഴിയും അല്ലാതെയും പ്രത്യേകമായ പരസ്യം നൽകി സർക്കാർ ഇത് പരസ്യമായി പറയണം. അഞ്ച്, കാര്യങ്ങൾ നയപരമായി അവതരിപ്പിക്കാൻ കഴിയുന്ന, മനുഷ്യരോട് നന്നായി പെരുമാറുന്നവരും മനുഷ്യത്വമുള്ളവരുമായ ഉദ്യോഗസ്ഥരെ ഇതിന്റെ നടത്തിപ്പിനും പദ്ധതിയുടെ ചുമതലയ്ക്കുംവേണ്ടി നിയോഗിക്കുകയും ജനങ്ങളുടെ വിചാര വികാരങ്ങളും അവരുടെ ഭാഷയും അറിയുന്ന ആളുകളെ ഈ പ്രവൃത്തിക്ക് പറഞ്ഞയയ്ക്കുകയും ചെയ്യണമെന്നുള്ളതാണ്. ആറ്, എം.എൽ.എ.-മാരും പഞ്ചായത്ത് മുനിസിപ്പൽ ഭരണസമിതി അംഗങ്ങളുമാണ് ഈ ഭൂമി ഏറ്റെടുക്കുന്നതും ഹൈവേ നിർമ്മിക്കുന്നതും എന്ന മട്ടിൽ കരുതിക്കൂട്ടി രാഷ്ട്രീയ ലാഭത്തിനുവേണ്ടി ചിലർ എം.എൽ.എ.-മാർക്കെതിരെ ജനരോക്ഷം ഉണ്ടാകത്തക്ക രീതിയിലുള്ള ദുഷ്പ്രചരണങ്ങൾ നടത്തിവരുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങൾക്ക് ഇതിന്റെ കൂടെനിന്ന് ശക്തമായി പൊരുതേണ്ടുന്ന ഒരു സാഹചര്യമുണ്ടായത്. ഞങ്ങളോ

പഞ്ചായത്ത് ഭരണസമിതിയോ ആണോ ഇതു ചെയ്യുന്നത്; ഇത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചെയ്യുന്ന ഒരു പണിയാണ്. ഏത് ഗവൺമെന്റ് ഭരിക്കുന്ന കാലത്തും ഗവൺമെന്റിനല്ലേ അതിന്റെ ഉത്തരവാദിത്വം; അതിനാവശ്യമായ സഹായസഹകരണങ്ങളും ജനങ്ങളുടെ അഭിപ്രായവും നിങ്ങളുടെ മുമ്പാകെ പറയുന്ന പണി മാത്രമല്ലേ ഞങ്ങൾക്കുള്ളൂ. ഞങ്ങളാണ് ഇത് ചെയ്യുന്നതെന്ന മട്ടിൽ നടത്തുന്ന ദുഷ്പ്രചരണങ്ങൾ അവസാനിപ്പിക്കണം. നഷ്ടപരിഹാരത്തിന് പുറമേ ഒരു റീഹാബിലിറ്റേഷൻ പാക്കേജ് വേണം. ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിംകുഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന യു.ഡി.എഫ്. ഭരണകാലത്ത് ഒരു റീഹാബിലിറ്റേഷൻ പാക്കേജ് എല്ലാ നഷ്ടപരിഹാരത്തിനും പുറമേ കൊടുത്തിരുന്നു. ആ റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം മുടാൽ, കഞ്ഞിപ്പുര പ്രദേശത്ത് ഒരു ഏക്കർ സ്ഥലമെടുത്ത് ഭൂമി നഷ്ടപ്പെട്ടവർക്ക് വീട് പണിയാൻ സൗകര്യം ചെയ്തുകൊടുത്തിരുന്നു. കൊച്ചിൻ മെട്രോയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടും ഇതുപോലെ ചെയ്തിട്ടുണ്ട്. അഡീഷണലായ സൗകര്യങ്ങളും റീഹാബിലിറ്റേഷൻ പാക്കേജും ഇതിന് അത്യാവശ്യമായ കാര്യമാണ്. അത്തരമൊരു പാക്കേജ് ഇത്തവണയും ആവശ്യമാണെന്നാണ് എനിക്ക് പ്രധാനമായും ബോദ്ധ്യപ്പെടുത്താനുള്ളത്. അതുപോലെതന്നെ ഈ വിഷയത്തിൽ ഓരോ പ്രദേശത്തും ഇപ്പോൾ നടക്കുന്നത് എന്താണെന്ന് അറിയുന്നതിനുവേണ്ടി, അവിടെ ഈ പറയുന്നത് ശരിയാണോ; അന്യ നാട്ടുകാർ വന്ന് പ്രശ്നമുണ്ടാക്കുന്നതാണോ ആ പ്രദേശത്തുള്ളവർ ഇതിന്റെ കൂടെയുണ്ടോ എന്താണ് ഈ സമരമുണ്ടാകാനുള്ള കാരണം, ആരാണ് കുത്തിപ്പൊക്കിയത് എന്നൊക്കെ അറിയണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോ മന്ത്രി നിയോഗിക്കുന്ന ആളുകളോ ആ പ്രദേശം സന്ദർശിച്ചാൽ മതിയാകും. അങ്ങനെയൊരു സന്ദർഭമുണ്ടാകുന്നത് നല്ലതാണ്. അതുപോലെ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിക്കൂടേ? ഗവൺമെന്റ് സർവ്വകക്ഷി യോഗം വിളിച്ചുചേർത്ത് ഒരു അമിക്കബിൾ സെറ്റിൽമെന്റിൽ എന്തൊക്കെയാണ് ഗവൺമെന്റ് നിലപാട്, ഈ സഭയിൽ പറഞ്ഞതിനു പുറമേ അത് എല്ലാ കക്ഷികളെയും ബോധ്യപ്പെടുത്തി എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രധാനനേതാക്കൾ ഈ വിഷയത്തിൽ ഒരു നിലപാട് സ്വീകരിക്കട്ടെ; അതല്ലേ ആവശ്യമായിട്ടുള്ളത്? ഇത് മുസ്ലീം ലീഗിന്റെ നേതൃത്വം പറഞ്ഞതുകൊണ്ടൊന്നുമല്ല, ഞങ്ങളുടെ പ്രദേശത്ത് ജയിച്ചവർ ഞങ്ങളായതുകൊണ്ട് ആളുകൾ ഞങ്ങളോട് സഹായം ആവശ്യപ്പെടുന്നു, ഗവൺമെന്റിൽ പറയണമെന്ന് പറയുന്നു. മാർക്സിസ്റ്റ് പാർട്ടി ജയിച്ച സ്ഥലത്ത് അവരോട് പറയും. കോൺഗ്രസ് ജയിച്ച സ്ഥലത്ത് അവരോട് പറയും. അവരുടെ ജനപ്രതിനിധികൾ ഞങ്ങളായിപ്പോയി. ഞങ്ങളെന്ത് ചെയ്യാനാണ്; മലപ്പുറത്ത് ഞങ്ങൾ ജയിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരു നിർവ്വാഹവുമില്ലല്ലോ. പിന്നെ

പോലീസിന് വെള്ളം കൊടുക്കുന്നത് കണ്ടുവെന്ന് പറഞ്ഞു. വെള്ളം കിട്ടാത്ത ധാരാളം സ്ഥലങ്ങളുണ്ട്. ചില സ്ഥലത്ത് വെള്ളം കൊടുത്തിട്ടുണ്ടാകും. മലപ്പുറത്തുകാർ വലിയ ആതിഥ്യമര്യാദയുള്ളവരാണ്. എത്ര എതിരായി മന്ത്രി ഇവിടെ പ്രസംഗിച്ചാലും മന്ത്രിക്ക് ആവശ്യമായിട്ടുള്ള എല്ലാവിധ സൗകര്യങ്ങളും ഭക്ഷണവുമൊക്കെ ഞങ്ങൾ തരും. അതൊരു പ്രശ്നമല്ല. അത് ഞങ്ങളുടെ ഒരു ആതിഥ്യമര്യാദയാണ്. അത് വളരെ പ്രസിദ്ധമായ ഒരു സംഗതിയാണ്. വെള്ളം കൊടുക്കുന്ന ഫോട്ടോ പത്രത്തിൽ വന്നുവെന്നുള്ളതുകൊണ്ട് പ്രശ്നം അവസാനിക്കുന്നില്ല. വാസ്തവത്തിൽ നമുക്ക് നേരിട്ട് അനുഭവപ്പെട്ടെങ്കിൽ മാത്രമേ മനസ്സിലാകുകയുള്ളൂ. ഒരുപാട് കാലമായി അധ്വാനിച്ച് ഒരു വീട് കഷ്ടിച്ച് ഉണ്ടാക്കി. എന്റെ പ്രദേശത്ത്, എ.ആർ. നഗറിൽ അരീത്തോടുള്ള 72 വീടുകളിൽ ഞാൻ പോയിരുന്നു. അവ പുതുതായി നിർമ്മിച്ച കഴിഞ്ഞയാഴ്ച ഗൃഹപ്രവേശം കഴിഞ്ഞ വീട്, ഇപ്പോൾ കെട്ടിക്കൊണ്ടിരിക്കുന്ന വീട്, ചെറിയ വീടുകൾ എന്നിവയാണ്. സ്ത്രീകൾ ഒക്കെ കരയുകയാണ്. ഒരു മനുഷ്യനും അവിടെ ചെന്നിട്ടില്ല. ഞാൻ ചെന്നതുകൊണ്ട് കരഞ്ഞതല്ല, ഞാൻ ചെന്നപ്പോൾ കരച്ചിൽ നിർത്തുകയാണ് ചെയ്തത്. അല്ലാതെ ഞാൻ കരച്ചിൽ ഉണ്ടാക്കുകയല്ല ചെയ്തത്. അങ്ങനെയുള്ള, ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളുടെ പ്രയാസം അറിയണമെങ്കിൽ അവിടെ പോകണം. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ച് ദേശീയപാതാ വികസനത്തിന് എതിരാണെന്ന പ്രയോഗം ദയവായി ഇനി നടത്തരുത്. ദേശീയ പാതാ വികസനത്തിന് ഇവിടെ ആരും എതിരല്ല, അവിടത്തെ ഇരകൾപോലും എതിരല്ല. അവരുപോലും നടത്തിപ്പിലെ വീഴ്ചകളെക്കുറിച്ചാണ് പറയുന്നത്. അവർക്ക് കാര്യമായി ബോധ്യപ്പെട്ടില്ല എന്നുള്ളതാണ് പരാതി. അവർക്ക് 2013-ലെ എൽ.എ.ആർ.ആർ. (ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ്) ആക്ടും 2017-ലെ നോട്ടിഫിക്കേഷനും ഒന്നും അറിയില്ല. അതൊക്കെ പറഞ്ഞ് മനസ്സിലാക്കികൊടുക്കാനുള്ള സൗകര്യങ്ങൾ വേണം. അതുപോലെ പള്ളിയും ക്ഷേത്രങ്ങളുമൊക്കെ നഷ്ടപ്പെടുത്തണമെന്ന് പറയുന്നില്ല, പക്ഷെ പരമാവധി ഗവൺമെന്റിന്റെ കയ്യിലുള്ള സ്ഥലം ഉപയോഗ പ്പെടുത്തിയതിനുശേഷം മാത്രമേ പ്രൈവറ്റ് സെക്ടറിൽനിന്ന് പ്രോപ്പർട്ടി എടുക്കാൻ പാടുള്ളൂ. എല്ലാ സ്ഥലങ്ങളിലും അതാണ് ചെയ്യുന്നത്. എന്റെ മണ്ഡലത്തിൽതന്നെ, റോഡിന്റെ ഇരു സൈഡും, നിലവിലുള്ള ഹൈവേയും അളന്നു നോക്കിയപ്പോൾ 48 മീറ്റർ ഉണ്ട്. 45 മീറ്റർ അല്ലേ നമുക്ക് വേണ്ടത്. അത്രയും സ്ഥലം എന്തിന് ഒഴിവാക്കിയിട്ടുവെന്നാണ് ആളുകൾ ചോദിക്കുന്നത്. എനിക്ക് ഉത്തരം പറയാൻ കഴിയുന്നില്ല. നിലവിലുള്ള ഹൈവേയും അതിന്റെ രണ്ട് പാർശ്വങ്ങളുമായി ചേരുമ്പോൾ 48 മീറ്ററുള്ള സ്ഥലത്ത്, പിന്നെ എന്തിനാണ് റോഡ് കയറിപ്പോയത് എന്നാണ്. അലൈൻമെന്റ് ഉണ്ടാക്കിയിരിക്കുന്നത്

അങ്ങനെയാണ്. എന്നിട്ട് ഏകദേശം 50 വീട് നശിപ്പിച്ചതിനുശേഷം വേറെ ഒരു സ്ഥലത്ത് വിജയശ്രീലാളിതനായി അലൈൻമെന്റ് പുറത്തുവരികയാണ്. ഈ നാശനഷ്ടങ്ങളൊക്കെ ഉണ്ടാക്കിയതിനുശേഷം, എന്താണ് അതിന്റെ ആവശ്യം; ഇപ്പുറത്ത് പള്ളിയും ക്ഷേത്രങ്ങളും ഉണ്ടെന്ന് പറഞ്ഞു. പള്ളിയും ക്ഷേത്രങ്ങളുമുണ്ടെങ്കിൽ അവരോട് നമുക്ക് സംസാരിക്കാം. അവർ വില്ലിംഗാണെങ്കിൽ നമുക്ക് സ്ഥലം എടുക്കാം. അപ്പോൾ ഈ പറയുന്നതിൽ വല്ല കഴമ്പുണ്ടോ; ആൾട്ടർനേറ്റീവായി വല്ല സംവിധാനവുമുണ്ടോ; ക്ഷമാപൂർവ്വം ശാന്തമായൊരു അന്തരീക്ഷത്തിൽ ഇതൊന്ന് നടത്തിക്കൂടെ; എല്ലാത്തിനും പ്രശ്നമുണ്ടാക്കുന്നതെന്തിനാണ്; എല്ലാത്തിനും ആളുകളെ പ്രകോപിപ്പിക്കുന്നത് എന്തിനാണ്; എന്തിനാണ് മുസ്ലീംലീഗും കോൺഗ്രസ്സും സി.പി.ഐ.(എം)ഉം എന്നൊക്കെ ഇതിൽ പറയുന്നത്. നമ്മളെല്ലാം മരണപ്പെട്ടുപോയാലും ഏതോ തലമുറയിൽ ഏതോ കാലത്ത് ജനിച്ചുവരുന്ന കുട്ടികൾക്കും ആളുകൾക്കും അന്ന് നിലവിലുള്ള പാർട്ടികൾക്കും കൂടി നടക്കാനുള്ള റോഡല്ലേ ഇത്. ഇത് നമുക്ക് വേണ്ടിയുള്ളതാണ്. എത്രയോ കാലം നിലനിൽക്കേണ്ടതാണ്. ആ ഒരു നിലപാടിൽ ശാന്തമായ ഒരു അന്തരീക്ഷത്തിൽ വികസനം പൂർത്തീകരിക്കുന്നതിന് ആവശ്യമാകുന്ന തരത്തിലുള്ള ക്ഷമയും സന്മനോഭാവവും സൗഹാർദ്ദ മനോഭാവവും അന്തരീക്ഷവും സൃഷ്ടിക്കുകയാണ് വേണ്ടത്. അത് എല്ലാവർക്കും ഗുണം ചെയ്യും. ഒരുപാട് കാര്യങ്ങൾ ബഹുമാനപ്പെട്ട മിനിസ്റ്ററുടെ മനസ്സിലിങ്ങനെ തിളച്ച് മറിയുകയാണ്. ആ തിരമാലകളിങ്ങനെ പുറത്തേയ്ക്കുവരികയാണ്. ആലപ്പുഴയാകുമ്പോൾ തിരമാലയുണ്ടാകുമല്ലോ. അദ്ദേഹം ഇങ്ങനെയൊക്കെ പറഞ്ഞാലും ഞങ്ങളാരും ക്ഷുഭിതരാകാറില്ല. കാരണം, ആ ഹൃദയത്തിന്റെ ഉള്ളിന്റെയുള്ളിൽ നന്മയുണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അദ്ദേഹം എന്നെക്കുറിച്ച് പറഞ്ഞ എല്ലാ ഉപചാരവാക്കുകൾക്കും ഞാൻ നന്ദി പറയുകയാണ്. At the same time ഈ വിഷയത്തിൽ നമുക്ക് കുറച്ച് ബുദ്ധിമുട്ടുണ്ട്. സത്യസന്ധമായി പറയുകയാണ്, ഞാൻ സാധാരണഗതിയിൽ ബഹളം വയ്ക്കാനോ വാക്കൗട്ടിനുവേണ്ടിയോ പറയുകയല്ല. ഈ വിഷയം വളരെ ഗൗരവമായി പരിഹരിക്കണം, ഇരകളെ ബോധ്യപ്പെടുത്തണം, ആവശ്യമുള്ളിടത്ത് അലൈൻമെന്റ് മാറ്റണം, അലൈൻമെന്റിൽ പരമാവധി ഗവൺമെന്റ് സ്ഥലം യൂട്ടിലൈസ് ചെയ്യണം, റീഹാബിലിറ്റേഷൻ പാക്കേജ് വേണം, സർവ്വകക്ഷി യോഗം വിളിക്കണം. ഈ സംഗതികളൊക്കെ നിറവേറ്റാൻ തയ്യാറാകണമെന്ന വിഷയം ഞാൻ മാത്രം പറഞ്ഞാൽ പോര. എല്ലാവരുടെയും അഭിപ്രായങ്ങൾ അറിയുന്നതിനുവേണ്ടി ഈ സഭ നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂളിൽ മാറ്റം വരുത്തി ചർച്ച ചെയ്യണമെന്നുമാത്രം അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: അദ്ദേഹം വളരെ ശാന്തമായി ഒരു ആവശ്യം ഉന്നയിച്ചിരിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സമാധാനവും ശാന്തതയുമാണ് അങ്ങയുടെ വാക്കുകളിലുള്ളത്. അങ്ങിൽ മഹാ സൂഫിയുടെയോ യോഗിയുടെയോ ശാന്തതയാണുള്ളത്. സൂഫിയായിട്ടൊന്നും പോകണ്ട, എം.എൽ.എ. ആയിരുന്നാൽ മതി. ഞാൻ അങ്ങനെ പറഞ്ഞുവെന്നേയുള്ളൂ. ഗവൺമെന്റിന് ഒരു പിടിവാശിയുമില്ലായെന്ന് പറഞ്ഞു കഴിഞ്ഞു. അതിന്റെ ആരംഭഘട്ടംവരെ യു.ഡി.എഫ്. ഇതിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളും പറഞ്ഞു. ഡിനോവ ആയപ്പോൾ ആ ഡിനോവ അഫക്ട് ചെയ്യാതെ തുടർനടപടികളുമായി മൂന്നുവർഷം പോയില്ല എന്നൊരു പ്രശ്നമുണ്ടായത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. ഞാൻ അപ്പോൾ അത് ശ്രദ്ധിച്ചിട്ടില്ല. ദേശീയപാത ഇല്ലാതിരിക്കാൻ കഴിയില്ല. ഇപ്പോൾ നല്ല സമയമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ച് തീർക്കാം. തീർന്നില്ലെങ്കിൽ അടുത്ത ഗവൺമെന്റ് ചെയ്യട്ടെ. അതിനുള്ള എല്ലാ നടപടികളും നീക്കുകയാണ്. 2018 ഫെബ്രുവരി മാസം 17-ാം തീയതി ഞാൻ ഡൽഹിയിൽ പോയി ബഹുമാനപ്പെട്ട മിനിസ്റ്റർ ശ്രീ. നിതിൻ ഗഡ്കരിയുമായി സംസാരിച്ചപ്പോൾ അവിടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനുമൊക്കെയുണ്ടായിരുന്നു. അവർ പറഞ്ഞത് ഏറ്റവും ഒടുവിൽ നിർമ്മാണം തീരുന്നത് ചേർത്തല മുതൽ കഴക്കൂട്ടംവരെയുള്ള അവസാനഭാഗമാണെന്നാണ്. അവിടത്തേയ്ക്കുള്ള നോട്ടിഫിക്കേഷനെല്ലാം ആയിക്കഴിഞ്ഞു. മറ്റു സ്ഥലങ്ങളിലുള്ളതൊക്കെ നേരത്തെ ആയി. മലപ്പുറത്ത് നേരത്തെ ആയത് ക്യാൻസൽ ചെയ്തുപോയതുകൊണ്ടാണ് വീണ്ടും വന്നത്. ഏറ്റവും ഒടുവിൽ ഇതിന്റെ പശ്ചാത്തല പ്രവർത്തനം പൂർത്തിയാക്കുന്ന ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ളതുപോലും നവംബറിൽ നിർമ്മാണം തുടങ്ങുമെന്നാണ് പറഞ്ഞത്. അതിനുള്ള ടെണ്ടറെല്ലാം കൊടുത്ത് നിർമ്മാണത്തിലേയ്ക്ക് നീങ്ങുന്ന ഒരു വർഷമാണ്. അങ്ങ് പറഞ്ഞതുപോലെ അവിടെ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ ഡിസ്ട്രിക് കളക്ടറോട് പറയാം. അവരുടെ പരാതി കേൾക്കാം, ബന്ധപ്പെട്ട എം.എൽ.എ.-യേയും പി.ഡബ്ല്യു.ഡി. സെക്രട്ടറിയേയും എൻ.എച്ച്.എ.ഐ.-യുടെ ആളിനെയും അയയ്ക്കാം. അതൊരു ബിസിനസ് കോൺക്ലേവ് ആയിരിക്കണം. അവിടത്തെ പഞ്ചായത്ത് പ്രസിഡന്റിനേയും വിളിക്കാം. വസ്തുതാപരമായ എന്തെങ്കിലും ചെറിയ വ്യത്യാസമുണ്ടെങ്കിൽ അവർ നടത്തിക്കോട്ടെ. അതിൽ ഗവൺമെന്റ് ഇടപെടില്ല. രണ്ടാമത് പാക്കേജിനെക്കുറിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. ഞാൻ ആമുഖത്തിൽതന്നെ പറഞ്ഞല്ലോ. 15-11-2011-ൽ ശ്രീ. വി. കെ. ഇബ്രാഹിം

കുഞ്ഞിന്റെ കാലത്ത് ഒരു പാക്കേജ് ഇറക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽതന്നെ ഞങ്ങളത് കുറച്ചുകൂടി മെച്ചപ്പെടുത്തി പിന്നീടിറക്കി. അതിൽ പ്രധാനമായും പറയുന്നത് പൈസ ഉടനെ വേണ്ടാത്തവർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ബോണ്ട്സ് ഇറക്കുമെന്നാണ്. അതിന്റെ ഗുണമെന്നുപറഞ്ഞാൽ ഈ പൈസ വാങ്ങുന്നതുവരെ ഭൂമിയുടെ വില അവർക്ക് കിട്ടും. പതിനഞ്ച് വർഷം കഴിഞ്ഞാണ് പണം വാങ്ങുന്നതെങ്കിൽ അന്നത്തെ വില അവർക്ക് കിട്ടും. അതവർക്ക് സ്വീകാര്യമാണ്. അതും നിങ്ങളുടെ നോട്ടിഫിക്കേഷനിലുണ്ടായിരുന്നു. ഞങ്ങൾ അത് ഒഴിവാക്കിയിട്ടില്ല. Affected persons to benefit from the hike in the land price that occur in future. അതാണ് 15-11-2011-ലെ നോട്ടിഫിക്കേഷന്റെ ഒരു പ്രത്യേകത. ഇതുമുഴുവൻ ഞാൻ വായിക്കുന്നില്ല. Comprehensive Relief, Resettlement and Rehabilitation policy has become essential - അങ്ങനെയാണ് ആ പോളിസി ഒരു നോട്ടിഫിക്കേഷനായി ഇറക്കിയിട്ടുള്ളത്. അത് മോഡിഫൈ ചെയ്ത് കുറേക്കൂടി മെച്ചപ്പെടുത്തി 2017-ൽ ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് ഇറക്കിയിരിക്കുകയാണ്. അതിന്റെ ബേസിസിലാണിത്. ഇതിലുള്ള പ്രത്യേകത 2013-ലെ ദേശീയ ഗവൺമെന്റിന്റെ പാർലമെന്റിലെ കോമ്പൻസേഷൻ ആക്ടിന് പുറമെ അതെല്ലാം കിട്ടും. അത് നമുക്ക് മാറ്റാനൊക്കില്ല. അതിൽത്തന്നെ കാലോചിതമായ മാറ്റം വേണമെങ്കിൽ നിയമസഭയ്ക്ക് ആവശ്യപ്പെടാം. ചിലപ്പോൾ പരിഗണിച്ചുവെന്നിരിക്കും. കാരണം, ബി.ജെ.പി.-യൊക്കെ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഈ പണം കിട്ടുമല്ലോ. ബി.ജെ.പി. ഒരുപാട് സംസ്ഥാനങ്ങൾ ഭരിക്കുകയല്ലേ; അതുകൊണ്ട് ചിലപ്പോൾ അത് പാസ്സാക്കിത്തരാനും സാധ്യതയുണ്ട്. പലപല ഗുണങ്ങളുണ്ട്. ആ ഗുണത്തിനുവേണ്ടിയല്ല, നമ്മുടെ നാട്ടുകാർക്ക് പണം കിട്ടണമെന്നുള്ളതാണ് പ്രധാനം. അത് നമുക്ക് ആലോചിക്കാം. ഇവിടെ പറയുന്ന പ്രശ്നം, ഞാൻ നേരത്തെ ഉദ്ധരിച്ചത് വീണ്ടും ഉദ്ധരിക്കുകയാണ്. ഒരു കടയോ അല്ലെങ്കിൽ ഒരു കമ്പനിയോ ഒരു സ്ഥാപനമോ ഒരു വീടോ എന്താണെന്നുവച്ചാൽ അത് ഗവൺമെന്റ് ഏറ്റെടുക്കുമ്പോൾ അതിന്റെ ഉടമ ഒന്നോ ഒന്നിലധികമോ ആളുകളാകട്ടെ, അവർക്കൊരു സോഷ്യൽ സ്റ്റാറ്റസുണ്ട്. ആ സ്റ്റാറ്റസ് കടുകിടപോലും താഴോട്ടുവരാൻ സമ്മതിക്കാതെയായിരിക്കും കോമ്പൻസേഷനും റീഹാബിലിറ്റേഷനും നൽകുക. അതാണ് ഇതിന്റെ ആത്മാവ്. അവിടെ നിൽക്കുകയാണ് കേരളം. ഇടതുപക്ഷ ഗവൺമെന്റ് അതുതന്നെയാണ് പറയുന്നത്. യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. സമയക്കുറവുമൂലം ഞാൻ പറയുന്നില്ല. എന്നാലും കോമ്പൻസേഷനെക്കുറിച്ച് അങ്ങ് പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ശ്രീ. പി. കെ. അബ്ദു റബ്ബിനോട് പറഞ്ഞതുതന്നെ ആവർത്തിക്കുകയാണ്. അത് ആക്ട് പ്രകാരമാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, റീഹാബിലിറ്റേഷനായാലും നഷ്ടപരിഹാരമായാലും എന്ത് കൊടുക്കുമെന്നത് ഇരകളോട് ഇതുവരെ വ്യക്തമായി പറഞ്ഞിട്ടില്ലായെന്നുള്ളതാണ് അവിടത്തെ പ്രശ്നം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആ ആക്ഷേപം നൂറ് ശതമാനം ശരിയല്ല. പറഞ്ഞുകൊണ്ടിരിക്കുകയാണ്, കളക്ടർതന്നെ സമ്മേളനങ്ങളിലൊക്കെ പറയുന്നുണ്ട്. ആളുകളെ വിളിച്ചുകൂട്ടി ഡെപ്യൂട്ടി കളക്ടർ പറഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ടുമൂന്നിടത്ത് അങ്ങനെ നടന്നുവെന്ന് അദ്ദേഹംതന്നെ ഇവിടെ പറയുകയുണ്ടായി. വേണമെങ്കിൽ എല്ലായിടത്തും നടത്താം. ആ പരിപാടി നടക്കുകയാണ്. Displaced ആകുന്ന കുറച്ച് വീട്ടുകാരെയുള്ളൂ. ആ വീടുകളിലൊക്കെ പോയി പറയാൻ നിർദ്ദേശിക്കാം. അതിനെന്താ തെറ്റ്. അതൊക്കെ ശരിയായ കാര്യങ്ങളാണ്. അത് ഈ ഡോക്യുമെന്റിലുള്ള കാര്യമാണ്. 2017-ൽ ഞങ്ങൾ മോഡിഫൈ ചെയ്ത ഡോക്യുമെന്റിലും നിങ്ങൾ തയ്യാറാക്കിയ ബേസിക് ഡോക്യുമെന്റിലും ഈ പ്രശ്നമുണ്ട്. നമ്മുടെ ഉദ്യോഗസ്ഥരുടെ സ്വഭാവം എല്ലാവർക്കും അറിയില്ലേ? എൻ.എച്ച്.എ.ഐ. എന്നുപറഞ്ഞാൽ അറിയാമല്ലോ, അപ്പോൾ കുറച്ചൊക്കെയുണ്ടാകും. അപ്പോൾ അവിടെയുള്ള പഞ്ചായത്ത് പ്രസിഡന്റും മറ്റ് പ്രതിനിധികളുമെല്ലാംകൂടി ചേർന്ന് ചെയ്യേണ്ടതായിട്ടുണ്ട്. അതിലൊന്നും അഭിപ്രായവ്യത്യാസമില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ ഇവിടെ സൂചിപ്പിച്ചതുപോലെ വീട് നഷ്ടപ്പെട്ട ആളുകൾ ഞങ്ങൾക്കെന്താ കിട്ടുകയെന്ന് ചോദിച്ചപ്പോൾ നിങ്ങൾ ലൈഫ് പദ്ധതിയിൽ കൊടുക്കും എന്നാണ് ഉദ്യോഗസ്ഥർ പറഞ്ഞത്. അവിടെയാണ് പ്രശ്നം. കാര്യങ്ങൾ അവതരിപ്പിക്കുന്നതിലുള്ള പ്രയാസമാണ്. ഡോ. കെ. ടി. ജലീലിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്തിയെന്ന് പറഞ്ഞു, ഞങ്ങൾ ഭരിക്കുന്ന കാലത്ത് മുസ്ലീംലീഗിന്റെ സംസ്ഥാന കമ്മിറ്റി ഓഫീസിലേയ്ക്കും ഞങ്ങളുടെ അഭിവന്ദ്യനായ നേതാവ് ശ്രീ. പാണക്കാട് ശിഹാബ് തങ്ങളുടെ വീട്ടിലേയ്ക്കുമൊക്കെ ഇവർ മാർച്ച് നടത്തിയിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് രാഷ്ട്രീയമായ കാരണങ്ങളാലായിരിക്കും. ആ കാര്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആരായാലും വീട്ടിലേയ്ക്ക് പോകാതിരിക്കുന്നതാണ് നല്ലത്. സ്വകാര്യ വീടുകളിൽ പോകാതെ ഓഫീസിലൊക്കെ പോയാലും കുഴപ്പമില്ല. എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അവിടെയുള്ള ഇരകളെ ബോധ്യപ്പെടുത്തിയതിനുശേഷമാണ് ഇപ്പോൾ സർവ്വേ നടത്തിക്കൊണ്ടിരിക്കുന്ന തെന്നാണ് അങ്ങിവിടെ പറഞ്ഞത്. വാസ്തവത്തിൽ ബോധ്യപ്പെടുത്തിയതല്ല, മീറ്റിംഗ് നടന്ന സ്ഥലത്തെല്ലാം ഇവരുടെ വിശദീകരണം കേട്ട് ആളുകൾ ഇറങ്ങിപ്പോകുകയാണ് ചെയ്തത്.

ശ്രീ. ജി. സുധാകരൻ: സർ, ബോധ്യപ്പെടുത്താൻ ശ്രമിച്ചുവെന്നത് അങ്ങ് ഇപ്പോൾ അംഗീകരിച്ചുവല്ലോ. അത് നന്നായി. അഭിപ്രായവ്യത്യാസമുള്ളവർ ഇറങ്ങിപ്പോകും. എന്നാലും ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് സമ്പൂർണ്ണമാകണം. യഥാർത്ഥത്തിൽ അവർക്ക് കിട്ടുന്ന കോമ്പൻസേഷൻ അറിയിക്കണം. കഴിഞ്ഞ തവണ ഉന്നയിച്ചതാണെങ്കിലും ഞാൻ ഒന്നുകൂടെ പറയുകയാണ്. കേന്ദ്രഗവൺമെന്റിന്റെ 2013-ലെ ആക്ടിലുള്ള കാര്യമാണ് ഞാൻ പറയുന്നത്. അത് മാർക്കറ്റ് വാല്യുവിന്റെ മൂന്നിരട്ടിയാണ്. അതായത് ആ പ്രദേശത്തെ മാർക്കറ്റ് വാല്യു എന്താണോ അതിന്റെ മൂന്നിരട്ടി. cent percent of ….. അപ്പോൾ നാലിരട്ടി വിലയായി എന്നർത്ഥം. പിന്നെ പറയുന്നത് അതിലെ ലാൻഡും ബിൽഡിംഗും അടക്കമുള്ള വില. ഭൂമി കൊടുത്തുകഴിഞ്ഞ് പിന്നെ എന്നാണോ പണം വാങ്ങുന്നത് അതുവരെയുള്ള 12 ശതമാനം പലിശ. ഇതിനുപുറമെ സംസ്ഥാന ഗവൺമെന്റ് മാസംതോറും വീടിന് അവർക്കൊരു റെന്റുംകൂടെ കൊടുക്കുമെന്ന് പറയുന്നുണ്ട്. ഇങ്ങനെ ഒരുപാടുകാര്യങ്ങളുണ്ട്, സമയച്ചുരുക്കംകൊണ്ട് പറയുന്നില്ല.

വലിയ ബാങ്കുകൾക്കും സാമ്പത്തികമുള്ള സ്ഥാപനങ്ങൾക്കുമൊന്നും കാര്യമായ വിലയില്ല കാരണം, അവർക്ക് സാമ്പത്തിക ശേഷിയുണ്ട്. അല്ലാത്തവരുടെയെല്ലാം കടയ്ക്ക് പൈസയുണ്ട്, സാധനങ്ങൾ ഷിഫ്റ്റ് ചെയ്യുന്നതിന് അമ്പതിനായിരം രൂപവരെ കൊടുക്കുന്നുണ്ട്. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ആറ് മാസത്തേയ്ക്ക് കോമ്പൻസേഷൻ കൊടുക്കുന്നുണ്ട്. എല്ലാ ഡീറ്റെയിൽസും കൈവശമുണ്ട്, അടിയന്തരപ്രമേയത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ ഡീറ്റെയിൽസും പറയാൻ സാധിക്കുകയില്ല. ഇതിന് പുറമെ ഭൂമി നഷ്ടപ്പെട്ടവർക്ക് റീഹാബിലിറ്റേഷൻ പദ്ധതിയിൽപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് മൂന്ന് സെന്റുവീതം കൊടുക്കുന്നുണ്ട്. ഇങ്ങനെ ഒത്തിരി കാര്യങ്ങളുണ്ട്. ഇത് ജനങ്ങൾ പൂർണ്ണമായും മനസ്സിലാക്കിയിട്ടില്ലെന്ന യാഥാർത്ഥ്യം ഞാൻ അംഗീകരിക്കുകയാണ്. പക്ഷെ, ഇത്രയെങ്കിലും മനസ്സിലാക്കാൻ ശ്രമിച്ചത് ആദ്യമായിട്ടാണ്. ഇന്ത്യാ ഗവൺമെന്റിന്റെ ആക്ട് പ്രകാരം ആരോടും ചോദിക്കേണ്ടതില്ല; ചോദിക്കണോ? N.H. Act 1956 section 3D (A) says that the declaration under sub-section 3D (1) shall not be called in question in any court or by any other authority. ചെയ്താൽ ചെയ്തതാണ്, ഏകാധിപത്യപരമാണ്. അവരുടെ കുറ്റമല്ല. അല്ലാതെ സ്ഥലമെടുക്കാൻ പറ്റില്ല. അടിയന്തര പരിതസ്ഥിതിയിൽ മാത്രമേ ഇത് ഉപയോഗിക്കാൻ പറ്റുകയുള്ളൂ.

അല്ലാത്തപ്പോഴെല്ലാം ഇവിടെ പറഞ്ഞതുപോലെയുള്ള കാര്യങ്ങളാണ് ചെയ്യേണ്ടത്. എട്ട് കിലോമീറ്ററാണ് പ്രശ്നമുള്ളത്. ബാക്കിയെല്ലാം സമാധാനപരമായി കഴിഞ്ഞു. അത് ഒന്നുകൂടി ചർച്ച ചെയ്യണമെങ്കിൽ, പരാതിക്കാരുണ്ടെങ്കിൽ വിളിച്ച് ചർച്ച ചെയ്യാം. കളക്ടറോട് പറയാം, ഇവിടെ നിന്ന് ഗവൺമെന്റ് സെക്രട്ടറി പോകും, എൻ.എച്ച്.എ.ഐ.-ക്കാർ വരും. ഈ കാര്യങ്ങളിലൊന്നും അഭിപ്രായവ്യത്യാസമില്ല. മലപ്പുറത്ത് കുറ്റിപ്പുറം പഞ്ചായത്തിലും വളാഞ്ചേരി മുനിസിപ്പാലിറ്റിയിലും സർവ്വേ നടത്തി കല്ലുകൾ സ്ഥാപിക്കുകയുണ്ടായി. മറ്റ് പഞ്ചായത്തുകളിൽ യോഗം ചേർന്നപ്പോൾ പ്രശ്നങ്ങളൊന്നുംതന്നെ ഉണ്ടായില്ല. 9.2 കി.മീ. ദൂരത്തിൽ അവിടെയും സർവ്വേ കഴിഞ്ഞിരിക്കുകയാണ്. ഇടിമുഴിക്കൽ ഭാഗത്ത് മൂന്ന് ഓപ്ഷൻ പറഞ്ഞു. നിലവിലുള്ളത് വീതി കൂട്ടുക, വളവുകൾ വരുന്നതിനാൽ സാങ്കേതികമായി അംഗീകരിക്കുകയില്ലെന്ന് എൻ.എച്ച്.എ.ഐ. പറഞ്ഞിരിക്കുകയാണ്. ഒരു പ്രധാനപ്പെട്ട പോയിന്റ് അങ്ങ് പറഞ്ഞു, ഇവിടെ കൂടുതൽ എടുത്താൽ മറുഭാഗത്ത് നാഷണൽ ഹൈവേയുടെ സ്ഥലം അധികം വരുന്നെങ്കിൽ ആ സ്ഥലം ഈ വീട്ടുകാർക്ക് കൊടുക്കാൻവേണ്ടി പറയാം. അക്കാര്യങ്ങളെല്ലാം സംസാരിക്കാം. ദൂരപരിധിയുടെ പ്രശ്നമെല്ലാം വരും. അത് സംബന്ധിച്ചെല്ലാം സംസാരിക്കാവുന്നതാണ്. കേരളത്തിന്റെ പ്രത്യേകതവച്ച് 60 മീറ്റർ പറഞ്ഞത് നമ്മൾ വഴക്കുണ്ടാക്കി 45 മീറ്ററാക്കി. 30 ആണെങ്കിൽ നാഷണൽ ഹൈവേ ഇല്ലെന്ന് പ്രഖ്യാപിച്ചില്ലേ; ഓർമ്മയില്ലേ; കേരളം കിടുങ്ങിപ്പോയില്ലേ? അങ്ങനെയാണ് എല്ലാവരുംകൂടി, സി.പി.ഐ.(എം.) ഉണ്ടായിരുന്നു; കോൺഗ്രസ് ഉണ്ടായിരുന്നു; ബി.ജെ.പി. ഉണ്ടായിരുന്നു; സി.പി.ഐ. ഉണ്ടായിരുന്നു; മുസ്ലീംലീഗ് ഉണ്ടായിരുന്നു; കേരളാ കോൺഗ്രസ്സും ഉണ്ടായിരുന്നു. 45 മീറ്ററിന് നമ്മൾ വഴിപ്പെടുകയായിരുന്നു. ഇല്ലെങ്കിൽ ഒന്നും തരില്ലെന്ന് പറഞ്ഞു. പക്ഷെ അന്ന് ശ്രീ. എ. ബി. വാജ്പേയി അല്ല, ശ്രീ. നരേന്ദ്രമോദിജി അല്ല, നിങ്ങളുടെ ഗവൺമെന്റായിരുന്നുവെന്നുള്ള കാര്യം മനസ്സിലാക്കണം. അന്ന് കുറേ കേന്ദ്രമന്ത്രിമാർക്ക് ഇക്കാര്യത്തിൽ വാശിയായിരുന്നു. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ സഭയിൽത്തന്നെ 11-2-2012, 28-6-2012, 17-1-2014, 4-12-2014, 1-7-2015 എന്നീ തീയതികളിൽ ഈ പ്രശ്നത്തിനെല്ലാം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മറുപടി കൊടുത്തിരുന്നു. ഇപ്പോൾ ഞാനും മറുപടി കൊടുത്തിട്ടുണ്ട്. മറുപടിയിലൊന്നും അടിസ്ഥാനപരമായി വ്യത്യാസമില്ല. പുതിയ കാലത്തിലെ പ്രത്യേകതകൾ പുതിയ മറുപടിയിലുണ്ട് എന്നുമാത്രമേയുള്ളൂ. അതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർതന്നെ പങ്കെടുത്തുകൊണ്ട് ഒരു സർവ്വകക്ഷി യോഗം വിളിക്കണം. കുറ്റിപ്പുറം മുതൽ വളാഞ്ചേരി, ഇടിമുഴിക്കൽ വരെ എട്ട് കി.മീ. അല്ല, ഒരുപാട് കിലോമീറ്ററുകളുണ്ട്.

എല്ലാം പഞ്ചായത്തുകളെയും എം.എൽ.എ.-മാരെയും ബോധ്യപ്പെടുത്തിയതിന് ശേഷമാണ് എന്നുപറയുന്നത് ശരിയല്ല. അന്ന് വിളിച്ചുചേർത്ത ഒരു യോഗത്തിൽ വച്ചും അലൈൻമെന്റും മറ്റും ഒരു എം.എൽ.എ.-യ്ക്കും കാണിച്ചുകൊടുത്തിട്ടില്ല. അന്ന് ഞാൻ എം.എൽ.എ.-യായിരുന്നില്ല, ആ സമയത്തെ എം.എൽ.എ.-മാർക്ക് കാണിച്ചുകൊടുത്തിട്ടില്ലെന്ന് അവർതന്നെ കളക്ടറോട് പറഞ്ഞിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, പാർലമെന്റിലും നിയമസഭയിലുമുള്ള കക്ഷികൾ, അല്ലാതെ എല്ലാവരെയും വിളിക്കാൻ സാധിക്കുകയില്ല. വേണമെങ്കിൽ പുതിയ പാർട്ടി നാളെ രാവിലെ ഉണ്ടാകും, നമ്മുടെ നാട് അങ്ങനെയാണ്. നിയമസഭയിലും പാർലമെന്റിലും പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെയും ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും യോഗം വിളിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. എനിക്ക് വ്യക്തിപരമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല, അദ്ദേഹത്തിനും ഉണ്ടാകാനിടയില്ല. ആലോചിച്ച് തീരുമാനിക്കുന്നതാണ്. മലപ്പുറത്തുകാർക്ക് ഇക്കാര്യങ്ങളിൽ ഒരാശങ്കയും വേണ്ട, പഴയ കാലമൊന്നുമല്ല. എല്ലാ കാര്യങ്ങളിലും മുൻപന്തിയിൽ വന്നുകൊണ്ടിരിക്കുന്ന ജില്ലയാണ്. രാഷ്ട്രീയ പ്രസംഗം ഇതുപോലെ ശ്രദ്ധാപൂർവ്വം കേൾക്കുന്ന ജില്ലകൾ കുറവാണ്. എല്ലാംകൊണ്ടും എല്ലാവർക്കും സ്നേഹവും ബഹുമാനവുമുള്ള ജില്ലയാണ്. അവിടത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ട് വരുന്ന ഒരു കാര്യവും ചെയ്യുന്നതല്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആൾഡസ് ഹക്സ്‌ലിയുടെ ബ്രേവ് ന്യൂ വേൾഡ് എന്ന ഒരു നോവൽ പുതുതായി പുറത്തിറങ്ങിയിട്ടുണ്ട്. മാനുഷികമായി ഒരു വികാരവുമില്ലാത്ത മനുഷ്യരെ സൃഷ്ടിച്ചെടുക്കുന്ന വേൾഡ് സ്റ്റേറ്റിനെപ്പറ്റിയാണ് അതിൽ പറയുന്നത്. അതുപോലെ മനുഷ്യവികാരമില്ലാത്ത ഒരു സർക്കാരിന് മുന്നിൽ ഇത്തരം പരിവേദനങ്ങൾക്കൊന്നും ഒരു അർത്ഥവുമില്ലെന്നതാണ് എന്റെ വിലയിരുത്തൽ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് കണ്ണൂർ വിമാനത്താവളത്തിന് ഭൂമി ഏറ്റെടുത്തത്. ഒരില അനങ്ങിയില്ലല്ലോ. കൊച്ചി മെട്രോയ്ക്ക് ആലുവ മുതൽ എറണാകുളം നഗരമധ്യത്തിലൂടെ കടന്ന് മഹാരാജാസ് കോളേജ് വരെ ഭൂമി എടുത്തപ്പോൾ ഒരില അനങ്ങിയില്ലല്ലോ. തിരുവനന്തപുരത്തുനിന്ന് കളിയിക്കാവിള വരെയുള്ള റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തിട്ട് ഒരു കരിയിലപോലും അനങ്ങിയില്ലല്ലോ. ഇതെല്ലാം ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേരളത്തിൽ നടപ്പിലാക്കിയ മേജർ പദ്ധതികളാണ്. വിഴിഞ്ഞം പദ്ധതിക്ക് ഭൂമി ഏറ്റെടുത്തിട്ട് മത്സ്യത്തൊഴിലാളി മേഖലയിൽ ഒരു

ചെറിയ പ്രതിഷേധംപോലും ഉയർന്നില്ല. ജനങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ടുള്ള, ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ് ഞാൻ ഈ പറഞ്ഞ വൻകിട വികസന പദ്ധതികളെല്ലാം. കേരളം ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമാണ്. പാറശ്ശാല മുതൽ മഞ്ചേശ്വരം വരെ ഒറ്റ സ്ട്രെച്ചായുള്ള പ്രദേശമാണ് കേരളം. ഇത്രയും ജനസാന്ദ്രതയുള്ള പ്രദേശത്ത് ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന ഏത് പദ്ധതിക്കെതിരെയും പ്രതിഷേധവും ജനങ്ങൾക്ക് ആവലാതികളുമുണ്ടാകും. സ്വന്തമായുള്ള കൂര സംരക്ഷിക്കണമെന്നുള്ള ആഗ്രഹം ജനങ്ങൾക്കുണ്ടാകും. അതെല്ലാം മനുഷ്യ സഹജമായ കാര്യമാണ്. ഇത്തരം പ്രശ്നങ്ങളെ എങ്ങനെ സമീപിക്കുന്നു വെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ചതെന്താണ്? നാഷണൽ ഹൈവേ 66, പഴയ ദേശീയപാത 17, ആ പാത വേണമെന്നുതന്നെയാണ് എല്ലാവരുടെയും ആഗ്രഹം. ഞങ്ങളാരും നാഷണൽ ഹൈവേ വികസനത്തിനെതിരല്ല. പക്ഷെ ഇവിടെ ജനങ്ങളുടെ ആശങ്കകൾ നിലനിൽക്കുന്നു. എത്ര ജനോപകാരപ്രദമായ പദ്ധതിയായാലും കഴിയുന്നത്ര ജനവിരുദ്ധമായി നടപ്പിലാക്കുന്നതിലുള്ള ഇടതുമുന്നണി സർക്കാരിന്റെ വിരുത് സമ്മതിക്കേണ്ടിയിരിക്കുന്നു. ആ ജനവിരുദ്ധത ഉപേക്ഷിക്കുകയാണ് വേണ്ടത്. ഇവിടെ ആരും പദ്ധതി പ്രവർത്തനത്തിന് എതിരല്ല. എൻ.എച്ച്. വികസനം തുടരണം, പദ്ധതി മുന്നോട്ട് കൊണ്ടുപോകണം, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ശ്രമിച്ചതാണ്. പദ്ധതി പ്രവർത്തനം നടപ്പാക്കുമ്പോൾ ഭൂമിയേറ്റെടുക്കേണ്ടി വരും. അങ്ങനെവരുമ്പോൾ കുറ്റിപ്പുറം മുതൽ ഇടിമുഴിക്കൽ വരെയുള്ള പ്രദേശത്തെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കണം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. അവരോട് കാര്യങ്ങൾ വിശദീകരിക്കണം. അവിടത്തെ ജനപ്രതിനിധികളെ വിശ്വാസത്തിലെടുക്കണം. ഇത്തരം കാര്യങ്ങളാണ് ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി സർവ്വകക്ഷി യോഗം വിളിക്കാമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. അങ്ങനെയല്ലാതെ ഉരുക്കുമുഷ്ടി ഉപയോഗിച്ചുകൊണ്ട് ഇത്തരം സമരങ്ങളെയോ പ്രതിഷേധങ്ങളെയോ അടിച്ചമർത്തുന്ന നടപടിയോട് നമുക്കാർക്കും യോജിക്കാൻ കഴിയില്ല. അത് കേരളത്തിന്റെ പാരമ്പര്യത്തിനും സംസ്കാരത്തിനും യോജിച്ച ഒന്നല്ല. അവരുടെ ദുഃഖം മനസ്സിലാക്കാൻ എന്തുകൊണ്ട് ഗവൺമെന്റിന് കഴിയുന്നില്ല. ഇവിടത്തെ പ്രശ്നം ഇതാണ്. 2013-ലെ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നഷ്ടപരിഹാരം കൊടുക്കാമെന്നാണ് ജില്ലാ കളക്ടർ പറഞ്ഞത്. അങ്ങനെയാണെങ്കിൽ അവർക്ക് മെച്ചപ്പെട്ട മാർക്കറ്റ് വിലയും നഷ്ടപരിഹാരവും കിട്ടുമായിരുന്നു. പക്ഷെ, ജനങ്ങളെ പറ്റിക്കാനാണ് എൻ.എച്ച്.എ.ഐ. മുന്നോട്ട് വന്നത്. മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയുടെ നോട്ടിഫിക്കേഷൻ പ്രകാരം in exercise of powers conferred by subsection (1) of section 3A of the National Highways Act, 1956 അനുസരിച്ചുള്ള ഭൂമിയേറ്റെടുക്കലാണെങ്കിൽ കോമ്പൻസേഷൻ കുറയും. 1956-ലെ

നാഷണൽ ഹൈവേ ആക്ട് അനുസരിച്ച് ഭൂമിയേറ്റെടുക്കുന്നതിനാണ് ഇപ്പോൾ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നത്. അതിൻപ്രകാരം തുച്ഛമായ വിലയേ ലഭിക്കുകയുള്ളൂ. അവരുടെ ആശങ്കകളാണ്. ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ അതിനെയൊന്നും എതിർക്കുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ക്ലാരിഫിക്കേഷൻ വേണ്ട വിഷയമാണ്. 2013-ലെ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആക്ട് ഒരു വിപ്ലവകരമായ നിയമമാണ്. കാരണം ലാന്റ് അക്വിസിഷൻ നടത്തി കണ്ണീരോടുകൂടി തെരുവിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയ കൃത്യമായ നിയമമാണ്. ആ നിയമത്തിന്റെ ഷെഡ്യൂളിൽ എൻ.എച്ച്. ഉൾപ്പെടുന്നുണ്ട്. 1956-ലെ ആക്ട് ഒരു കാരണവശാലും നിലനിൽക്കില്ല. 2013-ലെ കോമ്പൻസേഷൻ ആക്ട് വച്ചുമാത്രമേ കോമ്പൻസേഷൻ നൽകാൻ കഴിയുകയുള്ളൂ. ഷെഡ്യൂളില്ലാത്ത ചില ആക്ടുകളുണ്ട്. പക്ഷെ, എൻ.എച്ച്. അതിന്റെ ഷെഡ്യൂളിൽപ്പെട്ടതാണ്. തെറ്റിദ്ധാരണാജനകമായ രീതിയിൽ എൻ.എച്ച്.എ.ഐ. പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ അതാണ് കൺഫ്യൂഷനുണ്ടാക്കാനുള്ള പ്രധാന കാരണം. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അങ്ങ് പറയാൻ ഉദ്ദേശിച്ചത് പറഞ്ഞു. 2013-ലെ ആക്ട് പ്രകാരമേ കോമ്പൻസേഷനുള്ളൂ. 1956-ലേത് ഭൂമിയേറ്റെടുക്കാനുള്ള അവകാശം നിക്ഷിപ്തമാകുന്നത് മാത്രമാണ്. അന്നത്തെ കോമ്പൻസേഷൻ ഒന്നുമില്ല. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സ്റ്റേറ്റ് സ്പെഷ്യൽ പാക്കേജ് ഞങ്ങൾ മോഡിഫൈ ചെയ്ത് തുക വർദ്ധിപ്പിച്ചു. അതും ഇതിന്റെകൂടെ കൊടുക്കും. ദയവായി അത് മനസ്സിലാക്കൂ. നമുക്ക് ഒരുമിച്ച് ചർച്ച ചെയ്യാം. അങ്ങ് പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ഗവൺമെന്റ് അതിൽ ഉറച്ചുനിൽക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മന്ത്രീ, അതാണ് ജനങ്ങളുടെ ആശങ്ക. ആശങ്കകൾ ദൂരീകരിക്കണം. നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുന്നത് 1956-ലെ ആക്ട് അനുസരിച്ചാണ്. അങ്ങ് അത് ക്ലാരിഫൈ ചെയ്യൂ. ഫെയർ കോമ്പൻസേഷൻ വേണമെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആക്ടനുസരിച്ചുള്ള ആനുകൂല്യം ജനങ്ങൾക്ക് കിട്ടണം. പുനരധിവാസ പാക്കേജ് വേണം. സ്ഥലം ഏറ്റെടുത്തശേഷം മാത്രം പുനരധിവാസ പാക്കേജ് എന്നാണ് പറയുന്നത്. അതെന്തിനാണ്? ആ പാക്കേജ് പ്രഖ്യാപിച്ചുകൂടെ? അതുപോലെ പി.പി.പി. പദ്ധതിയായാൽ 70% ആളുകളുടെ സമ്മതപത്രം വേണം. ആളുകൾ ഇത് അറിയുന്നില്ല. ആളുകളെ വിശ്വാസത്തിലെടുക്കുന്നില്ല. കുറ്റിപ്പുറം മുതലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശങ്കകളെന്താണ്; അവർക്ക് ഇതൊന്നും അറിയില്ല.

അവരോട് ഇതൊന്നും ആരും പറയുന്നുമില്ല, ആരും വിശദീകരിക്കുന്നുമില്ല. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നടപടിയായിരിക്കണം ഉണ്ടാകേണ്ടത്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ആൾ പാർട്ടി മീറ്റിംഗ് വിളിക്കാമെന്ന് പറഞ്ഞത് നന്നായി. ഈ കാര്യം കീഴാറ്റൂരിൽ കൂടി ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. കീഴാറ്റൂരിലെ ജനങ്ങളെ ഇരണ്ടയെന്നും കഴുകനെന്നും വിളിക്കുന്നതിനുപകരം അവരെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ടുള്ള നടപടിയായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഈ സമരങ്ങൾ അവസാനിപ്പിക്കാമായിരുന്നില്ലേ? കീടങ്ങളെ നശിപ്പിക്കുന്നതിന് എതിർ കീടങ്ങളെവിടുന്ന ഒരു പദ്ധതി ലോകത്ത് നിലവിലുണ്ട്. സമരം ചെയ്യുന്നവരെ ഒതുക്കുന്നതിന് വേറൊരു സമരം നടത്തുകയെന്നുള്ള അപരിഷ്കൃതമായ നടപടി നിങ്ങൾ സ്വീകരിച്ചുവെന്നതാണ് കീഴാറ്റൂരിലെ പ്രശ്നം. കീഴാറ്റൂരിലെ ആളുകൾ സമരം ചെയ്തപ്പോൾ ആ സമരത്തിന് ആധാരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് പകരം അതിനെതിരായി വേറൊരു സമരം നടത്തുന്നത് തെറ്റായ നടപടിയാണ്. അവരുടെ പന്തൽ കത്തിക്കുകയും സമരക്കാരെ ഉപദ്രവിക്കുകയും വീടിന് കല്ലെറിയുന്നതുമൊന്നും ശരിയായ നടപടിയല്ല. ഒരു വികസന പരിപാടി നടപ്പാക്കുമ്പോൾ സ്വാഭാവികമായും എതിർപ്പുകൾ എല്ലാ കാലത്തുമുണ്ടാകും. ഇടുക്കി പദ്ധതി വന്നപ്പോൾ സമരം ചെയ്ത ആളുകളില്ലേ? നമ്മുടെ രാജ്യത്ത് ഏത് പദ്ധതിവന്നാലും സ്ഥലം നഷ്ടപ്പെടുന്ന ആളുകളുടെ ആശങ്കകളുണ്ടാകില്ലേ? ഇന്ന് ബഹു. മന്ത്രി മറുപടി പറഞ്ഞതുപോലെ പറഞ്ഞിരുന്നെങ്കിൽ കീഴാറ്റൂരിൽ ഇത്രയും വലിയ പ്രക്ഷോഭമുണ്ടാകില്ലായിരുന്നു. അവരെ കഴുകനെന്നും ഇരണ്ടകളെന്നും വിളിക്കേണ്ട കാര്യമുണ്ടായിരുന്നോ? അവരുടെ പ്രശ്നങ്ങൾക്ക് ശാന്തമായ പരിഹാരം....... ഞാൻ ടീച്ചറെപ്പറ്റി ഒന്നും പറഞ്ഞില്ല.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കണ്ണൂർ എയർപോർട്ടിന് ഭൂമിയേറ്റെടുത്ത കാര്യം പറഞ്ഞല്ലോ. അവിടെ ഭൂമി അക്വിസിഷൻ നടത്തിയത് എൽ.ഡി.എഫ്. ഗവൺമെന്റുള്ള സമയത്താണ്. തുടക്കത്തിൽ താങ്കളുടെ കാലത്ത് 50 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങളെടുത്തിരുന്നു. പക്ഷെ 1700 ഏക്കറോളം ഭൂമി ഏറ്റെടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്താണ്. ഭൂമി ഏറ്റെടുക്കാൻ സാധിച്ചത് കണ്ണൂർ പാക്കേജെന്ന് പിന്നീട് അറിയപ്പെട്ട നല്ലൊരു പാക്കേജ് പ്രഖ്യാപിച്ചതുകൊണ്ടാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനായിരുന്നു അതിന്റെ ചാർജ്. ആ പാക്കേജ് ഇന്ന് ഒരു മാതൃകയാണ്. അതിനുശേഷമാണ് ഭൂമി ഏറ്റെടുക്കാൻ സാധിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ടീച്ചർ പറഞ്ഞത് ഞങ്ങളുടെ കാലത്ത് ഭൂമി എടുത്തിരുന്നെങ്കിൽ സമരം ചെയ്യുമായിരുന്നുവെന്നാണോ? നിങ്ങളെടുത്തതുകൊണ്ട് പ്രശ്നമില്ലാതായി എന്നാണോ പറഞ്ഞത്. എനിക്കറിയില്ല. ഏതായാലും ഞാൻ അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് ഭൂമി വേണം. നാഷണൽ ഹൈവേ പോലുള്ള വൻകിട പദ്ധതികളുണ്ടാകണം. അതിന് ആരും എതിരല്ല. 45 മീറ്ററിൽത്തന്നെ നാഷണൽ ഹൈവേയുണ്ടാകണം. അത് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെ ആശങ്കകൾ ദൂരീകരിച്ചുകൊണ്ടും അവർക്ക് മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചു കൊണ്ടുമാകണം. മുക്കത്ത് ഗ്യാസ് പൈപ്പ് ലൈനിന്റെ പേരിൽ സമരം നടത്തിയ ആളുകളെ തല്ലിച്ചതച്ചതുപോലുള്ള നടപടികളല്ല സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടത്. ശ്രീ. എ. സി. മൊയ്തീൻ യോഗം വിളിച്ചപ്പോൾ ഞങ്ങൾ സഹകരിച്ചല്ലോ. മലപ്പുറം കളക്ടറേറ്റിൽ യോഗം വിളിച്ച് ഗെയിൽ പൈപ്പ് ലൈനിന്റെ പ്രശ്നം ചർച്ച ചെയ്ത് പരിഹരിച്ചു. അങ്ങനെയുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. അല്ലാതെ അവരെ ആക്ഷേപിക്കുകയും അവരുടെനേരെ പോലീസിനെ വിടുകയും ചെയ്യുന്ന നടപടിയല്ല വേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ആൾ പാർട്ടി മീറ്റിംഗ് വിളിക്കാമെന്നും ആശങ്കകൾ ദൂരീകരിക്കാമെന്നും പറഞ്ഞ സാഹചര്യത്തിൽ വാക്കൗട്ട് നടത്തുന്നില്ല. ബഹു. മന്ത്രിയുടെ അഭിപ്രായത്തെ ഞങ്ങൾ മാനിക്കുന്നു. അവരുടെ ആശങ്കകൾ അതീവ ഗൗരവത്തോടെ ഗവൺമെന്റ് കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: നമുക്ക് ഇന്ന് അഞ്ച് ബില്ലുകളുണ്ട്. ചുരുക്കിപ്പറയാൻ എല്ലാവരും തയ്യാറാകണം. സബ്മിഷനും മറുപടിക്കും അത് ബാധകമായിരിക്കും.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ

ശ്രീ. എ. എൻ. ഷംസീർ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിന്റെ അനന്തമായ ടൂറിസം സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്ന നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് മുന്നോട്ടുപോകുകയാണ്. 22 മാസംകൊണ്ട് ടൂറിസം മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു. മുസിരിസ്, ആലപ്പുഴ, തലശ്ശേരി തുടങ്ങിയ പൈതൃക ടൂറിസം പദ്ധതികളിൽ മുസിരിസിന്റെ ഒന്നാംഘട്ട പണി പൂർത്തീകരിച്ചു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ആലപ്പുഴ പദ്ധതിയുടെ പ്രവർത്തനവും ആരംഭിച്ചിരിക്കുകയാണ്. കേരളത്തിന്റെ ടൂറിസം മന്ത്രിയായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രവർത്തിച്ചിരുന്ന 2010-ലാണ് തലശ്ശേരി പൈതൃക

ടൂറിസത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. ഒന്നാംഘട്ട പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ സർക്കാർ മാറി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കാനോ മുന്നോട്ടുകൊണ്ടുപോകാനോ യാഥാർത്ഥ്യമാക്കാനോ ഉള്ള ഇടപെടലുകൾ തുടർന്നുവന്ന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല. 2016-ൽ അധികാരത്തിൽ വന്ന ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുമുന്നണി സർക്കാർ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന് തുടക്കംകുറിച്ചിരിക്കുകയാണ്. അതിൽ ടൂറിസം വകുപ്പുമന്ത്രിയായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ പങ്ക് എടുത്തു പറയേണ്ടതാണ്. തലശ്ശേരി ഒരു പൈതൃക നഗരമാണ്. ഒ. ചന്തുമേനോൻ ജനിച്ച സ്ഥലം, കേരള സർക്കസ്സിന്റെ പിതാവെന്നറിയപ്പെടുന്ന ഗുരു കീലേരി കുഞ്ഞിക്കണ്ണൻ ജനിച്ച സ്ഥലം, കേരളത്തിൽ ആദ്യമായി ക്രിക്കറ്റ് കളി നടന്ന സ്ഥലം, കേക്കുല്പന്നങ്ങളിൽ പേരുകേട്ട തലശ്ശേരി കേക്കിന്റെ ആസ്ഥാനം അങ്ങനെ നിരവധി പ്രത്യേകതകളുള്ള ഒരു സ്ഥലമാണ് തലശ്ശേരി. ബ്രിട്ടീഷ് ഭരണകാലത്തുപോലും തലശ്ശേരിക്ക് എടുത്തുപറയത്തക്ക ഒട്ടേറെ പ്രത്യേകതകളുണ്ടായിരുന്നു. തലശ്ശേരി ഭക്ഷണം വളരെ പ്രസിദ്ധമാണ്. ലോകത്തിന്റെ ഏത് കോണിൽ പോയാലും തലശ്ശേരി ഭക്ഷണം തേടി ആളുകൾ വരും. അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബരാക് ഒബാമ ഇന്ത്യയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ഭക്ഷണത്തിൽ ചേർക്കപ്പെട്ട ഇൻഗ്രീഡിയൻസിൽ വളരെ പ്രസിദ്ധമായത് തലശ്ശേരി പെപ്പറായിരുന്നു. തലശ്ശേരി പൈതൃക പദ്ധതി തലശ്ശേരിയിൽ മാത്രം ഒതുങ്ങുന്നതല്ല, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ 9 മണ്ഡലങ്ങളിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. മലബാറിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന രീതിയിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെയും മുഖ്യമന്ത്രിയുടെ ധർമ്മടം മണ്ഡലത്തിലെയും ചില പ്രവൃത്തികൾക്കുമാത്രമാണ് ഭരണാനുമതി ലഭിച്ചത്. അവയുടെ പണി ആരംഭിക്കുകയും ചെയ്തു. മൊയ്തു പാലത്തിന്റെ സംരക്ഷണം നേരത്തെ തലശ്ശേരിയുടെ ഭാഗമായിരുന്നു, ഇപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മണ്ഡലത്തിന്റെ ഭാഗമാണ്. പഴയ ഫയർ ടാങ്കിന്റെ പ്രവർത്തനമാരംഭിച്ചു. ഗുണ്ടർട്ട് ബംഗ്ലാവിന്റെ പ്രവർത്തനങ്ങൾക്കും ഇപ്പോൾ അംഗീകാരം ലഭിച്ചിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതികൾ വളരെ പെട്ടെന്നുതന്നെ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. തലശ്ശേരി പൈതൃക പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി തലശ്ശേരിയിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്ന് പൊതുവിലുള്ള സ്ഥിതിവിവരങ്ങൾ സഭ മുമ്പാകെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനും കഴിയുന്ന ഒരു ടൂറിസം ഉല്പന്നമാണ് നമ്മുടെ പൈതൃക പാരമ്പര്യം. കേരളത്തിലെ ഏറ്റവും പ്രാചീന പൈതൃക സ്ഥലമായ മുസിരിസ് അടിസ്ഥാനമാക്കി തുടങ്ങിയ ഈ പദ്ധതി ഇന്ന് സംസ്ഥാനത്തെ ബൃഹത്തായ ടൂറിസം പദ്ധതികളിലൊന്നായി വളർന്നുകൊണ്ടിരിക്കുകയാണ്. മുസിരിസ് പൈതൃക പദ്ധതിയിലെ ആദ്യഘട്ടം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത തികച്ചും ഗൗരവമായി ഉൾക്കൊണ്ടുതന്നെ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഒരു മുഴുവൻ സമയ സർക്കാർ ഉദ്യോഗസ്ഥനെ മുസിരിസ് പ്രോജക്ട് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കൺസർവേഷൻ കൺസൾട്ടന്റായ ശ്രീ. ബെന്നി കുര്യാക്കോസ് മുഖേന തയ്യാറാക്കിവരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കുകയും രണ്ടാംഘട്ട നിർമ്മാണത്തിന് പദ്ധതി ഘടകങ്ങൾ ദ്രുതഗതിയിൽ തയ്യാറാക്കി വരികയുമാണ്. പദ്ധതി രൂപരേഖ സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും. ഇതിന് സർക്കാർ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ നിയോഗിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 4 പദ്ധതി ഘടകങ്ങൾക്ക് ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും ഒരു പ്രാവശ്യം യോഗം ചേർന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വയനാട് അടക്കം 9 നിയമസഭാ മണ്ഡലങ്ങളെ ഉൾപ്പെടുത്തുന്ന തരത്തിലുള്ള ഒരു പദ്ധതിക്കാണ് രൂപം നൽകുന്നത്. രണ്ട് പദ്ധതികളുടെ കാര്യത്തിലും സർക്കാർ നിരന്തര അവലോകനം നടത്തുന്നുണ്ട്. ഒരു പ്രാവശ്യം മുഖ്യമന്ത്രി തലത്തിലും കൂടാതെ മന്ത്രിതലത്തിലുമെല്ലാം യോഗം ചേർന്ന് അത് പരിശോധിക്കുന്നുണ്ട്. നമ്മുടെ പൈതൃക പാരമ്പര്യം വിനോദസഞ്ചാര വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരള ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ പ്രധാനമായും വിദേശികളാണ് കടന്നുവരുന്നത്. വിദേശടൂറിസ്റ്റുകളെ ആകർഷിക്കാൻ പല പദ്ധതികളും നമുക്ക് ആസൂത്രണം ചെയ്യേണ്ടിവരും. നിർഭാഗ്യവശാൽ ബഹുമാന്യനായ കേന്ദ്രമന്ത്രി ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ ഭാഗത്തുനിന്ന് 'ബിക്കിനിയൊന്നും ധരിച്ച് കേരളത്തിലേയ്ക്ക് വരാൻ പാടില്ല' എന്ന രീതിയിൽ വിദേശികളെ അപമാനിക്കുന്ന ഒരു പ്രസ്താവനയുണ്ടായി. നേരത്തെ ഭക്ഷണത്തിന്റെ കാര്യത്തിൽ വിലക്കേർപ്പെടുത്തിയവർ ഇപ്പോൾ വസ്ത്രത്തിന്റെ കാര്യത്തിലും വിലക്കേർപ്പെടുത്തുകയാണ്. ഇത്തരം പ്രസ്താവനകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ എന്തെങ്കിലും തരത്തിൽ ഒരു പ്രസ്താവന നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹം ചെന്നെത്തി നിൽക്കുന്നത് ബി.ജെ.പി.-യുടെ പാളയത്തിലാണ്. 'മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം' എന്ന് കേട്ടിട്ടുണ്ട്. അതുപോലെ നമ്മുടെ നാട്ടിലെ മനുഷ്യൻ എന്ത് കഴിക്കണം, എന്ത് ധരിക്കണം, എങ്ങനെ ജീവിക്കണമെന്നെല്ലാം തങ്ങൾ നിശ്ചയിക്കുമെന്ന് കല്പിക്കുന്നതായിട്ടുള്ള ഒരു പാർട്ടിയുടെ നേതാവ് എന്നുള്ള നിലയിൽ ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ പ്രസ്താവനയിൽ വലിയ അത്ഭുതത്തിന് അവകാശമില്ല. പക്ഷെ അത് ഒരു കേന്ദ്രമന്ത്രിയുടെ നിലപാടിന് ചേർന്നതല്ലെന്ന് വളരെ വിനയത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## ക്രമപ്രശ്നം

<u>ശ്രദ്ധക്ഷണിക്കൽ അനുവദിച്ചതു ക്രമപ്രകാരമാണോ എന്നതു സംബന്ധിച്ച്</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, സംസ്ഥാന സർക്കാർ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യം ഇല്ലാതാക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധ ക്ഷണിക്കൽ ഉന്നയിക്കുന്നത്. അത്തരമൊരു ആനുകൂല്യം നിഷേധിക്കുന്നതിനെ സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ അനുവദിച്ചത് ക്രമപ്രകാരമാണോ എന്നാണ് എന്റെ ചോദ്യം?

<u>മി. സ്പീക്കർ</u>: അക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ അഭിപ്രായം ഗവൺമെന്റിന് പറയാവുന്നതാണ്. ശ്രീ. പി. കെ. ബഷീറിന് സംസാരിക്കാം.

## (ശ്രദ്ധ ക്ഷണിക്കൽ തുടർച്ച)

(2) സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ദീർഘകാല അവധിയെടുക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ശമ്പളം പറ്റുന്ന എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്നവർ തുടങ്ങി പലരും ജോലി നേടിക്കഴിഞ്ഞാൽ ലീവെടുത്ത് വിദേശങ്ങളിൽ പോയി ജോലി നോക്കാറുണ്ട്. ഉദാഹരണത്തിന് എം.ബി.ബി.എസ്. പാസ്സാകുന്ന കുട്ടിക്ക് 10 ലക്ഷം രൂപയാണ് സർക്കാർ ചെലവാക്കുന്നത്. 1.25 ലക്ഷം രൂപയാണ് ഫീസ്. ഹൗസ് സർജൻസി കഴിഞ്ഞ് പി.എസ്.സി. മുഖേന നിയമിതരാകുന്നവരിൽ ചിലർ ഒരു കൊല്ലം കഴിഞ്ഞാൽ ലീവെടുത്ത് വിദേശത്തേയ്ക്ക് പോകും. ലീവ് കൊടുക്കണ്ട എന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. നാട്ടിൽ അഞ്ച് കൊല്ലം വർക്ക് ചെയ്തിട്ട് പോകട്ടെ. ഗവൺമെന്റ് സ്കൂളിൽ ഒരു അദ്ധ്യാപകൻ ജോലിക്ക് കയറി, 20 കൊല്ലം ലീവെടുത്ത് വിദേശത്തു പോകുന്നു. ലീവ് കഴിഞ്ഞ് വരുമ്പോൾ വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള മാറ്റങ്ങളൊന്നും അദ്ദേഹത്തിന് അറിയാൻ കഴിയില്ല. എയ്ഡഡ് സ്കൂളിലാണെങ്കിൽ തൽക്കാലത്തേയ്ക്ക് ഒരാളെ പോസ്റ്റ് ചെയ്യും. 20 കൊല്ലം അദ്ദേഹം വർക്ക് ചെയ്യും. 20 കൊല്ലം കഴിഞ്ഞ് ലീവെടുത്തയാൾ തിരിച്ചു വരുമ്പോൾ ഇവൻ പുറത്തുപോകും. എസ്.സി.ഇ.ആർ.ടി.-യുടെ കാര്യങ്ങളെല്ലാം പഠിച്ചുവരുമ്പോൾ മൂന്ന് കൊല്ലത്തെ സർവ്വീസ് മാത്രമെ അദ്ദേഹത്തിനുണ്ടാകുകയുള്ളൂ. സർവ്വീസ് സംഘടനകളും രാഷ്ട്രീയ പാർട്ടിക്കാരുമൊക്കെ പഴയ കാലങ്ങളിലെടുത്ത തീരുമാനങ്ങളിൽ കാലോചിതമായ മാറ്റമുണ്ടാകുന്നത് നല്ലതാണെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഡി.പി.ഐ.-യുടെ കീഴിൽത്തന്നെ നാലായിരത്തോളം അദ്ധ്യാപക/അനദ്ധ്യാപകരാണ് വിദേശത്തുള്ളത്. പി.ഡബ്ല്യു.ഡി.-യുടെ കീഴിൽ ഇവിടെ ആവശ്യത്തിന് എഞ്ചിനീയർമാരില്ല. നൂറ്റമ്പതോളം എഞ്ചിനിയർമാരാണ് പുറത്തുള്ളത്. അതുപോലെ ഡോക്ടർമാർ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റുകൾ അങ്ങനെ നിരവധി പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ബി.എസ്.സി. നഴ്സിംഗിന് എൻട്രൻസ് നടത്തി, അഡ്മിഷൻ നേടി പഠിച്ച് ജയിച്ച് വിദേശത്ത് പോയി ജോലി നോക്കി 25 കൊല്ലം കഴിഞ്ഞ് തിരികെ ഇവിടെ വന്നിട്ട് എന്തുകാര്യം? എന്തിനാണ് ഇവർക്ക് പെൻഷൻ കൊടുക്കുന്നത്. 20-25 കൊല്ലം രാജ്യത്തിനുവേണ്ടി സർവ്വീസ് നടത്തുന്ന ആളുകൾക്കുള്ള ഒരാനുകൂല്യമാണ്. ഇക്കാര്യത്തിൽ സർക്കാർ നിയന്ത്രണം കൊണ്ടുവരണം. ഇന്നത്തെ മാതൃഭൂമി പത്രത്തിലെ 16-ാം പേജിലെ ഒരു വാർത്ത-സൈന്യത്തിൽ പഠിച്ച് ഗുഡ്ബൈ പറഞ്ഞുപോകുന്ന ഡോക്ടർമാർ വലിയ വില കൊടുക്കേണ്ടിവരുമെന്ന്. 2 കോടി രൂപ ബോണ്ട് കൊടുക്കണമെന്നാണ് പാർലമെന്റ് സമിതി പറഞ്ഞിരിക്കുന്നത്. ഞാൻ അതൊന്നും പറയുന്നില്ല. ഞാൻ പറയുന്നത് വിദേശത്തേയ്ക്ക് പോകണമെങ്കിൽ അഞ്ചോ-പത്തോ കൊല്ലത്തേയ്ക്ക് പോയിക്കൊള്ളട്ടെ. അല്ലാതെ 26-ാം വയസ്സിൽ സർവ്വീസിൽ കയറി, 25 കൊല്ലം കഴിഞ്ഞ് തിരിച്ചുവന്നിട്ടെന്ത് കാര്യം? അതിൽ ഒരു നിയന്ത്രണം കൊണ്ടുവരണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടിസ്പീക്കർ ]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ റെഗുലർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് വിദേശത്തോ/സ്വദേശത്തോ മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII എ പ്രകാരം പരമാവധി 20 വർഷം വരെ ശൂന്യവേതന അവധി അനുവദിച്ചുവരുന്നുണ്ട്. ടി ചട്ടങ്ങൾ ബാധകമാക്കപ്പെട്ട അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രസ്തുത അവധിയുണ്ട്. എന്നാൽ അവധിയെടുക്കുന്ന ജീവനക്കാർ സർക്കാരിന്റെ ധനസഹായം ലഭിക്കുന്നതോ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ പാടുള്ളതല്ല. ഇതിന്റെ ഫലമായി ഉണ്ടാകുന്ന പ്രയാസങ്ങളും പ്രശ്നങ്ങളുമാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. അദ്ദേഹം ആശങ്കപ്പെടുന്ന രീതിയിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ചില ചട്ടങ്ങൾ നിലവിലുണ്ട്. ഉദാഹരണത്തിന്, ഉന്നത യോഗ്യതയുള്ള ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞന്മാർ, ജീവനക്കാരുടെ ദൗർലഭ്യം നേരിടുന്ന വെറ്ററിനറി വിഭാഗങ്ങളായ വെറ്ററിനറി സർജന്മാർ, ലൈവ് സ്റ്റോക്ക് അസിസ്റ്റന്റുമാർ, മറ്റ് ജീവനക്കാർ മുതലയാവർക്ക് ടി അവധി പരിമിതമായേ അനുവദിക്കുകയുള്ളൂവെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവരുടെ കാര്യത്തിൽ കാലാവധി/നിയന്ത്രണങ്ങൾ ഏർപ്പെടുത്താം. ഈ അവധി വിരമിക്കൽ തീയതിക്ക് ഒരു വർഷം മുമ്പുവരെ മാത്രമേ അനുവദിക്കുകയുള്ളൂ. അതായത്, വിരമിക്കൽ തീയതിക്ക് തൊട്ടുമുമ്പുവരെ അവധിയിൽ തുടരാൻ കഴിയില്ല. കൂടാതെ അവധി അനുവദിക്കുന്ന കാലയളവ് പെൻഷൻ ഉൾപ്പെടെയുള്ള യാതൊരു സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല. എന്നാൽ അവധിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവധിയിൽ പ്രവേശിച്ചതിനുശേഷവും അനുഷ്ഠിക്കുന്ന സേവനം മാത്രം പരിഗണിച്ച് പെൻഷൻ ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നൽകുന്നതാണ്. ഇക്കാലത്ത് ജീവനക്കാർക്ക് പ്രൊമോഷൻ ഊഴമായാൽ അതും ഇവർക്ക് ലഭിക്കുന്നതല്ല. ജീവനക്കാർ ഇല്ലാതെ ഇവിടെ വിഷമിക്കുകയില്ല. ഇപ്രകാരമുണ്ടാകുന്ന അവധി ഒഴിവുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ അവകാശമുണ്ട്. ജീവനക്കാർക്ക് ഇത്തരത്തിൽ അവധി അനുവദിക്കുന്നതുകൊണ്ട് സർക്കാർ ഖജനാവിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിക്കുന്നില്ല. അങ്ങ് പറഞ്ഞ ചില പ്രശ്നങ്ങളുണ്ടാകാം. അദ്ധ്യാപകൻ പോയിട്ട് തിരിച്ചുവരുമ്പോൾ, തുടർച്ചയായി പഠിപ്പിക്കുന്നവരുടെ അത്രയും കാര്യക്ഷമത ഉണ്ടാകണമെന്നില്ല. precautions എല്ലാം എടുത്തുകൊണ്ടാണ് ചെയ്യുന്നത്. എന്നാൽ സർക്കാർ വേണ്ടത്ര ജാഗ്രത പുലർത്താത്തതുകൊണ്ട് അങ്ങ് പറയുന്നതുപോലെയുള്ള പ്രശ്നങ്ങളൊക്കെയുണ്ടാകാം. അക്കാര്യത്തിൽ ജാഗ്രത പുലർത്തിയാൽ മതി. നിലവിലുള്ള അവകാശങ്ങളിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. ടി അവധി അനുവദിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുകയില്ല.

# IV സബ്മിഷൻ

## (1) നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്നാർ മേഖലയിലെ എട്ടു വില്ലേജുകളിൽ നിർമ്മാണ നിയന്ത്രണം നിലനിൽക്കുന്ന സാഹചര്യത്തിൽ റിലയൻസിന് അവിടെ മൊബൈൽ ടവർ സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുകയാണ്. 2010-ലെ ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിലാണ് മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. വേണമെന്ന് നിബന്ധനയുണ്ടായത്. മൂന്നാറിലെ വ്യാപകമായ കയ്യേറ്റങ്ങളുടെയും അനധികൃത നിർമ്മാണങ്ങളുടെയും പശ്ചാത്തലത്തിലാണ് ഹൈക്കോടതി അപ്രകാരം വിധി പുറപ്പെടുവിച്ചത്. വിധിയുടെ പശ്ചാത്തലത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കയ്യേറ്റക്കാർക്കും അനധികൃത നിർമ്മാണങ്ങൾക്കുമെതിരെ നടപടി ഉണ്ടായെങ്കിലും സാധാരണക്കാർക്കും കൃഷിക്കാർക്കും വീട് വയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും നിർമ്മാണ നിയന്ത്രണം ഉണ്ടായിരുന്നില്ല. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വന്തം ആവശ്യങ്ങൾക്ക് വീട് വയ്ക്കുന്നതുൾപ്പെടെയുള്ള നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നിർബന്ധമാക്കി 9-6-2016-ൽ ഉത്തരവിറക്കി. ആ ഉത്തരവിൽ ആർക്കൊക്കെ എൻ.ഒ.സി. നൽകാമെന്നും അത് നൽകേണ്ട മാനദണ്ഡവും നിശ്ചയിച്ചു. ആശ്രിതരായവർക്ക് സ്വന്തമായി വീടുണ്ടെങ്കിൽ എൻ.ഒ.സി.ക്ക് അർഹതയില്ലെന്നത് അടക്കം ജനവിരുദ്ധമായ നിബന്ധനകൾ കൊണ്ടുവന്നത് ഈ സർക്കാരാണ്. ആ ഉത്തരവിന്റെ പകർപ്പ് ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇതിന്റെ പിന്നാലെ വീട് വയ്ക്കുന്നതുൾപ്പെടെയുള്ള ആയിരക്കണക്കിന് അപേക്ഷകളാണ് സർക്കാർ മടക്കിയത്. ആയിരക്കണക്കിന് അപേക്ഷകൾ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെയേറെയാണ്. ഈ പശ്ചാത്തലത്തിൽ കക്ഷി രാഷ്ട്രീയ-ജാതി-മത ഭേദമെന്യേ മൂന്നാറിലെ എട്ട് വില്ലേജുകളിലെ ജനങ്ങൾ സമരരംഗത്താണ്. രണ്ടാഴ്ചയിലേറെയായി ജനകീയ സമരം നടക്കുകയാണ്. സി.പി.ഐ. (എം), സി.പി.ഐ. അടക്കമുള്ള പാർട്ടികളും കോൺഗ്രസ്, യു.ഡി.എഫ്. കക്ഷികളും സമരത്തിലാണ്. സ്വന്തം സ്ഥലത്ത് വീട് വയ്ക്കുന്നതിനോ സ്വന്തമായി നട്ടുവളർത്തിയ മരം മുറിക്കുന്നതിനോ എട്ട് വില്ലേജുകളിലെ ആളുകൾക്ക് കഴിയുന്നില്ല. കർഷകരുടെയും സാധാരണക്കാരുടെയും

അപേക്ഷകൾ നിരസിക്കുമ്പോൾ ഈ സർക്കാർ സാമ്പത്തിക ശക്തികളായ റിലയൻസ് പോലെയുള്ളവർക്ക് എൻ.ഒ.സി. കൊടുക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. പതിനായിരക്കണക്കിന് ആളുകൾ സമരം ചെയ്യുമ്പോൾ കണ്ടില്ലെന്ന് നടിക്കുന്ന സർക്കാർ റിലയൻസിന് മൊബൈൽ ടവർ സ്ഥാപിക്കാൻ ചട്ടം ഇളവ് ചെയ്തുകൊടുത്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. കർഷകനും സാധാരണക്കാർക്കും ആനുകൂല്യം നിഷേധിക്കുമ്പോൾ സാമ്പത്തിക ശക്തികൾക്കും കോർപ്പറേറ്റുകൾക്കും ചട്ടത്തിൽ ഇളവ് നൽകി അനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാരിന് എന്ത് ന്യായമാണ് പറയാനുള്ളത്. ജനവിരുദ്ധ ഉത്തരവ് പിൻവലിച്ച് അർഹതപ്പെട്ടവർക്ക് എൻ.ഒ.സി. നടപടി ലളിതമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ നടക്കുന്ന ജനകീയസമരത്തിൽ എന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, മൂന്നാർ പ്രദേശത്തെ മാത്രം ഉദ്ദേശിച്ച് ഹൈക്കോടതി നടത്തിയ നിരീക്ഷണത്തെ എട്ട് വില്ലേജുകളിലേയ്ക്ക് വ്യാപിപ്പിച്ചത് ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് അവിടത്തെ കർഷകരെയും സാധാരണക്കാരായ ആളുകളെയും സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രനും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് കൂടി ഈ വിഷയം പരാമർശിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലാണ് ഈ സംഭവം നടക്കുന്നത്. ഞാനും സബ്മിഷനായി കൊടുത്തിരുന്നു. കഴിഞ്ഞ ദിവസം ചോദ്യം ഉണ്ടായിരുന്നു. ഇവിടെ അവതരിപ്പിച്ചതുപോലെ തന്നെ എൻ.ഒ.സി.യുമായി ബന്ധപ്പെട്ട് ഇപ്പോൾ കളക്ടർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളോ നിരോധനമോ ആവശ്യമില്ലാത്തതാണ്. ഒരാൾക്ക് രണ്ട് വീട് പാടില്ലെന്ന നിരോധനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ നടക്കുന്ന സമരവുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് വീട് വയ്ക്കാൻ യാതൊരു തടസ്സവുമില്ലാത്ത സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച സബ്മിഷനും അതുപോലെ

ബഹുമാന്യനായ ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ ഉന്നയിച്ച കാര്യങ്ങളുമെല്ലാം അവിടെ ഇന്ന് നിലനിൽക്കുന്ന പ്രത്യേക വിഷയങ്ങൾ സംബന്ധിച്ചാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കേരള ഹൈക്കോടതിയുടെ വിധിയെ സംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WPC 1801/2010, WPC 34095/2009 എന്നീ കേസുകളിൽ 21-1-2010-ലെ ഇടക്കാല വിധി പ്രകാരം മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളുടെ എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ വരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ എട്ട് വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധന ഏർപ്പെടുത്തി. മൂന്നാർ പ്രദേശത്ത് നിലവിലുള്ള പ്രധാനപ്പെട്ട പതിവ് ചട്ടങ്ങൾ ഭൂമിയുടെ ഉപയോഗവും നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്.

1. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകിട്ടുന്ന ഭൂമി-സ്വന്തമായി കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണപരമായ അനുഭവത്തിനും മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ.
2. 1993-ലെ പ്രത്യേക ഭൂമി പതിവ് 1-1-1977-ന് മുമ്പുള്ള വനഭൂമി-കുടിയേറ്റം ക്രമീകരിക്കൽ ചട്ടങ്ങൾ പ്രകാരം പതിച്ചുകിട്ടുന്ന ഭൂമി സ്വന്തമായി കൃഷിക്കും താമസത്തിനും ഷോപ്പ് സെന്ററിനും ഉപയോഗിക്കാം.
3. 1977-ലെ കണ്ണൻ ദേവൻ ഹിൽ ഭൂമി-പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകിട്ടുന്ന ഭൂമി കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കൃഷിക്കും താമസത്തിനും ഉപയോഗിക്കാവുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന ചട്ടങ്ങൾ പ്രകാരം പതിച്ചുകിട്ടിയ ഭൂമി സ്വന്തം താമസത്തിനുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.-ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാനും അവയ്ക്ക് സമയബന്ധിതമായി എൻ.ഒ.സി. നൽകാനും ദേവികുളം സബ്കളക്ടറെ ചുമതലപ്പെടുത്തി അധികാരം നൽകിയിട്ടുള്ളതും ആയത് അനുവദിച്ച് വരുന്നതുമാണ്. ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ നിജസ്ഥിതി, പ്രസ്തുത ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ സംഗതികൾ പരിഗണിച്ചാണ് ടി അപേക്ഷകളിൽ തീർപ്പുകൽപ്പിച്ച് വരുന്നത്. വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ നിരസിക്കേണ്ടവ ദേവികുളം സബ്കളക്ടറുടെ ഓഫീസിൽ തന്നെ തീർപ്പാക്കാനും അനുമതിക്ക് ശിപാർശ ചെയ്യപ്പെടുന്നവ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് അതത് സന്ദർഭങ്ങളിൽ ചെയ്തുവരുന്നതായിട്ടാണ് ഇപ്പോൾ കിട്ടിയിട്ടുള്ള വിവരങ്ങൾ. നിലവിലുള്ള ചട്ടങ്ങളും കോടതി ഉത്തരവുകളും പ്രകാരം പട്ടയ ഭൂമിയിൽ താമസ ആവശ്യത്തിനുള്ളതല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ഇത്തരം നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത വിവരം എൻ.ഒ.സി. സംബന്ധിച്ച വിഷയം പരിഗണിക്കുന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ ബോധിപ്പിച്ചിട്ടുമുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. എൻ.ഒ.സി. സംബന്ധിച്ച ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന് വിധേയമായി തീരുമാനമെടുക്കാവുന്നതാണ്. ബഹുമാന്യനായ എസ്. രാജേന്ദ്രൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത് ഡോ. നിവേദിത പി. ഹരൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ട് വില്ലേജുകളിലായി ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ കുടിയിറക്ക് ഭീഷണി നേരിടുന്നുണ്ടെന്നാണ്. പതിച്ചുനൽകിയ ഭൂമിയിൽ താമസത്തിനായി വീട് നിർമ്മിക്കുന്നതിനും വീട് പുതുക്കിപ്പണിയുന്നതിനും എൻ.ഒ.സി. നൽകുന്നതിന് തടസ്സമില്ലാത്തതാണ്. അതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എൻ.ഒ.സി. എങ്ങനെയാണ് കൊടുക്കുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ജില്ലാതലത്തിലുള്ള ടെലികമ്മ്യൂണിക്കേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ടാണെന്നാണ് മനസ്സിലാക്കുന്നത്. അതിന്റെ വിശദാംശങ്ങൾ അന്വേഷിച്ച് പറയാം.

## (2) പോസ്റ്റ്മോർട്ടം ഒഴിവാക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ നാട്ടിൽ അപകടമരണമോ അസ്വാഭാവിക മരണമോ ഉണ്ടായാൽ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യാറുണ്ട്. സ്വാഭാവിക മരണം സംഭവിച്ചാൽ ആ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യേണ്ടിവരുന്ന എന്നതാണ് എല്ലാവരെയും സങ്കടപ്പെടുത്തുന്ന വസ്തുത. എല്ലാവരും മരിക്കും. പക്ഷെ, എപ്പോൾ എവിടെവച്ച് എങ്ങനെ മരണമുണ്ടാകുമെന്നതിനെക്കുറിച്ച് ആർക്കും മുൻകൂട്ടി പ്രവചിക്കാൻ സാധിക്കുകയില്ല. ഒരാൾ നടന്നുപോകുമ്പോൾ ഒരു സർക്കാർ ആശുപത്രിയുടെ മുമ്പിൽ വച്ചാണ് കുഴഞ്ഞുവീഴുന്നതെങ്കിൽ അവിടെയുള്ള ആളുകൾ അയാളെ സർക്കാർ ആശുപത്രിയിലായിരിക്കും പെട്ടെന്ന് എത്തിക്കുക. അവിടെ എത്തുമ്പോൾ ആ ആൾ മരിച്ചുകാണും. അപ്പോൾ അവിടെയുണ്ടായിരുന്ന ഡോക്ടർ 'brought dead' എന്ന് രജിസ്റ്ററിൽ എഴുതിവയ്ക്കുകയും പോലീസ് സ്റ്റേഷനിലേയ്ക്ക് ഇന്റിമേഷൻ അയയ്ക്കുകയും ചെയ്യും. പിന്നെ പോസ്റ്റ്മോർട്ടം ചെയ്യാതെ ആ ബോഡി ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയില്ല. ഇത് ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 174-ാം സെക്ഷന്റെ misinterpretation ആണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സെക്ഷൻ 174-ൽ പറയുന്നത്, " (1) When the officer in charge of a police station or some other police officer specially empowered by the State Government in that behalf receives information that a person has committed suicide, or has been killed by another or by an animal or by machinery or by an accident, or has died under circumstances raising a reasonable suspicion that some other person has committed an offence, .........." എന്നാണ്. പക്ഷെ, ആശുപത്രിയുടെ മുമ്പിൽ വച്ച് കുഴഞ്ഞുവീഴുന്നത് നൂറോളം ആളുകൾ കാണുന്നുണ്ട്. ആ ബോഡിയാണ് ആശുപത്രിയിൽ എത്തിക്കുന്നത്. അതിൽ ഒരു സസ്പീഷ്യന്റെയും ആവശ്യമില്ല. അപ്പോൾ എന്തുകൊണ്ടാണ് ആ ബോഡി പോസ്റ്റ്മോർട്ടം ചെയ്യേണ്ടിവരുന്നത്? കഴിഞ്ഞ ആഴ്ച ഒരു സംഭവമുണ്ടായി. മൂന്ന് മാസം പ്രായമായ ഒരു കുഞ്ഞിന് വീട്ടിൽവച്ച് അസ്വസ്ഥതയുണ്ടാകുകയും കുഞ്ഞ് മരണപ്പെടുകയും ചെയ്തു. മരണം സ്ഥിരീകരിക്കാനായി വീട്ടുകാർ ആ ബോഡി സർക്കാർ ആശുപത്രിയിലേയ്ക്കാണ് കൊണ്ടുപോയത്. ആ ബോഡി പോസ്റ്റ്മോർട്ടം ചെയ്യണമെന്ന് ഡോക്ടർമാരും പോലീസുകാരും നിർബന്ധം പിടിച്ചു. അവസാനം ജനപ്രതിനിധികളൊക്കെ ഇടപെട്ട് പോസ്റ്റ്മോർട്ടം ചെയ്യാതെ വിട്ടുകിട്ടി. സർക്കാരിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്ന് എനിക്ക് നല്ലതുപോലെ അറിയാം.

ജനപ്രതിനിധികളോ മറ്റുള്ളവരോ സ്വാഭാവിക മരണമാണെന്ന് പറയുന്ന കേസുകളിൽ തർക്കവിതർക്കങ്ങൾക്കൊന്നും അവസരം നൽകാതെ, പോസ്റ്റ്മോർട്ടം ചെയ്യാതെ ആ ബോഡി വിട്ടുകൊടുക്കാനുള്ള നിർദ്ദേശം ഡോക്ടർമാർക്കും പോലീസിനും മറ്റ് ബന്ധപ്പെട്ട ആളുകൾക്കും നൽകണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ വിനയത്തോടെ എനിക്ക് അപേക്ഷിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം തന്നെ ഇതുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ പരിമിതി വ്യക്തമാക്കിയിട്ടുണ്ട്. ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേയോ അല്ലാതെയോ മരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ അവ സ്വാഭാവിക മരണമാണെങ്കിൽക്കൂടി അത് 'brought dead' എന്ന് ആശുപത്രി രേഖകളിൽ ചേർക്കേണ്ടതുണ്ട്. അതോടൊപ്പം മരണകാരണം ഉറപ്പാക്കുന്നതിനായി പോസ്റ്റ്മോർട്ടം ആവശ്യമായിവരാം. അത്തരം അവസരങ്ങളിൽ സ്വാഭാവിക മരണം സംഭവിച്ച ഒരാളുടെ കുടുംബത്തിന് സങ്കടകരമായ അവസ്ഥ നേരിടേണ്ടിവരുന്നുണ്ട്. അതാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. പോസ്റ്റ്മോർട്ടം നടത്തണമോ വേണ്ടയോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥന് ക്രിമിനൽ നടപടി സംഹിത പ്രകാരവും കേരള പോലീസ് മാന്വൽ പ്രകാരവും വിവേചനാധികാരം നൽകിയിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം കേസ്സുകളിലും മരണകാരണം സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടാകുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് പോസ്റ്റ്മോർട്ടം ആവശ്യമാണെന്ന് തോന്നുന്നപക്ഷം മാത്രമെ മൃതശരീരം പോസ്റ്റ്മോർട്ടത്തിന് അയയ്ക്കുകയുള്ളൂ. ബന്ധുക്കൾക്ക് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ഓഫീസറെ സമീപിച്ച് സ്വാഭാവിക മരണമാണെന്നുള്ളത് രേഖകൾ മുഖാന്തിരം ബോധ്യപ്പെടുത്തി മൃതശരീരം വാങ്ങാവുന്നതാണ്. രേഖകൾ സമർപ്പിച്ചാൽ പോലീസ് ഓഫീസർ അദ്ദേഹത്തിന്റെ പ്രാരംഭ അന്വേഷണങ്ങൾക്കുശേഷം യാതൊരു ദുരൂഹത യുമില്ലെന്ന് ബോധ്യപ്പെട്ടാൽ പോസ്റ്റ്മോർട്ടം കൂടാതെ ബന്ധുക്കൾക്ക് മൃതശരീരം വിട്ടുനൽകാറുണ്ട്. അത്യാഹിത വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് മരണകാരണം പ്രഥമദൃഷ്ട്യാ നിർണ്ണയിക്കാൻ കഴിയില്ല. ദൃക്സാക്ഷികളുടെ വാക്കുകൾ കണക്കിലെടുത്ത് മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യാതെ വിട്ടുനൽകുന്നപക്ഷം ചിലപ്പോഴെങ്കിലും ദുരൂഹതകൾ ചൂണ്ടിക്കാണിക്കപ്പെടുന്ന സന്ദർഭങ്ങളുണ്ടാകുന്നുണ്ട്. ഇക്കാരണത്താൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുവാൻ പരിമിതിയുണ്ട്.

(3) <u>സ്ഥലം അനുവദിക്കൽ</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ മദ്ധ്യ തിരുവിതാംകൂറിൽനിന്നുള്ള മുന്നണി പോരാളി, മികച്ച സാമൂഹിക പരിഷ്കർത്താവ്, ലോകപ്രസിദ്ധമായ പന്മന ആശ്രമത്തിന്റെയും ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ് ഉൾപ്പെടെ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്ഥാപകൻ, തൊട്ടുകൂടായ്മയ്ക്കെതിരെ പന്തിഭോജനം സംഘടിപ്പിച്ച വിപ്ലവകാരി, ക്ഷേത്രപ്രവേശന വിളംബരം നടക്കുന്നതിനുമുമ്പ് ക്ഷേത്രങ്ങൾ എല്ലാ ജാതിക്കാർക്കുമായി തുറന്നുകൊടുത്ത് മാതൃക കാട്ടിയ വ്യക്തിത്വം എന്നീ നിലകളിൽ പ്രസിദ്ധനായ കുമ്പളത്ത് ശങ്കുപിള്ളയുടെ പൂർണ്ണകായ പ്രതിമ തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിരന്തരം നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ച പണം ഉപയോഗിച്ച് പൂർണ്ണകായ വെങ്കല പ്രതിമ നിർമ്മിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയതിൽ നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ആകയാൽ കുമ്പളത്ത് ശങ്കുപിള്ളയുടെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം തിരുവനന്തപുരം നഗരത്തിൽ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, മുൻ കെ.പി.സി.സി. പ്രസിഡന്റും സ്വാതന്ത്ര്യസമര സേനാനിയുമായ കുമ്പളത്ത് ശങ്കുപിള്ളയുടെ പേരിൽ സ്മാരകം നിർമ്മിക്കണമെന്നത് ദീർഘകാലത്തെ ആവശ്യമാണ്. സർ സി. പി. രാമസ്വാമി അയ്യരെ വെട്ടാനുള്ള വാൾ പണിതുകൊടുത്തത് അദ്ദേഹമാണ്. ചരിത്രത്തിൽ ഏറ്റവും വലിയ സ്ഥാനമുള്ള ആളാണ് അദ്ദേഹം. ശ്രീ. ആർ. രാമചന്ദ്രന്റെ ആവശ്യം വളരെ ന്യായമാണ്. <u>ബഹു.</u> റവന്യൂ വകുപ്പുമന്ത്രി അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

11.00 am ]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, സാമൂഹ്യപരിഷ്കർത്താവ് കുമ്പളത്ത് ശങ്കുപിള്ളയുടെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം നഗരത്തിൽ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയതിൽനിന്ന് തിരുവനന്തപുരം

നഗരപരിധിക്കുള്ളിൽ ഈ ആവശ്യത്തിന് അനുയോജ്യമായ റവന്യൂ ഭൂമിയോ മറ്റ് സർക്കാർ ഭൂമിയോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽനിന്ന് നിലവിൽ ഉപയോഗമില്ലാത്ത ഭൂമി ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് സമ്മതപത്രം ലഭ്യമാക്കി കൈമാറുന്ന കാര്യമാണ് പരിശോധിച്ചുവരുന്നത്. തീർച്ചയായും ഇതിന്റെ എല്ലാ ഗൗരവവും കണക്കിലെടുത്തുകൊണ്ട് അതിനാവശ്യമായ ഭൂമി കണ്ടെത്താനുള്ള ശ്രമം ഉണ്ടാകും.

## (4) കോർട്ട് കോംപ്ലക്സിന് സ്ഥലം അനുവദിക്കൽ

ശ്രീ. റോജി എം. ജോൺ: സർ, എന്റെ മണ്ഡലമായ അങ്കമാലിയിൽ സ്ഥാപിതമായ അങ്കമാലി-കാലടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ ദീർഘനാളായി വാടകക്കെട്ടിടത്തിൽ വളരെ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ രണ്ട് കോടതികൾക്കും സ്വന്തമായ സ്ഥലവും കെട്ടിടവും എന്നുള്ളത് വളരെ ന്യായമായ ഒരു ആവശ്യമാണ്. ഇത് സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളിലേയ്ക്ക് മാറ്റാൻ ശ്രമം നടത്തിയെങ്കിലും അതിന് പര്യാപ്തമായ കെട്ടിടം ലഭ്യമായില്ല. ഇതിന് ശാശ്വതമായ പരിഹാരം സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക എന്നതു തന്നെയാണ്. അതിന്റെ അടിസ്ഥാനത്തിൽ 15-3-2017-ൽ അങ്കമാലി മുനിസിപ്പൽ പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ ഇടമലയാർ പ്രോജക്ടിന്റെ ഭാഗമായ 40 സെന്റ് ഭൂമി കോർട്ട് കോംപ്ലക്സിനായി വിട്ടുതരുന്നതിന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് നേരിട്ട് കത്ത് നൽകി. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് ഭൂമി വിട്ടുകൊടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പിന് ഫയൽ കൈമാറി. 15-9-2017-ലെ റവന്യൂ സെക്രട്ടറി ഭൂമിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഈ വിവരങ്ങൾ കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറെ ഞാൻ നേരിട്ട് കണ്ട് കത്ത് നൽകുകയും ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ജില്ലാ ജഡ്ജി സ്ഥലം സന്ദർശിച്ച് ഈ ഭൂമി കോടതി സ്ഥാപിക്കാൻ അനുയോജ്യമാണെന്നും അടിയന്തരമായി ഭൂമി വിട്ടുനൽകാൻ തുടർനടപടികൾ സ്വീകരിക്കണമെന്നു മാവശ്യപ്പെട്ട് 23-2-2018-ൽ ഹൈക്കോടതി രജിസ്ട്രാർ ഹോം സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. 28-2-2018-ൽ നിശ്ചിത ഫോമിൽ ജില്ലാ ജഡ്ജി എറണാകുളം കളക്ടർക്ക് റിക്വസിഷൻ ലെറ്ററും നൽകിയിട്ടുണ്ട്. ഇത്രയും നടപടികൾ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എത്രയുംവേഗം

ഇതിന്റെ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ വഴി സർക്കാരിൽ എത്തിച്ച് അങ്കമാലിയിൽ കോടതി നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിനു വേണ്ട നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്കമാലി മണ്ഡലത്തിൽ വാടകയ്ക്ക് പ്രവർത്തിച്ചുവരുന്ന കോടതിക്ക് കോർട്ട് കോംപ്ലക്സ് പണിയുന്നതിന് അങ്കമാലി വില്ലേജിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും 40 സെന്റ് ഭൂമി അനുവദിക്കുന്ന വിഷയം സംബന്ധിച്ച് $A_3$ 285/2017/റവന്യൂ ഡിപ്പാർട്ടുമെന്റ് നമ്പർ ഫയൽ ഈ വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നതും ആയതിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 15-9-2017-ൽ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ വിഷയത്തിലുള്ള അഭ്യർത്ഥന 28-2-2018-ൽ ജില്ലാ ജഡ്ജി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ആയതിൽ വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ ആലുവ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (5) കാർഷിക സേവന കേന്ദ്രം

ശ്രീ. സി. കൃഷ്ണൻ: സർ, കൃഷിക്ക് ഏറെ പ്രാധാന്യമുള്ള മണ്ഡലമാണ് പയ്യന്നൂർ. 80 ശതമാനം ആളുകളും കൃഷിയെ ആശ്രയിച്ചായാണ് ജീവിക്കുന്നത്. 900 ഏക്കർ നെൽവയലുകൾ ഈ മണ്ഡലത്തിലുണ്ട്. ഇതിൽ 500 ഏക്കറോളം സ്ഥലത്തു മാത്രമാണ് കൃഷി ചെയ്തുവരുന്നത്. ആധുനിക കൃഷി ഉപകരണങ്ങളുടെയും തൊഴിലാളികളുടെയും കുറവാണ് നെൽവയലുകൾ തരിശിടുന്നതിന് ഇടയാക്കുന്ന പ്രധാനപ്പെട്ട കാരണങ്ങൾ. അതുപോലെതന്നെ നിലവിൽ പ്രവർത്തിച്ചുവരുന്ന കാർഷികസേവന കേന്ദ്രം കൃഷിക്കാർക്ക് ഏറെ പ്രയോജനപ്പെടുന്ന ഒന്നാണ്. എന്നാൽ 7 ഗ്രാമപഞ്ചായത്തുകളും ഒരു നഗരസഭയും ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് നിലവിലുള്ള കാർഷികസേവന കേന്ദ്രത്തിന്റെ ശേഷി തികച്ചും അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ പയ്യന്നൂർ ബ്ലോക്ക് കാർഷിക സേവനകേന്ദ്രം ഒരു മാതൃകാ സേവന കേന്ദ്രമാക്കി ഉയർത്തി അതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ, പയ്യന്നൂർ ബ്ലോക്കിൽ 2012-13 വർഷത്തിലാണ് അഗ്രോ സർവ്വീസ് സെന്റർ ആരംഭിച്ചത്. സെന്റർ ആരംഭിക്കുന്നതിനായി യന്ത്രങ്ങൾ വാങ്ങുന്നതിനും ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനും കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുമായി 32 ലക്ഷം രൂപ നേരത്തെ അനുവദിച്ചിട്ടുള്ളതാണ്. ഇതുകൂടാതെ വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ബയോ ഫാർമസി, നഴ്സറി, ത്രീവീലർ എന്നിവയും തുടർന്നുള്ള വർഷങ്ങളിൽ അനുവദിക്കുകയുണ്ടായി. സെന്റർ നല്ല രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്ററിന്റെ വിപുലീകരണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ 2,74,07,000 രൂപയുടെ പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾക്ക് പരമാവധി 20 ലക്ഷം രൂപയുടെ യന്ത്രങ്ങൾ വാങ്ങുന്നതിനും ബയോഫാർമസിക്ക് ഒരു ലക്ഷം രൂപ, നഴ്സറിക്ക് 2 ലക്ഷം രൂപ, ത്രീ വീലറുകൾക്ക് 3 ലക്ഷം രൂപ എന്നിങ്ങനെയാണ് അനുവദിക്കുന്നത്. പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്ററിനെ മാതൃകാ സേവന കേന്ദ്രമാക്കി മാറ്റുന്നതിന് 2,74,07,000 രൂപയുടെ പ്രൊപ്പോസൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. നിലവിൽ മാതൃകാ സേവന കേന്ദ്രങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് ഗവൺമെന്റ് 2018-19 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി പ്രത്യേകമായ അനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തിക സ്ഥിതിയനുസരിച്ച് പ്രത്യേകമായിട്ടുള്ള ഒരു അഗ്രോ സർവ്വീസ് സെന്റർ എന്നുള്ള നിലയിൽ പരിഗണിക്കാൻ സർക്കാർ തയ്യാറാണ്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (6) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ നാട്ടിൽ ആംബുലൻസിൽ രോഗികളെ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടാകുകയും അടുത്തിടെ മൂന്ന് രോഗികൾ മരിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഉന്നയിക്കാനുള്ള പ്രധാന കാരണം, കഴിഞ്ഞ ചൊവ്വാഴ്ച, 20-ാം തീയതി തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പാലക്കാട് ആശുപത്രിയിൽ നിന്നുകൊണ്ടുവന്ന ആംബുലൻസിലുണ്ടായിരുന്ന രോഗിയെ ആംബുലൻസിൽ നിന്നിറക്കിയപ്പോൾ രോഗി തലകീഴായി വീഴുകയും മരിക്കുകയും ചെയ്തു. കാർ, ടിപ്പർ ലോറി, ബസ് തുടങ്ങിയ വാഹനങ്ങൾ ഓടിക്കുന്നവർക്ക് ആംബുലൻസും ഓടിക്കാൻ കഴിയും. ആംബുലൻസ് ഓടിക്കാൻവേണ്ടി പ്രത്യേക നിയമമോ മാനദണ്ഡമോ ഇല്ല.

ആംബുലൻസ് ഓടിക്കുന്ന ഡ്രൈവർമാർക്ക് ഒരു നിശ്ചിത കാലയളവിൽ ഏതെങ്കിലും സർക്കാർ ഏജൻസിയുടെയോ മെഡിക്കൽ കോളേജിന്റെയോ അല്ലെങ്കിൽ മെഡിക്കൽ ബോർഡിന്റെയോ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയാൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പകുതിവരെ ഒഴിവാക്കാൻ കഴിയും. ആംബുലൻസിൽ നിന്ന് ഡ്രൈവർ ഇറങ്ങി ആംബുലൻസിന്റെ ഡോർ തുറന്നിട്ട് കാഷ്വാലിറ്റിയിൽ ആളെ വിളിക്കാൻപോയ സമയത്താണ് അപകടമുണ്ടായത്. സ്ട്രച്ചർ വന്നതിനുശേഷം മാത്രമേ ഡോർ തുറക്കാൻ പാടുള്ളൂ. അതിനുമുമ്പേ ഡ്രൈവർ ഡോർ തുറന്നിട്ടിരിക്കുകയായിരുന്നു. ഡ്രൈവർക്ക് മെഡിക്കൽ എഥിക്സിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ല. ഡ്രൈവർമാർക്ക് പല സ്ഥലങ്ങളിലും പോലീസ് പരിശീലനം കൊടുക്കുന്നുണ്ട്. പരിശീലനം ആർക്കൊക്കെ ലഭിച്ചു എന്നത് സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളൊന്നും നമ്മുടെ കയ്യിലില്ല. അതുകൊണ്ട് ആംബുലൻസ് ഓടിക്കുന്ന ഡ്രൈവർമാർക്ക് നിർബന്ധിത പരിശീലനവും സർട്ടിഫിക്കറ്റും കൊടുക്കേണ്ടതായിട്ടുണ്ട്. ആംബുലൻസിന്റെ ഫിറ്റ്നെസ് ഇപ്പോൾ വർഷത്തിലൊരിക്കൽ മാത്രമാണ് പരിശോധിക്കപ്പെടുന്നത്. പല ആംബുലൻസുകളും രോഗികളെ കൊണ്ടു പോകുന്നതിനേക്കാളുപരി മൊബൈൽ ഫ്രീസർ വാടകയ്ക്ക് കൊടുക്കുന്ന മൊബൈൽ യൂണിറ്റുകൾ എന്നുള്ള രീതിയിലാണ് പ്രവർത്തിക്കുന്നത്. രോഗിയെ സീറ്റ് ബെൽറ്റിട്ടാണോ കൊണ്ടുപോകുന്നത് തുടങ്ങിയതൊന്നും നോക്കുന്നില്ല. അതുകൊണ്ട് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന കാര്യത്തിൽ ഒരു നിശ്ചിത മാനദണ്ഡം ഉണ്ടാകേണ്ടതുണ്ട്. രണ്ടാമത്, ആംബുലൻസുകൾ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ആശുപത്രിയുടെ മുന്നിൽക്കൂടിപോലും ഉച്ചത്തിൽ സൈറനടിച്ച് ആംബുലൻസുകൾ പോകുന്നുണ്ട്. ആംബുലൻസുകൾ മറ്റ് കാര്യങ്ങൾക്ക് ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടോയെന്നത് പരിശോധിക്കേണ്ടതുണ്ട്. ആംബുലൻസുകളെ മുഴുവൻ ജി.പി.എസ്. സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയും ഇതിന് പ്രത്യേകമായ ഒരു ആപ്പ് ഉണ്ടാക്കുകയും ചെയ്താൽ ആംബുലൻസുകൾ പുറപ്പെട്ട സമയവും എത്തിച്ചേരുന്ന സമയവും മനസ്സിലാക്കാൻ സാധിക്കും.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇതുമായി ബന്ധപ്പെട്ട് വലിയ റിപ്പോർട്ടും അതിന്റെ നടപടിയുമൊക്കെ വരുന്നുണ്ട്. ആംബുലൻസുകൾ വന്നുകിടക്കുന്ന സ്ഥലത്തുനിന്ന് കാഷ്വാലിറ്റിയിലേയ്ക്ക് പോകാൻ ഒരുപാട് ദൂരമുണ്ട്. പ്രത്യേകമായ ഒരു ആപ്പ് ഉണ്ടാക്കിയാൽ ആംബുലൻസുകൾ വരുന്ന സമയം എല്ലാ

ആശുപത്രികൾക്കും മനസ്സിലാക്കാൻ കഴിയും. ആംബുലൻസ് ഡ്രൈവർമാരുടെ വിഷയങ്ങളും ആശുപത്രികളുമായി ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച് ഒരു സമഗ്രപഠനം നടത്തണം. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയും ഇവിടെ ഇരിക്കുന്നുണ്ട്. രണ്ടുപേരുടെയും സത്വര ശ്രദ്ധ ഞാൻ ഇതിലേയ്ക്ക് ക്ഷണിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം. എൽ.എ. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഉന്നയിച്ചിട്ടുള്ളത്. കഴിഞ്ഞ 20-ാം തീയതി പരിക്കേറ്റ അജ്ഞാത പുരുഷനെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്തിച്ച ആംബുലൻസ് ഡ്രൈവറുടെ നടപടി മനുഷ്യത്വരഹിതമായത് തന്നെയാണ്. ആ രോഗിയെ സ്ട്രച്ചറോടെ തലകീഴായി ഇറക്കിയതിൽ ഡ്രൈവർ ഷെരീഫിനെ പ്രതിയാക്കി തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അന്നേ ദിവസംതന്നെ തൃശ്ശൂർ ജനറൽ ആശുപത്രിയിൽനിന്നും വിദഗ്ദ്ധ ചികിത്സയ്ക്കായി തൃശ്ശൂർ അമല ആശുപത്രിയിൽ കൊണ്ടുപോകുംവഴി ആംബുലൻസിലെ ഓക്സിജൻ സിലിണ്ടറിൽ ഓക്സിജൻ തീർന്നതിനെത്തുടർന്ന് സദാശിവൻ എന്ന രോഗി മരണപ്പെടാൻ ഇടയായതിലേയ്ക്കും സി.ആർ.പി.സി. 174 പ്രകാരം ക്രൈം നം. 343/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സംഭവം സംബന്ധിച്ച് ആരോഗ്യവകുപ്പും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയും വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നാവശ്യപ്പെട്ടിട്ടുമുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആംബുലൻസ് ഓടിക്കുന്നവർക്ക് മോട്ടോർ വാഹന വകുപ്പ് മറ്റുള്ളവർക്ക് കൊടുക്കുന്ന ലൈസൻസ് പോലെയുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങളാണ് നിലവിലുള്ളത്. അതുമൂലം അവർക്ക് പ്രത്യേകമായ എന്തെങ്കിലും സവിശേഷതകളുണ്ടെന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. അതുകൊണ്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, പോലീസ് ഡിപ്പാർട്ടുമെന്റ്, നാറ്റ്പാക്, ഐ.എം.എ., എന്നിവരുടെ സഹായത്തോടുകൂടി ഈ ഡ്രൈവർമാർക്ക് പ്രത്യേകമായ പരിശീലനവും ബോധവൽക്കരണവും സമയാസമയങ്ങളിൽ നടത്തിവരാറുണ്ട്. അത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രികളിലെ ആംബുലൻസ് ഡ്രൈവർമാർക്കും രോഗീപരിചരണത്തിനും സമീപന രീതികളിലും ശാസ്ത്രീയ അവബോധം ഉണ്ടാക്കുന്നതിലേയ്ക്കാണ് തൃശ്ശൂരിലെ ഈ നിർഭാഗ്യകരമായ സംഭവങ്ങൾ വിരൽചൂണ്ടുന്നത്. ട്രോമാ കെയർ സംവിധാനം

ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്വകാര്യ മേഖലയിലുള്ള ആംബുലൻസ് സർവ്വീസുകളെ കോർത്തിണക്കി അഗ്രഗേറ്റഡ് ആംബുലൻസ് സർവ്വീസ് നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഇതിനകം തന്നെ തീരുമാനമെടുത്തിട്ടുണ്ട്. തൃശ്ശൂരിലെ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ആംബുലൻസ് ഡ്രൈവർമാർക്ക് രോഗീപരിചരണത്തിലും സമീപനരീതിയിലും പ്രത്യേക പരിശീലനം നൽകുന്ന കാര്യം മോട്ടോർ വാഹന വകുപ്പ് പരിഗണിക്കുന്നതാണ്. ഇവർക്ക് പ്രത്യേക രീതിയിലുള്ള സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ഒരു നിർദ്ദേശമായി ഇവിടെ വന്നിട്ടുണ്ട്. ആ നിർദ്ദേശത്തിന്റെ പ്രായോഗികത സംബന്ധിച്ച് സർക്കാർ ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അഗ്രഗേറ്റഡ് സർവ്വീസിലൂടെ, ജി.പി.എസ്. സംവിധാനത്തിലൂടെ ആംബുലൻസുകൾ ബന്ധിപ്പിച്ചുകൊണ്ട് ഒരു ശൃംഖല സൃഷ്ടിക്കുന്നതിന് സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റത്തിന്റെ ഭാഗമായി തീരുമാനമെടുത്തുകഴിഞ്ഞു. അതിന്റെ പ്രവൃത്തികൾ വളരെവേഗത്തിൽ നടക്കുകയാണ്. ആംബുലൻസിനകത്ത് ഉണ്ടായിരിക്കേണ്ട അവശ്യം കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുമാത്രമെ അത്തരം സർവ്വീസുകൾ നടത്താൻ അനുവദിക്കുകയുള്ളൂ. മാത്രമല്ല ഡ്രൈവർമാർക്കടക്കം പരിശീലനം കൊടുക്കുന്നതിനുള്ള പദ്ധതിയും അതിനോടൊപ്പം വരുന്നതാണ്. ഓക്സിജൻ തീർന്നതിന്റെ ഭാഗമായി രോഗി മരണപ്പെട്ടുവെന്ന് പറഞ്ഞതുസംബന്ധിച്ച് വിശദമായ പരിശോധന നടന്നുവരുന്നതേയുള്ളൂ. ഓക്സിജൻ സിലിണ്ടറിൽ ഓക്സിജൻ ബാക്കി ഉണ്ടായിരുന്നുവെന്നാണ് പ്രാഥമികമായി അറിയാൻ കഴിഞ്ഞത്. ന്യൂമോതൊറാക്സ് എന്ന അസുഖമാണ് ആ രോഗിക്കുണ്ടായിരുന്നത്. മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്ത പേഷ്യന്റിനെ വഴിയിൽ വച്ച് ബന്ധുക്കൾ അമല ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻ ആവശ്യപ്പെടുകയായിരുന്നു. അവിടെ എത്തുമ്പോഴാണ് രോഗി മരിച്ചത്. ഓക്സിജൻ തീർന്നുവെന്ന് പറഞ്ഞ കാര്യം ഒന്നുകൂടി അന്വേഷിച്ചതിനുശേഷം മാത്രമെ പറയാൻ സാധിക്കുകയുള്ളൂ. രോഗിയെ തലകീഴായി ഇറക്കിയത് വളരെ ഗുരുതരമായിട്ടുള്ളൊരു പ്രശ്നമാണ്. വീൽ ചെയറുമായി ആശുപത്രിയിലെ ജീവനക്കാർ വരുമ്പോൾ രോഗിയെ ആംബുലൻസിൽ നിന്നും തലകീഴായി ഇറക്കിയതായാണ് കണ്ടത്. അത് ഒരിക്കലും അനുവദിക്കാൻ കഴിയുന്ന കാര്യമല്ല. സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റം വരുന്നതോടുകൂടി ഇത്തരം പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകുമെന്നാണ് കരുതുന്നത്.

## (7) പാലം പുനരുദ്ധാരണവും ബൈപ്പാസ് നിർമ്മാണവും

ശ്രീ. പി. ഉണ്ണി: സർ, ഒറ്റപ്പാലം ടൗണിൽ അതിരൂക്ഷമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് ഒഴിവാക്കുന്നതിന് ഒറ്റപ്പാലം ടൗണിന്റെ ഇരുവശത്തുമുള്ള കണ്ണിയംപുറം പാലവും ഈസ്റ്റ് ഒറ്റപ്പാലം പാലവും പുനർനിർമ്മിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും നാളിതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ഈ പാലങ്ങൾ അടിയന്തരമായി പുനർനിർമ്മിക്കേണ്ടതുണ്ട്. അതുപോലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കണ്ണിയംപുറം പാലം, ഈസ്റ്റ് ഒറ്റപ്പാലം പാലം, ഒറ്റപ്പാലം ബൈപ്പാസ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പാലക്കാട് പൊന്നാനി റോഡിൽ ഒറ്റപ്പാലം ജംഗ്ഷന് മുമ്പായി ചെയിനേജ് 32/100-ൽ ഈസ്റ്റ് ഒറ്റപ്പാലം, ഒറ്റപ്പാലം ജംഗ്ഷൻ കഴിഞ്ഞ് ചെയിനേജ് 34/200-ൽ കണ്ണിയംപുറം പാലം, ബൈപ്പാസ് റോഡ് തുടങ്ങിയവയെപ്പറ്റിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. ഉണ്ണിയുടെ സബ്മിഷൻ. ഈ രണ്ട് പാലങ്ങൾ ഉൾപ്പെടെയുള്ള 8 പാലങ്ങളുടെ മെയിന്റനൻസിനായി 71.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2017 നവംബർ 29-ന് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഫൗണ്ടേഷൻ, സ്ലാബ്, ഹാൻഡ് റെയിൽ എന്നിവയുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് പാലങ്ങളും ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നതായതുകൊണ്ട് പാലങ്ങൾ നിലനിർത്തി സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പ്രകാരം 31-10-2016-ൽ ഈ രണ്ട് പാലങ്ങൾക്കും സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് 25 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ഡിസൈൻ നൽകിയിട്ടുണ്ട്. ഡിസൈൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ

സമർപ്പിക്കുന്നതാണ്. ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലം ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. കണ്ണിയംപുറം പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമായതിനാലും കണ്ണിയംപുറം പാലം നിർമ്മിക്കാൻ മാത്രമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി 4.30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 2018 ജനുവരി 9-ന് ചീഫ് എഞ്ചിനീയറുടെ കത്ത് സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത്, ശിപാർശ ധനകാര്യവകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ അനുവാദം കിട്ടുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. ഒറ്റപ്പാലം ടൗണിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാനാണ് ബൈപ്പാസ് പണിയാൻ ആലോചിക്കുന്നത്. ഇതിനുവേണ്ടി സംസ്ഥാന സർക്കാർ 2016-17-ലെ ബഡ്ജറ്റിൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ 2016 ഒക്ടോബർ 27-ലെ ഉത്തരവുപ്രകാരം റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ഒറ്റപ്പാലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ സബ്കളക്ടർ 2017 മാർച്ച് 29-ന് വിളിച്ചുചേർത്തിട്ടുണ്ട്. തീരുമാനപ്രകാരം ബൈപ്പാസ് പാലക്കാട്-പൊന്നാനി റോഡിൽ ലക്ഷ്മി തിയേറ്ററിന് സമീപത്തുനിന്നും ആരംഭിച്ച് സെൻഗുപ്ത റോഡ് വഴി ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് മുറിച്ചുകടന്ന് പാലാട്ട് റോഡ് വഴി മായന്നൂർ പാലത്തിനുശേഷം പൊന്നാനി പാലക്കാട് റോഡിൽ അവസാനിക്കുന്ന തരത്തിലാണ് പി.ഡബ്ല്യു.ഡി. വിഭാവനം ചെയ്തിട്ടുള്ളത്. ഈ അലൈൻമെന്റ് പിന്തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 15 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്ത് രണ്ടുവരി ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ ആകെ 1.8 കിലോമീറ്റർ നീളത്തിലാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ/സർവ്വേ നടപടികൾ RBDCK പൂർത്തിയാക്കിയിട്ടുണ്ട്. 79.42 കോടി രൂപയുടെ ഡി.പി.ആർ. 2018 ഫെബ്രുവരി 26-ന് കിഫ്ബിയുടെ അധികാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതാണ്.

## (8) ഓട് വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, എന്റെ നിയോജക മണ്ഡലത്തിലെ ഓട് വ്യവസായശാലകൾ അടച്ചുപൂട്ടികിടക്കുകയാണ്. 145 തൊഴിലാളികളുണ്ടായിരുന്ന മലബാർ ടൈൽ വർക്സ് 1-2-2017-നും 130 തൊഴിലാളികളുണ്ടായിരുന്ന ഹിന്ദുസ്ഥാൻ ടൈൽ വർക്സ് 1-9-2017-നും 84

തൊഴിലാളികളുണ്ടായിരുന്ന വെസ്റ്റ് കോസ്റ്റ് ടൈൽ വർക്സ് 16-6-2017-നും 230 തൊഴിലാളികളുണ്ടായിരുന്ന കാലിക്കറ്റ് ടൈൽ വർക്സ് 18-2-2018-നും അടച്ചുപൂട്ടി. 589 തൊഴിലാളികൾ ജോലി ചെയ്തിരുന്ന നാല് കമ്പനികളും ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. നേരിട്ട് ജോലി ചെയ്യുന്ന 589 തൊഴിലാളികൾക്കുപുറമെ അത്രതന്നെ അനുബന്ധ തൊഴിലാളികളും ജോലി നഷ്ടപ്പെട്ട് പട്ടിണിയിലാണ്. കളിമണ്ണിന്റെ ലഭ്യത ഉറപ്പാക്കാൻ നിബന്ധനകളിൽ ഇളവുവരുത്തി 3-2-2018-ന് ഓർഡർ ഇറക്കിയെങ്കിലും ഇതുപ്രകാരം ആർ.ഡി.ഒ.-യ്ക്ക് കൊടുത്ത അപേക്ഷപോലും ഇതുവരെ പരിഗണനയ്ക്ക് എടുത്തിട്ടില്ല. ഗുരുതരമായ പ്രശ്നപരിഹാരത്തിന് സർക്കാർ ഒരു ഓർഡർ ഇറക്കിയിട്ട് അതിന്റെ സദുദ്ദേശ്യം മനസ്സിലാക്കാൻ കഴിയാത്തതോ അല്ലെങ്കിൽ അതിനോട് മുഖം തിരിക്കുന്നതോ ആയ നിലപാടാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. നിയമ വിരുദ്ധമായി അടച്ചുപൂട്ടിയ ഓട് കമ്പനികൾ തുറന്നുപ്രവർത്തിപ്പിക്കാനും പട്ടിണിയിലായ തൊഴിലാളി കുടുംബങ്ങൾക്ക് വരുന്ന വിഷു ആഘോഷക്കാലത്ത് ആശ്വാസമായി സർക്കാർ സാമ്പത്തിക സഹായം നൽകാനും നടപടിയുണ്ടാകണ മെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, ഫറോഖ് മേഖലയിലെ ഓട് കമ്പനികൾ അടഞ്ഞുകിടക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഈ കമ്പനികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. അടച്ചുപൂട്ടിയ ഓട് കമ്പനികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രീ. വി. കെ. സി. മമ്മത് കോയയുടെ ഇടപെടൽ അഭിനന്ദനാർഹമാണ്. എല്ലാ പ്രശ്നങ്ങളും നിയമപരമായി ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഓട് കമ്പനികൾ എത്രയുംവേഗം തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തൊഴിൽ വകുപ്പിന്റെ എല്ലാ ഇടപെടലുമുണ്ടാകും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. ആശ്വാസ നടപടികൾ എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. സാധാരണ ഓണക്കാലത്താണ് ഇത്തരം ആശ്വാസ നടപടികൾ ഗവൺമെന്റ് സ്വീകരിക്കാറുള്ളത്. അവിടത്തെ സാഹചര്യംകൂടി പരിശോധിച്ച് എന്ത് നടപടി സ്വീകരിക്കാമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച സബ്മിഷനുള്ള വിശദമായ മറുപടി ഞാൻ ഇവിടെ വായിക്കുന്നില്ല, മേശപ്പുറത്ത് വയ്ക്കുകയാണ്*. നടപടി വേഗം പരിഹരിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

## (9) വ്യവസായ പാർക്ക്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസ്ഥാനത്തെ ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ള ജില്ലയാണ് കോഴിക്കോട്. ഈ മേഖലയെ ആശ്രയിച്ചുകഴിയുന്ന ഏഴ് ലക്ഷത്തോളം കേര കർഷകരും അനുബന്ധത്തൊഴിലാളികളും അവിടെയുണ്ട്. നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ജില്ലയിൽ 123066 ഹെക്ടർ സ്ഥലത്താണ് നാളികേര കൃഷിയുള്ളത്. ലോക പ്രശസ്തിയാർജ്ജിച്ച രാജാപ്പൂർ കൊപ്രയുടെ രാജ്യത്തെതന്നെ ഏറ്റവും പ്രധാനകേന്ദ്രം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കാണ്. വലിപ്പത്തിലും ഗുണമേന്മയിലും വിത്തുഗുണത്തിലും മുൻപന്തിയിലുള്ള മികച്ച ഇനം നാളികേരം ലഭിക്കുന്നത് എന്റെ മണ്ഡലമായ കുറ്റ്യാടിയിലാണ്. അവിടത്തെ വേളം പഞ്ചായത്തിലെ മണിമലയിൽ നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി ആരംഭിക്കാനിരുന്ന നാളികേര വികസന പാർക്ക് ഇന്നും യാഥാർത്ഥ്യമായിട്ടില്ല. പാർക്കിനായി ഏറ്റെടുത്ത നൂറ്റിപ്പതിനഞ്ച് (115) ഏക്കർ സ്ഥലം വികസിപ്പിക്കാൻ 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ 2014-ൽ ഭരണാനുമതി നൽകിയതാണ്. അതിനുശേഷം പദ്ധതിക്കായി ഏറ്റെടുത്ത പ്രസ്തുത ഭൂമിക്ക് ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം ഉടമകൾ ഹൈക്കോടതിയെ സമീപിച്ചു. സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് കോടതി നടപടികളൊക്കെ അവസാനിപ്പിച്ചതിനുശേഷം ഭൂമി പൂർണ്ണമായും കെ.എസ്.ഐ.ഡി.സി.-യുടെ കൈവശത്തിലാണ് ഇപ്പോഴുള്ളത്. കോടതി വിധിക്കുശേഷം ബഹുമാനപ്പെട്ട മന്ത്രി വ്യവസായ വകുപ്പിലെയും കെ.എസ്.ഐ.ഡി.സി.-യിലെയും എല്ലാ ഉയർന്ന ഉദ്യോഗസ്ഥരെയും എന്നെയും പങ്കെടുപ്പിച്ച് ആ ഭൂമിയിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അവിടത്തെ ജനപ്രതിനിധികളും ഞാനും ചേർന്ന് ആ പ്രദേശം ഈയിടെ സന്ദർശിക്കുകയുണ്ടായി. ബഹുമാന്യനായ മന്ത്രി ഇക്കാര്യത്തിലെടുക്കുന്ന പ്രത്യേക താൽപ്പര്യത്തെ നന്ദിയോടെ ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്. ഔദ്യോഗികമായിട്ടല്ലെങ്കിലും ഇപ്പോൾ അറിയാൻ കഴിയുന്നത് നാളികേര വികസന പാർക്ക് തൊട്ടടുത്ത പ്രദേശമായ കൂത്താളിയിൽ ആരംഭിക്കുന്നതിനുള്ള ആലോചനകൾ നടക്കുന്നുവെന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പോയിന്റിലേയ്ക്ക് വരൂ. ഇത് സബ്മിഷനാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ആ പ്രദേശത്തെ ജനപ്രതിനിധി എന്ന നിലയിൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും ആവശ്യവും വികാരവും കണക്കിലെടുത്ത് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നാളികേരാധിഷ്ഠിത വ്യവസായത്തിന് ഒട്ടേറെ സാധ്യതകളും സൗകര്യങ്ങളുമുള്ള ഇപ്പോൾ ഏറ്റെടുത്ത വേളത്തെ മണിമലയിൽതന്നെ പ്രസ്തുത നാളികേര പാർക്ക് ആരംഭിക്കണം എന്നാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി ആരംഭിച്ച ഓഫീസ് പോലും ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഒട്ടേറെ വ്യവസായ സാധ്യതകളും വിമാനത്താവള സൗകര്യങ്ങളുമുള്ള കോഴിക്കോടിന്റെയും കണ്ണൂരിന്റെയും ഇടയിൽ സ്ഥിതിചെയ്യുന്ന വിശാലമായ ആ 115 ഏക്കർ സ്ഥലം അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കുറ്റ്യാടി നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കാൻ കെ.എസ്.ഐ.ഡി.സി. 115 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് നിരവധി ഘട്ടങ്ങളിലായുണ്ടായ കേസ്സുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. നമ്മൾ അവിടെ സന്ദർശിച്ച ശേഷവും 7-3-2018-ന് ഭൂവുടമകൾ വീണ്ടും കേസ് കൊടുത്തിരിക്കുകയാണ്. അവരുടെ തർക്കം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഇതിനോടകം ഈ പദ്ധതിക്കുവേണ്ടി കെ.എസ്.ഐ.ഡി.സി. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും അടിസ്ഥാന സൗകര്യവികസനത്തിനുള്ള എസ്റ്റിമേറ്റും തയ്യാറാക്കി. എന്നാൽ ഈ വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലുണ്ട് എന്നുള്ളത് പുതിയ തടസ്സമായി നിൽക്കുകയാണ്. എന്നിരുന്നാലും കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ എന്നിവ പൂർത്തീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 3.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റൊരു സ്ഥലത്തേയ്ക്ക് വ്യവസായ പാർക്ക് സ്ഥാപിക്കാനാവില്ല. അതുകൊണ്ട് അതുമായി ബന്ധപ്പെട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. പക്ഷേ കേസ് അവസാനിക്കേണ്ടതുണ്ട്. അതിനുമുമ്പായി ചെയ്തുതീർക്കാൻ കഴിയുന്ന പണികൾ ചെയ്തുതീർക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാം.

## (10) കാട്ടുപന്നി ശല്യം തടയുന്നതിന് നടപടി

ശ്രീ. ജോർജ് എം. തോമസ്: സർ, നമ്മുടെ സംസ്ഥാനത്ത് കാട്ടുപന്നികളുടെ ശല്യംമൂലം കോടിക്കണക്കിന് രൂപയുടെ കൃഷിയാണ് ഓരോ വർഷവും നശിച്ചുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ മാർച്ച് 20-ാം തീയതി വെള്ളാർ എന്ന സ്ഥലത്തുള്ള തോമസ് ഉൾപ്പെടെ ഇരുപത്തിരണ്ടോളം കൃഷിക്കാർ കാട്ടുപന്നിയുടെ ആക്രമണംമൂലം മരിക്കുകയുണ്ടായി. ഇത്തരമൊരു സാഹചര്യത്തിൽ കാട്ടുപന്നികളുടെ വംശവർദ്ധനവ് നിയന്ത്രിക്കേണ്ടത് അത്യാവശ്യവും അനിവാര്യവുമാണ്. മഹാരാഷ്ട്ര, ഗോവ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലുള്ളതുപോലെ കാട്ടുപന്നികളെ വെർമിൻ മൃഗമായി പ്രഖ്യാപിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും കൃഷിയിടങ്ങളിൽ ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള അധികാരം കൃഷിക്കാർക്ക് നൽകാനും അങ്ങനെ വെടിവച്ച് കൊല്ലപ്പെടുന്ന പന്നികളുടെ ഉടമസ്ഥന്മാരായി ആ കൃഷിക്കാരെ പ്രഖ്യാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ മൃഗങ്ങളുടെ ആക്രമണംമൂലം കൊല്ലപ്പെടുന്ന ആളുകൾക്ക് ഇപ്പോൾ കൊടുക്കുന്ന നഷ്ടപരിഹാരം മൂന്ന് ലക്ഷം രൂപ മാത്രമാണ്. എന്റെ അയൽവാസിയായ കീലത്ത് അബ്ദുൾസലാം ഈ അടുത്ത കാലത്താണ് കൊല്ലപ്പെട്ടത്. മൂന്ന് ലക്ഷം രൂപയാണ് ആശ്രിതർക്ക് ആകെ കൊടുത്തിട്ടുള്ളത്. ആ നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും കൃഷിനാശത്തിന് മാനദണ്ഡങ്ങൾ അനുസരിച്ച് കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണം. കാട്ടുപന്നിയുടെ വംശവർദ്ധനവ് തടയുക എന്നത് വളരെ പ്രധാനപ്പെട്ട ആവശ്യമാണ്. അതിനുവേണ്ടി ഇതിനെ വെർമിൻ മൃഗമായി പ്രഖ്യാപിക്കാനും മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ വെടിവയ്ക്കാനുള്ള സ്വാതന്ത്ര്യം കൃഷിക്കാർക്ക് കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് കൂടി ഈ വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിനുകൂടി ഈ വിഷയം പരാമർശിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ വകയാർ എന്ന സ്ഥലത്ത് കണ്ണങ്കരവീട്ടിൽ കെ. ജി. രാജു എന്ന കർഷകൻ 24-3-2018-ന് രാവിലെ വീട്ടുമുറ്റത്ത് നിൽക്കുമ്പോൾ അദ്ദേഹത്തെ കാട്ടുപന്നി ഉപദ്രവിക്കുകയും കാലിന്റെ ഉപ്പൂറ്റി ഭാഗത്തും മുട്ടിന് താഴെയും തേറ്റ കൊണ്ടുള്ള കുത്തേറ്റ് കുഴിഞരമ്പ് മുറിഞ്ഞുപോകുകയും ചെയ്തു. മാരകമായി പരിക്കേറ്റ അദ്ദേഹത്തെ നാട്ടുകാർ ചേർന്ന്

സ്വകാര്യ ആശുപത്രിയിലും അവിടെ നിന്ന് താലൂക്ക് ആശുപത്രിയിലും പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലും എത്തിച്ചുവെങ്കിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചാണ് ചികിത്സ ലഭ്യമാക്കിയത്. അവിടത്തെ ചികിത്സയ്ക്കുശേഷം വീണ്ടും മടക്കി പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലേയ്ക്ക് അയച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ കാലിന് ഓപ്പറേഷൻ വേണ്ടിവരുമെന്നാണ് ഡോക്ടർമാർ പറഞ്ഞിട്ടുള്ളത്. ബഹുമാന്യനായ ജോർജ് എം. തോമസ് ഇവിടെ പറഞ്ഞതുപോലെതന്നെ മലയോരമേഖല എന്ന നിലയിൽ ഞങ്ങളുടെ മണ്ഡലങ്ങളിൽ മാത്രമല്ല അങ്ങയുടെ പുനലൂർ നിയോജകമണ്ഡലത്തിലും ഇതേ പ്രശ്നമുണ്ടെന്ന് അറിയാം, അതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഒരു തീരുമാനം ഇതുസംബന്ധിച്ച് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഈ പാവപ്പെട്ട കർഷകന് ചികിത്സയ്ക്കാവശ്യമായ സാമ്പത്തിക സഹായംകൂടി അനുവദിച്ചുകൊടുക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, സംസ്ഥാനത്ത് വന്യജീവികൾ കൃഷിസ്ഥലം ഉൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിൽ ആക്രമണം നടത്തി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ വിവിധ വശങ്ങൾ പഠിക്കുന്നതിനും ഇതിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ചീഫ് വൈൽഡ് ലൈഫ് വാർഡൻ കൺവീനറുമായി 1-2-2011-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റി 3-5-2011-ന് സർക്കാരിന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷിക വിളകൾ നശിപ്പിക്കുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്നതും 1972-ലെ കേന്ദ്ര വന്യജീവി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടതുമായ കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂർ അനുവാദം നേടിയിട്ടുള്ള കർഷകർക്ക് വെടിവച്ച് കൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി 16-7-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 17-11-2014-ന് 19-3-2013 മുതൽ മൂന്നുവർഷത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ വേട്ടയാടുന്ന കാട്ടുപന്നികളെ ജീവനോടെയോ അല്ലാതെയോ അധികാര അതിർത്തിയിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ചുകൊടുക്കേണ്ടതും വെടിവച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. കൃഷിയിടത്തിൽ ഇറങ്ങി കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വേട്ടയാടുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽ സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിൽ കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വേട്ടയാടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. നിലവിൽ കാട്ടുപന്നി 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത വന്യജീവിയാണ്. വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 62 പ്രകാരം കേന്ദ്ര സർക്കാരിന് വിജ്ഞാപനം വഴി ഒരു പ്രത്യേക പ്രദേശത്തെ ഷെഡ്യൂൾ 1-ലും ഷെഡ്യൂൾ 2-ലും പാർട്ട് 2-ലും ഉൾപ്പെടാത്ത വന്യജീവികളെ ഷെഡ്യൂൾ 5-ൽ ഉൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കാനുള്ള അധികാരമുണ്ട്. 1-12-2015-ൽ കേന്ദ്രസർക്കാർ പ്രത്യേക വിജ്ഞാപനം വഴി ബീഹാറിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നീൽഗായെയും കാട്ടുപന്നിയെയും ഒരു വർഷത്തേയ്ക്കും 3-2-2012-ൽ ഉത്തരാഖണ്ഡിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ കാട്ടുപന്നിയെ ഒരു വർഷത്തേയ്ക്കും വെർമിനായി പ്രഖ്യാപിച്ചിട്ടുണ്ട്. 14-3-2016-ൽ സിംല മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ റീസസ് കുരങ്ങിനെയും 6 മാസക്കാലത്തേയ്ക്ക് വെർമിനായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിലെല്ലാം തന്നെ വന്യജീവികൾ മനുഷ്യവാസ മേഖലകളിലാണ് കാണപ്പെടുന്നത്. എന്നാൽ കേരളത്തിലെ മിക്ക സ്ഥലങ്ങളിലും കാട്ടുപന്നികൾ വനപ്രദേശങ്ങളിൽ നിന്നും രാത്രികാലങ്ങളിലും മറ്റും വനാതിർത്തിയിലെ മനുഷ്യവാസ കേന്ദ്രങ്ങളിൽ എത്തി കൃഷിനാശം വരുത്തിയതിനുശേഷം കാട്ടിലേയ്ക്ക് തിരികെപോകുന്ന സ്ഥിതിയുമാണ് കണ്ടുവരുന്നത്. വനത്തിന് പുറത്തിറങ്ങി നാശം വരുത്തുന്ന കാട്ടുപന്നികളെ വേട്ടയാടുന്നത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി 18-3-2016-ൽ അവസാനിച്ച സാഹചര്യത്തിൽ നിലവിൽ കാട്ടുപന്നികളെ വേട്ടയാടുന്നതും ഉപദ്രവിക്കുന്നതും 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ തയ്യാറാക്കുന്നതിന് കൂടുതൽ വിശദമായ പഠനം അനിവാര്യമാണ്. അത്തരമൊരു ഉത്തരവ് ഇറക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ബഹുമാനപ്പെട്ട കോന്നി എം.എൽ.എ., ശ്രീ. അടൂർ പ്രകാശ്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു സംഭവവുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് ഇവിടെ സൂചിപ്പിച്ചത്. അതിൽ ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് പരമാവധി 75000 രൂപ സാമ്പത്തിക സഹായം ലഭിക്കാൻ വ്യവസ്ഥയുണ്ട്. ആ സാമ്പത്തിക സഹായം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ നൽകിയാൽ ഉടൻതന്നെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആ തുക ചികിത്സയ്ക്ക് തികയാത്തപക്ഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഡോക്ടറുടെ സർട്ടിഫിക്കറ്റോടുകൂടി അപേക്ഷ നൽകിയാൽ "ഇത് വന്യജീവിയുടെ ആക്രമണംമൂലം സംഭവിച്ചതാണ് " എന്ന് എന്റെ പ്രത്യേക ശിപാർശയോടുകൂടി പരമാവധി ചികിത്സാ ധനസഹായം നൽകുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

### (1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തി മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തി മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (3) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. സി. കൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള ധനകാര്യ ബിൽ

(ii) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബിസിനസ്സ് കൂടുതലായതുകൊണ്ട് ഞാൻ സംസാരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകളും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ഇനി പറയുന്ന അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

രണ്ട് കാര്യങ്ങളാണ് വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒന്ന്, അടയ്ക്ക വ്യാപാരികളുടെ നികുതി കുറച്ചുകൊടുക്കേണ്ടത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതാണെങ്കിലും പലിശരഹിതമായി ആംനെസ്റ്റി സ്കീമാണ് കൊണ്ടുവന്നിട്ടുള്ളത്. നികുതി കുറച്ചുകൊടുക്കാൻ കഴിയുമോ എന്ന് സർക്കാർ ഗൗരവതരമായി ആലോചിക്കണം. രണ്ട്, കുടുംബാംഗങ്ങൾ തമ്മിലുള്ള

ഭാഗപത്രത്തെ സംബന്ധിച്ചാണ്, പുതുതായി ഏറ്റവും കുറഞ്ഞത് ആയിരം രൂപ അല്ലെങ്കിൽ വിൽപ്പന വിലയുടെ .15 ശതമാനം എന്ന് ആക്കുകയുണ്ടായി. ആയിരം രൂപയ്ക്ക് ഒന്നര രൂപ വരും. നേരത്തെ ഇതിന് ആയിരം രൂപ മാത്രമായിരുന്നു. അത് പൂർവ്വസ്ഥിതിയിലാക്കണമെന്നുള്ള രീതിയിലേയ്ക്കാണ് ഇത് രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്നലെ അങ്ങ് പറഞ്ഞ കാര്യങ്ങൾക്കുള്ള മറുപടിയിലേയ്ക്ക് കടക്കുന്നതിനുമുമ്പായി രണ്ട് കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, സംസ്ഥാനത്തിന് കിട്ടിയിരിക്കുന്ന പണം ഇൻവെസ്റ്റ് ചെയ്യുന്നതിനെക്കുറിച്ചാണ് കിഫ്ബി നിയമത്തിൽ പറഞ്ഞിട്ടുള്ളത്. Provided that any portion of the money contributed by Government under section 7 may also be deposited/ invested in any Nationalized Bank, in sovereign bonds of the Union or States or in such other prudent investment other than in the State Treasury...ഇങ്ങനെ സർക്കാർ വഴി വന്നിരിക്കുന്ന പണം ട്രഷറിയിലല്ലാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ sovereign Bonds-ലോ ദേശസാൽകൃത ബാങ്കുകളിലോ മാത്രമേ ഇൻവെസ്റ്റ് ചെയ്യാൻ പാടുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലെങ്കിൽ prudent ഇൻവെസ്റ്റ്മെന്റാണ് പറയുന്നത്. അതെന്താണെന്ന് ബില്ലിന്റെ വിശദീകരണത്തിൽ പറയുന്നുണ്ട്. 'For the purpose of this sub section, 'prudent investment' shall mean those investments which carry the highest rating from the appropriate regulatory body or credit rating agency for that class of investment.' ഇവിടെ നൽകിയ ഒരു മറുപടിയിൽ സർക്കാരിന്റെ കിഫ്ബിയുമായി ബന്ധപ്പെട്ട 1227 കോടി രൂപ ന്യൂ ജനറേഷൻ ബാങ്കുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. അത് Indus Ind Bank, ICICI Bank, YES Bank, Kotak Mahindra എന്നീ ബാങ്കുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. 500 കോടി രൂപ Kotak Mahindra ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത് 5.75 ശതമാനം പലിശയ്ക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ്. അതുപോലെ തന്നെ ഒരേ ദിവസം Indus Ind Bank-ൽ 108 കോടി രൂപ 7.16 ശതമാനം പലിശയ്ക്ക് നിക്ഷേപിക്കുകയും അതേദിവസം തന്നെ യെസ് ബാങ്കിൽ 150 കോടി രൂപ 7.40 ശതമാനം പലിശയ്ക്ക് നിക്ഷേപിക്കുകയും ചെയ്തു. ഒരേ ദിവസം തന്നെ വ്യത്യസ്തമായ പലിശ, 108 കോടി രൂപ കുറഞ്ഞ പലിശയ്ക്കും 150 കോടി രൂപ കൂടിയ പലിശയ്ക്കും നിക്ഷേപിച്ചിരിക്കുകയാണ്. നിയമവിരുദ്ധമായി ഇങ്ങനെയൊരു ഇൻവെസ്റ്റ്മെന്റ് ഇതുപോലുള്ള ന്യൂജനറേഷൻ ബാങ്കുകളിൽ നടത്താൻ വേണ്ടി നിയമത്തിന്റെ പിൻബലമെന്താണ് എന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതു

പോലെതന്നെ 14-12-2017-ൽ ഒരു ഓർഡർ ഇറക്കി. അത് പ്രകാരം ട്രഷറിയിൽ പാർക്കു ചെയ്യപ്പെട്ടിരുന്ന 5630 കോടി രൂപ വിവിധ വകുപ്പുകളുടെയും പി.എസ്.യു.-കളുടെയും അടക്കം ആ പണം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മാറ്റി. കേന്ദ്ര ഗവൺമെന്റിന്റെ വായ്പയായി അവർ കണക്കാക്കും എന്ന് കരുതിയാണ് അത് മാറ്റിയിരിക്കുന്നത്. ഉത്തരവിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്, 'ഈ പറയുന്ന വകുപ്പുകൾക്കും പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിനും ആവശ്യമായി വരുമ്പോൾ ഈ പണം എസ്.ഡി.ജി.-യിലുണ്ടാകും. അതിൽ നിന്നും എടുക്കാം' എന്ന്. 5630 കോടി രൂപ അല്ലെങ്കിൽ നിശ്ചിത തുക എസ്.ഡി.ജി.-യിലുണ്ടാകണം.

പേജ് നമ്പർ 25-ൽ പറഞ്ഞിരിക്കുന്ന റവന്യൂ ഹെഡ്ഡിലെ 200 കോടി രൂപയും പേജ് നമ്പർ 44-ൽ പറഞ്ഞിരിക്കുന്ന ക്യാപിറ്റൽ ഹെഡ്ഡിലെ 100 കോടി രൂപയും ചേർത്ത് 300 കോടി രൂപ മാത്രമാണ് എസ്.ഡി.ജി.-യിൽ വച്ചിരിക്കുന്നത്. ട്രഷറിയിൽ പാർക്ക് ചെയ്തിരിക്കുന്ന 5,630 കോടി രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മാറ്റുമ്പോൾ ഈ പണം വകുപ്പുകൾക്കും പി.എസ്.യു.-വിനും പൂർണ്ണമായി നഷ്ടപ്പെടുന്ന സ്ഥിതി വരും. 5,630 കോടി രൂപയ്ക്ക് പകരം 300 കോടി രൂപ എസ്.ഡി.ജി.-യിൽ വച്ചുകഴിഞ്ഞാൽ ആ ഉത്തരവിന് വിരുദ്ധമായ രീതിയിലുള്ള ഒരു നിലപാടാണ് സ്വീകരിച്ചിട്ടുണ്ടാകുക. ഈ രണ്ട് സംശയങ്ങൾ സംബന്ധിച്ച് അങ്ങ് മറുപടിയിൽ പറയുമെന്ന് എനിക്ക് ഉറപ്പുണ്ട്. പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങ് നിരന്തരമായി ആവർത്തിക്കുന്ന കാര്യമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും സാമ്പത്തിക നയങ്ങൾക്ക് തമ്മിൽ ഒരു വ്യത്യാസവുമില്ലായെന്നത്. അതിന് അങ്ങ് ഇന്നലെ 10 കാരണങ്ങൾ പറഞ്ഞു. ആ 10 കാരണങ്ങളും ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. അങ്ങ് ഏറ്റവും പ്രധാനമായി പറഞ്ഞത് 1990-കളുടെ തുടക്കത്തിൽ കോൺഗ്രസ് കൊണ്ടുവന്ന പുതിയ സാമ്പത്തിക നയമാണ് ഇതിനെല്ലാം കാരണമെന്നാണ്. ലോക സാമ്പത്തിക ക്രമംതന്നെ മാറിക്കൊണ്ടിരുന്ന ഒരു കാലഘട്ടമാണ് 1990-കളുടെ തുടക്കം. അന്ന് കോൺഗ്രസ് പുതിയ സാമ്പത്തിക നയം നമ്മുടെ രാജ്യത്ത് കൊണ്ടുവന്നത് ആഗോള സമ്മർദ്ദത്തിന് വിധേയമായിത്തന്നെയാണ്. അന്ന് അതിൽ നിന്ന് മാറി നിൽക്കാൻ ഏതെങ്കിലും രാജ്യങ്ങൾക്ക് കഴിഞ്ഞോ; എത്ര കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ ഇത് അഡോപ്റ്റ് ചെയ്യാതെ മാറി നിന്നു; ഇന്ത്യയെക്കാളും മുമ്പ് ഇത് സ്വീകരിച്ച ഒരു രാജ്യം ചൈനയാണ്. ചൈനയുടെ നേതാവായിരുന്ന Deng Xiaoping എന്താണ് പറഞ്ഞത്; പൂച്ച കറുത്തതാവട്ടെ വെളുത്തതാവട്ടെ, പൂച്ച എലിയെ പിടിക്കണമെന്ന് മാത്രമേയുള്ളൂ എന്ന് പറഞ്ഞുകൊണ്ടാണ് കൺവൻഷണലായുള്ള കമ്മ്യൂണിസ്റ്റ് നയത്തിൽനിന്ന് പിൻമാറി ഈ പറയുന്ന

പുതിയ നയങ്ങളിലേയ്ക്ക് പോയത്. ചൈന പോയി വളരെ കാലത്തിനുശേഷമാണ് നമ്മുടെ രാജ്യം ഈ പുതിയ സാമ്പത്തിക നയത്തിലേയ്ക്ക് പോയത്. ഈ സാമ്പത്തിക നയം അതീവ ശ്രദ്ധയോടുകൂടി നടപ്പിലാക്കിയ രാജ്യങ്ങളിൽ ഒന്നാം സ്ഥാനം ഇന്ത്യയ്ക്കാണെന്നുള്ളതാണ് ഞങ്ങളുടെ അവകാശവാദം. അതോടുകൂടി അന്നുവരെ ഉണ്ടായിരുന്ന ലൈസൻസ്‌രാജ് അവസാനിപ്പിച്ചു. അതിപ്പോൾ എവിടെ എത്തിനിൽക്കുന്നു? നിങ്ങൾ ഇപ്പോൾ കൊണ്ടുവന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് വരെ എത്തി നിൽക്കുകയാണ് ഇൻവെസ്റ്റ്മെന്റുകൾ കൊണ്ടുവരാൻവേണ്ടി തടസ്സങ്ങളെല്ലാം നീക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. എന്തായിരുന്നു അതിന്റെ റിസൽട്ട്; നമ്മുടെ ഇക്കണോമി എത്ര മടങ്ങാണ് വർദ്ധിച്ചത്; ട്രില്ല്യൺ ഡോളർ ഇക്കോണമിയെന്നുള്ള ഒരു വലിയ ലക്ഷ്യം, ലോകത്തിലെ വളരെ ചെറിയ രാജ്യങ്ങളിൽ മാത്രമാണ് അത്രയും വലിയ ഇക്കോണമിയുള്ളത്. അത് നമുക്ക് കവർ ചെയ്യാൻ കഴിഞ്ഞു. ഈ സാമ്പത്തിക നയത്തിന്റെ ഭാഗമായി രാജ്യത്ത് കോടിക്കണക്കിന് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ അന്നത്തെ ഗവൺമെന്റിന് കഴിഞ്ഞു. പുതിയ ധാരാളം മേഖലകളുടെ വാതിലുകൾ തുറക്കാൻ കഴിഞ്ഞു. എല്ലാത്തിനുമുപരിയായി രാജ്യത്തിന്റെ സമ്പത്ത് വർദ്ധിച്ചു. ഇൻകം ടാക്സ്, എക്സൈസ് ഡ്യൂട്ടി, കസ്റ്റംസ് ഡ്യൂട്ടി തുടങ്ങി രാജ്യത്തിന്റെ റവന്യൂ വരുമാനം ഗണ്യമായി ഉയർത്തുന്ന ഒരു സാമ്പത്തിക വളർച്ച ആ കാലഘട്ടത്തിൽ ഉണ്ടായി. 2008-ലെ ആഗോള സാമ്പത്തിക മാന്ദ്യം ഉണ്ടാകുന്നതുവരെ ആ തുടർച്ച വലിയ തോതിലാണ് മുന്നിലേയ്ക്ക് പോയത്. പിന്നീട് അതിന് കുറച്ചു മാറ്റങ്ങളുണ്ടായി. ഒരു രാജ്യത്തിന്റെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ടത് സാമ്പത്തിക വളർച്ചതന്നെയാണ്. കാരണം, സാമ്പത്തിക വളർച്ചയിലൂടെ രാജ്യത്ത് ഇക്കോണമി ശക്തിപ്പെട്ടാൽ മാത്രമേ നമുക്ക് മറ്റ് കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. ഇവിടെയുള്ള പ്രധാനപ്പെട്ട ചോദ്യം, അങ്ങനെ പുതിയ സാമ്പത്തിക നയംമൂലം യു.പി.എ. ഗവൺമെന്റ് ഉണ്ടാക്കിയ നേട്ടം, ഞങ്ങൾ എങ്ങനെയാണ് ആ പണം ഉപയോഗിച്ചുവെന്നുള്ളതാണ്. ഞങ്ങൾ ചെയ്തത് റീ-ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്താണ്, ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്താണ്. സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണമാണ് യഥാർത്ഥ അർത്ഥത്തിൽ ഞങ്ങൾ നടപ്പിലാക്കിയത്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചമൂലം ഉണ്ടായ നേട്ടങ്ങൾ ഞങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തി; 4 കോടിയോളം വരുന്ന കർഷകരുടെ 72,000 കോടി രൂപയുടെ വായ്പ എഴുതിത്തള്ളി. ഞങ്ങൾ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരുടെ വീടുകളിൽപ്പോലും തീ പുകയ്ക്കാൻ കഴിയുന്ന തരത്തിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഞങ്ങൾ നടപ്പിലാക്കി. ഞങ്ങൾ ആരോഗ്യരംഗത്ത് ദേശീയ ആരോഗ്യ പദ്ധതി നടപ്പിലാക്കി. റൈറ്റ് ടു എഡ്യൂക്കേഷൻ കൊണ്ടുവന്ന്

വിദ്യാഭ്യാസ രംഗത്ത് കോടിക്കണക്കിന് രൂപ ചെലവാക്കി. ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും കാർഷിക രംഗത്തും സോഷ്യൽ സെക്യൂരിറ്റി രംഗത്തും ഉൾപ്പെടെ ധാരാളം മേഖലകളിൽ ഞങ്ങൾ പണം ചെലവാക്കി. ഇതിനർത്ഥം, ഉദാരീകരണ സാമ്പത്തിക നയത്തിലൂടെ കടന്നുപോയപ്പോഴും അടിസ്ഥാന സാമ്പത്തിക ദർശനത്തിൽനിന്ന് കോൺഗ്രസ് പിന്നോക്കം പോയില്ല എന്നതന്നെയാണ്. ആ നെഹ്റുവിയൻ സോഷ്യലിസത്തിന്റെ പാത പിന്തുടരാൻ ഞങ്ങൾ ഈ സാമ്പത്തിക നയത്തിന്റെ കാലത്തും ശ്രദ്ധിച്ചുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പോളിസിയിലും ഇംപ്ലിമെന്റേഷനിലും റിസൽട്ടിലുമുള്ള വ്യത്യാസം പറഞ്ഞാൽ കുറെക്കൂടി കാര്യങ്ങൾ പൂർണ്ണമായി ബോധ്യപ്പെടും. ഞങ്ങളുടെ 10 വർഷക്കാലത്തെ ഭരണത്തിന്റെ ഡിസ്അഡ്വാന്റേജസ് 2 പ്രധാനപ്പെട്ട കാര്യങ്ങളായിരുന്നു. ഒന്ന്, 2008-ലുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യം. രണ്ട്, ഓയിൽ പ്രൈസിലുണ്ടായ അഭൂതപൂർവ്വമായ വില വർദ്ധനവ്. ഇന്റർനാഷണൽ മാർക്കറ്റിൽ ഒരു ബാരൽ എണ്ണയുടെ വില 147 യു.എസ്. ഡോളർ ആയി മാറി. 80 ശതമാനം ക്രൂഡ് ഓയിൽ ഇംപോർട്ട് ചെയ്യുന്ന ഇന്ത്യയെ പോലൊരു രാജ്യത്തിന് സാമ്പത്തിക രംഗത്ത് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥ ഓയിൽ പ്രൈസുമൂലം ഉണ്ടായി. പ്രതികൂലമായ ഈ രണ്ട് കാര്യങ്ങളെയും മറികടന്നുകൊണ്ടാണ് ഞങ്ങൾ ഇത്തരം മാറ്റങ്ങൾ നമ്മുടെ നാട്ടിലുണ്ടാക്കിയത്.

ഗ്ലോബൽ റെസഷനെ ഏറ്റവും നന്നായി മറികടന്ന ഒന്നാമത്തെ രാജ്യം ഇന്ത്യയാണ്. അന്ന് യൂറോപ്പ്, അമേരിക്ക ഉൾപ്പെടെ ലോകത്തിലെ പല രാജ്യങ്ങളുടെയും സമ്പദ്വ്യവസ്ഥ ചീട്ടുകൊട്ടാരം പോലെ തകർന്നുവീണപ്പോൾ, ധനകാര്യ സ്ഥാപനങ്ങൾ തകർന്നുവീണപ്പോൾ ഇന്ത്യയിലെ ദേശസാൽകൃത ബാങ്കുകൾ, ഇന്ത്യയിലെ ധനകാര്യ സ്ഥാപനങ്ങൾ റെക്കോർഡ് ലാഭമുണ്ടാക്കി ലോകത്തെ വിസ്മയിപ്പിച്ചു. ഏറ്റവും ഭംഗിയായി ഞങ്ങൾ സ്റ്റിമുലസ് പാക്കേജ് നടപ്പിലാക്കി. നിങ്ങൾ ഞങ്ങൾക്കെതിരായി ആക്ഷേപം ഉന്നയിച്ചു. എന്താണ് പറഞ്ഞത്; 5 ലക്ഷം കോടിയിലധികം രൂപ ഇന്ത്യയിലെ കോർപ്പറേറ്റുകൾക്ക്, ഇന്ത്യയിലെ വമ്പന്മാർക്ക് സ്റ്റിമുലസ് പാക്കേജിന്റെ മറവിൽ ഞങ്ങൾ നൽകിയെന്നാണ് ആക്ഷേപം ഉന്നയിച്ചത്. റെസഷന്റെ കാലത്ത് ലോകത്തിൽ ഏറ്റവും നന്നായി സ്റ്റിമുലസ് പാക്കേജ് നടപ്പിലാക്കിയ ഒന്നാമത്തെ രാജ്യമെന്നുള്ള പ്രശസ്തിയാണ് ഡോ. മൻമോഹൻ സിങ്ങിന് കിട്ടിയത്. റെസഷൻ വരുമ്പോൾ ഉണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്താണ്; ആ രാജ്യങ്ങളുടെ പർച്ചേസിംഗ് പവർ താഴോട്ടുപോകും. നമ്മുടേത് പോലൊരു രാജ്യത്ത് ആദ്യം ബാധിക്കുന്നത് എക്സ്പോർട്ടിനെയാണ്. കാരണം, കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിലെ പർച്ചേസിംഗ് പവർ കുറഞ്ഞാൽ നമ്മുടെ എക്സ്പോർട്ട് തകർന്നുപോകും. എക്സ്പോർട്ട് തകർന്നാൽ

അത് ഡയറക്ടായി ബാധിക്കുന്നത് മാനുഫാക്ചറിംഗ് സെക്ടറിനെയാണ്. മൈക്രോ, മീഡിയം ലെവലിലുള്ള ഇൻഡസ്ട്രിയെ മാത്രമല്ല, വൻകിട സ്ഥാപനങ്ങളെയെല്ലാം ബാധിക്കും. മാനുഫാക്ചറിംഗ് സെക്ടർ തകർന്നാൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം ഇന്ത്യയിലുണ്ടാകും. അതുകൊണ്ട് എക്സ്പോർട്ടുകൾ തകരാതിരിക്കാൻ, അവയെ താങ്ങിനിർത്താൻ ടാക്സ് ഇൻസെന്റീവ്സ് ഉൾപ്പെടെയുള്ള സഹായങ്ങൾ കൊടുത്തു. പല രാജ്യങ്ങളിലെയും എക്സ്പോർട്ട് താഴേയ്ക്ക് പോയപ്പോഴും ഇന്ത്യയിലെ എക്സ്പോർട്ടിനെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞതും ഉത്പാദന മേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കാൻ കഴിഞ്ഞതും ആ സ്റ്റിമുലസ് പാക്കേജിലെ നടപടിക്രമങ്ങൾകൊണ്ടാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സെക്ടർവൈസുള്ള കാര്യങ്ങൾ ഇന്നലെ അങ്ങ് സൂചിപ്പിച്ചു. കാർഷിക രംഗത്ത് ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിലുള്ള വ്യത്യാസം വളരെ വ്യക്തമാണ്. അഗ്രിക്കൾച്ചർ സെക്ടറിൽ എത്രയാണ് യു.പി.എ.-യുടെ ഗ്രോത്ത് പെർസന്റേജ്; കാർഷിക മേഖലയിൽ ഉണ്ടായത് ശരാശരി 4 ശതമാനം വളർച്ചയായിരുന്നു. മൂന്ന് വർഷക്കാലം കഴിഞ്ഞപ്പോൾ എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്ത് അത് 2.7 ശതമാനമായി താഴേയ്ക്ക് കൂപ്പുകുത്തി. ഞങ്ങളുടെ കാലത്ത് 4 ശതമാനം വളർച്ചയുണ്ടായപ്പോൾ, കർഷകന്റെ വരുമാനം കാർഷിക വളർച്ചയോടൊപ്പം 40 ശതമാനം വർദ്ധിച്ചു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കർഷകന്റെ വരുമാനം ഏറ്റവും കുറഞ്ഞ കാലമാണ് ബി.ജെ.പി.-യുടെ ഭരണകാലം. ഞങ്ങളുടെ കാലത്ത് കർഷക ആത്മഹത്യകൾ ഉണ്ടായപ്പോൾ ഞങ്ങൾ എങ്ങനെയാണ് അതിനെ അഡ്രസ്സ് ചെയ്തത്, നാലുകോടി കർഷകരുടെ 72,000 കോടി രൂപയുടെ വായ്പകൾ എഴുതിത്തള്ളി. നെല്ല്, ഗോതമ്പ്, ചോളം ഉൾപ്പെടെ എല്ലാ ധാന്യങ്ങളുടേയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടേയും മിനിമം സപ്പോർട്ട് പ്രൈസ് 3 ഇരട്ടിയായി വർദ്ധിപ്പിച്ചു. വലിയ ആശ്വാസമാണ് കർഷകർക്ക് ഉണ്ടായത്. കർഷകർക്ക് നൽകുന്ന പലിശ കുറഞ്ഞ ലോൺ 50 ശതമാനത്തിലേറെ വർദ്ധിപ്പിച്ചു. കർഷകന്റെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ധാരാളം നടപടികൾ ഞങ്ങൾ സ്വീകരിച്ചു. ഞാൻ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു, ഏറ്റവും വലിയ റെക്കോർഡ് വിളവെടുപ്പ് നടത്തിയിട്ടാണ് യു.പി.എ. ഗവൺമെന്റ് 10 വർഷക്കാലത്തെ ഭരണത്തിൽനിന്നും പുറത്തുപോയത്. കർഷകർ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളും ഭക്ഷ്യ ധാന്യങ്ങളും സൂക്ഷിച്ചുവയ്ക്കാൻ വെയർഹൗസുകളില്ലാത്തതുകൊണ്ട് ഗോഡൗണുകൾ പണിയാനുള്ള പണം കൂടി അനുവദിച്ചിട്ടാണ് യു.പി.എ. ഗവൺമെന്റ് താഴെയിറങ്ങിയത്. അങ്ങ് രണ്ടാമത് ഒരു കാര്യം പറഞ്ഞു, പുതിയ

സാമ്പത്തിക നയം വന്നതുകൊണ്ട് രാജ്യത്തിന്റെ കയറ്റുമതി താഴേയ്ക്കു പോയി എന്ന്. 1991-ൽ ഇന്ത്യയുടെ എക്സ്പോർട്ട് എത്രയായിരുന്നു, 37 ശതമാനമായിരുന്നു. 2003-ൽ ഞങ്ങൾ അധികാരമേറ്റെടുക്കുമ്പോൾ 64 ബില്യൺ യു.എസ്. ഡോളർ ഉണ്ടായിരുന്നു. 2013-14-ൽ ഞങ്ങൾ അധികാരം വിട്ടൊഴിയുമ്പോൾ 314 ബില്യൺ യു.എസ്. ഡോളർ. അതായത് 10 കൊല്ലക്കാലംകൊണ്ട് 400 ശതമാനം വർദ്ധനവ് എക്സ്പോർട്ടിനുണ്ടായി. അപ്പോൾ എങ്ങനെയാണ് എക്സ്പോർട്ട് താഴേയ്ക്കുപോയി എന്നുപറയുന്നത്; ശരാശരി 20 ശതമാനം വർദ്ധനവ് എല്ലാ വർഷവും ഉണ്ടായി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബി.ജെ.പി.യുടെ 3 വർഷത്തെ ഭരണം കഴിഞ്ഞപ്പോൾ 275 ബില്യൺ യു.എസ്. ഡോളറായി അവരുടെ എക്സ്പോർട്ട് കീഴോട്ട് തലകുത്തി. അതുകൊണ്ട് കോൺഗ്രസ്സിന്റെ ഭരണകാലത്തെ എക്സ്പോർട്ടും, ബി.ജെ.പി. ഭരണകാലത്തെ എക്സ്പോർട്ടും തമ്മിൽ ഒരു കാരണവശാലും കണക്കുകളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യരുത്. ഞങ്ങളുടെ കാലത്ത് ടെക്സ്റ്റൈൽ, ലെതർ ഫുട്ട്വെയർ, അപ്പാരൽസ് ഈ സെക്ടറിലെല്ലാം ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തു. അതുകൊണ്ടാണ് എക്സ്പോർട്ടിൽ വർദ്ധനവുണ്ടായത്. അങ്ങ് ഇന്നലെ പറഞ്ഞു, ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ചെലവ് കുറച്ചുവെന്ന്. ആരോഗ്യ വിദ്യാഭ്യാസ രംഗത്താണ് നല്ല രീതിയിൽ ചെലവഴിച്ചത്. 2013-14-ൽ 75000 കോടി രൂപയാണ് ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത്. മൂന്ന് വർഷം കഴിഞ്ഞപ്പോൾ അതേ സാമ്പത്തിക നയമാണ് ബി.ജെ.പി. തുടരുന്നതെന്ന് പറഞ്ഞു. ഒരു 10 ശതമാനമെങ്കിലും ആന്വൽ ഇൻക്രീസ് വേണ്ടേ; 75000 കോടി രൂപ മൂന്ന് വർഷം മുൻപ് ഞങ്ങൾ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ ഒരു ലക്ഷം കോടി രൂപ ആകണ്ടേ? 2017-18-ൽ അവരുടെ അലോക്കേഷൻ 55000 കോടി രൂപ, എത്ര ശതമാനം -25 ശതമാനം താഴേയ്ക്കുപോയി. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലുള്ള അലോക്കേഷനും ആ മേഖലയിലേയ്ക്കുള്ള ഞങ്ങളുടെ ത്രസ്റ്റും, ബി.ജെ.പി.-യുടെ ത്രസ്റ്റും തമ്മിൽ ദയവുചെയ്ത് ഇനിയെങ്കിലും താരതമ്യപ്പെടുത്തരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ, ഞങ്ങളുടെ 10 വർഷക്കാലത്തെ ഭരണവും ബി.ജെ.പി.-യുടെ നാലു വർഷത്തെ ഭരണവും തമ്മിൽ എന്തെങ്കിലും താരതമ്യം ഉണ്ടോ? ശ്രീ. നരേന്ദ്രമോദി രണ്ട് കോടി തൊഴിലവസരങ്ങളുണ്ടാക്കും എന്നു പ്രഖ്യാപിച്ചിട്ട് ഒരു ലക്ഷം തൊഴിലവസരങ്ങളാണ് ഒരു വർഷം ഉണ്ടാക്കിയത്, അതേ അവസരത്തിൽ ചെറുകിട, ഇടത്തരം, മൈക്രോ വ്യവസായ സംരംഭങ്ങൾ, 69 ശതമാനം ആ സെക്ടർ ആണ്, അതെല്ലാം അവഗണിക്കപ്പെട്ടു. 45 ശതമാനം

മാനുഫാക്ചറിംഗ് ഔട്ട്പുട്ട് ലഭിക്കുന്നത് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളിൽ നിന്നാണ്. സ്മാൾ സ്കെയിൽ സെക്ടർ വഴി ഏഴ് കോടിയോളം ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കും. അതെല്ലാം demonetisation കൊണ്ടും, ജി.എസ്.ടി. കൊണ്ടും, ശ്രീ. നരേന്ദ്ര മോദി തകർത്ത് തരിപ്പണമാക്കിയപ്പോൾ ഞങ്ങളുടെ കാലത്തല്ലേ ഈ ചെറുകിട, മൈക്രോ, ഇടത്തരം സംരംഭങ്ങൾ ഏറ്റവും കൂടുതൽ പുഷ്പിച്ചു നിന്നതെന്ന് വിനയപൂർവ്വം അങ്ങയെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. പ്രൈവറ്റൈസേഷൻ കൊണ്ടാണല്ലോ ടെലികോം സെക്ടറിലും ബാങ്കിംഗ് സെക്ടറിലും മാറ്റമുണ്ടായത്. ടെലികോം സെക്ടറിലും ബാങ്കിംഗ് സെക്ടറിലും ഫാമിംഗ് സെക്ടറിലും ഞങ്ങളുടെ 10 വർഷത്തെ ഭരണത്തിലുണ്ടായ തൊഴിലവസരങ്ങളെക്കാൾ എത്രയോ താഴെയാണ് ബി.ജെ.പി.-യുടെ കാലത്തുണ്ടായ തൊഴിലവസരങ്ങൾ. പുത്തൻ സാമ്പത്തിക നയങ്ങളിലൂടെ ഞങ്ങൾ തൊഴിലവസരങ്ങളുണ്ടാക്കി. ഇവിടെ ബി.ജെ.പി.-യുടെ നയമെന്താണ്? കേന്ദ്ര സ്പോൺസേർഡ് പദ്ധതികളായ ആർ.കെ.വി.വൈ., എസ്.എസ്.എ. തുടങ്ങിയ എല്ലാ പദ്ധതികളിലും സംസ്ഥാനത്തിന് കൊടുക്കുന്ന തുക ഗണ്യമായി വെട്ടിക്കുറച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ കുറച്ചു, എൻ.എച്ച്.എം.-ൽ കുറച്ചു, ഐ.സി.ഡി.എസ്. പദ്ധതിയിൽ കുറച്ചു, എല്ലാ പദ്ധതിയിലും ഭീമമായി ബി.ജെ.പി. വെട്ടിക്കുറച്ചു. ഞങ്ങൾ ആ നിലപാടായിരുന്നോ 10 വർഷക്കാലമെടുത്തത്? ഇത്രമാത്രം സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും ആഗോള സാമ്പത്തിക മാന്ദ്യത്തിൽപെട്ട് സമ്പദ് വ്യവസ്ഥ ഉലഞ്ഞാടിയ സമയത്തും ഓയിൽ പ്രൈസ് കുത്തനെ ഉയർന്നിട്ടും ആ പ്രതിസന്ധികളെയെല്ലാം അവഗണിച്ചുകൊണ്ടാണ് ഞങ്ങൾ മുന്നോട്ടുപോയത്.

അങ്ങ് പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ബാങ്കിംഗിനെ സംബന്ധിച്ചാണ്, കോൺഗ്രസ്സിനേയും ബി.ജെ.പി.-യേയും ബാങ്കിംഗ് അപ്രോച്ചിൽ അങ്ങ് താരതമ്യപ്പെടുത്തിയത് ചരിത്രത്തേയും സത്യത്തേയും മറച്ചുവെച്ചു കൊണ്ടാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നുപറയുന്ന കേന്ദ്ര ബാങ്കിനെ ലോകത്തിലെ തന്നെ ഏറ്റവും കരുത്തുറ്റ ബാങ്കാക്കി മാറ്റിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. ആർ.ബി.ഐ. ആക്ടും, ബാങ്കിംഗ് റെഗുലേഷൻ ആക്ടും പല്ലും നഖവുമുള്ള രണ്ടു ബാങ്കിംഗ് നിയമങ്ങളാണ്. അതുകൊണ്ടാണ് ശ്രീമതി ഇന്ദിരാ ഗാന്ധി 1970-കളുടെ തുടക്കത്തിൽ ബാങ്കുകളെ ദേശസാൽക്കരിച്ചത്. എല്ലാ ബാങ്കുകളുടേയും മീതെ റിസർവ് ബാങ്കിന്റെ നിയന്ത്രണം ഉണ്ടായി. ഞങ്ങൾ കാലാകാലങ്ങളിൽ കൃത്യമായി ഇടപെടലുകൾ നടത്തിക്കൊണ്ട്, ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് റിസർവ് ബാങ്കിന്റെ ഓട്ടോണമിയെ വാനോളം ഉയർത്തിപ്പിടിച്ചു. ഞങ്ങൾ ഏതു സമയത്താണ് ആർ.ബി.ഐ.-യുടെ ഓട്ടോണമിയിൽ ഇടപെടാൻ ശ്രമിച്ചിട്ടുള്ളത്. ആർ.ബി.ഐ.-യെ നോക്കുകുത്തിയാക്കാൻ ഞങ്ങൾ ഏതെങ്കിലും സമയത്ത് ശ്രമിച്ചോ, ഏറ്റവും

ശക്തരായ സാമ്പത്തിക ശാസ്ത്രജ്ഞൻമാരെ ആർ.ബി.ഐ.-യുടെ ഗവർണ്ണർമാരായി നിയമിച്ചുകൊണ്ട്, ഞങ്ങൾ ആർ.ബി.ഐ.-യോട് ആദരവോടുകൂടി പെരുമാറുകയും, ആർ.ബി.ഐ.-യ്ക്ക് ഇന്ത്യയുടെ ബാങ്കിംഗ് സെക്ടറിലുള്ള കൺട്രോൾ ഒരു ഓട്ടോണമസ്സ് ബോഡി എന്ന നിലയിൽ നിലനിർത്താൻ ഞങ്ങൾ എല്ലാ കാലത്തും ശ്രമിച്ചിട്ടുമുണ്ട്. ഇപ്പോൾ എന്താണ് നടക്കുന്നത്, demonetisation വന്നത് എങ്ങനെയാണ്, ആർ.ബി.ഐ. ആക്ട് അനുസരിച്ച് ആർ.ബി.ഐ. റെക്കമെന്റേഷൻ നടത്തിയിട്ടുവേണം, ക്യാബിനറ്റ് തീരുമാനമെടുക്കാൻ. demonetisation-ന്റെ കാര്യത്തിൽ ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് എന്താണ് ചെയ്തത്? ക്യാബിനറ്റ് വിളിച്ചുകൂട്ടിയിട്ട് ആളെ കാത്തിരുത്തിയിട്ട് റിസർവ് ബാങ്ക് ഗവർണ്ണറോട് ഇങ്ങോട്ട് റെക്കമെന്റേഷൻ തരാൻ പറഞ്ഞു. ആർ.ബി.ഐ.-യുടെ അധികാരങ്ങൾ വെട്ടിക്കുറച്ചു. ശരിക്കും ബി.ജെ.പി. ചെയ്തത് ഇൻസ്റ്റിറ്റ്യൂഷണൽ ക്യാപ്ച്വർ ആണ്. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ക്രെഡിബിലിറ്റിയുള്ള, ഗോൾഡ് റാങ്കിംഗ് ഉള്ള, റേറ്റിംഗ് ഉള്ള ഇൻസ്റ്റിറ്റ്യൂഷന്റെ മേൽ ഇൻസ്റ്റിറ്റ്യൂഷണൽ ക്യാപ്ച്വർ ആണ് ആർ.ബി.ഐ. നടത്തിയിരിക്കുന്നത്. ഇത്രമാത്രം വെൽ റെഗുലേറ്റഡായിട്ടുള്ള ഒരു ബാങ്കിംഗ് സെക്ടർ ലോകത്ത് എവിടെയുണ്ട്? അതുകൊണ്ടാണ് ആഗോള സാമ്പത്തിക മാന്ദ്യകാലത്ത് അമേരിക്കയിലേയും യൂറോപ്പിലേയും ധനകാര്യ സ്ഥാപനങ്ങൾ തകർന്നുവീണപ്പോൾ, ഇന്ത്യയിലെ ബാങ്കുകൾ റെക്കോർഡ് ലാഭമുണ്ടാക്കിയത്, അതിന്റെ അടിത്തറ ഭദ്രമായതു കൊണ്ടാണ്. അവിടെ നിൻജാ എന്നു പറയും, നോ ഇൻകം, നോ ജോബ്, നോ അസറ്റ്. ഒരു ജോലിയും, ഒരു കൂലിയും, ഒരു പണിയുമില്ലാത്തവന് ലോൺ കൊടുക്കും. അവസാനം ഇക്കോണമി പൊളിയുമ്പോൾ, റിയൽ എസ്റ്റേറ്റ് പൊളിയുമ്പോൾ എല്ലാം തകർന്നുവീഴും. ഇന്ത്യയിലെ ബാങ്കുകൾ അങ്ങനെ ചെയ്യുമോ? ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്ത് ഒരു പോറൽ പോലും ഏൽപ്പിക്കാതെ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയേയും ഇന്ത്യയിലെ ധനകാര്യ സ്ഥാപനങ്ങളേയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിച്ച പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. ഞങ്ങളുടെ നയം കൊണ്ടാണ് അത് ചെയ്തത്.

സ്റ്റോക്ക് എക്സ്ചേഞ്ചിൽ പ്രശ്നമുണ്ടായി, ഞങ്ങൾ എങ്ങനെയാണ് അഡ്രസ്സ് ചെയ്തത്? ലോകത്തിൽ ഏറ്റവും നന്നായി റെഗുലേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഒരു ഇൻഷ്വറൻസ് സെക്ടർ ഉള്ളത് ഇന്ത്യയിലാണ്, വെൽ റെഗുലേറ്റഡ് സ്റ്റോക്ക് എക്സ്ചേഞ്ച്. സെബി ആക്ട്, മുൻധനകാര്യ സെക്രട്ടറി അതിന്റെ അംഗമായിരുന്ന ആളാണ്. എത്ര ഭംഗിയായിട്ടാണ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. സ്റ്റോക്ക്

എക്സ്ചേഞ്ച് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം കേട്ടിട്ടുണ്ടോ? ഒറ്റപ്രാവശ്യം ഉണ്ടായി. അതിനുശേഷം ഒരാൾക്കും അനാവശ്യമായി ഇടപെടാൻ കഴിയാത്ത വിധത്തിൽ എല്ലാ ഇൻവെസ്റ്റർക്കും പൂർണ്ണമായും സെക്യൂരിറ്റി ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒരു സംവിധാനത്തിലൂടെ സ്റ്റോക്ക് എക്സ്ചേഞ്ചിനെ റെഗുലേറ്റ് ചെയ്തത് ഞങ്ങളാണ്. ഇൻഷ്വറൻസ് കമ്പനികളും ടെലികോം കമ്പനികളും വന്നതുകൊണ്ട് രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും അപകടം പറ്റിയിട്ടുണ്ടോ? എൽ.ഐ.സി. തകർന്നോ? എൽ.ഐ.സി. അന്നു ചെയ്തിരുന്ന ബിസിനസ്സാണോ ഇന്ന് ചെയ്യുന്നത്. ഹെൽത്തി കോംപെറ്റീഷൻ ഉണ്ടായി, പുറത്തുനിന്നു വന്ന ഇൻഷ്വറൻസ് കമ്പനികളുമായി എൽ.ഐ.സി.-ക്ക് മൽസരിക്കേണ്ടിവന്നു. എൽ.ഐ.സി.-യെ അപ്ഗ്രേഡ് ചെയ്യേണ്ടിവന്നു, എൽ.ഐ.സി.-യുടെ ലെവൽ ഉയർന്നുപോയി. എൽ.ഐ.സി.-യുടെ ബിസിനസ്സ് വർദ്ധിച്ചതല്ലാതെ എൽ.ഐ.സി. തകർന്നില്ല. ടെലികോം കമ്പനികൾ വന്നു, പഴയ ബി.എസ്.എൻ.എൽ. ആണോ ഇപ്പോഴത്തെ ബി.എസ്.എൻ.എൽ.; ബി.എസ്.എൻ.എൽ.-ന്റെ ബിസിനസ്സ് വർദ്ധിച്ചു. ബി.എസ്.എൻ.എൽ. അപ്ഗ്രേഡ് ചെയ്തു. ബി.എസ്.എൻ.എൽ. ഹെൽത്തി കോംപറ്റീഷനിൽ ഏർപ്പെട്ടു. വിദേശത്തുനിന്നും ഇൻഷ്വറൻസ് കമ്പനികൾ വന്നപ്പോൾ ഇവിടെ പ്രീമിയം വാർ ആണുണ്ടായത്. മത്സരം കൂടിക്കഴിഞ്ഞപ്പോൾ എല്ലാപേർക്കും പ്രീമിയം കുറയ്ക്കേണ്ടിവന്നു. അതിന്റെ ബെനിഫിഷ്യറി ആരായിരുന്നു, ഈ നാട്ടിലെ സാധാരണക്കാരായ ആളുകളായിരുന്നു.

12.00 Noon

ഞാൻ ആദ്യമായി മൊബൈൽ ഫോൺ വാങ്ങിയ സമയത്ത് ഒരു ഔട്ട് ഗോയിംഗ് കോളിന് 16 രൂപ 40 പൈസയും ഇൻകമിംഗ് കോളിന് 8 രൂപ 20 പൈസയുമായിരുന്നു. ഇന്ന് ഇൻകമിംഗ് കാൾ കംപ്ലീറ്റ് ഫ്രീയാണ്. ഔട്ട് ഗോയിംഗ് കോളിന് ഇന്ത്യയിൽ എവിടെപ്പോയാലും ഇത്ര പൈസ എന്നുണ്ട്. 16 രൂപ 40 പൈസയിൽ നിന്നും 10 പൈസയ്ക്ക് ഇന്ന് മൊബൈൽ ഫോണിൽ കാൾ വിളിക്കാം. ലോകത്തിലെ ഏറ്റവും ചീപ്പസ്റ്റ് താരിഫ് ഇന്ത്യയിലാണ്. ഗൾഫ് രാജ്യങ്ങളിലോ, യൂറോപ്പിലോ, അമേരിക്കയിലോ ഒന്നും ഈ ചീപ്പസ്റ്റ് താരിഫില്ല. അതാണ് പുതിയ സാമ്പത്തിക നയം. ആ സാമ്പത്തിക നയം ഒരു അവസരമായി ഞങ്ങൾ പ്രയോജനപ്പെടുത്തി. അതുകൊണ്ട് ബി.എസ്.എൻ.എൽ. അന്നുണ്ടായിരുന്നതിന്റെ പതിന്മടങ്ങ് ശക്തമായി. ഞങ്ങൾ ഇവിടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ബി.എസ്.എൻ.എൽ.-നെയും എൽ.ഐ.സി.-യെയും തകർത്തോ? അവരെല്ലാം ഇപ്പോഴും നിൽക്കുകയാണ്. ഇൻഷ്വറൻസ്

മാർക്കറ്റിൽ ഇനിയും പെനിട്രേറ്റ് ചെയ്യാൻ ധാരാളമുണ്ട്. മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ ഹെൽത്ത് ഇൻഷ്വറൻസ് എത്ര കുറവാണ്. ആ മത്സരങ്ങളിലെല്ലാം ആവശ്യമായ നിയന്ത്രണങ്ങൾ വരുത്തി ആരോഗ്യകരമായ മത്സരങ്ങളാക്കി മാറ്റി.

ഏവിയേഷൻ സെക്ടറിലെ സ്ഥിതി നോക്കാം. ഞാൻ എൻ.എസ്.എസ്. സെക്രട്ടറിയായിരുന്നപ്പോൾ ഫ്ളൈറ്റ് ടിക്കറ്റിന് 20,000 രൂപ കൊടുത്തിട്ടായിരുന്നു ഡൽഹിയിൽ പോയിരുന്നത്. എന്നാൽ കഴിഞ്ഞയാഴ്ച ഡൽഹിയിൽ പോയത് 4,000 രൂപയ്ക്കാണ്. വലിയ കോംപറ്റീഷനാണ്. ആ മത്സരത്തിൽ എയർ ഇന്ത്യ പൂട്ടിപ്പോയില്ലല്ലോ? എയർ ഇന്ത്യക്ക് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ അത് അവരുടെ നടപടിക്രമങ്ങളിലുണ്ടായ കുഴപ്പമാണ്. ആർ.ബി.ഐ.-യെ പോലെത്തന്നെ പ്ലാനിംഗ് കമ്മീഷനെയും ബി.ജെ.പി. ഇൻസ്റ്റിറ്റ്യൂഷണൽ ക്യാപ്ച്വർ നടത്തി. പ്ലാനിംഗ് കമ്മീഷനെ ഇല്ലാതാക്കി. ഇന്ന് സ്റ്റേറ്റ് ഫിനാൻസിൽ എന്താണ് സംഭവിക്കുന്നതെന്ന് പരിശോധിക്കാൻ ആരാണുള്ളത്? നമ്മുടെ രാജ്യത്ത് എന്തുവേണമെങ്കിലും സംഭവിക്കാവുന്ന സ്ഥിതിയാണ്.

അങ്ങ് ബാങ്കിംഗ് സെക്ടറിനെക്കുറിച്ച് സംസാരിച്ചപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. ബാങ്കുകളുടെ നോൺ പെർഫോർമിംഗ് അസറ്റ് വർദ്ധിച്ചിരിക്കുന്നു. ഞങ്ങൾ 2013-14-ൽ അധികാരത്തിൽ നിന്നും ഇറങ്ങുമ്പോൾ ടോട്ടൽ ബാങ്കിംഗ് സെക്ടറിലെ എൻ.പി.എ. 4.72 ശതമാനമായിരുന്നു. ബാക്കി 95 ശതമാനം വരുന്ന ബാങ്ക് അക്കൗണ്ടുകൾ പെർഫോമിംഗ് അക്കൗണ്ടുകളാണ്. അതായത് കൃത്യമായി പണമടയ്ക്കുന്നു, കൃത്യമായി പലിശ അടയ്ക്കുന്നു. അങ്ങനെയുള്ള ഞങ്ങളെയും ബി.ജെ.പി.-യെയും തമ്മിൽ താരതമ്യപ്പെടുത്തുകയാണോ? ബി.ജെ.പി. ഭരണത്തിൽ ഈ മൂന്ന് കൊല്ലം കൊണ്ട് എൻ.പി.എ (Non Performing Asset) 4.72 ൽ നിന്നും 12.47 ആയി ഉയർന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചോദിക്കാതിരിക്കാൻ നിർവ്വാഹമില്ല, മൂന്ന് വർഷം കൊണ്ടാണോ എൻ.പി.എ. ആയിത്തീരുന്നത്? നിങ്ങളുടെ ഭരണകാലത്ത് കൊടുത്തിട്ടുള്ള ഭീമമായ വായ്പകളാണ് ഇന്ന് എൻ.പി.എ. ആയിത്തീർന്നിട്ടുള്ളത്. എന്തുകൊണ്ടാണ് ഭീമമായ വായ്പകൾ എൻ.പി.എ. ആയിത്തീർന്നത്? ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റിനായി സ്പെഷ്യലൈസ്ഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ടായിരുന്നു. അതിനെ മാറ്റി കമേഴ്സ്യൽ ബാങ്കുകളോട് ഭീമമായ വായ്പ നൽകാൻ നിങ്ങൾ നിർബന്ധിച്ചു. അവർ വായ്പ കൊടുത്തു. ആ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റാണ് ഇന്ന് എൻ.പി.എ. ആയി മാറിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞത് ശരിയല്ല. മൂന്ന് മാസം തുടർച്ചയായി പേയ്മെന്റ് ഇല്ലാതായാൽ, പലിശയും മുതലും അടയ്ക്കാതായാൽ അപ്പോൾ എൻ.പി.എ. വരും. ഇപ്പോൾ ഇടക്കാലത്ത് അത് ആറ് മാസമായി. ചില ബാങ്കുകൾ ഇപ്പോഴും 3 മാസം ഫോളോ ചെയ്യുന്നുണ്ട്. 3 കൊല്ലമായിട്ട് ഞങ്ങളുടെ ഭരണകാലത്ത് അടച്ചിരുന്നതാണ്. നിരന്തരമായി അടയ്ക്കാതിരുന്നിട്ട് ഇപ്പോഴല്ല എൻ. പി.എ. ആകുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ മൊറട്ടോറിയം പിരീഡുണ്ട്, അത് കഴിഞ്ഞാണ് തിരിച്ചടവ് ആരംഭിക്കുന്നത്. അല്ലാതെ വാങ്ങിച്ചതിന്റെ പിറ്റേദിവസം തന്നെ തിരിച്ചടവ് തുടങ്ങുമോ? സാധാരണഗതിയിൽ മൂന്ന് വർഷമാണ് മൊറട്ടോറിയം പിരീഡ്. നിങ്ങളുടെ ഭരണകാലത്ത് കൊടുത്തിട്ടുള്ളതെല്ലാം മൊറട്ടോറിയം പിരീഡ് കഴിഞ്ഞ് പേയ്മെന്റ് ഡ്യൂ ആയി അടയ്ക്കാതെ വന്നു. അത് വരാനുള്ള കാരണത്തിന്റെ തുടക്കം അവിടെനിന്നാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെയാണെങ്കിൽ ഞങ്ങൾ 10 കൊല്ലം ഭരിച്ചിട്ട്, ഞങ്ങളുടെ 2013-14 കാലത്തില്ലല്ലോ? ഞങ്ങളുടെ 2012-13 കാലത്തേത് 3.84 ആയിരുന്നു. ഗ്ലോബൽ റിസഷനുണ്ടായ സമയത്താണത്. ഗ്ലോബൽ റിസഷന്റെ ഏറ്റവും വലിയ ഇംപാക്ടുണ്ടായത് 2008-09 മുതൽ 2012-13 വരെയുള്ള 3 വർഷങ്ങളിലാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടാമത്തെ വർഷമായപ്പോഴാണ് ശ്രീ. അരുൺ ജെയ്റ്റിലി Seventy thousand crores has been injected into all the Nationalised Banks because of the capital adequacy; അത് എന്തുകൊണ്ടുണ്ടായി. ഇവരുടെ നടപടികൾമൂലമുണ്ടായതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, Capital adequacy; നഷ്ടപ്പെടുന്നത് ഒരു ദിവസംകൊണ്ടല്ല. It is a trend; the trend started in your time; അതാണ് പ്രശ്നം. അല്ലാതെ അധികാരം മാറി ബി.ജെ.പി. വന്നപ്പോൾ പിറ്റേന്ന് എല്ലാം എൻ.പി.എ. ആയിത്തീർന്നു എന്നല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. അരുൺ ജെയ്റ്റിലിയെക്കാളും വലിയ വക്കാലത്താണ് ബി.ജെ.പി. സർക്കാരിനുവേണ്ടി അങ്ങ് ഏറ്റെടുത്തിരിക്കുന്നത്. അങ്ങ് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത കണക്കാണ് പറയുന്നത്.

ഞങ്ങളുടെ ഭരണകാലത്ത് ബാങ്കുകൾ ലോണുകൾ കൊടുത്തിരുന്നുവെങ്കിലും ബാങ്ക്ഫ്രോഡുകൾ വല്ലപ്പോഴും മാത്രമാണ് വന്നിരുന്നത്. അതെല്ലാം അഡ്രസ്സ് ചെയ്യാനുള്ള സംവിധാനങ്ങളുണ്ടായിരുന്നു. 5 കോടി രൂപയ്ക്ക് മുകളിൽ ഒരു ബാങ്ക് ഫ്രോഡ് നടത്തിയാൽ അപ്പോൾതന്നെ ഓട്ടോമാറ്റിക്കായി സി.ബി.ഐ. അന്വേഷണത്തിന് പോകുന്ന നിയമനിർമ്മാണം വരെ ഞങ്ങൾ നടത്തിയിരുന്നു. ഞങ്ങൾ ഈ വിഷയങ്ങളെല്ലാം വളരെ ഭംഗിയായി അഡ്രസ്സ് ചെയ്തിരുന്നു. അസറ്റ് വാല്യുവേഷനില്ലാതെ ആർക്കും കൊടുത്തിട്ടില്ല. അത് പൂർണ്ണമായും ഞങ്ങൾ ചെയ്തിരുന്നു. അതുകൊണ്ട് ബി.ജെ.പി.-യുടെ ഭരണകാലത്തെ ബാങ്കിംഗ് സെക്ടറും ഞങ്ങളുടെ ഭരണകാലത്തെ ബാങ്കിംഗ് സെക്ടറും തമ്മിൽ ഒരു കാരണവശാലും താരതമ്യപ്പെടുത്താൻ കഴിയില്ല, എൻ.പി.എ.-യുടെ കാര്യത്തിലും ബാങ്കിന്റെ സ്വാതന്ത്ര്യം നിലനിർത്തുന്ന കാര്യത്തിലും ചെയ്യാൻ കഴിയില്ല. ഇവിടെ പറഞ്ഞത് പബ്ലിക് സെക്ടറിന്റെ കാര്യമാണ്. നിങ്ങളുടെ ഭരണകാലത്താണ് അസമത്വം വളർന്നത്. ഇവിടെ പ്രൊഫ. സി. രവീന്ദ്രനാഥ് എപ്പോഴും ജോസഫ് ഇ. സ്റ്റിഗ്ലിസ് (Joseph E. Stiglitz)-ന്റെ The Great Divide- ഉം Globalisation and its discontents-ഉം പറയുന്നയാളാണ്. ഞങ്ങളും Thomas Piketty-യെ ക്വാട്ട് ചെയ്തുകൊണ്ട് പറയാം. ഞങ്ങളുടെ ഭരണകാലത്ത്, 2004-നും 2014-നും ഇടയിൽ പത്ത് വർഷക്കാലം, യു.പി.എ. ഭരിച്ചപ്പോൾ 14 കോടി പാവങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിലേയ്ക്ക് അപ്ഗ്രേഡ് ചെയ്യപ്പെട്ടത്. ഇതൊന്നും വേണ്ട രീതിയിൽ വേണ്ട സ്ഥലത്ത് പറയാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നത് ഞാൻ അംഗീകരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, അസമത്വമെന്ന് പറഞ്ഞാൽ Inequality - ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമാണ്. നിങ്ങൾ Poverty absolute ആണ്, ദാരിദ്ര്യ രേഖ കയറ്റിയും താഴ്ത്തിയും വരയ്ക്കാം. 2300 കാലറി നോംസ് വച്ചിട്ട്, നിങ്ങളുടെ ഭരണകാലത്ത് കാലറി നോംസ് നോക്കണ്ട, അല്ലാതെയുള്ള രേഖ വരയ്ക്കാം എന്നുപറഞ്ഞ് ആളുകളെ കൂട്ടുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഇന്ന് Inequality- യെക്കുറിച്ച് പറയുന്നത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, യു.പി.എ.-യുടെ രണ്ടാം ഗവൺമെന്റിന്റെ ഭരണകാലത്ത് കാലറി 1800 ആയി കുറച്ചു. അങ്ങനെയാണ് ബി.പി.എൽ. താഴ്ത്തിക്കൊണ്ടുവന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, നമ്മുടെ രാജ്യം കൈവരിച്ച പുരോഗതിയെ ഇത്ര നിസ്സാരവത്ക്കരിക്കരുത്. 14 കോടിയാളുകളെ ദാരിദ്ര്യരേഖയുടെ മുകളിലേയ്ക്ക് കൊണ്ടുവന്നത് യു.പി.എ.-യുടെ പത്ത് വർഷത്തെ ഭരണകാലത്താണ്. അത് നിങ്ങൾ മറച്ചുവയ്ക്കാൻ പാടില്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെ ഈ സാമ്പത്തിക നയത്തെക്കുറിച്ച് പ്രശംസിക്കുകയാണ്. എന്നാൽ ഈ സാമ്പത്തിക നയമാണ് ഞങ്ങൾക്ക് തിരിച്ചടിയായതെന്നാണ് അന്ന് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സാമ്പത്തിക നയങ്ങളിലെ സാമൂഹ്യ പ്രതിബദ്ധത ഉറപ്പുവരുത്തുന്ന കാര്യത്തിലുള്ള പരാജയം കാരണമാണ് നമുക്ക് തിരിച്ചടിയുണ്ടായതെന്നാണ് ഞാൻ പറഞ്ഞത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തെക്കുറിച്ച് ഇന്നലെ ഞാൻ പറഞ്ഞിരുന്നു. മനുഷ്യമുഖമുള്ള പരിഷ്കാരങ്ങളാണ് ഞങ്ങൾ ആഗ്രഹിച്ചത്. ഈ നാട്ടിലുണ്ടാകുന്ന സാമ്പത്തിക വളർച്ച സാധാരണക്കാരിലേയ്ക്കും പാവപ്പെട്ടവരിലേയ്ക്കുമെത്തുന്ന പ്രവർത്തനങ്ങൾക്കാണ് കൂടുതൽ ഊന്നൽ നൽകേണ്ടത് എന്നുള്ളതാണ് കോൺഗ്രസ്സിന്റെ സാമ്പത്തിക നയം. അതിൽനിന്ന് ആരെങ്കിലും വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അത് കറക്റ്റ് ചെയ്യണമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. അതൊന്നും ചലഞ്ച് ചെയ്യാൻ കഴിയില്ല. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ കൃത്യമായ കണക്കുകളാണ് പറഞ്ഞത്. ഒരു കണക്കും എക്സാജറേറ്റ് ചെയ്ത് ഇവിടെ പറയില്ല. ഇത് അസംബ്ലിയിലെ റിക്കോർഡാണ്. ഏത് കണക്ക് അങ്ങ് വെല്ലുവിളിച്ചാലും അത് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാനുള്ള എവിഡൻസ് എന്റെ കയ്യിലുണ്ട്. ഇവിടെ അങ്ങ് പറഞ്ഞതിലുള്ള ഒരു പോയിന്റ് ശരിയാണ്. ദാരിദ്ര്യ രേഖയ്ക്ക് മുകളിലേയ്ക്ക് ആളുകൾ വന്നെങ്കിലും വ്യത്യാസങ്ങൾ വർദ്ധിക്കുന്നുണ്ട്. rich ആകുന്ന ആളുകൾ relatively poor ആകുന്നുണ്ട്. ആ പോയിന്റാണ് അങ്ങ് പറഞ്ഞത്. പക്ഷേ, ഞങ്ങളുടെ ഭരണകാലത്ത് സാധാരണക്കാരൻ ദാരിദ്ര്യത്തിൽ നിന്ന് കൂടുതൽ ദാരിദ്ര്യത്തിലേയ്ക്കല്ല പോയത്. അവരുടെ ജീവിതനിലവാരത്തിൽ lack of education, lack of employment, lack of drinking water, lack of housing എന്നിവയെല്ലാം ദാരിദ്ര്യം കണക്കാക്കുന്നതിന് മാനദണ്ഡമായി മാറ്റണമെന്നാവശ്യപ്പെടുന്ന പാർട്ടിയാണ് ഞങ്ങളുടേത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ദാരിദ്ര്യരേഖ കാൽക്കുലേറ്റ് ചെയ്യുന്നതിൽ വന്ന മാറ്റങ്ങൾമൂലം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളുടെ എണ്ണം കുറഞ്ഞു എന്ന പ്രതീതി ജനിപ്പിച്ചു എന്നുമാത്രമേയുള്ളൂ എന്നാണ് ആരോപണരൂപത്തിൽ പറഞ്ഞത്. പക്ഷേ അങ്ങ് നേരത്തെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ കാർഷിക മേഖലയിലെ റിയൽ ഇൻകമാണ് കഴിഞ്ഞ 10 വർഷംകൊണ്ട് 40 ശതമാനം വർദ്ധിച്ചത്. ഇതൊരു സാങ്കല്പിക കണക്കല്ല. റിയൽ ഇൻകവും റിയൽ വേജസും പർച്ചേസിംഗ് പവർ പാരിറ്റിയും ഈ നാട്ടിലെ സാധാരണക്കാരെ സംബന്ധിച്ച് വർദ്ധിച്ചിട്ടുണ്ട് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, തീർച്ചയായും. ഞാൻ പറഞ്ഞല്ലോ അഗ്രിക്കൾച്ചറൽ ഗ്രോത്ത് 4 ശതമാനമാക്കുകയും ഫാർമേഴ്സിന്റെ ഇൻകത്തിൽ 40% ഇൻക്രീസ്, ഒരു കാലത്തുമില്ലാത്തതാണ്, അത് അവരുടെ പർച്ചേസിംഗ് പവർ വർദ്ധിപ്പിക്കും, സോഷ്യൽ സ്റ്റാറ്റസ് വർദ്ധിപ്പിക്കും.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, അങ്ങ് വളരെ ഭംഗിയായി പ്രസന്റ് ചെയ്യുന്ന ആളായതുകൊണ്ട് ചില കാര്യങ്ങൾ അസത്യമാണെങ്കിലും സത്യമാണെന്ന് തോന്നിപ്പിക്കാനുള്ള കഴിവുണ്ട്. അങ്ങ് പറഞ്ഞതിൽ ചില സംശയങ്ങൾ ഒരു വിദ്യാർത്ഥി എന്ന നിലയിലും പുതിയ നിയമസഭാംഗമെന്ന നിലയിലും ചോദിക്കുകയാണ്. കർഷകരെ സഹായിക്കുന്ന ധാരാളം കാര്യങ്ങൾ യു.പി.എ. ഗവൺമെന്റ് ചെയ്തുവെന്ന് പറഞ്ഞു. പക്ഷേ, ഞങ്ങളൊക്കെ വായിച്ചിട്ടുള്ളത് ലക്ഷക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ്. ആത്മഹത്യ ചെയ്തതിനുശേഷം അവരെ സഹായിക്കുന്ന പോളിസിയാണോ സ്വീകരിച്ചതെന്നാണ് ഒരു സംശയം. മറ്റൊന്ന്, ഇക്കണോമിക് ഡിപ്രഷനെ സംബന്ധിച്ച് അങ്ങ് പറഞ്ഞിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ശക്തി കൂടുതലായുള്ള രാജ്യമായതുകൊണ്ടാണ് ഇക്കണോമിക് ഡിപ്രഷൻ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ കാര്യമായി ബാധിക്കാതിരുന്നതെന്നാണ് ഞങ്ങൾ വായിച്ച് മനസ്സിലാക്കിയിട്ടുള്ളത്. കൂടാതെ ചില്ലറ വ്യാപാര മേഖലയിലേയ്ക്ക് വിദേശ നിക്ഷേപം കൊണ്ടുവരുന്നതുൾപ്പെടെയുള്ള തീരുമാനവും യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത് എടുത്തിട്ടുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. ഇന്ത്യയിൽ അസമത്വം വലിയ രൂപത്തിൽ വർദ്ധിച്ചിട്ടുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിലില്ലേ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ശ്രീ. വി. ഡി. സതീശൻ നവ ഉദാരവൽക്കരണ നയത്തെ പരസ്യമായി നിയമസഭയിൽ ന്യായീകരിക്കുന്നുണ്ടെങ്കിലും പാർട്ടിയിൽ നവ ഉദാരവൽക്കരണ നയത്തിനെതിരെ

വിമർശനം ഉന്നയിക്കുന്ന ആളാണെന്ന് ഞങ്ങൾക്കറിയാം. അതിൽ പരസ്യമായ നിലപാട് സ്വീകരിക്കുന്ന ആളാണ്. പക്ഷേ, താങ്കളുടെ ഔദ്യോഗിക നയം മാത്രമേ ഇവിടെ പറയാൻ കഴിയുകയുള്ളൂ. ദാരിദ്ര്യരേഖയെ സംബന്ധിച്ച് പറഞ്ഞതിൽ, അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് കടകവിരുദ്ധമായ മാനദണ്ഡമാണല്ലോ നിശ്ചയിക്കുന്നത്. അന്താരാഷ്ട്ര മാനദണ്ഡം 2200 കലോറി എന്നുള്ളതിന്റെ നേർ പകുതിയാണ് ഇവിടെ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഭക്ഷണം മാത്രമല്ല കുടിവെള്ളം, വിദ്യാഭ്യാസം, നല്ല താമസം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചേർത്തുകൊണ്ടാണ് അന്താരാഷ്ട്ര തലത്തിൽ ദാരിദ്ര്യത്തിന്റെ മാനദണ്ഡം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അത് മാറ്റി ദാരിദ്ര്യത്തിന്റെ മാനദണ്ഡം താഴേയ്ക്ക് വന്നു എന്നത് വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ വന്നിരിക്കുന്ന മാറ്റത്തെ ഇക്കണോമിക് ഗ്രോത്തായി പരിഗണിക്കുന്നത് ശരിയാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട കായംകുളം മെമ്പർ പറഞ്ഞ കാര്യം പറയാം. ആദ്യം ഈ സഭയിൽ ഞാൻ അസത്യം സത്യമാക്കി അവതരിപ്പിക്കുന്നുവെന്ന് പറഞ്ഞ സർട്ടിഫിക്കറ്റിന് നന്ദി. ഞാനിവിടെ പറഞ്ഞ ഏതെങ്കിലും കാര്യമോ സ്റ്റാറ്റിസ്റ്റിക്സോ തെറ്റാണ് എന്ന് തെളിയിക്കുകയാണെങ്കിൽ ഇവിടെ പറഞ്ഞ പ്രസംഗം മുഴുവൻ ഞാൻ പിൻവലിക്കാം. വളരെ ശ്രദ്ധയോടുകൂടിയാണ് ഞാൻ കാര്യങ്ങൾ പറയുന്നത്. കാരണം ഞാൻ വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടാണ് സംസാരിക്കുന്നത്. അദ്ദേഹം പണ്ഡിതനും സാമ്പത്തിക ശാസ്ത്രജ്ഞനുമാണ്. ഞാൻ ഇക്കണോമിക്സ് പഠിക്കാത്ത ആളാണ്. എനിക്ക് ഒരു തെറ്റുപോലും സംഭവിക്കരുതെന്ന നിഷ്കർഷയോടുകൂടി ഓരോ കണക്കും മൂന്ന് പ്രാവശ്യമെങ്കിലും വെരിഫൈ ചെയ്തിട്ടാണ് സംസാരിക്കുന്നത്. അതുകൊണ്ട് അങ്ങനെയൊരു പരാമർശം നടത്തിയത് വളരെ മോശമായിപ്പോയി. കർഷക ആത്മഹത്യയെക്കുറിച്ചും ഇവിടെ ആത്മഹത്യ ഉണ്ടായെന്നും ആ ആത്മഹത്യ എങ്ങനെയാണ് യു.പി.എ. ഗവൺമെന്റ് അഡ്രസ്സ് ചെയ്തതെന്നുമെല്ലാം ഞാൻ ഇവിടെ വ്യക്തമായി പറഞ്ഞതാണ്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയല്ല, ധനകാര്യ സ്ഥാപനങ്ങളുടെ ശക്തികൊണ്ടുകൂടിയാണ് ഈ റിസഷനെ നമ്മൾ നേരിട്ടത്. നമ്മൾ കൃത്യമായ ഇന്റർവെൻഷൻസ്, ആ പോയിന്റിലേയ്ക്ക് ഞാൻ വരികയാണ്, കാരണം രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ക്യാബിനറ്റ് എന്നുപറയുന്നത് ഇന്ത്യയിൽ വളരെ പ്രധാനപ്പെട്ടതാണ്. രണ്ട് ക്യാബിനറ്റും തമ്മിലുള്ള വ്യത്യാസം, there was discourse in Dr. Manmohan Singh's cabinet, now there is only silence in Narendra Modi's cabinet. അതാണ് വ്യത്യാസം. അന്ന് സാമ്പത്തിക രംഗം വലിയ രീതിയിൽ ഫ്ലക്ചേറ്റ്

ചെയ്യും. പെട്ടെന്ന് ഇൻഫ്ലേഷൻ വരും. ഇൻഫ്ലേഷൻ വരുമ്പോൾ ഡെയ്‌ലി മോണിറ്ററിംഗാണ്. ഇൻഫ്ലേഷൻ താഴെയാക്കാൻവേണ്ടി ബാങ്കുകളുടെ ക്യാഷ് റിസർവ് വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കും. അപ്പോൾ ബാങ്കുകൾ കുറെ പൈസ മാർക്കറ്റിൽനിന്ന് വിത്ഡ്രോ ചെയ്യുമ്പോൾ ഇൻഫ്ലേഷൻ താഴേയ്ക്ക് പോകും. മൂന്ന് മാസം കഴിയുമ്പോൾ മാർക്കറ്റിൽ ഇൻഫ്ലേഷന് ഓപ്പോസിറ്റായിട്ടുള്ള സ്ഥിതിയാണുണ്ടാകുന്നത്, ലിക്വിഡിറ്റി ക്രഞ്ചാണ്. അപ്പോൾ വലിയൊരു ടീം അത് കൃത്യമായി ഒബ്സർവ് ചെയ്ത് ബാങ്കുകളുടെ ക്യാഷ് റിസർവ് കുറയ്ക്കും. അപ്പോൾ ബാങ്കുകളിൽനിന്ന് മാർക്കറ്റിലേയ്ക്ക് പണം പുഷ് ചെയ്യും. ഇങ്ങനെ ദൈനംദിന ഇടപെടലുകൾ നടത്താനായി വലിയൊരു ടീം ഉണ്ടായിരുന്നു, ഇന്ന് ഇന്ത്യയിൽ ആ ടീമില്ല. ഡീമോണിറ്റൈസേഷൻ ശ്രീ. നരേന്ദ്ര മോദി ഒറ്റയ്ക്ക് എടുത്ത തീരുമാനമാണ്; വേറെ ആരുമില്ല. ശ്രീ. അരുൺ ജയ്റ്റ്‌ലിക്ക് ടീമില്ല. അന്ന് അതല്ല, അന്ന് ലോകത്തിലെ ഏറ്റവും പ്രശസ്തരായ ആളുകൾ, അറിയപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞരുടെ വലിയ ടീം ഏതു സമയത്തും എല്ലാ കാര്യങ്ങളും കൃത്യമായി ചർച്ച ചെയ്തിരുന്നു. ഫ്ലോപ്പിലായ ജി.എസ്.ടി. പോലുള്ള ഏതെങ്കിലും വിഡ്ഢിത്തം നിറഞ്ഞ തീരുമാനം ഞങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് എടുത്തിട്ടുണ്ടോ? അവരുടെ സാമ്പത്തിക നയവും ഈ സാമ്പത്തിക നയവും തമ്മിൽ എങ്ങനെയാണ് താരതമ്യപ്പെടുത്താൻ കഴിയുക. ഇന്ന് നടക്കുന്നത് ടാക്സ് ടെററിസമാണ്. ഇൻകം ടാക്സിൽ ഒരു വകുപ്പുണ്ട്, നിങ്ങൾക്കെതിരായി അസസ്സ്മെന്റ് കൊടുക്കണമെങ്കിൽ എന്ത് കാരണത്തിന്റെ പേരിൽ അസസ്സ്മെന്റ് നൽകണം എന്ന് വ്യക്തമാക്കണമെന്നുണ്ട്. ഇപ്പോൾ അമെന്റ്മെന്റ് വരികയാണ്, എക്സ്പ്ലെയിൻ ചെയ്യേണ്ട കാര്യമില്ല. എന്നുപറഞ്ഞാൽ ആരുടെ വീട്ടിൽ കയറിയും അസസ്സ് ചെയ്ത് ഏത് രാഷ്ട്രീയ എതിരാളിയെയും ഏത് ശത്രുക്കളെയും അമർച്ച ചെയ്യാം. എൻഫോഴ്സ്മെന്റ്, ഡി.ആർ.ഐ., ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് ഇതെല്ലാം ഓരോ തെരഞ്ഞെടുപ്പുകൾ വരുമ്പോഴും രാഷ്ട്രീയ ആയുധമായി ഉപയോഗിക്കുകയാണ്. കർണ്ണാടകത്തിൽ കഴിഞ്ഞ ഒരു മാസക്കാലമായി വലിയ രീതിയിലുള്ള റെയ്ഡ് നടത്തി ആളുകളെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയാണ്. ഇത്തരം ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പവിത്രതയും സ്വയംഭരണാവകാശവും അന്തസ്സും കാത്തുസൂക്ഷിച്ചതുകൊണ്ടാണ് ആഗോള സാമ്പത്തിക മാന്ദ്യം വന്നപ്പോൾ നമ്മുടെ രാജ്യത്തിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. ഞാൻ സമയക്കുറവുമൂലം ദീർഘിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ധാരാളം കണക്കുകളുണ്ട്, ഞങ്ങൾ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് നടത്തിയിട്ടില്ലെന്നൊക്കെ അദ്ദേഹം പറഞ്ഞു. 2014-15-ൽ ഇന്ത്യയിൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 4.9 ശതമാനമായിരുന്നു. ഇപ്പോൾ 2016-17 കഴിഞ്ഞപ്പോൾ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് മൈനസാണ്, -.2% ആണ്.

അതുപോലെ മേജർ ഹെഡിലുള്ള എക്സ്പെൻഡിച്ചർ, ഏത് കാര്യമെടുത്താലും നാഷണൽ എഡ്യൂക്കേഷൻ മിഷൻ, നരേഗ (MGNREGA) പി.എം.ജി.എസ്.വൈ, ഫെർട്ടിലൈസർ സബ്സിഡി, ഫുഡ് സബ്സിഡി അങ്ങനെ എല്ലാ കാര്യങ്ങളും പറഞ്ഞു. ഞങ്ങൾ ഏത് പൊതുമേഖലാ സ്ഥാപനമാണ് തകർത്തത്? എഫ്.എ.സി.ടി.-യുടെ കാര്യം പരിശോധിച്ചാൽ, ഞാൻ എഫ്.എ.സി.ടി.-യിലെ യൂണിയൻ പ്രസിഡന്റായിരുന്നു. എഫ്.എ.സി.റ്റി.-ക്ക് ഒരു ക്രൈസിസ് വന്നപ്പോൾ ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും അടക്കമുള്ള ആളുകൾ ഡൽഹിൽ പോയി ഇടപെട്ടിട്ടുണ്ട്. ഞാനും അന്ന് അവരുടെ കൂടെ പോയിരുന്നു. ഒരു തവണ 1,000 കോടി രൂപയും പിന്നീട് 200 കോടി രൂപയും തന്നു. അവിടെയുള്ള പ്രശ്നങ്ങൾ കാരണം എഫ്.എ.സി.റ്റി. എന്നേ പൂട്ടിപ്പോകുമായിരുന്നു. അന്ന് ആ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം താങ്ങി നിർത്തിയത് യു.പി.എ. സർക്കാരാണ്. അതുപോലെ കൊച്ചിൻ ഷിപ്യാർഡ് പൂട്ടേണ്ട ഘട്ടംവന്നപ്പോൾ എത്ര ആയിരം കോടി രൂപ കൊടുത്താണ് അതിനെ സംരക്ഷിച്ചത്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന് പണം കൊടുത്തു.

ലിബറലൈസേഷൻ വന്നിട്ട് ഇന്ത്യയിൽ ആദ്യമായി ഒരു പൊതുമേഖലാ സംരംഭം സ്വകാര്യവൽക്കരിച്ചത് ബംഗാളിലെ ജ്യോതി ബാസുവാണ്. ബംഗാളിലെ പ്രശസ്തമായ ഗ്രേറ്റ് ഈസ്റ്റേൺ ഹോട്ടലാണ് ഇന്ത്യയിൽ ആദ്യമായി സ്വകാര്യവൽക്കരിച്ച പൊതുമേഖലാ സ്ഥാപനം. എല്ലാ സ്ഥലങ്ങളിലും അങ്ങനെ ചെയ്യുന്നുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നതിൽ യാതൊരു കാര്യവുമില്ലെന്ന് സൂചിപ്പിക്കുകയാണ്. ഏത് സെക്ടർ എടുത്താലും ഏത് സാമ്പത്തിക ഘടന പരിശോധിച്ചാലും ബി.ജെ.പി.-യും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും തമ്മിൽ ബഹുദൂരം അകലമുണ്ട്. അങ്ങ് ഇന്നലെ ഒരു കാര്യം സമ്മതിച്ചു. Philosophically you are different. ദാർശനികമായി രണ്ട് സാമ്പത്തിക നയങ്ങളാണ് നമ്മൾക്ക് രണ്ടുകൂട്ടർക്കുമുള്ളത്. അതുപോലെ നടത്തിപ്പിലും. We implemented the Economic Policy with a human face, our motto was inclusive growth. അതാണ് ഡോ. മൻമോഹൻ സിംഗ് പറഞ്ഞത്. ലോകത്ത് ഒരു രാഷ്ട്രീയ പാർട്ടിയും ഒരു ഗവൺമെന്റും ഇതുപോലെ പുതിയ സാമ്പത്തിക നയം ഒരു രാജ്യത്തും നടപ്പിലാക്കിയിട്ടില്ലെന്നുള്ള അഭിമാനബോധം ഞങ്ങൾക്കുണ്ടെന്ന് വിനയപൂർവ്വം അറിയിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2018-19-ലെ ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് അവതരിപ്പിച്ച ബില്ലിനെ ഞാൻ എതിർക്കുകയാണ്. 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 244 മുതൽ 250 വരെയും 252 മുതൽ 274 വരെയുമുള്ള

ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുമായി നിലവിൽ 10 ആക്ടുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 1977-ലെ അബ്കാരി ആക്ട് ഭേദഗതിയാണ് അതിൽ ഒന്ന്. ഇതിലെ 18-ാം വകുപ്പിലെ 4-ാം ഉപവകുപ്പിൽ പറയുന്നത്, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുകയോ വിളമ്പുകയോ ചെയ്യുന്ന ലൈസൻസികൾക്ക് പ്രത്യേക ഫീസ് ചുമത്താതെ വിദേശ നിർമ്മിത മദ്യം വിൽക്കുകയോ വിളമ്പുകയോ ചെയ്യാം എന്നാണ്. അതിനുള്ള അനുവാദം നൽകലാണ് ഈ ഭേദഗതിയിലൂടെ അങ്ങ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ് ആക്ട് 3-ാം വകുപ്പിന്റെ ഭേദഗതിയിലൂടെ ഒരു വിദേശ മദ്യ വ്യാപാരി നൽകിക്കൊണ്ടിരുന്ന പർച്ചേസ് ചാർജും 10 ശതമാനം നിരക്കുള്ള സർച്ചാർജും വേണ്ടെന്ന് വയ്ക്കാനും തീരുമാനിച്ചിരിക്കുകയാണ്. 1959-ലെ കേരള മുദ്രപ്പത്ര ആക്ട് 2-ാം വകുപ്പിൽ എഫ് (ബി) ഖണ്ഡമായി കുടുംബത്തിന്റെയും എഫ് (സി) ഖണ്ഡമായി ഫ്ലാറ്റിന്റെയും നിർവ്വചനം കൊണ്ടുവന്നിട്ടുണ്ട്. ഇതുകൂടാതെ ആധാരം എഴുതുമ്പോൾ കെട്ടിടത്തിന്റെ മൂല്യം നിർണ്ണയിച്ച് വാല്യൂ എഴുതുവാനും പറയുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ധനനിശ്ചയം, ഇഷ്ടദാനം മുതലായ ആധാരങ്ങൾക്ക് മുദ്രവില നിരക്ക് 5 ഏക്കർ വരെ 1,000 രൂപ ആയിരുന്നു. ആയത് ഇപ്പോൾ ഏറ്റവും കുറഞ്ഞത് 1,000 രൂപ അല്ലെങ്കിൽ വില്പനവിലയുടെ 0.15 ശതമാനം, ഏതാണോ അധികം അത് മുദ്ര വിലയായി ഭേദഗതി വരുത്തുന്നതിനാണ് നിർദ്ദേശം വച്ചിട്ടുള്ളത്. കൂട്ടത്തിൽ ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുന്നുമുണ്ട്. ഈ ഭാരം താങ്ങാൻ ആകുന്നതല്ല. മറ്റുള്ള രജിസ്ട്രേഷനുകൾക്കെല്ലാം തീറാധാരത്തിന് അതേ മുദ്രവിലയും ഫീസും കൊണ്ടുവന്നു. പാട്ടം, ഒഴിമുറി ഇവയുടെ തുക വർദ്ധിപ്പിച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വസ്തു ഭാഗംവയ്ക്കൽ, ഇഷ്ടദാനം, ഒഴിമുറി, ധനനിശ്ചയം എന്നിവയ്ക്കുള്ള മുദ്രപ്പത്രവില ഭൂമി വിലയുടെ ഒരു ശതമാനമായി വർദ്ധിപ്പിച്ചപ്പോൾ നാടുനീളെ നടന്ന് കലാപം ഉണ്ടാക്കിയവരാണ് നിങ്ങൾ ഓരോരുത്തരും. തുടർന്ന് യു.ഡി.എഫ്. സർക്കാർ അത് പിൻവലിക്കുകയും പഴയ തുകയായ 1,000 രൂപ നിലനിർത്തുകയും ചെയ്തു. 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്ടിലെ ഭേദഗതിയിൽ 1982-ലെ ചിട്ടിഫണ്ട് ആക്ട് പ്രകാരം ഏതെങ്കിലും തർക്കം, ന്യായനിർണ്ണയം നടത്തുന്നതിന് ആർബിട്രേറ്റർക്കുള്ള അപേക്ഷയോടൊപ്പം തർക്ക തുകയുടെ 2 ശതമാനം കോർട്ട് ഫീസായി നൽകണമെന്ന് പുതിയ ഫീസ് വ്യവസ്ഥ കൊണ്ടുവന്നിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ നിലവിൽ ഉണ്ടായിരുന്നതല്ല. അത് പുതിയതായി കൊണ്ടുവന്നതാണ്. 1961-ലെ കേരള

ഭൂനികുതി ആക്ടിലെ ഭേദഗതിയിലൂടെ ഭൂനികുതിക്കുള്ള വൻവർദ്ധനവാണ് സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. മുൻ കാലങ്ങളിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ 8 ആർ വരെ ഓരോ ആർ-നും ഒരു രൂപയും രണ്ട് ഹെക്ടർ വരെ ഓരോ ആർ-നും 2 രൂപയും രണ്ട് ഹെക്ടറിന് മുകളിൽ 400 രൂപയും 2 ഹെക്ടറിന് അധികം വരുന്ന ഓരോ ആർ-നും 5 രൂപയും വീതമായിരുന്നു. ടൗൺ, പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ 3 ആർ വരെ ഓരോ ആറിനും 2 രൂപയും രണ്ട് ഹെക്ടർ വരെ ഓരോ ആർ-നും 4 രൂപയും രണ്ട് ഹെക്ടറിന് മുകളിൽ 800 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഓരോ ആർ-നും 10 രൂപയുമായിരുന്നു. മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങിൽ 2 ആർ വരെ ഓരോ ആർ-നും 4 രൂപയും രണ്ട് ഹെക്ടർ വരെ ഓരോ ആർ-നും 8 രൂപയും രണ്ട് ഹെക്ടറിന് മുകളിൽ 1600 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഓരോ ആർ-നും 20 രൂപയുമായിരുന്നു. യു.ഡി.എഫ്. സർക്കാർ 2014-ൽ 22-ാം നമ്പർ ഓർഡിനൻസിലൂടെ വർദ്ധിപ്പിക്കാനുള്ള ഒരു തീരുമാനമെടുത്തു. അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ സഭയിൽ ഉണ്ടായിരുന്ന വ്യക്തിയാണ്. അന്ന് പ്രതിപക്ഷ ഉപനേതാവ് പ്രഖ്യാപിച്ചത് വർദ്ധിപ്പിച്ച തുക അടയ്ക്കില്ലെന്നാണ്. നിങ്ങൾ ഞങ്ങളെയും ജനങ്ങളെയും ജയിലിൽ അടയ്ക്കു എന്നാണ് അദ്ദേഹം ഇവിടെ പ്രഖ്യാപിച്ചത്. ഇന്ന് സഭയിലുള്ള ചെറുപ്പക്കാരായ പല എം.എൽ.എ.-മാരും പുറത്തുപോയി പ്രസംഗിച്ചതും വർദ്ധിപ്പിച്ച തുക ഒരു കാരണവശാലും അടയ്ക്കേണ്ടതില്ലെന്നാണ്. വർദ്ധിപ്പിച്ച തുക ചോദിക്കുന്ന ഉദ്യോഗസ്ഥനെ കൈകാര്യം ചെയ്യണമെന്നായിരുന്നു അന്നത്തെ പ്രഖ്യാപനം. എന്നാൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിലൂടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഓരോ ആർ-ന് 5 രൂപയും മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ 10 രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 20 രൂപയുമായി വർദ്ധിപ്പിക്കുകയാണ് ഉണ്ടായത്. ഇക്കാര്യത്തിൽ നിങ്ങളുടെ നയമെന്താണെന്ന് വ്യക്തമാക്കണം. നേരത്തെ പറഞ്ഞതുമായി ബന്ധപ്പെട്ട് ഇതിൽനിന്ന് എന്തെങ്കിലും ഒരു മാറ്റം സംഭവിച്ചതിന്റെ അടിസ്ഥാനത്തിലാണോ ഇത് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്? കഴിഞ്ഞ ഗവൺമെന്റ് കൊണ്ടു വന്നപ്പോൾ അന്ന് ആ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും പിൻവലിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള കാര്യങ്ങൾ അങ്ങനെ പോയി. തുടർന്ന് വീണ്ടും അതുതന്നെ കൊണ്ടുവന്ന് പാസ്സാക്കിയെടുക്കാനുള്ള തന്ത്രമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് രണ്ട് ഗവൺമെന്റുകളുടെ പോളിസി സംബന്ധിച്ചാണ് ഇവിടെ സംസാരിക്കുന്നത്. നാളെ ക്രൈസ്തവ ലോകത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട

ദിവസമാണ്, പെസഹ ബുധനാഴ്ചയാണ്. പെസഹ ബുധനാഴ്ച ക്രിസ്ത്യാനിയായി ജനിച്ച എല്ലാവർക്കും ആണ്ട് കുമ്പസാരത്തിന്റെ ദിവസമാണ്. നാളെയാണ് ആണ്ട് കുമ്പസാരം. പക്ഷെ കുമ്പസരിക്കാൻ പറ്റില്ല. നാളെ നിയമസഭ വച്ചിരിക്കുകയാണ്. ക്രിസ്ത്യാനിയായ ഞാൻ ആണ്ട് കുമ്പസാരം എങ്ങനെ നടത്തും; എന്നെ പാപത്തിൽ പറഞ്ഞുവിടാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പെസഹ ബുധനാഴ്ചയല്ല, പെസഹ വ്യാഴാഴ്ചയാണ്.

ശ്രീ. പി. സി. ജോർജ്: സർ, പെസഹാ വ്യാഴാഴ്ചയും പെസഹാ ബുധനാഴ്ചയും എന്താണെന്ന് അറിയാത്ത ഡോ. ടി. എം. തോമസ് ഐസക് ക്രിസ്ത്യാനിയാണെന്ന് പറയരുത്. താങ്കൾ അങ്ങനെ പറയരുത്. പെസഹ ബുധനാഴ്ച കുമ്പസരിച്ചാലേ വ്യാഴാഴ്ച കുർബാന സ്വീകരിക്കാൻ പറ്റുകയുള്ളൂ. റെസ്ട്രിക്ടഡ് ഹോളിഡേ ആണെങ്കിൽ മനസ്സിലാക്കാം. എന്തൊരു ക്രൂരതയാണ് നിങ്ങൾ ചെയ്യുന്നത്; എനിക്ക് സഹിക്കാൻ പറ്റുന്നില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനമാണ്, എനിക്കൊരു വിരോധവുമില്ല, ഞാൻ ചോദിക്കട്ടെ. 2-ാം തീയതി തിങ്കളാഴ്ച പൊതുപണിമുടക്ക്, ബിസിനസ് അഡ്വൈസറി കമ്മിറ്റിക്ക് നിയമസഭ മാറ്റിവയ്ക്കാം. ശ്രീ. കെ. എം. മാണി ഉൾപ്പെടെയുള്ള കത്തോലിക്ക ക്രിസ്ത്യാനികളുള്ള സഭയാണ്, ഒന്നാലോചിക്കണം, ഈ പ്രധാനപ്പെട്ട ദിവസം, പെസഹാ ബുധനാഴ്ച അവധിയില്ല, നിയമസഭ വയ്ക്കാം. സഭ നടത്തുന്നതിന് കുഴപ്പമില്ല, ഇത് ന്യായമാണോ? എന്റെ വികാരം ഞാൻ പ്രകടിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. ആർ. രാജേഷ്: സർ, സാധാരണ ആളുകൾക്ക് കുമ്പസരിക്കാൻ ഒരു ദിവസം മതിയാകും. പക്ഷെ, ശ്രീ. പി. സി. ജോർജിനെപ്പോലുള്ള ആളുകൾക്ക് ഒരു ദിവസം മതിയാകുമോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. പി. സി. ജോർജ്: പിള്ളേരായതുകൊണ്ട് ഞാൻ ക്ഷമിക്കുന്നു. നിങ്ങൾക്ക് വ്യത്യാസമറിയില്ല. പെസഹാ ബുധനാഴ്ച എന്നുപറഞ്ഞാൽ ക്രൈസ്തവ സമൂഹം കുമ്പസരിക്കാനുള്ള ദിവസം. അതാണ് പുത്തൻ തീ, പുത്തൻ വെള്ളം, ഹാനാൻ വെള്ളമൊക്കെ ഉണ്ടാകുന്നത്. ഇതിനെപ്പറ്റിയൊന്നും വിവരമില്ലാത്ത കുഞ്ഞുങ്ങളോട് ഞാൻ എന്തുപറയാനാണ്? പെസഹാ വ്യാഴാഴ്ച വേറെയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, എന്തായാലും ബഹുമാന്യനായ പി. സി. ജോർജിന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച്, സത്യം പറഞ്ഞാൽ അദ്ദേഹത്തിന് കുമ്പസരിക്കാൻ പോകേണ്ട കാര്യമുണ്ട്. ഇത്രയും നാൾ ചെയ്ത പാപങ്ങളെല്ലാം

ഏറ്റുപറയേണ്ടതായിവരും. അത് ഏറ്റുപറയാനുള്ള ഒരവസരമാണ് അദ്ദേഹം ചോദിച്ചത്. അത് ന്യായമായ ഒരാവശ്യമാണ്. ചെയ്ത പാപങ്ങളൊക്കെ ഏറ്റുപറയുമ്പോൾ ഇതൊക്കെ കേൾക്കുന്ന അച്ചനെക്കുറിച്ച് ആലോചിച്ച് പോകുകയാണ്. ഏതായാലും ശ്രീ. പി. സി. ജോർജിന് ഒരവസരം നൽകുന്നത് നന്നായിരിക്കും. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രികൂടി ശിപാർശ ചെയ്ത് അതിനൊരു തീരുമാനമെടുക്കുന്നത് നന്നായിരിക്കും എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ചോദിക്കാൻ വന്നത് ബഹുമാന്യനായ പി. സി. ജോർജ്, ഇങ്ങനെ കുമ്പസരിച്ചാൽ ആ കുമ്പസാരം കേൾക്കുന്ന അച്ചന്റെ അവസ്ഥ എന്തായിരിക്കുമെന്നുള്ളതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങ് ബഹുമാനപ്പെട്ട പി. സി. ജോർജിനെപ്പറ്റി പറഞ്ഞതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായമാണ് എനിക്കുള്ളത്. അദ്ദേഹം അപ്പപ്പോൾ കുമ്പസരിക്കുന്ന ആളാണ്. എന്റെ നാട്ടിൽ വന്ന് ചെയ്ത പാപത്തിന് ഇന്നലെത്തന്നെ അദ്ദേഹം കുമ്പസരിച്ചു. അദ്ദേഹം സാധാരണ അങ്ങനെ കുമ്പസരിക്കുന്ന ആളാണ്, അങ്ങേയ്ക്കത് മനസ്സിലായിട്ടില്ലേ?

ശ്രീ. പി. സി. ജോർജ്: സർ, അങ്ങനെയൊന്നും ശ്രീ. ജെയിംസ് മാത്യു, പി. സി. ജോർജിനെപ്പറ്റി പറയേണ്ട. ഞാൻ പാപം ചെയ്യാറില്ല, പാപിയെ എനിക്ക് ഇഷ്ടമാണ്. പാപികളെ പാപം ചെയ്യാറുള്ളൂ. എന്റെ കുമ്പസാരത്തെപ്പറ്റി നിങ്ങളാരും സംശയിക്കേണ്ട, കുമ്പസരിക്കാൻ ഒരു മിനിട്ട് മതിയാകും. ഞാൻ കൂടുതൽ പാപമൊന്നും ചെയ്യുന്നില്ല. പക്ഷെ, ശ്രീ. ജെയിംസ് മാത്യുവിനോട് ഞാൻ പറയാം, ഞാൻ എന്ത് പറഞ്ഞോ ആ വാക്കിൽ ഉറച്ചുനിൽക്കുന്ന ആളാണ്. കീഴാറ്റൂർ ഇഷ്യൂവിൽ ഞാൻ അന്ന് പറഞ്ഞതും ഇന്ന് പറഞ്ഞതും നിയമസഭയിൽ പ്രസംഗിച്ചതും ഒന്നുതന്നെയാണ്. ദേശാഭിമാനി പത്രം കള്ളമെഴുതിയെങ്കിൽ പി. സി. ജോർജിന് ഉത്തരവാദിത്വമില്ല. ഞാൻ പ്രസംഗിച്ചത് അതുപോലെ എന്റെ കയ്യിലുണ്ട്. അതെടുത്ത് ശ്രീ. ജെയിംസ് മാത്യു വായിക്ക്, നല്ലതുപറഞ്ഞാൽ അംഗീകരിക്കണം. അതിനകത്ത് ഞാൻ മോശമൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ കുമ്പസാരവുമായി ബന്ധപ്പെട്ട് ചർച്ച നടന്നതുകൊണ്ടുമാത്രം പറയുകയാണ്, ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞത് ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ ഭാഗമായിട്ടാണ്. പെസഹ ബുധൻ, പെസഹ വ്യാഴം, ദുഃഖ വെള്ളി, ഈസ്റ്റർ ഇങ്ങനെയാണ്. ഞാനൊരു സത്യ ക്രിസ്ത്യാനിയാണ്. ഞാൻ പെസഹ ബുധനാഴ്ച കുമ്പസരിച്ച് വ്യാഴാഴ്ച കുർബാന

കൈക്കൊള്ളുന്ന ആളാണ്. ഇതൊരു പൊതുവായ വിഷയമാണ്. ഇത് മറ്റ് ചർച്ചകളിലേയ്ക്ക് വേദിയാക്കുന്നത് ശരിയല്ല. അദ്ദേഹം ക്രിസ്ത്യാനിയും ക്രിസ്തുമത വിശ്വാസിയുമായതുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ആ അർത്ഥത്തിൽ സഭ കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പറഞ്ഞുവന്ന കാര്യങ്ങൾക്കിടയിലാണ് ശ്രീ. പി. സി. ജോർജ് ഇടപെട്ടത്. അങ്ങും കൂടി കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന തെറ്റുകളൊക്കെ ഏറ്റുപറയുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അത് ബുധനാഴ്ച ആയാലും വ്യാഴാഴ്ച ആയാലും കുഴപ്പമില്ല, ഏത് ദിവസം വേണമെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി.

1963-ലെ പൊതു വിൽപ്പന നികുതി ആക്ടിന്റെ ഭേദഗതിയിലൂടെ കുടിശ്ശിക തീർപ്പാക്കലിന്റെ സമയം നീട്ടി നൽകുന്നതായി കാണുന്നുണ്ട്. കുടിശ്ശിക വരുത്തിയ തുക പിരിച്ചെടുക്കാതെ വീണ്ടും എന്തിനാണ് സമയം നീട്ടി നൽകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇഷ്ടക്കാരെ സഹായിക്കാനാണോയെന്ന് സംശയിച്ചാൽ അങ്ങ് തെറ്റിദ്ധരിക്കുകയില്ലെന്ന് ഞാൻ കരുതുകയാണ്. അതുപോലെ 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ട് ഭേദഗതിയിലൂടെ ഇ-റിക്ഷാ ടാക്സ് കുറച്ചത് നല്ലതുതന്നെയാണ്. സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത കേരളത്തിന് നൽകേണ്ടതായ നികുതി അടയ്ക്കാതെ കേരള സംസ്ഥാനത്ത് ഗതാഗതം നടത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ നിശ്ചിത നികുതിയുടെ രണ്ടിരട്ടി തുക ഈടാക്കി ക്രമവൽക്കരിക്കാനുള്ള തീരുമാനം ഈ ബില്ലിലൂടെ കൊണ്ടുവരികയാണ്. ടാക്സ് വെട്ടിക്കുന്നതിനുവേണ്ടി പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത രണ്ടായിരത്തോളം ആഡംബര വാഹനങ്ങളുണ്ട്, ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നികുതി വളരെ കുറവാണ്. നികുതി വെട്ടിച്ച പ്രമുഖരുടെയും വൻകിടക്കാരുടെയും പേരിൽ ക്രിമിനൽ നടപടി പ്രകാരമുള്ള ശിക്ഷയും ഫൈനുംകൂടി ഈടാക്കേണ്ടതാണ്. അത് ഒഴിവാക്കുന്നതിനുള്ള ഏർപ്പാടുകളാണ് ഇപ്പോൾ ഈ ബില്ലിലൂടെ അങ്ങ് കൊണ്ടുവന്നിരിക്കുന്നത്. അതുപോലെ, 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് ഭേദഗതിയിലൂടെ കുടിശ്ശിക തീർക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിനുള്ള കാലാവധി നീട്ടികൊടുക്കുന്നു. അത് വൻകിടക്കാരെ സഹായിക്കാനാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. 2003-ലെ കേരള മൂല്യവർധിത നികുതി ആക്ട് ഭേദഗതിയിലൂടെ വാണിജ്യ നികുതി വകുപ്പിൽ ജോയിന്റ് കമ്മീഷണർമാരെക്കൂടി അപ്പീൽ കേൾക്കുന്നതിനുള്ള

അധികാരികളാക്കി മാറ്റിയിട്ടുണ്ട്. മുമ്പില്ലാതിരുന്ന ഒരധികാരം ജോയിന്റ് കമ്മീഷണർമാർക്ക് നൽകുന്നതായി കാണുന്നുണ്ട്. ഇത് അഭിനന്ദനാർഹമായ ഒരു കാര്യമാണ്. 31 (ബി)-യിൽ പലിശയും പിഴപ്പലിശയും നിബന്ധനകൾക്ക് വിധേയമായി വേണ്ടെന്ന് വയ്ക്കുന്നതായി കാണുന്നുണ്ട്. 31 (എ) ഭേദഗതിയിലൂടെ കുടിശ്ശിക കുറവുചെയ്യുന്നതിനുള്ള വ്യവസ്ഥകളും കൊണ്ടുവരുന്നുണ്ട്. വ്യാപാരികൾക്കും വ്യവസായികൾക്കും ഇക്കാര്യത്തിലൂടെ ലഭിക്കുന്ന സഹായമെന്നു പറയുന്നത് വലിയ കാര്യമാണ്. അവരെ സഹായിക്കുന്നതിനു വേണ്ടിയുള്ള ഒരു നടപടിയാണ് ഇതിലൂടെ കൈക്കൊള്ളുന്നതെന്ന് കരുതുന്നു. 2008-ലെ കേരള ധനകാര്യ ആക്ടിലെ 6-ാം വകുപ്പ് പ്രകാരം കൊണ്ടുവന്ന സെസ് ചുമത്തലും പിരിച്ചെടുക്കലും വ്യവസ്ഥയിൽ നിലവിലുണ്ടായിരുന്ന മെഡിക്കൽ സെസ്സും പുനരധിവാസ സെസ്സും ഒഴിവാക്കിയതായി കാണുന്നുണ്ട്. ഏത് സാഹചര്യത്തിലാണ് ഇപ്രകാരമുള്ള സെസ് ഒഴിവാക്കിയതെന്ന് ബില്ലിന്റെ വ്യവസ്ഥകളിൽനിന്ന് വ്യക്തമല്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവ് തന്നെ ഇക്കാര്യം ഇവിടെ ഉന്നയിച്ചതാണ്. കാരണം, സെസ് ഇനത്തിൽ ഇവിടെ പിരിച്ചെടുത്തിട്ടുള്ള 1200 കോടിയോളം രൂപ സർക്കാരിന്റെ കൈവശംതന്നെ നിലനിൽക്കുകയാണ്. അദ്ദേഹം തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി 7½ കോടി രൂപ മാത്രമാണ് അതിൽനിന്ന് ചെലവഴിച്ചിട്ടുള്ളത് എന്ന്. ബാക്കി തുക എന്തിനുവേണ്ടി ചെലവഴിക്കാൻ പോകുന്നുവെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് തന്നെ സഭയിൽ ചോദിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ഈ തുക വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് വകമാറ്റി വയ്ക്കുകയാണ് എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതങ്ങനെ വകമാറ്റി ചെലവഴിക്കാൻ കഴിയില്ല. സുപ്രീംകോടതിയുടെ ഉത്തരവുണ്ട്. സുപ്രീംകോടതി ഉത്തരവ് നിലനിൽക്കുന്നിടത്തോളം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫണ്ട് 7½ കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂവെങ്കിൽ, 1500 കോടി രൂപയെന്നാണ് ഇന്നലെ പത്രത്തിൽ കണ്ടത്. അങ്ങനെ വകമാറ്റി ചെലവഴിക്കാൻ കഴിയില്ല. സുപ്രീംകോടതിയുടെ പ്രത്യേകമായ ഉത്തരവ് നിലവിലുണ്ട്.

ശ്രീ. അടൂർ പ്രകാശ് : സർ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ടിന് ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിരുന്ന

ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനുമുള്ള നിലവിലെ ഗ്യാരന്റി പരമാവധി 21,000 കോടി രൂപയായിരുന്നത് സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് അതാത് സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്നത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അഞ്ച് ശതമാനമായി നിജപ്പെടുത്തി കാണുന്നുണ്ട്. ഇത് സംസ്ഥാനത്തെ കൂടുതൽ കടത്തിലേയ്ക്ക് തള്ളിയിടുന്നതിനുള്ള ഇടമാണ് നൽകുന്നത്. സർക്കാർ ഗ്യാരന്റിയുടെ പരമാവധി പരിധി മുപ്പതിനായിരം കോടി രൂപയായി നിജപ്പെടുത്താൻ തയ്യാറാകണമെന്നതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും. 2016-ൽ എൽ.ഡി.എഫ്. വന്നു, വർഷംതോറും ശരിയാക്കൽ പൂർവ്വാധികം ശക്തിയോടുകൂടി തുടർന്നുപോവുകയാണ്. വരുന്ന അഞ്ച് വർഷത്തേയ്ക്ക് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്നാണ് നിങ്ങൾ അധികാരത്തിൽ വരുമ്പോൾ പറഞ്ഞിരുന്നത്. ഇപ്പോൾ ആ പ്രഖ്യാപനം എവിടെപ്പോയി എന്ന് അറിയണം. 2016 മേയ് 16-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയാണ് എന്റെ കൈവശമുള്ളത്. പൊതുവിതരണം ശക്തിപ്പെടുത്തും, അടച്ചുപൂട്ടിയ ന്യായവില കടകൾ തുറക്കും, സിവിൽ സപ്ലൈസ്, കൺസ്യൂമർഫെഡ് കടകൾ അടുത്ത അഞ്ച് വർഷത്തേയ്ക്ക് വില വർദ്ധിപ്പിക്കില്ല എന്നാണ് പ്രകടനപത്രികയിലെ 31-ാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾ വില വർദ്ധിപ്പിച്ചിട്ടുണ്ടോ? അവിടെപ്പോയി സാധനങ്ങൾ വാങ്ങാത്ത ആളെന്ന നിലയിൽ ബഹുമാന്യനായ ശ്രീ. കെ. ബാബുവിന് അത് അറിയാൻ കഴിയില്ല. കടകളിൽപ്പോയി നിത്യോപയോഗ സാധനങ്ങൾ വാങ്ങുമ്പോൾ മാത്രമേ അങ്ങേയ്ക്ക് വിലയെക്കുറിച്ച് അറിയാൻ കഴിയുകയുള്ളൂ. വെറുതെ ഇവിടെയിരുന്ന് തർക്കിച്ചിട്ട് കാര്യമില്ല.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഈ പറഞ്ഞ കടകളിലൊന്നും അങ്ങ് പോകാറുമില്ല, സാധനങ്ങൾ വാങ്ങാറുമില്ല. പതിമൂന്നിനം സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്ന് ഇടതുപക്ഷ മുന്നണി വാഗ്ദാനം ചെയ്തത് അക്ഷരംപ്രതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ ഈ കടകളിലൊക്കെ പോകുന്നില്ലായെന്നു പറഞ്ഞ് അങ്ങ് ആക്ഷേപിക്കണ്ട. ഞാനും വല്ലപ്പോഴും പോയി സാധനങ്ങൾ വാങ്ങാറുണ്ട്. പക്ഷെ ഒരു കാര്യം, ഈ പറഞ്ഞ പതിമൂന്നിനം സാധനങ്ങൾ മാത്രം അവിടെ കിട്ടില്ല. ആ സാധനങ്ങൾ കിട്ടണമെങ്കിൽ വേറെ കടകളിൽ പോകണം. ഈ പറഞ്ഞ പതിമൂന്നിനം സാധനങ്ങൾ സിവിൽ സപ്ലൈസിലുമില്ല, കൺസ്യൂമർ ഫെഡിലുമില്ല എന്ന് പ്രത്യേകം പറയേണ്ടതുണ്ട്. അവിടെയൊക്കെ പോയാൽ കിട്ടുന്ന സാധനങ്ങൾ മറ്റ് പലതുമാണ്.

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിവഴി 24,000 കോടി രൂപ സമാഹരിക്കുമെന്നും അതിൽ ആയിരം കോടി രൂപ കിഫ്ബിയിൽ നിക്ഷേപിക്കുമെന്നും ആ തുക സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുമെന്നുമായിരുന്നു 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനം. പ്രഖ്യാപനം നടത്തിയിട്ട് ഒരു വർഷം കഴിയുന്നു. ഒരാളെപ്പോലും നാളിതുവരെ ചിട്ടിയിൽ ചേർത്ത് കാണുന്നില്ല. അതുമാത്രമല്ല, ആളെ ചേർക്കാൻ വിദേശത്തേയ്ക്ക് ഒരുപറ്റം ആളുകൾ പോയി. അങ്ങ് അതിന് നടത്തിയ ന്യായീകരണം, വിദേശത്തുള്ള നമ്മുടെ മലയാളികൾ ഇതറിയണ്ടേ; അറിഞ്ഞില്ലെങ്കിൽ അവരെങ്ങനെ ചിട്ടിയിൽ ചേരും എന്നായിരുന്നു. അവരെ ചേർക്കുന്നതിനുവേണ്ടി ഇവിടെനിന്ന് ഒരുപറ്റം ആളുകളെ അവിടേയ്ക്ക് അയച്ചു. അതിന് കോടിക്കണക്കിന് രൂപ നിങ്ങൾ ചെലവഴിച്ചു. ഏതാണ്ട് 160 കേന്ദ്രങ്ങളിലായി പ്രവാസികളുടെ മീറ്റിംഗ് നടത്തി. എല്ലാ നിയോജക മണ്ഡലങ്ങളിലും മീറ്റിംഗ് നടത്തി. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തണമെന്ന് പറഞ്ഞു, ഞങ്ങളൊക്കെ ഇത് സംഘടിപ്പിച്ചിട്ടുള്ള ആളുകളാണ്. എന്നാൽ ഇപ്പോൾ ഏതാണ്ട് 15 കോടിയോളം രൂപ ഇക്കാര്യത്തിനുവേണ്ടി ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ അറിവ്. ഒരാളെങ്കിലും ഈ ചിട്ടിയിൽ ചേരാൻ ഇതുവരെ തയ്യാറായിട്ടുണ്ടോയെന്ന് വിലയിരുത്തൽ നടത്തേണ്ട അവസരം കൂടിയാണിത്. 2008 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ ഡാമുകളിൽ കെട്ടിക്കിടക്കുന്ന മണലുകളെല്ലാം വാരിയെടുത്ത് ഇവിടത്തെ സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരമാർഗ്ഗങ്ങളുണ്ടാക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചതാണ്. അതുവല്ലതും നടന്നിട്ടുണ്ടോ? മലമ്പുഴയിൽപ്പോയി മണൽ വാരി. ഇപ്പോൾ അവിടത്തെ അവസ്ഥയെന്താണെന്ന് എനിക്ക് പറയാൻ കഴിയുന്നില്ല. ഇവിടെ പാലക്കാട് നിന്നുള്ള ജനപ്രതിനിധികളുണ്ട്. മലമ്പുഴയിൽനിന്ന് വാരിയെടുത്ത മണൽ എത്രമാത്രം വിറ്റഴിക്കുവാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ചർച്ചയിൽ പറയുമെന്ന് ഞാൻ കരുതുകയാണ്.

നികുതികളും ഫീസുകളും ഇപ്പോൾ വൻതോതിൽ വർദ്ധിപ്പിച്ചു. സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർഷംതോറും അഞ്ച് ശതമാനം കൂട്ടിയിരിക്കുകയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗത്തിനും ദാനത്തിനും ഒഴിമുറിക്കും ധനനിശ്ചയത്തിനും കരാറുകൾക്കും മുദ്രവിലയും ഫീസും വർദ്ധിപ്പിച്ചു. ഭൂമിയുടെ ന്യായവിലതന്നെ ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഭൂനികുതി വർദ്ധനവ് പുനഃസ്ഥാപിച്ചു, കരാറുകാരുടെ മുദ്രവില ഫീസ് ഇരട്ടിയാക്കി, ആധാര

പ്പകർപ്പുകൾക്ക് അഞ്ച് രൂപ നിരക്കിൽ ഫീസ് ഏർപ്പെടുത്തി, പരസ്യ കരാറുകാർക്ക് മുദ്രവിലയും ഫീസും ഏർപ്പെടുത്തി, 'ചിറ്റ് ഫണ്ട് ആക്ട്' പ്രകാരമുള്ള ആർബിട്രേഷൻ ഫീസ് തർക്കത്തുകയുടെ രണ്ട് ശതമാനം നിരക്ക് പുതുതായി നിങ്ങൾ കൊണ്ടുവന്നു, ബസ് ചാർജ് കൂട്ടി, കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ആത്മഹത്യയും കൂടിയിരിക്കുകയാണ്. എന്നാൽ വ്യാപാരികളെയും വ്യവസായികളെയും സ്വാശ്രയ ലോബികളെയും വേണ്ടപ്പെട്ടവരെയും അകമഴിഞ്ഞ് സഹായിക്കുന്നുമുണ്ട്. ഈ ബില്ലിനെതിരായിട്ടുള്ള എന്റെ വിയോജനം ഞാനിവിടെ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2018-ലെ കേരള ധനകാര്യ ബില്ലിന്റെ രണ്ടാം വകുപ്പിലെ രണ്ടാം ഉപവകുപ്പ് ബി (iii) -ന്റെ ക്ലിപ്ത നിബന്ധനയിൽ ഇപ്രകാരം പറയുന്നുണ്ട്. "Provided further that the Government may permit, the licensees who sell or serve Indian Made Foreign Liquor, to sell or serve Foreign Made Foreign Liquor also, without levying the fees specified in clause (c) above in such manner as may be prescribed". എന്നുപറഞ്ഞാൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്നവർക്ക് വിദേശ നിർമ്മിത മദ്യംകൂടി വിൽക്കുന്നതിന് സർക്കാർ നികുതി ഒഴിവാക്കി കൊടുക്കുന്നുവെന്നാണ്. ഒരു ഷർട്ടെടുത്താൽ ഒരു സാരി ഫ്രീയെന്ന് പറയുന്നതു പോലെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്നവർക്ക് ഒറിജിനൽ വിദേശ മദ്യം വിൽക്കുമ്പോൾ വേറെ ടാക്സ് കൊടുക്കേണ്ടതില്ല എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ 2018-ലെ ധനകാര്യ ബില്ലിന്റെ ആറാം വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ സാധാരണക്കാരനെ ബാധിക്കുന്ന ഭൂനികുതി വർദ്ധിപ്പിക്കുകയാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സാധാരണ ക്കാരോടുള്ള സർക്കാരിന്റെ സമീപനമാണ് ഇതിലെ വ്യത്യാസം. 1968-ൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ സംഖ്യ തുച്ഛമാണെങ്കിലും, രണ്ട് പൈസ ടാക്സ് കൊടുത്തിരുന്നത് എടുത്തുകളഞ്ഞു. അതിനുവേണ്ടി മാത്രം ഒരു ബിൽ കൊണ്ടുവന്നു. ഭൂനികുതി ഒഴിവാക്കികൊടുക്കുകയെന്ന സോഷ്യലിസത്തിലേയ്ക്കുള്ള കാൽവയ്പ് എന്ന മഹത്തായ തത്വത്തിന്റെയടിസ്ഥാനത്തിൽ ഭൂനികുതി ഒഴിവാക്കി കൊടുക്കുകയാണുണ്ടായത്. ഇവിടെ ഭൂനികുതി കൂട്ടികൊടുക്കുകയും Indian Made Foreign Liquor-ഉം Foreign Made Foreign Liquor-ഉം വിൽക്കുന്നവർക്ക് ഒറ്റ ടാക്സ് അടച്ചാൽ മതിയെന്നും പറഞ്ഞാൽ ഈ ഗവൺമെന്റിന്റെ പ്രയോരിറ്റിയിൽ വലിയ വ്യത്യാസമുണ്ടാവുകയാണ്. മദ്യശാലകൾക്ക് യഥേഷ്ടം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ധനകാര്യ ബില്ലിൽ ധാരാളം വ്യവസ്ഥകളുണ്ട്. ഭൂനികുതിയെക്കുറിച്ച് പറയുമ്പോൾ, തിരുവിതാംകൂറിൽ ആദ്യമായി ബേസിക് ടാക്സ് കൊണ്ടുവന്നത് കൊല്ലവർഷം 1121-ലാണ്, അതായത് 1946-ൽ. ഐക്യകേരളം

നിലവിൽ വന്നതിനുശേഷം ഭൂനികുതി സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നത് 1961-ലാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ മാർച്ച് 29-ന് കേരള ലാൻഡ് ടാക്സ് ആക്ട് കേരള നിയമസഭ പാസ്സാക്കി. ആ മൂലനിയമത്തിലാണ് നിലവിൽ ഭേദഗതികൾ വന്നുകൊണ്ടിരിക്കുന്നത്. 1969, 1972, 1980 അതിനുശേഷം 2016 ഫെബ്രുവരി 24 എന്നീ വർഷങ്ങളിലും ഈ ആക്ടിൽ ഭേദഗതി വരുത്തുകയുണ്ടായി. സാധാരണക്കാരനെ ബാധിക്കുന്ന 2016-ലെ നിയമ ഭേദഗതിയുടെ ചർച്ചയിൽ എൽ.ഡി.എഫ്. പങ്കെടുത്തില്ല. ഇന്ന് നിങ്ങൾ കൊണ്ടുവന്ന ഈ ഭേദഗതി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2014-ൽ 22-ാം നമ്പർ ഓർഡിനൻസായി കൊണ്ടുവന്നതാണ്. സാധാരണക്കാരനുമേൽ നികുതിഭാരം വർദ്ധിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരമുള്ള നികുതി നിരക്ക് ഒഴിവാക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിക്കുകയാണുണ്ടായത്. എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ, അന്ന് എൽ.ഡി.എഫ്. നിശിതമായി എതിർത്ത അതേ ഭേദഗതി യാതൊരു തത്വദീക്ഷയുമില്ലാതെ ഇപ്പോൾ അങ്ങ് കൊണ്ടുവന്നിരിക്കുകയാണ്. ഇതിനെയല്ലേ ഇരട്ടത്താപ്പ് എന്നുപറയുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ]

യഥാർത്ഥത്തിൽ നികുതി വർദ്ധിപ്പിക്കുകയാണോ ഇതിനുള്ള പോംവഴി. ഭൂനികുതിയിനത്തിൽ 2016-17-ൽ 124.15 കോടി രൂപയും 2015-16-ൽ 182.2 കോടി രൂപയും സർക്കാരിന് ലഭിക്കാനുണ്ട്. ഭൂനികുതി ഇനത്തിൽ ലഭിക്കേണ്ട തുക യഥാസമയം പിരിച്ചെടുക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് കൃത്യമായ നടപടിയുണ്ടാകുന്നില്ല. ഭൂനികുതി പിരിച്ചെടുക്കുന്നതിനായി നിലവിലുള്ള സ്റ്റേകൾ സമയബന്ധിതമായി തീർപ്പാക്കണം. നിരവധി സ്റ്റേകൾ നിലനിൽക്കുകയാണ്. നികുതി പിരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകുകയും നടപ്പിലാക്കുകയും വേണം. നികുതി പിരിവ് കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി താലൂക്ക് തലത്തിൽ അവലോകനങ്ങൾ നടത്തണം. യഥാർത്ഥത്തിൽ ഇതെല്ലാം ഒരു ചടങ്ങുപോലെയാണ് നടക്കുന്നത്. അപ്പലേറ്റ് സ്റ്റേ കാരണം നിരവധി പേർക്ക് നികുതി അടയ്ക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. സംസ്ഥാനത്തെ 31 ലാൻഡ് ട്രൈബ്യൂണലുകളിലായി 73087 കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ച് കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. ഇവർക്കൊന്നും ഭൂനികുതി അടയ്ക്കാൻ കഴിയുന്നില്ല. നിസ്സാര കാരണങ്ങളാൽ ഭൂനികുതി അടയ്ക്കാൻ ചെല്ലുന്ന ആളുകൾക്കുപോലും അതിന് സാധിക്കുന്നില്ല. വില്ലേജ് ഓഫീസിൽ ചെല്ലുമ്പോൾ പറയും ബുക്കില്ല, സ്റ്റോക്കില്ല. ഭൂനികുതി അടയ്ക്കാൻ ചെല്ലുന്ന ആളുകളിൽ നിന്നുപോലും സംഖ്യ വാങ്ങുന്നില്ല. കോടതിയിൽ നിന്നും ജാമ്യം എടുക്കുന്ന

കാര്യത്തിൽ അല്ലെങ്കിൽ ലോൺ എടുക്കുന്ന കാര്യത്തിലുമെല്ലാം ഇതൊരു അടിസ്ഥാനരേഖ എന്നുള്ള നിലയ്ക്കാണ് പലരും നികുതി അടയ്ക്കുന്നത്. ഭൂമിയുടെ ഉടമസ്ഥർ നികുതി അടയ്ക്കാൻ ചെന്നാൽപ്പോലും നികുതി വാങ്ങാൻ പലപ്പോഴും കഴിയുന്നില്ല എന്നുള്ളതാണ്. മഞ്ചേരി നിയോജകമണ്ഡലത്തിലെ നറുകര വില്ലേജിൽ 60 വർഷക്കാലമായി അബ്സല്യൂട്ട് ഓണർഷിപ്പ് എന്നുപറയുന്നത് പട്ടയമാണ്. കഴിഞ്ഞ മാർച്ചിൽ 14 കുടുംബങ്ങൾക്ക് പട്ടയമുള്ള ആളുകൾക്കുപോലും നികുതി അടയ്ക്കാൻ സാധിച്ചില്ല. ഇപ്പോൾ വീണ്ടും നികുതി അടയ്ക്കാൻ പറ്റില്ലെന്ന് വില്ലേജ് ഓഫീസിൽ നിന്നും അറിയിച്ചു. അവിടെ വച്ചുതന്നെ തീർപ്പാക്കേണ്ടവ, ചെറിയ കാരണങ്ങളാലും പല സംശയങ്ങളുടെയും റീസർവ്വേയുടെയും തെറ്റായ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പത്തും പതിനഞ്ചും സെന്റിൽ താമസിക്കുന്ന ആളുകളിൽ നിന്ന് നികുതി വാങ്ങുന്നില്ല. ആ നികുതി വാങ്ങിയാൽ അത് അവരുടെ ഭൂമിയുടെ ആധാരത്തെ സംബന്ധിച്ചുള്ള അബ്സല്യൂട്ട് ഓണർഷിപ്പിനുള്ള അടിസ്ഥാന രേഖയായി ഉപയോഗപ്പെടുത്താൻ കഴിയും. ഗവൺമെന്റിനെ സംബന്ധിച്ച് ചെറിയ സംഖ്യ വീതമാണെങ്കിലും കൃത്യമായി ബേസിക് ടാക്സ് സ്വീകരിച്ചാൽ വലിയൊരു തുക ലഭിക്കും. ഇത്തരത്തിൽ ഏറ്റവും കൂടുതൽ കേസ്സുകൾ തീർപ്പാക്കാനുള്ളത് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ്. നേരത്തേ പറഞ്ഞ നറുകര വില്ലേജിന്റെ കാര്യത്തിൽ ഇങ്ങനെയുള്ള പ്രശ്നങ്ങളാണ് നിലനിൽക്കുന്നത്.

ഇപ്പോൾ ചെക്ക്പോസ്റ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. സംസ്ഥാനത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതി ഖജനാവിലേയ്ക്ക് എത്തുന്നില്ലെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിതന്നെ ഇവിടെ അംഗീകരിച്ചതാണ്. ജി.എസ്.ടി. വരുമാനം 3000 കോടി രൂപ വരുമെന്ന് ധനകാര്യ വകുപ്പുമന്ത്രിയും കേരളത്തിന്റെ നികുതി വരുമാനം വരും മാസങ്ങളിൽ വർദ്ധിക്കുമെന്ന് മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവും പറഞ്ഞു. അത് മലയാളികളാരും മറന്നിട്ടില്ല. പക്ഷെ, വല്ലതും വർദ്ധിച്ചോ? ചീഫ് സെക്രട്ടറി, ഡി.ജി.പി. റാങ്കുകളിൽ നിന്നും റിട്ടയർ ചെയ്തവർക്കെല്ലാം പുതിയ തസ്തികകളിൽ അക്കോമഡേഷൻ കൊടുക്കുന്നു വെന്നല്ലാതെ നികുതി പിരിവ് ഇഫക്ടീവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. വാല്യു ആഡഡ് ടാക്സ് നിലവിലുണ്ടായിരുന്ന കാലത്ത് നികുതി വരുമാനം 22 ശതമാനത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് സംസ്ഥാനത്തിന്റെ നികുതി വരുമാനം വെറും 11 ശതമാനം മാത്രമാണ്. പകുതിയായി ചുരുങ്ങി. ധവളപത്രം പുറപ്പെടുവിച്ച് യു.ഡി.എഫ്. സർക്കാരിനുമേൽ കുറ്റങ്ങൾ ആരോപിച്ച ധനകാര്യ വകുപ്പുമന്ത്രിക്ക് അതിനുശേഷം എത്രമാത്രം

മുന്നോട്ട് പോകാൻ കഴിഞ്ഞു. എല്ലാത്തിനും ഒറ്റമൂലിയായി പറഞ്ഞത് നോട്ട് നിരോധനം, ജി.എസ്.ടി., കിഫ്ബി എന്നിവയാണ്. ഇതൊന്നും വേണ്ടവിധത്തിൽ പ്രയോജനം കാണാൻ കഴിയാതെ പോയിരിക്കുകയാണല്ലോ. ഇവിടെ പാസ്സാക്കാൻ പോകുന്ന ധനകാര്യ രണ്ടാം നമ്പർ ബില്ലിന്റെ ഉദ്ദേശ്യംതന്നെ കടംവാങ്ങിക്കൂട്ടുക എന്നുള്ളതാണ്. 2003-ൽ സർക്കാരിന്റെ പരമാവധി ഗ്യാരണ്ടി 14000 കോടി രൂപയായിരുന്നെങ്കിൽ 2015-ൽ അത് 21000 കോടി രൂപയായി വർദ്ധിച്ചു. ഒരു വ്യാഴവട്ടക്കാലംകൊണ്ട് ക്രമാനുഗതമായ വർദ്ധനവ് മാത്രമാണ് മുൻഗവൺമെന്റ് കൊണ്ടുവന്നതെങ്കിൽ ഇവിടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ അഞ്ച് ശതമാനം പരമാവധി ഗ്യാരണ്ടി നിൽക്കാമെന്ന് കണക്കാക്കുമ്പോൾ തുകയുടെ വലിപ്പം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതുപോലെ രണ്ടാം നമ്പർ ധനകാര്യ ബില്ലിന്റെ ഒരു പോരായ്മ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ കൊണ്ടുവന്നത് 2018-19 സാമ്പത്തിക വർഷത്തെ ആവശ്യങ്ങൾക്കുവേണ്ടി മാത്രമാണെന്നാണ് ദീർഘശീർഷകത്തിൽ പറയുന്നത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം കുറയുകയാണെങ്കിൽ കടം വാങ്ങുന്നതിനും ഗ്യാരണ്ടി നൽകുന്നതിനും ഒരു നിയതമായ നടപടിക്രമം ഇല്ലാതെപോകും. മാത്രമല്ല, ഈ ആക്ട് വർഷംതോറും ഭേദഗതി ചെയ്യേണ്ടതായും വരും. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കാതെ ചെക്ക്പോസ്റ്റുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചവർക്ക് എന്ത് സാമ്പത്തിക പ്രതിസന്ധിയാണ്; എങ്ങനെയാണ് അത് തരണംചെയ്യാൻ കഴിയുന്നത്? വാങ്ങുന്നവരുടെയും വിൽക്കുന്നവരുടെയും പക്കൽ ശരിയായ കണക്കുകളില്ല. രജിസ്റ്റർ ചെയ്യാത്തവരുടെ എണ്ണം എത്രയാണെന്ന കണക്കില്ല. 40 ശതമാനംപേർ റിട്ടേൺ ഫയൽ ചെയ്യുന്നില്ലെന്ന് സർക്കാർതന്നെ സമ്മതിക്കുന്നുണ്ട്. ഇ-വേ ബിൽ സമ്പ്രദായം എന്നുമുതലാണ് നിലവിൽ വരികയെന്നുപോലും ഗവൺമെന്റിന് പറയാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുപോലെ ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ചില ആംനെസ്റ്റി പ്രഖ്യാപനങ്ങൾ നടത്തി. ധനകാര്യ വകുപ്പുമന്ത്രിയുടെ 2017-18, 2018-19 വർഷത്തെ ആംനെസ്റ്റികൾ വെറും പ്രഖ്യാപനങ്ങൾ മാത്രമായി നിലനിൽക്കുകയാണ്. ആംനെസ്റ്റികൾ അർഹരായവർക്ക് ലഭിക്കുന്നതിനുവേണ്ട യാതൊരു നടപടിയും സർക്കാർ തലത്തിൽ സ്വീകരിക്കുന്നില്ല. സർക്കാർ പ്രഖ്യാപനത്തിലൊതുങ്ങിയ ഒരു ആംനെസ്റ്റിയാണ് വിദ്യാഭ്യാസ വായ്പാതിരിച്ചടവ് പദ്ധതി. 2017 ഏപ്രിൽ മാസം 27-ന് പഴയ നിയമസഭാ ഹാളിൽ ചരിത്രത്തെ അയവിറക്കുന്നതിനുവേണ്ടി ഒത്തുചേർന്ന സമ്മേളനത്തിൽ ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി വിദ്യാഭ്യാസ വായ്പാതിരിച്ചടവ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. വർഷങ്ങൾക്കുശേഷം വീണ്ടും പഴയ നിയമസഭാ മന്ദിരത്തിൽ വച്ചുള്ള

പ്രഖ്യാപനമായതുകൊണ്ട് അത് നടപ്പിലാക്കുമെന്ന് ഞങ്ങൾക്കെല്ലാം വലിയ പ്രത്യാശയുണ്ടായിരുന്നു. ബഹു. പ്രതിപക്ഷ നേതാവ് അതിന് വലിയ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. എന്നാൽ എന്ത് ഫലമാണ് ഉണ്ടായത്? ഇത് നല്ലൊരു പദ്ധതിയാണ്. ഇതുസംബന്ധിച്ച് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഒരു ചർച്ച വേണം. ഞങ്ങൾ അതിന് നോട്ടീസ് തരുന്നുണ്ട്. കാരണം ഇതുസംബന്ധിച്ച് പുതിയൊരു നിർദ്ദേശം വയ്ക്കാനുണ്ട്. പ്രതിപക്ഷനേതാവ് അന്ന് അവിടെ വച്ച് അതിനെ സ്വാഗതം ചെയ്യുകയുണ്ടായി. എഡ്യൂക്കേഷൻ ലോൺ റീപേമെന്റിന് സപ്പോർട്ടിംഗ് സ്കീമുണ്ടായിട്ടില്ല. പ്രസ്തുത പദ്ധതി 1-4-2016 മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് പ്രഖ്യാപിച്ചത്. ഇപ്പോൾ രണ്ട് വർഷം പൂർത്തിയായിരിക്കുകയാണ്. ഇതുപ്രകാരം ഏകദേശം 900 കോടി രൂപയുടെ ആംനെസ്റ്റിയാണ് പ്രഖ്യാപിച്ചത്. ഇതിന്റെ പ്രയോജനം എത്രപേർക്കാണ് ലഭിച്ചത്? ഇതുസംബന്ധിച്ച് സർക്കാരിന്റെ പക്കൽ വല്ല കണക്കുമുണ്ടോ? വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള തീയതി 31-1-2018 വരെ ദീർഘിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 75409 അപേക്ഷകൾ ലഭിച്ചുവെന്നാണ് ബഹു. മന്ത്രി നൽകുന്ന കണക്ക്. സാങ്കേതിക പരിജ്ഞാനക്കുറവുമൂലം സമർപ്പിക്കാൻ കഴിയാതെപോയ 2817 അപേക്ഷകൾകൂടി ചേർക്കുമ്പോൾ 78226 അപേക്ഷകളാകും. ഇതിൽ എത്ര പേർക്കാണ് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചത്? എസ്.ബി.ടി.-യിൽ നിന്നും വായ്പയെടുത്ത വിദ്യാർത്ഥികളുടെ രേഖകൾ റിലയൻസിനാണ് കൈമാറിയത്. മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറിയതുമായ വായ്പകൾ വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടവ് പദ്ധതി പ്രകാരം പരിഗണിക്കാൻ കഴിയില്ലെന്ന് സർക്കാർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നുപറഞ്ഞാൽ അപേക്ഷിച്ച നല്ലൊരു വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇതിന് അർഹതയില്ല എന്നുള്ളതാണ്. കേരളത്തിലെ ഏറ്റവും വലിയ ബാങ്കായിരുന്ന എസ്.ബി.ടി.-യിൽ നിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ഈ പദ്ധതിപ്രകാരം ലഭിച്ച അപേക്ഷകളെക്കാൾ കൂടുതൽ അപേക്ഷകളുണ്ടാകാൻ സാധ്യതയുണ്ട്. അവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ വല്ല നടപടിയും സ്വീകരിക്കുമോ? അല്ലെങ്കിൽ ഈ പദ്ധതി വെറുമൊരു പ്രഖ്യാപനം മാത്രമായിത്തീരും. ഉദ്ദേശിച്ച യാതൊരു ഫലവുമില്ലാതായിത്തീരും. അതുകൊണ്ട് ബഹു. മന്ത്രി ഇക്കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിന് നല്ല സപ്പോർട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. മഞ്ചേരി മെഡിക്കൽ കോളേജ് വന്നപ്പോൾ വലിയ ആശങ്കയാണുണ്ടായിരുന്നത്. അന്ന് പ്രതിപക്ഷത്തിരുന്നവർ പ്രസംഗിച്ചത് മഞ്ചേരി മെഡിക്കൽ കോളേജിൽ ലാബ് പ്രവർത്തിക്കുന്നത് ടോയ്‌ലെറ്റിനകത്താണ്, ക്ലാസ് റൂമുകൾ മരച്ചുവട്ടിലാണ്, കുട്ടികളുടെ ഭാവി ആശങ്കയിലാണ് എന്നുള്ള തരത്തിലായിരുന്നു. കേരളത്തിലെ 25 മെഡിക്കൽ കോളേജുകളിൽ 60 വർഷം പിന്നിട്ട തിരുവനന്തപുരം മെഡിക്കൽ കോളേജിനെയും 55 വർഷം പിന്നിട്ട കോഴിക്കോട് മെഡിക്കൽ കോളേജിനെയും പിന്നിലാക്കി സംസ്ഥാനത്ത് 98% വിജയത്തോടെ മഞ്ചേരി മെഡിക്കൽ കോളേജിലെ ആദ്യ ബാച്ച് പുറത്തിറങ്ങിയിരിക്കുകയാണ്. ലാസ്റ്റ് ഓപ്ഷനായാണ് മഞ്ചേരി മെഡിക്കൽ കോളേജ് പലരും തെരഞ്ഞെടുക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നിവയ്ക്കുശേഷം അവസാന ഓപ്ഷനായെടുക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജിൽ ഇത്രയധികം പരിമിതികളുണ്ടായിട്ടും അവിടത്തെ മിടുക്കൻമാരും മിടുക്കികളുമായ കുട്ടികൾ വാശിയോടെ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിലെ ആദ്യ ബാച്ച് 98% വിജയമുണ്ടാക്കി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തി.

"അതിനുള്ളിൽ ചെറുതാണെന്നു നിനച്ചു നീ വിഷാദിക്കേണ്ട പുൽക്കൊടി

വേനലിൽ കരിയുന്നെല്ലാം നീ മാത്രം നിലനിന്നിടും" എന്നു പറഞ്ഞതുപോലെ വലിയ മെഡിക്കൽ കോളേജുകൾ റിസൾട്ടിൽ താഴേയ്ക്കു പോയപ്പോൾ പാവപ്പെട്ടവർ പഠിക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജ് ഒന്നാം സ്ഥാനത്തെത്തിയിട്ടുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങളുണ്ടാകണം. അതുപോലെ രോഗികൾക്ക് സൗഹൃദപരമായ കാര്യങ്ങളുണ്ടാകണം. ആ മെഡിക്കൽ കോളേജിൽ ആകെയുള്ളത് രണ്ട് ഡയാലിസിസ് മെഷീനുകളാണ്. ജനസംഖ്യാനുപാതികമായി നോക്കിയാൽ അവിടെ വലിയ സൗകര്യങ്ങളുണ്ടാകേണ്ടതാണ്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു യുവജന സംഘടന ആലപ്പുഴ മെഡിക്കൽ കോളേജിലോ മറ്റോ സൗജന്യമായി ഭക്ഷണം കൊടുത്തതിന്റെ സന്തോഷം അങ്ങ് പ്രകടിപ്പിക്കുകയുണ്ടായി. അതൊരു നല്ല തുടക്കമാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ആശുപത്രികളിലും ഡയാലിസിസിന് വളരെ പരിമിതമായ സൗകര്യങ്ങളേയുള്ളൂ. എന്നാൽ പാവപ്പെട്ടവർക്ക് 100 ശതമാനം സൗജന്യമായി ഡയാലിസിസ് നടത്തുന്ന സെന്ററുകളുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനടുത്തുതന്നെ ഞങ്ങളൊക്കെ ഭാരവാഹികളായി പ്രവർത്തിക്കുന്ന ഒരു

സെന്ററുണ്ട്. അവിടെ 12 ഡയാലിസിസ് മെഷീനുകളുണ്ട്. ഏതാണ്ട് 72 പേർക്ക് ഡയാലിസിസ് ചെയ്യാൻ കഴിയും. മഞ്ചേരി മെഡിക്കൽ കോളേജിൽ ഡയാലിസിസ് ചെയ്യുന്നതിന് 400 രൂപ ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഡയാലിസിസ് യൂണിറ്റിൽ ഒരു രൂപ പോലും ഫീസ് വാങ്ങാതെ ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോരിറ്റി നൽകിക്കൊണ്ടാണ് ഡയാലിസിസ് ചെയ്യുന്നത്. സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർക്ക് ഡയാലിസിസ് നടത്തുന്ന സെന്ററുകൾ ഒരുപാട് സ്ഥലങ്ങളിലുണ്ട്. കാസർഗോഡ്, കണ്ണൂർ, വടകര, തിരുവനന്തപുരം തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിലുണ്ട്. വടകരയിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സെന്ററാണുള്ളത്. ഇത്തരം സെന്ററുകൾക്ക് ഗവൺമെന്റിൽ നിന്ന് സഹായം ലഭ്യമാക്കണം. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സഹായങ്ങൾ ലഭ്യമാക്കുമ്പോൾ നൂറ് ശതമാനം സൗജന്യമായി സന്നദ്ധ സംഘടനകൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് സഹായം നൽകാൻ കഴിയുമോ എന്നുള്ള കാര്യം അങ്ങ് ആലോചിക്കണം. ഞാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുണ്ട്. ഒരാളെ ഡയാലിസിസ് ചെയ്യുന്നതിന് ധാരാളം വെള്ളം ചെലവഴിക്കണം. പി.എച്ച്.ഇ.ഡി.-യിൽ നിന്ന് ഇത്തരം സെന്ററുകൾക്ക് വെള്ളം കൊടുക്കുന്നത് വാണിജ്യാവശ്യത്തിന് കൊടുക്കുന്നതുപോലെയാണ്. ഗാർഹികാവശ്യത്തിന് നൽകുന്നതു പോലെയുള്ള നിരക്കിൽ നൽകിയാൽ അതും വലിയൊരു ആശ്വാസമായിരിക്കും. വാണിജ്യാടിസ്ഥാനത്തിൽ കച്ചവട സ്ഥാപനത്തിന് കൊടുക്കുന്നതുപോലെയാണ് നൂറ് ശതമാനം സൗജന്യമായി ഡയാലിസിസ് നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും വെള്ളത്തിന് ചാർജ് ഈടാക്കുന്നത്. ഒരു ടീമിനെ നിയോഗിച്ച് നൂറ് ശതമാനവും ഇഫക്ടീവായി പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കുന്ന ഡയാലിസിസ് സെന്ററുകളോട് അനുഭാവപൂർണ്ണമായ പരിഗണനയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

1.00 pm

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചേർന്ന സാഹചര്യത്തിലാണ് ഈ ധനകാര്യ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പുതിയ നികുതി നിർദ്ദേശങ്ങളും മറ്റും ഈ ബില്ലിലൂടെ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിൽ സർക്കാർ നടപ്പിലാക്കാൻ പോകുന്ന മദ്യനയത്തിന് അനുകൂലമായ കുറേ വകുപ്പുകളും അതുപോലെ തന്നെ രജിസ്ട്രേഷനിലും ഭൂനികുതിയിലും വാഹന നികുതിയിലും മറ്റുമുള്ള ചില മാറ്റങ്ങളുമാണ് ഈ ബില്ലിൽ പ്രതിപാദിക്കുന്നത്.

ആഡംബര വാഹനങ്ങളുടെ പുതുച്ചേരി രജിസ്ട്രേഷൻ നമ്മുടെ സംസ്ഥാനത്ത് വലിയ വാർത്താ പ്രാധാന്യമുണ്ടാക്കിയ സംഭവമാണ്. സമീപകാലത്ത് ഏറെ വിവാദങ്ങൾ സൃഷ്ടിച്ച പ്രശ്നമാണിത്. കേരളത്തിൽ സ്ഥിര താമസക്കാരായ പല പ്രമുഖരും തങ്ങളുടെ കോടികളുടെ വിലവരുന്ന ആഡംബര വാഹനങ്ങൾ പുതുച്ചേരിയിലെ തട്ടിക്കൂട്ട് മേൽവിലാസങ്ങളിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. സംസ്ഥാനത്തിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുമ്പോൾ റോഡ് ടാക്സായി വാഹനത്തിന്റെ വിലയുടെ 20% നൽകേണ്ടിവരും. പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്താൽ 1.5 ലക്ഷം രൂപയേ ചെലവാകൂ. ഈ വലിയ വ്യത്യാസമാണ് ഇത്തരമൊരു ക്രമക്കേടിലേയ്ക്ക് ഇവരെ ആകർഷിച്ചത്. 1500-ഓളം വാഹനങ്ങൾ ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പല വാഹനങ്ങളും പുറത്തിറക്കാൻ കഴിയാതെ വീടുകളിൽ മൂടിയിട്ടിരിക്കുകയാണ്. ഈ ബില്ലിൽ കൊണ്ടുവരുന്ന ഭേദഗതിയിലൂടെ നമ്മുടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുമ്പോൾ നൽകേണ്ടിവരുന്ന സംഖ്യമാത്രം വാങ്ങി പിഴയോ ശിക്ഷാ നടപടികളോ ഇല്ലാതെ ക്രമവത്കരിച്ചുകൊടുക്കാൻ വേണ്ടിയാണ് തീരുമാനം. വലിയ നിബന്ധനകളൊന്നും വച്ചില്ലെങ്കിലും ഭാവിയിൽ ഇത്തരം നികുതി വെട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ കുറച്ചുകൂടി ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന അഭിപ്രായമുണ്ട്. ക്രമവത്കരിക്കുമ്പോൾ ലക്ഷക്കണക്കിന് രൂപ ടാക്സായി ലഭിക്കുന്നുണ്ട്. കിട്ടാതെ പോകുമായിരുന്ന തുകയാണ് നികുതി വരുമാനമായി ലഭിക്കുന്നത്. കോടിക്കണക്കിന് രൂപ വിലവരുന്ന വാഹനം ഇവിടെ രജിസ്റ്റർ ചെയ്താൽ നമ്മുടെ സഞ്ചിത നിധിയിലേയ്ക്ക് വരേണ്ട ലക്ഷക്കണക്കിന് രൂപ പോണ്ടിച്ചേരിയിലെ കുറഞ്ഞ നിരക്കിൽ രജിസ്റ്റർ ചെയ്യുന്നതുമൂലം നഷ്ടമാകുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് കുറേക്കൂടി കണിശമായ വ്യവസ്ഥകൾ ഭാവിയിലെങ്കിലും ഇക്കാര്യത്തിൽ വരേണ്ടതുണ്ട്. നിലവിലുള്ളവർക്ക് ക്രമവത്കരിച്ച കൊടുത്താലും കുഴപ്പമില്ല എന്ന നിർദ്ദേശം വയ്ക്കുകയാണ്. മറ്റൊരു ഭേദഗതി ഇലക്ട്രിക്, എൽ.പി.ജി. സി.എൻ.ജി ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പി ക്കേണ്ടതാണ്. ഇപ്പോൾ വളരെ കുറച്ച് എണ്ണം മാത്രമേ സംസ്ഥാനത്തുള്ളൂ. പെട്രോളും ഡീസലും ഉപയോഗിക്കുമ്പോഴുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങളൊക്കെ നമുക്ക് അറിയാവുന്നതാണ്. ഇതിന് ചെറിയൊരു പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഇത്തരം ഓട്ടോറിക്ഷകളുടെ വാർഷിക നികുതിയിൽ 50 രൂപ കുറവ് വരുത്തിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രോത്സാഹനം എന്ന നിലയിൽ 150 രൂപയെങ്കിലും കുറവ് വരുത്തണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അഞ്ചുവർഷത്തെ നികുതി ഒരുമിച്ച് അടയ്ക്കുന്നവരിൽനിന്ന് പരമാവധി 1500 രൂപ മാത്രമേ ഈടാക്കാവൂ എന്ന രീതിയിലേയ്ക്ക് മാറ്റംവരുത്തണമെന്ന നിർദ്ദേശം

വയ്ക്കുകയാണ്. ഉപധനാഭ്യർത്ഥനകൾ നടന്ന സമയത്ത് ഇവിടെ സംസാരിച്ച ഇടതുപക്ഷ അംഗങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധിക്ക് കുറ്റക്കാർ കോൺഗ്രസ്സാണെന്നും കോൺഗ്രസ്സും ബി.ജെ.പി.-യും ഒരേ നയമാണ് രാജ്യത്ത് നടപ്പാക്കുന്നതെന്നുമാണ് ആക്ഷേപിച്ചത്. എത്രമാത്രം വസ്തുതാ വിരുദ്ധമായ ആരോപണങ്ങളാണ്. കോൺഗ്രസ്സിന്റെ നയമെന്താണ്, കഴിഞ്ഞ പത്തുകൊല്ലത്തെ യു.പി.എ. ഭരണത്തിലുണ്ടായ നേട്ടങ്ങളെന്താണ്, ആ സാമ്പത്തിക നയങ്ങളുടെ പ്രതിഫലനമെന്തായിരുന്നു, ഇന്ന് ബി.ജെ.പി. ചെയ്യുന്നതെന്താണ്, ബി.ജെ.പി. ചെയ്യുന്നതും പഴയ യു.പി.എ. നയങ്ങളും തമ്മിലുള്ള അന്തരം എത്രമാത്രം വലുതായിരുന്നു എന്നൊക്കെ വളരെ സമർത്ഥമായി ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

ഈ നയത്തിന് വ്യത്യസ്തമായി ഇടതുപക്ഷങ്ങൾക്ക് മുന്നോട്ടുകാണിക്കാനുള്ള ഏക സംസ്ഥാനം കേരളമാണ്. നിങ്ങളുടെ സാമ്പത്തിക ബദൽ എന്താണെന്ന് ചൂണ്ടിക്കാണിക്കാനുള്ള ഏക സംസ്ഥാനം ഇവിടമാണ്. നാളിതുവരെ നിങ്ങൾ എതിർത്ത ഓരോ നയങ്ങളും നിങ്ങൾ ഭരണത്തിൽ വരുന്ന സന്ദർഭങ്ങളിൽ ആ നവലിബറൽ നയങ്ങളുടെ നല്ല നടത്തിപ്പുകാരായി മാറും. ഓരോ കാര്യവും വിശകലനം ചെയ്തുനോക്കിയാൽ മനസ്സിലാകും. കൂടുതൽ വാശിയോടുകൂടി ഇടതുപക്ഷം ഇത് നടപ്പാക്കുകയാണെന്ന വിമർശനം യഥാർത്ഥ ഇടതുപക്ഷക്കാർ എന്ന് അവകാശപ്പെടുന്നവർ തന്നെ നിങ്ങൾക്കെതിരെ ഉന്നയിക്കുകയാണ്. നവലിബറൽ നയങ്ങൾക്കെതിരെ ഏറ്റവും ശക്തമായി സംസാരിക്കുകയും അവസരം കിട്ടുമ്പോൾ ഈ നവലിബറൽ നയങ്ങളുടെ ഏറ്റവും നല്ല നടത്തിപ്പുകാരാണ് നിങ്ങളെന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അങ്ങനെയല്ലേ?

ജി.എസ്.ടി.-യുടെ കെടുതികളെ മുൻകൂട്ടി കണ്ട് ഇടതു ബുദ്ധിജീവികളും സി.പി.ഐ.(എം) നേതാക്കന്മാരടക്കം വിമർശനങ്ങൾ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റി അംഗമായ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി.-യെ ചെമ്പട്ട് പരവതാനി വിരിച്ച് സ്വാഗതം ചെയ്തതും നമ്മൾ കണ്ടതാണ്. അവിടെയും നവലിബറൽ നയങ്ങളുടെ നല്ല നടത്തിപ്പുകാരായി നിങ്ങൾ മാറുകയാണ്. ഉത്തരേന്ത്യയിൽ ഇടത്തരം വ്യാപാരികളിൽ ജി.എസ്.ടി. വിതച്ച ക്രൂരത പുറത്തുകൊണ്ടുവരാൻ ശ്രമിച്ച സി.പി.ഐ.(എം) തന്നെയാണ് ഒരു ഘട്ടത്തിൽ അതിന്റെ പ്രചാരകരായത്. നവലിബറൽ നയങ്ങൾക്കെതിരെ പ്രസംഗം മാത്രമേയുള്ളൂ, കാര്യം വരുമ്പോൾ സി.പി.ഐ.(എം)-ന്റെ നിലപാട് സിംഗൂരും നന്ദിഗ്രാമും, ഇപ്പോൾ അതിന്റെ മറ്റൊരു പതിപ്പായ കേരളത്തിലെ വയൽക്കിളികളുമാണ്. ഈ നവലിബറൽ നയങ്ങൾക്കെതിരെ ഏറ്റവും ശക്തമായി

സംസാരിച്ചവർ, മുമ്പ് പതിറ്റാണ്ടുകളോളം പശ്ചിമബംഗാളിൽ ഭരണ ത്തിലുണ്ടായിരുന്നു. ആ ഭരണത്തിന് അന്ത്യംകുറിക്കുന്ന സംഭവമുണ്ടാകുന്നത് സിംഗൂർ, നന്ദിഗ്രാം പ്രശ്നങ്ങളോടെയാണ്. ടാറ്റയ്ക്ക് നാനോ കാറുണ്ടാക്കാനുള്ള ഫാക്ടറി നിർമ്മിക്കാൻ പാവപ്പെട്ട കർഷകരെ കുടിയൊഴിപ്പിച്ചതാണ് സിംഗൂരിലെ വിഷയമെങ്കിൽ, നന്ദിഗ്രാമിൽ സലിം ഗ്രൂപ്പിന് വ്യവസായ ഹബ്ബുണ്ടാക്കാൻവേണ്ടി പാവപ്പെട്ട ജനങ്ങളെ അന്ന് തങ്ങളുടെ പാർട്ടിനയം നടപ്പാക്കാൻവേണ്ടി അവിടെ നിന്ന് ആട്ടിയോടിച്ചത് സി.പി.ഐ.(എം) കേഡർമാരാണ്. ലോക സാമ്പത്തിക വ്യവസ്ഥയിൽ ഒരു സംസ്ഥാനത്ത് മാത്രം ഭരണം കിട്ടുമ്പോൾ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയില്ല. പക്ഷെ നിങ്ങൾ വാശിയോടുകൂടിയാണ് ഇത് നടപ്പാക്കുന്നത്. ആ കാലഘട്ടത്തിൽ അന്നത് പശ്ചിമബംഗാളിൽ പോയിക്കാണാൻ അവസരം കിട്ടിയ ഒരാളാണ് ഞാൻ. സിംഗൂരിലും നന്ദിഗ്രാമിലും ഞങ്ങളുടെ പാർട്ടി ഡെലിഗേഷന്റെ ഭാഗമായി ചെന്നപ്പോൾ അവിടെ കാട്ടിക്കൂട്ടിയ ക്രൂരതകളൊക്കെ ഞങ്ങൾ കണ്ടു. കത്തിച്ചാമ്പലായ കർഷകരുടെ വീട് കണ്ടു. പകുതി കത്തിനിൽക്കുന്ന ഗോതമ്പ് വയലുകൾ കണ്ടു. ആളുകളുടെ എല്ലിൻകൂട്ടങ്ങൾ പോലും ചെറിയ ചെറിയ കുഴികളിൽ കുഴിച്ചിട്ടത് ഖജൂരിയ (Khajuria) എന്ന ഗ്രാമത്തിൽ നിന്ന് കാണാൻ സാധിച്ചു. ആ കെടുതികളുടെ ദുരന്തഫലമായാണ് പശ്ചിമബംഗാളിലെ ഭരണം നിങ്ങൾക്ക് എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആ ഗ്രാമത്തിന്റെ പേര് ഒന്നുകൂടി പറയാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഖജൂരിയ. ഞാൻ അവിടെ പോയതാണ്. അങ്ങനെയൊരു ഗ്രാമമുണ്ടോ എന്ന് നിങ്ങൾ വേണമെങ്കിൽ അന്വേഷിച്ചോ? ആ സംഭവം നടന്നയുടനെയാണ് പോകുന്നത്. ഞങ്ങൾക്കിത് കാണിച്ചുതരാൻ വന്ന കർഷകർ അവിടെ ഒരു ചെറിയ കുഴി മൺവെട്ടി പോലുള്ള ഒരു സാധനംകൊണ്ട് തോണ്ടിയപ്പോൾ മനുഷ്യന്റെ എല്ലിൻകഷണങ്ങളാണ് ലഭിച്ചത്. വേണ്ടവിധം അത് മറവുചെയ്തിട്ടുപോലുമില്ല. നവലിബറൽ നയങ്ങൾ നടപ്പാക്കാൻവേണ്ടി നിങ്ങൾ സിംഗൂരിലും നന്ദിഗ്രാമിലും കാണിച്ച ക്രൂരതയുടെ ചെറിയൊരു പതിപ്പ് വയൽക്കിളികളെ സംബന്ധിച്ചുള്ളത് നമ്മൾ ഇവിടെ കാണുകയാണ്. എന്തിനാണ് ഇങ്ങനെയൊരു വാശി?

ശ്രീ. എ. എൻ. ഷംസീർ: സർ, കീഴാറ്റൂർ ബൈപ്പാസിന്റെ കാര്യത്തിൽ മുസ്ലീം ലീഗിന്റെ അഭിപ്രായമെന്താണ്? ബൈപ്പാസ് വരണോ വേണ്ടയോ? ഇനി വരേണ്ട എന്നാണെങ്കിൽ ബദലെന്താണ്? ബദൽ നിങ്ങൾ പറയുകയാണെങ്കിൽ ഞങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കാം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബൈപ്പാസിനെക്കുറിച്ചും വികസനത്തെക്കുറിച്ചു മൊക്കെയുള്ള ഞങ്ങളുടെ കാഴ്ചപ്പാട് ഇവിടെ വ്യക്തമാക്കിയതാണ്. പ്രതിഷേധസ്വരം ഉയർത്തുന്നവരെ, വിമർശനങ്ങൾ പറയുന്നവരെ അടിച്ചൊതുക്കുന്ന സമീപനത്തെയാണ് ഞങ്ങൾ എതിർത്തത്. ബൈപ്പാസ് വേണ്ടെന്ന് പറഞ്ഞിട്ടില്ല, റോഡ് വീതി കൂട്ടണ്ട എന്ന് പറയുന്നില്ല. പക്ഷെ അതിന് നിങ്ങൾ സ്വീകരിക്കുന്ന സമീപനങ്ങൾ ശരിയല്ല എന്നതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ഇപ്പോൾ എന്താണ് സ്ഥിതി? ജി.എസ്.ടി.-യിലൂടെ കേരളം വലിയ നിരാശയിലാണ്ടിരിക്കുകയാണ്. ജി.എസ്.ടി. വരുമ്പോൾ മലയോളമായിരുന്നു നമുക്ക് പ്രതീക്ഷ. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അന്നത്തെ കണക്കുപ്രകാരം 20 ശതമാനം നികുതി വർദ്ധനവുണ്ടാകുമെന്നാണ് പറഞ്ഞത്. 3000 കോടി രൂപയുടെ അധിക നികുതി വരുമാനവും ധനകാര്യ വകുപ്പുമന്ത്രി കണക്കുകൂട്ടി. എന്താണ് ഇപ്പോഴത്തെ അവസ്ഥ; 5% നികുതി വർദ്ധനവാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരിക്കൽപ്പോലും നികുതി വരുമാനത്തിന്റെ തോത് 10%-ന്റെ താഴെപ്പോയിട്ടില്ല. ആ 10%-ന്റെ താഴെപ്പോയിട്ടില്ലാത്ത സംസ്ഥാനത്ത് ഇന്ന് 5% മാത്രമാണുള്ളത്. ഈ നിലപാടുകൾ സി.പി.ഐ.(എം)-ൽത്തന്നെ വലിയ കുഴപ്പമാണുണ്ടാക്കിയത്. വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ ക്യാബിനറ്റിലെ മറ്റൊരു മന്ത്രി ശ്രീ. എ. കെ. ബാലൻ പരസ്യമായി ഈ നിലപാടുകളെ വിമർശിച്ചത് നമ്മളൊക്കെ കണ്ടതാണ്. ജി.എസ്.ടി. പ്രതീക്ഷ തെറ്റിയപ്പോൾ ഡോ. ടി. എം. തോമസ് ഐസക് പ്രതിക്കൂട്ടിലെന്നാണ് അന്ന് രാജ്യത്തെ എല്ലാ മാധ്യമങ്ങളും എഴുതിയത്. ശ്രീ. എ. കെ. ബാലന്റെ പ്രസംഗമെന്തായിരുന്നു; "ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനും കേന്ദ്രത്തിനും പകുതി വരുമാനമെന്നായിരുന്നു വ്യവസ്ഥകൾ. എങ്കിൽ ഇപ്പോൾ വരുമാനവുമില്ല, വ്യവസ്ഥയുമില്ല. ഗുജറാത്തിലും മറ്റും കെട്ടിക്കിടക്കുന്ന വസ്തുങ്ങൾ ഒരു കണക്കുമില്ലാതെ കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുകയാണ്. വാറ്റ് നികുതിയായിരുന്നെങ്കിൽ അതിനൊക്കെ കണക്കുണ്ടാകുമായിരുന്നുവെന്നും മന്ത്രി ആക്ഷേപിക്കുകയാണ്. സംസ്ഥാനത്തിന്റെ വരുമാനം കുത്തനെ കുറഞ്ഞു. ഇതൊന്നും ഒളിച്ചുവച്ചിട്ട് കാര്യമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കാര്യമിപ്പോൾ കടലിലുമല്ല, കരയിലുമല്ല എന്ന പരുവത്തിലാണ്." ക്യാബിനറ്റിലെ ഒരു മന്ത്രിക്ക് തന്നെ ഇതിനെക്കുറിച്ച് ഇങ്ങനെയാണ് അഭിപ്രായമെങ്കിൽ ഞങ്ങൾക്ക് മറിച്ചൊരു അഭിപ്രായമുണ്ടാകേണ്ട കാര്യമില്ലല്ലോ.

ഈ സഭാസമ്മേളനത്തിൽ ചില ആളുകൾ മുസ്ലീം ലീഗിനെതിരെ വലിയ ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. മുസ്ലീം ലീഗിനെതിരെ പുതിയ ആരോപണങ്ങളിലൊന്നിന് തുടക്കം കുറിച്ചത് മന്ത്രി ഡോ. കെ. ടി. ജലീലാണ്. കേരളത്തിൽ കഴിഞ്ഞകാല രാഷ്ട്രീയ പ്രവർത്തനത്തിനിടയിൽ ലീഗ് 44 പേരെ കൊലപ്പെടുത്തി എന്നാണ് അദ്ദേഹത്തിന്റെ ആരോപണം. ആവേശം മൂത്ത് ചിലർ അത് പിന്നീട് 45 ആണെന്നും 46 ആണെന്നുമൊക്കെ പറയുകയുണ്ടായി. അക്രമരാഷ്ട്രീയത്തിൽ സി.പി.ഐ.(എം)-ഉം മുസ്ലീംലീഗും ഒരുപോലെയാണെന്ന് വരുത്തിത്തീർക്കാനാണ് ചിലർ ഇവിടെ വിഫലശ്രമം നടത്തിയത്. മലപ്പുറത്ത് മാത്രം സ്വാധീനമുള്ള പാർട്ടിക്ക് 44 കൊലപാതകങ്ങൾ നടത്താമെങ്കിൽ കേരളത്തിൽ മുഴുവനും സ്വാധീനമുള്ള പാർട്ടിക്ക് അതിനനുസരിച്ച് എണ്ണവും വലിപ്പവും കൂടുമെന്നാണ് ഇവിടെ ഭംഗ്യന്തരേണ ഒരംഗം, സി.പി.ഐ.(എം)-ന്റെ അക്രമങ്ങളെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞത്. ഞങ്ങൾ അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന പാർട്ടിയല്ല. ഇവിടെ പറഞ്ഞതുപോലെ 44 കൊലപാതകങ്ങളും ഞങ്ങൾ ചെയ്തിട്ടില്ല. വിവിധ കാരണങ്ങളാലുണ്ടാകുന്ന അക്രമങ്ങളിൽ ആളുകൾ കൊല്ലപ്പെടുമ്പോൾ അതിൽ ഏതെങ്കിലും പക്ഷത്ത് ലീഗ് പ്രവർത്തകരുണ്ടെങ്കിൽ അതിന് ലീഗ് പ്രവർത്തകർ നടത്തുന്ന രാഷ്ട്രീയ കൊലപാതകമെന്ന് പറയുന്നത് എത്ര ബാലിശമാണ്. മാറാടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ നാട്ടിൽ സംഭവിക്കാൻ പാടില്ലാത്ത ഒരു ധ്രുവീകരണമാണ് ഉണ്ടായത്. കേരളത്തിലെവിടെയും അങ്ങനെയുണ്ടാകാൻ പാടില്ല. ദാരുണമായ മരണങ്ങളുണ്ടായി. ആളുകൾ തമ്മിൽ സംഘം ചേർന്ന് സംഘർഷങ്ങളുണ്ടായി. ആ സംഭവത്തെക്കുറിച്ച് കേസ്സുകൾ വന്നപ്പോൾ അവിടത്തെ പ്രബല പാർട്ടിയായ ലീഗിന്റെയും സി.പി.ഐ.(എം)-ന്റെയും പ്രവർത്തകർ അതിൽ പ്രതികളായിട്ടുണ്ട്. കൂടുതൽ പ്രതികളും സി.പി.ഐ.(എം)-ന്റെ പ്രവർത്തകരായിരുന്നു. ഈ പ്രശ്നത്തിന്റെ പേരിൽ കമ്മീഷൻ വിമർശിച്ചതും സി.പി.ഐ.(എം)-നെയാണ്. അതുപോലെ ഇവിടെ മന്ത്രിയും പിന്നീട് ശ്രീ. എ. എൻ. ഷംസീറുമൊക്കെ പ്രസംഗിക്കുമ്പോൾ മണ്ണാർക്കാട് രണ്ടുപേർ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് പറഞ്ഞു. എന്താണ് ആ പ്രശ്നം. വർഷങ്ങളായുള്ള കുടുംബവഴക്കിന്റെയും തർക്കങ്ങളുടെയും പരിണിതഫലമായിരുന്നു ആ സംഭവം, അത് സംഭവിക്കാൻ പാടില്ലാത്തതാണ്. രണ്ടാളുകൾ കൊല്ലപ്പെടാൻ പാടില്ലാത്തതായിരുന്നു. വർഷങ്ങൾക്ക് മുമ്പ് ഒരാൾ കൊല്ലപ്പെട്ടിരുന്നു. അതിലെ പ്രതികളാണ്

നാലുവർഷത്തിനുമുമ്പ് നടന്ന സംഘർഷത്തിൽ കൊല്ലപ്പെട്ട സഹോദരങ്ങൾ. മുമ്പ് കൊല്ലപ്പെട്ടവരുടെ മക്കളും പേരക്കുട്ടികളുമാണ് ഇപ്പോഴത്തെ കേസ്സിൽ പ്രതികൾ. ഇരുവിഭാഗങ്ങളും തമ്മിൽ പള്ളിയിൽവച്ചും ചില തർക്കങ്ങളുണ്ടായിരുന്നു. അതിന്റെയൊക്കെ തുടർച്ചയായ സംഘട്ടനങ്ങളിലാണ് ഈ രണ്ടുപേർ കൊല്ലപ്പെടുന്നത്. അവിടെ രാഷ്ട്രീയ കാരണങ്ങളൊന്നും ഉണ്ടായിട്ടില്ല. സി.പി.ഐ.(എം)-ന്റെയും ലീഗിന്റെയും കൊടികൾ വലിച്ചുകീറുകയോ ഓഫീസ് ആക്രമിക്കുകയോ ചെയ്തിട്ടില്ല. പ്രതികളിൽ ലീഗിന്റെ ചില പ്രവർത്തകരുണ്ട് എന്നുള്ളത് വസ്തുതയാണ്. അതുകൊണ്ടുമാത്രം ലീഗ് ചെയ്ത രാഷ്ട്രീയ കൊലപാതകം ആകില്ല. കൊല്ലപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾ ഇപ്പോഴും ലീഗിന്റെയും യൂത്ത് ലീഗിന്റെയും ഭാരവാഹികളാണ്. അവർക്കാർക്കും ലീഗ് ചെയ്ത രാഷ്ട്രീയ കൊലപാതകമാണെന്ന അഭിപ്രായമില്ല. ഇവിടെ പറഞ്ഞ 44 സംഭവങ്ങളിൽ പലതും വിശകലനം ചെയ്താൽ ഇത്തരത്തിലാണ് എത്തിച്ചേരുന്നത്. കൊലപാതക രാഷ്ട്രീയത്തിൽ ലീഗും സി.പി.ഐ.(എം)-ഉം ഒരുപോലെയാണെന്ന് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത്, നിലമ്പൂരിലെ ഒരു പഴയകാല സംസാരമാണ്. അതിങ്ങനെയാണ്; നിലമ്പൂരിൽ ഒരു ധനാഢ്യനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് നാലകത്ത് ബീരാൻ ഖാൻ എന്നാണ്. അവിടെ പാവപ്പെട്ട അഹമ്മദ് കുട്ടി എന്ന വ്യക്തി ഉണ്ടായിരുന്നു. അഹമ്മദ് കുട്ടി രസികനായിരുന്നു. 'ഒന്നുകിൽ പടച്ചോനെ, ഇജ്ജ് എന്നെ നാലകത്ത് ബീരാൻ ഖാനെ പോലെ ആക്കണം അതിനു കഴിയില്ലെങ്കിൽ നാലകത്ത് ബീരാൻ ഖാനെ എന്നെപ്പോലെയാക്കുക' എന്നാണ് അദ്ദേഹം പറയുന്നത്. സി.പി.ഐ.(എം)-ന്റെ സ്നേഹിതന്മാർ ശ്രമിക്കുന്നത് അതാണ്. ഒന്നുകിൽ അവർ സമാധാനത്തിന്റെയും ശാന്തിയുടെയും പാർട്ടിയായ ലീഗ് ആകാൻ നോക്കി. അതിനു കഴിയാത്തതുകൊണ്ട് ലീഗിനെ സി.പി.ഐ.(എം) പോലെ ആക്കാനുള്ള വിഫല ശ്രമമാണ് ഇവിടെ പലരും നടത്തുന്നത്. അതൊന്നും നടക്കാൻ പോകുന്നില്ല. ഞങ്ങൾ ഈ രാജ്യത്ത് സമാധാനത്തിന്റെയും ശാന്തിയുടെയും പക്ഷത്തുനിന്ന് പ്രവർത്തിച്ച ആളുകളാണ്. അതുപോലെ എത്ര ബാലിശമായ ചോദ്യങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്. ലീഗിന് വോട്ട് ചെയ്താൽ സ്വർഗ്ഗം കിട്ടുമോ എന്നാണ് ചോദിക്കുന്നത്. ആദ്യം സ്വർഗ്ഗത്തിലും നരകത്തിലും വിശ്വാസം ഉണ്ടോ എന്നുള്ളത് നിങ്ങൾ വ്യക്തമാക്കേണ്ടതാണ്. സ്വർഗ്ഗവും നരകവും മനുഷ്യന്റെ കർമ്മ ഫലമാണ്. നന്മ ചെയ്താൽ മരണാനന്തരം സ്വർഗ്ഗത്തിലും തിന്മ ചെയ്താൽ നരകത്തിലുമാണെന്നാണ്

ഞങ്ങളുടെ വിശ്വാസം. ഞങ്ങൾ രാജ്യത്ത് സാഹോദര്യവും സമാധാനവും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പാർട്ടിയാണ്. രാജ്യത്ത് സാമൂഹികമായ നന്മയ്ക്കുവേണ്ടി നിലകൊള്ളുന്നവരാണ് ഞങ്ങൾ. അങ്ങനെ പ്രവർത്തിക്കുമ്പോൾ എന്തുണ്ടാകുമെന്ന് വിലയിരുത്തപ്പെടട്ടെ; ശ്രീ. വി. പി. സജീന്ദ്രൻ കഴിഞ്ഞ ദിവസം പറഞ്ഞത് സദുദ്ദേശ്യത്തോടുകൂടിയാണ്. ലീഗ് അക്രമവും കുഴപ്പവുമൊന്നും ഉണ്ടാക്കുന്ന പാർട്ടിയല്ല, ആ പാർട്ടിക്ക് മീറ്റിംഗും, മീറ്റിംഗ് കഴിഞ്ഞാൽ കുറച്ച് ഈറ്റിംഗ് മാത്രമേയുള്ളൂ എന്ന് തമാശയ്ക്കുവേണ്ടി പറഞ്ഞതാണ്. ശ്രീ. എ. എൻ. ഷംസീർ ലീഗിന് ഈറ്റിംഗും മീറ്റിംഗും അല്ല പ്രാസം ഒപ്പിച്ച് ചീറ്റിംഗും കൂടി ഉണ്ടെന്ന് പറഞ്ഞത് വളരെ ക്രൂരമായിപ്പോയി. ഞങ്ങൾ ഒരിക്കലും പൊളിറ്റിക്കൽ ചീറ്റിംഗ് നടത്തിയിട്ടില്ല. ഒരു ഘട്ടത്തിൽ നമ്മൾ ഒരുമിച്ച് ഉണ്ടായിരുന്നല്ലോ; അന്നും രാഷ്ട്രീയമായ വിശ്വാസവഞ്ചന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അജണ്ടയിൽ പോലും ഇല്ലായെന്നുള്ളത് മനസ്സിലാക്കേണ്ടതുണ്ട്. തൊള്ള ബഡായിക്ക് ഓരോന്നും വിളിച്ച് പറയുമ്പോൾ അവർ ആലോചിക്കേണ്ടത്, ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതുപോലെ, വായിൽ വന്നത് ഡാഷിന് പാട്ടാകരുത്. ഞങ്ങൾ കുറച്ചുനേരം മാത്രമേ മീറ്റിംഗ് ചേരുകയുള്ളൂ. പക്ഷെ, കൂടുതൽ നേരം ഈറ്റിംഗ് നടത്തുകയും ചെയ്യുമെന്ന് പറയുന്നവരോട് ഒരുകാര്യം പറയാം. ഈ മീറ്റിംഗ് കൊണ്ടുതന്നെ ഞങ്ങളുടെ പാർട്ടി ശക്തമായി നിലനിൽക്കുന്നുണ്ട്. ബുദ്ധിയുള്ള ആളുകൾക്ക് കുറച്ചുനേരം ചർച്ച ചെയ്താൽ മനസ്സിലാകും, കൂടുതൽ നേരം പ്രവർത്തിക്കാൻ കഴിയും. നിങ്ങൾ മണിക്കൂറുകളോളം, ദിവസങ്ങളോളം യോഗം ചേർന്ന് എടുത്ത തീരുമാനങ്ങളെയാണ് പാർട്ടി കോൺഗ്രസ് ചേർന്ന് തെറ്റായിരുന്നുവെന്ന് വിലയിരുത്തിയത്. ഒരുപാട് മണിക്കൂർ യോഗം ചേർന്നതിനുശേഷം അന്നത്തെ നയങ്ങളെല്ലാം തെറ്റായിരുന്നുവെന്ന് പിന്നെ പറയും. നാറാണത്ത് ഭ്രാന്തന്റെ പരിപാടിയല്ലേ ഇത്. കൂടുതൽ മീറ്റിംഗ് ചേർന്നതുകൊണ്ടാണ് ഇന്ത്യയിൽ പ്രതിപക്ഷ നേതാവിന്റെ കസേരയിൽ ഇരുന്ന സി.പി.ഐ.(എം)-ന് ഇന്ന് ഇന്ത്യൻ പാർലമെന്റിൽ ഒരു മൂലയിൽ ഇരിക്കേണ്ടിവന്നത്. മൂന്ന് സംസ്ഥാനങ്ങൾ ഭരിച്ച പാർട്ടി ഇന്ന് ഒരു സംസ്ഥാനത്ത് മാത്രമാണുള്ളത്. കേരളത്തിൽ ശ്രീ. പിണറായി വിജയൻ അവസാനത്തെ സി.പി.ഐ.(എം)ന്റെ മുഖ്യമന്ത്രി ആകാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കണമെന്ന് മാത്രമാണ് പറയാനുള്ളത്. ഞങ്ങൾ തീരുമാനങ്ങൾ 'തങ്ങളെ' ചുമതലപ്പെടുത്തുന്നു എന്നാണ് പിന്നെ ലീഗിനെക്കുറിച്ച് പറഞ്ഞത്. ഞങ്ങൾക്ക് അങ്ങനെ

ചുമതലപ്പെടുത്താൻ ഒരു നേതാവുണ്ട്. നിങ്ങൾക്ക് അതിൽ വലിയ പ്രയാസമൊന്നും വേണ്ട. ഒരു 'തങ്ങൾ' ഉണ്ട് എന്നുള്ളതുതന്നെയാണ് ഞങ്ങളുടെ പുണ്യം. എന്നാൽ, നിങ്ങൾക്ക് അങ്ങനെയൊരു നേതാവുണ്ടോ? ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞാൽ നിങ്ങൾ കേൾക്കുമോ; കേട്ടിട്ടില്ലല്ലോ? സ്വന്തം പാർട്ടിയെക്കൊണ്ട് ഇടങ്ങേറായ ഒരു അഖിലേന്ത്യ സെക്രട്ടറിയുടെ ഗതികേട് കാണണമെങ്കിൽ ശ്രീ. സീതാറാം യെച്ചൂരിയിലേയ്ക്ക് നോക്കണം. ശ്രീ. സീതാറാം യെച്ചൂരി സംസ്ഥാന സമ്മേളനത്തിൽ ഇവിടെ പ്രസംഗിച്ചവരുൾപ്പെടെയുള്ള ചിലരെക്കുറിച്ച് പറഞ്ഞ പരാമർശങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. രാഷ്ട്രീയം ഇതിൽ പറയണമെന്ന് വിചാരിച്ചതല്ല, പറയാൻ പറ്റിയ അവസരം ഇതായതു കൊണ്ടുമാത്രമാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഫിനാൻസ് ബില്ലിന്റെ ഭേദഗതികൾ യാഥാർത്ഥ്യബോധം ഇല്ലാത്തതായതുകൊണ്ട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ധനനിശ്ചയം, ഒഴിമുറി എന്നിവയ്ക്ക് ബഹുമാന്യനായ കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒട്ടനവധി ആളുകൾ അദ്ദേഹത്തിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് അതിനൊരു ആനുകൂല്യം പ്രഖ്യാപിച്ചത്. കുടുംബാംഗങ്ങൾ തമ്മിൽ വസ്തു കൈമാറ്റം ചെയ്യുന്ന പ്രക്രിയ മാത്രമാണ്. ഇത്തരം ക്രയവിക്രയങ്ങളിൽ ഫിനാൻഷ്യൽ ട്രാൻസാക്ഷൻ ഇല്ല. അതിന് നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടുള്ള നിലപാട് മാറ്റി പഴയ നിലയിൽത്തന്നെ നിലനിർത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂനികുതി വർദ്ധിപ്പിച്ചപ്പോൾ, അതിനെതിരായി പൊതുവായ അഭിപ്രായം ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അന്ന് നികുതി വർദ്ധനവ് പിൻവലിച്ചത്. വീണ്ടും ഭൂനികുതി വർദ്ധിപ്പിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ കർഷകർക്കുവേണ്ടിയും കൃഷിക്കാർക്കുവേണ്ടിയും വളരെയേറെ കാര്യങ്ങൾ പറയുകയുണ്ടായി. ഹരിയാനയിൽ ഒരു ഏക്കർ സ്ഥലമുള്ള കർഷകന് ഒരു ലക്ഷം രൂപ വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതി സംബന്ധിച്ച് ഇന്ന് പത്രങ്ങളിൽ വായിക്കാനിടയായി. യഥാർത്ഥത്തിൽ കൃഷിക്കാരെ അങ്ങനെ നിലനിർത്തികൊണ്ട് മുമ്പോട്ടുപോകുന്ന സമീപനമാണ് പലപ്പോഴും പല ഗവൺമെന്റുകളും എടുക്കുന്നത്. ഈ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ

കൃഷിക്കാർക്കുവേണ്ടി ചെയ്യുന്നുണ്ട്. ഏക്കർ കണക്കിന് കൃഷിഭൂമിയുണ്ട് എന്നതിനപ്പുറം കാർഷിക ഉത്പാദനവും വരുമാനവും വളരെ കുറവാണ്. മദ്ധ്യ തിരുവിതാംകൂറിലെയൊക്കെ സാഹചര്യങ്ങൾ നമുക്ക് അറിയാവുന്നതാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഭൂനികുതിവർദ്ധനവ് അവർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മറ്റ് പല മേഖലകളിലും നികുതി വർദ്ധിപ്പിച്ചു. ജി.എസ്.ടി. വന്നതുകൊണ്ട് സംസ്ഥാനത്തിന് നികത്താൻ കഴിയുന്ന നികുതിയുടെ സാധ്യതകൾ വളരെ കുറഞ്ഞുവരികയാണ്. ടാക്സ് നെറ്റ് വർദ്ധിപ്പിക്കാൻ സാധ്യതകളുള്ള പല മേഖലകളും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്നാണ് എനിക്ക് തോന്നുന്നത്. റവന്യൂവിന്റെ വൺ ടൈം ടാക്സ്, ഒരു പ്രാവശ്യം അതിന്റെ പ്ലിന്ത് ഏരിയ കണക്കാക്കി നികുതി അടച്ചുകഴിഞ്ഞാൽ അതുസംബന്ധിച്ചുള്ള അന്വേഷണം പിന്നെ നടക്കുന്നില്ല. പല വീടുകളുടെയും വിസ്തൃതി പിന്നീട് വർദ്ധിപ്പിക്കുന്നുണ്ട്. മൂന്ന്/അഞ്ച് വർഷം കൂടുമ്പോഴെങ്കിലും വീടുകളുടെ പ്ലിന്ത് ഏരിയ കണക്കാക്കിയുള്ള വൺ ടൈം ടാക്സിന്റെ കാര്യത്തെ സംബന്ധിച്ച ആലോചന തീർച്ചയായും ഗവൺമെന്റിനുണ്ടാകണം. നികുതി ഈടാക്കുമ്പോൾ പ്ലിന്ത് ഏരിയ മാത്രമല്ല, ആയിരം സ്ക്വയർ ഫീറ്റുള്ള വീട് ഇരുപത് ലക്ഷത്തിനും ഒരു കോടി രൂപയ്ക്കും പണിയാം. ലക്ഷക്കണക്കിന് രൂപയാണ് ആഡംബരങ്ങൾക്കുവേണ്ടി പല വീടുകളും ഉപയോഗിക്കുന്നത്. ചില വീടുകൾ സിനിമയിൽ കാണുന്നതുപോലെയാണ്. സ്വിമ്മിംഗ് പൂളുകളും, സിനിമാ തീയറ്ററുകളും ഉൾപ്പെടെ എല്ലാ ആഡംബരങ്ങളുമുള്ള വീടുകൾ നമ്മുടെ നാട്ടിലുണ്ട്. മലയാളികളുടെ പൊതു സമീപനമാണിത്. എല്ലാ സ്ഥലങ്ങളിലും കാണുന്ന ഒരു കാഴ്ച വീടിനോടനുബന്ധിച്ചുള്ള പ്രദേശങ്ങൾ മുഴുവൻ ടൈൽ ഇട്ട് മൂടുകയാണ്. കേരളത്തിൽ മഴയില്ല, വെള്ളമില്ല എന്ന് പറയുന്ന സന്ദർഭത്തിലും ആളുകളുടെ ഈ പ്രവണത വലിയ പാരിസ്ഥിതിക പ്രശ്നമാണ് കേരളത്തിലുണ്ടാക്കുന്നത്. എം.എൽ.എ. ഹോസ്റ്റലിൽ നിന്ന് നിയമസഭയിലേയ്ക്ക് കയറുന്ന വഴിയിൽ ഒരു പുൽച്ചെടിപോലും കാണാനുള്ള സ്ഥലമില്ലാത്ത അവസ്ഥയാണ്. ഒന്നുകിൽ മുഴുവൻ ടാറിംഗ് അല്ലെങ്കിൽ ടൈൽ ഇടുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ 40 ശതമാനം ബ്ലോക്ക് ചെയ്തു കഴിഞ്ഞ അവസ്ഥയാണ്. ഇവിടെ വെള്ളം താഴേയ്ക്ക് ഇറങ്ങാനുള്ള, റീചാർജ് ചെയ്യാനുള്ള സാധ്യതകൾ ഇല്ലാതായിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് പറയുന്നത്. ആറ് സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന പശ്ചിമഘട്ട മലനിരകളെയും ജൈവവൈവിദ്ധ്യങ്ങളെയും സംരക്ഷിക്കാൻവേണ്ടി മാധവ് ഗാഡ്ഗിൽ സമർപ്പിച്ച റിപ്പോർട്ട് വേണ്ടെന്നുവച്ച നടപടി ശരിയായിരുന്നു എന്നാണോ അങ്ങയുടെ അഭിപ്രായം? ഹിമാലയം

കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനേകം പുഴകൾ ഉത്ഭവിക്കുന്ന ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ പശ്ചിമഘട്ടം സംരക്ഷിക്കാൻവേണ്ടി മാധവ് ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ടുവച്ച റിപ്പോർട്ടിനെ ഈ സഭ ഐകകണ്ഠ്യേന നിരാകരിക്കുകയും പിന്നീട് അത് കസ്തൂരി രംഗൻ റിപ്പോർട്ടാക്കുകയും അതുകഴിഞ്ഞ് ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടാക്കുകയും ചെയ്ത നടപടികളിൽ പശ്ചാത്തപിക്കുന്നുണ്ടോ എന്നതാണ് എന്റെ ചോദ്യം?

ഡോ. എൻ. ജയരാജ്: സർ, പശ്ചിമഘട്ട മലനിരകളെയും കേരളത്തിന്റെ ജൈവ വൈവിദ്ധ്യത്തെയും സംരക്ഷിക്കുക എന്നുള്ളത് വരാൻ പോകുന്ന കാലത്തിനുവേണ്ടിയുള്ള ഒരു പ്രധാന കരുതലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു കാലഘട്ടത്തിൽ ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചിട്ടാണ് ഞങ്ങളുടെയൊക്കെ നാട്ടിൽനിന്ന് കൃഷിക്കാർ ഇടുക്കി ജില്ലയിൽ കുടിയേറിപ്പാർത്തത്. മലമ്പാമ്പിനോടും മലമ്പനിയോടും പോരാടി ആ മണ്ണിൽ അദ്ധ്വാനിച്ച് കനകം വിളയിച്ച ആളുകളാണ് അവരിൽ മഹാഭൂരിപക്ഷവും. അങ്ങനെ കടന്നുവന്ന ആളുകളാണ് ഇന്നു ഇടുക്കിയിലെ പ്രധാനപ്പെട്ട പ്രദേശങ്ങളിലെല്ലാമുള്ളത്. അവരെയെല്ലാം അവിടെനിന്ന് ഇറക്കിവിട്ട് അവിടം സംരക്ഷിക്കണമെന്നു പറയുന്ന നിലപാടിനോട് യോജിക്കാൻ കഴിയില്ല.

വനങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. ജോർജ് കഴിഞ്ഞ ദിവസം ചില അഭിപ്രായങ്ങൾ പറഞ്ഞു. അതിനോട് യോജിക്കാൻ കഴിയില്ല. കാടുണ്ടെങ്കിൽ മാത്രമെ നാട് കാണുകയുള്ളൂ എന്ന് വിശ്വസിക്കുന്ന ആളുകൾ തന്നെയാണ് ഉള്ള കാടുകൾ സംരക്ഷിക്കണമെന്ന് പറയുന്നത്. കേരള സംസ്ഥാനം രൂപംകൊണ്ട കാലത്തിൽനിന്ന് നമ്മുടെ വനത്തിന്റെ വിസ്തൃതി വളരെയേറെ കുറഞ്ഞിട്ടുണ്ട്. സാറ്റ്ലൈറ്റിൽക്കൂടി കാണുന്ന പടത്തിന്റെ അടിസ്ഥാനത്തിലാണ് 29 ശതമാനം വനമുണ്ടെന്ന് നാം പറയുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഇന്ത്യയിൽ 29 ശതമാനം വനമുള്ള ഏക സംസ്ഥാനമാണ് കേരളം. ഇനി എവിടെയാണ് വനമുണ്ടാക്കുന്നത്? കേരളത്തിൽ 3 കോടി 29 ലക്ഷം ജനങ്ങളുള്ളതിൽ 40 ലക്ഷം ജനങ്ങൾ കേരളത്തിന് പുറത്താണ്. 25 ലക്ഷം ബംഗാളികൾ കേരളത്തിലുണ്ട്. അങ്ങനെ ആകെ 4 കോടിയോളം ജനങ്ങൾ കേരളത്തിലുണ്ട്. 595 കിലോമീറ്റർ നീളവും 67 കിലോമീറ്റർ വീതിയുമുള്ള ഈ കേരളത്തിൽ അവർക്കെല്ലാംകൂടി താമസിക്കാൻ കഴിയുമോ? അതുകൊണ്ട് ഇനി വനമുണ്ടാക്കാൻ പോയാൽ ബുദ്ധിമുട്ടാണ്.

നിയമസഭയുടെ നിയമമനുസരിച്ച് സഭ നടക്കണമെങ്കിൽ 10 ശതമാനം അംഗങ്ങളുണ്ടായിരിക്കണം. ഇപ്പോൾ പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോയാൽ സഭ തീർന്നു. ഭരണപക്ഷത്ത് 14 അംഗങ്ങൾ വേണം. നിങ്ങൾ ആകെ 11 അംഗങ്ങൾ മാത്രമേയുള്ളൂ. 14 അംഗങ്ങൾ സഭയിൽ ഇല്ലെങ്കിൽ സഭ പിരിഞ്ഞുപോകണം. പ്രതിപക്ഷത്താണെങ്കിൽ 12 അംഗങ്ങളുണ്ട്. ഇവിടെ സഭ തീർന്നു എന്നുള്ളതാണ് സത്യം.

ഡോ. എൻ. ജയരാജ്: സർ, അദ്ദേഹത്തിന്റെ ചില നിലപാടുകളോട് യോജിക്കാൻ കഴിയില്ല. മനുഷ്യ കേന്ദ്രീകൃതമായ വികസനമാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരുകാലത്ത് നമ്മുടെയൊക്കെ നാട്ടിൽ തുമ്പികളുണ്ടായിരുന്നു. തുമ്പിയെന്ന് പറയുന്ന ആ ജീവിയെ ഇന്ന് നാട്ടിലെങ്ങും കാണാനില്ല. വൻതോതിൽ മൊബൈൽ ടവറുകൾ വന്നതോടുകൂടി അതിൽ നിന്നുണ്ടാകുന്ന റേഡിയേഷൻ ചെറിയ ജീവജാലങ്ങളെപ്പോലും ഇല്ലാതാക്കുകയാണ്. പ്രകൃതിയുടെ വൈവിദ്ധ്യവും അതിന്റെ ബഹുസ്വരതയുമൊക്കെയാണ് യഥാർത്ഥത്തിൽ മനുഷ്യനെ ഈ ഭൂമിയിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. എല്ലാം നമുക്ക് വേണമെന്നും മറ്റുള്ള ജീവജാലങ്ങളും വനങ്ങളും വേണ്ടെന്നുമൊക്കെ പറയുന്ന സമീപനത്തോട് ഒരുവിധത്തിലും യോജിക്കാൻ കഴിയില്ല. കൃഷിക്കാരെ നിലനിർത്തുകയും അവരെ സംരക്ഷിക്കുകയും വേണം. ഒരു പ്രദേശത്തെ വനത്തെ സംബന്ധിച്ച് തർക്കം നിൽക്കുന്ന ഒരു നിയോജകമണ്ഡലത്തിൽനിന്നാണ് ഞാൻ വരുന്നത്. പൊന്തൻപുഴ വനം കൈവശമുണ്ടെന്ന് ബഹുമാന്യനായ മന്ത്രിയും അത് പോയി എന്ന് നമ്മളും പറയുന്നുണ്ട്. താക്കോൽ എന്റെ കയ്യിലുണ്ട്, പക്ഷെ പെട്ടി പോയല്ലോ എന്നുപറയുന്ന അവസ്ഥ പൊന്തൻപുഴ വനത്തെ സംബന്ധിച്ച് നിലനിൽക്കുന്നു വെന്ന് പറയാതിരിക്കാൻ കഴിയില്ല.

ജി.എസ്.ടി. വന്നതോടെ സംസ്ഥാന ഗവൺമെന്റിന് ഈടാക്കാൻ കഴിയുന്ന നികുതികൾക്ക് പരിമിതികളുണ്ട്. എൻവയോൺമെന്റൽ ടാക്സിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഇനിയുള്ള കാലത്ത് സംസ്ഥാനങ്ങളുടെ പരിമിതിക്കകത്ത് നിന്നുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും കേരളത്തിന്റെ നികുതിഘടനയിൽ ഉൾപ്പെടുത്താൻ കഴിയുന്നതും പാരിസ്ഥിതികമായ സാദ്ധ്യതകളെ വിലയിരുത്തി ക്കൊണ്ടുമുള്ള നികുതി ഏതൊക്കെ മേഖലകളിൽ ഏർപ്പെടുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ചും കൃത്യമായ ഒരു പഠനം നടത്താൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നമ്മുടെ സമൂഹത്തിൽ ധൂർത്ത് വളരെ കൂടുതലാണ്. ഈ അടുത്തകാലത്ത് കിട്ടിയ ഒരു കല്യാണക്കുറി തുറന്ന് നോക്കിയപ്പോൾ അത്ഭുതപ്പെട്ടുപോയി, 300 രൂപയാണ് അതിന്റെ ചാർജ്. എന്റെ സുഹൃത്തിന്റെ മകളുടെ കല്യാണത്തിന് ഒരു രൂപയ്ക്ക് ഫോട്ടോസ്റ്റാറ്റ് കോപ്പിയെടുത്ത കല്യാണക്കുറിയായിരുന്നു. ഈ ഒരു രൂപയുടെ കല്യാണക്കുറിയിലും 300 രൂപയുടെ കല്യാണക്കുറിയിലും ഒരേ കാര്യമാണുള്ളത്. വിവാഹങ്ങൾക്കൊക്കെ ആഡംബരങ്ങൾ വർദ്ധിച്ചുവരികയാണ്. മലയാളികളുടെ ആഡംബര ഭ്രമങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. എല്ലാ മേഖലകളിലും ആഡംബരങ്ങൾ കുറയ്ക്കാൻ കഴിയുന്ന നിലപാടുകൾ സ്വീകരിക്കണം. കല്യാണത്തിന് വലിയ ഓഡിറ്റോറിയങ്ങൾ ബുക്ക്ചെയ്ത് അയ്യായിരവും പതിനായിരവും ആളുകളെ വിളിച്ച് അഭിമാനം കാണിക്കുന്ന അവസ്ഥയിലേയ്ക്ക് മലയാളി മാറിപ്പോകുന്നു. അവിടെയൊക്കെ ഇടപെടാൻ കഴിയുന്ന തരത്തിൽ സാമൂഹ്യപരമായ പ്രതിബദ്ധതയുടെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ പാരിസ്ഥിതിക അവബോധത്തെ സൃഷ്ടിക്കാൻ കഴിയുന്ന ഒട്ടേറെ ഇടങ്ങളിൽ നികുതി സമ്പ്രദായം നടപ്പാക്കാൻ കഴിയുമെങ്കിൽ തീർച്ചയായും അതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. പാവപ്പെട്ട കൃഷിക്കാരായ ആളുകളുടെ ഭൂനികുതിയിൽ കൈവയ്ക്കാതെ തന്നെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒട്ടേറെ മേഖലകളും സാദ്ധ്യതകളുമുണ്ട്. അത് ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇലക്ട്രിക് ഓട്ടോറിക്ഷയ്ക്കും എൽ.എൻ.ജി., സി.എൻ.ജി. എന്നിവ ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾക്കും കൊടുത്തിരിക്കുന്ന നികുതി 50 ശതമാനമാണ്. ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിലെ അവസ്ഥ അറിയാം. എം.എൽ.എ. ഹോസ്റ്റലിൽ ഞാൻ താമസിക്കുന്ന മുറിയിലൊക്കെ രാവിലെ എഴുന്നേറ്റ് നോക്കുമ്പോൾ അവിടെയെല്ലാം ഒരുതരം കറുത്ത നിറമാണ്. റോഡിലൂടെ പോകുന്ന വാഹനങ്ങളുടെ പുക മുഴുവൻ മുറികളിലേയ്ക്ക് വരുന്നതാണ് അതിനു കാരണം. പമ്പാ ബ്ലോക്കിന്റെയൊക്കെ അവസ്ഥ അതാണ്. അത്രമാത്രം അപകടം വായു മലിനീകരണംമൂലം ഉണ്ടാകുന്നു. അതിനെ പ്രതികൂലിക്കാൻ സഹായകരമാകുന്നതാണ് ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങൾ. അതിന് നൽകുന്ന 50 ശതമാനം നികുതിയിളവ് വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ അസസ്മെന്റ് നടത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തുനിന്നും പർച്ചേസ് ചെയ്യാൻ കഴിയാത്ത, ഇവിടെ കിട്ടാനില്ലാത്ത പെയിന്റ് പോലെയുള്ള സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വാങ്ങേണ്ടിവരുന്ന സന്ദർഭത്തിൽ ഇവിടെ 3 ശതമാനം

ടാക്സാണെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ 7 ശതമാനം ടാക്സ് വരികയാണ്. കേരളത്തിൽ അത്തരം സാധനങ്ങൾ കിട്ടാനുമില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങാനേ കഴിയൂ. അതിന് അധികമായി ചുമത്തിയിരിക്കുന്ന നികുതി നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ പിൻവലിക്കേണ്ടതാണ്. കേരളത്തിൽ കിട്ടാനില്ലാത്തതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വാങ്ങേണ്ടിവരുന്നത്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വീടിന് തൊട്ടടുത്തുള്ള ആപ്പാഞ്ചിറ റെയിൽവേ ഓവർ ബ്രിഡ്ജിൽ പെയിന്റ് അടിക്കാൻ, ഒരു പ്രത്യേക കമ്പനിയുടെ പെയിന്റ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. റെയിൽവേ അധികാരികളുടെ നിർദ്ദേശപ്രകാരം മറ്റൊരു പെയിന്റ് ഉപയോഗിക്കാൻ നിലവിൽ അനുവാദമില്ല. നാല് ലക്ഷം രൂപയ്ക്ക് വർക്കെടുത്ത ഒരു കോൺട്രാക്ടർ 7 ശതമാനം നികുതി ഈടാക്കിക്കൊണ്ട് ഇത് പുറത്തുപോയി വാങ്ങണം. 4 ലക്ഷം രൂപയ്ക്ക് 32 ലക്ഷം രൂപയുടെ നികുതിയാണ് ഇപ്പോൾ അസസ് ചെയ്തിരിക്കുന്നത്. അതിനകത്ത് എന്തെങ്കിലും തട്ടിപ്പോ വെട്ടിപ്പോ ഉണ്ടെങ്കിൽ അത് കണ്ടെത്തണം. കേരളത്തിൽ കിട്ടാത്ത ഒരു പ്രോഡക്ട് മറ്റൊരു സംസ്ഥാനത്ത് പോയി വാങ്ങിച്ചതിന്റെ പേരിൽ പാപഭാരം ചുമക്കേണ്ടിവരികയെന്ന് പറയുന്നത് സാമാന്യനീതിക്ക് വിരുദ്ധമായ കാര്യമാണ്. ഇക്കാര്യം തീർച്ചയായും പരിഗണിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആഡംബര കാറുകൾ അന്യസംസ്ഥാനത്തുപോയി രജിസ്റ്റർ ചെയ്ത് വൻതോതിൽ നികുതി തട്ടിപ്പ് നടത്തുന്നത് ഇവിടത്തെ സാധാരണക്കാരല്ല, സമ്പന്നന്മാരാണ്. അവരെയൊക്കെ പിടിക്കണം. ചില സാഹചര്യങ്ങളിൽ അതൊക്കെ പ്രത്യേക കേസ്സായിത്തന്നെ പരിഗണിക്കേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ ഇവിടെ ലഭ്യമല്ലാത്തത് മറ്റ് സംസ്ഥാനങ്ങളിൽ പോയി വാങ്ങേണ്ടി വരുന്നതു കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും നടപടികളുണ്ടാകണ മെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ ബഡ്ജറ്റിൽ 245-ാമത്തെ പാരഗ്രാഫിൽ 2010-11 വരെയുള്ള വില്പന നികുതി, കാർഷികാദായനികുതി, മൂല്യവർദ്ധിത നികുതി എന്നിവ പ്രകാരമുള്ള അസ്സസ്മെന്റുകൾ വന്നിട്ടുള്ള നികുതി കുടിശ്ശികയ്ക്ക് ആംനെസ്റ്റി പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ജൂലൈ ഒന്നാം തീയതിയാണ് ജി.എസ്.ടി. നടപ്പാക്കിയത്. എനിക്ക് സൂചിപ്പിക്കാനുള്ളത്, ഓപ്ഷനുകൾ സമർപ്പിക്കാൻ തുക അടയ്ക്കാനുള്ള കാലാവധി 2018 ജൂൺ 30 വരെ നീട്ടിനൽകുമ്പോൾ 2017 കാലഘട്ടത്തിലുള്ളത് അതിനകത്ത് ഉൾക്കൊള്ളിച്ചിട്ടില്ലായെന്നാണ് പല ചെറുകിട കച്ചവടക്കാരോടും ഇത് വ്യാഖ്യാനിക്കുന്ന ഉദ്യോഗസ്ഥർ പറയുന്നത്. 2016-17 ജൂൺ

30 വരെ അതായത്, ജി.എസ്.ടി. നടപ്പാക്കിയതിന്റെ തലേദിവസം വരെയുള്ള ആംനെസ്റ്റിയുടെ ആനുകൂല്യം ചെറുകിട കച്ചവടക്കാർക്ക് ലഭ്യമാക്കാനായി 245-ാമത്തെ പാരഗ്രാഫിൽ ഒരു ക്ലാരിഫിക്കേഷൻ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ഭാഗപത്രമുൾപ്പെടെയുള്ള കാര്യങ്ങളിലും ഭൂനികുതി വർദ്ധനവിന്റെ കാര്യത്തിലുമൊക്കെ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുകയും നമ്മുടെ നികുതി സമ്പ്രദായത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും വേണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അണ്ടർ വാല്യുവേഷൻ കേസ് എന്നുപറഞ്ഞ് ധാരാളം കേസ്സുകൾക്ക് ഇപ്പോൾ നോട്ടീസ് അയയ്ക്കുന്നുണ്ട്. ഗവൺമെന്റ് നിശ്ചയിച്ച ഫെയർ വാല്യൂ അനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്താലും അത് പരിഗണിക്കാതെ അണ്ടർ വാല്യുവേഷൻ എന്നുപറഞ്ഞ് നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്. ഒരുപാട് പേർ കോടതികളിൽ പോയിട്ടുണ്ട്. അങ്ങനെ വന്നിട്ടുള്ള മഹാഭൂരിപക്ഷം കേസ്സുകളും അനാവശ്യമായുണ്ടായ കേസ്സുകളാണ്. ആ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ടി അണ്ടർ വാല്യുവേഷന്റെ പേരിൽ ഇപ്പോൾ നിൽക്കുന്ന കേസ്സുകളൊക്കെ ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അങ്ങ് ആവശ്യപ്പെടുമോ?

ഡോ. എൻ. ജയരാജ്: സർ, 2010-ലാണ് ഭൂമിയുടെ ന്യായവില തീരുമാനിച്ചത്. അതിനുശേഷം വിലകുറച്ച് കാണിച്ച ഏതാണ്ട് 10 ലക്ഷത്തിലേറെ കേസ്സുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് ബഹുമാന്യനായ മന്ത്രി തന്നെ സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. അത് കുറയ്ക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ തീർച്ചയായും ഉണ്ടാകണം. യഥാർത്ഥത്തിൽ ഇതിനകത്തുള്ള പല കേസ്സുകളും ഉദ്യോഗസ്ഥന്മാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ അവർ എടുത്ത കേസ്സുകളാണ്. വളരെ ന്യായമായ ഒരു കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. ഈ കേസ്സുകളിൽ തീർപ്പുകൽപ്പിക്കാൻ വേണ്ടി ജില്ലാടിസ്ഥാനത്തിൽ ഒരു സെറ്റിൽമെന്റ് കമ്മീഷനെ വയ്ക്കാനായി ഗവൺമെന്റ് ആലോചിക്കുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ സമയബന്ധിതമായി ആ സെറ്റിൽമെന്റിനു വേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ചില വസ്തുക്കളിൽ ചിലതിന് വളരെ വിശേഷപ്പെട്ട പേരുകളുണ്ടാകും. മാങ്ങകളിൽ മൽഗോവ; മന്ത്രിമാരിൽ ധനകാര്യ വകുപ്പുമന്ത്രി; നിയമസഭാ സമിതികളിൽ ധനകാര്യ സമിതി; സെക്രട്ടറിമാരിൽ ധനകാര്യ സെക്രട്ടറി; അങ്ങനെ എല്ലാകാര്യങ്ങളിലും ധനകാര്യം പ്രമുഖ സ്ഥാനത്താണ്. ഈ സർക്കാരിന്റെ കാലത്തെ സ്ഥിതി നേരെ മറിച്ചാണ്; ഏറ്റവും ദയനീയമായ ഒരു കാര്യം ധനകാര്യമാണ്. പണ്ട് തിരുവിതാംകൂർ രാജാക്കന്മാർ ഭരിക്കുന്ന കാലത്ത് ധനകാര്യ വകുപ്പുമന്ത്രിയുടെ പേര് മുളക് മടിശ്ശീല കാര്യക്കാരൻ എന്നായിരുന്നു. അന്ന് കുരുമുളകിന് സ്വർണ്ണത്തെക്കാൾക്കൂടുതൽ വിലയുണ്ടായിരുന്നു. മടിശ്ശീലയിൽ മുളക് അതായത് ധനമുള്ളവനായിരുന്നു പണ്ട് തിരുവിതാംകൂറിൽ ധനകാര്യ വകുപ്പുമന്ത്രി. ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെ മടിശ്ശീലയിൽ ഒറ്റ അണപോലുമില്ല. ഇന്ന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ലോട്ടറിയും ചിട്ടിയും നടത്തിയാണ് സംസ്ഥാനത്തിന്റെ ധനകാര്യം നോക്കുന്നത്. പഴയ തിരുവിതാംകൂറിലായിരുന്നെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിയെ ചിട്ടിക്കാരൻ ഐസക് എന്നോ ലോട്ടറി മടിശ്ശീല കാര്യക്കാരനെന്നോ വിളിക്കുമായിരുന്നു.

മുമ്പ് ബഡ്ജറ്റിന്റെ ഏറ്റവും പ്രധാനമായ ഒരു ഘടകമായിരുന്നു ധനകാര്യബിൽ. ഭരണഘടനയുടെ അനുച്ഛേദം 110 (1) എ പ്രകാരം സഭയിൽ സമർപ്പിക്കേണ്ട ഏറ്റവും പ്രധാന ബഡ്ജറ്റ് രേഖയായിരുന്നു ധനകാര്യ ബിൽ. ഇന്ന് ധനകാര്യ ബില്ലിനെ ജി.എസ്.ടി. എന്ന അനാക്കൊണ്ട വിഴുങ്ങിയ സ്ഥിതിയിലാണ്. ധനകാര്യ ബില്ലിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് മൗനമാണ്. അനാക്കൊണ്ടയുടെ സൗന്ദര്യം, വലിപ്പം, അത് വളർത്തുന്നതിന്റെ നേട്ടം എന്നിവയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഇപ്പോഴത്തെ ഇഷ്ടവിഷയങ്ങൾ. ദാരിദ്ര്യവും പട്ടിണിയുമുണ്ടായിരുന്ന പഴയകാലത്ത് അടുപ്പിലെ കലത്തിന് ചുറ്റും കുട്ടികൾ കൂടിയിരിക്കും. ഒന്നുമില്ലാതെ വരുമ്പോൾ കുട്ടികളെ ആശ്വസിപ്പിക്കാൻവേണ്ടി അമ്മമാർ വെറും വെള്ളം അടുപ്പത്ത് വച്ച് തീ കൂട്ടും. കുറെനേരം വിശന്നുകരഞ്ഞ് കുട്ടികൾ ക്ഷീണിച്ച് ഉറങ്ങിപ്പോകും. അതുപോലെയുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രിയുടേത്. ഒരു മണി അരിയിടാതെ വെറുതെ ചൂടാക്കുന്ന ഒരു കഞ്ഞിക്കലമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഇപ്പോഴത്തെ ബഡ്ജറ്റ്.

ഒരു വി.ഐ.പി.-യുടെ വാഹനം കടന്നുപോയപ്പോൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്ത ഒരു പോലീസുകാരനെ റോഡിൽ വച്ച് ഉന്നത ഉദ്യോഗസ്ഥൻ ശാസിച്ച ഒരു കഥയുണ്ട്. ആ ദേഷ്യം തീർക്കാൻ പോലീസുകാരൻ വഴിയെ സൈക്കിളിൽ പോയ ഒരു പാവം വയസ്സായ ഒരാളിന്റെ കരണത്ത് ഒന്ന് കൊടുത്തു. എന്നിട്ട് ചോദിച്ചു എനിക്ക് കാര്യശേഷിയുണ്ടോയെന്ന്. ഇന്നത്തെ

രീതിയനുസരിച്ചാണെങ്കിൽ പോലീസുകാരന്റെ മോതിരം മുഖത്ത് ഉരഞ്ഞതാണെന്ന് വേണമെങ്കിൽ പറയാം. നമ്മുടെ ധനകാര്യ ബില്ലിന്റെ കാര്യവും അതുപോലെയാണ്. ഒരു നികുതിയും ചുമത്താനാകില്ല. എല്ലാം ജി.എസ്.ടി. കൗൺസിൽ വിഴുങ്ങി. അപ്പോഴാണ് ചില സാധുക്കൾ ഭാഗപത്രം ചെയ്യാൻ പോകുന്നത് ധനകാര്യ വകുപ്പുമന്ത്രി അറിയുന്നത്. ആ പാവങ്ങളുടെമേൽ കുറെ നികുതി ചുമത്തി. അപ്പോഴാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ വിളിക്കുന്നത്. 'അല്ലാ നമ്മുടെ ലളിത ചേച്ചിയുടെ പരസ്യം ട്രോളർമാർ ആഘോഷിക്കുന്നു. മദ്യത്തിനെതിരെ എന്തെങ്കിലും ഒന്ന് ചെയ്യണം'. അപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ മനസ്സിൽ ഒരു ലഡു പൊട്ടി. അങ്ങനെ കുറച്ച് നികുതി മദ്യത്തിന് കൂട്ടാൻ തീരുമാനിച്ചു.

ജി.എസ്.ടി. യാഥാർത്ഥ്യമാണ്. നമ്മുടെ നിയന്ത്രണത്തിലല്ലാത്ത ഒരു കാര്യം തന്നെയാണ്, അത് സമ്മതിക്കുന്നു. ആ വെല്ലുവിളി ഏറ്റെടുത്ത് മറ്റ് വരുമാന സ്രോതസ്സുകളും മേഖലകളും കണ്ടെത്താൻ ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയണം, സർക്കാരിന് കഴിയണം. ഒന്നും കിട്ടിയില്ലായെന്നു പറഞ്ഞ് കരഞ്ഞിരിക്കാനല്ല നമുക്ക് സർക്കാരും ധനകാര്യ വകുപ്പുമന്ത്രിയുമുള്ളത്. അങ്ങയുടെ കഴിവിനെ ഞാൻ കുറച്ചുകാണിക്കുകയല്ല. വിദേശത്ത് ജോലി ചെയ്യുന്ന ഒരു മലയാളി കുടുംബം, മൂന്നോ നാലോ അഞ്ചോ അംഗങ്ങളുള്ള ഒരു കുടുംബമാണ്. നാട്ടിൽ സാമ്പത്തിക സുരക്ഷ ഒരുക്കുന്നത്, ജനസംഖ്യയുടെ മറ്റൊരു മൂന്നിലൊന്നിനെ പലവിധ ചെലവുകളിലും സാമ്പത്തികമായി നിലനിർത്തുന്നു. നമ്മുടെ ജനസംഖ്യയുടെ മൂന്നിലൊന്ന് വിദേശമലയാളികളുടെ വരുമാനത്തിലൂടെ സാമ്പത്തിക നിലനില്പ് നേടുന്നതാണ്. ജനസംഖ്യയുടെ 1.2 ദശലക്ഷം ആളുകൾ മടങ്ങിവന്ന പ്രവാസികളാണെന്ന് ഓർക്കേണ്ടതാണ്. വളർന്നുവരുന്ന ഈ ജനസംഖ്യ തന്നെ നമ്മൾ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. പുതിയ തൊഴിലവസരങ്ങൾ, ഉല്പാദന മേഖലകൾ, വരുമാന മാർഗ്ഗങ്ങൾ എന്നിവ കണ്ടെത്തുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണ്? കിഫ്ബിക്ക് പണം കണ്ടെത്താൻ ധനകാര്യ വകുപ്പുമന്ത്രി കണ്ടെത്തിയ ചിട്ടിയിൽ ചേരാൻ പ്രവാസിയും അവന്റെ പണവും എത്ര നാളുണ്ടാകും? ഇത് ഗൗരവമായി ആലോചിക്കേണ്ട ഒരു വിഷയമല്ലേ? ഈ പ്രതിസന്ധി പശ്ചിമേഷ്യൻ രാജ്യങ്ങളിലും ഗൾഫ് രാജ്യങ്ങളിലും മാത്രം ഒതുങ്ങുന്നതല്ല. യൂറോപ്പും അമേരിക്കയും അടക്കമുള്ള രാജ്യങ്ങളിലെ സ്വദേശീവൽക്കരണം, ഇംഗ്ലണ്ടിലെ ബ്രക്സിറ്റ് അടക്കമുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ എന്നിവ ഗുരുതരമായി ബാധിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇഷ്ടവിഷയമാണ് അധികാര വികേന്ദ്രീകരണം. അധികാര വികേന്ദ്രീകരണത്തിന്റെ കാലം മുതൽ സെക്രട്ടേറിയറ്റും അവിടത്തെ ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മതിപ്പില്ലാത്ത കാര്യമാണെന്ന് എല്ലാവർക്കും അറിയാം. സിവിൽ സർവ്വീസ് ശരിയാക്കാൻ പഞ്ചിംഗ് ഉസ്തി നടപ്പിലാക്കിയിട്ട് എന്തായി? ഞാൻ രണ്ട് നിർദ്ദേശങ്ങൾ പറയാം. പഞ്ചിംഗിന്റെ കാര്യത്തിൽ ഒരു മാസം 1-ാം തീയതി മുതൽ 25-ാം തീയതിവരെയുള്ള ജോലികൾ ചെയ്തുവെന്ന് മേലധികാരി സാക്ഷ്യപ്പെടുത്തിയാലേ ഉദ്യോഗസ്ഥന് ശമ്പളം ലഭിക്കുകയുള്ളൂവെന്ന തീരുമാനത്തിന് സർക്കാർ തയ്യാറാകുമോ? ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിന് നൽകുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ എ, ബി, സി, ഡി എന്നിങ്ങനെ നാല് ഗ്രേഡാണ് എഴുതുന്നത്. എ-വളരെ ഉത്തമം, ബി-ഉത്തമം, സി-ശരാശരി, ഡി-ശരാശരിക്ക് താഴെ എന്നിങ്ങനെയാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ പ്രൊമോഷന്റെ കാര്യത്തിൽ എഴുതുന്നത്. ഇതിൽ രസകരമായ കാര്യമുണ്ട്. സി കാറ്റഗറിയോ ഡി കാറ്റഗറിയോ (ശരാശരിയോ, ശരാശരിക്ക് താഴെയോ) എഴുതിയാൽ മേലുദ്യോഗസ്ഥൻ കാര്യകാരണങ്ങൾ സഹിതം വിവരിക്കണം. അതുകൊണ്ട് എ, ബി കാറ്റഗറി വാരിക്കോരി എഴുതാറുണ്ട്. അതിന് വിശദീകരണം വേണ്ട. ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ കാറ്റഗറി എ-യ്ക്കും ബി-ക്കും കാര്യകാരണങ്ങൾ എഴുതണമെന്ന് വ്യവസ്ഥ ചെയ്യാൻ സർക്കാർ തയ്യാറാകുമോ? എന്തായാലും മാറ്റങ്ങൾക്ക് പോകുകയാണല്ലോ.

സി.പി.ഐ.(എം)-ന് വർഗ്ഗബോധമെന്ന ചിന്തയിൽ നിന്നും ഇപ്പോൾ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. വാത്സല്യം, കുടുംബ ബന്ധങ്ങൾ എന്നിവയ്ക്ക് പാർട്ടി ഇപ്പോൾ മുന്തിയ പരിഗണന നൽകുന്നു. പാർട്ടി സഖാക്കളെ പാർട്ടി നയത്തിനെതിരായി പ്രവർത്തിച്ചതിന്റെ പേരിൽ നടപടിയെടുക്കുന്നതിനുമുമ്പ് അവരുടെ ബാപ്പയെയോ ഉമ്മയെയോ അല്ലെങ്കിൽ അച്ഛനെയോ അമ്മയെയോ പാർട്ടി ഓഫീസിൽ വിളിച്ചുവരുത്തുക എന്നതാണ് പുതിയ രീതി. ഷുഹൈബ് വധക്കേസ് പ്രതിയുടെ അച്ഛനെ കണ്ണൂർ പാർട്ടി ഓഫീസിൽ വിളിച്ചുവരുത്തിയതായി വാർത്തയുണ്ടായിരുന്നു. പാർട്ടി സഖാക്കൾക്കെതിരായുള്ള നടപടിയുടെ ഭാഗമായി പാർട്ടി ഓഫീസിലെ ബഞ്ചിൽ കയറ്റിനിർത്തുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. ഈ സർക്കാർ മുന്നോട്ടുവച്ച 'എല്ലാം ശരിയാക്കിത്തരാം' എന്ന മുദ്രാവാക്യത്തിന്റെ അർത്ഥം സി.പി.ഐ.(എം) ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യച്ചൂരിക്ക് ഇപ്പോഴാണ് മനസ്സിലായത്. എല്ലാം എന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് പാവം യച്ചൂരി വിചാരിച്ചിരുന്നില്ല. പാർട്ടി കോൺഗ്രസ്സിൽ ജനറൽ സെക്രട്ടറിക്ക് സി.പി.ഐ.

(എം)-ന്റെ പൂർണ്ണരൂപം സഖാക്കളെ ഓർമ്മിപ്പിക്കേണ്ട സ്ഥിതിയായി. നമ്മുടെ പാർട്ടിയുടെ നയം ആരാണ് പറയുന്നതെന്ന് നിങ്ങൾ ചോദിച്ചല്ലോ; നിങ്ങളുടെ പാർട്ടിയുടെ നയം ആരാണ് പറയുന്നത്? പാർട്ടി സെക്രട്ടറി പറയുന്നതല്ല പാർട്ടിയുടെ അഭിപ്രായമെന്ന് പറഞ്ഞത് ഞാനല്ല, ഞാൻ ഏറ്റവും ബഹുമാനിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. നിങ്ങളുടെ അഭിപ്രായം ആരാണ് പറയുന്നത്? ശ്രീ. പിണറായി വിജയൻ പാർട്ടി സെക്രട്ടറിയായിരുന്നപ്പോഴല്ലേ ശ്രീ. വി. എസ് അച്ചുതാനന്ദൻ അങ്ങനെ പറഞ്ഞത്. അന്ന് നിങ്ങൾ എവിടെപ്പോയി? ഈ സർക്കാരിന് പോലീസിന്റെ മനോവീര്യം വളരെ പ്രിയപ്പെട്ടതാണ്. അത് തളർന്നാൽ സർക്കാരിന് നോക്കിനിൽക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഷുഹൈബ് വധക്കേസ്സുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണ ത്തിനെതിരായി സർക്കാർ അപ്പീൽ നൽകിയത്.

ഫാം ടൂറിസം, മെഡിക്കൽ ടൂറിസം തുടങ്ങിയ പല പദ്ധതികളും നമ്മൾ കണ്ടിട്ടുണ്ട്. ഈ സർക്കാരിന്റെ പുതിയ ടൂറിസമാണ് ജയിൽ ടൂറിസം. പോലീസിന്റെ മനോവീര്യത്തിലുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ താൽപ്പര്യത്തെക്കുറിച്ച് ഒന്നേ പറയാനുള്ളൂ. ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മൊബൈൽ റിംഗ് ടോൺ ഒന്ന് കേൾക്കണം. ഡി.ജി.പി.-യുടെ കോൾ വരുമ്പോൾ പാട്ട് ഇതാണ്- എന്തിന് പാഴ്ശ്രുതി മീട്ടുവതിനിയും തന്ത്രികൾ... എന്നതാണ്. പാർട്ടി ജനറൽ സെക്രട്ടറിയുടെ കോളിന് വൈബ്രേഷനും ആംബുലൻസിന്റെ ശബ്ദവും ഒരുമിച്ച് കേൾക്കുകയും ചെയ്യും. നിങ്ങളുടെ പാർട്ടിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി എത്രപേരാണ് ജീവൻ ബലികഴിച്ചത്? ജന്മനാൽ കമ്മ്യൂണിസ്റ്റായ കുറെ ആളുകളുണ്ട്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. എ. എം. ആരിഫ്, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. കെ. ബാബു, ശ്രീ. എ. എൻ. ഷംസീർ ഇവരൊക്കെ ജന്മനാ കമ്മ്യൂണിസ്റ്റുകാരാണ്. വന്നുകൂടിയവർക്കാണ് ഇപ്പോൾ സ്ഥാനം. ഡോ. കെ. ടി. ജലീലൊക്കെ വന്നുകൂടിയവരല്ലേ? ശ്രീ. രാജു എബ്രഹാം അഞ്ച് പ്രാവശ്യമായി ഇവിടെയുണ്ട്. ശ്രീ. വി. കെ. സി. മമ്മത് കോയ വലിയ പൈസക്കാരനാണ്, കോടീശ്വരനാണ്, എനിക്ക് ഇഷ്ടമാണ്, ഞാൻ ബഹുമാനിക്കുന്ന ഒരു വ്യക്തിയുമാണ്. കോഴിക്കോട് കോർപ്പറേഷൻ മേയർ സ്ഥാനം ഒഴിവാക്കിയതുകൊണ്ട് അദ്ദേഹത്തിന് ഇവിടെ മന്ത്രിസ്ഥാനം കിട്ടുമെന്ന് വിചാരിച്ചു. അതും കിട്ടിയില്ല. വന്നുകൂടിയവർക്ക് കൊടുത്തു. ഇങ്ങനെയുമുണ്ടോ ഒരു പാർട്ടി? നിങ്ങൾ ആലോചിക്കൂ. ഡോ. കെ. ടി. ജലീലിനെ പോലെയുള്ളവർ മുസ്ലീം ലീഗിനെ ചീത്ത പറയാതെ അവിടെ അങ്ങനെ അരക്കിട്ട് ഉറപ്പിച്ചിരിക്കും. മറ്റുള്ളവരുടെ നീക്കങ്ങളിൽ മേലാളായി നടക്കുകയാണ്. ശ്രീ. പിണറായി വിജയന് ഉപദേശങ്ങൾ കൊടുക്കുന്നത് ഡോ. കെ. ടി. ജലീലാണെന്നാണ് വയ്പ്. ഇതൊക്കെ കണ്ട് ശ്രീ. എ. എൻ. ഷംസീർ ഉൾപ്പെടെയുള്ളവർ പേടിച്ച് നടക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെയും ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെയും കാര്യം എന്തുകൊണ്ടാണ് പറയാത്തത്?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ശ്രീ. മഞ്ഞളാംകുഴി അലി നമ്മുടെ തറവാട്ടിൽനിന്നും അങ്ങോട്ട് പോയതാണ്. രണ്ടാമത് ഇങ്ങോട്ട് തിരിച്ചുവന്നു. അവിടെയാണ് വിഷയം. ഞങ്ങൾ ശ്രീ. കെ. എൻ. എ. ഖാദറിന് സീറ്റ് കൊടുത്തതെങ്ങനെയാണ്? ഇവിടെ വന്ന് ഉറച്ച് നിൽക്കുന്നുണ്ടോയെന്നൊക്കെ നോക്കി പത്തുപതിനഞ്ച് കൊല്ലം അതിന്റെ മട്ടൊക്കെ പഠിച്ചതിനുശേഷമാണ് കൊടുത്തത്. 2005 വരെ എന്റെ കൂടെ ജില്ലാപഞ്ചായത്ത് മെമ്പറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായിരുന്നയാളാണ് ഡോ. കെ. ടി. ജലീൽ ഡൽഹിയിൽ 2006-ൽ സീറ്റ് കൊടുത്തതാണ് എന്നിട്ട് അവിടെ പോയില്ല. ശ്രീ. എ. എൻ. ഷംസീറിന്റെ കാര്യം ആലോചിക്കുമ്പോൾ എനിക്ക് വിഷമമുണ്ട്. ജയിലിലൊക്കെ കിടന്നയാളാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഡോ. കെ. ടി. ജലീൽ നല്ല പാരമ്പര്യമുള്ളയാളാണ്. അദ്ദേഹം പ്രഗത്ഭനാണ്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തെ മന്ത്രിയാക്കിയത്. നിങ്ങളും പാരമ്പര്യമുള്ളയാളാണ്. പക്ഷെ നിങ്ങൾ പറഞ്ഞ് പറഞ്ഞ് വരുമ്പോൾ പാരമ്പര്യമൊക്കെ ഇല്ലാതെയായി പോകും.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി, ശ്രീ. രാജു എബ്രഹാം പ്രഗത്ഭനല്ലേ? അഞ്ച് പ്രാവശ്യം എം.എൽ.എ. ആയി വന്നില്ലേ? ശ്രീ. കെ. സുരേഷ് കുറുപ്പ് ലോക്സഭാ സീറ്റിലേയ്ക്ക് കോട്ടയത്തുനിന്ന് രണ്ട് പ്രാവശ്യം യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി പോയപ്പോൾ മന്ത്രിയാകുമെന്നാണ് വിചാരിച്ചത്. എന്ത് ചെയ്യാനാണ്? അവനവന്റെ നിലവാരംവിട്ട് കളിക്കണ്ടെന്നാണ് എനിക്ക് പ്രിയപ്പെട്ട കെ. ടി. ജലീലിനോട് പറയാനുള്ളത്. അദ്ദേഹം ആദ്യം ജമാ അത്തെ ഇസ്ലാമായി പിന്നീട്, സിമിയായി പിന്നെ വിചാര വേദിയായി പിന്നെ മുസ്ലീം ലീഗായി ഇപ്പോൾ സി.പി.ഐ. (എം) ആയി. കളിയെടാ കാമാക്ഷി കുട്ടിപെണ്ണേ എന്നുപറഞ്ഞു കൊണ്ട് ഇവർ കളിപ്പിക്കുന്നതനുസരിച്ച് മുസ്ലീംലീഗിനുനേരെ കുതിര കയറാൻ വരണ്ടെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നമ്മൾ ഓരോരുത്തർക്കും ഓരോ ക്വാളിറ്റിയുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് തൽക്കാലം മന്ത്രിസ്ഥാനം കിട്ടി. അത് ഞങ്ങൾ ആഘോഷിച്ചോളാം, വേറെ കുഴപ്പമൊന്നുമില്ല. ശ്രീ. സി. എച്ച്. മുഹമ്മദ് കോയ കൂറുമാറി പോകുന്ന ആൾക്കാരെക്കുറിച്ച് സഭയിൽ ഒരു കഥ പറഞ്ഞത് എനിക്ക് ഓർമ്മ വരികയാണ്. ഡോ. കെ. ടി. ജലീൽ പാർട്ടി

മാറിയ കണക്ക് നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ മൂട്ടിൽ ഒരു നൂൽ ഉണ്ടെങ്കിൽ ഒരു മുണ്ട് നെയ്തെടുക്കാൻ കഴിയുമായിരുന്നു. അത്രമാത്രം അങ്ങോട്ടും ഇങ്ങോട്ടും ചാടിയ ആളാണ് ഡോ. കെ. ടി. ജലീൽ. ശ്രീ. മഞ്ഞളാംകുഴി അലി-ക്ക് മന്ത്രി സ്ഥാനം നൽകിയതിൽ എന്താണ് കുഴപ്പം? ഒരു കുഴപ്പവുമില്ല.

ശ്രീ. എം. എം. അക്ബറിനെ ജാമ്യത്തിൽ ഇറക്കിയതിന് പിണറായി സർക്കാരിന് അഭിവാദ്യങ്ങൾ എന്നുപറയുന്ന ഒരു ഫെയ്സ് ബുക്ക് വാട്സ് ആപ്പ് പോസ്റ്റ് ഞാൻ കണ്ടു. ശ്രീ. എം. എം. അക്ബറിന്റെ പേരിൽ കേസ് കൊടുത്തതും അയാൾ പിടികിട്ടാപ്പുള്ളിയെന്ന് പറഞ്ഞതും അയാളെ പിടിക്കാൻവേണ്ടി എല്ലാ ഏർപ്പാടുകളും ചെയ്തതും എയർപോർട്ടിലും മറ്റും അറിയിപ്പ് കൊടുത്തതും ആരാണ്? നിങ്ങൾ. അയാൾ വന്നു. അയാൾക്ക് ജാമ്യം കിട്ടി. അതിന്റെ തിരക്കഥയും സംഭാഷണവും നിർമ്മാണവും സംവിധാനവും എല്ലാം നിങ്ങൾ തന്നെയാണ്. നിങ്ങളുടെ അമ്മായിയുടെ മകനാണല്ലോ ജഡ്ജി. അതിനെതിരായി റിപ്പോർട്ടും കൊടുത്തു. ആ ശശി അവിടെ വന്നിട്ടുണ്ടായിരുന്നു. എനിക്ക് രാഷ്ട്രീയം അറിയില്ലെന്ന് അയാൾ............ ശ്രീ. വി. എസ്. അച്ചുതാന്ദൻ സി.പി.ഐ. (എം) സംസ്ഥാന കമ്മിറ്റിയിൽ വന്നപ്പോൾ ശ്രീ. പിണറായി വിജയന് സീറ്റ് തന്നതല്ലാതെ വേറെ എന്താണ്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇരിക്കുമ്പോഴല്ലേ പറയാൻ പറ്റുകയുള്ളൂ. പിന്നെ നിങ്ങൾക്ക് ന്യൂനപക്ഷ പ്രേമമാണെന്ന് പറഞ്ഞു. നിങ്ങൾക്ക് എവിടെയാണ് ന്യൂനപക്ഷ പ്രേമം? ഇ. അഹമ്മദിനെ ശ്രീമതി സോണിയാ ഗാന്ധി കേന്ദ്രത്തിൽ നമ്മുടെ പാർട്ടിയിലെ ഒരു മന്ത്രിയാക്കാൻ തീരുമാനിച്ചു. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. പിണറായി വിജയനും മതേതരത്വത്തിനേറ്റ മുറിവാണെന്നാണ് പറഞ്ഞത്. നിങ്ങൾക്ക് ചരിത്രപരമായ വിഡ്ഢിത്തം പറ്റിയതിന് ഞങ്ങൾ ഉത്തരവാദിയല്ലല്ലോ. ശ്രീ. സോമനാഥ് ചാറ്റർജി, നിങ്ങൾ തീരുമാനിച്ചിട്ടും അയാൾ അവിടെത്തന്നെ നിന്നു. പശ്ചിമബംഗാളിൽ നിന്നാൽ സീറ്റ് കിട്ടുകയില്ലെന്ന് അയാൾക്കറിയാം. അതുകൊണ്ട് അദ്ദേഹം സ്പീക്കറായിത്തന്നെ നിന്നു.

2.00 pm

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ശ്രീ. പി. കെ. ബഷീർ മുസ്ലീം ലീഗിന്റെ താങ്ങും തണലുമായി നിന്ന സീതി ഹാജിയുടെ മകനാണ്. നല്ല കഴിവുള്ള അദ്ദേഹത്തിന് ഒരു പരിഗണനയും കൊടുക്കാതെയാണ് ശ്രീ. മഞ്ഞളാംകുഴി അലിയെ പരിഗണിച്ചത്. അതുസംബന്ധിച്ച് ഞാൻ റഹീം സാഹിബിനോട് ചോദിച്ചപ്പോൾ സീതി ഹാജിക്ക് തന്നെ ഇതുവരെ കൊടുത്തിട്ടില്ലല്ലോ അയാൾ തന്നെ എന്നോട് സങ്കടം പറഞ്ഞിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. പി. കെ. ബഷീർ: സർ, ചാലിയാറിന്റെ തീരത്തുകൂടി തെരപ്പം കുത്തി നടക്കുന്ന, തോള് കാഞ്ഞിരുന്ന ഒരാളായിരുന്നു എന്റെ വന്ദ്യനായ പിതാവ്. അദ്ദേഹം ജീവിതത്തിൽ സ്വപ്രയത്നത്താൽ ഉയർന്നുവന്നപ്പോൾ മുസ്ലീം ലീഗ് രാഷ്ട്രീയത്തിലൂടെ വന്ന സീതി ഹാജിയെ നീണ്ട പതിനാലരക്കൊല്ലം മുസ്ലീം ലീഗ് പാർട്ടി എം.എൽ.എ. ആക്കി. മുസ്ലീം ലീഗ് അദ്ദേഹത്തെ സംസ്ഥാന മുസ്ലീം ലീഗിന്റെ സെക്രട്ടറിയാക്കി. മുസ്ലീം ലീഗ് പാർട്ടി അദ്ദേഹത്തെ പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മിറ്റിയുടെ ചെയർമാനാക്കി. 1991-ൽ അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ മാരകമായ കാൻസർ രോഗത്തിന് അടിമപ്പെട്ട് ആരോഗ്യപരമായ ബുദ്ധിമുട്ടുണ്ടായപ്പോൾ അന്നത്തെ യു.ഡി.എഫ്., മുസ്ലീം ലീഗ് പാർട്ടി അദ്ദേഹത്തിന് ക്യാബിനറ്റ് റാങ്ക് കൊടുത്ത് ഗവൺമെന്റ് ചീഫ് വിപ്പാക്കി. അദ്ദേഹം അങ്ങനെ അന്തസ്സായിട്ടാണ് മരിച്ചത്. അതൊക്കെ നിങ്ങളുടെ പാർട്ടിയിലുണ്ടോ? നിങ്ങളുടെ പാർട്ടിയിലെ ആർക്കെങ്കിലും അസുഖം വന്നാൽ അയാളെ മൂലയ്ക്ക് കിടത്തുമെന്നല്ലാതെ നിങ്ങളാരെങ്കിലും അങ്ങോട്ട് തിരിഞ്ഞ് നോക്കുമോ? നമ്മുടെ പാർട്ടി അതൊക്കെ ചെയ്യുമെന്ന് മനസ്സിലാക്കണം. സീതി ഹാജിയുടെ ചികിത്സയ്ക്കുവേണ്ടി ഗവൺമെന്റ് അമേരിക്കയിൽ കൊണ്ടുപോയി. അതുമാത്രമല്ല, അന്ന് കേരള ഗവൺമെന്റ് ഒരു മനുഷ്യന് ജീവിതത്തിൽ കിട്ടാവുന്ന ഏറ്റവും വലിയ അംഗീകാരമായ പൊതു അവധി കൊടുത്തു. അതൊക്കെ ആ പാർട്ടിയുടെ മെച്ചം. ശ്രീ. എ. കെ. ബാലൻ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം ഒരു വർഷം നീളുന്ന പരിപാടിയായി ആഘോഷിക്കാൻ തീരുമാനിച്ചതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പക്ഷേ അതിനോടൊപ്പം ഇന്ദിരാ ഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷിത്വം ആഘോഷിക്കണം. എങ്കിൽ സി.പി.ഐ.(എം) കോൺഗ്രസ്സിനെ ചീത്ത പറഞ്ഞതിൽ കുറെയൊക്കെ ക്ഷമിക്കാം. അത് ആവശ്യമാണ്. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ കോൺഗ്രസ്സിന്റെ ചരിത്രത്തെയും കോൺഗ്രസ്സിന്റെ പ്രസിഡന്റുമാരെയും നെഹ്റു കുടുംബത്തിനെയുംപറ്റി വാതോരാതെ പ്രസംഗിച്ചു. കോൺഗ്രസ്സിന്റെ ഇന്നത്തെ നാശത്തിന് കാരണം ഒരു കുടുംബത്തിനെ മാത്രം ഫോക്കസ് ചെയ്തതുകൊണ്ടാണെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, 1885-ൽ കോൺഗ്രസ്സുണ്ടായി. ആ കോൺഗ്രസ് വളർന്നുവലുതായി. അത് ഇന്ത്യയിലുണ്ടായ പാർട്ടിയാണ്. വിദേശത്തുനിന്നും ഇവിടെ വന്ന പാർട്ടിയല്ല, അങ്ങനെ വന്നത് കമ്മ്യൂണിസ്റ്റാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഇത് പറയുന്നതിൽ എന്നോട് ക്ഷമിക്കണം. ബഹുമാനപ്പെട്ട അംഗത്തിന് ഇതൊക്കെ അറിയുമോയെന്ന് അറിയില്ല. കേരളത്തിൽ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ കോൺഗ്രസ്, മുസ്ലീം ലീഗ്, ബി.എസ്.പി.-യും ഉൾപ്പെട്ട ഒരു ഗവൺമെന്റ്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി. നെഹ്റു പറഞ്ഞു, ഇന്ത്യയിൽ മുസ്ലീം ലീഗും കോൺഗ്രസ്സും തമ്മിൽ ഒരു സംസ്ഥാനത്താണെങ്കിലും സംയുക്തമായി മന്ത്രിസഭയുണ്ടാക്കുന്നത് കോൺഗ്രസ്സിന് അപകടമാണ്, മോശമാണ് അതുകൊണ്ട് കോൺഗ്രസ് ഈ

ബന്ധത്തിൽനിന്നും മാറണം എന്ന്. അങ്ങനെ കോൺഗ്രസ് ആ ബന്ധത്തിൽ നിന്നും മാറി ഒറ്റയ്ക്കായി. മറ്റ് കക്ഷികളൊക്കെ വേറെ. അവസാനം ഒരു തെരഞ്ഞെടുപ്പിന് കേരളത്തിലെ കോൺഗ്രസ്സിന് 9 എം.എൽ.എ.-മാർ മാത്രമായി. അങ്ങനെയുള്ള ഒരു അവസ്ഥയുണ്ടായിരുന്നു. ജവഹർലാൽ നെഹ്റു കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിലുള്ള ബന്ധം ഒഴിവാക്കണമെന്ന് പറഞ്ഞ നേതാവാണ്. 1969-ൽ കോൺഗ്രസ് പിളർന്നു. കോൺഗ്രസ് പിളർന്നശേഷം ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ് ഒറ്റയ്ക്കാണ്. ബാക്കിയുള്ള കക്ഷികൾ എല്ലാം ഒരുമിച്ച്. കേരളത്തിലെ മുഴുവൻ കോർപ്പറേഷനുകളും കോൺഗ്രസ് ഒറ്റയ്ക്ക് ഭരിച്ചു. അന്നത്തെ കെ.എസ്.യു.-വിന്റെ നേതാക്കൾ ഇന്ന് ഇവിടെ ഇരിക്കുന്നുണ്ട്. കെ.എസ്.യു. എന്ന യൂത്ത് കോൺഗ്രസ് പ്രസ്ഥാനം വളർത്തിയതിന്റെ ഫലമായി കേരളത്തിലെ 90 ശതമാനം മുനിസിപ്പാലിറ്റികളും കോൺഗ്രസ് ഒറ്റയ്ക്ക് ഭരിച്ചു. ആ കോൺഗ്രസ്സിനെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ലീഗുമായി ബന്ധപ്പെടാൻ പാടില്ല എന്ന് പറഞ്ഞശേഷമുള്ള കോൺഗ്രസ്സിന്റെ യുവജനവിഭാഗമാണ് ഇവിടെ എത്തിച്ചത്. പക്ഷെ, ബഹു. അംഗം ഇവിടെ പറഞ്ഞല്ലോ ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തോടുകൂടി വേറെ രണ്ടുപേരെയും കൂടെ ചേർക്കണമെന്ന്. അവിടെയാണ് ഞാൻ പറയുന്നത്, ഇന്ദിരാ ഗാന്ധി കോൺഗ്രസ്സിനെ പിളർത്തിയതിനുശേഷം അവർ കേരളത്തിലെ കോൺഗ്രസ് ലീഡർഷിപ്പിനോടു പറഞ്ഞു ഇവിടെ തത്വം വേണ്ട അധികാരം വേണമെന്ന്. പിന്നീടുള്ള ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ചരിത്രം വേറെയാണ്. അത് എല്ലാവർക്കുമറിയാം.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, കോൺഗ്രസ്സിൽ എത്രയോ പ്രസിഡന്റുമാരുണ്ടായി. ആരാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അച്ഛൻ ആരായിരുന്നു? മോത്തിലാൽ നെഹ്റു. ഈ രാജ്യം ബ്രിട്ടീഷുകാർ ഭരിച്ചപ്പോൾ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കാൻവേണ്ടി ഇന്ത്യാ രാജ്യം വിലയ്ക്ക് തരുമോയെന്ന് ചോദിച്ചത് ആരാണ്? മോത്തിലാൽ നെഹ്റുവാണ്. അങ്ങനെ രാജ്യത്തിനുവേണ്ടി വളരെയധികം ത്യാഗം സഹിച്ചവരാണ് കോൺഗ്രസ്സിലെ നേതാക്കൾ. ആ മോത്തിലാൽ നെഹ്റുവിന്റെ മകനാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മരിച്ചപ്പോൾ ആരാണ് കോൺഗ്രസ്സിന്റെ പ്രസിഡന്റായത്? ലാൽ ബഹദൂർ ശാസ്ത്രി വന്നു. അദ്ദേഹം ഒരപകടത്തിൽ മരണപ്പെട്ടു. അത് കഴിഞ്ഞപ്പോൾ ആരാണ് വന്നത്? കോൺഗ്രസ്സിന്റെ പ്രസിഡന്റായി ഇന്ദിരാ ഗാന്ധി വന്നു. അതിനെന്താണ് കുഴപ്പം? പാരമ്പര്യവും മറ്റും നോക്കില്ലേ? ഞാൻ ചോദിക്കട്ടെ, ഇന്ദിരാ ഗാന്ധിക്ക് എന്തിന്റെ കുറവാണ്. ആ കാലഘട്ടത്തിൽ ഇന്ദിരാ ഗാന്ധി വന്നു. ഇന്ദിരാ ഗാന്ധി തെരഞ്ഞെടുപ്പിൽ തോറ്റു. 1971-1973 കാലഘട്ടത്തിൽ കോൺഗ്രസ് രണ്ടായി. അന്നല്ലേ ശ്രീ. സി. കെ. നാണുവിന്റെ നേതാവ് മൊറാർജി ദേശായി

ഒരുഭാഗത്തുണ്ടായത്. അതുകഴിഞ്ഞ് 1977-ലെ തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി പരാജയപ്പെട്ടു. 1980-ൽ അടിയന്തരാവസ്ഥ ക്കാലത്ത് കോൺഗ്രസ്സിലെ പല ആളുകളും – ഇന്ദിരാ ഗാന്ധിയെ തള്ളിപ്പറഞ്ഞിട്ടും കോൺഗ്രസ് പിളർന്നിട്ടും മറ്റ് പാർട്ടിയുണ്ടാക്കിയിട്ടും 351 സീറ്റുമായി ഇന്ദിരാ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് തിരിച്ചുവന്നത് അവർ ജനപിന്തുണയുള്ള നേതാവായതുകൊണ്ടാണ്. അതുകഴിഞ്ഞ് രാജീവ് ഗാന്ധി വന്നു. രാജീവ് ഗാന്ധി കൊലചെയ്യപ്പെട്ടശേഷം ആരാണ് കോൺഗ്രസ്സിന്റെ പ്രസിഡന്റായത്? ശ്രീമതി സോണിയാ ഗാന്ധിയെ പ്രസിഡന്റാക്കാമെന്ന് പറഞ്ഞപ്പോൾ എനിക്ക് വേണ്ടെന്ന് പറഞ്ഞു. പിന്നീട് ശ്രീ. പി. വി. നരസിംഹറാവു ആണ് കോൺഗ്രസ്സിന്റെ നേതാവായത്. ശ്രീ. പി. വി. നരസിംഹറാവു പോയശേഷം സീതാറാം കേസരിയാണ് പ്രസിഡന്റായത്. സീതാറാം കേസരി പോയശേഷം ഇപ്പോഴാണ് ശ്രീമതി സോണിയാ ഗാന്ധി പ്രസിഡന്റായത്. കഴിവുള്ളവർക്കല്ലേ ഈ സ്ഥാനം നൽകാൻ സാധിക്കുകയുള്ളൂ. കഴിവില്ലാത്തവർക്ക് ഈ സ്ഥാനം നൽകാൻ സാധിക്കുമോ? ഞാൻ കൂടുതൽ പറയുന്നില്ല. ഇനി പുതിയ കാലഘട്ടത്തെക്കുറിച്ച് പറയാം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് അസഹിഷ്ണുതയുണ്ട്. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്ന ഒരാളാണ്, കാരണം ഞാൻ എന്ത് ചോദിച്ചാലും വഴങ്ങുന്ന ഒരാളാണ് അദ്ദേഹം. അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നതുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട ഏറനാട് അംഗം ഈ സഭയിൽ കോൺഗ്രസ്സുകാർ ഇതുവരെ പറയാത്തതുപോലെ, കേൾക്കാത്തതുപോലെ കോൺഗ്രസ്സിന്റെ ഗുണങ്ങളെ സംബന്ധിച്ചും ചരിത്രത്തിലെ പങ്കിനെ സംബന്ധിച്ചും വിശദമായി സംസാരിക്കുകയുണ്ടായി. അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. നല്ല ഒരു ഘടകകക്ഷിയായി കോൺഗ്രസ്സിനോടൊപ്പം നിൽക്കാൻ അദ്ദേഹത്തിന്റെ പാർട്ടി സന്നദ്ധമാണെന്നുള്ള സന്ദേശമായിരിക്കും അദ്ദേഹം ഇവിടെ തന്നിട്ടുണ്ടാവുക. പക്ഷേ അതെല്ലാം പറയുമ്പോഴും അദ്ദേഹം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള ആളുകളുടെ കാലഘട്ടം വിശദീകരിച്ച കൂട്ടത്തിൽ, ഞാൻ സാന്ദർഭികമായി കേട്ടപ്പോൾ ചോദിക്കണമെന്ന് തോന്നിയതുകൊണ്ട് ചോദിക്കുകയാണ് മഹാനായ പണ്ഡിറ്റ് നെഹ്റു അങ്ങയുടെ പാർട്ടിയെ വിശേഷിപ്പിച്ചത് എന്തായിരുന്നുവെന്ന് അങ്ങ് ഇപ്പോൾ ഓർമ്മിക്കുന്നുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പണ്ട് 'ചത്ത കുതിര' എന്ന തരത്തിലല്ലേ പറയാൻ പോകുന്നത്. അതിനൊരു കുഴപ്പവുമില്ല. അതൊക്കെ അന്ന് ജവഹർലാൽ നെഹ്റു പറഞ്ഞതാണ്. പിന്നീട് തിരുത്തിയില്ലേ? 48 വർഷമായി ഞങ്ങളും കോൺഗ്രസ്സും ഒരുമിച്ച് നിൽക്കുന്നു. രാഷ്ട്രീയത്തിൽ അതൊക്കെയുണ്ടാകും. നിങ്ങളെ സി.പി.ഐ.(എം) എന്തൊക്കെയാണ് പറയുന്നത്. അത് 'ഉറങ്ങിക്കിടക്കുന്ന സിംഹമാണെന്നാണ് 'സി.എച്ച്. പറയുന്നത്. അതിലൊന്നും ഒരു കുഴപ്പവുമില്ല. നിങ്ങൾ ബി.ജെ.പി.-യുടെ കൂടെ അത്താഴവിരുന്ന് നടത്തി, എൽ. കെ. അദ്വാനിയുമായി ഒരുമിച്ച് കൂടി കെട്ടിപ്പിടിച്ചു. എന്നിട്ട് ഇപ്പോൾ ബി.ജെ.പി.-യെ എതിർക്കുന്നു. കോൺഗ്രസ്സിന്റെ ഭരണകാലത്ത് നിങ്ങൾ കേന്ദ്രത്തിനെതിരെ സമരം നടത്തി. നിങ്ങളുടെ മന്ത്രി ശ്രീ. ജി. സുധാകരൻ പറയുന്നത് കേട്ടപ്പോൾ എനിക്ക് ഭയങ്കര സങ്കടമായിപ്പോയി. ഇപ്പോൾ നിങ്ങൾക്ക് കേന്ദ്രസമരവുമില്ല. ഒന്നുമില്ല. ഇപ്പോൾ നിങ്ങൾ അനുസരണയുള്ള കുട്ടികളെപ്പോലെ നിൽക്കുകയാണ്. അതൊക്കെ നടക്കും. ഇത് രാഷ്ട്രീയമാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ശ്രീ. കെ. എം. മാണിയുടെ പിന്നാലെ നടക്കുന്നുണ്ടല്ലോ? ഇപ്പോൾ നിങ്ങൾ നെഞ്ചത്ത് കൈവച്ച് പറയണം. ശ്രീ. കെ. എം. മാണിയെ നിങ്ങൾ സ്വീകരിക്കുമോയെന്ന്. സി.പി.ഐ.(എം.)-കാരുടെ നിലപാട് എന്താണെന്ന് പറയണം. നിങ്ങളുടെ പാർട്ടിക്കൊരു നിലപാടുണ്ടോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയാണ്. നിങ്ങൾക്ക് ആളെക്കിട്ടാൻ വേണ്ടി ശ്രീമതി ശോഭനാ ജോർജ്ജിനെ പരിഗണിച്ചിടത്ത് വേറെ ആരെയെങ്കിലും സ്ഥാനാർത്ഥിയെ നിർണ്ണയിച്ചാൽ പോരായിരുന്നോ? പാർട്ടിയുടെ ക്രഡിബിലിറ്റി നഷ്ടപ്പെടുത്തിയില്ലേ! പാർട്ടിയുടെ അന്തസ്സ് പോയില്ലേ? വോട്ട് കിട്ടാൻ എല്ലാവരുടെയും വീട്ടിൽപോയി ഒരുമണിക്കൂർ ഇരിക്കേണ്ട ആവശ്യമുണ്ടോ? അതൊക്കെ നാണക്കേടാണ്. ഈ ധനകാര്യബില്ലിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ദാസനുവേണ്ടി <u>ശ്രീ. വി. എസ്. അച്യുതാനന്ദൻ:</u> സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ സാമൂഹ്യജീവിതവും അതുവഴി കേരളത്തിന്റെ യശസ്സും ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങളാണ് ഈ ധനകാര്യ ബില്ലിൽ അടങ്ങിയിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ബില്ലിനെ

പിന്താങ്ങുന്നത്. ഓഖി ദുരന്തം, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി സമ്മാനിച്ച നോട്ട് നിരോധന ദുരന്തം, ജി.എസ്.ടി. കെടുതി എന്നിങ്ങനെ നമ്മുടെ സാമൂഹ്യജീവിതത്തെ വരിഞ്ഞുമുറുക്കിയ കെടുതികളുടെ ദുരിതക്കയത്തിൽ നിന്നുകൊണ്ടാണ് കേരളത്തിന്റെ വിഭവസമാഹരണവും സമ്പദ്ഘടനയും ചിട്ടപ്പെടുത്താനുള്ള ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. നമുക്ക് വിഭവസമാഹരണം ശക്തിപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മാത്രമേ ക്ഷേമ പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നാം അർഹിക്കുന്ന തരത്തിൽ നടത്താൻ കഴിയൂ. ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും ഊർജ്ജം പകരാനും വിഭവസമാഹരണം ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. ഇങ്ങനെയുള്ള കേരളത്തിൽ വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ധീരമായ ചുവടുവയ്പ്പാണ് സർക്കാർ നടത്തുന്നത്. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് സംസ്ഥാനങ്ങളെ ഭരണഘടനാപരമായിത്തന്നെ സഹായിക്കാനുള്ള ബാധ്യത കേന്ദ്രഗവൺമെന്റിനുണ്ട്. ഇക്കാര്യത്തിൽ ആർക്കും തർക്കമുണ്ടാകാൻ സാധ്യതയില്ല. എന്നാൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാർ ഇങ്ങനെ വല്ല സഹായവും ചെയ്യുന്നുണ്ടോ; നമ്മളെ പരമാവധി ദ്രോഹിക്കാനുള്ള കാര്യങ്ങളല്ലേ ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നികുതി ഇനത്തിൽ ലഭിക്കുമായിരുന്ന തുകയുടെ സിംഹഭാഗവും ജി.എസ്.ടി.-യുടെ പേരിൽ കേന്ദ്ര സർക്കാർ തട്ടിയെടുക്കുകയാണ്. നോട്ടുനിരോധനം എന്ന മഹാപാതകത്തിന്റെ ആഘാതത്തിൽനിന്ന് ചെറുതായി ഒന്ന് എണീറ്റു തുടങ്ങിയപ്പോഴാണ് ജി.എസ്.ടി. എന്നുപറഞ്ഞ് ശ്രീ. നരേന്ദ്ര മോദി വീണ്ടും നമ്മുടെ നെഞ്ചത്തുതന്നെ തൊഴിച്ചത്. നമുക്ക് ലഭിക്കേണ്ട പണത്തിന്റെ നല്ല പങ്കും കേന്ദ്ര സർക്കാർ കയ്യിട്ടുവാരിക്കൊണ്ടുപോകുകയാണ്. അതിന്റെ ഫലമായി കേരളത്തിന് നേരെചൊവ്വേ നിവർന്നുനിൽക്കാൻപോലും കഴിയാത്ത സ്ഥിതിയാണ്. ഇത്തരം അതിസങ്കീർണ്ണമായ ചുറ്റുപാടിൽ നിന്നുകൊണ്ടാണ് കേരളത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പാവപ്പെട്ടവരും സാധാരണക്കാരുമായ മനുഷ്യരുടെ ഭൗതിക ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്ത് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് എക്കാലത്തേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അതിന് നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ സർക്കാരുകളുടെയും രീതി. 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലം മുതൽ തുടർന്നുവരുന്ന നയമാണിത്. 1957-ൽ ഭൂമിയിലും വിദ്യാഭ്യാസത്തിലും ഉള്ള സാധാരണക്കാരുടെ അവകാശം സാക്ഷാത്കരിക്കുക എന്നതായിരുന്നു

പരമപ്രധാനം. അതിന്റെ അടിസ്ഥാനത്തിലാണ് 1957-ലെ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിന്റെ ആറാം നാളിൽ തന്നെ കുടിയിറക്കൽ നിരോധന ഓർഡിനൻസ് കൊണ്ടുവരികയും പിന്നീടത് കാർഷിക ഭൂപരിഷ്കരണ നിയമമായി പാസ്സാക്കുകയും ചെയ്തത്. ഇതിന്റെ അനുബന്ധമായിരുന്നു അന്നത്തെ വിദ്യാഭ്യാസ നിയമം. പിന്നീട് ഈ നിയമനടപടികൾ കേരളത്തിന്റെ സാമൂഹ്യ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോയതും 'കേരള മോഡൽ' എന്ന വികസന കാഴ്ചപ്പാട് രാജ്യാന്തരങ്ങളിൽവരെ അംഗീകരിക്കപ്പെട്ടതും ചരിത്രമാണ്. ഇതിന്റെയൊക്കെ തുടർച്ചയെന്നോണമാണ് ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാരും മുന്നോട്ടു പോകുന്നത്. നമുക്കറിയാം, ആറ് പതിറ്റാണ്ട് പിന്നിടുമ്പോൾ ജീവിതവും ജീവിതപ്രശ്നങ്ങളും വല്ലാതെ മാറിയിട്ടുണ്ട്. പുതിയ പ്രശ്നങ്ങളും പുതിയ സങ്കീർണ്ണതകളും നിരവധി ഉണ്ടായിട്ടുണ്ട്. ഭൂമി, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി തുടങ്ങിയ മേഖലകളിലെല്ലാം ഇത്തരം സങ്കീർണ്ണതകൾ പ്രകടമാണ്. ഇതിനെയെല്ലാം ഫലപ്രദമായി നേരിട്ടുകൊണ്ട് മാത്രമേ പുതിയ കാലത്തെ കേരളം സൃഷ്ടിക്കാനാവൂ. അതിന് സഹായകരമായ പദ്ധതികളും പ്രവർത്തനങ്ങളുമായിട്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നേറിക്കൊണ്ടിരിക്കുന്നത്. കേരളം ഒന്നടങ്കം കണ്ണീർ വാർത്ത ദുരന്തമായിരുന്നുവല്ലോ ഓഖി ദുരന്തം. അതിന് ദുരിതാശ്വാസമായി കേന്ദ്രഗവൺമെന്റിനോട് കേരളം ആവശ്യപ്പെട്ടത് 7340 കോടി രൂപയായിരുന്നു. കേന്ദ്രഗവൺമെന്റ് നൽകിയത് 169 കോടി രൂപ മാത്രം. ബി.ജെ.പി. സർക്കാർ കേരളത്തോട് കാട്ടിയ ക്രൂരമായ ഈ അവഗണനയ്ക്കെതിരെയല്ലേ സത്യത്തിൽ യു.ഡി.എഫ്.-കാർകൂടി പ്രതിഷേധിക്കേണ്ടിയിരുന്നത്; ഓഖി ദുരന്തകാലത്ത് കേരളം സന്ദർശിച്ച ഒരു കേന്ദ്ര വനിതാ മന്ത്രി എന്തെല്ലാമാണ് തട്ടിവിട്ടിട്ടുപോയത്. സാക്ഷാൽ നരേന്ദ്ര മോദിയെ വെല്ലുന്ന തരത്തിലാണ് അവർ ഗദ്ഗദകണ്ഠയായി ഒത്തിരി ഒത്തിരി കാര്യങ്ങൾ പറഞ്ഞിട്ടുപോയത്. ഇങ്ങനെ മനുഷ്യരുടെ ദുഃഖം കാണുന്ന ഒരു മന്ത്രിയുണ്ടോ; എത്ര തങ്കപ്പെട്ട സ്ത്രീയാണ് എന്നൊക്കെ അന്ന് പാവപ്പെട്ട മത്സ്യത്തൊഴിലാളികളടക്കം പറഞ്ഞു. എന്നിട്ട് എന്തായി? ഭിക്ഷക്കാരോട് പെരുമാറുന്നതുപോലെയല്ലേ ഇക്കാര്യത്തിൽ നരേന്ദ്ര മോദി സർക്കാർ കേരളത്തോട് പെരുമാറിയത്. ഇപ്പോൾ എന്തായി; കരഞ്ഞും കണ്ണീരൊപ്പിയും ശ്രീ. എൽ. കെ. അദ്വാനിയെപ്പോലും കാലുവാരിയ ശ്രീ. നരേന്ദ്ര മോദിയെക്കാൾ വിദഗ്ദ്ധമായല്ലേ ആ അമ്മ ഓരോന്ന് പറഞ്ഞുപോയത്. എല്ലാം വെറും വീൺവാക്കായിരുന്നു എന്ന് ദുരിതാശ്വാസ പാക്കേജ് വന്നപ്പോൾ മനസ്സിലായില്ലേ; ഇതുമാത്രമാണോ? നമ്മൾ കൊടുക്കുന്ന നികുതിപ്പണം ആരൊക്കെയാണ് കൊള്ളയടിക്കുന്നത്; ലളിത് മോദി, നീരവ് മോദി പിന്നെ ഏത് മോദി എന്ന് ഞാൻ പ്രത്യേകം പറയണമെന്നുണ്ടോ; കക്കുന്നവനെപ്പോലെ തന്നെ കുറ്റക്കാരനല്ലേ കക്കുന്നവനെ സംരക്ഷിക്കുന്നവനും?

'കക്കുന്നവൻ വലുതായാൽ കാക്കുന്നവനാകും. കാക്കുന്നവൻ ചെറുതായാൽ കക്കുന്നവനാകും' എന്ന് കുഞ്ഞുണ്ണി മാഷ് എഴുതിയത് ശ്രീ. നരേന്ദ്ര മോദിയെയും മറ്റും മനസ്സിൽ കണ്ടാണോ എന്നാണ് എന്റെ സംശയം. നമ്മുടെ നികുതിപ്പണം കവർന്നെടുത്തിട്ടല്ലേ ശ്രീ. നരേന്ദ്ര മോദിയുടെ ശിങ്കിടികളായ സകലമാന മോദിമാർക്കും നമ്മുടെ സമ്പത്ത് കൊള്ളയടിക്കാൻ അവസരം ഉണ്ടാക്കുന്നത്. സാധാരണക്കാർ പതിനായിരം രൂപ ബാങ്ക് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയാൽ നമ്മുടെ കുടുംബവും തറവാടുമൊക്കെ ജപ്തി ചെയ്തുകൊണ്ടുപോകുന്ന വിദ്വാൻമാരാണ് പതിനായിരക്കണക്കിന് കോടി രൂപയുടെ കുടിശ്ശിക വരുത്തിയ മോദിമാർക്ക് സുഖസഞ്ചാരത്തിന് വഴിയൊരുക്കുന്നത്. ഇതേപ്പറ്റി കോൺഗ്രസ്സുകാർക്കും യു.ഡി.എഫ്.-കാർക്കും ഒന്നും പറയാനില്ല. അല്ലെങ്കിൽ തന്നെ എങ്ങനെ പറയും, രണ്ടുകൂട്ടരും തമ്മിൽ നല്ല ഇരിപ്പുവശമല്ലേ? ഉദാഹരണങ്ങൾ ഒത്തിരിയുണ്ട്. അതിലേയ്ക്കൊന്നും തൽക്കാലം ഞാൻ കടക്കുന്നില്ല. എൽ.ഡി.എഫ്. സർക്കാരിനെതിരെ 1957-1959 കാലത്തെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള സംഘടിതമായ നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ കോൺഗ്രസ്സുകാരും യു.ഡി.എഫ്.-ഉം ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമുണ്ട്. അപ്പൻ തമ്പുരാൻ പറഞ്ഞതുപോലെ 'മുള്ള്, മുരട്, മൂർഖൻ പാമ്പും, കല്ല്, കരട്, കാഞ്ഞിരക്കുറ്റിയും' അടക്കമുള്ള സകല പിന്തിരിപ്പൻമാരുമുണ്ട്. പക്ഷേ 1959 അല്ല 2018 എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൊണ്ട് എൽ.ഡി.എഫ്. സർക്കാരിനെ എന്തെങ്കിലും ചെയ്തുകളയാമെന്ന് ആരെങ്കിലും സ്വപ്നം കാണുന്നുണ്ടെങ്കിൽ ആ വെള്ളമങ്ങ് വാങ്ങി വച്ചേയ്ക്കൂ. എൽ.ഡി.എഫ്. സർക്കാർ ഒരു നവകേരളം പടുത്തുയർത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുക തന്നെ ചെയ്യും. അതിന്റെ ചട്ടവട്ടങ്ങൾക്ക് അർത്ഥവും ആഴവും നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ ധനകാര്യ ബിൽ. അതുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. എ. എം. ആരിഫിനുവേണ്ടി <u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത്തവണത്തെ ബഡ്ജറ്റ് ചർച്ച ചെയ്ത് പാസ്സാക്കുന്ന പ്രക്രിയ ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. വിമർശകർപോലും ക്ഷാമകാലത്തെ ക്ഷേമ ബജറ്റെന്ന് വിശേഷിപ്പിച്ച, എല്ലാവരും പ്രതീക്ഷയോടെ ഇതിന്റെ നിർദ്ദേശങ്ങൾ ഫലവത്താകുന്നത് കാത്തിരിക്കുന്ന ബഡ്ജറ്റിന്റെ പ്രക്രിയയാണ് പൂർത്തിയാക്കുന്നത്. ഇതിന്റെ ഒരു പ്രത്യേകത, ചരിത്രത്തിലാദ്യമായി ഇത്തവണ

പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കി സഭാ സമ്മേളനം അവസാനിപ്പിക്കാൻ പോകുകയാണ്. നിശ്ചയദാർഢ്യമുള്ള ഒരു സർക്കാരിനുമാത്രം സാധിക്കുന്നതാണ് അത്. പലപ്പോഴും എല്ലാ സർക്കാരുകളും പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കി നേരത്തെതന്നെ വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കണമെന്നൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും പലപ്പോഴും അതിന് കഴിയാറില്ല. നമുക്ക് അത് കഴിയുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ബഡ്ജറ്റ് സമ്മേളനം അവസാനിക്കാൻ പോകുന്ന സന്ദർഭത്തിൽ ഈ ബഡ്ജറ്റ് സമ്മേളനത്തെ ആകെയൊന്ന് വിലയിരുത്തിയാൽ പ്രധാനമായും പ്രതിപക്ഷത്തിന്റെ വിഷയ ദാരിദ്ര്യമാണ് എല്ലാ ഘട്ടത്തിലും മുഴച്ചുവന്നത്. ഇന്നത്തെ അടിയന്തരപ്രമേയം റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടാണ്. അത് തികച്ചും സാങ്കേതിക വിദഗ്ദ്ധന്മാരും എഞ്ചിനീയർമാരും ചെയ്യേണ്ട കാര്യമാണ്. നമ്മൾ അഭിപ്രായം പറയാമെന്ന് മാത്രം. പോലീസ് ഏതോ കാലത്ത് എന്തോ നടപടി കൈക്കൊണ്ടതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം ഉണ്ടായി. പ്രതിപക്ഷം പ്രാധാന്യം കൊടുക്കുമെന്ന് ഭരണപക്ഷംപോലും കരുതിയ മധുവിന്റെ കൊലപാതകം. രാഷ്ട്രീയമായ സങ്കുചിത താൽപ്പര്യം വച്ച്, അതുപോലും യഥാദിവസം സഭയിൽ ചർച്ചയ്ക്ക് കൊണ്ടുവരാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല. ബഡ്ജറ്റിനെയോ ഭരണനിർവ്വഹണത്തെയോ വിമർശിക്കുന്നതിന് കാര്യമായി ഒന്നും കയ്യിലില്ലാതെ വന്നപ്പോൾ എന്തെങ്കിലുമൊക്കെ തപ്പിത്തടഞ്ഞ് തട്ടിപ്പെടച്ച് കൊണ്ടുവരണ്ടേയെന്ന നിലയിലാണ് പല ദിവസങ്ങളിലും പ്രതിപക്ഷം ഇവിടെ കാര്യങ്ങളൊക്കെ അവതരിപ്പിച്ചത്. ഈ സഭയിൽ വളരെ ദുർബലമായ നിലയിൽ പ്രതിപക്ഷം പറയാൻ ശ്രമിച്ചുകൊണ്ടേയിരുന്ന ചില കാര്യങ്ങളുണ്ട്. അതിൽ ഒന്ന്, ഈ സർക്കാർ വന്നതിനുശേഷം വൻ പദ്ധതികളുടെ പ്രഖ്യാപനം മാത്രമാണുണ്ടായത്. ഇതിൽ ഏതെങ്കിലും ഒന്ന് പ്രവൃത്തിപഥത്തിൽ എത്തിച്ചോ, തുടങ്ങിയോ എന്ന് നിങ്ങൾക്ക് പറയാൻ ആകുമോ എന്നുള്ള ചില ചോദ്യങ്ങളാണ്. അന്നന്ന് മന്ത്രിമാർ പലതിനും മറുപടി പറഞ്ഞിട്ടുണ്ട്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് തുടക്കമിട്ടത് ഈ സർക്കാരാണ്. ഇവിടെ ആവർത്തിച്ചതുകൊണ്ട് വിശദാംശം പറയേണ്ടതില്ല. 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രഖ്യാപിക്കുന്നതിനുള്ള ധൈര്യം കാണിച്ചില്ലേ ഒരു ഗവൺമെന്റ്. അത് ഫലവത്താക്കിയോ എന്നുള്ളതാണ്. ഫലവത്താക്കാനുള്ള നടപടികൾ കൈക്കൊണ്ടുതുടങ്ങി. അതിൽത്തന്നെ 20,000 കോടിയിൽപ്പരം രൂപയുടെ പ്രവൃത്തികൾക്കുള്ള ധനാനുമതി ധനകാര്യ വകുപ്പ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇനി അത് ഓരോന്നും പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവാദിത്വം നമുക്കെല്ലാ വർക്കുമുള്ളതാണ്. എം.എൽ.എ.-മാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമുള്ളതാണ്. നമ്മളെല്ലാവരും ചെയ്യേണ്ടതാണ്. കിഫ്ബി-യെ പലരും പരിഹസിച്ചു

കൊണ്ടേയിരുന്നു. 639 കോടി രൂപയുടെ റോഡുകളും പാലങ്ങളും, 494 കോടി രൂപയുടെ സ്കൂളുകൾ, 338 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ തുടങ്ങിയവയെല്ലാം കിഫ്ബി വഴിയുള്ള പ്രവൃത്തികൾ നിർമ്മാണത്തിലേയ്ക്ക് വന്നതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പലവട്ടം പറഞ്ഞിട്ടുണ്ട്. നമ്മുടെ ഇടയിൽത്തന്നെ പരിശോധിച്ചാൽ, എന്റെ മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. വഴി 822 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. ടെണ്ടർ ചെയ്തുവെന്നാൽ നാളെ വർക്ക് ആരംഭിക്കുന്നതാണ്. ആരോഗ്യ വകുപ്പിൽ 145 കോടി രൂപയുടെ പ്രവൃത്തികളും വിദ്യാഭ്യാസ വകുപ്പിൽ 897 കോടി രൂപയുടെ പ്രവൃത്തികളും ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഒന്ന് തുടക്കമിടാനായോ, പ്രവൃത്തി ആരംഭിച്ചോ, വെറും പ്രഖ്യാപനമല്ലേയുള്ളൂ എന്നുപറയുന്നതിന് ഒരു അടിസ്ഥാനവുമില്ല. ഈ വിമർശനം ഉന്നയിച്ച പ്രതിപക്ഷാംഗങ്ങളുടെ ഉൾപ്പെടെയുള്ള മണ്ഡലങ്ങളിൽ പ്രവൃത്തി ഉദ്ഘാടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയല്ലേ; ഏതെങ്കിലും സർക്കാരിന്റെ കാലത്ത് ഇത്രയും വലിയ വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ടോ; ആയത് വച്ചാണ് പറയുന്നത്. ഇനി വരാനിരിക്കുന്നുണ്ട്. ബഡ്ജറ്റിൽ നമുക്കെല്ലാം വകയിരുത്തി തന്നത്, പ്രവൃത്തിപഥത്തിൽ എത്താനിരിക്കുന്നത് വേറെയുണ്ട്. എത്തിയത് വച്ചാണ് പറഞ്ഞത്. ഇതിനുമുമ്പ് ഏതെങ്കിലും ഒരു സർക്കാരിന്റെ കാലത്ത് ഇത്രയും പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിയിട്ടുണ്ടോ; നിങ്ങളുടെ സർക്കാരിന്റെ കാലത്ത് തുടക്കമിട്ടുവെന്ന് പറയുന്ന ചില പദ്ധതികളുടെ കാര്യം, ലൈറ്റ് മെട്രോയുടെ കാര്യത്തിൽ അടിയന്തരപ്രമേയം കൊണ്ടുവന്നല്ലോ; ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉൾപ്പെടെ ഇവിടെ ഇരിക്കുന്നുണ്ട്. ലൈറ്റ് മെട്രോ പദ്ധതി നമുക്ക് വേണ്ടതാണ്. കോഴിക്കോടും തിരുവനന്തപുരത്തുമെല്ലാം ഒരു മാസ് ട്രാൻസ്പോർട്ട് സിസ്റ്റമെന്ന നിലയിൽ അവലംബിക്കാൻ കഴിയാവുന്ന കാര്യങ്ങൾ തന്നെയാണ്. ആലോചിച്ചതിൽ പിശകൊന്നുമില്ല. പക്ഷെ പ്രതിപക്ഷത്തിന് ആ കാര്യത്തിൽ ഒരു അടിയന്തരപ്രമേയം കൊണ്ടുവരാൻ ധാർമ്മികമായി എന്ത് അവകാശമാണുള്ളത്; അത് ഒരുതരം ലജ്ജയില്ലാത്ത നടപടിയായാണ് എനിക്ക് തോന്നിയത്. അത് നമ്മുടെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. ഇനിയും ഈ സർക്കാർ പണം ചെലവഴിക്കേണ്ടുന്ന കാര്യമായതുകൊണ്ടുതന്നെയാണ് പറയുന്നത്. ആദ്യം മോണോ റെയിൽ എന്ന പദ്ധതി കൊണ്ടുവന്നിരുന്നു. ആ പദ്ധതി കോഴിക്കോടിനും തിരുവനന്തപുരത്തിനും ഏറ്റവും അഭികാമ്യമായതെന്ന് പറഞ്ഞത് യു.ഡി.എഫ്. സർക്കാരാണ്. കുറച്ചു കഴിഞ്ഞപ്പോൾ അത് ടെണ്ടർ ചെയ്തു. ഒരാൾ മാത്രമാണ് മത്സരിച്ചതെന്ന് പറഞ്ഞു. അത് പ്രായോഗികമല്ലായെന്നുപറഞ്ഞ് ഉപേക്ഷിച്ചതും നിങ്ങൾ തന്നെയാണ്. ഞങ്ങളാരുമല്ല അതിനെക്കുറിച്ച് പറഞ്ഞത്. നിങ്ങളുടെ കാലത്താണ്. പിന്നീട്

നിങ്ങൾ പറയുന്ന ഏറ്റവും പ്രായോഗികമായ പദ്ധതി ലൈറ്റ് മെട്രോ പദ്ധതിയാണെന്ന്. ഇന്ത്യയിൽ എവിടെയും അത് നടപ്പായിട്ടില്ല. ലോകത്തെവിടെയെങ്കിലും നടപ്പായിട്ടുണ്ടോയെന്ന് അറിയില്ല. എങ്കിലും ഒരു സർക്കാർ ആവശ്യമായ പഠനം നടത്തിയായിരിക്കുമല്ലോ അത് പറഞ്ഞിട്ടുണ്ടാകുക. ഈ സർക്കാർ വന്നപ്പോൾ ആ പദ്ധതി മുമ്പോട്ടുകൊണ്ടുപോകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ആ നിലപാടുതന്നെയാണ് ഇവിടെ കഴിഞ്ഞ ദിവസം പി.ഡബ്ല്യു.ഡി. മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെല്ലാം പറയുകയുണ്ടായത്. പക്ഷെ ഇപ്പോൾ നിങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്ന് ആ പദ്ധതി വേഗം തുടങ്ങണമെന്നൊക്കെ പറയുമ്പോൾ, അതിന്റെ നടപടികൾ സ്വീകരിക്കണം, ടെണ്ടറിലേയ്ക്ക് പോകണം എന്നൊക്കെ പറയുമ്പോൾ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി കോഴിക്കോട് വന്ന് അതിന്റെ ഒരു പ്രവൃത്തി ഉദ്ഘാടനം നടത്തി പോയിരുന്നല്ലോ; എന്തിന്റെ പ്രവൃത്തി ഉദ്ഘാടനമായിരുന്നു അന്ന് നടത്തിയത്; ഈ ലൈറ്റ് മെട്രോ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി. തയ്യാറാക്കിയത് പരിശോധിച്ച ആളുകൾ ഇവിടെ പലരുമുണ്ട്. ഞാനും അത് പരിശോധിച്ചതാണ്. ആ ഡി.പി.ആർ.-ൽ പറയുന്നത്, ആ പദ്ധതിക്ക് ആവശ്യമായിട്ടുള്ള 20 ശതമാനം തുക സംസ്ഥാന ഗവൺമെന്റ് വകയിരുത്തണം. 20 ശതമാനം തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കണം. 60 ശതമാനം തുക വായ്പയായി കൊണ്ടുവരണം. ഇതായിരുന്നു അതിനകത്തുണ്ടായിരുന്നത്. ഇപ്പോഴും അതുതന്നെയാണ്. ആ കാഴ്ചപ്പാടുതന്നെയാണ്. അന്നത്തെ മുഖ്യമന്ത്രി കോഴിക്കോട്ടുവന്ന് പ്രവൃത്തി ഉദ്ഘാടനം നടത്തുമ്പോൾ ഈ 20 ശതമാനം തുക സംസ്ഥാന ഗവൺമെന്റ് നീക്കിവച്ചിരുന്നോ; അന്നും നീക്കിവച്ചിട്ടില്ല, ഇതുവരെയും അത് നീക്കിവച്ചിട്ടില്ല. ഒരു പൈസയും വച്ചിട്ടില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അന്ന് നടത്തിയത് ലൈറ്റ് മെട്രോയുമായി ബന്ധപ്പെട്ട അനുബന്ധ വർക്കുകളുടെ ഉദ്ഘാടനമാണ്. കൊച്ചി മെട്രോയുടെ തറക്കല്ലിടൽ ചടങ്ങ് നടക്കുന്നതിനുമുൻപുതന്നെ എറണാകുളം നോർത്ത് പാലമടക്കം അനുബന്ധ പ്രവൃത്തികളുടെയെല്ലാം പണി പൂർത്തിയാക്കാൻ സാധിച്ചതുകൊണ്ടാണ് കൊച്ചി മെട്രോ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചത്. അന്ന് കോഴിക്കോട് അനുബന്ധ വർക്കുകളുടെ ഉദ്ഘാടനമാണ് നടത്തിയത്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, അനുബന്ധപ്രവൃത്തിയെന്നുപറയുമ്പോൾ, ഏത് പ്രവൃത്തിക്കാണെങ്കിലും, ഒരു പ്രവൃത്തി നടത്താൻ എന്തെങ്കിലും പണം വകയിരുത്തണമല്ലോ, ഒരു ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റാകുമ്പോൾ, അതിന് അനുബന്ധമായ മേൽപ്പാലങ്ങളുടെ നിർമ്മാണമാണോ, മറ്റെന്തെങ്കിലുമാണോ,

എന്നതല്ല പ്രശ്നം, അങ്ങനെയൊന്നും ഉണ്ടായില്ലെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങളുടെ സർക്കാരിന്റെ ഭരണകാലത്തെ ഡോക്യുമെന്റൊക്കെ അങ്ങ് പരിശോധിച്ചുനോക്കൂ. ഒരു പണവും വകയിരുത്തിയിട്ടില്ലെന്ന് എനിക്ക് ഉറപ്പിച്ചു പറയാനാകും. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കോഴിക്കോട് നഗരത്തിൽ വരേണ്ടിയിരുന്ന വികസനമായതുകൊണ്ടും എനിക്ക് അതിൽ അതിയായ താൽപ്പര്യവും ആഗ്രഹവുമുള്ളതുകൊണ്ടും അതിന്റെ ഓരോ കാര്യങ്ങളും സൂക്ഷ്മമായിട്ട് അങ്ങയുടെ സർക്കാരിന്റെ ഭരണകാലത്ത് ഞങ്ങളൊക്കെ ശ്രദ്ധിച്ചിരുന്നു, ഒരു പൈസയും വകയിരുത്തിയിട്ടില്ല. 20 ശതമാനം തുക കേന്ദ്രത്തിൽ നിന്ന് ലഭിക്കണമായിരുന്നെങ്കിൽ കോഴിക്കോടിന്റേയും തിരുവനന്തപുരത്തിന്റേയും ഒരു Comprehensive Mobility Plan ആവിഷ്കരിച്ച് സബ്മിറ്റ് ചെയ്യേണ്ടിയിരുന്നു. അതിനുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. ആ ഉദ്ഘാടനവും കഴിഞ്ഞ് എത്രയോ നാൾ കഴിഞ്ഞിട്ടാണ് Comprehensive Mobility Plan ആവിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയത്.

ഡോ. എം. കെ. മുനീർ: സർ, അവിടെ ഡി.എം.ആർ.സി. ചെയ്തിട്ടുള്ള പന്നിയങ്കര മേൽപ്പാലം അനുബന്ധ പ്രവൃത്തിയായി ചെയ്തതാണ്. അത് ഇതിന്റെ ഭാഗമായിട്ട് വന്നിട്ടുള്ള മേൽപ്പാലമാണ്. അതിന്റെ പണി മുഴുവൻ പൂർത്തിയാക്കിയെന്നുമാത്രമല്ല പണം മുഴുവൻ കൊടുത്തു. ബാക്കി വന്ന മൂന്നു കോടി രൂപ അദ്ദേഹം തിരിച്ച് ഗവൺമെന്റിനെ ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് ശരിയല്ല, ആ മേൽപ്പാലം ലൈറ്റ് മെട്രോ പദ്ധതിക്കുകൂടി പ്രയോജനകരമാകുന്ന നിലയിൽ ഡി.എം.ആർ.സി.-യെ അതിന്റെ വർക്ക് പിന്നീട് ഏൽപ്പിച്ചു എന്നത് ശരിയാണ്. ഡോ. എം. കെ. മുനീർ മുൻകാലത്ത് എം.എൽ.എ. ആയിരുന്നപ്പോഴും ശ്രീ. എളമരം കരീം എം.എൽ.എ. ആയിരുന്നപ്പോഴും തുടർച്ചയായി ശ്രമിച്ച്, ലൈറ്റ് മെട്രോ എന്ന ആശയത്തെക്കുറിച്ച് ആലോചിക്കുന്നതിനു മുൻപേ നിങ്ങളെല്ലാം മുൻകയ്യെടുത്ത് ആവിഷ്കരിച്ചതാണ് പന്നിയങ്കര മേൽപ്പാലം. അതും ഇതുമായി ബന്ധമില്ല, പിന്നീട് ആ വർക്ക് അവരെ ഏൽപ്പിച്ചു എന്നുമാത്രമേയുള്ളൂ. അല്ലാതെ അതിന്റെ ഭാഗമായിട്ടുള്ള ഉദ്ഘാടനമല്ല, അതിന്റെ പ്രവർത്തനോദ്ഘാടനം വേറെ നടത്തിയിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, ശ്രീ. എ. പ്രദീപ്കുമാർ, അതിന്റെ ഡിസൈൻ അന്ന് 'L' shape-ൽ ആയിരുന്നു. അവിടെ ഇതിനു പാരലലായി മോണോ റെയിൽ പോകണം അല്ലെങ്കിൽ മെട്രോ റെയിൽ പോകണമെന്നതുകൊണ്ട്, അത് റീ ഡിസൈൻ ചെയ്ത് ഇതിനുവേണ്ടി മാറ്റിയതുകൊണ്ടാണ് ഡി.എം.ആർ.സി.-യെ

ഏൽപ്പിച്ചത്. ലൈറ്റ് മെട്രോ റെയിലിനുവേണ്ടിയാണ് അത് 'T'-shape ആക്കിയത്. അത് അങ്ങേയ്ക്ക് ഓർമ്മയുണ്ടാകും, സുമംഗലിയിൽ വച്ച് ആ ഒരു ഡിസൈനാണ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തത്. അത് ഇതിന്റെ ഭാഗമാണ്, ഹോൾ ഡിസൈൻ നമ്മുടെ മുൻപിൽ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാനും അതാണ് പറഞ്ഞത്. പി.ഡബ്ല്യു.ഡി.-യുടെ ഫണ്ടിൽ നോർമൽ ആയി വരേണ്ടിയിരുന്ന ഒരു മേൽപ്പാലത്തെ ലൈറ്റ് മെട്രോ വരുന്ന സമയത്ത് അതിനുകൂടി സഹായകരമായി ഡിസൈനിൽ മാറ്റം വരുത്തി എന്നത് ശരിയാണ്. അതിന്റെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രിതന്നെ നടത്തുകയുണ്ടായി, അതിനെക്കുറിച്ചല്ല ഞാൻ പറഞ്ഞത്, ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഉദ്ഘാടനം നടന്നതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതിന്റെ അനുബന്ധപ്രവൃത്തിയെന്നു പറഞ്ഞാൽ, എന്തായിരുന്നു ആ അനുബന്ധപ്രവൃത്തി? പിന്നീട് അതിന്റെ ഉദ്യോഗസ്ഥരോട് ഞാൻ ആവർത്തിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞത്, അത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ പ്രവൃത്തിയാണെന്നാണ്, നിങ്ങൾ ചോദിച്ചു നോക്കൂ; ഞാൻ പറഞ്ഞുവന്നത് നിങ്ങളുടെ ഭരണകാലത്ത് ഇതിനുള്ള ഒരുക്കങ്ങളൊന്നും നടത്തിയിരുന്നില്ല എന്നാണ്. അങ്ങനെയൊരു ആശയം കൊണ്ടുവന്നു എന്നത് ശരിയാണ്. സർക്കാർ ഒരു പൈസയും അനുവദിച്ചിട്ടില്ല. കേന്ദ്ര ഫണ്ട് ലഭിക്കാൻ Comprehensive Mobility Plan ആവിഷ്കരിച്ച് സബ്മിറ്റ് ചെയ്തില്ല. വായ്പയ്ക്കും അത് വേണ്ടിയിരുന്നു, അന്നത് തയ്യാറാക്കിയില്ല. അതും കഴിഞ്ഞിട്ടാണ് ഈ പറഞ്ഞ Comprehensive Mobility Plan തയ്യാറാക്കാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയതും അവരത് തയ്യാറാക്കിയതുമെല്ലാം. അങ്ങനെ ആ തെരഞ്ഞെടുപ്പുകാലത്ത് കാമ്പയിനു വേണ്ടിയാണ് സത്യത്തിൽ അന്നത്തെ ഈ പ്രചരണവും ഉദ്ഘാടനവുമൊക്കെ നടത്തിയതെന്നുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമുക്ക് സിറ്റിക്കകത്ത് കോഴിക്കോട്ടും, തിരുവനന്തപുരത്തുമൊക്കെ റോഡുകൾക്കു പുറമേ മറ്റൊരു മാസ് ട്രാൻസ്പോർട്ട് സിസ്റ്റം എന്ന നിലയിൽ, സ്വാഗതാർഹമെന്ന നിലയിൽ ഈ ഗവൺമെന്റും ആ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. നിങ്ങളുടെ ഭരണകാലത്ത് സംഭവിച്ചു പോയ പിഴവുകൾ ഇനി ആവർത്തിക്കാൻ പാടില്ലെന്ന നിശ്ചയദാർഢ്യത്തോടെ കുറച്ചുകൂടി വ്യക്തതയോടെ ഈ പദ്ധതിയുടെ കാര്യത്തിൽ പോകണമെന്നതാണ് ഇന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. അതിനെയാണ് നിങ്ങൾ ആക്ഷേപിക്കുന്നത്. നിങ്ങൾക്കു പറ്റിയ അബദ്ധം ഈ ഗവൺമെന്റിന് പറ്റാതിരിക്കണ്ടേ? അപ്പോൾ കേന്ദ്രാനുമതി വേണം. കേന്ദ്രാനുമതിക്ക് എന്തൊക്കെ ഡോക്യുമെന്റുകളാണോ സബ്മിറ്റ് ചെയ്യേണ്ടത് അത് ഈ ഗവൺമെന്റ് സബ്മിറ്റ് ചെയ്യേണ്ടതുണ്ട്. ആ നിലയ്ക്ക് അനുമതി വാങ്ങി

മാത്രമേ ഇതിന്റെ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കൂ. അതാണ് നമുക്ക് ഏറ്റവും സുരക്ഷിതമായിട്ടുള്ള കാര്യം. ആ പദ്ധതിക്കകത്തു തന്നെയുള്ള ചില പോരായ്മകൾ, നമ്മളെല്ലാപേരും ഒരു മാസ് ട്രാൻസ്പോർട്ട് സിസ്റ്റം ഉപയോഗിക്കണ മെങ്കിൽ ഇരുചക്രവാഹനമോ, കാറോ ഏതെങ്കിലുമൊന്ന് പാർക്കു ചെയ്തിട്ടു വേണ്ടേ മെട്രോ റെയിലിൽ കയറി പോകാൻ. എങ്കിലേ അതിനു കഴിയൂ. ഡി.എം.ആർ.സി. ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള, നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് രൂപപെടുത്തിയിട്ടുള്ള മാസ്റ്റർപ്ലാനിൽ, ഇതു സംബന്ധിച്ചുള്ള ഡി.പി.ആർ. പരിശോധിച്ചു കഴിഞ്ഞാൽ എവിടെയും പാർക്കിംഗ് സ്പേസ് ഇല്ല എന്നു കാണാം. ഇതിന്റെ വയബിലിറ്റി സംബന്ധിച്ച് നോക്കിയാൽ, സ്ഥലം വാങ്ങിച്ച്, അവിടെ കെട്ടിടങ്ങളും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിച്ച് വരുമാനമുണ്ടാക്കണമെന്നുള്ള നിബന്ധനകളാണ് അതിനകത്തുള്ളത്. അതെല്ലാം എത്രത്തോളം പ്രായോഗികമാണെന്ന കാര്യങ്ങളൊക്കെ ആലോചിച്ചുകൊണ്ട് തിരുവനന്തപുരവും കോഴിക്കോടുമുൾപ്പെടെയുള്ള നഗരങ്ങൾക്ക് അനുയോജ്യമായ നിലയിൽ ഡി.പി.ആർ.-ന്റെ അപാകതകൾ പരിഹരിച്ച്, കേന്ദ്രാനുമതി വാങ്ങി അത് നടപ്പാക്കുകതന്നെ വേണം. ഡി.എം.ആർ.സി. ആണ് ഏറ്റവും വലിയ വിദഗ്ദ്ധർ എന്നു പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ലൈറ്റ് മെട്രോ പദ്ധതിയുടെ കാര്യത്തിൽ അത് മോണോ റെയിലാണെങ്കിലും, മെട്രോയാണെങ്കിലും അതിലൊക്കെ അവർ വിദഗ്ദ്ധരാണെന്നതിൽ തർക്കമില്ല. മേൽപ്പാലങ്ങളുടെ കാര്യത്തിൽ ആരാണ് പറഞ്ഞത് ഡി.എം.ആർ.സി.-യാണ് ഏറ്റവും മികച്ചതെന്ന്? എന്റെ അഭിപ്രായത്തിൽ പി.ഡബ്ല്യു.ഡി.-ക്കുള്ള വൈദഗ്ദ്ധ്യത്തിന്റെ കാൽഭാഗം പോലും അവർക്കില്ല. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ച പന്നിയങ്കര മേൽപ്പാലം. അത് ടെക്നിക്കലായി എടുത്താലും, എസ്തെറ്റിക്കലി നോക്കിയാലും കേരളത്തിലെ ഏറ്റവും വികൃതമായിട്ടുള്ള പാലങ്ങളിലൊന്നാണ്. അതുകൊണ്ട് അവർ അതിൽ വിദഗ്ദ്ധരൊന്നുമല്ല, അത് ആർക്കും ചെയ്യാവുന്നതാണ്. മേൽപ്പാലം മറ്റേതെങ്കിലും ഏജൻസികൾ ഏറ്റെടുത്തു എന്നതുകൊണ്ടും പി.ഡബ്ല്യു.ഡി. ടെണ്ടർ ചെയ്തു എന്നതുകൊണ്ടും ലൈറ്റ് മെട്രോ പദ്ധതിയെക്കുറിച്ച് ഒരു തരത്തിലുമുള്ള ആശങ്കയും ഉണ്ടാകേണ്ട കാര്യമില്ല. ലൈറ്റ് മെട്രോ പദ്ധതി അതിന്റെ അപാകതകൾ പരിഹരിച്ച് മുമ്പോട്ട് കൊണ്ടുപോകണം.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, 16 മിനിട്ടായി. അങ്ങ് അടുത്ത പോയിന്റിലേയ്ക്ക് വരൂ.

ശ്രീ. എ. പ്രദീപ് കുമാർ: സർ, സർക്കാർ കൈകാര്യം ചെയ്യുന്ന ഒരു വികസന പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടല്ലോ; അതിൽ

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് അതിനെക്കുറിച്ച് ഒരു അഭിപ്രായം പറഞ്ഞു എന്നേയുള്ളൂ. ഇവിടെ ധനകാര്യബില്ലാണ് ചർച്ച ചെയ്യുന്നത്, സാമ്പത്തിക കാര്യങ്ങളും നയങ്ങളുമൊക്കെ നല്ല രീതിയിൽ ഇവിടെ നേരത്തെ ചർച്ചയ്ക്ക് വിഷയീഭവിച്ചുവന്നിട്ടുണ്ട്. ആ കാര്യങ്ങളെ സംബന്ധിച്ച് ചെറിയ ചില പ്രതികരണങ്ങൾ നടത്തുന്നത് ഉചിതമാണെന്ന് തോന്നുന്നു. ശ്രീ. വി. ഡി. സതീശൻ ഇവിടെ സംസാരിക്കുന്ന സമയത്ത്, കോൺഗ്രസ്സിന്റെ സാമ്പത്തിക നയം എന്നുപറഞ്ഞു, എന്നുപറഞ്ഞാൽ പൊളിഞ്ഞു പാളീസായി ഇന്ത്യയിലെ ജനങ്ങൾ വലിച്ചെറിഞ്ഞ നയമാണ്. ആ നയത്തിന്റെ വക്കാലത്ത് ഏറ്റെടുത്തുകൊണ്ട് അദ്ദേഹം വലിയൊരു പ്രസംഗം ഇവിടെ നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിക്കുമായിരിക്കും. ഞാൻ എല്ലാം വിശദീകരിക്കുന്നില്ല. പക്ഷെ അദ്ദേഹം പറഞ്ഞ രണ്ടുമൂന്ന് കാര്യങ്ങളെക്കുറിച്ച് എനിക്ക് ഒരു പ്രതികരണം തോന്നി. 1990-കളിലുണ്ടായിരുന്ന ലോക സാഹചര്യത്തിലാണ് കോൺഗ്രസ്സിന് നമ്മൾ ഉദാരീകരണ സാമ്പത്തികനയം, ആഗോളവൽക്കരണ നയം എന്നൊക്കെ വിശേഷിപ്പിക്കുന്ന സാമ്പത്തിക നയത്തിലേയ്ക്ക് പോകേണ്ടി വന്നതെന്ന് അദ്ദേഹം പറഞ്ഞു. അന്ന് ആർക്കും അതിൽനിന്ന് മാറിനിൽക്കാനാവില്ലെന്നു പറഞ്ഞിട്ട് അദ്ദേഹം ഒരു ഉദാഹരണം പറഞ്ഞത്, ചൈനയെക്കുറിച്ചാണ്. ശ്രീ. ദെങ് സിയാവോപിംഗിന്റെ അഭിപ്രായമൊക്കെ പറഞ്ഞു. പൂച്ച കറുത്തതാണെങ്കിലും വെളുത്തതാണെങ്കിലും എലിയെ പിടിച്ചാൽ മതി എന്നുള്ള കാര്യം. ചൈനയ്ക്ക് അതു കഴിഞ്ഞോ. ഞങ്ങൾ മനസ്സിലാക്കിയത് ചൈനയെ ന്യായീകരിക്കേണ്ട ബാധ്യതയൊന്നും നമുക്കാർക്കുമില്ല, തെറ്റായ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ദുരന്തം അവർ അനുഭവിക്കും. ചൈന ഇന്ത്യയിൽ നിന്നും വ്യത്യസ്ഥമായൊരു നിലയിലാണ് അവരുടെ സാമ്പത്തിക സമീപനങ്ങൾ സ്വീകരിച്ചതെന്നാണ് നമ്മളെല്ലാം പഠിച്ചതും, മനസ്സിലാക്കിയതും. അവർക്ക് സ്വന്തമായി ഇല്ലാത്ത ടെക്നോളജി, അത് വിദേശകുത്തകകളുടേതോ മറ്റോ ക്ഷണിച്ചുകൊണ്ടുവന്നിട്ട് നിശ്ചിത കാലത്തിനുശേഷം അവർക്കത് സ്വന്തമായി കൊടുക്കണമെന്നുള്ള വ്യവസ്ഥയുണ്ട്. അവരുടെ നാട്ടിൽ നിന്ന് യഥേഷ്ടം മറ്റു ബഹുരാഷ്ട്ര കമ്പനികൾക്കും, ട്രാൻസ്നാഷണൽ കോർപ്പറേഷനുകൾക്കും കവർന്നു കൊണ്ടുപോകാനുള്ള അവസരം അവർ നൽകിയിട്ടില്ല. അതുപോലെ ചിലയിടത്തെങ്കിലും ഫ്രീ എക്കണോമിക് സോൺ, ഷാങ്ഹായി പോലുള്ള സ്ഥലങ്ങളിൽ ലിമിറ്റഡ് ആയിട്ടാണ് അവർ അനുവദിച്ചത്, ഈ കാര്യങ്ങളാണ് അവരുടെ ഭാഗത്തു നിന്നും വ്യക്തമാക്കിക്കൊണ്ടിരിക്കുന്നത്. അതെന്തോ ആകട്ടെ; അതും നമ്മുടേതും ഒരേപോലെയാണ്. അവർ സോഷ്യലിസം ഒരു ലക്ഷ്യമായി പ്രഖ്യാപിച്ചുപോകുന്ന ഒരു രാജ്യമാണ്. അതിൽ നിന്നും തെറ്റായ നിലയിൽ പോയിട്ടുണ്ടെങ്കിൽ അത് അവർ അനുഭവിക്കേണ്ട കാര്യമാണ്. അതുമായി ബന്ധപ്പെട്ട് അതിനെ ന്യായീകരിക്കേണ്ട ബാധ്യത നമുക്കില്ല. ഇവിടെ കോൺഗ്രസ്സിനെ

സംബന്ധിച്ചിടത്തോളം നെഹ്റുവിയൻ സോഷ്യലിസത്തിന്റെ ആ പാതയിലൂടെ തന്നെയാണ് പോകുന്നത്, പോയത് എന്നൊക്കെ പറയുകയുണ്ടായി. ഒരു കാര്യം വളരെ ശക്തമായിട്ട് ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ചത്, വലിയ സാമ്പത്തിക വളർച്ച യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് ഉണ്ടായിയെന്നും അതിന്റെ ഭാഗമായിട്ട് സമ്പത്തിന്റെ തുല്യവും നീതിപൂർവ്വവുമായിട്ടുള്ള വളർച്ച ഞങ്ങൾ ഉറപ്പാക്കി എന്നുമാണ്. നിങ്ങളുടെ ഭരണകാലത്ത് തന്നെയായിരുന്നു, നിങ്ങൾ നിയോഗിച്ച ഡോ. അർജ്ജുൻസിംഗ് ഗുപ്ത കമ്മീഷന്റെ റിപ്പോർട്ട് വന്നത്. ഇന്ത്യൻ ജനസംഖ്യയുടെ ഏതാണ്ട് 80 ശതമാനത്തോളം ആളുകൾ 20 രൂപ പോലും പ്രതിദിനവരുമാനമില്ലാത്ത മഹാ പാവങ്ങളാണ് എന്ന് നിങ്ങളുടെ സർക്കാരിന്റെ കാലത്തുതന്നെ നിയോഗിച്ച ഡോ. അർജ്ജുൻസിംഗ് ഗുപ്ത കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. സമ്പത്തുണ്ടാകുകയും അതിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കുകയും ചെയ്തിരുന്നെങ്കിൽ ഈ സാഹചര്യം ഉണ്ടാകുമായിരുന്നോ? 1980-ൽ ഏറ്റവും സമ്പന്നരായ ഒരു ശതമാനത്തിന്റെ കയ്യിൽ 6 ശതമാനം സമ്പത്തുണ്ടായിരുന്നത് 2000-ൽ അത് 36.8 ശതമാനമാകുകയും 2017-ൽ 58.4 ശതമാനമായി വർദ്ധിച്ചതായും കണക്കുകളുണ്ട്. ഇതെല്ലാം ഔദ്യോഗികമായ കണക്കുകളാണ്. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുപോലെ ഇവിടത്തെ പൊതു സമ്പത്ത് സ്വകാര്യ മുതലാളിമാരുടെ കൈകളിലെത്തിക്കുന്ന ക്രോണിക് ക്യാപ്പിറ്റലിസം എന്നുപറയുന്ന നയം നടപ്പിലാക്കിയതിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിച്ചത്. നിങ്ങളുടെ ഭരണകാലത്താണ് ഏറ്റവും കൂടുതൽ നടന്നത്, ബി.ജെ.പി വന്നിട്ട് കുറച്ചുകാലമേ ആയിട്ടുള്ളൂ, അവർ അതിനേക്കാൾ ശക്തമായി ആ നയം നടപ്പിലാക്കുകയാണ് ചെയ്യുന്നത്. പാവങ്ങൾക്ക് റേഷൻ നൽകുന്ന കാര്യം പറഞ്ഞപ്പോൾ അതിനിവിടെ 'പണം കായ്ക്കുന്ന മരമില്ല' എന്നുപറഞ്ഞ പ്രധാനമന്ത്രിയായിരുന്നു നിങ്ങളുടെ ഭരണകാലത്തുണ്ടായിരുന്നത്. പി.ഡി.എസ്.-നെ ഇ.പി.ഡി.എസ്. ആക്കിമാറ്റി. പൊതുവിതരണ സംവിധാനം തകർത്തു. എ.പി.എൽ., ബി.പി.എൽ. വേർതിരിവുണ്ടാക്കി. ദാരിദ്ര്യ രേഖാ നിർണ്ണയം ഏറ്റവും പരിഹാസ്യമായ നിലയിൽ നടത്തി. ഞങ്ങളുടെ ഭരണകാലത്ത് ദാരിദ്ര്യരേഖയ്ക്ക് മുകളിലേയ്ക്ക് ധാരാളം ആളുകളെ കൊണ്ടുവന്നുവെന്ന് അങ്ങ് ഇവിടെ അഭിമാനത്തോടെ പറയുന്നത് കേട്ടു. ആ വാദം കേട്ടപ്പോൾ എനിക്ക് ഓർമ്മവന്നത് ഏതോ ഒരു സിനിമയിൽ ഒരു വക്കീൽ കഥാപാത്രം പറയുന്നതാണ്- 'കാണാനൊരു ലുക്കില്ലെന്നേയുള്ളൂ, ഭയങ്കര ബുദ്ധിയാണ്' എന്നത്. ഏതാണ്ട് അതുപോലെയായി ശ്രീ. വി. ഡി. സതീശന്റെ അവതരണം. അങ്ങയെപ്പോലുള്ളവർ ഏതാണ്ട് കാര്യങ്ങൾ അറിയുന്നവരാണ്.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ 21 മിനിട്ടായി. അങ്ങ് പ്ലാൻ ചെയ്ത് ബാക്കി പറയൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, മറ്റുള്ള അംഗങ്ങൾ എടുത്തയത്രയും സമയം ഞാനെടുത്തിട്ടില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. 2008-ലെ ഗ്ലോബൽ

റിസഷനെ അതിജീവിച്ചത് ഞങ്ങളുടെ സാമ്പത്തിക നയം കൊണ്ടാണ്, അതിന്റെ മികവുകൊണ്ടാണ്. പൊതുമേഖല ശക്തമായി നിന്നതുകൊണ്ടാണ് നമുക്കതിനെ അതിജീവിക്കാൻ കഴിഞ്ഞതെന്ന നിങ്ങളുടെ വാദം ശരിയാണ്. അതിന് നിങ്ങൾ നന്ദി പറയേണ്ടത്, പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവത്ക്കരിക്കുന്നതിനായി നിങ്ങൾ നടത്തിയിട്ടുള്ള നീക്കങ്ങളെ പ്രതിരോധിച്ച ബാങ്ക് ജീവനക്കാരോടും അവരെ പിന്തുണച്ച ഇടതുപക്ഷത്തിന്റെ പോരാട്ടങ്ങളോടുമാണ്. ഇല്ലെങ്കിൽ കാണാമായിരുന്നു. ബാങ്കുകളുടെ സ്വകാര്യവത്ക്കരണത്തിന് അരങ്ങൊരുക്കുന്നതിന് തുടക്കമിട്ട നരസിംഹം കമ്മിറ്റി റിപ്പോർട്ട് നിങ്ങളുടെ ഭരണകാലത്താണ് കൊണ്ടുവന്നത്, അതുപോലെ രഘുറാം രാജൻ കമ്മിറ്റി റിപ്പോർട്ട്. എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞ് സ്വകാര്യവത്ക്കരണത്തിനായുള്ള ആ റിപ്പോർട്ട് ശ്രീ. ചിദംബരം വാങ്ങി വച്ചിട്ട് എല്ലാം നടപ്പാക്കുമെന്ന് പറഞ്ഞു. ആ കമ്മിറ്റി റിപ്പോർട്ട് വാങ്ങിവച്ച സമയത്താണ് റിസഷൻ വന്നത്. റിസഷൻ വന്നില്ലായിരുന്നെങ്കിൽ നിങ്ങളത് നടപ്പാക്കുമായിരുന്നു, ഏതാണ്ട് നമ്പറിടാതെ പത്തായം അഴിച്ചപോലെ നമ്മുടെ ബാങ്കിംഗ് സെക്ടർ തകരുമായിരുന്നു, നിങ്ങൾക്ക് പ്രതിരോധിക്കാനാകുമായിരുന്നില്ല. നിങ്ങളുടെ നയമതാണ്. പൊതുമേഖലാ ബാങ്കിന്റെ ശക്തി ഇനിയെങ്കിലും ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ നരസിഹം കമ്മിറ്റി റിപ്പോർട്ടിലും രഘുറാം രാജൻ കമ്മിറ്റി റിപ്പോർട്ടിലുമുള്ള ശിപാർശകൾ ഞങ്ങൾ വീണ്ടും കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ ഒഴിവാക്കുമെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ; ആ സാമ്പത്തിക നയം ഉപേക്ഷിക്കുമെന്ന് പറയാൻ സാധിക്കുമോ? അന്ന് ഇലക്ഷനിൽ തോറ്റപ്പോൾ ബഹുമാന്യനായ ഇന്നത്തെ പ്രതിപക്ഷനേതാവ് ഞങ്ങളുടെ സാമ്പത്തിക നയത്തിൽ പിഴവുപറ്റിയെന്നു പറഞ്ഞല്ലോ, അത് ആത്മാർത്ഥമായി ഉൾക്കൊണ്ടുകൊണ്ട് പുനഃപരിശോധനയ്ക്ക് നിങ്ങൾ തയ്യാറാകുമോ? നയപരമായ തർക്കമേ നമ്മൾ തമ്മിലുള്ളൂ, അല്ലാതെ നിങ്ങളോട് മറ്റ് വിദ്വേഷങ്ങളൊന്നുമില്ല, നിങ്ങൾ നന്നാവണം എന്നാഗ്രഹിക്കുന്നവരാണ് ഞങ്ങൾ. നയത്തിന്റെ കാര്യത്തിൽ പുനഃപരിശോധനയുണ്ടാകണം. നിങ്ങൾ ബാങ്കിംഗ് സെക്ടറിനെക്കുറിച്ചാണ് കൂടുതൽ സംസാരിച്ചത്. cash flow നിയന്ത്രിച്ചതിനെക്കുറിച്ച് പറഞ്ഞത്, ഞങ്ങളുടെ ഒരു വിദഗ്ദ്ധ സംഘമായിരുന്നു, ദൈനംദിന കാഷ് ഫ്ലോയുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിയന്ത്രിച്ചു കൊണ്ടിരുന്നത് എന്നാണ്. നിങ്ങൾ എന്തുകൊണ്ടാണ് എണ്ണ വിലയുടെ കാര്യത്തിൽ അത് വേണ്ടെന്നു വച്ചത്; വില നിർണ്ണയത്തിനുള്ള അധികാരം വേണ്ടെന്നുവച്ചത് നിങ്ങളുടെ ഭരണകാലത്തല്ലേ; എല്ലാ വിലക്കയറ്റത്തിനും അവസരമുണ്ടാക്കിയത് ആ ഭരണകാലത്തല്ലേ; നിങ്ങളെന്താണ് അതു പറയാതിരുന്നത്? ഞങ്ങളാണ് എൻ.പി.എ. ഇല്ലാതാക്കിയതെന്ന് വലിയ

വീരസ്യത്തോടെ അദ്ദേഹം പറയുകയുണ്ടായി. വിജയ് മല്യയുടെ എണ്ണായിരമോ ഒൻപതിനായിരമോ കോടി രൂപയുടെ വായ്പ നിങ്ങളുടെ ഭരണകാലത്തെടുത്തതല്ലേ; അദ്ദേഹത്തിന്റെ bad debt വന്നപ്പോൾ നിങ്ങളുടെ സർക്കാരിന്റെ ശിപാർശയെന്തായിരുന്നു? ഡേ-റ്റു-ഡേ കാര്യങ്ങൾ മോണിറ്റർ ചെയ്യുവെന്ന് പറഞ്ഞ ബാങ്കിംഗ് നേതൃത്വം ചെയ്തതെന്താണ്; അദ്ദേഹത്തിന്റെ പൂട്ടാൻ പോകുന്ന കമ്പനിയുടെ ഷെയർ വാങ്ങി ആ കമ്പനിയെക്കൂടി രക്ഷിക്കുക എന്ന ശിപാർശ വന്നത് നിങ്ങളുടെ ഭരണകാലത്തല്ലേ; വിജയ് മല്യയെപ്പോലുള്ള തട്ടിപ്പുകാർക്ക് വേദിയൊരുക്കിക്കൊടുത്ത ആ സാമ്പത്തിക നയത്തെക്കുറിച്ചാണ് പറഞ്ഞത്. സ്റ്റിമുലസ് പാക്കേജിന്റെ കാര്യത്തിൽ നിങ്ങൾ നടത്തിയ ഇടപെടലുകളെ, ഞങ്ങൾ കോർപ്പറേറ്റുകളെ സഹായിക്കുന്ന നയമായിട്ട് പറഞ്ഞുവെന്നാണ്. നിങ്ങൾ കോർപ്പറേറ്റുകളെ സഹായിച്ചു. അതേ കാലത്തുതന്നെ സ്റ്റിമുലസ് പാക്കേജ് ഇവിടെയും നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കി. അന്നും ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് മലബാർ പാക്കേജും, സ്റ്റിമുലസ് പാക്കേജും നടപ്പിലാക്കിയത് നമ്മുടെ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തിയിട്ടാണ് അല്ലാതെ കോർപ്പറേറ്റുകളെ സഹായിച്ചിട്ടല്ല.

മി. സ്പീക്കർ: ഒരു ബിൽ ക്ലോസ് ബൈ ക്ലോസ് എടുക്കാനുണ്ട്, അതിനുശേഷം മൂന്ന് ബിൽ കൂടി പരിഗണിക്കാനുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, ഒരു ചെറിയ ചോദ്യം, നിങ്ങൾ നവലിബറൽ നയങ്ങളെ ഇത്ര ശക്തമായി എതിർക്കുന്നുണ്ട്, കോൺഗ്രസ്സിന്റെ നയങ്ങളെ വിമർശിക്കുന്നുണ്ട്. ഞങ്ങൾക്ക് ചോദിക്കാനുള്ള ഒരു ചോദ്യം, ഇന്നത്തെ ആഗോള സമ്പദ് വ്യവസ്ഥയിൽ നിങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഒരു മാർക്സിയൻ ബദൽ എന്താണ്; അങ്ങനെയൊരു മാർക്സിയൻ ബദലുണ്ടെങ്കിൽ ആ ബദൽ 35 വർഷം ഭരിച്ച ബംഗാളിലും, 25 വർഷം ഭരിച്ച ത്രിപുരയിലും ഏത് വിധത്തിലാണ് നിങ്ങൾ നടപ്പിലാക്കിയതെന്ന് പറയുമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആ ബദലാണ് നിങ്ങൾ ഇവിടെ കാണുന്നത്. അതിന്റെ ഭാഗമായിട്ടാണ് നിങ്ങൾക്ക് സ്വപ്നം കാണാൻ കഴിയാത്ത വിധത്തിൽ 50,000 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവർത്തനത്തിന് ഇവിടെ തുടക്കമിടുന്നത്. ക്ഷേമപദ്ധതികൾ, വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്ക് ഇവയെല്ലാം ആ ബദലിന്റെ ഭാഗമാണ്. ആ നിലയിൽ നിങ്ങൾക്ക് കാണാം, അഞ്ച് വർഷം കഴിയുമ്പോഴേയ്ക്കും ആ ബദൽ കൂടുതൽ തെളിമയോടെ ഈ രാജ്യത്ത് ഉയർന്നുവരും.

മി. സ്പീക്കർ: ശ്രീ, റോജി, Please don't more fuel him.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ നിർത്തുകയാണ്, എനിക്ക് ഒരുപാട് പറയാനുണ്ട്.

മി. സ്പീക്കർ: ബഹുമാന്യനായ പി. കെ. ബഷീർ പോലും 30 മിനിറ്റിൽ അവസാനിപ്പിച്ചു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ ഞങ്ങളും, ബി.ജെ.പി.യും തമ്മിൽ എന്ത് താരതമ്യമാണ് കാണുന്നതെന്ന് ശ്രീ. വി. ഡി. സതീശൻ ചോദിച്ചു; തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നിങ്ങളും ബി.ജെ.പി.-യും തമ്മിൽ താരതമ്യമുണ്ട്. പ്രതിവർഷം രണ്ട് കോടി തൊഴിലവസരം വച്ച് അഞ്ചുവർഷംകൊണ്ട് പത്തുകോടി തൊഴിവലസരങ്ങൾ ഉണ്ടാക്കുമെന്ന് പറഞ്ഞ ബി.ജെ.പി. ഒരു ലക്ഷം തൊഴിലവസരമേയുണ്ടാക്കിയുള്ളൂ എന്ന് അങ്ങ് പറഞ്ഞു. നിങ്ങൾ ചെയ്തതെന്താണ്, ഓരോ വർഷവും കേന്ദ്ര സർവ്വീസിൽ രണ്ട് ശതമാനം വച്ച് തസ്തികകൾ വെട്ടിക്കുറച്ച് പത്ത് വർഷം കൊണ്ട് 20 ശതമാനം തസ്തിക കുറയ്ക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിരുന്നത്. അക്കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഔട്ട് സോഴ്സിംഗ് നടപ്പിലാക്കി. റെയിൽവേ, ബാങ്കിംഗ് സെക്ടർ എന്നിവിടങ്ങളിൽ ഔട്ട്സോഴ്സിംഗ് നടപ്പിലാക്കി. ഗോൾഡൻ ഷേക്ക്ഹാൻഡ് പദ്ധതി നടപ്പിലാക്കി. ഇങ്ങനെ തൊഴിലില്ലായ്മ രൂക്ഷമാക്കുന്ന നയങ്ങൾ നിങ്ങളുടെ ഭരണകാലത്ത് വ്യാപകമായി നടപ്പിലാക്കിയിരുന്നു. പൊതുമേഖല സംരക്ഷണത്തിന്റെ കാര്യമെടുക്കാം, ഏത് പൊതുമേഖലയാണ് ഞങ്ങൾ ഇല്ലാതാക്കിയതെന്ന് ഇവിടെ ചോദിച്ചു, സമയ പരിമിതി കാരണം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരൊറ്റ ഉദാഹരണം പറയാം, കോഴിക്കോട്ടെ കോംട്രസ്റ്റ് വ്യവസായം ഏറ്റെടുക്കുന്ന കാര്യം നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയത് ഓർമ്മയുണ്ടോ? ഗവൺമെന്റ് ഏറ്റെടുക്കുന്നതിനായി കേന്ദ്രാനുമതിക്കയച്ചപ്പോൾ, നിങ്ങളുടെ ഗവൺമെന്റ് പറഞ്ഞത് ഇവിടെ നിലവിലുള്ള സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കുക എന്നതാണ് ഞങ്ങളുടെ നയം, ആ സമയത്ത് മറ്റൊരു പൊതുമേഖലയെ ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകാനാകില്ലെന്നാണ്. അതാണ് നിങ്ങളുടെ നയം. കാർഷിക മേഖലയിൽ കടാശ്വാസം നൽകുന്നതിനെക്കുറിച്ചാണ് നിങ്ങൾ പറഞ്ഞത്. പക്ഷേ കാർഷിക മേഖലയിൽ വളം സബ്സിഡിയും ഇലക്ട്രിസിറ്റി സബ്സിഡിയുമെല്ലാം എടുത്തു കളഞ്ഞിട്ട് കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ച നയം നിങ്ങൾ നടപ്പിലാക്കി. ആത്മഹത്യയിലേയ്ക്ക് നയിച്ചുവെന്ന് ശ്രീ. വി. ഡി. സതീശൻ സമ്മതിച്ചു. എന്നിട്ട് പറഞ്ഞത് ഞങ്ങൾ കടാശ്വാസം നടപ്പാക്കിയില്ലേ എന്നാണ്. ഈ കടാശ്വാസം നടപ്പാക്കേണ്ടുന്ന ഗതികേടിലേയ്ക്ക് എത്തിക്കാതിരിക്കുന്ന ഒരു നയം നടപ്പാക്കാൻ നിങ്ങൾ തയ്യാറാകുമോ? ആ പറഞ്ഞ നയത്തിൽനിന്നും നിങ്ങൾ പിൻവാങ്ങാൻ തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

നെഹ്റുവിന്റെ സാമ്പത്തിക നയം ഞങ്ങൾ പിന്തുടരുന്നു എന്നാണ് ഇവർ പറയുന്നത്. മഹാത്മാ ഗാന്ധിയെക്കാൾ മുമ്പ് കൊല്ലപ്പെടേണ്ട ആളായിരുന്നു ജവഹർലാൽ നെഹ്റു എന്ന് കേസരി ലേഖനമെഴുതിയപ്പോൾ അതിനെതിരെ ഒരക്ഷരംപോലും പറയാൻ ശേഷിയില്ലാതിരുന്ന ആളുകളാണ് നിങ്ങൾ, നിങ്ങളുടെ ഒരു നേതാവും പറഞ്ഞിട്ടില്ല. നെഹ്റുവിനെ നിങ്ങൾക്ക് അത്രത്തോളം പ്രിയപ്പെട്ടതാണെന്ന് നമുക്കറിയാം. അതുകൊണ്ട് നെഹ്റുവിന്റെ പാതയിൽ നിന്നൊക്കെ നിങ്ങൾ എത്രയോ അകലം പോയിക്കഴിഞ്ഞു. നിങ്ങൾ നെഹ്റുവിന്റെ കാലത്തെ സാമ്പത്തിക നയത്തിലേയ്ക്ക് തിരിച്ചുവന്ന് അത് കാലാനുസൃതമായി നവീകരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ച കാര്യങ്ങളോരോന്നും പൊട്ടിപ്പൊളിഞ്ഞ സാമ്പത്തിക നയത്തെ വീണ്ടും എടുത്തുയർത്തുകയാണ്. നിങ്ങൾ വീണിടത്തുനിന്ന് പാഠം പഠിക്കുന്നില്ല. ഇനിയെങ്കിലും പാഠം പഠിക്കാൻ സന്നദ്ധമാകുമോ, ഈ നാടിനെ തുലയ്ക്കുന്ന സാമ്പത്തിക നയത്തിൽനിന്ന് പിന്തിരിയാൻ സന്നദ്ധമാകുമോ, ബി.ജെ.പി.യെ ഇന്ത്യയിൽ എതിർക്കാനുള്ള പ്രതിബന്ധം നിങ്ങളുടെ സാമ്പത്തിക നയം തന്നെയാണ്. തെറ്റിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ആ സാമ്പത്തിക നയം പുനഃപരിശോധിച്ചുകൊണ്ട് ബി.ജെ.പി.-യുടെ സാമ്പത്തിക നയത്തെ ശക്തമായി എതിർക്കുന്നതിന് തയ്യാറാകുമോയെന്ന കാര്യമാണ് ഇനി നിങ്ങളാരെങ്കിലും സംസാരിക്കുമ്പോൾ വ്യക്തമാക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇതിൽ ഖണ്ഡം 2-ൽ "5 ശതമാനത്തിൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്ന് ശതമാനം അല്ലെങ്കിൽ 25000 കോടി രൂപ ഇതിൽ ഏതാണ് കുറവ്" എന്ന വാക്കുകൾ ചേർക്കുക എന്നുള്ളതാണ് എന്റെ ഭേദഗതി. 2018 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്ന 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് ഭാവിതലമുറയുടെ തലയ്ക്കേൽക്കുന്ന മുൻകൂർ പ്രാബല്യമുള്ള ഒരു ശക്തമായ പ്രഹരമാണ്. ഈ ബില്ലിൽ ഇതിന്റെ ഭേദഗതി 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റിയുടെ പരമാവധി "21000 കോടി രൂപയിൽ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് അതത് സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 5 ശതമാനത്തിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്

എന്നുള്ളത് ഒരു 13000 കോടി കൂടി കേരളത്തിലെ കടബാധ്യതയിലേയ്ക്ക് തള്ളിവിടുന്നു എന്നുള്ളതുകൊണ്ടുതന്നെ നിലവിലുള്ള ഈ ഭേദഗതി കേരളത്തിനുള്ള ഇരുട്ടടി കൂടിയാണ്. ഇതുമൂലം നിലവിൽ 21000 കോടി രൂപയ്ക്ക് ഗ്യാരന്റി നൽകാൻ കഴിയുന്ന സർക്കാരിന് 34000 കോടി രൂപയ്ക്കുവരെ ഗ്യാരന്റി നൽകാൻ കഴിയുന്ന സാഹചര്യമാണുണ്ടാക്കിയിട്ടുള്ളത്. ഇത് യാതൊരു സാമ്പത്തിക അച്ചടക്കവും പാലിക്കാതെ ചെലവുചെയ്യുന്ന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക നയമാണ്. 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് (സി)-യിൽ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 32.3%, 31.7%, 30.7%, 29.8% എന്ന ക്രമത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉല്പാദനത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതാണെന്ന ഭേദഗതി ആക്ടിന്റെ നേർ വിപരീതമാണ് ഇപ്പോഴത്തെ ഈ ബിൽ. നമ്മുടെ സംസ്ഥാനത്തിന്റെ കടബാധ്യതയുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. ജോർജ് നക്ഷത്രചിഹ്നമിടാത്ത 3451-ാം നമ്പർ ചോദ്യം, സംസ്ഥാനത്തിന് നിലവിൽ എത്ര കോടി രൂപയുടെ കടമുണ്ട് എന്നതിന് ലഭിച്ച മറുപടി 31-1-2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,09,286.06 കോടി രൂപയാണ് എന്നാണ്. ഇതുപ്രകാരം കേരളത്തിലെ ഓരോ പൗരനും ഏറ്റെടുക്കേണ്ട കടഭാരം എത്രയാണെന്ന ചോദ്യംകൂടിയുണ്ട്. അതനുസരിച്ച് അക്കൗണ്ടന്റ് ജനറലിന്റെ 31-1-2018 വരെയുള്ള താല്ക്കാലിക കണക്കുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ആളോഹരി കടബാധ്യത 60,950.59 രൂപയാണ്. അതിന്റെയർത്ഥം ഇവിടെ ജനിക്കുന്ന ഓരോ കുട്ടിയും 60,950.59 രൂപയുടെ കടബാധ്യതയുമായാണ് ജനിക്കുന്നത്. അനാവശ്യമായ ചെലവുകൾ ചുരുക്കണമെന്നത് ഗവൺമെന്റിന്റെ നയമാണെങ്കിലും അനാവശ്യമായ ചെലവുകൾ ചുരുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെടുകയാണ്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുമായി ബന്ധപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ച 343-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്, വിജയപ്രദമാണോ എന്നതിന് ലഭിച്ച മറുപടി നിലവിലുള്ള ധനവിനിമയ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും അനാവശ്യ ചെലവുകൾ വലിയൊരളവുവരെ നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട് എന്നാണ്.

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഈ അവസരത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പേരിൽ സ്മാരകങ്ങളും മ്യൂസിയവും നിർമ്മിക്കുന്നതിനും സ്റ്റഡി സെന്ററുകൾ സ്ഥാപിക്കുന്നതിനും ഖജനാവിൽനിന്ന് പണം വിനിയോഗിക്കുന്നത് ഒഴിവാക്കാമോ എന്ന രണ്ടാമത്തെ ചോദ്യത്തിന് കിട്ടിയ മറുപടി വിസ്മയിപ്പിക്കുന്നതാണ്. അത്തരം കാര്യങ്ങൾ അനാവശ്യ ചെലവല്ല, അത് അനിവാര്യമായ ചെലവാണെന്നാണ് പറയുന്നത്. സംസ്ഥാനത്തിന് ഇത്രയധികം കടബാധ്യതയുള്ളപ്പോൾ സ്വാഭാവികമായും ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും ലക്ഷക്കണക്കിന് രൂപയുടെ ഭാരമുണ്ടായി വരുമ്പോൾ ഇത്തരം കാര്യങ്ങളൊക്കെ പരിഗണിച്ചുകൊണ്ട് അത്തരം കാര്യങ്ങളിൽ അനുകൂലമായ മറുപടിയാണ് ഗവൺമെന്റിൽനിന്ന് ലഭിക്കേണ്ടിയിരുന്നത് എന്നുള്ളത് സൂചിപ്പിക്കട്ടെ.

ഇവിടെ സർക്കാർ നിരന്തരം പരസ്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ എന്തിനാണ് സർക്കാർ പരസ്യം കൊടുക്കുന്നത്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ സർക്കാർ പരസ്യം കൊടുക്കുന്നതിനുള്ള ഒരു കാരണം സർക്കാർ ഒരു കാര്യവും ചെയ്യുന്നില്ലെന്നുള്ളത് ജനങ്ങൾക്ക് ബോധ്യപ്പെടുന്നുണ്ട് എന്നുള്ളതുകൊണ്ടാണ്. അതായത് സർക്കാർ ചെയ്യുന്ന കാര്യങ്ങൾ സ്വാഭാവികമായും ഓരോ പൗരനും അനുഭവവേദ്യമാകുന്നില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് സർക്കാർ പരസ്യത്തിനായി മാത്രം ചെലവഴിച്ചത് 50 കോടി രൂപയാണ്. അധികാരത്തിലെത്തി രണ്ട് വർഷത്തിനിടെ പിണറായി വിജയൻ സർക്കാർ പരസ്യത്തിനായി ചെലവഴിച്ചത് 50 കോടി രൂപയാണ്. പബ്ലിക് റിലേഷൻസ് വകുപ്പുവഴി നൽകിയ പരസ്യത്തിന്റെ ചെലവ് മാത്രം കണക്കാക്കിയാണ് ഇത് ലഭിച്ചിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രിയുടെ വകുപ്പുകളുൾപ്പെടെയുള്ളവയുടെ പരസ്യത്തിനും പ്രചരണത്തിനുമായി 50.07 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചിരിക്കുന്നത്. സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ ചെലവുകൾ വരാൻപോകുന്ന എന്നതാണ് പത്രവാർത്തകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. വളരെ വലിയ ധൂർത്തിലേയ്ക്കാണ് ഈ ഗവൺമെന്റ് പോകുന്നത്. ഇവിടെ ഇനി വരാൻ പോകുന്ന ധൂർത്ത് മുഖ്യമന്ത്രിയുടെ സാമൂഹ്യ മാധ്യമ പ്രചരണ പ്രഫഷണൽ സംഘവുമായി ബന്ധപ്പെട്ടാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ ഗവൺമെന്റിനുവേണ്ടി പരസ്യം ചെയ്യുവാൻവേണ്ടി വലിയ തോതിലുള്ള ഖജനാവ് കൊള്ള ഉടൻതന്നെ നടക്കാൻപോകുകയാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ സർക്കാരിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കുവാൻവേണ്ടി കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിക്കുവാൻ തീരുമാനമെടുത്തിരിക്കുകയാണ്. സോഷ്യൽ മീഡിയ സെൽ ഈ സാമ്പത്തിക വർഷം രൂപീകരിക്കാൻ പോകുന്നുവെന്നും

അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുമെന്നുമാണ് കേൾക്കുന്നത്. നവമാധ്യമങ്ങളിലൂടെ ഗവൺമെന്റിനുവേണ്ടിയും പ്രതിപക്ഷത്തിനുവേണ്ടിയും അതാത് പാർട്ടികളിൽപ്പെടുന്ന ആളുകളൊക്കെ നിരവധി പരസ്യങ്ങൾ അനുകൂലമായും പ്രതികൂലമായുമൊക്കെ എഴുതുന്നുണ്ട്, ഈ കാലഘട്ടത്തിൽ അത് ആവശ്യവുമാണ്. പക്ഷേ, സംസ്ഥാന ഗവൺമെന്റ് ഒരു മാസം 40 ലക്ഷം രൂപ ശമ്പളം കൊടുത്ത് ഇത്തരത്തിൽ സോഷ്യൽ മീഡിയ ഗ്രൂപ്പിനെ നിശ്ചയിക്കുമ്പോൾ സ്വാഭാവികമായും അതിലൂടെ വലിയൊരു ധൂർത്തുണ്ടാകും എന്നുള്ളത് യാഥാർത്ഥ്യമായ കാര്യം തന്നെയാണ്. ഇവിടെ സർക്കാരിന്റെ പദ്ധതികൾ ജനങ്ങളിലെത്തുന്നില്ല. കാരണം, സർക്കാർ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിക്കുന്നില്ല. എടുത്തുപറയാൻ കഴിയുന്ന രീതിയിൽ ഏതെങ്കിലുമൊരു പ്രോജക്ട് പൂർത്തീകരിച്ചുവെന്ന് രണ്ട് വർഷമാകുമ്പോഴും ഗവൺമെന്റിന് പറയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പദ്ധതികൾ പ്രഖ്യാപിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഒരിക്കലും അത് ഭ്രമണപഥത്തി ലെത്തിയിട്ടില്ല എന്നതാണ് യഥാർത്ഥ വസ്തുത. എന്നാൽ ചില കാര്യങ്ങളിൽ സർക്കാർ കാണിക്കുന്ന ശുഷ്കാന്തി വളരെ വലുതാണ്.

3.00 pm

കണ്ണൂർ ജയിലിൽ കഴിയുന്ന ഭീകരരായ കുറ്റവാളികൾക്ക് സുഖകരമായ ചികിത്സയാണ് ഇപ്പോൾ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ 2017 ആഗസ്റ്റിന് ശേഷം എത്ര തടവുകാർക്ക് കിടത്തി ചികിത്സ കൊടുത്തുവെന്ന ശ്രീ. സണ്ണി ജോസഫിന്റെ ചോദ്യത്തിന്, കൊലപാതക കേസ്സുകളിലെ 9-ഓളം വലിയ കുറ്റവാളികൾക്ക് ജില്ലാ ആയുർവേദ ആശുപത്രിയിൽ സുഖചികിത്സ കൊടുത്തുവെന്നുള്ള മറുപടി നമ്മെ ഞെട്ടിപ്പിക്കുന്ന കാര്യം തന്നെയാണ്. എന്തിനാണ് തടവുപുള്ളികൾക്ക് ഇത്രയും വലിയ ചികിത്സ എന്നുള്ളത് ബോധ്യപ്പെടുന്നില്ല. കാരണം നാളെ പരോളിൽ ഇറങ്ങുമ്പോൾ അവരെ പാർട്ടിക്ക് ആവശ്യമുണ്ടെന്നുള്ളതുകൊണ്ട് മുൻകൂട്ടി കൊടുക്കുന്ന സുഖ ചികിത്സ ആയിട്ട് മാത്രമേ നമുക്കിതിനെ കാണാൻ കഴിയുകയുള്ളുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോൾ ബിജു രാധാകൃഷ്ണൻ ഗുരുതര രോഗിയാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഭാര്യയെ കൊലപ്പെടുത്തിയ കുറ്റത്തിന് ജീവപര്യന്തം തടവ് അനുഭവിക്കുന്ന സോളാർ തട്ടിപ്പ് കേസ്സിലെ പ്രതി ബിജു രാധാകൃഷ്ണന്റെ പേര് പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് ഗുരുതര രോഗികളായ തടവുകാരുടെ പട്ടിക തയ്യാറാക്കി മെഡിക്കൽ ബോർഡിന് നൽകിയ 14 പേരുള്ള പട്ടികയിലാണ് ഇടം പിടിച്ചിട്ടുള്ളത്. എങ്ങനെയാണ് ഈ ലിസ്റ്റിൽ ബിജു രാധാകൃഷ്ണൻ വന്നിട്ടുള്ളത്.

ഇയാളെ കോടതിയിൽ ഹാജരാക്കുമ്പോൾ ഞാനൊരു വലിയ രോഗിയാണെന്ന് പറയും. പലപ്പോഴും ഇയാളെ ചികിത്സിപ്പിച്ച് പല ടെസ്റ്റുകളും നടത്തിയെങ്കിലും ഇയാൾക്ക് പറയപ്പെടുന്ന രോഗമൊന്നും ഇല്ലെന്ന് മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ സംഘം അഭിപ്രായപ്പെട്ടിട്ടുള്ള കാര്യമാണ്. അങ്ങനെയിരിക്കുമ്പോൾ ബിജു രാധാകൃഷ്ണനെ വലിയ രോഗിയായി ചിത്രീകരിച്ച് സുഖ ചികിത്സയും പരോളും കൊടുത്ത് സുഖസമൃദ്ധമായി മുന്നോട്ട് കൊണ്ടുപോകാൻ ഈ സർക്കാർ ശ്രമിക്കുന്നത് തന്നെ മോശമായ കാര്യമാണെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ഞാൻ ദീർഘമായ പ്രസംഗത്തിലേയ്ക്കൊന്നും കടന്നുപോകുന്നില്ല.

പുന്നപ്ര-വയലാർ സമര സേനാനികളുടെ കാര്യം എല്ലാവർക്കുമറിയാം. അവരെക്കുറിച്ചൊക്കെ നല്ല അഭിപ്രായവും മതിപ്പുമാണ് നമുക്കുള്ളത്. പുന്നപ്ര-വയലാർ സമര സേനാനികളുടെ സ്വാതന്ത്ര്യ സമര പെൻഷനുമായി ബന്ധപ്പെട്ട് ഞാൻ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. അതിന് മറുപടിയും കിട്ടി. സ്വാതന്ത്ര്യ സമര സേനാനികൾക്ക് 6750 രൂപ അടിസ്ഥാന പെൻഷൻ തുക മുതൽ ക്ഷാമബത്ത അടക്കം 11,000 രൂപ നൽകുന്നുണ്ട്. ഇവിടത്തെ പ്രശ്നമതല്ല. സ്വാതന്ത്ര്യ സമരസേനാനികൾ മരണമടഞ്ഞാൽ കുടുംബ പെൻഷൻ പ്രായപൂർത്തിയായ ആൺമക്കൾക്ക് ലഭിക്കുമോ എന്നുള്ള ചോദ്യത്തിന് ലഭിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 75 ശതമാനത്തിലധികം ശാരീരിക മാനസിക വൈകല്യമുള്ള ആൺമക്കൾക്ക് കൂടി തുടർ പെൻഷന് അർഹതയുണ്ടെന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. നമുക്കതിൽ മോശമായ അഭിപ്രായമൊന്നുമില്ല. എന്നാൽ ഇത്തവണ കിട്ടിയിരിക്കുന്ന കണക്കിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക കേസ്സായി പരിഗണിച്ച് ഒരാൾക്കുകൂടി കൊടുത്തുവെന്നാണ്. അത് ആർക്കാണ് എന്നുള്ളത് നമുക്കറിയാം. ശ്രീ. പി.കെ. തങ്കപ്പൻ, പനയ്ക്കൽ വെളിയിൽ വീട്, കണിച്ചുകുളങ്ങര പി.ഒ., മായിത്തറ, ചേർത്തല എന്നയാൾക്ക് ടിയാന്റെ മകൻ വെറും കൂലിപ്പണിക്കാരനാണെന്ന തഹസീൽദാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊടുത്തുവെന്ന് പറയുന്നത് യഥാർത്ഥ വസ്തുതയാണോയെന്ന് പരിശോധിക്കണം. മുമ്പ് പറഞ്ഞിരിക്കുന്ന മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്ന ഒരാളുടെ അവസ്ഥയിലേയ്ക്ക് ഒരു കൂലിപ്പണിക്കാരൻ മാറിയെങ്കിൽ കേരളത്തിലെ എല്ലാ കൂലിപ്പണിക്കാർക്കും ഇതുപോലെ കൊടുക്കേണ്ടിവരുമെന്ന് പാർട്ടിയും ഗവൺമെന്റും ഗൗരവമായി ചിന്തിക്കേണ്ട കാര്യം തന്നെയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ മദ്യ നയംമൂലം ജോലി നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന് മദ്യത്തിന് 5 ശതമാനം സെസ് ഏർപ്പെടുത്തിയിരുന്നത് ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യം തന്നെയാണ്. അങ്ങനെ 2014 ഒക്ടോബർ മാസം മുതൽ ബിവറേജസ് കോർപ്പറേഷൻ മുഖാന്തിരം വിൽക്കുന്ന മദ്യത്തിനുമേൽ 5 ശതമാനം പുനരധിവാസ

നികുതി ചുമത്തിയിരുന്നു. അത്തരത്തിൽ ലഭിച്ച 1027.13 കോടി രൂപ ഈ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. ഇത്രയും തുക കിട്ടിയെങ്കിലും തൊഴിലാളികളെ പുനരധിവസിപ്പിക്കാനായി നാളിതുവരെ വളരെ ചുരുങ്ങിയ തുക മാത്രമാണ് ചെലവഴിച്ചത്. ഇപ്പോൾ അത് നിർത്തിക്കഴിഞ്ഞു. 8651 തൊഴിലാളികൾക്കായി ഏകദേശം 7.65 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. ബാക്കി തുക എന്ത് ചെയ്തുവെന്നാണ് എന്റെ ചോദ്യം. സ്വാഭാവികമായിട്ടും അത് ഫണ്ടിൽ പ്രത്യേകം മാറ്റിയിട്ടിരിക്കുകയാണ്. ഇപ്പോൾ ഇതെല്ലാം നിർത്തി ആ തുകയെടുത്ത് സംസ്ഥാന ഗവൺമെന്റ് വലിയ തോതിൽ പരസ്യം കൊടുത്ത് ജനങ്ങളെ പിഴിയാൻ പോകുന്നുവെന്നുള്ളത് സൂചിപ്പിച്ചെന്നേയുള്ളൂ. ഇന്ന് ട്രഷറി പൂട്ടിക്കഴിഞ്ഞുവെന്ന വാർത്തയാണ് അറിയാൻ കഴിഞ്ഞത്. പ്രതിവർഷ വരവ് 6100 കോടി രൂപയും ചെലവ് 7900 കോടി രൂപയുമാണ്. ഏകദേശം 1800 കോടി രൂപയുടെ ഡെഫിസിറ്റ് ഉണ്ടാകുന്നുവെന്ന് പറയുമ്പോഴും നാം മുന്നോട്ട് മുന്നോട്ട് എന്നാണ് ഗവൺമെന്റും മുഖ്യമന്ത്രിയും പറയുന്നത്. നാം മുന്നോട്ട് എന്നുപറഞ്ഞാൽ ഇപ്പോൾ നാണക്കേടാണ്. 'നാം മുന്നോട്ട്' എന്നുള്ളതിന്റെ പ്രൊഡ്യൂസർ എവിടെ പോയെന്ന് അറിയില്ല. അതിനെക്കുറിച്ച് ഇവിടെ പറയാൻ കഴിയാത്തതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. അധികാരത്തിൽ ഇരിക്കുമ്പോൾ ഇടതുപക്ഷം പല കാര്യങ്ങളും വിഴുങ്ങുകയാണ്. ഇടതുപക്ഷത്തിന് അധികാരം കിട്ടിക്കഴിഞ്ഞപ്പോൾ പ്രതിപക്ഷത്തുള്ള പല കാര്യങ്ങളും മറന്നുപോവുകയാണ്. ബഹുമാന്യനായ മന്ത്രി ജി. സുധാകരന്റെ കവിതയിലെ കുറച്ച് ഭാഗം മാത്രം ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അദ്ദേഹം മന്ത്രി ആയപ്പോൾ മറന്നുപോയ ഒരു കവിതയാണിത്. ദേശീയപാതാ വികസനത്തിനും കീഴാറ്റൂർ കഴുകന്മാർക്കും വേണ്ടി ഞാനിത് സമർപ്പിക്കുകയാണ്.

"കേന്ദ്രമേ വേണ്ട പുറമ്പോക്ക് റോഡിനി

കേന്ദ്രമേ വേണ്ട പുറമ്പോക്ക് റോഡിനി

ഭീതി വിതറാൻ ഇനിയും വരും

ദൂരമൂത്ത സായിപ്പിന്റെ ഡോളറുമായി

വികസന പദ്ധതി വീണ്ടും പൊളിക്കാൻ, തകർക്കാൻ

ആറുപത്ത് മീറ്ററായി തീർക്കാൻ, തകർത്തിടാൻ

പിന്നെ റോഡ് മാത്രം മതി, പിന്നെ റോഡ് മാത്രം മതി, റോഡ് മാത്രം

കേരളം കേഴുന്ന നാടായി മാറുമോ

മാറുമോ ചൊല്ലുകിൻ നാട്ടുകാരേ

മാറുമോ ചൊല്ലുകിൻ പാട്ടുകാരേ

മാറുമോ ചൊല്ലുകിൻ പൂർവ്വികരേ"

ഇത് മന്ത്രി ശ്രീ. ജി. സുധാകരൻ എഴുതിയ കവിതയുടെ കുറച്ച് ഭാഗം മാത്രമാണ്. സാറിവിടെ പലതും മറന്നുപോകുമ്പോൾ സ്വാഭാവികമായും ഇന്നലെകൾ മറക്കാതെ, ഇവിടെ ഉണ്ടാകുന്ന സമരങ്ങളെ അടിച്ചമർത്താതെ സമവായത്തിലൂടെ ഒരു നാടിനെ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കണമെന്ന കാര്യം സൂചിപ്പിച്ചുകൊണ്ടും എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ടും നിർത്തുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സഭ ഇന്ന് പരിഗണിക്കുന്ന ധനകാര്യ ബില്ലിൽ പത്തോളം നിയമങ്ങൾ ഭേദഗതി ചെയ്യുന്നു. അവയൊക്കെ ഇന്നത്തെ ചർച്ചയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. വാറ്റ് നിയമത്തിൽ മൂന്ന് കാര്യങ്ങളുണ്ട്. നിലവിലുള്ള ആംനെസ്റ്റിയുടെ കാലദൈർഘ്യം വർദ്ധിപ്പിക്കുക, പുതിയതായി പറയുന്നില്ല. അടയ്ക്കവ്യാപാരികളുടെ സി ഫോം നൽകാത്തവരുടെ പുതിയ ആംനെസ്റ്റി വയ്ക്കാം. ബേക്കറി വ്യാപാരികൾക്ക് ആംനെസ്റ്റി സ്കീമിൽ പണം അടയ്ക്കാനുള്ള കാലദൈർഘ്യം വർദ്ധിപ്പിച്ച് കൊടുക്കാം. അതിൽ ഭിന്ന അഭിപ്രായക്കുറിപ്പ് ശ്രീ. വി. ഡി. സതീശനും മറ്റ് പല ആളുകളും സൂചിപ്പിട്ടുള്ളത്, അടയ്ക്ക വ്യാപാരികൾക്ക് യഥാർത്ഥത്തിൽ 2 ശതമാനം സി.എസ്.റ്റി. അടച്ചാൽ മതിയായിരുന്നു. എന്നാൽ സി.എസ്.റ്റി. ഇല്ലാതെ അന്തർ സംസ്ഥാന വ്യാപാരത്തിൽ ഏർപ്പെട്ടതുകൊണ്ട് ഇപ്പോൾ 5 ശതമാനം നികുതി അടയ്ക്കണം. അതിന് കൃത്യമായ, അവിതർക്കിതമായ തെളിവുകളുണ്ട്. യഥാർത്ഥത്തിൽ ഫോർജ്ഡ് ആയിട്ടുള്ള സി ഫോമുകളാണ് ഉപയോഗിച്ചിട്ടുള്ളത്. എങ്കിലും ഇവിടെ പലരും പറഞ്ഞതുപോലെ, അമിതമായ നികുതിഭാരം വരും. പ്രത്യേകിച്ച് മുൻകാല വർഷങ്ങൾ കൂടി പരിശോധിക്കുമ്പോൾ. അത് കുറയ്ക്കണമെന്ന് എനിക്കും അഭിപ്രായമുണ്ട്. ഞാൻ അക്കാര്യം സഭയിൽ നേരത്തെ പറഞ്ഞിട്ടുള്ളതുമാണ്. പക്ഷെ രണ്ട് കാരണങ്ങൾകൊണ്ട് നിയമപരമായി അത് ചെയ്യാൻ പറ്റില്ല. ഒന്ന്, Goods and Service Tax 2017 പ്രകാരം കേന്ദ്ര വില്പന നികുതി നിയമം റിപ്പീൽ ചെയ്യപ്പെടുകയുണ്ടായി. നമുക്ക് ഇപ്പോൾ നിരക്ക് കുറയ്ക്കാനുള്ള ലെജിസ്ലേറ്റീവ് ഫീൽഡ് ഇല്ല. നമുക്ക് വേണമെങ്കിൽ പലിശ വേണ്ടെന്ന് വയ്ക്കാം. അതിനുള്ള പിഴയും വേണ്ടെന്ന് വയ്ക്കാം. പക്ഷേ നികുതി നിരക്കിൽ ഭേദഗതി ചെയ്യാൻ നമുക്ക് competence ഇല്ല. രണ്ടാമത്തേത്, സി ഫോറങ്ങളുടെ അഭാവത്തിൽ അന്തർസംസ്ഥാന നികുതി കുറവുചെയ്യുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്ര വിൽപ്പന നികുതി നിയമത്തിന്റെ

8(5) പ്രകാരം 8(4) അനുസരിച്ചുള്ള സി ഫോറം സമർപ്പിക്കുന്ന കേസുകളിൽ മാത്രമേ പൊതുതാൽപ്പര്യം മുൻനിർത്തി അന്തർസംസ്ഥാന നികുതി നിരക്ക് കുറയ്ക്കാൻ സർക്കാരിന് അധികാരമുള്ളൂ. സി ഫോറം നിർബന്ധമാണെന്ന് അർത്ഥം. ഇവിടെ നാം പരിഗണിക്കുന്നത് സി ഫോറം സമർപ്പിക്കാത്ത അന്തർസംസ്ഥാന വ്യാപാരത്തിലെ നികുതി നിരക്ക് സംബന്ധിച്ച തർക്കമാണ്. സി ഫോറം സമർപ്പിക്കുകയെന്ന അനിവാര്യമായ വ്യവസ്ഥ പാലിക്കാത്തതിനാൽ നികുതി നിരക്ക് കുറയ്ക്കുന്നതിന് സംസ്ഥാനത്തിന് അധികാരമില്ല. അതാണ് അതിന്റെ നിയമവശം. ഞാൻ നിസ്സഹായനാണ്. അല്ലാതെ അതിന്റെ അന്തസ്സത്തയോടുള്ള വിയോജിപ്പുകൊണ്ടല്ല. ഇവിടെ ചെയ്യാൻ സാധിക്കുന്നത് 12 തവണകൊണ്ട് അടയ്ക്കണം എന്നുപറഞ്ഞത് 36 തവണയാക്കി കൊടുക്കാം. അതിനുള്ള ഒഫിഷ്യൽ ഭേദഗതി കൊണ്ടുവരാം. It will spread over a long period. അതുമാത്രമേ ഇന്ന് നിയമപരമായി ചെയ്യാൻ കഴിയുകയുള്ളൂ. രണ്ടാമത്തേത്, ഈ presumptive ടാക്സിൽ ആംനെസ്റ്റി നൽകിയവർ 2016 മാർച്ച് 31 വരെയേ കാലാവധിയുള്ളൂ. അതിവിടെ ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിക്കുകയും ചെയ്തു. വാറ്റ് പിന്നേയും ഒരു വർഷം നിലനിന്നിട്ടുണ്ട്. വേറെയാരും ഭേദഗതി തരാത്തതുകൊണ്ട് 2018 മാർച്ച് 31 വരെ നീട്ടണമെന്ന ഒഫിഷ്യൽ അമെന്റ്മെന്റ് മൂവ് ചെയ്യാം. ഇവിടെ പരാമർശിച്ച ഒരു കാര്യം ബഡ്ജറ്റ് പ്രസംഗത്തിലും പറഞ്ഞതാണ്. 2011-12 മുതലുള്ള റിട്ടേണുകൾ പുനഃപരിശോധിക്കുന്നതിന് നിയമപരമായ അവകാശമുണ്ട്. 2011-12, 2012-13 എന്നീ വർഷങ്ങൾ മാറ്റിനിർത്തിയാൽ ഈ കാലയളവിൽ എല്ലാവർക്കും അറിയാവുന്നതുപോലെ വാറ്റ് നികുതി വരുമാനം 10 ശതമാനം എന്ന തോതിലാണ് വളർന്നിട്ടുള്ളത്. ഗൗരവമായ നികുതി ചോർച്ചയുണ്ടെന്ന വിമർശനം എല്ലാവരും പറഞ്ഞിട്ടുണ്ട്. ഞാൻ തർക്കിക്കുന്നില്ല. അത് പരിശോധിക്കാമെന്ന് തീരുമാനിച്ചിരിക്കുകയാണ്. പക്ഷെ സഭയിൽ ഞാൻ ആ പരിശോധന എങ്ങനെയെന്ന് പറഞ്ഞിട്ടുണ്ട്. വളരെ ആത്മനിഷ്ഠമായി ലഭിക്കുന്ന ഫയലുകളെടുത്ത് പരിശോധിച്ചുനോക്കുകയല്ല, ഓരോ മേഖലയ്ക്കു് സ്ക്രൂട്ടിനി മൊഡ്യൂൾ സോഫ്റ്റ്വെയർ ഉണ്ടാക്കിയിട്ടുണ്ട്. നികുതി വകുപ്പ് അത്തരത്തിൽ നല്ലൊരു പ്രവർത്തനം ചെയ്തിട്ടുണ്ട്. ആ മൊഡ്യൂളിൽ സാധാരണഗതിയിൽ റിട്ടേണിലും ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിലും തരുന്ന കണക്കുകൾ പൂരിപ്പിച്ച് പരിശോധിച്ചുകഴിഞ്ഞാൽ അതിലെ വൈരുദ്ധ്യങ്ങളും പോരായ്മകളും ഈ സോഫ്റ്റ്വെയറിലൂടെ മനസ്സിലാക്കാൻ കഴിയും. Best Judgement-ഉം കാര്യങ്ങളൊന്നുമില്ല. അത്തരത്തിലുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ആ പരിശോധന സംബന്ധിച്ച് ഇവിടെ ശ്രീ. മോൻസ് ജോസഫ് ചോദിച്ചു, ഡോ. എൻ. ജയരാജ് പ്രതികരിക്കുകയും ചെയ്തു. അതെന്താണെന്ന് ചോദിച്ചാൽ, കോൺട്രാക്ടർമാരുടെ

റിട്ടേണുകൾ പരിശോധിക്കുന്നുണ്ട്. അവർ അന്തർസംസ്ഥാന വ്യാപാരം നടത്തിയിട്ടുണ്ടെന്നാണ് ആ പരിശോധനയിലൂടെ ഇപ്പോൾ വെളിവാകുന്നത്. അന്തർസംസ്ഥാന വ്യാപാരം നടത്തിക്കഴിഞ്ഞാൽ പിന്നെ കോമ്പൗണ്ടിംഗ് നിരക്കിൽനിന്ന് അവർ പുറത്തുപോകും. ഇവിടെ കോമ്പൗണ്ട് ചെയ്യുന്ന കരാറുകാർക്ക് രണ്ട് നിരക്കാണ് നിലവിലുള്ളത്. സംസ്ഥാനത്തിന് പുറത്തുനിന്ന് സാധനങ്ങൾ കൊണ്ടുവരുന്നവർക്ക് കരാർ തുകയുടെ 7 ശതമാനം നൽകണം. സംസ്ഥാനത്തിനകത്തുനിന്നുമാത്രം സാധാനങ്ങൾ വാങ്ങുന്നവർക്ക് കരാർ തുകയുടെ 4 ശതമാനം നൽകിയാൽ മതി. ഇവിടെ ശ്രീ. വി. ഡി. സതീശൻ പല പ്രാവശ്യം എന്നോട് പറഞ്ഞിട്ടുള്ളതാണ്, ഒരു പാലത്തിന്റെ കരാർ എടുത്ത ഒരാൾക്ക്, സ്പെസിഫൈ ചെയ്തിട്ടുള്ള പെയിന്റ് കേരളത്തിൽ കിട്ടുകയില്ല. കേരളത്തിന് പുറത്തുനിന്ന് വാങ്ങിയതിന് കൃത്യമായ തെളിവുമുണ്ട്. അതു വരുന്നതോടുകൂടി അദ്ദേഹം 4 ശതമാനം കോമ്പൗണ്ട് റേറ്റിൽനിന്ന് പുറത്തുപോകുകയാണ്. 7 ശതമാനം നൽകണം. That is the position of law. അതിനുള്ള ഒരു വിവേചനാധികാരം നികുതി ഉദ്യോഗസ്ഥർക്കോ നികുതി വകുപ്പുമന്ത്രിക്കോ നൽകുന്നില്ല. നമുക്കെന്താണ് ചെയ്യാൻ സാധിക്കുന്നത്; ഇങ്ങനെയുള്ള അപാകതകൾ ഈ പരിശോധനയിൽ വരും. ഇനിയുള്ള പരിശോധനയിൽ ധാരാളമായിവരും. ഇതെല്ലാം നോക്കിക്കഴിഞ്ഞതിനുശേഷം നമുക്കൊരുമിച്ച് ഒരു പൊസിഷൻ എടുക്കാം. യാന്ത്രികമായി പരിശോധനയുടെ ഫലമായി വരുന്നതെല്ലാം 'ഞെക്കിപിഴിഞ്ഞെടുക്കുക' എന്ന നിലയിലല്ല. പക്ഷെ, കൃത്യമായ കണക്കുകളുണ്ടാകും. ഒരു കോടതിയിലും ഒരു അപ്പീലിനും ചോദ്യം ചെയ്യാൻ പറ്റാത്ത കൃത്യമായ കണക്കുകൾ ഈ സോഫ്റ്റ്‌വെയറിൽ ലഭ്യമാകും. ആ സാധ്യതയുണ്ടെങ്കിൽ മാത്രമേ പുറത്തുവരികയുള്ളൂ. പൊസിഷൻ ഓഫ് ലാ യാന്ത്രികമായി നടപ്പാക്കാൻ പോയാൽ വലിയ ബുദ്ധിമുട്ടുകൾ വന്നേക്കാം. പിന്നീട് സൗകര്യമുണ്ടാക്കി സഭയിൽ നമുക്ക് ചർച്ച ചെയ്ത് ഒരു ആംനെസ്റ്റി പ്രോഗ്രാം തയ്യാറാക്കാം. But now let the process go on. ആ പ്രോസസ്സ് പോകുമ്പോൾ രണ്ട് പ്രാവശ്യമേയുള്ളൂ. എന്നാൽ indiscriminate ആയി മുഴവൻ പേരുടെയും കണക്കുകൾ പരിശോധിച്ച് നോട്ടീസ് അയയ്ക്കാം എന്നൊന്നുമില്ല. നമ്മൾ കൃത്യമായ മുൻഗണന നിശ്ചയിക്കുകയാണ്. ഒരു കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ളവരുടേതു മാത്രമേ നമ്മൾ ഇപ്പോൾ എടുക്കുന്നുള്ളൂ. അവയാണ് ആദ്യം പരിശോധിച്ച് തീർക്കുന്നത്. രണ്ടാമത്തേത്, ഇവരെ ഹരാസ് ചെയ്യുന്ന രീതി എല്ലാ കണക്കുകളും ഓഡിറ്റഡ് റിപ്പോർട്ട്, പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട്, റിട്ടേണുകളുടെ കോപ്പി എല്ലാം വീണ്ടും കൊണ്ടുവന്ന് ഹാജരാക്കുക. അത് കൊണ്ടുവരാനൊന്നും സാധിക്കുകയില്ല. അപ്പോൾ ന്യായമായി അവർ തന്നിട്ടുള്ള റിട്ടേണുകളിലും രേഖകളിലുമുള്ള കണക്കുകൾ ശേഖരിച്ചതിനുശേഷം എന്തെങ്കിലും

വിട്ടുപോയിട്ടുണ്ടോ, പൂരിപ്പിച്ചിട്ടില്ലെങ്കിൽ അത് മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൊണ്ട് ഇന്നുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഇല്ലാതാക്കാം. അങ്ങനെ പരിശോധന വരുമ്പോൾ എനിക്ക് തോന്നുന്ന സ്വർണ്ണ വ്യാപാരത്തിലും വലിയ വ്യത്യാസം വരും. Let us see. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നിശ്ചയമായും എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളൊക്കെ പരിശോധിക്കുന്നുണ്ട്. അപ്പോൾ നമുക്കൊരു ധാരണയിലെത്തിച്ചേരാം.

ശ്രീ. വി. ഡി. സതീശൻ: സർ, മാനുഷികമായ പരിഗണന അങ്ങ് ആ കാര്യത്തിൽ നൽകിയതിൽ പ്രത്യേകമായി നന്ദി പറയുകയാണ്. അതേയവസരത്തിൽ ഇക്കാര്യത്തിൽ ഒരു കോൺക്രീറ്റായ തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതുവരെ മറ്റ് നടപടികളുമായി സമ്മർദ്ദം ചെലുത്താതിരിക്കാനുള്ള നിർദ്ദേശംകൂടി നൽകണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, സമ്മർദ്ദം ചെലുത്തും. കാരണം, കഴിഞ്ഞ തവണത്തെ ആംനെസ്റ്റിയുടെ കാര്യത്തിൽ വളരെ ലളിതമായി, യാതൊരു വ്യവസ്ഥകളുമില്ല, നിങ്ങൾ വന്ന് തുക അടച്ചാൽമതിയെന്ന് പറഞ്ഞപ്പോൾ ഞാൻ കരുതിയത് കൃത്യമായി കോമ്പൗണ്ടിംഗ് ചെയ്തിരിക്കുന്നവർ അതിന് മുകളിലാണ് അല്ലെങ്കിൽ presumptive ടാക്സിലേയ്ക്ക് പോകുന്നില്ല എന്നാണ്. വലിയ ബഹളമായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ അടുത്തുവന്ന് എന്ത് ബഹളമാണ് കാട്ടിയത്? ആംനസ്റ്റി നൽകിയാൽ ഇവരെല്ലാം വരുമെന്നാണ് ധരിച്ചിരുന്നത്. ആരും വന്നില്ല. അതുകൊണ്ട് ഇപ്പറഞ്ഞ നിർബന്ധിത മെഷേഴ്സിലേയ്ക്ക് പോകില്ല. പക്ഷെ, അവരിൽ സമ്മർദ്ദം ചെലുത്തും. അല്ലെങ്കിൽ അവർ വരികയില്ല. ഒരു ആംനെസ്റ്റി വേണമെന്ന് എല്ലാവരും പറയണം. അപ്പോൾ നമുക്ക് ആലോചിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, ധനകാര്യ ബില്ലിന്റെ ഭാഗമല്ലെങ്കിലും ഒരു കാര്യം അറിയാനുണ്ട്. ഇപ്പോൾ ധനകാര്യ വർഷത്തിന്റെ അവസാന ദിവസങ്ങളാണ്. ഇനി നാല് പ്രവൃത്തി ദിനങ്ങൾ മാത്രമേയുള്ളൂ. വെള്ളിയാഴ്ച പബ്ലിക് ഹോളിഡേയാണ്. ഇപ്പോൾത്തന്നെ ട്രഷറിയിൽനിന്ന് പഞ്ചായത്തുകളുടെ ബിൽ മാറിക്കൊടുക്കുന്നില്ല. ട്രഷറിയിൽ കാഷ് ബാലൻസില്ല. എന്നുപറഞ്ഞാൽ ട്രഷറി ഏതാണ്ട് പൂട്ടിയിരിക്കുകയാണ്. സാധാരണഗതിയിൽ മാർച്ച് 31-ാം തീയതി അർദ്ധരാത്രിവരെ പണം മാറിക്കൊടുക്കുമായിരുന്നു. ഇന്നുമുതൽതന്നെ കാഷ് ബാലൻസ് കിട്ടുന്നില്ല. അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണിത്. അത് പരിഹരിക്കാനുള്ള നിർദ്ദേശമെന്താണ്? മാർച്ച് 31-നുള്ള unspend ബാലൻസ് സ്പിൽ ഓവറായി കൊടുക്കാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് അതീവഗുരുതരമായ സ്ഥിതിവിശേഷമൊന്നുമല്ല. ക്യാഷ് മാനേജ്മെന്റിന്റെ പ്രശ്നമാണ്. രണ്ട് കാര്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഒന്ന്, ഈ ആദ്യ ആഴ്ചയിൽത്തന്നെ, അതായത് വരുന്ന വിഷുവിന് പെൻഷൻ വിതരണം ആരംഭിക്കുന്നു. സർക്കാരിന് കടമെടുക്കാനുള്ള കാര്യങ്ങളൊക്കെ മാസത്തിന്റെ മധ്യം കഴിഞ്ഞതിനുശേഷം മാത്രമേ പറ്റുകയുള്ളൂ. അതുപോലെ കേന്ദ്രത്തിന്റെ സഹായവും മാസത്തിന്റെ മദ്ധ്യം കഴിഞ്ഞതിനുശേഷം മാത്രമേ ലഭിക്കുകയുള്ളൂ. അതിനാൽ ഇപ്പോൾതരുന്ന ബില്ലുകളെല്ലാം വാങ്ങിവയ്ക്കുന്നു. ഏപ്രിൽ മാസം മദ്ധ്യംകഴിഞ്ഞ് പണം കൊടുക്കുന്നു. വേറെയൊരു പ്രശ്നവുമില്ല. അഡീഷണൽ ആതറൈസേഷനായി നൽകും. ഇപ്പോൾതന്നെ 75 ശതമാനം ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള അഞ്ചോ പത്തോ ശതമാനം വരുന്ന ബിൽ വാങ്ങിവയ്ക്കുന്നു. പിന്നീട് കൊടുക്കുന്നു. രണ്ടാമത്തേത് കെ.എസ്.ആർ.ടി.സി.-യുടെ കൺസോർഷ്യത്തിന്റെ വായ്പയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കൺസോർഷ്യത്തിന്റെ വായ്പ ഇപ്പോൾ ഏതാണ്ട് നേരെയായി വരുന്നുണ്ട്. പക്ഷെ, കൺസോർഷ്യത്തിന്റെ വായ്പ കിട്ടണമെന്നുണ്ടെങ്കിൽ, അടുത്ത മൂന്നുനാല് ദിവസത്തിനുള്ളിൽ ഇപ്പോൾ കെ.എസ്.ആർ.ടി.സി. എടുത്തിരിക്കുന്ന വായ്പ മൂവായിരം കോടിയാണെങ്കിൽ ആ മൂവായിരം കോടി രൂപയും സർക്കാർ ട്രഷറിയിൽനിന്ന് കൊടുത്താൽ മാത്രമേ ബാങ്ക് വായ്പ തരികയുള്ളൂ. വായ്പ തന്നുകഴിയുമ്പോൾ വീണ്ടും നമുക്ക് ഏപ്രിൽ മാസത്തേയ്ക്കെടുക്കാം. ഇങ്ങനെയുള്ള അസാധാരണമായ സാഹചര്യത്തിൽ കർശനമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരും. So this is a cash management problem. പെൻഷൻ കൃത്യമായി കൊടുക്കണം, കെ.എസ്.ആർ.ടി.സി.-യുടെ വായ്പ മാർച്ച് 31-നുമുമ്പ് കൊടുത്തുതീർക്കുകയെന്നത് വലിയൊരു അഭ്യാസമാണ്. അതുമുഴുവനും ഞാനിവിടെ പറയുന്നില്ല. പക്ഷെ പുറത്തെടുക്കുക, തിരിച്ചെടുക്കുക തുടങ്ങിയ പല ഏർപ്പാടുകളാണ്. അതിന്റെയൊരു പശ്ചാത്തലത്തിലാണ് ഇത്തരത്തിലൊരു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് പഞ്ചായത്തുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും ഒന്നും നഷ്ടപ്പെടാൻ പോകുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങിവിടെ പറഞ്ഞതനുസരിച്ച് മാർച്ച് 31-ാം തീയതി രാത്രിവരെ ബിൽ എടുത്തിട്ട് പേമെന്റിന്റെ ഡിലേ മാത്രമേയുള്ളൂവെങ്കിൽ പ്രശ്നമില്ല. മാർച്ച് 31 അർദ്ധരാത്രിവരെ ബില്ലെടുക്കുമെന്ന കാര്യം ഉറപ്പാണല്ലോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നമ്മുടെ അഡ്ജസ്റ്റ്മെന്റിനുവേണ്ടി എല്ലാവർഷവും ബില്ലെടുക്കാനായി രണ്ടുദിവസംമുമ്പ് സമയം നിശ്ചയിക്കുമല്ലോ. ആ വാങ്ങുന്ന ബില്ലിനാണ് മാർച്ച് 31 അർദ്ധരാത്രിവരെ പണം കൊടുക്കുന്നത്. അത് എല്ലാവർഷവുമുള്ള നടപടിക്രമമാണ്. ആ നടപടിക്രമംമാത്രമേ ഇപ്പോഴും എടുത്തിട്ടുള്ളൂ. 31-ാം തീയതി ബിൽ എടുക്കുന്ന ഏർപ്പാടില്ല. ഇനിയിപ്പോൾ അങ്ങ് പറഞ്ഞതുപോലെ ഇന്ന് അവസാനിക്കുന്നത് ഒരു ദിവസംകൂടി നീട്ടണമെന്നുണ്ടെങ്കിൽ ഫിനാൻസ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് അതിനൊരു ധാരണയിലെത്താം. ബിൽ രണ്ട് ദിവസംമുമ്പ് സമർപ്പിച്ചിരിക്കണം എന്നുപറയുന്ന ഓർഡർ എല്ലാവർഷവും ഉള്ളതാണ്.

അടുത്തതായി ഇവിടെ വരുന്ന കാര്യം, കാർഷികാദായ നികുതിയിലും പ്ലാന്റേഷൻ ടാക്സിലും നമ്മുടേതിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അത് ചർച്ചയിൽ ഉന്നയിച്ചില്ലെങ്കിലും നേരത്തെ ബഡ്ജറ്റ് ചർച്ചയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അത് പിന്നീട് പരിഗണിക്കാം, ചർച്ചചെയ്യാം. കൃഷി വകുപ്പിന്റെയുമൊക്കെ സജീവ പരിഗണനയിലുണ്ട്. ഇന്ന് പ്ലാന്റേഷൻ മേഖല നേരിടുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ പ്ലാന്റേഷനുമായി ബന്ധപ്പെട്ടുള്ള റവന്യൂ, വനം, കൃഷി എന്നീ വകുപ്പുകളുമായി ആലോചിച്ചിട്ട് will take opposition also in consultation, നമുക്കൊരു തീരുമാനത്തിലെത്താം.

അടുത്തത് എക്സൈസാണ്. എക്സൈസിൽ രണ്ട് ഭേദഗതികളാണ് അടിസ്ഥാനപരമായിട്ടുള്ളത്. ഒന്ന്, നിലവിലുള്ള സോഷ്യൽ സെക്യൂരിറ്റി സെസ്, മെഡിക്കൽ സെസ്, റീഹാബിലിറ്റേഷൻ സെസ്, സർചാർജ് ഫ്രം സെയിൽസ് ടാക്സ് ഇവയെല്ലാം സംയോജിപ്പിച്ച് ഒറ്റ സെയിൽസ് ടാക്സാക്കി മാറ്റുന്നു. നിങ്ങൾക്കറിയാം എന്തുകൊണ്ടാണ് അങ്ങനെയൊരു ഭേദഗതി കൊണ്ടു വരുന്നതെന്ന്. നിരക്ക് വർദ്ധിപ്പിക്കാനൊന്നുമല്ല. ഇന്ന് പല പത്രങ്ങളിലും കണ്ടത് ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ വിലകൾ കുത്തനെ ഉയരാൻ പോകുന്നുവെന്നാണ്. ഇല്ല, ഇത് 200 ശതമാനമായിട്ട്, റിവൈസ്ഡ് റേറ്റ് 125-ൽനിന്ന് നമ്മുടെ ലാന്റഡ് കോസ്റ്റ് 400 രൂപയിൽ താഴെയുള്ള ഐ.എം.എഫ്.-ന്റെ നികുതി കൂട്ടുമ്പോൾ ഇത്രയും ടാക്സ് സംയോജിപ്പിക്കുന്നു. ബാക്കിയുള്ളത് ബിവറേജസിന്റെ ലാഭത്തിൽ കുറവ് ചെയ്തിട്ടാണ് ഫിക്സ് ചെയ്യുന്നത്. അപ്പോൾ ലാഭം കുറയും. വില കൂട്ടുന്നില്ല. വില കൂട്ടുന്നത് റൗണ്ടിംഗ് വരുമ്പോൾ മാത്രമാണ്. അതായത് 390 രൂപയാണെങ്കിൽ പത്ത് രൂപ ആരും ബാക്കി കൊടുക്കില്ല. അപ്പോൾ 400 രൂപ ആക്കുന്നതാണ് നല്ലത്. അങ്ങനെയുള്ള റൗണ്ടിംഗ് ഓഫ് അല്ലാതെ വേറെ വിലവർദ്ധനവൊന്നുമില്ല. യാതൊരു സംശയവും വേണ്ട. കൃത്യമായ കണക്കുകളുണ്ട്. പെട്ടെന്ന് സംശയം വരാനുള്ള കാരണം, ഇതെല്ലാം കൂട്ടുമ്പോൾ ഇത്രയല്ലേ വരുന്നതെന്ന് നോക്കും. cascading effect നമ്മുടെ സിംപിൾ കാൽക്കുലേഷനിൽ വരില്ല. അതുകൊണ്ടാണ് സംശയം തോന്നുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഡ്ജറ്റിൽ സെസ്സും സർചാർജ്ജുമെല്ലാം മാറ്റുന്നുവെന്ന് പറഞ്ഞു. പക്ഷെ ബിവറേജസ് കോർപ്പറേഷൻ അവരുടെ പ്രോഫിറ്റ് കുറയ്ക്കുന്നതിനെപ്പറ്റിയുള്ള സൂചന അതിനകത്തില്ല. കാൽക്കുലേഷനിൽ ഇത് 200 ശതമാനമായി വർദ്ധിപ്പിക്കുകയും ചെയ്തു. മറ്റേ 22% കാണാനുമില്ല. അങ്ങനെയാണ് ആളുകൾക്ക് സംശയമുണ്ടാകുന്നത്. അതുകൊണ്ടാണ് പല പത്രങ്ങളും ഏപ്രിൽ മാസം ഒന്നാം തീയതിമുതൽ ഐ.എം.എഫ്.എൽ.-ന്റെയും എല്ലാത്തിന്റെയും വില വർദ്ധിക്കുമെന്ന് പറയുന്നത്. അങ്ങനെയാണെങ്കിൽ സർക്കാരിന് മൂവായിരം കോടി രൂപ കിട്ടണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങനെ പ്രസംഗത്തിലൊരു പോരായ്മയുണ്ട്. പക്ഷെ വില വർദ്ധിക്കില്ലായെന്ന് ഖണ്ഡിതമായി ഞാൻ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി പ്രോഫിറ്റ് കുറയ്ക്കുന്നുണ്ടെന്നുള്ളത് പറഞ്ഞിട്ടില്ലെന്ന് മാത്രമേയുള്ളൂ. രണ്ടാമത്തേത്, ഫോറിൻ ലിക്വറിന് നികുതി കുറയ്ക്കുന്നത് സംബന്ധിച്ചാണ്. ഇവിടെ ശ്രീ. എം. ഉമ്മർ പറഞ്ഞത് നികുതിയൊന്നുമില്ലാതെ വിൽക്കാമെന്നാണ്. അങ്ങനെയല്ല, നികുതിയുണ്ട്. നികുതി കുറയ്ക്കുകയാണ് ചെയ്യുന്നത്. പുതിയ രജിസ്ട്രേഷന്റെ ആവശ്യമില്ല. കാരണം, ബിവറേജസ് തന്നെയാണ് വിൽക്കാൻ പോകുന്നത്. അപ്പോൾ നിലവിലുള്ള ഐ.എം.എഫ്.എൽ. കടക്കാരൻ ബിവറേജസും ഇംപോർട്ട് ചെയ്യുന്ന ഫൈവ് സ്റ്റാർ ഹോട്ടലുകാരുമല്ലേയുള്ളൂ. വേറെ പുതിയ ആളുകൾക്കൊന്നും ലൈസൻസില്ല. അങ്ങനെ വിചാരിക്കരുത്. എന്താണ് അതിന്റെ കാരണം; വിദേശത്തുതന്നെ ഉണ്ടാക്കിയ വിലകൂടിയ മദ്യം അതായത് പ്രീമിയം ബ്രാൻഡായ ജോണിവാക്കറിനെപ്പോലെ ഏതെങ്കിലുമാണെങ്കിൽ നമ്മളിവിടെ ഇംപോർട്ട് ചെയ്ത് അതിന്റെ കൂടെ 200 ശതമാനം നികുതിയുംകൂടെ ചേർത്ത് കഴിയുമ്പോൾ അതിന് 8000 മുതൽ 9000 രൂപവരെ വിലവരും. അതേസമയം ഗൾഫിൽനിന്ന് വരുന്നവരെല്ലാം കൊടുക്കുന്ന ഗ്രേ മാർക്കറ്റ് കേരളത്തിലുണ്ട്. അവിടെയാണെങ്കിൽ 3500 - 4000 രൂപയ്ക്ക് കാര്യം നടക്കും. ഗ്രേ മാർക്കറ്റ് മാത്രമല്ല സ്പ്യൂരിയസ് മാർക്കറ്റുമുണ്ട്. ഇതിന് ഇത്രയും വിലയുള്ളതുകൊണ്ട് സ്റ്റിക്കറൊക്കെ ഉണ്ടാക്കാൻ കഴിയുമല്ലോ. നല്ല ഫോറിൻ ലിക്വർ വേറെയെങ്ങും കിട്ടുന്നില്ല. കിട്ടണമെങ്കിൽ ഒന്നുകിൽ ഗ്രേ മാർക്കറ്റിൽ പോകണം, അല്ലെങ്കിൽ സ്പ്യൂരിയസ് മാർക്കറ്റിൽ പോകണം. എന്നാൽ സ്പ്യൂരിയസ് മാർക്കറ്റിന്റെ നിലവാരത്തിലേയ്ക്ക് വന്നില്ലായെങ്കിലും prohibitive ആയിട്ടുള്ള 8000 രൂപയിൽ നിന്ന് 4500 രൂപ വരുന്ന രീതിയിൽ ഇതിന്റെ നികുതി കുറയ്ക്കാം. ഇംപോർട്ട് ഡ്യൂട്ടി കുറയ്ക്കാൻ നമുക്ക് അവകാശമില്ല. അങ്ങനെ വരുമ്പോൾ ഇന്ന് ഗ്രേ മാർക്കറ്റിലും സ്പൂരിയസ് മാർക്കറ്റിലും പൊയ്ക്കോണ്ടിരിക്കുന്ന ഡിമാന്റ് ഇങ്ങോട്ടുവരും. അത്ര ഉറപ്പുണ്ടോയെന്ന് നിങ്ങൾ ചിലപ്പോൾ ചോദിച്ചേയ്ക്കാം. നമുക്ക് നോക്കാം. നമുക്ക് competitor ആയി വരാൻ കഴിയുന്ന ആൾ ഫൈവ് സ്റ്റാർ ഹോട്ടലുകാരനായാലും ഇതുപയോഗപ്പെടുത്തി ഇംപോർട്ട് ചെയ്ത് വിൽക്കുമ്പോഴാണ്. പക്ഷെ അയാൾക്ക് ബോട്ടിൽ വിൽക്കാൻ കഴിയില്ല. അളന്നേ കൊടുക്കാൻ പാടുള്ളൂ. അപ്പോൾ ഗ്രേ മാർക്കറ്റിലെയും സ്പൂരിയസ് മാർക്കറ്റിലേയും ഡിമാന്റ് ഇങ്ങോട്ട് വരും, സംസ്ഥാനത്തെ നികുതി കൂടുകയേയുള്ളൂ, കുറയില്ല എന്നുള്ളതാണ് ഞങ്ങളുടെ കണക്കുകൂട്ടൽ. ഏതായാലും ചിലരൊക്കെ ഇവിടെ അതിനെക്കുറിച്ച് പറയുകയുണ്ടായി. അത് പരിശോധിച്ചിട്ട് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നോക്കാം.

അടുത്തത് മോട്ടോർ വാഹന നികുതിയെക്കുറിച്ചുള്ളതാണ്. മോട്ടോർ വാഹന നികുതിയിൽ വിമർശിക്കാനൊന്നുമില്ല. കാരണം, എല്ലാ നികുതിയും കുറച്ചിരിക്കുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് ഇലക്ട്രിക് മോട്ടറിന് കുറച്ചുകൂടി നികുതി കുറയ്ക്കണമെന്നാണ്. തൽക്കാലം ഇങ്ങനെതന്നെയിരിക്കട്ടെ. ഇലക്ട്രിക് ക്യാബിന്റെ നികുതിയിൽ വലിയ കുറവാണ് വന്നിരിക്കുന്നത്. നേരത്തെ മോട്ടോർ കാറിന്റെ നിരക്കിൽ കിടന്നത് ഓട്ടോറിക്ഷയുടെ നിരക്കിലേയ്ക്ക് താഴ്ത്തുകയാണ് ചെയ്തത്. അമിനിറ്റീസിനെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്, deterrent penalty വേണമെന്നാണ്. ഇപ്പോൾ കണക്കുകളെടുത്ത് നോക്കിയപ്പോൾ 2357 കേസ്സുകളാണ്, suspected cars ആയിട്ടുള്ളത്. 1007 പേർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. ഇതിനകംതന്നെ 247 കാറുകൾക്ക് 21 കോടി രൂപ അടച്ചിട്ടുണ്ട്. ഈ നിരക്കുവച്ച് മുഴുവൻ കളക്ട് ചെയ്യുകയാണെങ്കിൽ ഞാൻ പറഞ്ഞ നൂറ് കോടിയല്ല, ഏതാണ്ട് ഇരുന്നൂറ് കോടിയോളം രൂപ വരുമാനമുണ്ടാകും. prohibitive ആയി penalty വച്ചുകഴിഞ്ഞാൽ അരൂപിയായി കാർ പുറത്തുകൊണ്ടുപോയി എവിടേയും വിൽക്കാൻ നടക്കേണ്ട. നികുതി അടച്ച് കാര്യം നടക്കും. ഇപ്പോൾതന്നെ അതായിട്ടുണ്ട്. കഴിഞ്ഞ വർഷം മോട്ടോർ വാഹന നികുതി 25 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞ ആ deterrent ഇതിനകം എടുത്ത നടപടിയിലൂടെ വന്നുകഴിഞ്ഞിട്ടുണ്ട്.

അടുത്തത് രജിസ്ട്രേഷന്റെ കാര്യമാണ്. രജിസ്ട്രേഷന്റെ ആംനെസ്റ്റിയിൽ, ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ ഒരുപാട് നോട്ടീസുകൾ എല്ലായിടത്തും പൊയ്ക്കൊണ്ടിരിക്കുകയാണെന്നും അത് അതിക്രമമാണെന്നുമൊക്കെ ശ്രീ. കെ.എൻ.എ. ഖാദർ ഇവിടെ പറയുകയുണ്ടായി. കേരള മുദ്രപത്ര നിയമം 45 (B) വകുപ്പ് പ്രകാരം വസ്തുവിന്റെ വില കുറച്ചുവച്ചിരിക്കുന്നുവെന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ബോധ്യം വന്നാൽ അണ്ടർവാല്യുവേഷൻ നടപടിക്ക് ശിപാർശ ചെയ്യാവുന്നതാണ്. ഫെയർവാല്യു വരുന്നതിനുമുമ്പുതന്നെ പതിനായിരക്കണക്കിന് കേസുകളുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. ഫെയർ വാല്യു വന്നുകഴിഞ്ഞാൽ, ഫെയർ വാല്യു ഒരു സർവ്വേ നമ്പർ പ്രസിദ്ധീകരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പിന്നെ അത് രജിസ്ട്രേഷൻ ചെയ്ത് കൊടുത്തേ പറ്റൂ, കേസിന്റെയൊന്നും പ്രശ്നമില്ല. കേസ് രജിസ്റ്റർ ചെയ്യുന്നില്ല. നോട്ടീസും പോകില്ല. ഫെയർ വാല്യു ഉള്ളിടത്ത് രണ്ടുകാര്യങ്ങളിൽ നോട്ടീസ് വരാം. ഒന്ന്, ഫെയർ വാല്യു ഭൂമിക്ക് മാത്രമാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഒരു ഭേദഗതിമൂലം കെട്ടിടത്തിന്റെ വില ഇൻകം ടാക്സിന്റെ മെത്തേഡിൽ നിശ്ചയിക്കും. ആ രീതിയിൽ വില നിശ്ചയിക്കുമ്പോൾ ബിൽഡിംഗിനെ ഉൾപ്പെടുത്താൻ നോട്ടീസ് പോകാം. രണ്ടാമത്തേത്, സർവ്വേ നമ്പരില്ലാത്ത ഫെയർ വാല്യുവിൽ ഉൾപ്പെടാത്തതിനുമാത്രമേയുള്ളൂ. - അല്ലാതെയുള്ള ഏതെങ്കിലും സ്പെസിഫിക് കേസ് ഫെയർ വാല്യു നിശ്ചയിച്ച മേഖലയിലുണ്ടെങ്കിൽ കൊണ്ടുവന്നാൽ എന്താണ് അങ്ങനെ സംഭവിച്ചതെന്ന് നോക്കാം. സംഭവിക്കാനുള്ള സാധ്യതയില്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഫെയർ വാല്യൂ അനുസരിച്ച് രജിസ്റ്റർ ചെയ്തതും അങ്ങ് പറഞ്ഞതുപോലെ കെട്ടിടം ഇല്ലാത്തതും സർവ്വേ നമ്പരുള്ളതുമായ കേസ്സുകളിൽ നിരന്തരമായി നോട്ടീസുകൾ അയച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള സ്പെസിഫിക്കായ കേസുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ കൊണ്ടുവരാം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ആംനസ്റ്റി പ്രഖ്യാപിച്ചിരിക്കുന്നത് ഇപ്പോൾ നോട്ടീസയയ്ക്കുന്നതിനല്ല. കേസെടുത്തു കഴിഞ്ഞിട്ടുള്ളവയ്ക്കാണ് ആനംസ്റ്റി കൊടുത്തിട്ടുള്ളത്. അങ്ങ് പറയുന്നത് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഏത് ഇൻസ്റ്റൻസ് എന്നുള്ള കൃത്യമായ നമ്പർ പറഞ്ഞാൽ പരിശോധിപ്പിക്കാം. പാർട്ടീഷന്റെ രജിസ്ട്രേഷൻ ഫീസ് വരുന്നതിനെക്കുറിച്ചാണ് വലിയ വേവലാതികളുള്ളത്. ഇത് ലാഭത്തിനുവേണ്ടിയുള്ള വിൽപ്പനയല്ലെന്നാണ് എല്ലാവരും പറയുന്നത്. പക്ഷേ, കേരളത്തിൽ ഏറ്റവും കൂടുതൽ ക്യാപിറ്റൽ ഗെയിൻസ് ഉണ്ടാക്കുന്നത് ഭൂമിയുടെ ക്രയവിക്രയത്തിലൂടെയല്ലേ? നിങ്ങളൊക്കെ ക്യാപിറ്റൽ ഗെയിൻസ് ഉണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്. In any sense of justice, അതെങ്ങനെയാണ് ഒഴിവാക്കുന്നത്. എന്നാൽ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കില്ല. കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിക്കുകയും സഭയിൽ വച്ച് അത് പിൻവലിക്കുകയും ചെയ്തു. രജിസ്ട്രേഷൻ ഫീസ് എത്രയാണ്; ആയിരം രൂപ വച്ചിരുന്നത്, പതിനായിരത്തിന് 15 രൂപ അതായത് 0.15% ആക്കി. ആറരലക്ഷം രൂപവരെയും ആയിരം രൂപയേയുള്ളൂ. അതിനുമുകളിൽ വരുന്ന ഓരോ ലക്ഷത്തിനും 150 രൂപയാണ്. This is the level. ഇക്കാര്യത്തെക്കുറിച്ച് ഇങ്ങനെ ഭീതിയുണ്ടാക്കരുത്. Its a small amount. And I think it is a figment of natural justice.

ഇവിടെ ഗ്രീൻ ടാക്സിനെക്കുറിച്ച് ഡോ. എൻ. ജയരാജ് സംസാരിച്ചു. ഇങ്ങനെ ഇംപ്രൂവ്മെന്റ് വരുന്ന സ്ഥലത്ത് പ്രത്യേക നികുതി വേറെയുണ്ടാക്കാൻ കഴിയുമോ, പ്രത്യേക സ്ഥലങ്ങളിലുണ്ടാക്കാൻ കഴിയുമോ? ഇപ്പോൾ തീരുമാനമെടുക്കാനല്ല, ഇത് നമ്മൾ ഗൗരവമായി ആലോചിക്കേണ്ടിവരും. 50,000 കോടി രൂപയുടെ ഡെവലപ്മെന്റ് വർക്കിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എല്ലാം വരും. പലതും ബൈപ്പാസാണ്. റോഡുകളുടെ നല്ലൊരു പങ്കും ബൈപ്പാസാണ്. അങ്ങനെയേ കഴിയൂ. കാരണം നഗരത്തിലെ റിബൺ ലൈക്ക് ഡെവലപ്മെന്റ് പൊളിച്ചുമാറ്റാൻ കഴിയില്ല. ആ പ്രദേശത്തെ ഭൂമി വിലയിൽ വരുന്ന മാറ്റം എന്താണ്? ഒന്നും ചെയ്തിട്ടില്ല. അതിന്റെ പേരിൽ ഞാൻ ഇപ്പോൾ പ്രശ്നമുണ്ടാക്കാൻ പോകുന്നില്ല. അല്ലെങ്കിൽത്തന്നെ എതിർപ്പ്, A kind of capital gains, ഉണ്ടാകുന്നു. ഡോ. എൻ. ജയരാജാണ് പറഞ്ഞത്. നല്ല ഒരു ആശയമാണ്. നാട്ടിൽ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഈ പറഞ്ഞത് നിങ്ങൾ ആ വികാരത്തിലെടുക്കുമെന്ന് കരുതട്ടെ.

വൈകാരികമായ വിമർശനം വന്നത് ലാന്റ് റവന്യൂവിൽ വരുന്ന വർദ്ധനവിനെക്കുറിച്ചാണ്. നിങ്ങൾ കൊണ്ടുവരികയും ഞങ്ങൾ എതിർക്കുകയും പിൻവലിക്കുകയും ചെയ്ത കാര്യം പുനഃസ്ഥാപിച്ചതിനെക്കുറിച്ചുള്ളതാണ്. We have every right to do that. പക്ഷേ എന്താണ് ന്യായം, നിങ്ങളുടെ നിലപാട് മാറിപ്പോയതുകൊണ്ടാണോ എന്നതാണ് ചോദ്യം. ഒന്ന് അഞ്ചുവർഷം കഴിഞ്ഞിട്ടുണ്ട്. രണ്ടാമത്, ഇതിന്റെ തുക എന്നുപറയുന്നത് കൃഷിക്കാർക്ക് കൊടുക്കാൻ വേണ്ടിയുള്ളതാണ്, വേറെ കാര്യത്തിനു വേണ്ടിയുള്ളതല്ല. അത് കർഷക ക്ഷേമനിധി ബോർഡിനും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനും കൊടുക്കാനുള്ളതാണ്. വേറെ എടുക്കാനുള്ളതല്ല. എന്താ കാര്യം? ഇവരുടെ തൊഴിലുടമയുടെ അംശദായം നമുക്ക് പിരിക്കാൻ കഴിയുന്നില്ല. So we have a basic land tax, അതാണ് അംശദായം. കർഷകത്തൊഴിലാളി ക്ഷേമനിധിയുണ്ടാക്കിയിട്ട് ഇത്രയും നാളും നമുക്ക് കൊടുക്കാൻ കഴിഞ്ഞില്ലല്ലോ? ആ സംഘടനകൾക്ക് ഏതാണ്ട് യോജിപ്പാണ്. എങ്കിലും ഈ പറയുന്നത് ഏത് നിലയിൽ നിന്നാണെന്ന കാര്യത്തെക്കുറിച്ച് അംഗങ്ങൾക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അത് ഷാർപ്പായി ചോദിച്ചിട്ടുമുണ്ട്.

മറ്റൊരു നിയമം ചർച്ച ചെയ്തത് ഗ്യാരന്റിയെക്കുറിച്ചാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ പ്രസംഗം മുഴുവൻ അതിനെക്കുറിച്ചാണ്. അത് ഞാൻ ശ്രീ. വി. ഡി. സതീശനോട് പ്രതികരിച്ചുകഴിഞ്ഞു. തുക കാണിച്ച് കടത്തിന്റെ വലിപ്പത്തെക്കുറിച്ച് ആധിയുണ്ടാക്കുകയാണ്. അമേരിക്കയുടെ കടമെത്രയാണ്; ഇന്ത്യയുടെ കടത്തിന്റെ പത്തോ അമ്പതോ ഇരട്ടിയല്ലേ അമേരിക്കയുടെ കടം; അമേരിക്ക ഇന്ത്യയെക്കാൾ പാപ്പരാണെന്ന് ആരെങ്കിലും പറയുമോ? സമ്പദ്ഘടന വളരുംതോറും കടവും കൂടും. സമ്പദ്ഘടന വളരുന്നതിനെക്കാൾ വേഗതയിൽ കടം വർദ്ധിക്കാൻ പാടില്ല. നമ്മുടെ കടബാദ്ധ്യത 33-34 ശതമാനമായിരുന്നത് 29 ശതമാനത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. ഇനിയും കുറച്ചുകൊണ്ടുവരണമെന്നു പറയുന്ന നിയമമാണ് വയ്ക്കാൻപോകുന്നത്. ഇനിയും കുറച്ച് കൊണ്ടുവരാം. അങ്ങനെ കുറയുമെന്ന് പറയാൻ കാരണം എന്താണ്; നമ്മൾ പാസ്സാക്കുന്ന നിയമ പ്രകാരം മൂന്ന് ശതമാനത്തിലേറെ നമുക്ക് വായ്പയെടുക്കാൻ കഴിയില്ല. എത്ര വായ്പയെടുത്തെന്ന് പറഞ്ഞാലും മൂന്ന് ശതമാനം വച്ചുകൊണ്ടിരുന്നാൽ അഞ്ചാറു വർഷം കൂടുമ്പോൾ ആരു ഭരിച്ചാലും കടം ഇരട്ടിയാകും. പൊതുമൈതാനത്ത് പ്രസംഗിക്കാം, ഇരട്ടിയായി, ഇതുവരെ എടുത്തതിന്റെ അത്രയും കടം അഞ്ചുവർഷംകൊണ്ട് വാങ്ങിച്ചു എന്ന് ഞങ്ങളും പറയും നിങ്ങളും പറയും എല്ലാവരും പറയും. But it is inevitable, simple arithmetic. ഇപ്പോൾ ഗ്യാരന്റി നൽകുന്നത്

എന്തിനാണ്? ഇവിടെ പറഞ്ഞത് ശരിയാണ്. കിഫ്ബിയുടെയൊക്കെ വായ്പയ്ക്ക് ഗ്യാരന്റി കൊടുത്തേപറ്റൂ, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി കൊടുത്തേപറ്റൂ. അങ്ങനെ ഗ്യാരന്റി കൊടുത്ത് വാങ്ങി റോഡും പാലവുമൊക്കെ പണിയാൻ നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. എല്ലാവർക്കും ആവശ്യമുള്ള കാര്യങ്ങൾ, ഞങ്ങൾക്ക് ആവശ്യമുള്ളത്രയും തന്നിട്ടില്ലെന്ന് മാത്രമേ ആക്ഷേപമുള്ളൂ, കുടിപ്പോയി എന്നാരും പറഞ്ഞിട്ടില്ല. അതിന് നമുക്ക് ഈ നിയമം ഭേദഗതി ചെയ്തേ പറ്റൂ. അതുകൊണ്ടാണ് നിയമം കൊണ്ടുവന്നിട്ടുള്ളത്. അപ്പോഴാണ് കിഫ്ബിയിലേയ്ക്ക് വരുന്നത്. വളരെ ഗൗരവമായ ചോദ്യമായി അദ്ദേഹം ഉന്നയിച്ചത്, ഇപ്പോൾ 4010 കോടി രൂപ കിഫ്ബിയുടെ കയ്യിലുണ്ട്. അടുത്ത രണ്ടുമൂന്ന് മാസത്തിനുള്ളിൽ അയ്യായിരമോ ആറായിരമോ കോടി രൂപ സമാഹരിക്കുന്നതിനുള്ള നടപടികൾ നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. എവിടെയാണ് എങ്ങനെയാണ് ഇത് കൈകാര്യം ചെയ്യുന്നത്; ഇത്രയും വലിയ തുക എവിടെ ഇൻവെസ്റ്റ് ചെയ്യുമെന്ന് ചോദിച്ചു. ശ്രീ. വി. ഡി. സതീശൻ അതിന്റെ ചട്ടങ്ങളൊക്കെ വായിച്ചു കേൾപ്പിച്ചു. ശരിയാണ്, അതുപോലെ തന്നെയാണ് ചെയ്യേണ്ടത്. കിഫ്ബി ബോർഡ് ഒരു ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ കമ്മിറ്റി മാർച്ച് 24-ാം തീയതി യോഗം ചേർന്ന് അതിന് ഡ്രാഫ്റ്റ് ഇൻവെസ്റ്റ്മെന്റ് പോളിസി ഉണ്ടാക്കുന്നതിന് തീരുമാനിച്ചു. അതുവരെ ഒരു സി.ഇ.ഒ. ആണ് ഇതു സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നത്. സി.ഇ.ഒ. തീരുമാനമെടുക്കുന്നതിന് ചില പ്രിൻസിപ്പിൾസ് വച്ചിട്ടുണ്ട്. അവ ഇതൊക്കെയാണ്.

Deposits are given to banks only if they enjoy a highest credit rating from a recognised credit rating agency.

Since the deposits of KIIFB are made for 90, 91 days at a time, what is considered is the short term rating.

The following principles are broadly used to make deposits in banks on a 91 day basis:

(a) The investment is made in the Banks offering the maximum interest as on the date of maturity. For this purpose, quotes are collected from Banks.

(b) No Bank is allowed to have a concentration of deposits. This is to reduce risks to KIIFB in the unlikely event of a bank failure.

ഇതാണ് തത്വം. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് 4010 കോടി രൂപയുടെ ഇൻവെസ്റ്റബിൾ ഫണ്ട്സ് ഉള്ളതിൽ 740 കോടി രൂപയാണ് ഫിക്സഡ് ഡെപ്പൊസിറ്റായിട്ടുള്ളത്. അത് താഴെപ്പറയുന്നവയാണ്: (1) ഇൻഡസ് ബാങ്ക് - 108 കോടി രൂപ, പലിശ 7.16%; (2) യെസ് ബാങ്ക് - 150 കോടി രൂപ, പലിശ 7.4%; (3) യെസ് ബാങ്ക് - 106 കോടി രൂപ, പലിശ 7.45%; (4) എച്ച്.ഡി.എഫ്.സി. - 106 കോടി രൂപ, പലിശ 7.1%; (5) ഇൻഡസ് ബാങ്ക് - 265 കോടി രൂപ, പലിശ 7.62%. ഇതെല്ലാംകൂടി 734 കോടി രൂപയല്ലേ ആയുള്ളൂ, ബാക്കി എവിടെയാണ് ഇട്ടിരിക്കുന്നത് എന്നുള്ളതാണ് ഉന്നയിക്കപ്പെട്ടുന്ന ചോദ്യം. അതിൽ കൊടാക് മഹീന്ദ്ര ബാങ്കിൽ 500 കോടി രൂപ, എസ്.ബി.ഐ.-യിലെ ഒരു അക്കൗണ്ടിൽ 216 കോടി രൂപ, 3 കോടി രൂപ മറ്റൊരു അക്കൗണ്ടിൽ. പിന്നെ സ്പെഷ്യൽ ടി.എസ്.ബി.177 - 57 കോടി രൂപ, സ്പെഷ്യൽ ടി.എസ്.ബി.479 – 2498 കോടി രൂപ. ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത് കൊടാക് മഹീന്ദ്രയിൽ എന്തിനാണ് 500 കോടി, എസ്.ബി.ഐ.-യിൽ കുറവാണ് എന്നുള്ളതാണ്. എന്തുകൊണ്ടാണ് ഇങ്ങനെ എടുത്തതെന്നുള്ളതിന്റെ ഡ്യൂ പ്രോസസ്സ് ഞാൻ പറയാം; കൊടാക് മഹീന്ദ്രയിൽ 5.7% പലിശ. ഇപ്പോൾ ഈ പറഞ്ഞതെല്ലാം സേവിംഗ്സ് അക്കൗണ്ടാണ്. കാരണമെന്താണെന്നുവച്ചാൽ ബില്ലുകൾ വന്നാൽ പണം കൊടുക്കാൻ ഫിക്സഡ് ഡെപ്പോസിറ്റിലിട്ടാൽ സാധിക്കില്ല. So we keep it in the savings account. പേയ്മെന്റ് തുടങ്ങിക്കഴിഞ്ഞു. സ്വാഭാവികമായി താഴ്ന്ന പലിശയാണ്. എങ്കിലും കൊടാക് മഹീന്ദ്ര 5.7% തരും. എസ്.ബി.ഐ. തരുന്നത് 4 ശതമാനമാണ്. എന്നുമാത്രമല്ല, നമ്മുടെ പേയ്മെന്റ് ഡീഡുമായി പൂർണ്ണമായും ഇന്റഗ്രേറ്റ് ചെയ്യാൻ സന്നദ്ധതയുള്ളത് കൊടാക് മഹീന്ദ്രയാണ്. അതുകൊണ്ട് വളരെ പെട്ടെന്ന് പണം കൈമാറാൻ പറ്റുന്നുണ്ട്. എസ്.ബി.ഐ.-യിലും മറ്റും ചില റിസർവേഷൻസും കാര്യങ്ങളുമുണ്ട്. അതുകൊണ്ട് വളരെ സുതാര്യമായ രീതിയിൽ കിഫ്ബിയുടെ താല്പര്യങ്ങൾ പൂർണ്ണമായും പരിഗണിച്ചുകൊണ്ടുതന്നെയാണ് ഈ തീരുമാനങ്ങളെടുത്തിട്ടുള്ളത്. അതിൽ ആർക്കെങ്കിലും സംശയങ്ങൾ തോന്നിയിട്ടുണ്ടെങ്കിൽ അതിലൊന്നും ഞാൻ കുറ്റം പറയില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, അങ്ങ് പറഞ്ഞത് കിഫ്ബിയുടെ സി.ഇ.ഒ. തീരുമാനിച്ച് ഗൈഡ്‌ലൈനുണ്ടാക്കി എന്നാണ്. കിഫ്ബിയുടെ സി.ഇ.ഒ.-യ്ക്ക് എങ്ങനെ നിയമസഭ പാസ്സാക്കിയ ആക്ട്..., It is a black-ten violation of the provision of this Act. എവിടെ ഇൻവെസ്റ്റ് ചെയ്യണമെന്ന് വളരെ ക്ലിയറായി പറഞ്ഞിരിക്കുകയാണ്. നാഷണലൈസ്ഡ് ബാങ്കിലോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സോവറിൻ ബോണ്ടുകളിലോ

അല്ലെങ്കിൽ പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റോ എന്നാണ്. പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റ് എന്താണെന്ന് വ്യക്തമായി പറഞ്ഞിരിക്കുകയാണ്. നിയമസഭ പാസ്സാക്കിയ ആക്ടിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ആ പ്രൊവിഷൻസിന് വിരുദ്ധമായി ചട്ടംപോലും ഉണ്ടാക്കാൻ പാടില്ല. പിന്നെങ്ങനെയാണ് സി.ഇ.ഒ. ഒരു ഗൈഡ്‌ലൈനുണ്ടാക്കി ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്ക് പണം മാറ്റുന്നത്? ഞാൻ വേറൊരു ക്വാസ്റ്റ്യൻകൂടി ഉന്നയിച്ചിരുന്നു, 30-4-2018-ൽ തന്നെ 150 കോടി രൂപ 7.4 ശതമാനം പലിശയ്ക്കും വേറൊരു ബാങ്കിൽ 108 കോടി രൂപ 7.16 ശതമാനം പലിശയ്ക്കും ഇട്ടിരിക്കുകയാണ്. ഇങ്ങനെ വരാൻ പാടില്ലല്ലോ. അതുപോലെ 500 കോടി രൂപ സേവിംഗ്സിൽ ഇട്ടിരിക്കുകയാണ്. 500 കോടി രൂപയുടെ പേമെന്റ് ഈ സമീപ ദിവസങ്ങളിൽ വരുന്നുണ്ടോ? ഇതെല്ലാം പരിശോധിക്കേണ്ട കാര്യങ്ങളാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, This is your best Judgement. നമുക്ക് സേവിംഗ്സ് അക്കൗണ്ടിൽ എത്ര വേണം. സേവിംഗ്സ് അക്കൗണ്ടിൽ ഇടുമ്പോൾ രണ്ട് ശതമാനം കൂടുതൽ പലിശ കിട്ടുന്ന ഒരു ബാങ്കിൽ ഇടുന്നു. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യം ഞാൻ വീണ്ടും വായിച്ചുനോക്കാം. പക്ഷെ ഇൻവെസ്റ്റ്മെന്റ് പോളിസി എന്നുപറയുന്നത് ബോർഡ് തീരുമാനിച്ച് ഗൈഡ്‌ലൈൻസിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതാണ്. ഞാൻ ഇക്കാര്യം പരിശോധിക്കാം. കോ-ഓപ്പറേറ്റീവ്സിനെക്കുറിച്ച് ഇന്നലെ ശ്രീ. വി. ഡി. സതീശൻ ചോദിച്ചതിന് ഞാൻ മറുപടി പറഞ്ഞെങ്കിലും വകുപ്പുമന്ത്രിക്ക് പറയാനുള്ള കാര്യങ്ങൾ പറയാവുന്നതാണ്.

## VII വിശദീകരണം

### ഇഫ്ടാസ് (IFTAS)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇന്നലെ ശ്രീ. വി. ഡി. സതീശൻ സംസാരിക്കുമ്പോൾ ഞാൻ സഭയിലുണ്ടായിരുന്നില്ല. ഞാൻ ഉച്ചയ്ക്ക് 1.00 മണിവരെ സഭയിലുണ്ടായിരുന്നു. അതിനുശേഷമാണ് പോയത്. യഥാർത്ഥത്തിൽ 19-ാം തീയതി നടന്ന സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ഉന്നയിച്ച അതേ വിഷയങ്ങൾ തന്നെയാണ് അദ്ദേഹം ഇന്നലെയും ആവർത്തിച്ചതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അന്ന് ഞാൻ ഓരോ വിഷയത്തിനും വിശദമായി മറുപടി പറഞ്ഞതാണ്. അദ്ദേഹത്തിന് അത് മനസ്സിലായിട്ടുണ്ടാകും എന്നുതന്നെയാണ് എന്റെ വിശ്വാസം. ഇല്ലെങ്കിൽ അദ്ദേഹമത് ശ്രദ്ധിച്ചില്ല എന്നുവേണം കരുതാൻ. പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PACS)-കൾക്ക് ഒരു ഏകീകൃത സോഫ്റ്റ്‌വെയർ എന്ന രീതിയിലുള്ള

നടപടികൾ ആരംഭിക്കുന്നത് 2015-ലാണ്. അന്ന് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇതിനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഇതിനായി വിവിധ ചർച്ചകൾ നടന്നു, സർക്കാർ മാറി, എൽ.ഡി.എഫ്. വന്നു. 30-11-2016-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ഈ വിഷയം വീണ്ടും ഉയർന്നുവന്നു. നടപടികൾ ത്വരിതഗതിയിലാക്കാൻ നിർദ്ദേശം നൽകിയതിന്റെ ഭാഗമായി ചർച്ചകൾ പുരോഗമിക്കുന്നതിനിടയിലാണ് 2017 ജനുവരിയിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ തങ്ങൾ സന്നദ്ധമാണെന്ന് അറിയിച്ചുകൊണ്ട് ആർ.ബി.ഐ.-യുടെ ഉപസ്ഥാപനമായ ഐ.ഡി.ആർ.ബി.ടി.-യുടെ കീഴിൽ കമ്പനി നിയമം സെക്ഷൻ 8 അനുസരിച്ച് രൂപീകരിച്ച നോൺ-പ്രോഫിറ്റ് സ്ഥാപനമായ IFTAS സർക്കാരിനെ സമീപിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിൽ അവർ PACS-കൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കി വരികയാണെന്ന് അറിയിച്ചു. ആർ.ബി.ഐ.-യുടെ പരിരക്ഷയുള്ളതു കൊണ്ടുതന്നെ, കുറ്റമറ്റ രീതിയിൽ കാര്യങ്ങൾ നടക്കണമെന്ന സദുദ്ദേശ്യമുള്ളതു കൊണ്ടായിരുന്നു അവർ പറഞ്ഞത് കേൾക്കാൻ ഇടയായത്. സർക്കാർ ഈ രണ്ട് ജില്ലകളുടെയും കാര്യം പരിശോധിച്ചപ്പോൾ ഈ രണ്ട് ജില്ലകളിലും വ്യത്യസ്ത സ്വകാര്യ കമ്പനികളുടെ സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നതെന്നും അതിന് ചില അപര്യാപ്തതകളുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു. ഈ സന്ദർഭത്തിലാണ് ഈ കാര്യം മുൻനിർത്തി 13-11-2017-ൽ ചേർന്ന യോഗത്തിൽ IFTAS സ്വന്തം നിലയിൽ നോൺ-ബാങ്കിംഗ് പ്രവർത്തനങ്ങൾ ഉൾപ്പെടെ സോഫ്റ്റ്‌വെയർ തയ്യാറാക്കി പദ്ധതി നടപ്പിലാക്കാൻ കഴിയുമെങ്കിൽ അവർക്ക് കരാർ നൽകുന്ന കാര്യം പരിഗണിക്കാമെന്ന നിലപാട് സ്വീകരിച്ചത്. തുടർ നടപടികൾക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ അഞ്ചംഗ സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയാണുണ്ടായത്. 2017 നവംബർ 24-ന് IFTAS സഹകരണ വകുപ്പിന് സമർപ്പിച്ച പ്രസന്റേഷനിൽ പ്രൊപ്പോസ്ഡ് സൊല്യൂഷൻ എന്ന ഭാഗത്ത്; ഫങ്ഷണൽ എന്ന ഭാഗത്ത് പറയുന്നത്, We will cover the broad list of banking functionalities proposed in the centralised solution along with all the audit and reporting essentials. The various inter connects with the additional delivery channels and the non banking business entities will also be covered. ബാങ്കിംഗും നോൺ-ബാങ്കിംഗും ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ സൊല്യൂഷൻ തന്നെയാണ് അവർ കേരളത്തിലെ PACS-നുവേണ്ടി തയ്യാറാക്കുന്നതെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങ് ഉന്നയിച്ച ഒരു ആക്ഷേപമുണ്ട്. ആർ.ബി.ഐ.-യെ മുന്നിൽ നിർത്തി സ്വകാര്യ കമ്പനികൾ നടത്തുന്ന തട്ടിപ്പായി അങ്ങ് അതിനെ വിശേഷിപ്പിച്ചത് സത്യത്തിൽ ദൗർഭാഗ്യകരമായിപ്പോയിയെന്ന്

പറയാതിരിക്കാൻ നിർവ്വാഹമില്ല. IFTAS യു.ഡി.എഫ്. ഭരണകാലത്ത് ഇടുക്കിയിലും വയനാട്ടിലും സ്വകാര്യ സോഫ്റ്റ്‌വെയർ കമ്പനികളായ Nelito, Perfect എന്നിവയെ ഉപയോഗിച്ചതുപോലെയുള്ള ഒരു കരാറിനല്ല നിലവിലെ സർക്കാർ താല്പര്യപ്പെട്ടിട്ടുള്ളത്. മുൻ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം എഴുതിയ നോട്ടിൽ താഴെപ്പറയുംപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം എഴുതിയത്, Since NABARD does not have a PAN India solution that can be implemented in any reasonable time, this option is not available. Hence we may explore the possibility of getting the solution developed and implemented by IFTAS. IFTAS is an organisation under the umbrella of RBI and has reasonable experience and enjoys credibility. Hence it is recommended that discussions may be initiated with IFTAS for the software solution in PACS. ആർ.ബി.ഐ.-യുടെ കീഴിൽ വരുന്ന IFTAS സ്വന്തം നിലയിൽ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഒരു സോഫ്റ്റ്‌വെയറിന്റെ സാധ്യത പരിശോധിച്ച് മുന്നോട്ട് പോകാനുള്ള ചർച്ചകൾക്ക് തുടക്കമിടാനാണ് മുൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചത്. ഇതിന്റെ അർത്ഥം മറ്റ് സ്വകാര്യ കമ്പനികളുടെ സോഫ്റ്റ്‌വെയർ IFTAS-ന് ഉപയോഗിക്കാമെന്നാണോ അങ്ങ് കരുതുന്നത്? അതിന്റെ അർത്ഥം അങ്ങനെയല്ല, അത് പാടില്ല എന്നുതന്നെയാണ്. അങ്ങ് വേറൊരു കാര്യം പറഞ്ഞത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നാല് ഐ.ടി. കമ്പനികൾ സർക്കാരിനെ സമീപിച്ച് ഈ ദൗത്യം നിർവ്വഹിക്കാമെന്ന് അറിയിച്ചിട്ടും സർക്കാർ അനുവദിച്ചില്ല എന്നതാണ്. നിലവിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളുടെ സ്ഥിതി അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതിൽ ഏതെങ്കിലുമൊരു കമ്പനിക്കാണ് കൊടുത്തിരുന്നതെങ്കിൽ ഉണ്ടാകാമായിരുന്ന പുകിൽ ഞാനിപ്പോൾ ഓർമ്മിക്കുകയാണ്. 1600-ഓളം വരുന്ന PACS-കളുടെ 4625-ഓളം ബ്രാഞ്ചുകൾക്ക് കേരളാ ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ നിവർത്തിക്കേണ്ട സൗകര്യങ്ങൾകൂടി ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ സ്ഥാപിച്ച് മുന്നോട്ട് പോകാനുള്ള ശേഷിയും അത് ആർ.ബി.ഐ., എൻ.പി.സി.ഐ. തുടങ്ങിയ സ്ഥാപനങ്ങൾ അംഗീകരിക്കാനുള്ള സാധ്യതയുമെല്ലാം വളരെ കുറവാണെന്ന കാര്യം അങ്ങേയ്ക്കും ബോധ്യമുള്ളതാണ്.

ഭാവിയിൽ കേരള ബാങ്കും അതിന്റെ ബ്രാഞ്ചുകളും നൽകുന്ന വിവിധ സേവനങ്ങൾ PACS-ലൂടെ നൽകാൻ കഴിയണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന് അനുയോജ്യമായ സോഫ്റ്റ്‌വെയർ PACS കളിൽ നടപ്പാക്കാനായാൽ അയ്യായിരത്തിനുമേലെ നെറ്റ്‌വർക്കുള്ള ഒരു സഹകരണ ബാങ്കിംഗ് സംവിധാനം നമ്മുടെ സംസ്ഥാനത്ത് രൂപപ്പെടുത്താൻ സാധിക്കും. അത് നമ്മുടെ ഭാവിവികസനത്തിന് മുതൽക്കൂട്ടാകും. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ

ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുമായി ഒരു മൊഡ്യൂൾ മുഖാന്തിരം ബന്ധിപ്പിക്കാൻ കഴിയുന്ന ഗുണമേന്മയുള്ള സുരക്ഷിത മാനദണ്ഡങ്ങളുള്ള ഏകീകൃത സോഫ്റ്റ്‌വെയറാണ് PACS-ൽ IFTAS മുഖാന്തിരം നടപ്പിലാക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നത്. PACS-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ കേരള ബാങ്കുമായി ബന്ധിപ്പിക്കാനുതകുന്നതായിരിക്കും. അന്നേരം PACS-കൾക്ക് പുതിയ സോഫ്റ്റ്‌വെയർ ആവശ്യമായി വരില്ല. ഇതിനായി അധിക ചെലവുമുണ്ടാകില്ല. IFTAS 2017 നവംബർ 25-ന് സർക്കാരിന് സമർപ്പിച്ച പ്രസന്റേഷൻ രേഖയിൽ ഇന്റർകണക്ഷന് സാധ്യമാകുന്ന സോഫ്റ്റ്‌വെയറാകും തങ്ങൾ രൂപകല്പന ചെയ്യുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ സഹകരണ മേഖലയിൽ ഇരുപതിനായിരത്തിലധികം സ്ഥാപനങ്ങളുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികൾക്ക് PACS ഒഴികെയുള്ള സംഘങ്ങളിൽ നല്ല രീതിയിൽ സേവനം നൽകുന്നതിന് അവസരമുണ്ട്. അത് കൂടുതലായി അവർ ഉപയോഗിക്കുകയാണ് വേണ്ടത്. IFTAS-നെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ച പ്രശ്നങ്ങളിൽ ഒന്ന്, ടെക്നിക്കൽ കോംപിറ്റൻസി അതിനില്ല എന്നുള്ളതാണ്. രണ്ട്, സ്വന്തമായി സോഫ്റ്റ്‌വെയർ ഇല്ലെന്നുള്ളതാണ്. മൂന്ന്, ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾക്ക് നിലവാരമോ സുരക്ഷിതത്വമോ ഇല്ലെന്നുള്ളതാണ്. നാല്, സർവ്വീസ് സപ്പോർട്ടില്ല എന്നുള്ളതാണ്.

അങ്ങ് പറഞ്ഞ പ്രശ്നങ്ങൾ സർക്കാർ നേരത്തെതന്നെ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അത് പരിശോധിച്ചുതന്നെയാണ് തീരുമാനങ്ങളുമായി മുന്നോട്ടുപോകുന്നത്. 15-02-2018-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലും

20-3-2018-ൽ ഞാൻ നിയമസഭയിൽ പറഞ്ഞ കാര്യത്തിലും അടങ്ങിയിട്ടുള്ളത് IFTAS സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത, സോഫ്റ്റ്‌വെയർ കോസ്റ്റ്, ആവർത്തനച്ചെലവ്, സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനുള്ള സമയപരിധി, നിർബന്ധിതവും വാണിജ്യപരവുമായ നിബന്ധനകൾ എന്നിവ IFTAS-മായി ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളുമെന്നും സംസ്ഥാന താല്പര്യം സംരക്ഷിക്കുമെന്നുമാണ്. IFTAS-മായി ഒരു കരാറിലും ഇതുവരെ ഏർപ്പെട്ടിട്ടില്ല. ഏർപ്പെടാത്ത കരാറിന്റെ പേരിൽ ഒരു വിജിലൻസ് അന്വേഷണത്തെക്കുറിച്ചോ മറ്റോ അങ്ങ് സൂചിപ്പിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ കാര്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം അത് ജനിക്കാത്ത കുഞ്ഞിന് ജാതകം എഴുതുന്നതുപോലെയാണ്. അങ്ങേയ്ക്ക് വിജിലൻസ് അന്വേഷണം നടത്തണമെന്ന് നിർബന്ധമുണ്ടെങ്കിൽ അത് നടത്തേണ്ടത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് IFTAS-മായി ചേർന്ന് ഇടുക്കിയിലും വയനാട്ടിലുമുണ്ടാക്കിയ കരാറുകളിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൂടി പറഞ്ഞാൽ IFTAS-മായി ചേർന്നുണ്ടാക്കിയ കരാറിനെ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തണമോ വേണ്ടയോ എന്നുള്ളത് നമുക്ക് ആലോചിക്കാം. ഇതാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഏകപക്ഷീയമായി അങ്ങനെ പറഞ്ഞുപോകരുത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സഭയിലുണ്ടാകേണ്ടതായിരുന്നു. അങ്ങ് പറഞ്ഞതൊന്നും ശരിയല്ല. അടിസ്ഥാന രഹിതമായ കാര്യങ്ങളാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്. ഭാവിയിൽ കേരള ബാങ്ക് വരുമ്പോൾ ഇന്റർഫെയ്സ് കണക്ഷനുണ്ടാകുമെന്ന് അങ്ങ് പറഞ്ഞു. നോൺ ബാങ്കിംഗ് മൊഡ്യൂളുണ്ടോ എന്ന് ഈ കമ്പനിയോട് ചോദിച്ചപ്പോൾ കമ്പനി പറഞ്ഞ മറുപടി, നോൺ ബാങ്കിംഗ് ആക്ടിവിറ്റികൾക്കുള്ള ഇന്റർഫെയ്സ് പ്രൊവിഷൻ കൊടുക്കാം, നിലവിലുള്ള വെണ്ടർമാർക്ക് അത് ചെയ്യാമെന്നാണ്. നിലവിലുള്ള ബാങ്കിംഗ് സൊല്യൂഷനിലെ വെണ്ടർമാരുമുണ്ടാകും, IFTAS കമ്പനി വയ്ക്കുന്ന വെണ്ടർമാരുമുണ്ടാകും. കേരള ബാങ്ക് വരുമ്പോൾ പുതിയ വെണ്ടർമാരുമുണ്ടാകും. ഈ സോഫ്റ്റ്‌വെയർ ഒരു കാരണവശാലും മതിയാകില്ല. ഈ കമ്പനിയെക്കുറിച്ച് ഞാൻ ഉന്നയിച്ച ടെക്നിക്കൽ കോമ്പിറ്റൻസും ക്വാളിറ്റിയും സർവ്വീസും കോസ്റ്റും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ആക്ഷേപങ്ങൾ അങ്ങ് നിഷേധിച്ചിട്ടില്ല. ഈ കമ്പനി fail ആകുകയും അവർ അത് പ്രൈവറ്റ് കമ്പനികളെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന കാര്യവും അങ്ങ് സമ്മതിച്ചു. ഒറ്റക്കാര്യം, എന്തിനാണ് ഇതിന് ഇത്ര രഹസ്യസ്വഭാവം. വേറെ കമ്പനികളുമായി എന്തുകൊണ്ട് നെഗോഷ്യേറ്റ് ചെയ്തില്ല? ഇതിനെക്കാൾ നല്ല ഓഫർ തരാൻ വേറെ കമ്പനികൾക്ക് സാധിക്കുമായിരുന്നല്ലോ. ഇന്നലെ പറഞ്ഞതും അതുതന്നെയാണ്, അങ്ങ് തെറ്റിദ്ധരിക്കണ്ട. ഒന്നുകിൽ ഈ കമ്പനിയെ മാറ്റിനിർത്തി, ഒരു expression of interest പൊതുവായി വിളിച്ച് ആ കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്യുക. ഏറ്റവും ബെറ്റർ ഓപ്ഷനെടുക്കുക. ഈ കമ്പനിയുടേതാണ് നല്ലതെങ്കിൽ IFTAS-നെ തെരഞ്ഞെടുക്കാം. ഗവൺമെന്റിന്റെ ഇന്ററസ്റ്റാണ് പ്രൊട്ടക്ട് ചെയ്യേണ്ടത്. ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. മന്ത്രിയുടെ ഓഫീസിലേയ്ക്ക് ഇതിന്റെ വിശദാംശങ്ങൾ ചോദിച്ച് വിവരാവകാശ നിയമപ്രകാരം കൊടുത്തപ്പോൾ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിന്റെ സൂക്ഷിപ്പിലില്ലാത്തതിനാൽ ആയത് താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിരിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. സഹകരണ സംഘം രജിസ്ട്രാറിൽ നിന്ന് കിട്ടിയ മറുപടി, മീറ്റിംഗിൽ പങ്കെടുക്കുന്നതിനായി IFTAS-നെ തെരഞ്ഞെടുത്തതായും പങ്കെടുക്കുന്നതിനായി അറിയിച്ചുകൊണ്ടും ഈ ഓഫീസിൽ നിന്ന് ഒരു കത്തിടപാടുകളും നടന്നിട്ടില്ല എന്നാണ്. കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് IFTAS-ന്റെ മുൻപരിചയം സംബന്ധിച്ച രേഖകൾ ഈ ഓഫീസിലില്ല. കോർ

ബാങ്കിംഗ് നടപ്പിലാക്കുന്നതിനായി IFTAS-ന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന രേഖകൾ ഈ ഓഫീസിലില്ല. ഇവരുടെ ചെയർമാൻ, ഡയറക്ടർ ബോർഡംഗങ്ങൾ എന്നിവരുടെ പെർമെനന്റ്, പ്രസന്റ് അഡ്രസുകൾ ഇവിടെ ലഭ്യമല്ല. കമ്പനിയോ കമ്പനി അധികൃതരോ സാമ്പത്തിക കുറ്റങ്ങളിൽ ഏർപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുന്ന രേഖകൾ ഒന്നുമില്ല. പിന്നെ ഈ രേഖകളൊക്കെ ആരുടെ അടുത്താണ് സൂക്ഷിച്ചുവച്ചിരിക്കുന്നത്. ഏത് കമ്പനിയാണെന്ന് മന്ത്രിയുടെ ഓഫീസിൽ ചോദിച്ചിട്ടും അറിയില്ല, സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലും അറിയില്ല. ഞങ്ങൾ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടത് ഇതുമായി തുടർന്നു പോകുകയാണെങ്കിൽ എന്നാണ് പറഞ്ഞത്. ഇന്നലെ പറഞ്ഞത് വളരെ കൃത്യമാണ്. ഇതുമായി നിങ്ങൾ തുടർന്ന് പോകുകയാണെങ്കിൽ അതായത് expression of interest ഇല്ലാതെ ഏകപക്ഷീയമായി ഈ കമ്പനിയുമായി നെഗോഷ്യേറ്റ് ചെയ്ത് പോകുകയാണെങ്കിൽ ഇവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടെ ഒരു വിജിലൻസ് അന്വേഷണം വേണമെന്നാണ് ആവശ്യപ്പെട്ടത്. അതുകൊണ്ട് ഇടുക്കിയും വയനാടും പറഞ്ഞുകൊണ്ട് ഞങ്ങൾ ഇത് വേണ്ട എന്ന് പറയുമെന്ന് അങ്ങ് തെറ്റിദ്ധരിക്കണ്ട. ഇതുമായി തുടർന്നു പോകുകയാണെങ്കിൽ ആ ആവശ്യത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കും. ഇപ്പോൾ ഞങ്ങളത് പറഞ്ഞിട്ടില്ല. കണ്ടീഷണലായിട്ടാണ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടത്. ഇന്നലത്തെ രേഖകൾ നോക്കിയാൽ അങ്ങേയ്ക്കറിയാം. ഒരു അടിസ്ഥാനവുമില്ലാതെ ഒരു കമ്പനിയുമായി മാത്രം ചർച്ച തുടർന്നു കൊണ്ടുപോയാൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെടേണ്ടി വരുമെന്നാണ് ഞങ്ങൾ പറഞ്ഞത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, IFTAS-നെ സംബന്ധിച്ച് ഞാൻ 20-ാം തീയതിതന്നെ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇന്ന് ആവർത്തിക്കാത്തത്, അതിന്റെയാവശ്യമില്ല. IFTAS എന്തുതരം സ്ഥാപനമാണെന്ന് അറിയാം. IFTAS-ഉം ആയി ഒരു രഹസ്യ കരാറുമില്ല. IFTAS-ഉം ആയി നടന്ന കാര്യങ്ങളെല്ലാം ഇവിടെ വിശദീകരിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, IFTAS-ന് തന്നെ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് ഇത്ര നിർബന്ധം? ഡോ. കെ. എം. എബ്രഹാം ഫയലിൽ എഴുതിയതുകൊണ്ട് മാത്രം കാര്യമാകുന്നില്ല. ഉദ്യോഗസ്ഥന്മാർ ധാരാളം കാര്യങ്ങൾ എഴുതും. ഉദ്യോഗസ്ഥന്മാർ

എഴുതുന്നതനുസരിച്ച് നടപ്പാക്കാനാണോ മന്ത്രിമാർ ഇവിടെയുള്ളത്. ഇക്കാര്യത്തിൽ expression of interest വിളിച്ചിട്ടില്ല, ടെണ്ടർ വിളിച്ചിട്ടില്ല. ഒരു നടപടിയുമില്ലാതെ ഡോ. കെ. എം. എബ്രഹാം എഴുതിയതിന്റെ പേരിൽ സംസ്ഥാനത്തെ 160 കോടി രൂപയുടെ ഒരു പദ്ധതി ഒരു സ്ഥാപനത്തിന് കൊടുക്കാൻ സാധിക്കുമോ? ആ സ്ഥാപനത്തിന്റെ ക്രെഡിബിലിറ്റിയെപ്പറ്റി ആളുകൾക്ക് സംശയമുണ്ട്. ഇവരോട് താല്പര്യം കാണിക്കേണ്ട കാര്യമെന്താണ്? ഇക്കാര്യത്തിൽ അങ്ങേയ്ക്ക് തുറന്ന മനസ്സാണെങ്കിൽ ആഗോള ടെണ്ടർ എന്തുകൊണ്ട് വിളിക്കുന്നില്ല; expression of interest വിളിക്കുന്നില്ല; ഇതാണ് ഇവിടത്തെ കാര്യമായ ചോദ്യം. ഗവൺമെന്റിന് എന്തിനാണ് ഇത്ര നിർബന്ധം? ഉദ്യോഗസ്ഥന്മാർക്ക് ചിലപ്പോൾ താല്പര്യം കാണും. അതിനനുസരിച്ച് അവർ ഫയലിൽ എഴുതും. അതുമുഴുവൻ മന്ത്രിയോ ക്യാബിനറ്റോ അംഗീകരിക്കണമെന്നുണ്ടോ? ഇന്നലെ ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ ബെറ്റർ ഓപ്ഷനുണ്ടെങ്കിൽ ആ ബെറ്റർ ഓപ്ഷനെപ്പറ്റി അന്വേഷിക്കാനും അതനുസരിച്ച് നടപടിയെടുക്കാനും ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറാകുന്നില്ല?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് പ്രത്യേക നിർബന്ധമോ താല്പര്യമോ ഒന്നുമില്ല. ഇപ്പോഴുമുണ്ടായിട്ടില്ല. അതുകൊണ്ടാണ് IFTAS ഇതിന് യോഗ്യമായ ഒരു സ്ഥാപനമാണോ; നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്ന തോതിൽ പ്രവർത്തിക്കാൻ IFTAS-ന് സാധിക്കുമോ തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കാൻ ടെക്നിക്കലി ക്വാളിഫൈഡായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. ഗവൺമെന്റ് ഏകപക്ഷീയമായി ഒന്നും ചെയ്യുന്നില്ല. നിങ്ങൾ ഉണ്ടയില്ലാ വെടി വയ്ക്കുകയാണ്. യാതൊരു കാര്യവുമില്ല. ഗവൺമെന്റ് ഒരു തരത്തിലും ഇവരുമായി ഒരു കരാർ ഒപ്പുവച്ചിട്ടില്ല. അത് മനസ്സിലാക്കുക. ഇപ്പോൾ കരാറിൽ ഒപ്പുവച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുനീക്കിയ രണ്ട് ജില്ലകളുണ്ട്. IFTAS-നെ സംബന്ധിച്ച് നിങ്ങൾക്ക് അങ്ങനെ ആക്ഷേപമുണ്ടെങ്കിൽ നിശ്ചയമായും ആ ജില്ലകളിൽ നടന്ന എന്തെങ്കിലും കൊള്ളയോ കവർച്ചയോ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ അവിടെ നടന്നിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു വിജിലൻസ് എൻക്വയറി ആകാം. ഇവിടെ യാതൊരു തരത്തിലുള്ള നടപടിയും എടുത്തിട്ടില്ല. അതുകൊണ്ട് അതിന്റെ പ്രശ്നമേ വരുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, വയനാട്, ഇടുക്കി ജില്ലകളിലേത് അന്വേഷിക്കാൻ അങ്ങേയ്ക്ക് അധികാരമുണ്ട്. അങ്ങ് സഹകരണവകുപ്പുമന്ത്രിയാണ്. ഇന്റേണൽ വിജിലൻസുണ്ട്, സി.ബി.ഐ. ഉണ്ട്. ആർക്ക് വേണമെങ്കിലും കൊടുത്തോളൂ, ഞങ്ങൾക്ക് ഒരു പരാതിയുമില്ല. എന്നാൽ ഇഷ്യൂ അതല്ല, ബഹുമാനപ്പെട്ട മന്ത്രി IFTAS-നുവേണ്ടി മാത്രം നിൽക്കുകയാണ്. IFTAS-നുവേണ്ടി ഇപ്പോഴും മന്ത്രി എന്തിനാണ് ഈ കടുംപിടിത്തം പിടിക്കുന്നത്? ബെറ്റർ ഓപ്ഷനുണ്ടോ എന്ന് പരിശോധിക്കാൻ എന്തുകൊണ്ട് അങ്ങ് തയ്യാറാകുന്നില്ല. 160 കോടി രൂപയുടെ ഒരു പദ്ധതി ഈ കമ്പനിക്ക് മാത്രമായി കൊടുക്കാൻ ഗവൺമെന്റിന് എന്താണ് ഇത്ര നിർബന്ധം. Why you are not exploring the other possibilities?

4.00 pm

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ കമ്പനിയെ എന്തുകൊണ്ട് തെരഞ്ഞെടുത്തു എന്നുപറഞ്ഞാൽ ഈ കമ്പനിയെ തെരഞ്ഞെടുക്കാൻ സർക്കാരുകൾക്ക് അവകാശമുണ്ടെന്ന് ആർ.ബി.ഐ. അടക്കമുള്ളവർ പറഞ്ഞിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. അവർക്കുതന്നെ കൊടുക്കണമെന്ന് ശാഠ്യം എന്താണ് എന്നാണ് ചോദിച്ചത്. ഒരു ശാഠ്യവുമില്ല. ഒരു കമ്മിറ്റി ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി പറയുകയും ചെയ്തു. കമ്മിറ്റിയുടെ റിപ്പോർട്ടും പരിശോധനയും വരട്ടെ; അതുവരെ കാത്തിരിക്കുന്നതാണ് നല്ലത്. ശ്രീ. വി. ഡി. സതീശന്റെ പ്രസംഗത്തിന്റെ സിംഹഭാഗവും പ്രയോജനപ്പെടുത്തിയ ചില വാദങ്ങളുണ്ട്. ഇന്ന് ക്യാബിനറ്റ് കഴിഞ്ഞ് വൈകുന്നേരത്തെ ഫ്ലൈറ്റിന് ഡൽഹിക്ക് പോകേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ഞാൻ ഇപ്പോൾ ആ പറഞ്ഞ തോതിൽ മറുപടി പറയാൻ നിൽക്കുന്നില്ല. നമുക്ക് നാളെ നോക്കാം, ഇപ്പോൾ എടുക്കുന്നില്ല. അങ്ങനെ പറഞ്ഞുകൊണ്ടല്ലേ നിങ്ങൾ ഇന്നലെ നിർത്തിയത്. ഫിലോസഫിക്കലി ഇക്കണോമിക്സിൽ മൂന്ന് തട്ടില്ല, രണ്ടെണ്ണമേയുള്ളൂ. ഫിലോസഫിക്കലി മൂന്നാണ്. നിങ്ങൾ വേറെയാണെന്ന് പറഞ്ഞത്, ബി.ജെ.പി.-ക്ക് ഇല്ലാത്ത നാഷണലിസത്തിന്റെയും സെക്യുലറിസത്തിന്റെയും പാരമ്പര്യമുണ്ട്, അത് പൊളിറ്റിക്കൽ ഫിലോസഫിയാണ്. എന്നാൽ ഇക്കണോമിക് ഫിലോസഫി എന്നുപറയുന്നത് നിങ്ങളുടെയും ബി.ജെ.പി.-യുടെയും നവലിബറലിസത്തിന്റേതാണ്, ഞങ്ങളുടേത് വേറെയാണ്. നാളെ നമുക്ക് അതിന്റെ കാര്യം നോക്കാം. ആ കാര്യങ്ങളിലേയ്ക്ക് കടന്നാൽ വളരെ നീണ്ടുപോകും. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അങ്ങ് സദയം ക്ഷമിക്കുമല്ലോ?

ശ്രീ. വി. ഡി. സതീശൻ : സർ, കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ട്രഷറിയിൽ പാർക്ക് ചെയ്തിരുന്ന 5600 കോടി രൂപ ഇപ്പുറത്തേയ്ക്ക് മാറ്റിയിട്ടുണ്ട്. അത് തിരിച്ചുകൊടുക്കാമെന്നുപറഞ്ഞ് എസ്.ഡി.ജി.-യിൽ 300 കോടി രൂപയേ വച്ചിട്ടുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ മുമ്പിലുള്ള പ്രശ്നം എന്താണ്? ഡിപ്പാർട്ടുമെന്റുകളുടെയും മറ്റ് ഏജൻസികളുടെയും പി.എസ്.യു.-കളുടെയും 13000 കോടി രൂപ നമ്മുടെ ട്രഷറിയിൽ കിടക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ഇല്ല. നിയമഭേദഗതി വന്നു. അങ്ങനെ കിടക്കുന്നത് പബ്ലിക് അക്കൗണ്ട് ബോറോയിംഗ് ആയി ഉയർന്നുനിൽക്കും. അത് കുറച്ചേ പറ്റൂ. അത് ഇന്ന് എടുത്തുമാറ്റിയിട്ട് നാളെത്തന്നെ പുനഃസ്ഥാപിച്ചാൽ അതുപോലെ ഉയരും. അതുകൊണ്ട് എസ്.ഡി.ജി.-യിൽ 400 കോടി രൂപ വച്ചിട്ടുണ്ട്. എവിടെയാണോ ഏത് ഡിപ്പാർട്ടുമെന്റിലാണോ ടി.എസ്.ബി. അക്കൗണ്ടിലുള്ള പണം തീർന്നതുകൊണ്ട് അഡീഷണലായി പണം ആവശ്യപ്പെടുന്നത് അവിടെ അഡീഷണൽ ഓതറൈസേഷനായി കൊടുക്കുന്നു എന്നാണ് അതിനർത്ഥം. അതല്ലാതെ അങ്ങ് പറഞ്ഞതുപോലെ, പിറ്റേദിവസം വച്ച് മുഴുവൻ കൊടുത്തുകഴിഞ്ഞാൽ പഴയതുപോലെ ആകുകയല്ലേ ചെയ്യുന്നത്? ട്രഷറി മാനേജ്മെന്റ് ഇതുവരെയില്ലാത്ത അനുഭവമാണ്. അത് വളരെ ശ്രമകരമായി ചെയ്യാൻ നോക്കുകയാണ്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പണി കൂടിയിട്ടുണ്ട്. ഓരോ തവണയും ഇതിന് പണം ആവശ്യമുണ്ട്, ഞങ്ങളുടെ തുക exhaust ചെയ്തുവെന്ന് പറഞ്ഞാൽ അഡീഷണൽ ഓതറൈസേഷൻ വയ്ക്കണം, കൊടുക്കണം അത് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഒരു ഡിപ്പാർട്ടുമെന്റിലെയും പണം പോയിട്ടില്ല, അവയെല്ലാം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് (e-lam) നിങ്ങൾ ഉണ്ടാക്കിയതുപോലെ പ്രത്യേക അക്കൗണ്ടിൽ ഓരോ ടി.എസ്.ബി. അക്കൗണ്ടിലെയും മാറ്റിയത് അങ്ങനെത്തന്നെയുണ്ട്. അത് exhaust ചെയ്യുന്നതുവരെ അഡീഷണൽ ഓതറൈസേഷനായി കൊടുക്കും.

## (നിയമനിർമ്മാണകാര്യം തുടർച്ച)

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ശ്രീ. വി. എസ്. അച്യുതാനന്ദൻ സീറ്റിൽ ഇല്ലായിരുന്നു.)

ശ്രീ. വി. എസ്. അച്യുതാനന്ദൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2018-ലെ കേരള ധനകാര്യ ബിൽ

2-ാം വകുപ്പ്

Shri V. P. Sajeendran : Sir, I move the following amendments:

94. In clause (13A) to section 3 proposed to be inserted in the Abkari Act, 1077 by clause 2 (1), after the word "any" the word "foreign" shall be inserted.

95. In clause (13A) to section 3 proposed to be inserted in the Abkari Act, 1077 by clause 2 (1), for the word "abroad" the words "outside India" shall be substituted.

96. In clause (13A) to section 3 proposed to be inserted in the Abkari Act, 1077 by clause 2 (1), after the word "imported" the word "legally" shall be inserted.

99. In clause (13B) to section 3 proposed to be inserted in the Abkari Act, 1077 by clause 2 (1), for the words "foreign liquor" the words "Foreign Liquor" shall be substituted.

Prof. Abid Hussain Thangal : Sir, I move the following amendments:

97. In clause (13A) to section 3 proposed to be inserted in the Abkari Act, 1077 by clause 2 (1), the words and figures "by land, air or sea" shall be deleted.

101. In clause (13 B) to section 3 proposed to be inserted in the Abkari Act, 1077 by clause 2(1) after the words "other than" insert the word "Country Liquor and".

112. In column 2 against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by clause 2(2) (a)(ii) the letters and figure "Rs.100" shall be substituted with letters and figure "Rs.200".

113. In section 18(4) proposed to be substituted in the Abkari Act, 1077 by clause 2(2)(b)(ii) the word "foreign" shall be substituted with the word "Indian."

115. Second proviso to section 18(4) proposed to be inserted in the Abkari Act, 1077 by clause 2(2)(b)(iii) shall be deleted.

Shri K .C. Joseph : Sir, I move the following amendment:

102. Clause (13 B) to section 3 proposed to be inserted in the Abkari Act, 1077 by Clause 2(1), shall be recast as follows:

"Indian made foreign liquor" means any liquor produced, manufactured or blended, compounded and bottled inside India".

Shri N. Samsudheen :Sir, I move the following amendment:

104. The entry in column (2) against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by Clause 2(2)(a)(ii) the letters and figure "Rs. 100" shall be substituted with the letters and figures "Rs. 200".

Shri M. Vincent : Sir, I move the following amendment:

105. The entry in coloum (2) against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by clause 2(2)(a)(ii), for the words "Rs 100 per proof litre" substitute the words "Rs 200 per proof litre or an amount equal to 150% of the value of the liquor whichever is higher".

Shri Adoor Prakash : Sir, I move the following amendment:

107. The entry in coloum (2) against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by clause 2(2)(a)(ii) for the words and figures "Rs 100 per proof litre"

substitute the words and figures with "Rs 200 per proof litre or an amount equal to 200% of the value of the liquor whichever is higher".

Shri Thiruvanchoor Radhakrishnan : Sir, I move the following amendment:

108. The entry in column (2) against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by clause 2(2)(a)(ii), for the figures "100" substitute the figures "125".

Shri A.P Anil Kumar : Sir, I move the following amendment:

109. The entry in column (2) against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by clause 2(2)(a)(ii), for the figures "100" substitute the figures "150".

Shri K. Muraleedharan :Sir, I move the following amendment:

110. The entry in column (2) against item (ia) in the table of section 18(2) proposed to be inserted in the Abkari Act, 1077 by clause 2(2)(a)(ii), for the figures "100" substitute the figures "300".

Shri Anoop Jacob : Sir, I move the following amendment:

116. In the second proviso to section 18(4) proposed to be inserted in the Abkari Act, 1077, by clause 2(2)(b)(iii) the word 'without' shall be deleted.

Shri Manjalamkuzhi Ali :Sir, I move the following amendment:

117. In the second proviso to the section 18(4) proposed to be inserted in the Abkari Act, 1077, by clause 2(2)(b)(iii), for the words "without levying" substitute the words "after levying 10 percentage of additional fees other than".

ഈ ക്ലോസിൽ ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വർ വിൽക്കുന്ന എല്ലാ ആളുകൾക്കും without any tax, imported foreign liquor വിൽക്കാം. നമ്മൾ എല്ലായിടത്തും ടാക്സ് കൂട്ടുന്നുണ്ട്. ഇതിന് ടാക്സ് കൂട്ടാത്തത് ശരിയല്ല, 10 ശതമാനമെങ്കിലും കൂട്ടണമെന്നാണ് എന്റെ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്.

Shri V. T. Balram : Sir, I move the following amendment:

118. In the second proviso to section 18(4) proposed to be inserted in the Abkari Act, 1077, by clause 2(2)(b)(iii) for the words "without levying the fees" substitute the words "with levying the fees".

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ 98-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 97-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. സി. മമ്മൂട്ടിയുടെ 100-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 101-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി. കെ. ബഷീറിന്റെ 114-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 115-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അനിൽ അക്കരയുടെ 119-ാം നമ്പർ ഭേദഗതി ശ്രീ. വി. ടി. ബൽറാമിന്റെ 118-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അൻവർ സാദത്തിന്റെ 111-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 112-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിട്ടുള്ളതും ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ശ്രീ. കെ. എം. മാണിയുടെ 103-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. അദ്ദേഹം സീറ്റിൽ ഇല്ലാത്തതുകൊണ്ട് ഔദ്യോഗിക ഭേദഗതിയായി മൂവ് ചെയ്യുന്നു.

103. In section 18(2)(i), proposed to be substituted in the Abkari Act, 1077 by clause 2(2)(a)(i) the words and brackets "Liquor (Indian Made)" shall be substituted with the words and brackets "Liquors (India Made)".

ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞതുപോലെ വേറൊരു രജിസ്ട്രേഷന്റെ ആവശ്യമില്ല. ഐ.എം.എഫ്.എൽ. വിൽക്കുന്ന ആളുകളല്ലാതെ മറ്റാരും വിൽക്കുന്നില്ല. അവർ വിൽക്കുന്ന ഫോറിൻ ലിക്വറിന്റെ നികുതി കുറയ്ക്കാനാണ് നിയമത്തിന്റെ ലക്ഷ്യം. ആ സ്ഥിതിക്ക് നികുതി കൂട്ടണമെന്ന് അങ്ങ് പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്. അതുകൊണ്ട് ഭേദഗതി സ്വീകരിക്കുന്നില്ല. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 94, 95, 96, 99 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 97, 101, 112, 113, 115 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3-ാം വകുപ്പ്

മി. സ്പീക്കർ : 120, 121 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതായതിനാൽ ക്രമപ്രകാരമല്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 4-ാം വകുപ്പ്

Shri M. Ummer: Sir, I move the following amendments:

122. In section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4 (1), for the word "family" substitute the word "Family".

127. In section 2 (fc) proposed to be inserted in the Kerala Stamp Act, 1959 by Clause 4 (1), for the word "flat" substitute the word "Flat".

Shri P. Ubaidulla: Sir, I move the following amendments:

124. In section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4 (1), after the word "daughter," the words and symbols "son-in-law, daughter-in-law" shall be inserted.

178. The entry in column (3) against item (a) in serial number 54 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(4)(i), for the words "One thousand" substitute the words "Five thousand".

Prof. Abid Hussain Thangal: Sir, I move the following amendments:

126. Section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4 (1) shall be recast as follows;

"(fb) "family" means father, mother, grandfather, grandmother, husband, wife, son, daughter, grand children, brother, sister, widow and widower"

129. In section 28c proposed to be inserted in the Kerala Stamp Act, 1959 by Clause 4 (2), after the words "the valuation of building shall be determined" the words “ "by Public Works Department" shall be inserted.

130. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Clause 4 (3), for the words "equal to twenty-five per cent" shall be substituted with the words "equal to ten per cent".

143. In the entry in column (3) against item (e) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), for the figures "500" substitute the figures "200".

153. In the entry in column (3) against item (a) in serial number 31 of THE SCHEDULE proposed to be inserted in the Kerala Stamp Act 1959 by Clause 4 (4) (c), the words "Two rupees" shall be substituted with the words "One rupee"

164. In the entry in column (3) against item (ii) of the serial number 44 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4 (4) f (ii) for the word "Six" shall be substituted with the word "Four".

166. In the entry in column 3 against item (a) of the serial number 48 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4 (4) (g) the words "Two rupees" shall be substituted with the words "One Rupee".

173. The entry in column (3) against item (a) of clause A in serial number 51 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(4)(h) the words "Two rupees" shall be substituted with the words "One rupee"

176. In the entry in column (3) against item (a) in serial number 54 of THE SCHEDULE proposed to be substituted in the Kerala Stamp Act 1959 by Clause 4(4)(i), for the words "One thousand rupees" the words "Six hundred rupees" shall be substituted.

Shri V. P. Sajeendran: Sir, I move the following amendments:

132. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), for the words and symbol "twenty- five" the word "fifteen" shall be substituted.

135. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Clause 4 (3), for the words and symbol "twenty-five percent" substitute the figures and symbol "10%".

157. The entry in column (3) against item (a) in serial number 42 (a) in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by clause 4 (4) (e) (4) for the word "Fifteen" the word "Ten" shall be substituted.

160. For the entry against item (a) in the serial number 42 in THE SCHEDULE of the Kerala Stamp Act, 1959 proposed to be substituted by clause 4 (4) (e) (i) the following shall be substituted.

| | | |
|---|---|---|
| "(a) (i) the extend of land involved in the property divided by the instrument is 3 acres or less. | | One rupee for every rupees 100 or part their of the fair value of the separated share or shares of property & the valued of other properties in such separated share or shares set forth in the instrument or of the value of all properties of the separated share or shares as set forth in the instrument whichever is higher, subjected to the maximum of rupees 1000. |
| (ii) the extent of land involved in the property divided by the instrument is above 3 acres but below 5 acres. | | One rupee for every rupees or 100 or part thereof of the fair valued of the separated share or shares of property & the value of other properties in such separated share or shares set forth in the instrument or of the valued of all properties of the separated share or shares as set forth in the instrument, subject to a maximum of Rs. 1500." |

161. The entry in column (3) against item (b) in serial number 42 in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by clause 4(2) (e)(i) for the word "Six" substitute the word "Two".

165. Clause 4 (4) (g) shall be deleted.

Shri Manjalamkuzhi Ali: Sir, I move the following amendments:

136. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), the word "deficit" shall be substituted with the word "deficient".

137. In the proviso to section 45B (5) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), after the word "deposited" the words "or paid" shall be added.

139. In the entry in column (2) against item (e) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), after the word "promotion" the words "or information" shall be added.

140. In the entry in column (2) against item (e) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), after the word "film" add the words "or game".

172. In the entry in column (3) against item (a) in serial number 48 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4 (4) (g), after the words and figure "a minimum of rupees 1000" add the words and figures "and maximum of rupees 10000".

Shri Anoop Jacob: Sir, I move the following amendment:

141. In the entry in column (3) against item (e) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), for the figures "500" substitute the figures "150".

Shri Sunny Joseph: Sir, I move the following amendment:

145. In the entry in column (3) against item (e) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), for the figures "500" substitute the figures "300".

Shri V. D. Satheesan: Sir, I move the following amendments:

147. In the entry in column (3) against item (f) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), for the figures "200" substitute the figures "400".

182. In the entry in column (3) against item (b) in serial number 54 of THE SCHEDULE proposed to be substituted in the Kerala Stamp Act 1959 by Clause 4(4)(i), for the words "Five hundred rupees" substitute the words "Four hundred rupees".

Shri V. K. Ebrahim Kunju: Sir, I move the following amendment:

149. In the entry of column (3) against item (f) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4 (4) (a), for the words "one lakh" the words "fifty thousand" shall be substituted.

Shri Roji.M. John: Sir, I move the following amendment:

150. In the entry in Column (3) against item (f) in serial number 5 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(4) (a), for the words "one lakh" substitute the words "two lakh"

Shri Anwar Sadath: Sir, I move the following amendment:

151. The sub clauses (c), (d), (e),(g)& (h) in Clause 4(4) shall be deleted and renumbered accordingly.

Shri A.P. Anil Kumar: Sir, I move e the following amendment:

152. Delete Clause 4 (4) (c).

Shri P.K. Abdu Rabb: Sir, I move the following amendment:

158. In entry in column (3) against item (a) in serial number 42 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by clause 4 (4) (e) (i) for the word "Fifteen" the word "Ten" shall be substituted.

Shri C. Mammutty : Sir, I move the following amendment:

162. The entry in column (3) in serial no. 44 (c), in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4 (4) (f) (i) the word "Six" shall be substituted with the word "Three".

Shri P. K. Basheer : Sir, I move the following amendment:

163. In the entry in column 3 against item (ii) of the serial number 44 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4 (4) (f) (ii) the word "Six" shall be substituted with the word "Three".

Shri N. A. Nellikkunnu : Sir, I move the following amendment:

168. In the entry in column 3 against item (a) in serial number 48 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4 (4) (g) the words "Two rupees" shall be substituted with words "One rupee".

Shri Thiruvanchoor Radhakrishnan : Sir, I move the following amendment:

170. In the entry in column (3) against item (a) in serial number 48 of THE SCHEDULE proposed to be substituted in the Kerala Stamp

Act, 1959 by Clause 4 (4) (g), substitute the words and figure "subject to a minimum of rupees 1000" with the words, symbol and figures "subject to a maximum of Rs. 1000".

Shri K. Muraleedharan : Sir, I move the following amendment:

175. In the entry in column (3) against item (a) of clause A in serial number 51 of THE SCHEDULE to the Kerala Stamp Act, 1959 proposed to be substituted by Clause 4(4)(h), substitute the words and figure "subject to a minimum of rupees 1000" with the words and figure "subject to a maximum of rupees 1000".

Shri. Abdul Hameed P. : Sir, I move the following amendment:

180. The entry in column (3) against the item (b) in serial number 54 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959, by Clause 4(4)(i), for the words "Five hundred", substitute the words "Two hundred and fifty".

മി. സ്പീക്കർ : പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 125-ാം നമ്പർ ഭേദഗതി ശ്രീ. പി. ഉബൈദുള്ളയുടെ 124-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 128-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 129-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 131-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 130-ൽ അടങ്ങിയിട്ടുള്ളതും ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 133-ാം നമ്പർ ഭേദഗതി ശ്രീ. വി. പി. സജീന്ദ്രന്റെ 132-ാം നമ്പർ ഭേദഗതിക്ക് തുല്യവും ഡോ. എം. കെ. മുനീറിന്റെ 142-ാം നമ്പർ ഭേദഗതിയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 144-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 143-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. എം. ഷാജിയുടെ 154-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 153-ാം നമ്പർ ഭേദഗതിക്ക് തുല്യവും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 167-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 166-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. സി. ജോസഫിന്റെ 171-ാം നമ്പർ ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 170-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എൻ.

ഷംസുദ്ദീന്റെ 174-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 173-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എം. വിൻസെന്റിന്റെ 177-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 176-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അടൂർ പ്രകാശിന്റെ 179-ാം നമ്പർ ഭേദഗതി ശ്രീ. പി. ഉബൈദുള്ളയുടെ 178-ാം നമ്പർ ഭേദഗതിക്ക് തുല്യവും ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 123, 136, 138 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. ശ്രീ. ഷാഫി പറമ്പിൽ സീറ്റിൽ ഇല്ലാത്തതിനാൽ അദ്ദേഹത്തിന്റെ 123-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മൂവ് ചെയ്യുന്നു. ജനറൽ ക്ലോസസ്സ് ആക്ട് പ്രകാരം "son, daughter" എന്നതിൽ adopted son, adopted daughter ഉൾപ്പെടും. ആയതിൽ നിയമത്തിൽ വ്യക്തത വരുത്താൻ ഔദ്യോഗിക ഭേദഗതിയായി മൂവ് ചെയ്യുന്നു. ശ്രീ. മഞ്ഞളാംകുഴി അലിയുടെ 136-ാം നമ്പർ ഭേദഗതിയിൽ, 'deficit' എന്ന വാക്കിന് പകരം 'deficient' എന്ന വാക്ക് ഉപയോഗിക്കണമെന്നാണ് ഭേദഗതി. കൂടുതൽ അനുയോജ്യവും ആകുിൽ പല സ്ഥലത്തും അങ്ങനെ ഉപയോഗിച്ചിട്ടുള്ളതിനാലും ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. കെ. എം. മാണി സീറ്റിൽ ഇല്ലാത്തതിനാൽ അദ്ദേഹത്തിന്റെ 138-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മൂവ് ചെയ്യുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

123. In section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4 (1), for the words and symbol "son, daughter" the words and symbol "son, adopted son, daughter, adopted daughter" shall be substituted.

138. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Clause 4(3),for the word "act" the word "Act" shall be substituted.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 123, 138 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 122, 127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 124, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 126, 129, 130, 143, 153, 164, 166, 173, 176 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 132, 135, 157, 160, 161, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 137, 139, 140, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 147, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

Prof. Abid Hussain Thangal: Sir, I move the following amendment.

183. The entry in column (3) against Article 19 of SCHEDULE II proposed to be inserted in The Kerala Court Fees and Suits Valuation Act, 1959 by Clause 5, for the word "Two" substitute the word "one."

Shri V. P. Sajeendran: Sir, I move the following amendment.

189. The entry in column (3) against Article 19 of SCHEDULE II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 5, shall be recast as follows: "One per cent of the arbitration amount subject to a maximum of Rs.5000."

Shri. P. T. Thomas: Sir, I move the following amendment.

190. The entry in column (3) against Article 19 of SCHEDULE II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 5, shall be recast as follows: "One percent of the arbitration amount subject to a maximum of Rs.10,000."

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രന്റെ 184-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എസ്. ശബരീനാഥന്റെ 185-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 186-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 183-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ പ്രത്യേകമായി അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

Shri I. C. Balakrishnan : Sir, I move the following amendments.

197. The proviso to section 6(1) proposed to be substituted in the Kerala Land Tax Act 1961 by Clause 6 shall be deleted.

208. Section 6(1) proposed to be inserted in the Kerala Land Tax Act, 1961 by Clause 6 shall be recast as follows:

I) "In Panchayat

| | | |
|---|---|---|
| upto to 8 Are | : | ₹ 1 per Are |
| upto to 2 Hect | : | ₹ 2 Per Are |
| above 2 Hect | : | ₹` 400 plus ₹` 5 per Are for land in excess of 2 Hect. |

II) In Municipal Council Areas

| | | |
|---|---|---|
| up to to 3 Are | : | ₹ 2 per Are |
| up to 2 Hect | : | ₹ 4 per Are |
| above 2 Hect | : | ₹ 800 plus ₹ 10 per Are for land in excess of 2 Hect. |

III) In Municipal Corporation Area:

| | | |
|---|---|---|
| up to 2 Are | : | ₹ 4 per Are |

| | | |
|---|---|---|
| up to 2 Hect | : | ₹ 8 per Are |
| above 2 Hect | : | ₹ 1600 plus ₹ 20 per Are for land in excess of 2 Hectre" |

Shri Parakkal Abdulla : Sir, I move the following amendments.

198. In section 6(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, for the words "five rupees" in Panchayat the words "two rupees" in Panchayat shall be substituted.

207. In the proviso to section 6(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, after the words "ten rupees in the" insert the word "Municipal".

Shri Anoop Jacob : Sir, I move the following amendments.

199. In section 6(1)(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, for the words "five" substitute the word "three".

202. In section 6(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, for the words "ten rupees" the words "seven rupees" shall be substituted.

204. In section 6(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, for the word "twenty" substitute the word "fifteen".

Shri K. N. A. Khader : Sir, I move the following amendment.

200. In section 6(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, for the words "five rupees" the words "two rupees", for the words "ten rupees" the words "five rupees" and for the words "twenty rupees" the words "ten rupees" shall respectively be substituted.

Prof. Abid Hussain Thangal: Sir, I move the following amendment.

205. In the proviso to section 6(1) proposed to be substituted in the Kerala Land Tax Act, 1961 by Clause 6, for the words and the figures "2.43 Ares" and "1.62 Ares" the words and figures "5 Ares" and "2.43 Ares" shall respectively be substituted.

Shri V. P. Sajeendran : Sir, I move the following amendment.

206. In the proviso to section 6(1) proposed to be substituted in the Kerala Land Tax Act 1961 by Clause 6, for the words "two rupees and fifty paise" the words "two rupees" for the words "five rupees" the word "four rupees" and for the words "ten rupees" the words "eight rupees" shall be substituted.

Shri V. T. Balram : Sir, I move the following amendment.

209. Section 6(1) proposed to be inserted in the Kerala Land Tax Act, 1961 by Clause 6 shall be recast as follows:

I) " In Panchayat

| | | |
|---|---|---|
| upto to 8 Are | : | ₹ 1 per Are |
| upto to 2 Hect | : | ₹ 2 Per Are |
| above 2 Hect | : | ₹ 400 plus `5 per Are for land in excess of 2 Hect. |

II) In Municipal Council Area

| | | |
|---|---|---|
| up to to 3 Are | : | ₹ 2.50 per Are |
| up to 2 Hectare | : | ₹ 5 per Are |
| above 2 Hect | : | ₹ 1000 plus ₹ 10 per Are for land in excess of 2 Hect. |

III) In Municipal Council Areas:

| | | |
|---|---|---|
| up to 2 Are | : | ₹ 10 per Are |
| up to 2 Hect | : | ₹ 10 per Are |
| above 2 Hect | : | ₹ 2000 plus ₹ 20 per Are for land in excess of 2 Hectare" |

മി. സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 191-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശന്റെ 192-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. മുരളീധരന്റെ 193-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 194 -ാം നമ്പർ ഭേദഗതിയും ശ്രീ. അനിൽ അക്കരയുടെ 195-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. മാണിയുടെ 196 -ാം നമ്പർ ഭേദഗതിയും വകുപ്പുതന്നെ നീക്കം ചെയ്യേണ്ടതാകയാൽ ക്രമാനുസൃതമല്ല. ഡോ. എം. കെ. മുനീറിന്റെ 201-ാം നമ്പർ ഭേദഗതിയും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ 203-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദറിന്റെ 200-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 197, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 198, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 199, 202, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7-ാം വകുപ്പ്

Shri A. P. Anil Kumar: Sir, I move the following amendment.

210. In Clause 7(1)(a) for the words and figures, "30th June, 2018" substitute the figures and words "31st August, 2018".

Shri Anwar Sadath: Sir, I move the following amendment.

211. In Clause 7(1)(a) for the figures and words, "30th June, 2018" substitute the figures and words "30th September, 2018".

Shri K.M. Shaji: Sir, I move the following amendment.

212. In Clause 7(1)(a) for the figures and words, "30th June, 2018" substitute the figures and words "31st December, 2018".

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

216. In Clause 7(1)(b) for the figures and words "30th June, 2018" substitute the figures and words "30th September, 2018".

Shri P.K. Abdu Rabb: Sir, I move the following amendment.

217. In Clause 7(1)(b) for the figures words "30th June, 2018" substitute the figures and words "31st December, 2018".

Shri V.P. Sajeendran: Sir, I move the following amendment.

222. In the entry in column (3) against item (i) in serial number 2 of the schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(2),for the figures "25" substitute the figures "50".

Shri Manjalamkuzhi Ali: Sir, I move the following amendment.

223. In the entry in column (2) against item (ii) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), after the word "Bottled" insert the words "Foreign made" and delete the words "imported from outside the country".

Shri Sunny Joseph: Sir, I move the following amendment.

224. In the entry in column (3) against item (ii) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "78" substitute the figures "85".

Shri V. T. Balram: Sir, I move the following amendments.

225. In the entry in column (3) against item (ii) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "78" substitute the figures "90".

230. In the entry in column (3) against item (iv) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "70" substitute the figures "80".

Shri I. C. Balakrishnan: Sir, I move the following amendment.

226. In the entry in column (3) against item (ii) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "78" substitute the figures "100".

Shri Anil Akkara: Sir, I move the following amendments.

227. In the entry in column (3) against item (iii) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "100" substitute the figures "110".

231. In the entry in column (2) against item (v)(a) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the words "per case or more" substitute the words "per bottle".

Shri P. T. Thomas: Sir, I move the following amendment.

229. In the entry in column (3) against item (iv) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "70" substitute the figures "75".

Shri K. Muraleedharan: Sir, I move the following amendment.

233. In the entry in column (3) against item (v)(a) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "210" substitute the figures "225".

Shri Adoor Prakash: Sir, I move the following amendment.

234. The entry in column (3) against item (V) (a) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "210" substitute the figures "230".

Shri M. Vincent: Sir, I move the following amendments.

236. The entry in column (2) against item V (b) in serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the words " per case" add the words " per bottle".

237. The entry in column (3) against item V (b) in the serial number 2 of the Schedule proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the figures "200" substitute the figures "210".

Shri M. Ummer: Sir, I move the following amendments.

238. In the Explanation (i) to the Schedule of section 23B proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the word "case" substitute the figures "Case"

239. In the Explanation (ii) to the Schedule of section 23B proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the words "purchase value" the words "Purchase Value" shall be substituted.

Shri Anoop Jacob: Sir, I move the following amendment.

240. In the Explanation (ii) to the Schedule of section 23B proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7 (2), for the word "any" substitute the word "such".

Shri Roji M. John: Sir, I move the following amendment.

241. Add the following as Clause 7(3)-

"(3) The tax payable under sub-section (1) of section 5 of the Kerala General Sales Tax Act, 1963 by a dealer in Indian made foreign liquor shall be increased by a surcharge at the rate of 15% and foreign made foreign liquor shall be increased by a surcharge at the rate of 20% and the provisions of the Kerala General Sales Tax Act, 1963 shall apply in relation to the said surcharge as they apply in relation to the tax payable under the said act".

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രന്റെ 213-ാം നമ്പർ ഭേദഗതി ശ്രീ. കെ. എം. ഷാജിയുടെ 212-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എം. ഉമ്മറിന്റെ 214-ാം

നമ്പർ ഭേദഗതി ശ്രീ. അൻവർ സാദത്തിന്റെ 211-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. സി. ജോസഫിന്റെ 218-ാം നമ്പർ ഭേദഗതി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ 217-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എം. ഉമ്മറിന്റെ 219-ാം നമ്പർ ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 216-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. സണ്ണി ജോസഫിന്റെ 232-ാം നമ്പർ ഭേദഗതി ശ്രീ. അനിൽ അക്കരയുടെ 231-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 210 മുതൽ 219 വരെയുള്ള ഭേദഗതികൾ കെ.ജി.എസ്.ടി. ആംനെസ്റ്റിയുടെ തീയതികൾ നീട്ടുന്നതിനുവേണ്ടിയുള്ളതാണ്. ഓപ്ഷൻ നൽകുന്നതിനുള്ള തീയതി നീട്ടുന്നതിനെ സംബന്ധിച്ച ഭേദഗതികൾ സ്വീകാര്യമല്ല. എന്നാൽ പണം അടയ്ക്കുന്ന തീയതി ഡിസംബർ 31 വരെ നീട്ടുന്നതിനായുള്ള ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൂടി അവതരിപ്പിക്കുന്നു.

"ഏഴാം ഖണ്ഡം ഉപഖണ്ഡം (2) ഫോറിൻ ലിക്വർ എന്നതിനുതാഴെ (5) ഇനത്തിന് താഴെയുള്ള (എ) ഇനത്തിൽ "or more" എന്നുണ്ട്. ആ "or more" ഡിലീറ്റ് ചെയ്യണം."

Above Rs. 400 or more എന്നാണ്. Above Rs. 400 എന്നുപറയുമ്പോൾ 'or more' redundant ആണ്. അത് ഡിലീറ്റ് ചെയ്യണം. അതുകൊണ്ട് ഈ വാക്കാൽ ഭേദഗതി മൂവ് ചെയ്യുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 225, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 227, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 236, 237 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 238, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

8-ാം വകുപ്പ്

Shri M. Ummer: Sir, I move the following amendments.

242. In the third proviso to section 3(5) proposed to be inserted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (1) (b), before the words "without remitting' the words "with a period not less than three months" shall be inserted.

255. In the entry in column (3) against item (i) (ab) of serial number 7 in the Schedule proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (b), for the figures "125.00" substitute the figures "115.00".

Shri M. Vincent: Sir, I move the following amendments.

243. In the third proviso to section 3(5) proposed to be inserted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (1) (b), for the words "double the amount" substitute the words "three times the amount".

269. In the entry in column (3) against serial number (i) of Annexure IV proposed to be inserted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (f), for the figures "10,000" substitute the figures "12,000".

Shri K. N. A. Khader: Sir, I move the following amendment:

245. In the third proviso to section 3(5) proposed to be inserted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (1) (b), for the words "double the amount" the words, figures and symbol "300% of the amount" shall be substituted.

Shri V. D. Satheesan: Sir, I move the following amendments.

246. In the entry in column (3) against sub-item (r) in serial numbers 3 of the Schedule proposed to be inserted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (a), for the figures, symbol and letters "7440 + Rs. 220" substitute the figures, symbol and letters "7440 + Rs. 250".

263. In the entry in column (3) against serial number 3A in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8(3)(e), for the figures and words "$^{1}/_{15}$th of the one time tax specified in Annexure I", the letter and figures "Rs. 350" shall be substituted.

Shri I. C. Balakrishnan: Sir, I move the following amendment:

247. In the entry in column (3) against sub-item (r) in serial number 3 of the Schedule proposed to be inserted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (a), for the figures, symbol and letters "7440 + Rs. 220" substitute the figures, symbol and letters "7440 + Rs. 280".

<u>Shri V. T. Balram</u>: Sir, I move the following amendments.

248. In the entry in column (3) against item (i) (aa) of serial number 7 in the Schedule proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (b), for the figure "115.00" the figure "75.00" shall be substituted.

268. In the entry in column (3) against serial number 4 in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (e), for the words and figures "1/15$^{th}$ of the onetime tax specified in Annexure I" the figures "1100" shall be substituted.

<u>Shri Adoor Prakash</u>: Sir, I move the following amendments.

249. In the entry in column (3) against item (i) (aa)of serial number 7 in the Schedule proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (b), for the figure "115.00" the figure "90.00" shall be substituted.

261. In the entry in column (3) against serial number 2 in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8(3)(e), for the figures and figures for "$^{1/}{}_{15}{}^{th}$ of the one time tax specified in Annexure I", the figures "1600" shall be substituted.

<u>Shri Anil Akkara</u>: Sir, I move the following amendments.

250. In the entry in column (3) against item (i) (aa) of serial number 7 in the Schedule proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (b), for the figure "115.00" the figure "100.00" shall be substituted.

265. In the entry in column (3) against serial number 3 B in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (e), for the words and figures "1/15th of the onetime tax specified in Annexure I" the figures "Rs. 600" shall be substituted.

Shri K. Muraleedharan: Sir, I move the following amendment:

253. In the entry in column (3) against item (i) (ab) of serial number 7 in the Schedule proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (b), for the figures "125.00" the figures "100.00" shall be substituted.

Shri Roji M. John: Sir, I move the following amendment:

254. In the entry in column (3) against item (i) (ab) of serial number 7 in the Schedule proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (b), for the figures "125.00" the figures "110.00" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendments.

258. In the entry in column (3) against of serial number 1of Annexure-III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (e), for the figures and symbol "$^{1}/_{15}$" shall be substitute the figures and symbol "$^{2}/_{15}$".

260. In the entry column (3) against serial number 2 in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8(3)(e), for the figures and symbol and letters "$^{1}/_{15}{}^{th}$" substitute the figures symbol and letters "$^{2}/_{15}{}^{th}$".

262. In the entry in column (3) against serial number 3A in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8(3)(e), for the figures " $^{1}/_{15}{}^{th}$" substitute the figures "$^{2}/_{15}{}^{th}$".

264. In the entry in column (3) of against serial number 3B in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8(3)(e), for the figures and letter "$^{1}/_{15}{}^{th}$" substitute the figures and letter "$^{2}/_{15}{}^{th}$".

266. In the entry in column (3) against serial number 4 in Annexure III proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 8 (3) (e), for the figures and symbol "1/15" substitute the figures and symbol "2/15".

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥന്റെ 244 -ാം നമ്പർ ഭേദഗതി ശ്രീ. എം. വിൻസെന്റിന്റെ 243-ാം നമ്പർ ഭേദഗതിക്ക് തുല്യവും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 251 -ാം നമ്പർ ഭേദഗതി ശ്രീ. അനിൽ അക്കരയുടെ 250-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. സി. മമ്മൂട്ടിയുടെ 256-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 257 -ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 255 -ാം നമ്പർ ഭേദഗതിക്ക് തുല്യവും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 267-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 266-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 242, 255 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 243, 269 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 246, 263 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 248, 268 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 249, 261 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 250, 265 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 258, 260, 262, 264, 266 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9-ാം വകുപ്പ്

Shri Sunny Joseph: Sir, I move the following amendment:

271. In Clause 9(a) for the figures and the words "30th June, 2018" substitute the figures and words "31st August 2018".

Shri M. Ummer: Sir, I move the follwing amendment.

274. In Clause 9(a), for the word "June" substitute the word "September".

Prof. Abid Hussain Thangal: Sir, I move the following amendment.

278. In Clause 9(b), the figures and words " 30th June 2018" shall be substituted with " 30th September 2018" .

Shri N. Samsudeen: Sir, I move the following amendment:

280. In Clause 9(b), the figures and words " 30th June 2018" shall be substituted with " 31st December 2018" .

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരന്റെ 272 -ാം നമ്പർ ഭേദഗതി ശ്രീ. സണ്ണി ജോസഫിന്റെ 271-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എം. വിൻസെന്റിന്റെ 275-ാം -ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 276-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 277-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 274-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എം. ഉമ്മറിന്റെ 279-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 278-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതി 271 മുതൽ 280 വരെയുള്ള ഭേദഗതികൾ ആംനസ്റ്റി സ്കീമിന്റെ ഓപ്ഷൻ തീയതി നീട്ടുന്നതിനും പണം അടയ്ക്കുന്നതിനുമുള്ള തീയതി നീട്ടുന്നതിനും വേണ്ടിയുള്ളതാണ്. ഓപ്ഷൻ ഫയൽ ചെയ്യാനുള്ള തീയതികൾ നീട്ടുന്നതിനുള്ള ഭേദഗതികൾ സ്വീകാര്യമല്ല. എന്നാൽ പണമടയ്ക്കാനുള്ള അവസാന തീയതി 2018 ഡിസംബർ 31 വരെ നീട്ടാനുള്ള ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ാം വകുപ്പ്

Minister for Finance and Coir (Dr. T. M. Thomas Isaac): Sir, I move the official amendment.

322. In clause 10 (6) (a), for the words "to sub-section (1), the following proviso shall be inserted, namely:-" the following shall be inserted, namely:-

"(a) in sub-section (1),-

(i) for the words "31 st March, 2016", the words "31 st March 2017" shall be substituted;

(ii)the following proviso shall be added, namely:-”

Prof. Abid Hussain Thangal: Sir, I move the following amendments.

281. In Clause 10(3), for the figures and words "31st March,2019" substitute the figures and words "31st March, 2020."

283. In Clause 10(4), for the figures and words "31st March, 2019" substitute the figures and words "31st March, 2020."

287. In the proviso to section 25D, proposed to be inserted in theKerala Value Added Tax Act, 2003 by clause 10 (5), for the figures and words "31st March 2020" substitute the figures and words "31st March 2021".

304. In section 31 B (b) proposed to be inserted in the Kerala Value Added Tax Act, 2003, by Clause 10(8), delete the symbol and words ", whichever is earlier."

311. In the second proviso to section 42 (2) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (9), for the word, symbol and figures "June, 2018" the word, symbol and figures "September, 2018" shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendment.

285. In the proviso to section 25 D proposed to be inserted in the Kerala Value Added Tax Act, 2003 by clause 10(5), after the words "twenty four" the words "or less" shall be added.

Shri Adoor Prakash: Sir, I move the following amendments.

286. In the proviso to section 25D proposed to be inserted in the Kerala Value Added Tax Act, 2003 by clause 10(5), for the words and figures "twenty four equal monthly instalment on or before $31^{st}$ March, 2020" substitute the words and figures "Thirty six equal monthly instalment on or before $31^{st}$ March, 2021".

305. In the proviso to section 31 B (b) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), for the words "reasons extent" substitute the words "reason in writing".

Shri V. K. C. Mammed Koya: Sir, I move the following amendment.

288. In the proviso to sub-section (1) of section 25E of the Kerala Value Added Tax Act, 2003 proposed to be inserted by clause 10(6) (a), the words "specified in sub -section (1)" shall be deleted.

Shri M. Ummer: Sir, I move the following amendments.

289. In the proviso to section 25E (1) proposed to be inserted in the

Kerala Value Added Tax Act, 2003 by clause 10(6) (a), for the figures "2017" substitute the figure "2018".

294. In Clause 10 (6) (b), for the word "June" substitute the word "September".

295. In Clause 10 (6) (c), for the word "June" substitute the word "September".

297. In Clause 10 (7) (a), for the word "June" substitute the word "September".

300. In section 31B (a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figure and letters "20th" substitute the figures and letters "30th."

302. In section 31B (b) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figure and letters "20th", substitute the figures and letters "30th."

Shri V.T. Balram: Sir, I move the following amendments.

290. In the proviso to section 25E(1) proposed to be inserted in the Kerala Value Added Tax Act, 2003 by clause 10(6)(a), for the words "amount equal to registration fee as penalty" substitute the words "amount equal to fifty percent of registration fee as penalty".

299. In Clause 10(7) (b), for the word "June" substitute the word "September."

Shri I. C. Balakrishnan: Sir, I move the following amendments.

301. In section 31B (a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the words and figures "31st May, 2018", substitute the words and figures "31st August 2018."

307. In section 31 B (c) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), for the figures "12" substitute the figures "24".

Shri M. Vincent: Sir, I move the following amendment.

308. In section 31 B (c) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), for the figures "12" substitute the figures "36".

Shri V. D. Satheesan: Sir, I move the following amendment.

309. In section 31 B (e) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), the word " not" shall be deleted.

മി. സ്പീക്കർ : ശ്രീ. പി. ഉബൈദുള്ളയുടെ 282-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 281-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 284-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 283-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അനിൽ അക്കരയുടെ 291-ാം നമ്പർ ഭേദഗതി ശ്രീ. വി. ടി. ബൽറാമിന്റെ 290-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 292-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എസ്. ശബരീനാഥന്റെ 293-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 294-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഹൈബി ഈഡന്റെ 296-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മറിന്റെ 295-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എം. വിൻസെന്റിന്റെ 298-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മറിന്റെ 297-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഹൈബി ഈഡന്റെ 310-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 311-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 281 മുതൽ 284 വരെയുള്ള ഭേദഗതികൾ അസെസ്സ്മെന്റ് പൂർത്തിയാക്കാനുള്ള സമയപരിധി ഒരു കൊല്ലംകൂടി നീട്ടാനുള്ളതാണ്. പ്രസ്തുത ഭേദഗതികൾ സ്വീകാര്യമല്ല. ബേക്കറി വ്യാപാരികൾ നൽകിയ ആംനെസ്റ്റിയെക്കുറിച്ചാണ്, 24 ഇൻസ്റ്റാൾമെന്റ് കുറവായി അടയ്ക്കാമെന്നുള്ള ഭേദഗതിയുണ്ട്. അത് പ്രത്യേകം എടുത്ത് പറയേണ്ട ആവശ്യമില്ല.

288, 295, 299, 300, 302, 308 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. അതിൽ ശ്രീ. വി. കെ. സി. മമ്മത് കോയയുടെ 288-ാം നമ്പർ ഭേദഗതിയും ആംനെസ്റ്റി പ്രകാരം കുടിശ്ശിക അടയ്ക്കേണ്ട തീയതി സെപ്റ്റംബർ 30 വരെ നീട്ടാനുള്ള ശ്രീ. എം. ഉമ്മറിന്റെ 295-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. കൂടാതെ, ഈ വകുപ്പിന്റെ ഒന്നാം ഉപവകുപ്പിന് ഒരു ഔദ്യോഗിക ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ആംനെസ്റ്റി ബാധകമായ വർഷത്തിൽ 2016-17 കൂടി ഉൾപ്പെടുത്തുന്നതാണ് ഭേദഗതി. കൂടാതെ 'extent' എന്നുള്ളത് 'extend' ആയി തിരുത്താവുന്നതാണ്. വാറ്റ് ജനറൽ ആംനെസ്റ്റിയുടെ തുക അടയ്ക്കാനുള്ള തീയതി സെപ്റ്റംബർ വരെ നീട്ടുന്നതിനുള്ള ശ്രീ. വി. ടി. ബൽറാമിന്റെ 299-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. എം. ഉമ്മറിന്റെ 300, 302 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. കൂടാതെ 12-ന് പകരം 36 ഇൻസ്റ്റാൾമെന്റായി തുക അടയ്ക്കാമെന്ന ശ്രീ. എം. വിൻസെന്റിന്റെ 308-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതാണ്. പക്ഷെ, വിട്ടുപോയി.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 322-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 295, 300, 302 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 281, 283, 287, 304, 311 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 286, 305 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 289, 294, 297 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 301, 307 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11-ാം വകുപ്പ്

Shri T.V. Ibrahim: Sir, I move the following amendments.

317. Delete clause 11(1)a

320. Delete clause 11(2)

Prof. Abid Hussain Thangal: Sir, I move the following amendment.

319.Delete clause 11(1)b

Shri P.Ubaidulla: Sir, I move the following amendment.

321. Delete clause 11(4)

മി. സ്പീക്കർ: ആ വകുപ്പ് തന്നെ നീക്കംചെയ്തിരിക്കുന്നതുകൊണ്ട് ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 312-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റിന്റെ 313-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ടി. ബൽറാമിന്റെ 314-ാം നമ്പർ ഭേദഗതിയും ശ്രീ. ഹൈബി ഈഡന്റെ 315-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശന്റെ 316-ാം നമ്പർ ഭേദഗതിയും അവതരിപ്പിക്കേണ്ടതില്ല. അത് ക്രമാനുസൃതമല്ല. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 318-ാം നമ്പർ ഭേദഗതി ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 317-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 317, 320 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 12-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

Shri K. M. Shaji : Sir, I move the following amendment.

90. Clause 1 (2) shall be recast as follows:

"(2) It shall come into force at once."

Shri V. K. Ebrahim Kunju : Sir, I move the following amendment.

91. Clause 1 (2) shall be recast as follows:

"(2) It shall come into force on 1st day of April 2018."

Dr. M. K. Muneer : Sir, I move the following amendment.

92. Clause 1 (2) shall be recast as follows:

"(2) It shall deemed to have been come into force on the 1st day of April 2018."

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 93-ാം നമ്പർ ഭേദഗതി ഡോ. എം. കെ. മുനീറിന്റെ 92-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 92-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ

14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. എൽദോ എബ്രഹാം
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ജോർജ് എം. തോമസ്
20. ശ്രീ. ചിറ്റയം ഗോപകുമാർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജെയിംസ് മാത്യു
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീമതി യു. പ്രതിഭ ഹരി
47. ശ്രീ. പുരുഷൻ കടലുണ്ടി
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. ആർ. രാമചന്ദ്രൻ
55. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ

60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. കെ. എൻ. എ. ഖാദർ
19. ശ്രീ. സി. മമ്മൂട്ടി
20. ഡോ. എം. കെ. മുനീർ
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. വി. പി. സജീന്ദ്രൻ

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. കെ. എം. ഷാജി

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2-ാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

99. 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ 3-ാം വകുപ്പിൽ, "ഇരുപത്തിയൊന്നായിരം കോടി രൂപയിൽ" എന്ന വാക്കുകൾക്കു പകരം "ഇരുപതിനായിരം കോടി രൂപയിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

100. ഖണ്ഡം 2-ൽ "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്" എന്ന വാക്കുകൾക്കുപകരം "സംസ്ഥാന സർക്കാർ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

101. ഖണ്ഡം 2-ൽ "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ അഞ്ച് ശതമാനത്തിൽ" എന്ന വാക്കുകൾക്കുപകരം "മുപ്പതിനായിരം കോടി രൂപയിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

102. ഖണ്ഡം 2-ൽ "സ്ഥിതി വിവര കണക്ക്" എന്നതിനു പകരം "സ്ഥിതിവിവരകണക്ക് " എന്ന് ചേർക്കുക.

117. ഖണ്ഡം 2-ൽ "ശതമാനത്തിൽ" എന്നതിനു പകരം "ശതമാനം തുകയിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

103. ഖണ്ഡം 2-ൽ "മൊത്തം" എന്ന വാക്കിനുശേഷം വരുന്ന "സംസ്ഥാന" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

105. ഖണ്ഡം 2-ൽ "അഞ്ച്" എന്ന വാക്കിന് പകരം "രണ്ട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

106. ഖണ്ഡം 2-ൽ "അഞ്ച്" എന്ന വാക്കിന് പകരം "രണ്ടര" എന്ന് ചേർക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. ഖണ്ഡം 2-ൽ "അഞ്ച്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ഖണ്ഡം 2-ൽ "അഞ്ച്" എന്ന വാക്കിന് പകരം "നാല്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. ഖണ്ഡം 2-ൽ "അഞ്ച് ശതമാനത്തിൽ" എന്ന വാക്കുകൾക്കുപകരം "അഞ്ചു ശതമാനത്തിലോ ഇരുപത്തി അയ്യായിരം കോടി രൂപയിലോ ഏതാണോ കുറവ് അതിൽ " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2-ൽ "അഞ്ച് ശതമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "3 ശതമാനം അല്ലെങ്കിൽ ഇരുപത്തി അയ്യായിരം കോടി രൂപ ഇതിൽ ഏതാണ് കുറവ് " എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 2-ൽ "അഞ്ച് ശതമാനത്തിൽ " എന്ന വാക്കുകൾക്ക് പകരം "മൂന്ന് ശതമാനം അല്ലെങ്കിൽ മുപ്പതിനായിരം കോടി രൂപ ഇതിൽ ഏതാണ് കുറവ് അതിൽ" എന്നു ചേർക്കുക.

<u>മി. സ്പീക്കർ:</u> വകുപ്പ് തന്നെ നീക്കം ചെയ്യുന്നതാകയാൽ ശ്രീ. എൻ. ഷംസുദ്ദീന്റെ 98-ാം നമ്പർ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല. ശ്രീ. വി. പി. സജീന്ദ്രന്റെ 104-ാം നമ്പർ ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 103-ാം നമ്പർ ഭേദഗതിക്ക് തുല്യവും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 108-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 109-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സി.

ജോസഫിന്റെ 110-ാം നമ്പർ ഭേദഗതിയും ശ്രീ. സി. മമ്മൂട്ടിയുടെ 107-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 112-ാം നമ്പർ ഭേദഗതി ശ്രീ. കെ. എം. ഷാജിയുടെ 111-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 102, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

89. ദീർഘശീർഷകം ചുവടെ ചേർക്കും പ്രകാരം മാറ്റുക
"2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള"

90. പീഠികയിൽ "2018-19 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി" എന്നീ വാക്കുകൾ ഒഴിവാക്കുക.

92. തത്വപ്രഖ്യാപന വാക്യത്തിലെ "താഴെപ്പറയുംപ്രകാരം" എന്നത് "താഴെപ്പറയും പ്രകാരം" എന്ന് മാറ്റുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

91. പീഠികയിൽ "ആക്റ്റ്" എന്ന വാക്കിന് ശേഷം "(2003 ലെ 30)" എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

94. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ഈ നിയമത്തിന് 2018 ലെ കേരള ധനകാര്യ (2-ാം നമ്പർ) നിയമം എന്ന് പേര് പറയാം."

96. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് 2018 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

95. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രന്റെ 93-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മറിന്റെ 92-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ 97-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 96-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതും ആയതിനാൽ അവതരിപ്പിക്കേണ്ട തില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 89, 90, 92 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 94, 96 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ

10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. എൽദോ എബ്രഹാം
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ജോർജ് എം. തോമസ്
20. ശ്രീ. ചിറ്റയം ഗോപകുമാർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജെയിംസ് മാത്യു
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ
32. ശ്രീ. എം. എം. മണി

33. ശ്രീ. മാത്യൂ ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീമതി യു. പ്രതിഭ ഹരി
47. ശ്രീ. പുരുഷൻ കടലുണ്ടി
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. ആർ. രാമചന്ദ്രൻ
55. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. കെ. എൻ. എ. ഖാദർ
19. ശ്രീ. സി. മമ്മൂട്ടി
20. ഡോ. എം. കെ. മുനീർ
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. വി. പി. സജീന്ദ്രൻ
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. വിൻസെന്റ്.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, കൂടുതലായി ഒന്നും പറയാനില്ല. ഇക്കഴിഞ്ഞ 20-ാം തീയതി ഈ രണ്ട് ബില്ലുകളും അവതരിപ്പിച്ച് പൊതുവിൽ കാര്യങ്ങൾ സൂചിപ്പിച്ചതാണ്. ഇതിൽ ഒരു ഭേദഗതിയുണ്ട്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം സൂചിപ്പിക്കാം. പ്രതിവർഷം 50,000 രൂപ എന്ന പരിധിക്ക് വിധേയമായി നിയമസഭാ സാമാജികർക്ക് വിമാനയാത്രാ ബത്തയ്ക്ക് അർഹത നൽകുന്ന 5 (ഡി) എന്നൊരു പുതിയ വകുപ്പ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമസഭാ സമിതി യോഗങ്ങളിൽ പങ്കെടുക്കാൻ മാത്രമേ ഈ സൗകര്യം ഉപയോഗിക്കാൻ പാടുള്ളുവെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ നിയമസഭാ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിനുപുറമേ നിയമസഭാ സമ്മേളനത്തിലും പങ്കെടുക്കുന്നതിന് എം.എൽ.എ.-മാർക്ക് വിമാനയാത്രാ ബത്തയ്ക്ക് അർഹത നൽകണമെന്ന നിർദ്ദേശം 21-3-2018-ന് കൂടിയ സബ്ജക്ട് കമ്മിറ്റിയിൽ വന്നിരുന്നു. അതിന്മേൽ ഒരു തീരുമാനം ആ കമ്മിറ്റിയിൽ എടുത്തിരുന്നില്ല. പക്ഷെ സബ്ജക്ട് കമ്മിറ്റി നിർദ്ദേശം വളരെ ഉചിതമാണെന്നാണ് സർക്കാർ കരുതുന്നത്. അതിന്റെ ഭാഗമായി നിയമസഭാ സമിതി യോഗങ്ങൾക്ക് പുറമെ നിയമസഭാ സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിന് ബഹുമാനപ്പെട്ട സമാജികർക്ക് വിമാനയാത്രാ ബത്തയ്ക്ക് അർഹത ലഭിക്കും വിധത്തിൽ ബില്ലിലെ 5(ഡി) വകുപ്പിൽ ഒരു ഔദ്യോഗിക ഭേദഗതി ഇതിന്റെ ഭാഗമായി ഞാൻ കൊണ്ടുവന്നിട്ടുണ്ട്.

മി. സ്പീക്കർ: അത് വകുപ്പുതിരിച്ചുള്ള പരിഗണനയിൽ പറഞ്ഞാൽ മതി.

ശ്രീ. പി. കെ. ശശി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. കെ. ശശി. അവതരിപ്പിച്ച '1 എ'നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ശശി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ശശി അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം 4 -ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം 4 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

2-ഉം 3-ഉം 4 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം 4 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs (Shri. A. K. Balan): Sir, I move the following official amendment;

70. In section 5D proposed to be inserted in the principal Act by Clause 5 for the words " only for Assembly Committee meetings, the words " for attending the meetings of the Legislative Assembly or of any Committee thereof " shall be substituted.

Shri Roji M. John: Sir, I move the following amendment:

71. The section 5D proposed to be inserted in the principal Act by clause 5 shall be recast as follows:

" 5D Every member of the Legislature Assembly shall be entitled to be reimbursed with the actual charges incurred towards as journey for attending Assembly Comittee meetings and Meeting of Legislature Assembly subject to a maximum of rupees fifty thousand per annum" സർ, എന്റെ ഭേദഗതി ഒഫീഷ്യൽ ഭേദഗതിക്ക് സമാനമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിച്ച 71-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ാം വകുപ്പ്

Shri. K. S. Sabarinadhan: Sir, I move the following amendment;

72. In item II (2) (d) of the Schedule proposed to be added in the principal Act by clause 10 (2) (b) (iv), for the word " pereformed" the word " performed" shall be substituted.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിച്ച 72-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

1- ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iv) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, കഴിഞ്ഞ പ്രാവശ്യം ബിൽ അവതരിപ്പിച്ചപ്പോൾ എക്സ് എം.എൽ.എ.മാരുടെ പെൻഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നില്ല. നിലവിലുള്ള ബില്ലിൽ നിന്നും അത് സംബന്ധിച്ച് മാറ്റം വരുത്തിയിട്ടുണ്ട്. നിലവിൽ രണ്ടുവർഷത്തിൽ താഴെ 6,000 രൂപയായിരുന്ന പെൻഷൻ ബില്ലിന്റെ ഭാഗമായിട്ട് 8,000 രൂപയായി വർദ്ധിപ്പിക്കുകയാണ്. for two years in the aggregate 7,000 രൂപയായിരുന്ന പെൻഷൻ 8,000 രൂപയായും, for three years in the aggregate 8,000 രൂപയായിരുന്ന പെൻഷൻ 12,000 രൂപയായും, four years in the aggregate 9,000 രൂപയായിരുന്ന പെൻഷൻ 16,000 രൂപയായും for five years in the aggregate 10,000 രൂപയായിരുന്ന പെൻഷൻ 20,000 രൂപയായും വർദ്ധിപ്പിക്കുകയാണ്. ഇതിൽ അഞ്ച് വർഷം തികയുമ്പോൾ നൽകിയിരുന്ന പെൻഷൻ 750 രൂപയെന്നത് ഓരോ വർഷം കഴിയുന്തോറും 1000 രൂപയാക്കുകയാണ്. ഇതിനുപുറമേ 70 വയസ്സ് തികയുമ്പോൾ അധികമായി നൽകിയിരുന്ന പെൻഷൻ 2500 രൂപയായിരുന്നു. അത് 3000 രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. 80 വയസ്സിന് മുകളിൽ 3000 രൂപയായിരുന്നത് 3500 രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. 90 വയസ്സിന്റെ സ്ലാബ് ഇതിലില്ല. അവരുടെ കൂപ്പൺ ചാർജ് 24,000 രൂപയെന്നത് 75000 രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. ഇതിൽ ഞാൻ സൂചിപ്പിച്ച കാര്യം ഒന്നുകൂടി എടുത്തുപറയുകയാണ്. യഥാർത്ഥത്തിൽ 5,25,75,576 രൂപയാണ് അധികമായി വരുന്ന ചെലവെന്നു പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് മന്ത്രിമാരുടെയും ഒരു ചീഫ് വിപ്പിന്റെയും അനുബന്ധമായി 200 സ്റ്റാഫിന്റെയും കുറവ് വരുത്തിയതിന്റെ ഭാഗമായി 7,54,78,080 രൂപ സേവ് ചെയ്യാം. രണ്ട് കോടി രൂപ ആ ഇനത്തിൽ സേവാണ്. ജസ്റ്റിസ് ജെയിംസിന്റെ ഒരു വാചകം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. " I do not claim that everything what I did to be accepted by others. But I surely believe that everything I did was keeping the best interest of the citizens of this State so that unnecessary and adverse comments may not arise from the public against the political functionaries who do the public services in accordance with the Constitution of India. I hope all concerned may see the recommendations in this view." ഇത് അദ്ദേഹത്തിന്റെ ഒരു കമൻഡ് ആണ്. ഇതോടുകൂടി ഞാൻ അവസാനിപ്പിക്കാം.

ശ്രീ. ആന്റണി ജോൺ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: മറ്റു ഭേദഗതികളെല്ലാം നേരത്തെ അവതരിപ്പിച്ച ഭേദഗതികൾക്ക് തുല്യമാണ്.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച '1എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനിൽ അക്കര അവതരിപ്പിച്ച '2ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച '1എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച '2ബി' നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

Shri. Roji M. John: Sir, I move the following amendment;

70. In the third proviso to SCHEDULE proposed to be substituted in the Principal Act by clause 3, the words " and rupees four thousand per mensem on completion of ninety years of age" shall be added at the end.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിച്ച 70-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VIII അറിയിപ്പ്

ബിൽ വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് രാവിലെ ചേർന്ന കാര്യോപദേശക സമിതി യോഗത്തിലെ ധാരണപ്രകാരം 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ നമ്പർ 130 ഇന്ന് സഭയിൽ അവതരിപ്പിക്കേണ്ടതും നാളെത്തന്നെ പാസ്സാക്കേണ്ടതുമാണ്. 2018 മാർച്ച് 31-ന് മുമ്പായി ബിൽ നിയമമാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ചാണ് ഇത്തരത്തിലൊരു നിർദ്ദേശം കാര്യോപദേശക സമിതി കൈക്കൊണ്ടതും അംഗീകരിച്ചതും. ചട്ടങ്ങളിൽ ഇളവുവരുത്തി പ്രസ്തുത ബില്ലിന്റെ അവതരണത്തിനും പരിഗണനയ്ക്കും സഭയുടെ അനുമതി ആവശ്യമാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കാര്യോപദേശക സമിതിയുടെ 27-3-2018-ന് ചേർന്ന യോഗ തീരുമാനപ്രകാരം ഇന്നത്തെ കാര്യവിവരപ്പട്ടിക ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ 2018 മാർച്ച് 28-ന് പരിഗണനയ്ക്ക് എടുക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(1) താത്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നുവെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ ഇതൊരു അസാധാരണ സംഭവമാണ്. ഇങ്ങനെ ചെയ്യാൻ പാടില്ലാത്തതാണ്. കാരണം ഒരു ബില്ലിന്റെ അവതരണവേളയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ നിയമസഭാ ചട്ടങ്ങളിലെ 76(1)-ൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ളതാണ്. അതുപോലെ തന്നെ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ ഈ മാർച്ച് 31-നുമുമ്പ് പാസ്സാക്കണം എന്നുള്ളത് നേരത്തെ ഗവൺമെന്റിന് അറിയാവുന്ന ഒരു കാര്യമാണ്. അപ്പോൾ ഇത് ഞങ്ങളെ സമ്മർദ്ദത്തിലാക്കുകയാണ്. കാരണം മാർച്ച് 31-നുമുമ്പ് പാസ്സാക്കണമെങ്കിൽ നാളെ ഇത് പാസ്സാക്കണം. പിന്നീട്

മൂന്നനാല് ദിവസം അവധിയാണ്. ഇതൊരു നല്ല ലെജിസ്ലേറ്റീവ് നടപടിയല്ല. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ഇത് സൂചിപ്പിച്ചതാണ്. ഇന്നതന്നെ പാസ്സാക്കാനായിരുന്നു ആദ്യത്തെ നിർദ്ദേശം. ഞങ്ങൾ സമ്മർദ്ദം ചെലുത്തിയതു കൊണ്ടാണ് നാളത്തേയ്ക്ക് മാറ്റിയത്. ഏതായാലും ഇങ്ങനെയൊരു കീഴ്വഴക്കം സഭയിലുണ്ടാകുന്നത് ശരിയല്ല. മാർച്ച് 31-നുമുമ്പ് പാസ്സാക്കേണ്ടതായതിനാൽ ഞങ്ങൾ ഇതിനെ അംഗീകരിക്കുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ റെക്കമെന്റേഷൻ അനുസരിച്ചുള്ള ഭേദഗതിയോടുകൂടി പാസ്സാക്കേണ്ടതാണ്. ഇതിനുമുമ്പ് ജി.എസ്.ടി. വന്നപ്പോൾ ഓർഡിനൻസ് ഇറക്കിയ ഏക സംസ്ഥാനം കേരളമാണ്. This shows the callus attitude of the Government for the legislative business. ഇത് ശരിയായ നടപടിയല്ല. ഇതൊരു precedent ആകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വികാരത്തോട് ഗവൺമെന്റ് പരിപൂർണ്ണമായി യോജിക്കുകയാണ്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ യഥാർത്ഥത്തിൽ മണി ബില്ലിന്റെ നിർവ്വചനത്തിലാണ് എന്നുള്ളത് ഭരണഘടന ആർട്ടിക്കിൾ 199-ൽ നിർവ്വചിച്ചതാണ്. സ്വാഭാവികമായും സാധാരണ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതായിരുന്നു. അത് പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഇന്ന് ഒരു പൊതു consensus-ന്റെ അടിസ്ഥാനത്തിൽ ഈ രൂപത്തിലുള്ള ഒരു പ്രമേയം ഇവിടെ പാസ്സാക്കാൻ നിർബന്ധിക്കപ്പെട്ടത്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകും.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യം തന്നെയാണ്. നിയമപരമായ സമ്മർദ്ദത്തിന്റെ പേരിലാണെങ്കിലും ഇത്തരം ഒരു സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. അത് മേലിൽ ആവർത്തിക്കില്ല എന്ന് ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. എനിക്ക് തോന്നുന്നത് ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ നാളെ പരിഗണനയ്ക്കായി വരുമ്പോൾ ധനവിനിയോഗ ബില്ലിന്റെ കാര്യത്തിലെന്നപോലെ ഒരു മണിക്കൂർ പൊതു ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നതായിരിക്കും ഉചിതം. ബില്ലിന്മേൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്ക് പ്രസ്തുത ചർച്ചയിൽ അത് ഉന്നയിക്കാവുന്നതും മന്ത്രിക്ക് അത് സ്വീകരിക്കാവുന്നതുമാണ്. പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## (നിയമനിർമ്മാണകാര്യം -തുടർച്ച)

### (v) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹു. പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഇത് അസാധാരണമായ സംഭവമാണ്. ഈ സഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്തരീതിയിൽ ബി.എ.സി. റിപ്പോർട്ട് അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചെയർ റൂൾ ചെയ്തുകഴിഞ്ഞു.

ശ്രീ. കെ. സി. ജോസഫ്: സർ, ഇത് പറയാതിരിക്കാൻ നിവൃത്തിയില്ല. ഭരണകക്ഷി അംഗങ്ങൾ ഇത് കേൾക്കാൻ ബാദ്ധ്യസ്ഥരാണ്. ഈ സഭയുടെ ചരിത്രത്തിൽ ഇന്നുവരെയുണ്ടാകാത്ത രീതിയിൽ ബി.എ.സി. റിപ്പോർട്ട് അവതരിപ്പിക്കുന്നു, റിപ്പോർട്ട് അംഗീകരിക്കുന്നു. അതിനെത്തുടർന്ന് ലിസ്റ്റ് ഓഫ് ബിസിനസ്സ് മോഡിഫൈ ചെയ്ത് ബിൽ introduce ചെയ്യുന്നു. ഇന്നുവരെയുണ്ടായിട്ടില്ല. ഇത് ധനകാര്യ വകുപ്പിന്റെ പിടിപ്പുകേടാണ്. മാർച്ച് 31-നുമുമ്പായി ഫിസ്കൽ റെസ്പോൺസിബിലിറ്റി ബിൽ അവതരിപ്പിക്കണമെന്ന് അറിയാമായിരുന്ന ധനകാര്യ വകുപ്പ് അത് ചെയ്യാതിരുന്നത് വീഴ്ചയായിപ്പോയി. അതിന് ഈ സഭയോട് മാപ്പ് ചോദിക്കണമായിരുന്നു. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ധനകാര്യ വകുപ്പിനുണ്ടായ വലിയ വീഴ്ചയാണിത്. അങ്ങ് അത് സംബന്ധിച്ച് ഒരു വാക്കുപോലും പറയാതെ പോയത് ശരിയായില്ല.

മി. സ്പീക്കർ: അങ്ങ് ബി.എ.സി.-യിലും ഈ വികാരം ഉന്നയിച്ചിരുന്നു. അതുകൂടി ഉൾക്കൊണ്ടുകൊണ്ടാണ് ഒരു മണിക്കൂർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് റൂളിംഗ് നൽകിയത്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് മറുപടി പറയണമായിരുന്നു.

മി. സ്പീക്കർ: ഗവൺമെന്റിനുവേണ്ടിയാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യവകുപ്പുമന്ത്രി മറുപടി പറഞ്ഞത്. ഇനി ഇതുസംബന്ധിച്ച് ഡിസ്കഷൻ എന്തിനാണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ പ്രധാനപ്പെട്ട വിഷയം, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോകുക എന്നുള്ളതാണ്. അതാണ് റെഗുലർ പ്രാക്ടീസ്. ഈ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സബ്ജക്ട് കമ്മിറ്റിക്ക് അതിനുള്ള അധികാരമുണ്ട്. അതുപോലെ സബ്ജക്ട് കമ്മിറ്റി മെമ്പർമാർക്ക് പ്രസ്തുത ബില്ലിന്മേൽ ഡിസെന്റ് രേഖപ്പെടുത്താനുള്ള അധികാരമുണ്ട്. ഇപ്പോൾ ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോകാതെ വരുമ്പോൾ സബ്ജക്ട് കമ്മിറ്റി അംഗങ്ങൾക്ക് ഇതിൽ ഡിസെന്റ് രേഖപ്പെടുത്താനുള്ള അവകാശം ഇല്ലാതാവുകയാണ്. അതുകൊണ്ട് നാളെ ഈ ബിൽ ചർച്ചയ്ക്ക് വരുമ്പോൾ സബ്ജക്ട് കമ്മിറ്റി അംഗങ്ങൾക്ക് പരസ്യമായി ഡിസെന്റ് രേഖപ്പെടുത്താനുള്ള അധികാരം ഉറപ്പാക്കിയാൽ മാത്രം മതി. അതാണ് എന്റെ അഭ്യർത്ഥന.

<u>മി. സ്പീക്കർ</u>: ഈ പ്രമേയത്തോടുകൂടി സഭ തീരുമാനിച്ചുകഴിഞ്ഞതിനു ശേഷം അത് ചർച്ചയ്ക്കെടുന്നത് ശരിയല്ല. സബ്ജക്ട് കമ്മിറ്റി എന്നാൽ ഈ സഭയുടെ പ്രാതിനിധ്യമാണ്. അത് വേറെ ബോഡിയല്ല. ഈ സഭ തന്നെയാണ്. അതുകൊണ്ട് സഭയിൽതന്നെ ഡിസെന്റ് രേഖപ്പെടുത്തുന്നത് സബ്ജക്ട് കമ്മിറ്റിയിൽ രേഖപ്പെടുത്തുന്നതിന് തുല്യമാണ്. അതിനുള്ള അവസരമുണ്ടാക്കാം.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.48-ന് പിരിഞ്ഞു.)

## അനുബന്ധം

ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ നൽകിയ മറുപടിയുടെ മേശപ്പുറത്തുവച്ചഭാഗം

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഫറോഖ് മേഖലയിലെ കാലിക്കറ്റ് ടൈൽ കമ്പനി, ഹിന്ദുസ്ഥാൻ ടൈൽ വർക്സ്, മലബാർ ടൈൽ വർക്സ്, വെസ്റ്റ് ടൈൽ വർക്സ് എന്നീ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ അവസ്ഥയിലാണുള്ളത്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണനം ചെയ്യാനാകാതെ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നതും ഉത്പ്പന്നങ്ങളുടെ അനിയന്ത്രിത ഇറക്കുമതിയും ടി ഫാക്ടറികളുടെ അടച്ചുപൂട്ടലിന് ഇടവരുത്തിയിട്ടുണ്ട്.

കോഴിക്കോട് മലബാർ ടൈൽ വർക്സ് എന്ന സ്ഥാപനം 1-2-2017 തീയതി മുതൽ അടച്ചുപൂട്ടുന്നതാണെന്ന് മാനേജ്മെന്റ് അറിയിച്ചു. ഇത് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ 25 FFA വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള നോട്ടീസ് പിരീഡിന്റെ ലംഘനമാണെന്ന് കണ്ടതിനെത്തുടർന്ന് ലേബർ കമ്മീഷണർ തലത്തിലും തുടർന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചർച്ച നടത്തുകയുണ്ടായി. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലായ്മയാണ് ഫാക്ടറി പ്രവർത്തിക്കാനുള്ള തടസ്സമെന്ന് മാനേജ്മെന്റ് അറിയിച്ചിരിക്കുകയാണ്.

ചർച്ചകളിൽ പരിഹാരം ഉണ്ടാകാത്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട ബേപ്പൂർ എം.എൽ.എ.-യുടെയും കൂടി സഹകരണത്തോടുകൂടി ഇരുകക്ഷികളുടെയും യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഈ സാഹചര്യത്തിലും ഓട്ടുകമ്പനി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടില്ല. മലബാർ ടൈൽ വർക്സിലെ 140 തൊഴിലാളികൾക്ക് 2017-18 സാമ്പത്തികവർഷത്തിൽ ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

ഹിന്ദുസ്ഥാൻ ടൈൽ വർക്സ്, കൊളത്തറ, കോഴിക്കോട് എന്ന സ്ഥാപത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുകാരണം തുടർന്ന് പ്രവർത്തിക്കാൻ കഴിയില്ലെന്ന് മാനേജ്മെന്റ് അറിയിച്ചു. മേൽ വിഷയത്തിൽ ജില്ലാ ലേബർ ഓഫീസർ കോഴിക്കോട് നടത്തിയ അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ട സാഹചര്യത്തിൽ 1-9-2017 മുതൽ ടി സ്ഥാപനം അടഞ്ഞുകിടക്കുകയാണ്. തൊഴിലാളികളുടെ ലേ ഓഫ് കോമ്പൻസേഷൻ സംബന്ധിച്ച തർക്കത്തിൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ വരെ നടന്ന ചർച്ചയിൽ വിഷയം പരിഹരിക്കുവാൻ കഴിയാതെ വരികയും ചെയ്തു. ടി സ്ഥാപനം അടച്ചുപൂട്ടുമ്പോൾ അവിടെ 100 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടായിരുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം 26-6-2017 മുതൽ വെസ്റ്റ് കോസ്റ്റ് ടൈൽ വർക്ക്സ് എന്ന സ്ഥാപനം അടച്ചുപൂട്ടാൻ മാനേജ്മെന്റ് തീരുമാനിക്കുകയുണ്ടായി. കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ നടത്തിയ അനുരഞ്ജന ചർച്ചകളിൽ വിഷയം ഒത്തുതീർപ്പിലെത്തിക്കുവാൻ സാധിക്കാതെ വന്നതിനാൽ മേൽ സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. ടി സ്ഥാപനം അടച്ചുപൂട്ടിയപ്പോൾ ജോലി ചെയ്തിരുന്ന 62 തൊഴിലാളികൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ഓണക്കാലത്ത് നൽകുന്ന എക്സ്ഗ്രേഷ്യാ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

ഫറോഖിലെ കാലിക്കറ്റ് ടൈൽസ് ലോക്കൗട്ട് സംബന്ധിച്ച് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ നടന്ന ചർച്ചയിൽ ടി വിഷയം ഒത്തുതീർപ്പിലെത്തുകയുണ്ടായി. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം സ്ഥാപനം തുടർന്ന് മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്ന് മാനേജ്മെന്റ് അറിയിക്കുകയും 26-4-2016 മുതൽ 31-8-2016 വരെ സ്ഥാപനം ലോക്കൗട്ടിലാവുകയും പിന്നീട് തുറന്ന് പ്രവർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ മാനേജ്മെന്റ് 17-2-2018-ൽ നോട്ടീസ് നൽകിയശേഷം 19-2-2018 മുതൽ വീണ്ടും ലോക്കൗട്ടിൽ ആവുകയും ചെയ്തു. ടി സ്ഥാപനം അടച്ചുപൂട്ടിയപ്പോൾ 181 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടായിരുന്നു.

മേൽ സാഹചര്യത്തിലും ടി സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളും പരിശോധിക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന കമ്പനികളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.